## 16-ാം കേരള നിയമസഭാ തെരഞ്ഞെടുപ്പ്

## 2026 ഏപ്രിൽ 9

## ഇടതുപക്ഷ ജനാധിപത്യമുന്നണി

# തെരഞ്ഞെടുപ്പ് പ്രകടന പത്രിക

# ഉള്ളടക്കം


**ആമുഖം** **9**

**60 ഇന പരിപാടി** **20**

**ഉപസംഹാരം** **38**

**അനുബന്ധം** **41**

**I കേരളം വിജ്ഞാന സമ്പദ്ഘടനയിലേക്ക്** **41**

നൂതന വ്യവസായ മേഖലകൾ

പൊതുമേഖല

വിവരവിനിമയ സാങ്കേതികവിദ്യ വ്യവസായങ്ങൾ

ടൂറിസം

**II മികവുറ്റ പശ്ചാത്തല സൗകര്യങ്ങൾ** **59**

രണ്ടുലക്ഷം കോടി രൂപയുടെ നിക്ഷേപം

വൈദ്യുതി

പൊതുമരാമത്ത്

**III ലോകോത്തര ഉന്നതവിദ്യാഭ്യാസം** **70**

ശാസ്ത്ര സാങ്കേതികം

നൈപുണി പരിശീലനം

യുവജനക്ഷേമം

**IV ഉൾച്ചേർന്ന വികസനം: ദാരിദ്ര്യത്തിനും തൊഴിലില്ലായ്മയ്ക്കും പരിഹാരം** **86**

കേവല ദാരിദ്ര്യനിർമ്മാർജ്ജനം

തൊഴിലില്ലായ്മയ്ക്കു പരിഹാരം

50 % സ്ത്രീകൾക്കു തൊഴിൽ
വയോജന സംരക്ഷണം
ഭിന്നശേഷിക്കാർ
പട്ടികജാതി വികസനം
പട്ടികവർഗ്ഗ വികസനം
അതിഥി തൊഴിലാളികൾ
പൊതുവിതരണം

**V ഉപജീവന മേഖലകളുടെ സംരക്ഷണം 108**
കൃഷി
തോട്ടവിളകൾ
ഹൈറേഞ്ചിലെ ഭൂപ്രശ്നം
ജലസേചനം
മനുഷ്യ – വന്യജീവി സംഘർഷം
മൃഗസംരക്ഷണം
മത്സ്യമേഖല
പരമ്പരാഗത വ്യവസായം – കയർ
കശുവണ്ടി
കൈത്തറി
കരകൗശലം
ഖാദി, ഗ്രാമ വ്യവസായം
ചെത്ത്
മുള
സഹകരണ മേഖല
വാണിജ്യം

**VI നവകേരളത്തിന് ജനകീയാസൂത്രണം 134**
തദ്ദേശ സ്വയംഭരണം
നഗരമേഖലയുടെ പുനഃസംഘടന
മാലിന്യസംസ്കരണം
പതിനഞ്ചാം പഞ്ചവൽസര പദ്ധതി
കുടിവെള്ളം
പാർപ്പിടം

**VII സാർവ്വത്രിക ആരോഗ്യ പരിരക്ഷയും ഗുണമേന്മയുള്ള പൊതുവിദ്യാഭ്യാസവും** **148**

സുസ്ഥിര ആരോഗ്യം

ആയുഷ്

ശിശുക്ഷേമം

പൊതുവിദ്യാഭ്യാസം

കായികരംഗം

**VIII നവകേരളത്തിന് പ്രവാസികൾ** **160**

പ്രവാസികൾ

**IX പരിസ്ഥിതി സൗഹൃദ കേരളം** **164**

വനപരിപാലനം

പശ്ചിമഘട്ടം

പരിസ്ഥിതിയും വളർച്ചയും

ദുരന്തനിവാരണം

പ്രത്യേക പാക്കേജുകൾ

**X വികസനത്തിൽ സ്ത്രീ നീതി** **171**

കുടുംബശ്രീ

**XI മതനിരപേക്ഷ പുരോഗമന സംസ്കാരം** **176**

മാധ്യമരംഗം

**XII അഴിമതിരഹിത സദ്ഭരണം ഉറപ്പുവരുത്തും** **182**

ധനകാര്യം

ഭരണപരിഷ്കാരം

അഴിമതിവിമുക്ത കേരളം

യൂണിഫോംഡ് ഫോഴ്സസ്

എക്-സൈസ്

ഫയർ ആൻഡ് റെസ്ക്യൂ സർവീസസ്

മറ്റു റഗുലേറ്ററി വകുപ്പുകൾ

സ്ഥിതിവിവര കണക്കുകൾ
ഭരണഘടനാ സ്ഥാപനങ്ങൾ
സംസ്ഥാന ഭാഗ്യക്കുറി
ദേവസ്വം
സംസ്ഥാന ആസൂത്രണ ബോർഡ്
സംവരണനയം
പരിവർത്തിത ക്രൈസ്തവർ
പിന്നോക്ക ക്ഷേമം
മുന്നോക്ക വിഭാഗങ്ങൾ
മദ്യനയം
ജീവനക്കാർ
തൊഴിൽബന്ധങ്ങൾ
മതനിരപേക്ഷത
ടൈം ബാങ്ക്

# നവകേരളം പൂർത്തീകരിക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ വിജയിപ്പിക്കുക

## ആമുഖം

നവകേരളത്തിന് കഴിഞ്ഞൊരു ദശാബ്ദംകൊണ്ട് അടിത്തറപാകി. ഇനി നവകേരള നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള ജനവിധിക്കു വേണ്ടിയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി 2026-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നത്. 2016നുമുമ്പ് ഉണ്ടായിരുന്ന ഇരുണ്ടകാലത്തിനോട് താരതമ്യപ്പെടുത്തിയാൽ വിസ്മയകരമായ പുരോഗതിയാണ് കേരളം കൈവരിച്ചത്. തുടർ ഭരണം എൽഡിഎഫിന് ലഭിച്ച സാഹചര്യത്തിൽ വികസനത്തെ സംബന്ധിച്ച ദീർഘകാല പദ്ധതികൾ മുന്നോട്ടുവെയ്ക്കണമെന്ന് എൽഡിഎഫ് തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ വരുന്ന 25 വർഷക്കാലത്തെ വികസന പ്രവർത്തനത്തെ സംബന്ധിച്ച സമീപനവും അവതരിപ്പിച്ചു. അവ പൊതുവിൽ ചർച്ച ചെയ്ത് കാഴ്ചപ്പാട് രൂപപ്പെടുത്തുകയും ചെയ്തു.

വലതുപക്ഷ ശക്തികൾ മുന്നോട്ടുവെയ്ക്കുന്ന ആഗോളവൽക്കരണ നയങ്ങൾക്കും വർഗ്ഗീയ ധ്രുവീകരണത്തെയും പ്രതിരോധിച്ച് മതനിരപേക്ഷ കേരളം മുന്നോട്ടുവയ്ക്കുന്നതിനുള്ള ബദൽ നയങ്ങളാണ് ഇതിൽ അവതരിപ്പി ച്ചത്. ആ കാഴ്ചപ്പാട് അനുസരിച്ചുള്ള പരിപാടികളാണ് എൽഡിഎഫ് സർക്കാർ നടപ്പിലാക്കിയത്. കേവല വാഗ്ദാനങ്ങളല്ല സമഗ്രമായ വികസന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലുള്ള കർമ്മ പദ്ധതികളാണ് എൽഡിഎഫിന്റെ പ്രകടന പത്രികകൾ. അവ നടപ്പിലാക്കാനുള്ളതാണെന്നും കഴിഞ്ഞ 10 വർഷക്കാലത്തെ അനുഭവങ്ങളിലൂടെ കേരള ജനതയ്ക്ക് വ്യക്തമായിട്ടുള്ളതുമാണ്.

സാമൂഹ്യക്ഷേമ രംഗങ്ങളിലെ അഭൂതപൂർവ്വമായ പുരോഗതിക്കൊപ്പം അടിസ്ഥാന സൗകര്യങ്ങളിലും ഉന്നതവിദ്യാഭ്യാസ മേഖലയിലും സംസ്ഥാനത്തിന്റെ പിന്നോക്കാവസ്ഥയെ മറികടക്കാനുമുള്ള അടിത്തറ ഇതിലൂടെ രൂപപ്പെട്ടു തുടങ്ങി. നിക്ഷേപ സൗഹൃദ സംസ്ഥാനമായി കേരളം മാറി. നവകേരള നിർമ്മാണത്തിനായി പുതുവഴി

കൾ നാം കണ്ടെത്തി. ഈ പാതയിലൂടെയുള്ള മുന്നേറ്റം അടുത്ത അഞ്ചുവർഷംകൊണ്ട് കേരളത്തെ ഒരു വിജ്ഞാന സമൂഹമായി മാറ്റും.

കേവല ദാരിദ്ര്യം ഇല്ലാതാക്കും. തൊഴിലില്ലായ്മ പരിഹരിക്കും. അഭ്യസ്തവിദ്യരുടെ പ്രതീക്ഷകൾക്കനുസൃതമായ വൈജ്ഞാനിക തൊഴിൽത്തുറകളും സൗകര്യങ്ങളും കേരളത്തിൽ സൃഷ്ടിക്കും. അതോടൊപ്പം മതനിരപേക്ഷതയെ യും പുരോഗമന സംസ്കാരത്തെയും മുറുകെപ്പിടിക്കും. സ്ത്രീതുല്യതയിലും പരിസ്ഥിതിസൗഹാർദ്ദത്തിലും അധിഷ്ഠിതമായ കേരളം സൃഷ്ടിക്കും. ഇത്തരമൊരു നവകേരളം സൃഷ്ടിക്കുന്നതിനുള്ള കർമ്മപരിപാടിയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി കേരളീയ സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുന്നത്.

ചെയ്യാൻ കഴിയുന്നതേ പറയൂ, പറയുന്നത് ചെയ്യും ഇതാണ് 2016ലെയും 2021ലെയും പ്രകടനപത്രികകളുടെ സാക്ഷ്യം. ഓരോ വർഷവും, പ്രകടന പത്രികയിലെ ഓരോ ഇനവും നടപ്പാക്കുന്നതിൽ കൈവരിച്ച പുരോഗതി ജനങ്ങളുടെ മുന്നിൽ സമർപ്പിക്കാൻ കഴിയുന്ന പ്രോഗ്രസ്സ് റിപ്പോർട്ടുകൾ പ്രസിദ്ധീ കരിക്കുന്ന പതിവ് പിണറായി വിജയൻ നേതൃത്വം നൽകുന്ന സർക്കാരുകളുടെ പ്രത്യേകതയാണ്. കഴിഞ്ഞതവണ ജനങ്ങളോട് വോട്ട് അഭ്യർത്ഥിച്ചപ്പോൾ നൽകിയ 900 വാഗ്ദാനങ്ങളിൽ ഭൂരിപക്ഷം വാഗ്ദാനങ്ങളും പൂർത്തീകരിച്ചു. ഈ അഭിമാനകരമായ റിപ്പോർട്ട് കാർഡുമായിട്ടാണ് ഞങ്ങൾ വീണ്ടും ജനങ്ങളെ സമീപിക്കുന്നത്.

## കേരളം ഒന്നാമത്

നിതി ആയോഗിന്റെ സുസ്ഥിരവികസന സൂചികയിൽ ഒന്നാം സ്ഥാനത്താണ് കേരളം. ആഗോള റാങ്കിങ്ങിൽ 167 രാജ്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം 99 ആണ്. സാങ്കല്പികമായി നമ്മുടെ സംസ്ഥാനത്തെ ഈ റാങ്കിങ്ങിനോടു താരതമ്യപ്പെടുത്തിയാൽ കേരളത്തിന്റെ സ്ഥാനംഏതാണ്ട്35 ആണ്. ഏതാണ്ട് എല്ലാ ആഗോള വികസന സൂചികകളുടെയും സ്ഥിതി ഇതാണ്.

ഇപ്പോൾ കേരളത്തിന്റെ ആളോഹരി വരുമാനം ദേശീയ ശരാശരിയേക്കാൾ 50-60 ശതമാനം ഉയർന്നതാണ്. എന്നാലുംലോകരാജ്യങ്ങളെ ഉയർന്ന വരുമാനം, ഇടത്തരം വരുമാനം, താഴ്ന്ന വരുമാനം എന്നിങ്ങനെ മൂന്നായിട്ട് തരംതിരിക്കുന്നതിൽ നമ്മുടെ സ്ഥാനം ഇപ്പോഴും താഴ്ന്ന-ഇടത്തരം വരുമാന രാജ്യങ്ങളിൽ മെച്ചപ്പെട്ടവയുടെ ഒപ്പമേ വരൂ. കേരളത്തെ ഉയർന്ന-ഇടത്തരം വരുമാന രാജ്യങ്ങൾ ക്കു തുല്യമായി വളർത്താനാണ് നാം ലക്ഷ്യമിടുന്നത്. കേരളത്തിലെ ജനങ്ങളുടെ ജീവിത ഗുണമേന്മ ഇനിയും ഉയർത്തിക്കൊണ്ട് ഈ ലക്ഷ്യം നേടുമ്പോഴാണ് നവകേരളം സാക്ഷാത്കരിക്കുന്നത്. ഇതിനുള്ള അടുത്ത അഞ്ച് വർഷത്തെ കർമ്മപരിപാടിയാണ് ഈ പ്രകടനപത്രിക.

## അതിദാരിദ്ര്യനിർമ്മാർജ്ജനം

അതിദാരിദ്ര്യം ഇല്ലായ്മ ചെയ്യുമെന്നുള്ളതായിരുന്നു ഏറ്റവും പ്രധാനപ്പെട്ട വാഗ്ദാ

നം. ആദ്യ കാബിനറ്റ് തന്നെ അതുസംബന്ധിച്ച് തീരുമാനമെടുത്തു. അത് സമയബന്ധിതമായി നടപ്പാക്കിയരീതി ആഗോളമായി പ്രശംസിക്കപ്പെട്ടു. ഓരോ മേഖലയിലും യുഡിഎഫ് ഭരണത്തിന്റെ ഇരുണ്ടകാലവുമായി താരതമ്യപ്പെടുത്തി യാൽ പിണറായി വിജയൻ സർക്കാരുകളുടെ മികവ് ഏതൊരാൾക്കും ബോധ്യപ്പെടും.

പട്ടിണിയില്ലാത്ത സംസ്ഥാനമായി കേരളം മാറി. പാവങ്ങൾക്കു മുൻഗണനാ റേഷൻ കാർഡുകൾ ഉറപ്പുവരുത്തിയും കമ്പോള ഇടപെടലുകൾ ശക്തിപ്പെടുത്തിയും സൗജന്യ ഭക്ഷ്യവിതരണം വിപുലപ്പെടുത്തിയുമാണ് ഇതു നേടിയത്. ഭക്ഷ്യസുരക്ഷാ സൂചികയിൽ കേരളം ഒന്നാം സ്ഥാനത്താണ്.

അഞ്ച് ലക്ഷത്തോളം പേർക്കു പട്ടയം വിതരണം ചെയ്തു. ലൈഫ് മിഷനിലൂടെ അഞ്ച് ലക്ഷത്തിലേറെ കുടുംബങ്ങൾക്ക് നല്ല വീടുകൾ പണിത് നൽകി. ഇതിൽ രണ്ട് ലക്ഷത്തിലേറെ വീടുകൾ പട്ടികവിഭാഗങ്ങൾക്കും 17000-ത്തോളം വീടുകൾ മത്സ്യത്തൊഴിലാളികൾക്കുമാണ് നൽകിയത്. ഇതോടൊപ്പം പുനർഗേഹം പദ്ധതിയിലൂടെ 24000 മത്സ്യത്തൊഴിലാളികൾക്ക് വീട് നൽകാനുള്ള പദ്ധതി നടന്നുവരുന്നു. എല്ലാവർക്കും വീട് എന്ന സങ്കല്പം കൈ എത്തും ദൂരത്താണ്. എല്ലാ വീടുകളിലും വൈദ്യുതിയും കക്കൂസും ഉറപ്പു വരുത്തി. 60 ശതമാനം വീടുകളിലും പൈപ്പ് വഴി ശുദ്ധജലം എത്തിച്ചു.

# സാമൂഹ്യസുരക്ഷ

കേരളത്തിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലിയും സേവനവ്യവസ്ഥകളും ഉറപ്പാക്കാൻ കഴിഞ്ഞു. കേരളത്തിൽ പുരുഷ കർഷകത്തൊഴിലാളിയുടെ മിനിമം കൂലി 830 ആയിരിക്കുമ്പോൾ അഖിലേന്ത്യാ ശരാശരി 373 രൂപ മാത്രമാണ്. അംഗനവാടി, ആശ, പാചകത്തൊഴിലാളി തുടങ്ങി എല്ലാ സ്കിൽ വർക്കേഴ്സിനും രാജ്യത്തു ഏറ്റവും ഉയർന്ന അലവെൻസ് നൽകുന്നത് കേരളമാണ്. ആളോഹരി ഉപഭോഗചിലവിൽ കേരളമാണ് മുന്നിൽ.

അസംഘടിത മേഖലയിലെ പാവങ്ങൾക്കുള്ള പെൻഷൻ 600 രൂപയിൽ നിന്ന് 2000 രൂപയായി ഉയർത്തി. യുഡിഎഫിന്റെ ഇരുണ്ട ഭരണകാലത്ത് സാമൂഹ്യക്ഷേമ പെൻഷനുകൾക്കു വേണ്ടി ചെലവഴിച്ചത് ഏതാണ്ട് 9000 കോടി രൂപ ആയിരുന്നെങ്കിൽ ഇക്കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനിടയിൽ ചെലവഴിച്ചത് ഏതാണ്ട് 50000 കോടി രൂപയാണ്.

ഇന്നും ഭരണഘടനാപരമായി പട്ടികവിഭാഗക്കാർക്കുള്ള പ്ലാൻ ഫണ്ട് ജനസംഖ്യാനുപാതികമായി വകയിരുത്തുന്ന ഏക സംസ്ഥാനം കേരളമാണ്. യഥാർത്ഥത്തിൽ 2026-27ൽ വകയിരുത്തിയിരിക്കുന്ന 12.6 ശതമാനം ജനസംഖ്യാ വിഹിതത്തേക്കാൾ 2 ശതമാനത്തോളം ഉയർന്നതാണ്. ഇന്ത്യാ സർക്കാരിന്റെ വികസന സൂചികകളേക്കാൾ, ദേശീയ ശരാശരിയേക്കാൾ, ഉയർന്നനില കേരളത്തിലെ പട്ടികവിഭാഗങ്ങൾക്ക് ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. മത്സ്യത്തൊഴിലാളികളടക്കം പാർശ്വവൽക്കരിക്കപ്പെട്ട മുഴു

വൻ പേരെയും വികസനത്തിന്റെ മുഖ്യധാരയിൽ പൂർണ്ണമായും ഉൾച്ചേർക്കുകയാണ് ലക്ഷ്യം.

## ദുരന്തനിവാരണവും പുനരധിവാസവും

കാലാവസ്ഥാ വ്യതിയാനത്തിന്റെ കാലഘട്ടത്തിൽ വെള്ളപ്പൊക്കവും ഉരുൾപൊട്ടലും കോവിഡും പോലുള്ള പ്രകൃതി ദുരന്തങ്ങളിൽ ഓരോന്നിലും ഇരകളായ ജനങ്ങളെ ചേർത്തുപിടിച്ച ഒരു സർക്കാരാണ് കേരളത്തിലേത്.

ദുരന്തനിവാരണത്തിനും പുനരധിവാസത്തിനും കേരളം ഇന്ന് ഇന്ത്യാ രാജ്യത്തിനു മാതൃകയാണ്. കേന്ദ്ര സഹായം നിഷേധിക്കപ്പെട്ടിട്ടും പ്രതിപക്ഷ പാർടികളുടെ കുത്തിത്തിരിപ്പുകളെല്ലാം ഉണ്ടായിട്ടും വിജയകരമായി പൂർത്തീകരി ച്ചുകൊണ്ടിരിക്കുന്ന മുണ്ടക്കൈ-ചൂരൽമല പുനരധിവാസം നമ്മുടെ മുന്നിലെ സാക്ഷ്യമാണ്.കോവിഡ് മഹാമാരിയിൽ മരണനിരക്ക് ലോകത്തു തന്നെ ഏറ്റവും കുറഞ്ഞ പ്രദേശങ്ങളിലൊന്നായിരുന്നു കേരളം.

ദുരന്തനിവാരണത്തിന് സംസ്ഥാനതലത്തിലുള്ള ആക്ഷൻപ്ലാനുകൾ പല സംസ്ഥാനങ്ങളിലുമുണ്ട്. പക്ഷേ, കേരളത്തിൽ തയ്യാറാക്കിയതുപോലെ തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള ദുരന്തനിവാരണ ആക്ഷൻപ്ലാനുകൾ ലോകത്തു തന്നെ അപൂർവ്വമാണ്.

## പൊതുവിദ്യാഭ്യാസവും ആരോഗ്യവും

കഴിഞ്ഞ ദശാബ്ദത്തിൽ കേരളത്തിലെ പൊതു വിദ്യാഭ്യാസമേഖലയിലും ആരോഗ്യമേഖലയിലും കൈവരിച്ച പുരോഗതി മേല്പറഞ്ഞ സ്ഥാനങ്ങൾ നേടുന്നതിന് വലിയ സംഭാവന ചെയ്തിട്ടുണ്ട്. കഴിഞ്ഞ പത്ത് വർഷംകൊണ്ട് ആശുപത്രികളിൽ 10000-ത്തിലേറെ തസ്തികകൾ സൃഷ്ടിച്ചു. 13000 കോടി രൂപയുടെ അടിസ്ഥാനസൗകര്യ നിക്ഷേപം നടത്തി. സൗകര്യങ്ങളിലുണ്ടായ വികസനംമൂലം കേരളത്തിലെ ജനങ്ങളിൽ ഭൂരിപക്ഷംപേരും പൊതുസർക്കാർ ആശുപത്രികളാണ് ഉപയോഗിക്കുന്നത്. ഒപിയിൽ വരുന്നവരുടെ എണ്ണം 13 കോടിയായി. യുഡിഎഫ് ഭരണകാലത്തു ശിശുമരണ നിരക്ക് 1000-ത്തിന് 10-12 ആയിരുന്നത്5-ലേക്ക് താഴ്ന്നു, അമേരിക്കയിലെ ശിശുമരണ നിരക്ക് ഇതിനേക്കാൾ ഉയർന്നതാണ്. ആരോഗ്യ മേഖലയിലെ ദേശീയ അംഗീകാരങ്ങളുടെ പട്ടിക വളരെ നീണ്ടതാണ്.

- നിതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ ഒന്നാം സ്ഥാനം.
- മികച്ച വാക്സിനേഷൻ ഡ്രൈവിനുള്ള ഹെൽത്ത് ഗിരി പുരസ്കാരം.
- പകർച്ചവ്യാധി നിയന്ത്രണത്തിന് ഐക്യരാഷ്ട്രസഭ പുരസ്കാരം.
- ആരോഗ്യസുരക്ഷാ പദ്ധതിക്ക് നാഷണൽ ഹെൽത്ത് കെയർ അവാർഡ്.
- ശിശുമരണ നിരക്കും മാതൃമരണ നിരക്കും കുറച്ചതിനുള്ള ദേശീയ അവാർഡുകൾ.
- വയോജന പരിപാലനത്തിനുള്ള കേന്ദ്ര വയോശ്രേഷ്ഠ പുരസ്കാരം

- സൗജന്യ ചികിത്സയ്ക്ക് കേന്ദ്ര ഉത്കൃഷ്ടാ പുരസ്കാരം.
- ഇൻഷ്വറൻസ് ക്ലെയിമുകൾക്ക് ആരോഗ്യ മന്ഥൻ അവാർഡ്.
- ക്ഷയരോഗ നിവാരണത്തിൽ ദേശീയ പുരസ്കാരം.
- ഗവേണൻസ് നൗവിന്റെ ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ അവാർഡ്.

  പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിട നവീകരണവും ക്ലാസ് മുറികളിലെ കമ്പ്യൂട്ടർവൽക്കരണവും മറ്റു ഗുണമേന്മാ നടപടികളുംമൂലം 11 ലക്ഷം കുട്ടികൾ പുതിയതായി പൊതുവിദ്യാലയങ്ങളിൽ ചേർന്നു.
- മികവിന്റെ സൂചികയിൽ ഒന്നാം സ്ഥാനം (കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം).
- മാനവ വികസന സൂചികയിൽ ഒന്നാം റാങ്ക് (നീതി ആയോഗ്).
- ആദ്യത്തെ ഡിജിറ്റൽ സാക്ഷരതാ സംസ്ഥാനം.
- മോസ്റ്റ് ഹാപ്പി സംസ്ഥാനം (ഇന്ത്യാ ടുഡേ മാഗസിൻ).

# ഹരിതകേരളം

കേന്ദ്ര സർക്കാരിന്റെ ശുചിത്വ സർവ്വേയിൽ മുൻനിര സംസ്ഥാനങ്ങളിൽ ഒന്നായി കേരളം മാറി. വെളിയിടവിസർജ്ജന നിർമ്മാർജ്ജന സംസ്ഥാനമായി. ഖരമാലിന്യ സംസ്കരണത്തിൽ ഏതാണ്ട് സമ്പൂർണ ശുചിത്വം കൈവരിക്കാൻ കഴിഞ്ഞു. 80000-ത്തിലേറെ കിലോമീറ്റർ തോടുകൾ വൃത്തിയാക്കി. 4000 പച്ചത്തുരുത്തുകൾ സൃഷ്ടിച്ചു. ഇനി കക്കൂസ് മാലിന്യ സംസ്കരണം സാർവ്വത്രികമാക്കുകയും റോഡുകൾ പോലെ തോടുകളും പുഴകളും വൃത്തിയാക്കുകയും ചെയ്താൽ സമ്പൂർണ്ണ ശുചിത്വ പദവി കൈവരിക്കും. കാലാവസ്ഥാ അനുകൂലന പ്രവർത്തനങ്ങൾക്കൊപ്പം വികസനത്തെ ശക്തിപ്പെടുത്താനുതകുംവിധം കാർബൺ ബഹിർഗമനം കുറയ്ക്കുകയെന്ന സമീപനമാണ് കൈക്കൊണ്ടത്.

# സദ്ഭരണം

ഭരണ നേതൃത്വത്തിൽ നിന്നും അഴിമതി തുടച്ചു നീക്കി. ഇക്കഴിഞ്ഞ സർക്കാരിലെ ഒരു മന്ത്രിക്ക് എതിരായിപ്പോലും നിയമസഭയിൽ അഴിമതി ആരോപണം ഉണ്ടായില്ല. ക്രമസമാധാനപരിപാലനത്തിൽ കേരളമാണ് ഒന്നാമത്. പട്ടികവിഭാഗങ്ങൾക്കു നേരയുള്ള ജാതിവിവേചന കേസുകൾ ഏറ്റവും കുറഞ്ഞ സംസ്ഥാനമാണ് കേരളം. രാജ്യത്തെ സദ്ഭരണത്തിന്റെ മാതൃകയാണ് കേരളം. കഴിഞ്ഞ അഞ്ച് വർഷക്കാലത്തിൽ ലഭിച്ച ചില അംഗീകാരങ്ങൾ ഇവയാണ്:

- ഭരണമികവിൽ രാജ്യത്തെ സംസ്ഥാനങ്ങളിൽ ഏറ്റവും മികച്ചത് (പബ്ലിക് അഫയേഴ്സ് ഇൻഡക്സ്).
- ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനം (ട്രാൻസ്പരൻസി ഇന്റർനാഷണൽ ഇന്ത്യ).
- ഏറ്റവും കുറവു വർഗീയ സംഘർഷമുള്ള സംസ്ഥാനം (നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ).

- ഏറ്റവും കൂടുതൽ പി.എസ്.സി നിയമനം നടത്തിയ സംസ്ഥാനം.

## വികേന്ദ്രീകരണം

അധികാര വികേന്ദ്രീകരണത്തിൽ തുടർച്ചയായി കേരളം ഒന്നാം സ്ഥാനത്താണ്. ഏറെ സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ടെങ്കിലും അഞ്ചാം ധനകാര്യ കമ്മീഷന്റെ തീർപ്പു പ്രകാരമുള്ള പണം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഉറപ്പുവരുത്തി. ഇന്ന് ഇന്ത്യാ രാജ്യത്ത് 73, 74-ാം ഭരണഘടനാ ഭേദഗതിയുടെ രജതജൂബിലി ആഘോഷവും 30-ാം വാർഷികവും ആഘോഷിച്ച രാജ്യത്തെ ഏക സംസ്ഥാനം കേരളമാണ്.

- ഇ-പഞ്ചായത്ത് പുരസ്കാരം.
- ദേശീയ നഗര ഉപജീവന പദ്ധതിക്കുള്ള പുരസ്കാരം.
- ദേശീയ നഗര ജീവനോപാധി മിഷനുള്ള സ്പാർക്ക് അവാർഡ്.

## സ്ത്രീതുല്യത

രാജ്യത്ത് ജൻഡർ ബജറ്റ് സമ്പ്രദായം മുടക്കമില്ലാതെ നടപ്പിലാക്കുന്ന സംസ്ഥാനം കേരളമാണ്. കുടുംബശ്രീ ഇന്ന് ലോകം മുഴുവൻ അറിയപ്പെടുന്ന സ്ത്രീകളുടെ വികസന ശൃംഖലയാണ്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 2017-18-ൽ 26.5 ശതമാനം ആയിരുന്നത് 2023-24-ൽ 36.4 ശതമാനമായി ഉയർന്നു. പ്രധാനപ്പെട്ടകാര്യം, മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായിതാരതമ്യേനഔപചാരിക തൊഴിൽ മേഖലകളിലാണ് സ്ത്രീകളുടെ പങ്കാളിത്തംഉയർന്നത് എന്നതാണ്. തൊഴിൽ ശതമാനം ഉയർത്തുന്നതിനും അതിനോടൊപ്പം സ്ത്രീകളുടെ സാമൂഹ്യപദവി മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് സർക്കാർ ഏറ്റെടുത്തത്. 35 വയസ്സിനും 60 വയസ്സിനും ഇടയ്ക്കുള്ള വീട്ടമ്മമാർക്ക് 1000 രൂപ പ്രതിമാസം സ്ത്രീ സുരക്ഷ സഹായമായി നൽകി.

## പശ്ചാത്തലമേഖലയിലെ കുതിപ്പ്

വിദ്യാഭ്യാസ-ആരോഗ്യാദി മേഖലകളിൽ നൽകിവന്ന ഊന്നൽമൂലം മുൻകാലങ്ങളിൽ വേണ്ടത്ര മുതൽമുടക്കം പശ്ചാത്തലസൗകര്യ മേഖലയിൽ ഉണ്ടായില്ല. ഇതു സൃഷ്ടിച്ച പിന്നോക്കാവസ്ഥയെ കഴിഞ്ഞ ഒരു ദശാബ്ദക്കാലത്തി നുള്ളിൽ കേരളം മറികടന്നു. കിഫ്ബി വഴിയും അല്ലാതെയും 2 ലക്ഷം കോടിയുടെ പ്രവൃത്തികളാണ് ഇപ്പോൾ നടന്നുവരുന്നത്. ഇത് പൂർത്തീകരിക്കുന്നതോടെ പശ്ചാത്തല സൗകര്യങ്ങളിലും കേരളം മുൻനിര സംസ്ഥാനമാകും.

പിഡബ്ല്യുഡി റോഡുകളെല്ലാം ബിഎം&ബിസി റോഡുകളായിക്കഴിഞ്ഞു. കേരളവുംകൂടി പണം മുടക്കി ദേശീയപാത അതിവേഗത്തിൽ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ടം പൂർത്തീകരിച്ചു. വിഴിഞ്ഞവും കൊച്ചിയുമായി ബന്ധപ്പെടുത്തിക്കൊണ്ട് നാല് വ്യവസായ ഇടനാഴികളാണ് ആരംഭിച്ചിട്ടുള്ളത്. ഇവയുമായി ബന്ധപ്പെട്ട് വ്യവസായ പാർക്കുകൾ, വ്യവസായ ക്ലസ്റ്ററുകളും കേന്ദ്രങ്ങളും ലോജിസ്റ്റിക്സ് പാർക്കുകൾ എന്നിവയ്ക്ക് തുടക്കംകുറിച്ചു കഴിഞ്ഞു.

ട്രാൻസ്ഗ്രിഡ് 2.0-ന്റെ പൂർത്തീകരണത്തോടെ വൈദ്യുതി ദേശീയഗ്രിഡിൽ നിന്ന് സുഗമമായി ലഭ്യമാക്കുന്നതിന് കഴിയുന്നു. സാധ്യമായ ജലവൈദ്യുത പദ്ധതികൾ മുഴുവൻ ഏറ്റെടുക്കുകയാണ്. എന്നാൽ അതിലുപരി സോളാർ വൈദ്യുതി ഉല്പാദനത്തിൽ ഒരു മുൻനിര സംസ്ഥാനമായി കേരളം മാറിവരുന്നു. കേരളത്തിലെ ഒരു വീട്ടിൽ ഒരാൾക്കെങ്കിലും ഡിജിറ്റൽ സാക്ഷരതയുണ്ടെന്ന് ഉറപ്പുവരുത്തി. കെ-ഫോൺ യാഥാർത്ഥ്യമായി.

ഇതെല്ലാം സാധ്യമായത് ബജറ്റിനു പുറത്ത് കിഫ്ബി വഴി വലിയ തോതിൽ വായ്പകൾ സമാഹരിച്ചതുകൊണ്ടാണ്. എന്നാൽ യുഡിഎഫ് കടപ്പേടിയിലാണ്. കടബാധ്യത ഉണ്ടെന്നതു ശരി. പക്ഷേ, അതിനു ബദലായി ആസ്തികളുമുണ്ട്. ആ ആസ്തികളാവട്ടെ കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഉത്തേജനമാകും. അങ്ങനെ കേരളത്തിന്റെ വരുമാനം ഉയരുമ്പോൾ ഈ ബാധ്യതകൾ ഭാരമല്ലാതായിത്തീരുന്നു.

## ഉന്നതവിദ്യാഭ്യാസ പുനഃസംഘടന

ഉന്നതവിദ്യാഭ്യാസ മേഖല പുനഃസംഘടിപ്പിക്കുന്നതിനും മികവുറ്റതാക്കുന്നതിനുമുള്ള ബിരുദ-ബിരുദാനന്തര പഠനത്തിലും സാങ്കേതിക വിദ്യാഭ്യാസത്തിലും സമഗ്രമായ പരിഷ്കാരങ്ങൾ നടപ്പാക്കി വരികയാണ്. കാവിവൽക്കരണ ത്തിനുള്ള കേന്ദ്ര സർക്കാർ അജണ്ടകളെ പ്രതിരോധിച്ചുകൊണ്ട് മതനിരപേക്ഷവും ശാസ്ത്രീയമായ ചിന്തകളെയും അടിയുറച്ചതുമായ ഒന്നായി ഉന്നതവിദ്യാഭ്യാസത്തെ രൂപപ്പെടുത്തുക എന്നത് പ്രധാനപ്പെട്ട ഉത്തരവാദിത്ത മായി എൽഡിഎഫ് സർക്കാർ കാണുന്നു. അതിന്റെ അടിസ്ഥാനത്തിലുള്ള ഉള്ളടക്കം വികസിപ്പിക്കു ന്നതിനുള്ള ഇടപെടലാണ് എൽഡിഎഫ് മുന്നോട്ടു വെക്കുന്നത്.

വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി വിദ്യാർത്ഥികളുടെയും പൂർവ്വവിദ്യാർത്ഥികളുടെയും നൈപുണി പരിശീലനത്തിനും തൊഴിലിനുമുള്ള ക്യാമ്പയിനും വിജ്ഞാന കേരളത്തിന്റെ ഭാഗമായി തുടക്കംകുറിച്ചു. കിഫ്ബി സഹായത്തോടെ വലിയ തോതിൽ പശ്ചാത്തലസൗകര്യ വികസനവും നടന്നുവരുന്നു. ഇതിന്റെ ഫലം ഇപ്പോൾ തന്നെ ദേശീയ റാങ്കിങ്ങിൽ പ്രതിഫലിക്കുന്നുണ്ട്. ഈ നേട്ടങ്ങൾ ആദ്യമായിട്ടാണെന്നും പറയട്ടെ.

- എൻആർഎഫ് റാങ്കിങ്ങ്: രാജ്യത്തെ 200 ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 42 എണ്ണവും ആദ്യത്തെ 100 സർവകലാശാലകളിൽ 4 എണ്ണവും മികച്ച 100 കോളെജുകളിൽ 14 എണ്ണവും കേരളത്തിൽ നിന്നാണ്.
- നാക് റാങ്ക്: കേരള, എംജി സർവകലാശാലകൾക്ക് A++. കാലിക്കറ്റ്, കൊച്ചി,സംസ്കൃത സർവകലാശാലകൾക്ക് A+.
- സംസ്ഥാനത്തെ 269 കോളെജുകൾക്ക് നാക് അംഗീകാരം. 27 കോളെജുകൾക്ക് ഉയർന്ന ഗ്രേഡായ A++.
- ക്യുഎസ് ആഗോള യൂണിവേഴ്സിറ്റി റാങ്കിങ്ങിൽ കേരള സർവകലാശാലയ്ക്ക്

339-ാം സ്ഥാനവും ടൈംസ് ആഗോള റാങ്കിങ്ങിൽ എംജി സർവകലാശാല 400-500നും ഇടയ്ക്ക് സ്ഥാനം നേടി.

# വ്യവസായസൗഹൃദ കേരളം

പശ്ചാത്തലസൗകര്യ സൃഷ്ടിയുടെയും ഉന്നതവിദ്യാഭ്യാസ പരിഷ്കാരങ്ങളുടെയും ആത്യന്തികലക്ഷ്യം വിജ്ഞാന സമ്പദ്ഘടനയിലേക്കുള്ള പരിവർത്തനത്തിനു വഴിയൊരുക്കുകയെന്നതാണ്. ഇന്ന് കേരളം ഇന്ത്യയിലെ ഏറ്റവും വ്യവസായ സൗഹൃദമായ സംസ്ഥാനമായി മാറിയിരിക്കുകയാണ്. അതോടൊപ്പം തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പൊതുമേഖലയെ സംരക്ഷിച്ചുകൊണ്ട് സ്വകാര്യ സംരംഭകരെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചത്.

ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് സമ്മിറ്റിൽ 1.96 ലക്ഷം കോടി രൂപയുടെ വാഗ്ദാനം ലഭിച്ചു. ഇതിൽ 35000 കോടി രൂപയുടെ നിക്ഷേപങ്ങളുടെ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. വ്യവസായ പാർക്കുകൾക്കും ഇടനാഴികകൾക്കും മുൻകൈയെടുത്തു. ഇവയ്ക്കൊക്കെയുള്ള ദേശീയ അംഗീകാരങ്ങളും സർക്കാരിനു ലഭിച്ചു.

- ബിനസ് റിഫോംസ് ആക്ഷൻ പ്ലാൻ റാങ്കിങ്:ഏറ്റവും മുൻനിരയിലുള്ള ഫാസ്റ്റ് മൂവർ പട്ടികയിൽ സ്ഥാനംപിടിച്ചു.
- സംരംഭക വർഷം: കേന്ദ്ര സർക്കാരിന്റെ ബെസ്റ്റ് പ്രാക്ടീസ് അംഗീകാരം.
- അമേരിക്കൻ സൊസൈറ്റി ഫോർ പബ്ലിക് അഡ്മിനിസ്ട്രേഷന്റെപൊതുഭരണത്തിലെ നൂതന സ്കീമുകളുടെ വിഭാഗത്തിൽ ഏറ്റവും മികച്ചത്.

# ഐടി

ഏറ്റവും ശ്രദ്ധേയമായ കുതിപ്പ് ഉണ്ടായിക്കൊണ്ടിരിക്കുന്നത് ഐടി മേഖലയിലാണ്. ഈ മേഖലയിൽ പണിയെടുക്കുന്നവരുടെ എണ്ണം 26000-ത്തിൽ നിന്ന് 2.5 ലക്ഷമായി ഉയർന്നു. കയറ്റുമതി 15000 കോടി രൂപയിൽ നിന്ന് 25000 കോടി രൂപയായി ഉയർന്നു. 2017-18 ൽ 800 ആയിരുന്ന സ്റ്റാർട്ട് അപ്പുകളുടെ എണ്ണം 2024-25 ൽ 6477 ആയി വർദ്ധിച്ചു.

- കേരള സ്റ്റാർട്ട് അപ്: മികച്ച പബ്ലിക് ബിസിനസ് ആക്സിലറേറ്റർ
- ക്രിസിൽ റേറ്റിങ്ങിൽ തിരുവനന്തപുരം ടെക്നോപാർക്കിന് തുടർച്ചയായി എ പ്ലസ് സ്റ്റേബിൾ റാങ്ക്.
- ഐടി മിഷന്റെ അക്ഷയ പ്രോജക്ടിന് 2023-ലെ ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ പുരസ്കാരം.
- കേന്ദ്രത്തിന്റെ യുഡൈസ് പ്ലസ് റിപ്പോർട്ടിൽ ഒന്നാസ്ഥാനം.

# ടൂറിസം

കോവിഡ് കാലത്തെ തിരിച്ചടിയെ ടൂറിസം പൂർണ്ണമായും മറികടന്നു. കോവിഡിനു

മുമ്പ് 1.5 കോടി ആഭ്യന്തര ടൂറിസ്റ്റുകൾ വന്നിരുന്ന സ്ഥാനത്ത് ഇന്ന് 2.5 കോടി ടൂറിസ്റ്റുകൾ കേരളത്തിൽ വരുന്നു. കേരളത്തിൽ ഏറ്റവും വേഗതയിൽ വളരുന്ന വ്യവസായ മേഖലകളിലൊന്നായി ടൂറിസം മാറിയിട്ടുണ്ട്.

- ടൂറിസം രംഗത്തെ പ്രകടനത്തിന് ഗോൾഡൻ സ്റ്റാർ പുരസ്കാരം, ലോൺലി പ്ലാനറ്റ് അവാർഡ്, ബെറ്റർ ഹോളി ഡേ അവാർഡ്, ഔട്ട് ലുക്ക് ട്രാവലർ അവാർഡ്തുടങ്ങിയവ ലഭിച്ചു.
- ITB ബെർലിൻ ഗോൾഡൻ സിറ്റി ഗേറ്റ് അവാർഡ് 2025: (രണ്ട് ടൂറിസം ക്യാമ്പയിനുകൾക്ക്).
- ICRT ഗോൾഡ് അവാർഡ്: ഉത്തരവാദിത്വ ടൂറിസത്തിന് (മൂന്ന് തവണ)

# മതനിരപേക്ഷ സർക്കാർ

നവകേരള വികസന അജണ്ട നേടുന്നതിന് സമാധാനാന്തരീക്ഷം അത്യന്താപേക്ഷിതമാണ്. ക്രമസമാധാനവും സ്വൈര്യജീവിതവും ഇന്ന് ഏറ്റവും വലിയ വെല്ലുവിളി നേരിടുന്നത് വർഗീയ ശക്തികളിൽ നിന്നാണ്. ബിജെപിയും കോൺഗ്രസും ഭരിക്കുന്ന 12 സംസ്ഥാനങ്ങളിൽ ഇന്ന് മതപരിവർത്തന നിരോധന നിയമം പ്രാബല്യത്തിലുണ്ട്. ക്രിസ്ത്യൻ മതന്യൂനപക്ഷങ്ങളടക്കമുള്ളവർക്കെതിരെ കടന്നാക്രമണത്തിന് ഈ കരിനിയമമാണ് ഉപയോഗിക്കുന്നത്.

കറകളഞ്ഞ ന്യൂനപക്ഷ വിരോധം പ്രചരിപ്പിച്ചും ഭരണഘടനാസ്ഥാപനങ്ങളും അവകാശങ്ങളും നിർവീര്യമാക്കിയും നൂറ്റാണ്ടുകൾക്കു മുമ്പുള്ള സാമൂഹ്യാവസ്ഥയിലെ ആധിപത്യക്രമം പുനഃസ്ഥാപിക്കാൻ സംഘപരിവാർ ശക്തികൾ തങ്ങളുടെ കേന്ദ്ര ഭരണാധികാരത്തെ ഉപയോഗപ്പെടുത്തുകയാണ്. ഇതാണ് മതനിരപേക്ഷ ജനാധിപത്യ ഇന്ത്യ നേരിടുന്ന ഏറ്റവും ആപത്കരമായ വെല്ലുവിളി. ഭൂരിപക്ഷ വർഗ്ഗീയശക്തികളുടെ ഇടപെടൽ ന്യൂനപക്ഷ ജനവിഭാഗങ്ങൾ ക്കിടയിൽ അരക്ഷിതാവസ്ഥ രൂപപ്പെടുത്തുന്നുണ്ട്. ഇത് ഉപയോഗപ്പെടു ത്തിയാണ് ന്യൂനപക്ഷ–വർഗ്ഗീയ തീവ്രവാദ ചിന്താഗതിക്കാർ നടത്തുന്ന പ്രചരണ പ്രവർത്തനം ഭൂരിപക്ഷ വർഗ്ഗീയതയ്ക്കും വളമായി തീരുകയും ചെയ്യുന്നു. ഇരുകൂട്ടരും മതനിരപേക്ഷ മൂല്യങ്ങളുടെയും മാനുഷികമായ ബന്ധങ്ങളെയും ശാസ്ത്രീയമായ ചിന്തകളെയും പ്രതിരോധിക്കുന്ന തരത്തിൽ ഇടപെടുന്ന വരാണ്.

ഭൂരിപക്ഷത്തിന്റെ പേരിലായാലും ന്യൂനപക്ഷത്തിന്റെ പേരിലായാലും മതരാഷ്ട്രവാദം നാടിന് അപകടമാണ്. മതരാഷ്ട്രവാദവും മതവിശ്വാസവും രണ്ടാണ് എന്ന സുചിന്തിതമായ നിലപാടാണ് എൽഡിഎഫ് ഉയർത്തിപ്പിടിക്കുന്നത്. മതനിരപേക്ഷത അംഗീകരിക്കപ്പെടുന്ന സമൂഹത്തിലാണ് എല്ലാ മതവിശ്വാസി കൾക്കും അവരുടെ വിശ്വാസങ്ങളുമായും വിശ്വാസമില്ലാത്തവർക്ക് അങ്ങന െയും ജീവിക്കാൻ കഴിയുന്ന ബഹുസ്വര സംസ്കാരം രൂപപ്പെടുകയുള്ളു.

രാഷ്ട്രത്തിലെ എല്ലാ പൗരന്മാർക്കും തുല്യതയോടെ ജീവിക്കാനുള്ള അവസര

ത്തിനായാണ് ഇടതുപക്ഷം നിലകൊള്ളുന്നതെങ്കിൽ മതരാഷ്ട്ര വാദികൾക്ക് അവരുടെ മതത്തിൽ ഉൾപ്പെടാത്ത എല്ലാവരും രണ്ടാംകിട പൗരന്മാരും ശത്രുക്കളുമാണ്. വർഗീയ തീവ്രവാദ ശക്തികളെ ചെറുത്തുതോൽപ്പിക്കാൻ വിശ്വാസികളുടെ ഐക്യനിരയ്ക്കു മാത്രമേ കഴിയൂ. ഒരുതരത്തിലുള്ള വർഗീയതയു മായും സന്ധി ചെയ്യാതെ എല്ലാ മതവിശ്വാസികളുടെയും വിശ്വാസം സംരക്ഷിക്കാനും ഒരു മതത്തിലും വിശ്വാസമില്ലാത്തവർക്കും സമാധാനത്തോടെ ജീവിക്കാനും വേണ്ടിയുള്ള മതനിരപേക്ഷ രാഷ്ട്രീയമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഉയർത്തിപ്പിടിക്കുന്നത്.

## സംസ്ഥാന അവകാശങ്ങൾക്കുവേണ്ടി

കേരളത്തിന്റെ വികസന അജണ്ട നേരിടുന്ന മറ്റൊരു വെല്ലുവിളി സംസ്ഥാനത്തിന്റെ അധികാരങ്ങളെ കവർന്നെടുക്കാനുള്ള കേന്ദ്ര സർക്കാരിന്റെ ഫെഡറൽവിരുദ്ധ നീക്കങ്ങളാണ്. ഈ വെല്ലുവിളി എത്രമാണ് ഗൗരവമുള്ളതാ ണെന്നു മനസിലാക്കാൻ കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ അനുഭവങ്ങൾ മാത്രം നോക്കിയാൽ മതി. സംസ്ഥാന നിയമസഭ പാസ്സാക്കിയ നിയമങ്ങൾ ഗവർണർ അനിശ്ചിതമായി വച്ചുതാമസിപ്പിക്കുകയാണ്. കേന്ദ്ര സർക്കാർ സ്ഥാപിക്കുന്ന റെഗുലേറ്ററി അതോറിറ്റികൾ വഴി സംസ്ഥാന ഭരണത്തിൽ ഇടപെടുകയാണ്. സർവകലാശാലകളുടെ പ്രവർത്തനത്തെ കേരളത്തിലെ ഗവർണർ ഒരു ഭരണ സ്തംഭനത്തിൽതന്നെ എത്തിച്ചിരിക്കുകയാണ്.

ധന ഫെഡറലിസത്തെ ബിജെപി അട്ടിമറിക്കുകയാണ്. കേരളത്തെ ധനപരമായി ഞെരുക്കുന്നതിനും വികസന അജണ്ടയെ അട്ടിമറിക്കുന്നതിനും എല്ലാ കുതന്ത്രങ്ങളും കേന്ദ്ര സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കിഫ്ബിയുടെ വായ്പകൾ സംസ്ഥാന സർക്കാർ എടുക്കുന്ന വായ്പകൾക്കു തുല്യമാണെന്നു പറഞ്ഞുകൊണ്ട് സംസ്ഥാനത്തിന്റെ വാർഷിക വായ്പകൾ കുത്തനെ വെട്ടിക്കുറയ്ക്കുകയാണ്. പതിനാറാം ധനകാര്യ കമ്മീഷൻ ചെറിയൊരു വർദ്ധന കേരളത്തിനുള്ള നികുതി വിഹിതത്തിൽ വരുത്തുകയുണ്ടായി. പക്ഷേ, നമുക്ക് കഴിഞ്ഞ പ്രാവശ്യം ലഭിച്ച 53000 കോടി രൂപയുടെ ഗ്രാന്റ് ഇല്ലാതാക്കി. ഇതിനു പകരം കൂടുതൽ പണം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുവേണ്ടി നീക്കിവച്ചിരിക്കുകയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേരളത്തിന് ഇതുവരെ ലഭിച്ച വിഹിതമാകട്ടെ 1.9 ശതമാനമേ വരൂ. സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതില്ലാത്ത സെസും സർചാർജ്ജും വഴി എത്ര വേണമെങ്കിലും നികുതി സമാഹരിക്കാൻ കേന്ദ്രത്തിനു ധനകാര്യ കമ്മീഷൻ അനുവാദം നൽകിയിരിക്കുകയാണ്.

കേരളത്തിനോട് കേന്ദ്ര സർക്കാർ അനുവർത്തിക്കുന്ന വിവേചനങ്ങൾക്ക് യുഡിഎഫിന്റെ ഒത്താശയുണ്ടെന്നുള്ളതാണ് ഏറ്റവും ദൗർഭാഗ്യകരമായ അവസ്ഥ. കേരളത്തിനുവേണ്ടി വാദിക്കാൻ യുഡിഎഫ് തയ്യാറല്ല. കിഫ്ബിയെ തകർക്കുന്നതിനുവേണ്ടി സി&എജിയുമായും കേന്ദ്ര സർക്കാരുമായും ഒത്തുകളിച്ച വരാണ് അവർ. കിഫ്ബിയെ തകർക്കുന്നതിന് കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിനും അവർക്കു മടിയുണ്ടായി

ല്ല. ഈ അഞ്ചാംപത്തികളെ ഭരണത്തിൽ നിന്നു മാറ്റിനിർത്തിക്കൊണ്ടല്ലാതെ കേരളത്തിന്റെ വികസനം സാധ്യമല്ല.

## ജനവിരുദ്ധ നയങ്ങൾക്കെതിരെ

ഹിന്ദുത്വ വർഗ്ഗീയതയുടെ അടിസ്ഥാനത്തിൽ കേന്ദ്ര അധികാരം കൈക്കലാക്കിയ ബിജെപി അറുപിന്തിരിപ്പൻ കോർപ്പറേറ്റ് സാമ്പത്തിക നയങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ലേബർ കോഡുകൾ പ്രാബല്യത്തിൽ വരുത്തി. സ്വതന്ത്രവ്യാപാര കരാറുകളിലൂടെ ഇന്ത്യയെ വിദേശികൾക്കു തുറന്നുകൊടുക്കുകയാണ്. അമേരിക്കൻ വ്യാപാര വ്യവസ്ഥകൾക്കു മുന്നിൽ കീഴടങ്ങുകയാണ്. കാർഷിക മേഖലയെ തകർക്കുന്ന നയങ്ങൾ നടപ്പാക്കുകയാണ്. പൊതുമേഖല വിറ്റുതുലയ്ക്കുന്നു. ബാങ്കിന്റെയും ഇൻഷ്വറൻസിന്റെയും സ്വകാര്യവൽക്കരണം ഓഹരിവിൽപ്പനയിലൂടെപടിപടിയായി നടത്തിക്കൊണ്ടിരിക്കുന്നു.

ഈ നയങ്ങളുടെയെല്ലാം തുടക്കക്കാർ കോൺഗ്രസാണ്. ബിജെപിയിൽ നിന്നു വ്യത്യസ്തമായൊരു സാമ്പത്തിക നയം യുഡിഎഫിന് ഇല്ല. ബദൽ നയങ്ങൾ ഉയർത്താൻ ഇടതുപക്ഷത്തിനേ കഴിയൂ. യുഡിഎഫ് ശ്രമിക്കുന്നത് കേരളത്തെ പത്ത് വർഷം മുമ്പുള്ള ഇരുണ്ടകാലത്തേക്ക് തിരിച്ചു കൊണ്ടുപോകാനാണ്. ഇത്തരമൊരു തിരിച്ചുപോക്ക് കേരളത്തിന് അപരിഹാര്യമായ നഷ്ടം സൃഷ്ടിക്കും.

മോദിയുടെ സാമ്പത്തിക നയം മാത്രമല്ല, വിദേശനയവും ജനവിരുദ്ധമാണ്. ഈ വിദേശനയത്തിന്റെ സമ്പൂർണ്ണ പരാജയത്തിന്റെ ദർശനമാണ് പശ്ചിമേഷ്യൻ പ്രതിസന്ധിയിൽ കാണുന്നത്. നമ്മുടെ വിദേശനയ പാരമ്പര്യങ്ങളെയെല്ലാം തള്ളിക്കളഞ്ഞ് അമേരിക്കൻ-ഇസ്രയേൽ കടന്നാക്രമണത്തിനു തൊട്ടുമുമ്പ് മോദി ഇസ്രയേൽ സന്ദർശിച്ച് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. ഒരു പരമാധികാര രാഷ്ട്രത്തലവനെ സന്ധിസമാധാന ചർച്ചകളുടെ മറവിൽ കടന്നാക്രമണം നടത്തി കൊലചെയ്യുകയും ഒരു സ്കൂളിലെ കുട്ടികളെ മുഴുവൻ കൊന്നൊടുക്കുകയും ചെയ്തിട്ട് ഒരു പ്രതിഷേധ പ്രസ്താവന പോയിട്ട്, അനുശോചന സന്ദേശനം പോലും പുറപ്പെടുവിക്കാൻ തയ്യാറായില്ല. അത്രയ്ക്കുണ്ട് മോദിയുടെ അമേരിക്കൻ ദാസ്യവൃത്തി. ഇന്ത്യയുടെ സുഹൃദ് രാജ്യമായ ഇറാനെ വഞ്ചിച്ചു. ഇതിന്റെയെല്ലാം ഫലം നാം ഇന്ന് അനുഭവിക്കുകയാണ്.

പാചകവാതകം ഇല്ല, പെട്രോളിയം ഉല്പന്നങ്ങളുടെ വില ഉയരുമെന്ന് നിശ്ചയം. വിലക്കയറ്റത്തിന് ആക്കംകൂടി തുടങ്ങി. ഓഹരി വിപണികൾ തകരുന്നു. രൂപയുടെ മൂല്യം ഇടിയുന്നു. 2008-ലെന്നപോലെ ആഗോള തകർച്ചയിൽ പിടിച്ചുനിൽക്കാനുള്ള ശേഷിയില്ലാത്ത ഒരു രാജ്യമായി ഇന്ത്യയെ മോദി കൊണ്ടെത്തിച്ചു.

പശ്ചിമേഷ്യയിലെ സംഘർഷം കേരളത്തിൽ നിന്നുള്ള ലക്ഷക്കണക്കിന് കുടിയേറ്റക്കാരെയും അവരുടെ കുടുംബങ്ങളെയും നമ്മുടെ സംസ്ഥാന സമ്പദ്ഘടനയേയും പ്രതികൂലമായി ബാധിക്കുമെന്ന് തീർച്ചയാണ്. പ്രവാസികളുടെ സംരക്ഷണത്തിനും പുനരധിവാസത്തിനും വേണ്ടി കേരളം പോലെ നിശ്ചയദാർഢ്യത്തോടെ നടപടി സ്വീകരി

ച്ചിട്ടുള്ള മറ്റൊരു സംസ്ഥാനം രാജ്യത്ത് വേറെ ഇല്ല. ഈയൊരു ആപത്ഘട്ടത്തിൽ പ്രതിസന്ധികളെ അതിജീവിക്കുന്നതിനും ഇരകളെ ചേർത്തുപിടിക്കുന്നതിനും കഴിവുറ്റതെന്നു തെളിയിച്ച ഇടതുപക്ഷ ജനാധിപത്യ മുന്നണി തന്നെ കേരളത്തിൽ തുടരണം.

# പ്രകടനപത്രിക – 60 ഇന പരിപാടി

2026 കേരള നിയമസഭാ തെരഞ്ഞെടുപ്പിലേക്കുള്ള പ്രകടനപത്രിക വിപുലമായ ജനകീയ സംവാദങ്ങളിലൂടെയാണ് രൂപം നൽകിയിട്ടുള്ളത്. എല്ലാ വിഭാഗം ജനങ്ങളുമായും മുഖ്യമന്ത്രി നേരിട്ടു നടത്തിയ സംവാദങ്ങൾ, മൂന്ന് കേരള വികസന ജാഥകളിൽ ജില്ലകളിൽ നടത്തിയ സംവാദങ്ങൾ, എകെജി പഠന ഗവേഷണ കേന്ദ്രം അഞ്ചാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസിന്റെ വിവിധ സമ്മേളനങ്ങളിലായി നടത്തിയ ചർച്ചകൾ, സി. അച്യുതമേനോൻ ഫൗണ്ടേഷൻ നടത്തിയ വികസന കോൺക്ലേവ്, ആസൂത്രണ ബോർഡ് സംഘടിപ്പിച്ച വിഷൻ 2031 സമ്മേളനങ്ങൾ, ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഘടക കക്ഷികൾ തയ്യാറാക്കിയ രേഖകൾ എന്നിവയെല്ലാം ഉൾക്കൊണ്ടുകൊണ്ടാണ് 950 നിർദ്ദേശങ്ങളുടെ ഈ പ്രകടനപത്രികയ്ക്ക് രൂപം നൽകിയിരിക്കുന്നത്.

പെട്ടെന്നൊരു വിഹഗവീക്ഷണം നൽകുന്നതിനുവേണ്ടി 950 നിർദ്ദേശങ്ങളെ 60 ഇന പരിപാടിയായി സംക്ഷേപിച്ചിരിക്കുകയാണ്. വിശദമായ പ്രകടനപത്രിക അനുബന്ധമായി ചേർത്തിരിക്കുന്നു. ഇതിന്റെ പുറംചട്ടയിലുള്ള ക്യൂആർ കോഡ് സ്കാൻ ചെയ്യുകയാണെങ്കിൽ 950 ഇനങ്ങൾ അടങ്ങിയ പ്രകടനപത്രികയുടെ പൂർണ്ണരൂപം ലഭ്യമാകും.

വിജ്ഞാന സമ്പദ്ഘടയിലേക്കുള്ള പരിവർത്തനം അടുത്ത അഞ്ച് വർഷത്തിനുള്ളിൽ പൂർത്തീകരിക്കും. അതിന്റെ ഫലമായുണ്ടാകുന്ന സാമ്പത്തിക വരുമാനത്തിലെ വർദ്ധനയുടെ നേട്ടം കേരളത്തിലെ എല്ലാ പൗരന്മാർക്കും ലഭ്യമാകുമെന്ന് ഉറപ്പുവരുത്തും. അതിനായി തൊഴിലില്ലായ്മയും ദാരിദ്ര്യവും പരിഹരിക്കും.അതോടൊപ്പം വികേന്ദ്രീകൃത ജനാധിപത്യത്തിലും മതനിരപേക്ഷത യിലും തുല്യതയിലും പുരോഗമനചിന്തയിലും അധിഷ്ഠിതമായ ഒരു സമൂഹമായിരിക്കും കേരളം.

1. **കേവല ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യും:** കേരളം അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്തത് ആഗോള ശ്രദ്ധപിടിച്ചുപറ്റി. ഇനി നമ്മൾ പുതിയൊരു ലക്ഷ്യം പ്രഖ്യാപിക്കുകയാണ്- കേവല ദാരിദ്ര്യം ഇല്ലായ്മ ചെയ്യും. ഏറ്റവും ദരിദ്രരായ ഏതാണ്ട് അഞ്ച് ലക്ഷം കുടുംബങ്ങളെ കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടെത്തി അവരെ ദാരിദ്ര്യത്തിൽ നിന്ന് കരകയറ്റും. പട്ടികവിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ, ആശ്രയ പദ്ധതിക്കാർ, അന്ത്യോദയ കാർഡുകാർ തുടങ്ങിയവരുടെ പരിഗണന ഉറപ്പുവരുത്തും. (അനുബന്ധം 267-270)
2. **ആരോഗ്യകരമായ വാർദ്ധക്യം, കിടപ്പുരോഗികൾക്ക് സമ്പൂർണ്ണ പരിരക്ഷ:** കുട്ടികളുടെ പരിപാലനത്തിനുള്ള മികവിൽ കേരളം പ്രശസ്തമാണ്. എന്നാൽ ഇന്ന്

കുട്ടികളുടെ എണ്ണം കുറയുന്നു, പ്രായമുള്ളവരുടെ എണ്ണം വർദ്ധിക്കുന്നു. കുട്ടികളുടെ കാര്യത്തിലെന്നപോലെ മുതിർന്ന പൗരന്മാരുടെ പരിരക്ഷയിലും ഒരു സാമൂഹ്യ മാതൃക ലോകത്തിനു മുന്നിൽ സൃഷ്ടിക്കുകയെന്നുള്ള ദൗത്യം നാം ഏറ്റെടുക്കുകയാണ്. കിടപ്പുരോഗികളുടെ അവകാശങ്ങൾ പ്രഖ്യാപിക്കുകയും അവ നടപ്പാക്കുന്നതിന് ജനകീയപരിപാടിക്കു രൂപം നൽകുകയും ചെയ്യും. വിവിധ സർക്കാർ സ്കീമുകൾ പ്രാദേശികതലത്തിൽ സംയോജിപ്പിച്ച് കിടപ്പുരോഗികൾക്ക് സമ്പൂർണ്ണ പരിരക്ഷയും മറ്റു വയോജനങ്ങൾക്ക് ആരോഗ്യകരവും ആനന്ദകരവുമായ ജീവിതവും ഉറപ്പുവരുത്തും. എല്ലാ ക്ഷേമ പെൻഷനുകളും പ്രതിമാസം 3000 രൂപയായി വർദ്ധിപ്പിക്കും. (അനുബന്ധം 285-294)

3. **കേരളത്തിൽ പഠിച്ചാൽ ജോലി ഉറപ്പ്:**പഠനം പൂർത്തിയാക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ക്യാമ്പസ് പ്ലേസ്മെന്റ് ഉറപ്പാക്കും. 2025-26 അദ്ധ്യയന വർഷത്തിൽ 60,000 വിദ്യാർത്ഥികൾക്ക് ഇത്തരത്തിൽജോലി ലഭിക്കുന്നുണ്ട്. വിവിധ കമ്പനികളിലെ തൊഴിലുകളുമായി ബന്ധപ്പെടുത്തി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നൈപുണി വികസന കേന്ദ്രങ്ങളുടെ മുൻ കൈയിൽ നടത്തിയ പരിശീലനത്തിന്റെ നേട്ടമാണിത്. ഈ വിജയകരമായ മാതൃക സാർവ്വത്രികമാക്കും. തൊഴിൽ പരിശീലനം കരിക്കുലത്തിന്റെ ഭാഗമാണ്. നൈപുണി പരിശീലനത്തിൽ ഏർപ്പെടുന്ന വിദ്യാർത്ഥികൾക്ക് “കണക്ട് ടു വർക്ക്” സ്കോളർഷിപ്പ് ലഭ്യമാക്കും. വിജ്ഞാന കേരളത്തിന്റെ ഭാഗമായി മെന്റർമാരുടെ സന്നദ്ധസേന രൂപീകരിക്കും. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള വലിയൊരു കാൽവയ്പായിരിക്കുമിത്. (അനുബന്ധം 85, 86, 232-261)

4. **അഭ്യസ്തവിദ്യരുടെ സംരംഭങ്ങൾക്ക് പലിശരഹിത വായ്പ:** കോളെജുകളിൽ സംരംഭകത്വ പ്രോത്സാഹനത്തിനായി ഹാക്കത്തോണുകളും ഇൻകുബേറ്ററുകളും സംഘടിപ്പിക്കും. വിദ്യാർത്ഥി പ്രതിഭകളെ സർക്കാർ പ്രൊജക്ടുകളിൽ പങ്കാളികളാക്കുന്നതിനും വിദ്യാലയങ്ങളിൽ ഉല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ഒരു പ്രത്യേക കമ്പനിക്കു രൂപം നൽകും. യുവജനങ്ങളുടെ പുതിയ സംരംഭങ്ങൾക്ക് പലിശരഹിത വായ്പ നൽകും. ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകൾ (GCC) 40-ൽ നിന്നും 120 ആയി വർദ്ധിപ്പിച്ച് രണ്ട് ലക്ഷം പ്രൊഫഷണലുകൾക്ക് ഉയർന്ന നിലവാരമുള്ള ജോലികൾ സൃഷ്ടിക്കും. സ്റ്റാർട്ട് അപ്പ് വില്ലേജിനു പുറമേ ഇന്നവേഷൻ സോണും കളമശ്ശേരിയിൽ സ്ഥാപിക്കും. ഏറ്റവും നല്ല സ്റ്റാർട്ട് അപ്പ് ആവാസവ്യവസ്ഥയെന്ന സ്ഥാനം നിലനിർത്തും.(അനുബന്ധം 51-57, 64-75)

5. **സ്ത്രീകളിൽ 50 ശതമാനം പേർക്ക് ജോലി ഉറപ്പുവരുത്തും:** തൊഴിൽ പ്രായത്തിലുള്ള സ്ത്രീകളിൽ 30 ശതമാനത്തിൽ താഴെ മാത്രമേ വീടിനു പുറത്ത് ജോലിക്ക് പോകുന്നുള്ളൂ. ഇത് 50 ശതമാനമായി ഉയർത്തും. ഇതിന് കുടുംബശ്രീയും തദ്ദേശഭരണ സ്ഥാപനങ്ങളും നേതൃത്വം നൽകും. സംരംഭകർ പ്രാദേശിക തൊഴി

ലുകളിൽ സ്ത്രീകളെ തെരഞ്ഞെടുത്താൽ അവർക്കുള്ള നൈപുണി പരിശീലനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ നൽകും. യാത്രാ സുരക്ഷ, കുട്ടികൾക്ക് ആഫ്റ്റർ സ്കൂൾ കെയർ, ഗാർഹിക ജോലിഭാരം കുറയ്ക്കുക തുടങ്ങിയ കാര്യങ്ങളിൽ ആവശ്യമായ സാമൂഹ്യപിന്തുണ കുടുംബശ്രീ ഉറപ്പുവരുത്തും. ഈ വേതനാധിഷ്ഠിത തൊഴിലുകൾക്കു പുറമേ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സാന്ത്വന പരിചരണം, സാങ്കേതിക സേവനങ്ങൾ, വാതിൽപ്പടി വിപണനം തുടങ്ങി സേവന സംരംഭ ശൃംഖലകളും സ്വയംതൊഴിൽ സംരംഭങ്ങളും ആരംഭിക്കും. ഇതുവഴി അഞ്ചാം വർഷം ആകുമ്പോഴേക്കും 25000-ത്തോളം കോടി രൂപ അധികവരുമാനമായി താഴ്ന്ന-ഇടത്തരം കുടുംബങ്ങൾക്കു ലഭ്യമാകും. അഭ്യസ്തവിദ്യരായ സ്ത്രീകൾക്ക് 'വർക്ക് നിയർ' ഹോമുകളിൽ ജോലിയെടുക്കാനുള്ള അവസരം സൃഷ്ടിക്കും. (അനുബന്ധം 253, 254, 271-278)

6. **"ബാക്ക് ടു ക്യാമ്പസ്" തൊഴിൽ പരിശീലനം:** പഠനം പൂർത്തീകരിച്ച അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് നൈപുണി പരിശീലനം നൽകി തൊഴിൽ മേളകളിലൂടെ ജോലി നൽകുന്ന പരിപാടി ഊർജ്ജിതപ്പെടുത്തും. തൊഴിൽ പരിശീലനം വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി നടത്തുന്നതാണ് ഫലപ്രദമെന്നു തെളിഞ്ഞിട്ടുണ്ട്. തൊഴിൽ പരിശീലനം ഇല്ലാതെയുള്ള തൊഴിൽ മേളകൾ വേണ്ടത്ര ഫലപ്രദമാകില്ലായെന്നും വ്യക്തമായിട്ടുണ്ട്. അതുകൊണ്ട് വിദ്യാർത്ഥികൾക്ക് കഴിവതും അവർ പഠിച്ചിരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽത്തന്നെ തൊഴിലുമായി ബന്ധപ്പെടുത്തി നൈപുണി പരിശീലനം നൽകും. ഇതിനെയാണ് 'ബാക്ക് ടു ക്യാമ്പസ്' പരിപാടി എന്നു വിളിക്കുന്നത്. (അനുബന്ധം 251, 252, 330, 346)

7. **തൊഴിലുറപ്പിനെ തകർക്കാനുള്ള നീക്കങ്ങളെ പ്രതിരോധിക്കും:**മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ ഇല്ലാതാക്കുന്നതിനുള്ള പരിഷ്കാരങ്ങൾ കേന്ദ്ര സർക്കാർ നടപ്പിലാക്കിയിരിക്കുകയാണ്. ആവശ്യമനുസരിച്ച് ജോലി എന്നതിനു പകരം കേരളം പോലുള്ള സംസ്ഥാനങ്ങൾക്ക് തൊഴിലവസരങ്ങൾ വെട്ടിക്കുറയ്ക്കാനുള്ള മാനദണ്ഡങ്ങൾ അടിച്ചേൽപ്പിക്കുകയാണ്. ചെലവിന്റെ 60 ശതമാനവും, കൂടുതൽ തൊഴിൽ വേണമെങ്കിൽ ആ തുകയും സംസ്ഥാന സർക്കാരുകൾ കണ്ടെത്തണമെന്നാണ് നിർദ്ദേശം. ഈ നീക്കങ്ങളെ പ്രതിരോധിക്കും. അതോടൊപ്പം കേരളത്തിലെ തൊഴിലുറപ്പ് പദ്ധതി മുൻകാലങ്ങളിലെന്നപോലെ തുടരുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഇതിനുള്ള അധികപണം കണ്ടെത്തും. (അനുബന്ധം 279)

8. **വ്യവസായവൽക്കരണക്കുതിപ്പ്:** സംസ്ഥാന വരുമാനത്തിൽ മാനുഫാക്ച്ചറിംഗ് വ്യവസായത്തിന്റെ വിഹിതം 2015-16-ൽ 10.14 ശതമാനവും 2024-25-ൽ 13 ശതമാനവും ആയിരുന്നു. ഇത് 2031-ൽ 16 ശതമാനമായി ഉയർത്തും. ഇതിന് അടിത്തറപാകുക വിഴിഞ്ഞവുമായി ബന്ധപ്പെട്ട് ആവിഷ്കരിക്കുന്ന തിരുവനന്തപുരത്തിനു

ചുറ്റുമായുള്ള കോറിഡോറും കൊല്ലം -പുനലൂർ കോറിഡോറും കൊച്ചിയുമായി ബന്ധപ്പെട്ട് ആവിഷ്കരിക്കുന്ന കോയമ്പത്തൂർ, മംഗലാപുരം കോറിഡോറുകളുമാണ്. കൂടാതെ, ചവറ - കൊച്ചി റെയർ എർത്ത് കോറിഡോറും ആരംഭിക്കും. ഇതിനു പുറമേ പ്രതിരോധ ക്ലസ്റ്റർ (തിരുവനന്തപുരം), ഗ്ലോബൽ സിറ്റി (കൊച്ചി), ബയോടെക് & ലൈഫ് സയൻസ് സിറ്റി (കോഴിക്കോട്, മലപ്പുറം), ESDM & പവർ ഇലക്ട്രോണിക്സ് മാനുഫാക്ചറിങ് ക്യാമ്പസ് (കണ്ണൂർ), മെഗാ ഭക്ഷ്യ സംസ്കരണ പാർക്ക് (കൊല്ലം), മെഡിക്കൽ ബയോട്ടിക് ഹബ് (തിരുവനന്തപുരം), സൈബർ വാലി (കൊച്ചി), ഇന്ത്യ ഇന്നവേഷൻ സെന്റർ ഫോർ ഗ്രാഫീൻ തുടങ്ങിയ ഇന്നവേഷൻ ഹബ്ബുകൾ സ്ഥാപിക്കും. എല്ലാ ജില്ലകളിലും ഒട്ടനവധി ചെറുകിട പാർക്കുകളും ജോബ് സെന്ററുകളും സ്ഥാപിക്കും. രണ്ട് ലക്ഷം കോടി രൂപയുടെ നിക്ഷേപം അഞ്ച് വർഷംകൊണ്ട് ഉണ്ടാകും. (അനുബന്ധം 1-43)

9. **പൊതുമേഖലയെ വിപുലപ്പെടുത്തും:** 2015-16-ൽ 2000-ത്തിൽപ്പരം കോടി രൂപയായിരുന്ന ടേൺ ഓവർ2024-25-ൽ 5000-ത്തിൽപ്പരം കോടി രൂപയായി വർദ്ധിച്ചു .അന്നത്തെ പ്രവർത്തന നഷ്ടം 134 കോടി രൂപ പ്രവർത്തന ലാഭമായി മാറി. 2031-ൽ ടേൺ ഓവർ 10000 കോടി രൂപയായി ഉയർത്തും. ആധുനികവൽക്കരണം, വൈവിധ്യവൽക്കരണം, പ്രൊഫഷണലൈസേഷൻ എന്നിവയിലൂടെ എല്ലാ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളും ലാഭകരമാക്കും. (അനുബന്ധം 35-43)

10. **ടൂറിസം വളർച്ചയുടെ ചാലകശക്തി:**2031 ആകുമ്പോഴേക്കും അഞ്ച് കോടി ആഭ്യന്തര ടൂറിസ്റ്റുകളെയും 15 ലക്ഷം വിദേശ ടൂറിസ്റ്റുകളെയും കേരളത്തിലേക്ക് ആകർഷിക്കും. ഇത് ഇപ്പോൾ വരുന്ന ടൂറിസ്റ്റുകളുടെ എണ്ണത്തിന്റെ ഇരട്ടി വരും. ഇത്തരമൊരു വിപുലീകരണത്തിനാവശ്യമായ പശ്ചാത്തലസൗകര്യങ്ങൾ, പുതിയ ടൂറിസം ഉല്പന്നങ്ങൾ,ഡെസ്റ്റിനേഷനുകൾ, ഇടനാഴികൾ, എന്നിവ ആസൂത്രിതമായി സൃഷ്ടിക്കും. പ്രകൃതി സൗഹൃദ ഉത്തരവാദിത്വ ടൂറിസം വഴി ടൂറിസം വികസനത്തിന്റെ നേട്ടങ്ങൾ പ്രദേശവാസികൾക്കും ലഭ്യമാക്കും. (അനുബന്ധം 93-114)

11. **മിഷൻ 100000:** ഒരുലക്ഷം നാനോ മൈക്രോ സംരംഭങ്ങളെ ശരാശരി ഒരു കോടി രൂപ വിറ്റു വരവുള്ള സംരംഭങ്ങൾ ആക്കി ഉയർത്തുന്നതിനുള്ള സ്കീമിനു രൂപം നൽകും. ഇതുപോലെ 1000 ചെറുകിട സംരംഭങ്ങളെ 100 കോടി വില്പനയുള്ള കമ്പനികളായി വളർത്തുന്നതിനുള്ള മിഷനും തുടരും. പ്രതിവർഷം ഏതാണ്ട് 15000 വച്ച് ചെറുകിട സംരംഭങ്ങൾ രജിസ്റ്റർ ചെയ്തിരുന്ന കേരളത്തിൽ സംരംഭകത്വ വർഷം മുതൽ പുതിയതായി രജിസ്റ്റർ ചെയ്യുന്ന മൈക്രോ-ചെറുകിട സംരംഭങ്ങളുടെ എണ്ണം ഏതാണ്ട് ഒരുലക്ഷം വീതമായി ഉയർന്നിട്ടുണ്ട്. സംരംഭകത്വ വർഷത്തിന്റെ ഭാഗമായി ചെറുകിട വ്യവസായ പ്രോത്സാഹനാർത്ഥം നടപ്പാക്കിയ ഏകജാലക സംവിധാനം, പലിശ സബ്സിഡി, സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ, പ്രത്യേക പിന്തുണ സംവിധാനങ്ങൾ എന്നിവ തുടരും.(അനുബന്ധം 27-31)

12. **പരമ്പരാഗത വ്യവസായങ്ങളുടെ നവീകരണവും വൈവിധ്യവൽക്കരണവും:** കയർ, കശുവണ്ടി, കൈത്തറി, പനമ്പ് എന്നീ വ്യവസായങ്ങൾ സംബന്ധിച്ച് വിളിച്ചു ചേർത്ത കോൺക്ലേവുകളിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാ നത്തിൽ ഈ വ്യവ സായങ്ങളെ നവീകരിക്കുന്നതിനും ഉല്പന്നങ്ങൾ വൈവിധ്യവൽക്കരിക്കു ന്നതിനുമുള്ള നടപടി സ്വീകരിക്കും. അസംസ്കൃത വസ്തുക്കളായ ചകിരി, തോട്ട ണ്ടി, നൂല്, മുള തുടങ്ങിയവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു നടപടി സ്വീക രിക്കും. യന്ത്രവൽക്കരണം വിപുലപ്പെടുത്തും. കേരള ബ്രാൻഡിൽ ഇവ വിൽക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഇൻകം സപ്പോർട്ട് സ്കീമിന്റെ തുക വർദ്ധിപ്പിക്കും. (അനുബന്ധം 489-508)

13. **കാർഷിക ഉല്പാദനക്ഷമത ദേശീയ ശരാശരിയിലേക്ക്:** ദേശീയ, അന്തർദേ ശീയ മാനദണ്ഡങ്ങളുമായി തട്ടിച്ചുനോക്കിയാൽ ശരാശരി ഉല്പാദനക്ഷമത മാത്ര മാണ് നമ്മുടെ കാർഷിക മേഖലയ്ക്കുള്ളത്. വിടവ് നികത്താതെ ആഗോള കമ്പോളത്തിൽ മത്സരിച്ചു നിൽക്കാൻ നമ്മുടെ കാർഷിക മേഖലയ്ക്കാവില്ല. ഇതിനു ശാസ്ത്രീയ കാർഷികരീതികൾ അവലംബിക്കും. രോഗപ്രതിരോധശേഷി യുള്ള സങ്കരയിനം വിത്തിനങ്ങളും കൃത്യത കൃഷിയും (precision farming) പ്രോ ത്സാഹിപ്പിക്കും. യന്ത്രവൽക്കരണത്തിലൂന്നും. ഫാം പ്രൊഡ്യൂസർ കമ്പനികൾ, സഹകരണ സംഘങ്ങൾ, സ്വയംസഹായ സംഘങ്ങൾ, പാടശേഖര സമിതികൾ പോലുള്ള കാർഷിക കൂട്ടായ്മകളെ പ്രോത്സാഹിപ്പിക്കും. പുരയിടകൃഷിക്ക് ഫാം പ്ലാനുകൾ ആവിഷ്കരിക്കും. നൂതന ഫലവൃക്ഷ കൃഷിയെ പ്രോത്സാഹിപ്പിക്കും. (അനുബന്ധം 377-383, 390-409)

14. **മൂല്യവർദ്ധന ശൃംഖലയിൽ കൃഷിക്കാരുടെ വിഹിതം:** ഉയർത്തുന്നതിന് എല്ലാ കാർഷിക വിളകളും സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിപണനം ചെയ്യണം. ഇതിനുള്ള സംസ്കരണ വ്യവസായങ്ങൾ കൃഷിക്കാരുടെ കൂട്ടായ്മയു ടെ അടിസ്ഥാനത്തിലോ സ്വകാര്യ സംരംഭകരുടെ മുൻകൈയിലോ പ്രോത്സാഹി പ്പിക്കും. ചെറുകിട കൃഷിക്കാരുടെ ഉല്പന്നങ്ങൾ ശേഖരിക്കുന്നതിനും സംഭരിക്കുന്നതിനും എല്ലാ പഞ്ചായത്തിലും ഒരു പ്രാഥമിക ഗ്രാമീണ കാർഷിക വിപണി (primary rural agricultural market) സൃഷ്ടിക്കും. നെല്ലിന്റെ താങ്ങുവില 35 രൂപയായും, നാളികേരത്തിന്റേത് 45 രൂപയായും റബറിന്റേത് 300 രൂപയായും വർദ്ധിപ്പിക്കും.പച്ചക്കറികളുടെതാങ്ങുവില കാലോചിതമായി വർദ്ധിപ്പിക്കും. നെല്ലിന്റെ താങ്ങുവില സംഭരണ വേളയിൽ തന്നെ നൽകാൻ സഹകരണ സംഘ ങ്ങൾ വഴി ഏർപ്പാടു ണ്ടാക്കും. കൃഷിഭവൻ / സംഘങ്ങൾ വഴി പച്ചത്തേങ്ങ സംഭ രിക്കുന്നതിന് ഏർപ്പാടുണ്ടാക്കും. പച്ചക്കറിക്കും സംഭരണവില ഏർപ്പെടുത്താൻ എല്ലാ പഞ്ചായത്തിലും വിപണന ഏജൻസി സൃഷ്ടിക്കും. (അനുബന്ധം 384-389)

15. **തോട്ടവിളകൾക്ക് പുതിയ കർമ്മപരിപാടി:** ബാങ്ക് വായ്പകൾ, പുനർനടീൽ

സബ്സിഡി, ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, വിളവെടുപ്പ് വരെയുള്ള കാലയളവിലെ സഹായങ്ങൾ എന്നിവ സംയോജിപ്പിച്ച് ഒരു സമഗ്ര പുനർനടീൽ മിഷന് സംസ്ഥാനം രൂപം നൽകും. കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ള കാർഷിക രീതികൾ, മണ്ണ്-ജല സംരക്ഷണ ആസൂത്രണം, സുസ്ഥിര കാർഷിക രീതികൾ എന്നിവ ദീർഘകാല നിലനിൽപ്പിന് ആവശ്യമാണ്. ഫലവൃക്ഷങ്ങളടക്കം വിള വൈവിധ്യവത്കരണത്തിനും ടൂറിസം പോലുള്ള വരുമാന വിപുലീകരണത്തിനുമുള്ള സാധ്യതകളേയും ഉപയോഗപ്പെടുത്താൻ അനുവദിക്കും. ലയങ്ങൾ പുനർനിർമ്മിക്കും. പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ പ്രവർത്തനം വിപുലീകരിക്കും. (അനുബന്ധം 410-415)

16. **മനുഷ്യ-വന്യജീവി സംഘർഷം:** മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിന് നിയമഭേദഗതി അനിവാര്യമാണ്. വന്യമൃഗങ്ങളെ വനത്തിനുള്ളിൽതന്നെ നിലനിർത്തുന്നതിനാവശ്യമായ വെള്ളവും ഫലവൃക്ഷങ്ങളും വനത്തിനുള്ളിൽ ഉറപ്പുവരുത്തും. കാടിനു പുറത്ത് ജനവാസ മേഖലകളിലെ കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തും. വനാതിർത്തികളിൽ കിടങ്ങ്, ഇലക്ട്രിക് ഫെൻസിംഗ്, ഭിത്തി, നാരകം പോലുള്ള വിളകളുടെ ജൈവബഫർ സോണുകൾ, തേനീച്ച വേലി തുടങ്ങിയ വിവിധങ്ങളായ പ്രതിരോധ മാർഗ്ഗങ്ങളെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ യുദ്ധകാലാടിസ്ഥാനത്തിൽ സൃഷ്ടിക്കും.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അധികപണം അനുവദിച്ച് കാർഷിക നഷ്ടത്തിനും ജീവനാശത്തിനും ന്യായമായ നഷ്ടപരിഹാരം ഉറപ്പുവരുത്തും.(അനുബന്ധം 427-434)

17. **ജലസേചനം - പുതിയകാഴ്ചപ്പാട്:** ജലത്തിന്റെ ഉപയോഗക്ഷമത വർധിപ്പിക്കുക, വിതരണനഷ്ടം കുറയ്ക്കുക, വിവിധ ആവശ്യങ്ങൾക്കിടയിൽ നീതി യുള്ള വിഭജനം ഉറപ്പാക്കുക തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകും. മൈക്രോ-ഇറിഗേഷൻ, ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കൃത്യമായ അളവിൽ വളവും ജലവും നൽകുന്ന പ്രിസിഷൻ ഫാമിങ്ങിനെയും വെള്ളത്തിൽ ലയിക്കുന്ന വളങ്ങൾ ജലത്തിലൂടെ നൽകുന്ന ഫെർട്ടിഗേഷൻ എന്നിവയെയും പ്രോത്സാഹിപ്പിക്കും. നദീതട പദ്ധതികളും പ്രാദേശിക നീർത്തട പദ്ധതികളും ആവിഷ്കരിക്കും. നദികൾ, കനാലുകൾ, തടാകങ്ങൾ, കുളങ്ങൾ, തോടുകൾ എന്നിവയുടെ ഡ്രഡ്ജിംഗും ശുചീകരണവും നടത്തും.ജലമലിനീകരണം ഒഴിവാക്കൽ, സമീപപ്രദേശങ്ങളിലെ ജല-ദ്രവ മാലിന്യങ്ങളുടെ ശുദ്ധീകരണം, ജലലഭ്യത വർധിപ്പിക്കൽ, നീർച്ചാലുകളുടെ പുനരുദ്ധാരണം, സൗന്ദര്യവൽക്കരണം തുടങ്ങിയവ ജനകീയമായി ഏറ്റെടുക്കും.(അനുബന്ധം 435-451)

18. **പാലിൽ സ്വയംപര്യാപ്തത:** പാൽ ഉല്പാദനം ഗണ്യമായി ഉയർത്തുന്നതിന് പുൽകൃഷിയും ഫീഡ്-സൈലേജ് സാങ്കേതികവിദ്യയും പ്രോത്സാഹിപ്പിക്കും. കേരള

ഫോഡർ ആൻഡ് ലൈവ്സ്റ്റോക്ക് സർവീസസ് കമ്പനി രൂപീകരിക്കും. മൂല്യവർദ്ധിത ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കും. 'കേരള ചിക്കൻ' പദ്ധതി 5,000 യൂണിറ്റുകളിലേക്ക് വ്യാപിപ്പിക്കും. 'കേരള ചിക്കൻ' മാതൃകയിൽ, ആട് ഗ്രാമം, പോത്ത് ഗ്രാമം, മുയൽ ഗ്രാമം തുടങ്ങിയ പദ്ധതികൾ സഹകരണ അടിസ്ഥാനത്തിൽ നടപ്പിലാക്കും.വെറ്ററിനറി സർവകലാശാലയിൽ വെറ്ററിനറി സംരംഭകത്വം പ്രോത്സാഹിപ്പിക്കും. (അനുബന്ധം 452-470)

19. **കടൽ കടലിന്റെ മകൾക്ക്:** ബ്ലൂ ഇക്കോണമി നയത്തെ എതിർക്കും. നാം മുന്നോട്ടുവയ്ക്കുന്ന സമുദ്ര പരിഷ്കാരം കടലിനുമേൽ മത്സ്യത്തൊഴിലാളികൾക്ക് ഉടമസ്ഥാവകാശവും ആദ്യ വിൽപ്പനാവകാശവും നൽകുകയാണ്. ഇന്നത്തെ സാഹചര്യത്തിൽ ഈ പരിഷ്കാരങ്ങൾ എത്രമാത്രം നടപ്പാക്കാൻ കഴിയുമെന്നതിനെക്കുറിച്ച് പരിശോധിക്കാൻ ഒരു കമ്മീഷനെ നിയമിക്കും. ഉൾനാടൻ മത്സ്യോല്പാദനം 2.3 ലക്ഷം ടണ്ണിൽ നിന്നും 3 ലക്ഷം ടണ്ണായി ഉയർത്തും.തീരദേശ പാക്കേജ് പൂർത്തീകരിക്കും. കിഫ്ബി സഹായത്തോടെയുള്ള തീരസംരക്ഷണം, പുനർഗേഹം പദ്ധതി, മാർക്കറ്റ് നവീകരണം, തീരദേശ ഗ്രാമങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ, ആശുപത്രി വിദ്യാഭ്യാസ നവീകരണം ഇവയെല്ലാമാണ് ഈ പാക്കേജിലുള്ളത്. (അനുബന്ധം 471-488)

20. **പവർ കട്ട് ഇല്ലാത്ത കാലം തുടരും:** വൈദ്യുതി മേഖലയെ സ്വകാര്യവൽക്കരിക്കാനുള്ള നീക്കങ്ങളെ ചെറുക്കും. സൗരോർജ്ജ പദ്ധതികളിൽ ഇപ്പോഴുള്ള 1003 മെഗാവാട്ട് ഉല്പാദനശേഷി 2030 ഓടെ 4,000-5,000 മെഗാവാട്ടായി വർദ്ധിപ്പിക്കും. 2000 മെഗാവാട്ട് പമ്പ്ഡ് സ്റ്റോറേജ് ശേഷി ആർജ്ജിക്കും. ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി പൂർത്തീകരിക്കും. പ്രസരണ-വിതരണ നഷ്ടം കുറയ്ക്കും. (അനുബന്ധം 133-153)

21. **ഡിസൈൻഡ് സ്മാർട്ട് റോഡുകൾ:** 2016-17 ന് മുമ്പ് ബിഎം&ബിസി റോഡുകൾ ഉണ്ടായിരുന്നില്ലായെന്നു പറയാം. എന്നാൽ ഇന്ന് ഏതാണ്ട് 30000 കിലോമീറ്റർ പിഡബ്ല്യുഡി റോഡ് ഉള്ളതിൽ ഏതാണ്ട് 60 ശതമാനം ബിഎം&ബിസി ആയിക്കഴിഞ്ഞു. ബാക്കിയുള്ളവകൂടി നവീകരിക്കും. പ്രധാനപ്പെട്ട എല്ലാ പട്ടണങ്ങൾക്കും ബൈപ്പാസ് നിർമ്മിക്കും. റെയിൽവേ ലെവൽക്രോസിംഗുകൾ ഇല്ലാത്തൊരു സംസ്ഥാനമായി അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തെ മാറ്റും.തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ്, എറണാകുളം ബൈപാസ്, കൊല്ലം ചെങ്കോട്ട ഗ്രീൻഫീൽഡ്, കോഴിക്കോട്- പാലക്കാട് ഗ്രീൻഫീൽഡ് പാത എന്നിവ പൂർത്തീകരിക്കും. മറ്റു ദേശീയപാതകളുടെ നിർമ്മാണങ്ങളും പൂർത്തീകരിക്കും. പുതിയതായി നിർമ്മിക്കുന്ന റോഡുകളെല്ലാം ഡിസൈൻഡ് റോഡുകളും സ്മാർട്ട് റോഡുകളുമായിരിക്കും.(അനുബന്ധം 115, 128, 129-132, 154-177)

22. **അതിവേഗ റെയിൽപ്പാതയും റെയിൽ ഗതാഗത ശൃംഖലയും:** അതിവേഗ തെക്ക്-വടക്ക് റെയിൽപാതയ്ക്ക് വേണ്ടിയുള്ള പരിശ്രമം തുടരും. തിരുവനന്ത

പുരത്തും കോഴിക്കോടും മെട്രോ നടപ്പിലാക്കും. റീജിയണൽ റാപിഡ് ട്രാൻസിറ്റ് സിസ്റ്റം പോലുള്ള സംവിധാനങ്ങൾനഗര മെട്രോയുടെയും പരമ്പരാഗത ദീർഘ ദൂര റെയിലിന്റെയും ഇടയിലുള്ള വിടവ് നികത്താൻ സഹായിക്കും. അങ്കമാലി - എരുമേലി ശബരി പാത സമയബന്ധിതമായി പൂർത്തീകരിക്കാൻ മുൻകൈയെടുക്കും. തലശ്ശേരി - മൈസൂർ, നിലമ്പൂർ - നഞ്ചങ്കോട് എന്നീ പാതകൾ അനുവദിക്കുന്നതിനുള്ള സമ്മർദ്ദം ശക്തിപ്പെടുത്തും. (അനുബന്ധം 116-118)

23. **KSRTC പ്രവർത്തന ലാഭത്തിലാക്കും:** വരുമാനം വർധിപ്പിക്കുന്നതിന് ഇന്ന് സ്വീകരിച്ചുകൊണ്ടിരിക്കുന്ന നടപടികൾ ഫലപ്രദമാണെന്ന് തെളിഞ്ഞിട്ടുണ്ട്. ഇതോടൊപ്പം ഇന്ധനക്ഷമത വർധിപ്പിക്കുന്നതിനും, ബ്രേക്ക് ഡൗൺ റേറ്റ് കുറയ്ക്കുന്നതിനും, ഫ്ളീറ്റ് യൂട്ടിലൈസേഷൻ ഉയർത്തുന്നതിനും ഉള്ള നടപടികൾ ശക്തിപ്പെടുത്തും. KSRTC-ക്ക് ബജറ്റിൽ നിന്ന് നൽകുന്ന പിന്തുണ തുടരും. പൊതു ഗതാഗത സംവിധാനത്തിന്റെ അവിഭാജ്യ ഭാഗമായിരിക്കും KSRTC. ശമ്പളവും പെൻഷനും കാലോചിതമായി പരിഷ്കരിക്കുന്നതിന് ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രതിജ്ഞാബദ്ധമാണ്.(അനുബന്ധം 119-122)

24. **ജലഗതാഗത പാതകളും വാട്ടർ മെട്രോയും:** അടുത്ത 5 വർഷത്തിനുള്ളതിൽ ദേശീയ ജലപാതയുടെ നിർമ്മാണം പൂർത്തീകരിക്കുകയും ഗതാഗത യോഗ്യമാക്കുകയും ചെയ്യും.ദേശീയ ജലപാതയുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഉൾനാടൻ ജലഗതാഗത സംവിധാനം ശക്തിപ്പെടുത്തും. കൊച്ചി വാട്ടർ മെട്രോ ആലപ്പുഴ, കൊല്ലം, കൊടുങ്ങല്ലൂർ തുടങ്ങി മറ്റു മേഖലകളിലേക്കുകൂടി വ്യാപിപ്പിക്കും. (അനുബന്ധം 123, 124)

25. **വിമാനത്താവളങ്ങളും തുറമുഖങ്ങളും:** കണ്ണൂർ വിമാനത്താവളത്തിന് 'ഇന്റർനാഷണൽ പോർട്ട് ഓഫ് കാൾ' പദവി ഉറപ്പുവരുത്തും. കോഴിക്കോട് വിമാനത്താവള നവീകരണത്തിന് ആവശ്യമായ ഭൂമി ലഭ്യമാക്കും. ഇടുക്കി എയർസ്ട്രിപ്പ് വികസിപ്പിക്കും. വയനാട് എയർസ്ട്രിപ്പ് നിർമ്മിക്കും. വിഴിഞ്ഞം രണ്ടാംഘട്ടം പൂർത്തീകരിക്കും. കൊല്ലം, പൊന്നാനി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങൾ നവീകരിക്കും. തീരദേശ ക്രൂയിസിനും, ചരക്കു ഗതാഗതത്തിനും ഇവ ഉത്തേജകമാവും.(അനുബന്ധം 125-128)

26. **ലോകോത്തര ഉന്നതവിദ്യാഭ്യാസം:** കരിക്കുലം പരിഷ്കാരങ്ങൾ പൂർത്തീകരിക്കും. നൂതന കോഴ്സുകളും അക്കാദമിക് പ്രോഗ്രാമുകളും ആരംഭിക്കും. എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഡിജിറ്റൽ സംവിധാനങ്ങൾ കിഫ്ബി സഹായത്തോടെ വിപുലീകരിക്കും. ആധുനിക പ്രോഗ്രാമുകൾ, വിപുലമായ അടിസ്ഥാന സൗകര്യങ്ങൾ, വ്യവസായ ബന്ധങ്ങൾ എന്നിവ സംയോജിപ്പിച്ച് തിരുവനന്തപുരം,കൊച്ചി, തൃശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ നാല് ഉന്നതവിദ്യാഭ്യാസ നഗരങ്ങൾ സ്ഥാപിക്കും.2031 ആകുമ്പോഴേക്കും, ഇന്ത്യയിലെ ഏറ്റവും വിശ്വസനീ

യവും ആഗോളതല മാനദണ്ഡങ്ങൾ പ്രകാരമുള്ള ഉന്നതവിദ്യാഭ്യാസ ഗുണനില വാര ആവാസവ്യവസ്ഥയായി സംസ്ഥാനത്തെ മാറ്റും. അതിനായി സംസ്ഥാനത്തെ ഓരോ ഉന്നതവിദ്യാഭ്യാസ സ്ഥാപനത്തെയും സുതാര്യവും ഉത്തരവാദിത്തമുള്ള തും ഡാറ്റാധിഷ്ഠിതവുമായ വിലയിരുത്തൽ, അക്രഡിറ്റേഷൻ, തുടർച്ചയായ മെച്ച പ്പെടുത്തൽ എന്നിവയുടെ ചട്ടക്കൂടിനുള്ളിൽ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പിക്കുന്ന സംവിധാനം രൂപപ്പെടുത്തും. വിദേശത്തുനിന്നും സംസ്ഥാനത്തിനു പുറത്തുനിന്നുമുള്ള വിദ്യാർത്ഥികളെ കേരളത്തിൽ വന്നു പഠിക്കുന്നതിനു പ്രോ ത്സാഹിപ്പിക്കും.(അനുബന്ധം 178-180, 186-224)

27. **നൂതന നൈപുണികളെ പോഷിപ്പിക്കുന്ന സാങ്കേതിക വിദ്യാഭ്യാസം:** കേരള ത്തിലെ ഐടിഐ, പോളിടെക്നിക്, എഞ്ചിനീയറിംഗ് കോളെജുകൾ എന്നിവയു ടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കും. ഏറ്റവും നൂതനമായ റോബോട്ടിക്സ്, ഓട്ടോമേഷൻ, മെക്കാട്രോണിക്സ്, 3D പ്രിന്റിംഗ്, സെമികണ്ടക്ടർ ഫാബ്രിക്കേഷൻ തുടങ്ങിയ ആധുനിക നൈപുണികൾ പരിശീലിക്കാനുള്ള സൗ കര്യങ്ങൾ ഒരുക്കും. ബിപിസിഎല്ലിന്റെ ആഭിമുഖ്യത്തിൽ ഒരു മുൻനിര നൈപു ണി വികസന കേന്ദ്രം സ്ഥാപിക്കും. ശാസ്ത്രസാങ്കേതിക കൗൺസിലിനു കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളുടെ അക്കാദമിക് സ്വാതന്ത്ര്യവും സാമ്പ ത്തിക പിന്തുണയും ഉറപ്പുവരുത്തും.ശാസ്ത്ര–സാങ്കേതിക നേട്ടങ്ങൾ ഗവേഷണ ത്തിലൊതുങ്ങാതെ, നവീകരണത്തിലേക്കും സംരംഭകത്വത്തിലേക്കും ഒഴുകുമെന്നത് ഉറപ്പുവരുത്തും.(അനുബന്ധം 181-185, 188, 205-207, 225-231)

28. **നവകേരളത്തിന് ജനകീയാസൂത്രണം:** കേരളത്തിൽ അധികാര വികേന്ദ്രീകര ണം കാൽ നൂറ്റാണ്ട് പിന്നിട്ടു. വിസ്മയകരമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കി ലും പ്രാദേശിക സാമ്പത്തിക വികസന ലക്ഷ്യത്തിലും ഉദ്ഗ്രഥിത സമീപനം, ജനപങ്കാളിത്തം, സുതാര്യത എന്നീ പ്രക്രിയകളിലും ദൗർബല്യങ്ങൾ നിലനിൽ ക്കുന്നു. അവ മറികടക്കുന്നതിന് "നവകേരളത്തിന് ജനകീയാസൂത്രണം" എന്ന വിപുലമായ ജനകീയ വികസന ക്യാമ്പയിൻ സംഘടിപ്പിക്കും. സ്ത്രീകളുടെ തൊ ഴിൽപങ്കാളിത്തം ഉയർത്തുന്നതിനുള്ള കുടുംബശ്രീയുടെ ഉദ്യമത്തെ അച്ചുത ണ്ടാക്കി യായിരിക്കും ഈ ജനകീയ ക്യാമ്പയിന് രൂപം നൽകുക. 20 ലക്ഷം വീട്ടമ്മമാർക്ക് പ്രാദേശിക തൊഴിലുകൾ ലഭ്യമാക്കും. ഈ ക്യാമ്പയിനിന്റെ പിൻബ ന്ധം (backward linkages) പ്രാദേശിക സാമ്പത്തിക വികസനവും, മുൻബന്ധം (forward linkages) പൊതുസ്ഥലത്തെ സ്ത്രീ സുരക്ഷയും ഗാർഹിക ജോലികളുടെ ഭാരം കുറയ്ക്കാനുള്ള സാമൂഹ്യപിന്തുണയും വീട്ടിനുള്ളിലുള്ള തൊഴിൽവിഭജന ത്തിലെ പുനക്രമീകരണവും ആയിരിക്കും. തദ്ദേശഭരണ സ്ഥാപനങ്ങൾ ജനകീ യമായി നടപ്പാക്കുന്ന എല്ലാ സ്കീമുകളും ഈ ക്യാമ്പയിനോടു ചേർത്തു നടപ്പാക്കാവുന്നതാണ്. സന്നദ്ധപ്രവർത്തനത്തിന് സാമൂഹ്യ അംഗീകാരം നൽകു

ന്നതിന് ടൈം ബാങ്കിങ് ആരംഭിക്കും.(അനുബന്ധം 531-572, 602)

29. **ISO സർട്ടിഫിക്കേഷൻ:** ഗ്രാമ, ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകൾ ഇതിനകം തന്നെ ഐഎസ്ഒ സർട്ടിഫിക്കറ്റ് നേടിയിട്ടുണ്ട്. അത് ഓഫീസ് സംവിധാനങ്ങൾ ക്ക് മാത്രമായുള്ളതായിരുന്നു. വരുന്ന വർഷങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപ നങ്ങളുടെ എല്ലാ പ്രവർത്തനങ്ങൾക്കും സ്റ്റാൻഡേർഡ് ഏർപ്പെടുത്തി അതിനനുസൃതമായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് സർട്ടിഫിക്കറ്റ് ഏർപ്പെടു ത്തും. കെ-സ്മാർട്ടിലൂടെയുള്ള സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും വിപുലീകരിക്കുകയും വാതിൽപ്പടി സേവനങ്ങളും ഓൺലൈൻ സേവനങ്ങളും കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യുന്നതോടെ നവകേരളത്തിനു ചേർന്ന ഭരണ സംവിധാനമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മാറും.(അനുബന്ധം 539)

30. **സമ്പൂർണ്ണ മാലിന്യസംസ്കരണം:** കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ ഖരമാലിന്യ സംസ്കരണ മുന്നേറ്റം ദ്രവമാലിന്യസംസ്കരണത്തിലും വ്യാപിപ്പിക്കലാണ് അടു ത്ത കടമ. ജലാശയങ്ങളുടെ പരിസരങ്ങളിലെയും പോഷക നദികൾ, കനാലുകൾ എന്നിവയുടെ പരിസരങ്ങളിലെയും കക്കൂസ് മാലിന്യങ്ങൾ, മലിനജ ലം എന്നിവ കൃത്യമായി സംസ്കരിക്കുമെന്ന് ഉറപ്പുവരുത്തും.കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിന് ആവശ്യമായ എഫ്.എസ്.ടി.പികൾ സ്ഥാപിക്കും.പുന:ചംക്ര മണ സാധ്യമായ പാഴ് വസ്തുക്കൾ പരമാവധി പുന:ചംക്രമണം ചെയ്യുന്നതിനുള്ള റീസൈക്ലിങ് പ്ലാന്റുകൾ സ്ഥാപിക്കും.ജൈവമാലിന്യത്തിൽ ബൾക്ക് വേസ്റ്റ് ഉൾ പ്പെടെ കൃത്യമായി കൈകാര്യം ചെയ്യുന്നതിന് ബ്രഹ്മപുരത്തെയും പാലക്കാട്ടെ യും സിബിജി പ്ലാന്റുകളുടെ മാതൃകയിൽ ആവശ്യത്തിനു സംവിധാനങ്ങൾ ഒരുക്കുന്ന തരത്തിൽ മാലിന്യസംസ്കരണത്തിന് ഒരു ഹൈബ്രിഡ് സംവിധാനം സംസ്ഥാനത്ത് നടപ്പാക്കും.തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ പൊതുജനങ്ങ ളുടെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട എല്ലാവിധ ആവശ്യങ്ങളും സം രംഭ രൂപേണ പരിഹരിക്കുന്ന ഗ്രീൻ ടെക്നോളജി സെന്ററുകളായി ഹരിത കർമ്മ സേനകളെ മാറ്റും. ഹരിത കർമ്മ സേനയുടെ പ്രതിവർഷ വരുമാനം 600 കോടി യിൽ നിന്നും 1000 കോടിയിലേക്ക് ഉയർത്തും.(അനുബന്ധം 573-601)

31. **കേരളം ആദ്യത്തെ സമ്പൂർണ്ണ പാർപ്പിട സംസ്ഥാനം: ല**ൈെഫ് മിഷൻ വഴി അഞ്ച് ലക്ഷത്തിലേറെ കുടുംബങ്ങൾക്ക് വീട് നൽകി. ഇനി അവശേഷിക്കുന്ന കുടുംബങ്ങൾക്കുകൂടി വീട് നൽകുന്നതിന് ലൈഫ് മിഷൻ 2.0 ആരംഭിക്കും. അങ്ങനെ കേരളം രാജ്യത്തെ ആദ്യത്തെ സമ്പൂർണ്ണ പാർപ്പിട സംസ്ഥാനമായി മാ റും. (അനുബന്ധം 339, 364, 412, 487, 613)

32. **എല്ലാ വീടുകളിലും ശുദ്ധജലം:**'ജീവജലം – കേരളം' എന്ന പേരിൽ കുടിവെള്ള സുരക്ഷയ്ക്കായി ഒരു ജനകീയ കാമ്പയിൻ സംഘടിപ്പിക്കും. എല്ലാ കുടിവെള്ള

പദ്ധതികളും സോഷ്യൽ ഓഡിറ്റിനു വിധേയമാക്കും. കണ്ടെത്തിയ പ്രശ്നങ്ങളും വിദഗ്ധ നിർദ്ദേശങ്ങളും സംയോജിപ്പിച്ച് ഓരോ പഞ്ചായത്തിനും കുടിവെള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കും. ജൽജീവൻ മിഷൻ ഏറ്റെടുത്തിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ പരിപാടി തയ്യാറാക്കും. ജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിന് ഒരു കർമ്മ പരിപാടി ഓരോ കുടിവെള്ള പദ്ധതിയ്ക്കും ഉണ്ടാക്കും. വിടവുകൾ നികത്താൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും മറ്റു സ്രോതസുകളുടെയും ഫണ്ട് ഉപയോഗപ്പെടുത്തും.വാട്ടർ അതോറിറ്റിയുടെ നഷ്ടം കുറയ്ക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സേവന ഗുണമേന്മ ഉയർത്തുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനും ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കും.(അനുബന്ധം 603-612)

33. **സാർവ്വത്രിക ആരോഗ്യ പരിരക്ഷാ പദ്ധതി:**സംസ്ഥാനത്ത് സാർവത്രിക ആരോഗ്യ പരിരക്ഷ നടപ്പിലാക്കും.ഇപ്പോൾ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലെ (കാസ്പ്) 42 ലക്ഷം ഗുണഭോക്താക്കളുടെ ചികിത്സാച്ചെലവ് പരിധി അഞ്ച് ലക്ഷം രൂപയാണ്. ഇനിമേൽ പരിധിയില്ലാതെ ചികിത്സാ ആനുകൂല്യം ലഭ്യമാക്കും. ഇതോടൊപ്പം കാരുണ്യ ബെനവലന്റ് ഫണ്ട് (കെ.ബി.എഫ്) പദ്ധതി, മെഡിസെപ്, മറ്റ് ഇൻഷുറൻസ് പദ്ധതികൾ തുടങ്ങിയവയിൽ ഉൾപ്പെടാത്ത മിസ്സിംഗ് മിഡിൽ വിഭാഗത്തിനായി പ്രത്യേക ആരോഗ്യ ഇൻഷുറൻസ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കും.2031 ആകുമ്പോൾ പേവിഷബാധമൂലമുള്ള മരണങ്ങൾ പൂർണ്ണമായും ഇല്ലാതാക്കും. ക്യാൻസർ, ജീവിതശൈലി രോഗങ്ങൾ, പകർച്ചവ്യാധികൾ, മാനസികാരോഗ്യം എന്നിവയ്ക്ക് മുൻതൂക്കം നൽകും. ആയുർവേദം അടക്കമുള്ള ആയുഷ് ചികിത്സാസമ്പ്രദായങ്ങളുടെ സാധ്യതകളെ പൂർണ്ണമായും ഉപയോഗപ്പെടുത്തും. എയിംസ് നിഷേധം കേരളത്തോടുള്ള വിവേചനത്തിന്റെ ഏറ്റവും നല്ല ഉദാഹരണമാണ്. ഇത് തിരുത്തിയില്ലെങ്കിൽ അന്തർദേശീയ നിലവാരത്തിലുള്ള എയിംസിനേക്കാൾ മികച്ച മെഡിക്കൽ ഗവേഷണ - ആശുപത്രി ജനകീയ വിഭവ സമാഹരണത്തെക്കൂടി ഉപയോഗപ്പെടുത്തി സ്ഥാപിക്കും. (അനുബന്ധം 614-656)

34. **പൊതുവിദ്യാഭ്യാസ ഗുണമേന്മ:** സ്കൂൾ വിദ്യാഭ്യാസത്തിനുള്ള മിനിമം മാർക്ക് നിർബന്ധമാക്കുന്ന പരിഷ്കാരം നടപ്പിൽ വരികയാണ്. ആരെയും അരിച്ചു മാറ്റുവാനല്ല എല്ലാവർക്കും മിനിമം ശേഷി ഉറപ്പുവരുത്തുവാനുള്ള ഉപാധിയാണ് ഇതെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇതിനായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് പരീക്ഷകൾക്ക് മുമ്പ് പഠനപിന്തുണ നൽകാൻ സ്കൂളിൽ അധ്യാപകരെ ഉപയോഗപ്പെടുത്തി പ്രത്യേക സംവിധാനം ഒരുക്കും. ഇതിനുപുറമെ സ്കൂളിന് പുറത്ത് മുഴുവൻ കുട്ടികൾക്കും അവരവർ പഠിക്കുന്ന ക്ലാസ്സിലെ മിനിമം ശേഷി ഉറപ്പുവരുത്തു ന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ ജനകീയ സംവിധാനങ്ങളും സൃഷ്ടിക്കും. പി.റ്റി.എകളും എസ്.എം.സിക

ളും കൂടുതൽ ശക്തിപ്പെടുത്തും. കേരളത്തിലെ ഇന്നത്തെ രക്ഷിതാക്കൾ ഏതാണ്ട് എല്ലാവരും തന്നെ പത്താം ക്ലാസ് വരെയെങ്കിലും പഠിച്ചവരായതിനാൽ എല്ലാ ക്ലാസിലും കുട്ടികളുടെ പഠനത്തിൽ രക്ഷാകർത്തൃപങ്കാളിത്തം ഉറപ്പുവരുത്തും. (അനുബന്ധം 665-685)

35. **ശിശു സൗഹൃദം:** ശിശുസൗഹൃദ പഞ്ചായത്ത് / മുനിസിപ്പാലിറ്റികളുടെ മാനദണ്ഡങ്ങൾ നിർബന്ധിതമാക്കും. അങ്കണവാടികൾ സ്മാർട്ടാക്കും. കുട്ടികൾക്കു നേരെയുള്ള അതിക്രമങ്ങൾ അമർച്ച ചെയ്യുന്നതിനു ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തും. പോക്സോ കോടതികളുടെ എണ്ണം വർദ്ധിപ്പിക്കും. പൊലീസ് സംവിധാനത്തിനു കൂടുതൽ പരിശീലനം നൽകും. ബാലാവകാശങ്ങൾ സംരക്ഷിക്കും.(അനുബന്ധം 657-664)

36. **യുവജനക്ഷേമം:**യുവജന കമ്മീഷന്റെ പ്രവർത്തനം കൂടുതൽ അവകാശാധിഷ്ഠിതമാക്കി വിപുലപ്പെടുത്തും.യുവജനക്ഷേമ ബോർഡുമായി രജിസ്റ്റർ ചെയ്യുന്ന യൂത്ത് ക്ലബ്ബുകൾ, യുവ ക്ലബ്ബുകൾ, യുവതി ക്ലബ്ബുകൾ തുടങ്ങിയവയ്ക്ക് ധനസഹായം വർദ്ധിപ്പിക്കും. കേരളോത്സവം വിപുലപ്പെടുത്തും. യുവജനക്ഷേമ ബോർഡിലെ കോർഡിനേറ്റർമാർക്ക് പരിശീലനവും, അലവൻസും കൃത്യമായി നൽകും.ലഹരിക്ക് അടിമപ്പെടൽ, ആത്മഹത്യാ പ്രവണത, സ്ത്രീകൾക്കെതിരായ അതിക്രമം, വർധിക്കുന്ന അരാഷ്ട്രീയത, അതിരുകവിഞ്ഞ സോഷ്യൽ മീഡിയ ആസക്തി എന്നിവയ്ക്കെതിരായി ശക്തമായ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കും. കോളേജ് യൂണിയനുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ സർഗ്ഗാത്മകവും, ആകർഷകവും ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.(അനുബന്ധം 262-266)

37. **കായിക കേരളം:** സ്പോർട്സ് ക്ലബുകൾക്ക് ധനസഹായം നൽകും. ഇതിന് കേരളോത്സവങ്ങളിലെ പ്രകടനം മാനദണ്ഡമാക്കാം.പ്രാദേശിക സ്പോർട്സ് കൗൺസിലുകൾ ശക്തിപ്പെടുത്തും. ലീഗ് മത്സരങ്ങൾ സ്പോൺസർഷിപ്പുകളുടെ അടിസ്ഥാനത്തിൽ പ്രോത്സാഹിപ്പിക്കും. 2036-ഓടെ 60 ശതമാനം ജനങ്ങൾക്ക് ക്രമമായ വ്യായാമം ഉറപ്പാക്കും. ഇതിനായി നഗര-ഗ്രാമീണ ഭേദമന്യേ എല്ലാ വാർഡുകളിലും "30-മിനിറ്റ് ഫിറ്റ്നസ് സർക്കിളുകൾ" നിർമ്മിക്കും. അതായത്, ഏതൊരു പൗരനും തന്റെ വീട്ടിൽ നിന്നും, 30 മിനിറ്റ് നടക്കാവുന്ന ദൂരത്തിനുള്ളിൽ ഒരു കളിസ്ഥലമോ, പാർക്കോ, ഓപ്പൺ ജിമ്മോ ലഭ്യമാക്കും. ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയായിരിക്കും.(അനുബന്ധം 686-705)

38. **സ്ത്രീകളുടെ നേരെയുള്ള അതിക്രമങ്ങൾക്കെതിരെ:**എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും സ്ത്രീകളുടെ വിപുലമായ പങ്കാളിത്തത്തോടു കൂടി ക്രൈം മാപ്പിങ് നടത്തും. ഇതിന്റെ അടിസ്ഥാനത്തിൽ അതിക്രമങ്ങൾ കുറയ്ക്കാനുള്ള പ്രാദേശിക പദ്ധതി തയ്യാറാക്കും. ഗാർഹിക പീഡനങ്ങൾ, സ്ത്രീധന ഉപദ്രവങ്ങൾ, സദാചാര ആക്രമണങ്ങൾ, സൈബർ കുറ്റകൃത്യങ്ങൾ എന്നിവ തടയാൻ പ്രാദേ

ശികതലത്തിൽ കൃത്യമായ 'ആക്ഷൻ പ്ലാൻ' രൂപീകരിക്കും. വനിതാ ഘടക പദ്ധതിയെ ഇതുമായി ബന്ധപ്പെടുത്തും. കുടുംബശ്രീയേയും സ്ത്രീ സംഘടനകളെയും സാമൂഹികപ്രസ്ഥാനങ്ങളെയും പങ്കാളികളാക്കും.പ്രതിരോധത്തിനായുള്ള സ്ഥാപനപരമായ സംവിധാനങ്ങൾ (ജാഗ്രതാ സമിതികൾ, ലീഗൽ എയ്ഡ് ക്ലിനിക്കുകൾ) ശക്തിപ്പെടുത്തും. വികസനത്തിൽ ലിംഗനീതി ഉറപ്പുവരുത്തും. ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റിയ്ക്കായുള്ള മഴവില്ല് പദ്ധതി കൂടുതൽ വിപുലമാക്കും. ആർത്തവ അവധി സർക്കാരുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നടപ്പിലാക്കും. (അനുബന്ധം 773-784)

39. **കുടുംബശ്രീ പുതിയ വിതാനത്തിലേക്ക്:**കുടുംബശ്രീയുടെ ബാങ്ക് ലിങ്കേജ് വായ്പകൾ 10,000 കോടി രൂപയിൽ നിന്ന് 20,000 കോടി രൂപയായി ഉയർത്തും. സമാന്തരമായി വളരെ ഉയർന്ന പലിശയ്ക്ക് സ്വകാര്യ ഏജൻസികളിൽ നിന്ന് കുടുംബശ്രീ അംഗങ്ങൾ വായ്പകൾ എടുക്കുന്നതിനു ക്രമീകരണം ഉണ്ടാക്കും. അന്യായ പലിശ അനുവദിക്കില്ല. കുടുംബശ്രീ മൈക്രോ-നാനോ സംരംഭങ്ങളിൽ 50000 യൂണിറ്റുകളെയെങ്കിലും ചെറുകിട സംരംഭങ്ങളായി വിപുലപ്പെടുത്തും. കൃഷിക്കുള്ള ജെഎൽജി ഗ്രൂപ്പുകളുടെയും മൃഗസംരക്ഷണ യൂണിറ്റുകളുടെയും എണ്ണം ഇരട്ടിയാക്കും. കുടുംബശ്രീ സിഡിഎസിലെ തൊഴിൽ കേന്ദ്രത്തെ വേതനാധിഷ്ഠിത തൊഴിലുകൾ ലഭ്യമാക്കുന്നതിനുള്ള ഏജൻസിയായി വളർത്തും. മിഷനിലെ മുഴുവൻസമയ പ്രവർത്തകരോടൊപ്പം വിപുലമായ ഒരു സന്നദ്ധസേനകൂടി കുടുംബശ്രീയെ സഹായിക്കാൻ തയ്യാറാക്കും.(അനുബന്ധം 785-797)

40. **ഭിന്നശേഷിക്കാരെ ഉൾച്ചേർക്കുന്ന വികസനം:**ഭിന്നശേഷി സമഗ്ര സർവ്വേ നടത്തും. പൊതുവിടങ്ങളിലെ സൗകര്യങ്ങൾ ഭിന്നശേഷി സൗഹൃദപരമാക്കും. സ്കൂളുകളിലെ റിസോഴ്സ് പേഴ്സൺസിന്റെ എണ്ണം വർദ്ധിപ്പിക്കും. ബഡ്സ് സ്കൂളുകളെ നവീകരിക്കും. റീഹാബിലിറ്റേഷൻ സെന്ററുകളെ ശാക്തീകരിക്കും. അസിസ്റ്റീവ് ഉപകരണങ്ങൾ ലഭ്യമാക്കും. ഭിന്നശേഷിക്കാർക്കുള്ള ധനസഹായങ്ങൾ കൃത്യമായി ലഭ്യമാക്കും. സ്പെഷ്യൽ സ്കൂളുകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം വർദ്ധിപ്പിക്കും. അധ്യാപകരുടെ ക്വാളിഫിക്കേഷൻ നിശ്ചയിക്കുകയും അതനുസരിച്ചുള്ള വേതനഘടനയ്ക്കുള്ള സഹായം ലഭ്യമാക്കുകയും ചെയ്യും. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനു നിലവിലുള്ള വരുമാന പരിധി ഉയർത്തും. മാതാപിതാക്കളുടെ മരണശേഷമോ അല്ലെങ്കിൽ അവർക്ക് പരിചരിക്കാൻ കഴിയാത്ത സാഹചര്യത്തിലോ ഭിന്നശേഷിക്കാർക്ക് സുരക്ഷിതമായി താമസിക്കാൻ കഴിയുന്ന കമ്മ്യൂണിറ്റി ലിവിംഗ് സെന്ററുകൾ സ്ഥാപിക്കും. തീവ്രഭിന്നശേഷിക്കാരെ പരിചരിക്കുന്നവർക്ക് ഇപ്പോൾ നിലവിലുള്ള ആശ്വാസകിരണം പദ്ധതി കാലോചിതമായി പരിഷ്കരിക്കും.(അനുബന്ധം 295-318)

41. **പട്ടികജാതി ക്ഷേമം:** ജനസംഖ്യാനുപാതികമായി വികസന ഫണ്ട് വകയിരുത്തു

ന്ന ഏകസംസ്ഥാനമാണ് കേരളം. പട്ടികജാതി ഘടക പദ്ധതിക്കായി വകയിരുത്തിട്ടുള്ള പ്ലാൻഫണ്ടിന്റെ വിനിയോഗം സമഗ്രവിലയിരുത്തലിനു വിധേയമാക്കി മാർഗരേഖകൾ പരിഷ്കരിക്കും. പട്ടികജാതി-പട്ടികവർഗ്ഗ ഫണ്ട് വിനിയോഗം സംബന്ധിച്ച് നിയമനിർമ്മാണം നടത്തും. ഇനി ചെറിയൊരു ശതമാനം കുടുംബങ്ങൾക്കേ വീട് നൽകാനുള്ളൂ. അത് പൂർത്തീകരിക്കും. ഭൂരഹിതർക്കു കിടപ്പാടമെങ്കിലും ലഭ്യമാക്കും. എല്ലാ നഗറുകളിലും അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പുവരുത്തും. എല്ലാ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും ഹോസ്റ്റലുകളും മികവുറ്റതാക്കും. ആനുകൂല്യങ്ങൾ ഉയർത്തും. പട്ടികവിഭാഗങ്ങൾക്ക് പ്രത്യേക നൈപുണി പരിശീലനവും തുടർ പ്ലെയ്സ്മെന്റും ഉറപ്പാക്കും.(അനുബന്ധം 319-335)

42. **പട്ടികവർഗ ക്ഷേമം:**പട്ടികവർഗ്ഗക്കാർക്കുള്ള ഉപപദ്ധതിപൂർണ്ണമായും ഊരുകൂട്ടങ്ങളുടെ തീരുമാനത്തിനു വിധേയമായിട്ടായിരിക്കും നടപ്പാക്കുന്നതെന്ന് ഉറപ്പുവരുത്തും. മുഴുവൻ പട്ടികവർഗ കുടുംബങ്ങൾക്കും പാർപ്പിടം ഉറപ്പുവരുത്തും. രണ്ടേക്കർ വീതം ഭൂമി ലഭ്യമാക്കും. വനാവകാശ നിയമം കർശനമായി നടപ്പാക്കി കൃഷി ഭൂമി ഉറപ്പുവരുത്തും. വന വിഭവങ്ങൾക്ക് തറവിലയും വിപണിയും ഉറപ്പുവരുത്തും. ആനുകൂല്യങ്ങൾ ഉയർത്തും. ഗോത്രമേഖലകളിലെ 40 സ്കൂളുകളിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച സ്പെഷ്യൽ എൻറിച്ച്മെന്റ് പദ്ധതി  കുറഞ്ഞത് 50 പട്ടികവർഗ വിദ്യാർത്ഥികളെങ്കിലും പഠിക്കുന്ന 340 സ്കൂളുകളിലേക്കും കുറഞ്ഞത് 100 പട്ടികജാതി വിദ്യാർത്ഥികളെങ്കിലും പഠിക്കുന്ന 300 സ്കൂളുകളിലേക്കും അടുത്തവർഷം വ്യാപിപ്പിക്കും. (അനുബന്ധം 336-361)

43. **മറ്റു സാമൂഹ്യ വിഭാഗങ്ങൾ:**പരിവർത്തിത ക്രൈസ്തവർക്കും പട്ടികജാതിക്കാർക്കുമുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ തുല്യ അളവിൽ നൽകും. പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷനുള്ള ബജറ്റ് പിന്തുണ ഇരട്ടിയായി വർദ്ധിപ്പിക്കും. പിന്നോക്ക വികസന കോർപ്പറേഷന്റെയും ന്യൂനപക്ഷ വികസന കോർപ്പറേഷന്റെയും പ്രവർത്തനങ്ങൾ വിപുലപ്പെടുത്തും.ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കും. മുന്നാക്ക വികസന കോർപ്പറേഷനു കൂടുതൽ പണം ലഭ്യമാക്കും.(അനുബന്ധം 362-365, 910-915, 908, 909)

44. **പ്രവാസികൾ വിജ്ഞാന സമ്പദ്ഘടന നിർമ്മാണത്തിൽ:**പ്രവാസികളുടെ അനുഭവവും നൈപുണിയും പ്രവൃത്തി പരിചയവും കേരളത്തിന്റെ വികസനത്തിനും വിജ്ഞാന സമ്പദ്ഘടനയ്ക്കും പ്രവാസി കുടുംബങ്ങളുടെ മെച്ചപ്പെട്ട തുടർജീവിതത്തിനും സഹായകരമാകും. കേരളത്തിൽ നിന്നുള്ള കുടിയേറ്റം സമീപകാലത്ത് മന്ദീഭവിച്ചിരിക്കുന്നതിന്റെ പശ്ചാത്തലത്തിൽ കേരളത്തിൽ നിന്ന് റിക്രൂട്ട് ചെയ്യുന്ന ഏജന്റുമാർക്ക് നൈപുണി പരിശീലനം ലഭിച്ചിട്ടുള്ള തൊഴിലന്വേഷകരെ ലഭ്യമാക്കുന്നതിനുള്ള തൊഴിൽമേളകൾ സംഘടിപ്പിക്കും. ലോക കേരള സഭയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കും.

നോർക്കയെ ശക്തിപ്പെടു ത്തും. ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കും. പ്രവാസി മിഷന്റെജില്ലാതല മിഷനുകൾ രൂപീകരിക്കും. പ്രവാസി സംഘടനകളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും പരമാവധി ഏകോപിപ്പിച്ച് ജനകീയ സ്വഭാവത്തിലായിരിക്കും മിഷൻ പ്രവർത്തിക്കുക.(അനുബന്ധം 706-728)

45. **ഭാഷാ പോഷണവും സാംസ്കാരികവികസനവും:**മതനിരപേക്ഷവും പുരോഗമനപരവുമായ സംസ്കാരത്തെ പോഷിപ്പിക്കുന്നതിനുവേണ്ടി ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ശക്തമായി ഇടപെടും. മനുഷ്യബന്ധങ്ങളെ ആർദ്രവും ജനാധിപത്യപരവുമാക്കുന്നത് കലയും സംസ്കാരവുമാണ്. അവയുടെ സംരക്ഷണം എന്നത് നമ്മുടെ ജീവിതത്തെ കൂടുതൽ സർഗ്ഗാത്മകമാക്കുന്നതിനും പ്രധാനമാണ്. ആഗോളവൽക്കരണം ഉയർത്തുന്ന സാംസ്കാരിക രൂപങ്ങളും വർഗ്ഗീയമായ കാഴ്ചപ്പാടുകളും പ്രതിരോധിക്കുന്നതിന് ഇത് പ്രധാനമാണ്. അതിനാൽ നമ്മുടെ സംസ്കാരത്തിന്റെ പൊതുവായ ഈടുവെയ്പുകളുടെ സംരക്ഷണവും വികാസവും പ്രധാനമാണെന്നു കണ്ട് ഇടപെടും. പൊതു ഇടങ്ങൾ സംരക്ഷിക്കുന്നതിനും പൊതുകൂട്ടായ്മകൾ വികസിപ്പിക്കുന്നതിനും വമ്പിച്ച പ്രാധാന്യം നൽകും. നവോത്ഥാനപരമായ ആശയങ്ങളും ജീവിത കാഴ്ചപ്പാടുകളും വികസിപ്പിക്കുന്നതിനു വേണ്ടിയുള്ള ഇടപെടലകളും നടത്തും. ഗ്രന്ഥശാലകൾക്കുള്ള ഗ്രാന്റ് വർദ്ധിപ്പിക്കും. ഗ്രന്ഥശാലകൾ വിവരസാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിലുള്ള വിജ്ഞാന കേന്ദ്രങ്ങളായി വളർത്തും. കലാസമിതികൾക്ക് ധനസഹായം നൽകും.പ്രാദേശിക ഫിലിം സൊസൈറ്റികൾ കാര്യക്ഷമമാക്കും.കേരളത്തിലെ അക്കാദമികളെ സമഗ്രമായി വിലയിരുത്തി പുന:സംഘടിപ്പിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കും. മലയാളഭാഷാ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഭാഷാപോഷണത്തിനായുള്ള നിയമവ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കും. കൊച്ചി ബിനാലെ, ഇറ്റ്ഫോക്, കേരള അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവൽഎന്നിവ പോലെ സംഗീതം, നൃത്തം തുടങ്ങിയ മേഖലകളിലും വിപുലമായ ഉത്സവങ്ങൾ സംഘടിപ്പിക്കും. ചെറുതും വലുതുമായ ലിറ്ററേച്ചർ ഫെസ്റ്റിവലുകളെ പ്രോത്സാഹിപ്പിക്കും. എല്ലാ ജില്ലകളിലെയും സാംസ്കാരിക സമുച്ചയങ്ങൾ പൂർത്തീകരിക്കും. പൈതൃക സംരക്ഷണത്തിന് മ്യൂസിയങ്ങളും ശാസ്ത്രീയ പദ്ധതികളും ആവിഷ്കരിക്കും.ശാസ്ത്രബോധം പ്രചരിപ്പിക്കുന്ന സംഘടനകൾക്കും സ്ഥാപനങ്ങൾക്കും പ്രോത്സാഹനം നൽകും. കലാകാരന്മാർക്കുള്ള പെൻഷൻ കാലോചിതമായി വർദ്ധിപ്പിക്കും.(അനുബന്ധം 765-805)

46. **മാധ്യമ സാക്ഷരത:**മാധ്യമ സാക്ഷരതാ പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കും. മീഡിയ മോണിറ്ററിങ്ങിനും ഫാക്ട് ചെക്കിങ്ങിനും സ്വതന്ത്രമായൊരു സംവിധാനത്തിന് രൂപം നൽകും.പ്രാദേശിക ചാനലുകളുടെ കൂട്ടായ്മ പോലുള്ള ബദൽ മാധ്യമങ്ങൾക്ക് പിന്തുണ നൽകും. ബദൽ ന്യൂസ് പോർട്ടലുകൾ സംഘടിതമായ സോഷ്യൽമീഡിയ ഇടപെടലുകൾ തുടങ്ങിയവയെല്ലാം ഇന്നത്തെ കാലത്ത് പ്രധാനമായിത്തീർന്നിരിക്കുന്നു.മാധ്യമ പ്രവർത്തക ക്ഷേമനിധി, പത്രപ്രവർത്തക

പെൻഷൻ എന്നിവ കൂടുതൽ വിപുലവും ഫലപ്രദവുമാക്കും.(അനുബന്ധം 838-842)

47. **പൊതുവിതരണം ശക്തിപ്പെടുത്തും:** പഴയ വില സൂചികയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ വിലക്കയറ്റം ഇന്ത്യയിലെ ഏറ്റവും ഉയർന്നതാണെന്നും മറ്റും നടത്തിയിരുന്ന പ്രചാരണങ്ങൾ പുതിയ വില സൂചിക കണക്കുകൾ വന്നതോടെ അസാധുവായിട്ടുണ്ട്. ഭക്ഷ്യ കമ്മി സംസ്ഥാനമായ കേരളത്തോടുള്ള കേന്ദ്ര സർക്കാരിന്റെ വിവേചനത്തിനെതിരെ ശക്തമായ പ്രതിഷേധം വളർത്തിയെടുക്കും. പടിപടിയായി എല്ലാ പൊതുവിതരണ റേഷൻ കടകളെയും കെ-സ്റ്റോറുകളാക്കി മാറ്റും.സപ്ലൈകോയുടെ വിപണി ഇടപെടൽ ശക്തിപ്പെടുത്തും.13 അവശ്യ വസ്തുക്കളുടെ സബ്സിഡി നിരക്കിലുള്ള വിതരണം തുടരും.സഹകരണമേഖലവഴിയുള്ള വിപണി ഇടപെടലും ശക്തിപ്പെടുത്തും.(അനുബന്ധം 366-376)

48. **സഹകരണ മേഖലയെ അഴിമതിരഹിതമാക്കി ശക്തിപ്പെടുത്തും:**സഹകരണ മേഖലയെ കീഴ്പ്പെടുത്താനുള്ള കേന്ദ്ര സർക്കാരിന്റെ ഇടപെടലുകളെ ചെറുക്കും. സഹകരണ മേഖലയിൽ നിന്നും അഴിമതി പിഴുതുമാറ്റുന്നതിന് നിയമത്തിലും ചട്ടങ്ങളിലും സമൂലമായ മാറ്റങ്ങൾ കർശനമായി നടപ്പാക്കും. അതോടൊപ്പം ക്രമക്കേടുകൾ ഇല്ലാത്ത മഹാഭൂരിപക്ഷം സംഘങ്ങളെയും സംരക്ഷിക്കാനുള്ള നിലപാട് സ്വീകരിക്കും. കേരള ബാങ്ക് കേന്ദ്ര സർക്കാർ സെക്യൂരിറ്റികളിൽ നിക്ഷേപിക്കുന്നതിനു പകരം വിഭവശേഷിയുടെ പരമാവധി നാട്ടിലെ സംരംഭങ്ങൾക്കു തന്നെ വായ്പ നൽകും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള ബന്ധം കൂടുതൽ ഏകോപിതവും പ്രവർത്തനക്ഷമവുമാക്കും. സഹകരണസംഘങ്ങളുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ധനകാര്യമാനേജ്മെന്റ്, ഓഡിറ്റ്, രജിസ്ട്രേഷൻ, സേവനങ്ങൾ എന്നിവ ഡിജിറ്റൽ സംവിധാനത്തിലാക്കുകയും പൊതുവായമാനദണ്ഡങ്ങളും സോഫ്റ്റുവെയർ സംവിധാനങ്ങളും നടപ്പാക്കുകയും ചെയ്യും. സഹകരണ പ്രസ്ഥാനത്തെ ഉല്പാദന-സേവന മേഖലകളിലേക്ക് വൈവിധ്യവൽക്കരിക്കുന്നതിനു പ്രോത്സാഹനം നൽകും.(അനുബന്ധം 509-523)

49. **പശ്ചിമഘട്ട ഭൂപ്രശ്നങ്ങൾ പരിഹരിക്കൽ:**1964 ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചു കിട്ടിയ ഭൂമി കൃഷിക്കും വീട് വയ്ക്കുന്നതിനും അല്ലാതെ ഉപയോഗിച്ചത് സാധൂകരിക്കുന്ന ചട്ടങ്ങൾക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. സ്ലാബ് അടിസ്ഥാനത്തിൽ ഫീസും നിശ്ചയിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തും.പീരുമേട് താലൂക്കിലെ തോട്ട മിച്ചഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കും. നിലവിൽ ഈ ഭൂമി കൈവശം വച്ച്, വീടുവച്ചും കൃഷിചെയ്തും വരുന്നവർക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കും.സിഎച്ച്ആർ മേഖലയിലെ കൃഷിക്കാരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള നിയമപരവും ഭരണപരവുമായ നടപടികൾ കൈക്കൊള്ളും. ഹൈറേഞ്ച് മേഖലകൾക്കായി പ്രത്യേക ഭൂതർക്ക പരിഹാര

ട്രൈബ്യൂണലുകൾ രൂപീകരിക്കുകയും, ദീർഘകാലമായി നീളുന്ന കേസുകൾക്ക് ഫാസ്റ്റ് ട്രാക്ക് കോടതി സംവിധാനം ഒരുക്കിയും, ലോക്കൽ ലെവൽ മധ്യസ്ഥ സമിതികൾ (Local Mediation Committees) രൂപീകരിച്ചും ഭൂമി തർക്ക പരിഹാര സംവിധാനങ്ങൾ ശക്തിപ്പെടുത്തും.(അനുബന്ധം 736-742)

50. **വനങ്ങൾക്ക് സമ്പൂർണ്ണസംരക്ഷണം:**അവശേഷിക്കുന്ന വനങ്ങൾ പൂർണ്ണമായി സംരക്ഷിക്കും. ആവാസവ്യവസ്ഥ പരിപാലനരീതി (Eco System Conservation) സ്വീകരിക്കും. എല്ലാ സംരക്ഷിത വനമേഖലകളിലും കോർ സോണിനു ചുറ്റും ഒരു ബഫർ സോണുണ്ടാകുകയും അവിടെ നിയന്ത്രണങ്ങൾ കർശനമാക്കുകയും ചെയ്യും. ഇക്കോ ടൂറിസം പ്രവർത്തനങ്ങളും മറ്റും കർശന നിയന്ത്രണത്തോടെ മൂന്നാമത്തെ സോണായ ഔട്ടർ സോണിലേ അനുവദിക്കൂ. മുഴുവൻ ഏകവിള തോട്ടങ്ങളെയും സ്വാഭാവിക വനങ്ങളാക്കി മാറ്റാൻ "മിഷൻ ഇക്കോ-റെസ്റ്റൊറേഷൻ" നടപ്പിലാക്കും. വനത്തിനു പുറത്ത് തരിശുഭൂമിയിലും പുറംപോക്കിലും വൃക്ഷകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്കീമുകൾക്കു രൂപം നൽകും. (അനുബന്ധം 729-735)

51. **പരിസ്ഥിതി സൗഹൃദ കേരളം:**കാലാവസ്ഥാ വ്യതിയാനങ്ങളോട് പൊരുത്തപ്പെടുകയും അവയെ നേരിടാൻ പ്രതിരോധശേഷി കൈവരിക്കുകയും ചെയ്യുന്ന അനുകൂലന തന്ത്രമാണ് കേരളം സ്വീകരിക്കുക. പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തും.അശാസ്ത്രീയമായ ഇടപെടലുകൾമൂലം ഉണ്ടായിട്ടുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കും. നീർത്തടങ്ങളും കണ്ടൽക്കാടുകളും സംരക്ഷിക്കും. ഇ-വാഹന പ്രോത്സാഹന നയം സ്വീകരിക്കും. വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനും ഊർജ്ജദുർവ്യയം ഒഴിവാക്കുന്നതിനും മലിനീകരണം കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കും.(അനുബന്ധം 743-747, 763-772)

52. **ദുരന്തനിവാരണം**:ദുരന്തപ്രതികരണശേഷി വർദ്ധിപ്പിക്കാൻ പ്രാദേശിക സമൂഹങ്ങളുടെ പങ്കാളിത്തത്തോടെ ബഹുതല അപകട മുൻകൂർ മുന്നറിയിപ്പ് സംവിധാനം നടപ്പിലാക്കും. ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള പ്രാദേശിക ദുരന്ത നിവാരണ പ്ലാനുകൾ പുതിയ വിവരങ്ങളുടെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ പരിഷ്കരിക്കും. ഇതിനോടൊപ്പം എമർജൻസി റെസ്പോൺസ് ടീം പുനസംഘടിപ്പിക്കുകയും അവർക്ക് ബേസിക് ലൈഫ് സപ്പോർട്ട്, ഒഴിപ്പിക്കൽ, രക്ഷാപ്രവർത്തനം എന്നിവയിൽ പരിശീലനങ്ങൾ നൽകുകയും ചെയ്യും.(അനുബന്ധം 748-762)

53. **വാണിജ്യ മിഷൻ:** വാണിജ്യമിഷൻ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കും. പൈതൃക കമ്പോളങ്ങളെ നവീകരിക്കും. റോഡ് പ്രോജക്ടുകളിൽ കട നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിനു വ്യാപാര സമുച്ചയങ്ങൾ നിർമ്മിക്കും. താല്പര്യമുള്ള ഏത് കടയിൽ നിന്നും ഡിജിറ്റൽ ഓർഡർ അനുസരിച്ച് ഉല്പന്നങ്ങൾ വീടുകളിൽ എത്തിക്കുന്നതിന് കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഷോ

ഷ്@ഡോർ ആരംഭിക്കും. കെ.എസ്.എഫ്.ഇ മ്യൂച്വൽ ഗ്യാരണ്ടിയിൽ ചിട്ടികൾ ആരംഭിക്കും. കേരള ബാങ്ക് ചെറുകിട വ്യാപാരികൾക്കു വേണ്ടി പദ്ധതികൾ ആവിഷ്കരിക്കും. ജി.എസ്.ടി കൂടുതൽ വ്യാപാരി സൗഹൃദമാക്കും. ക്ഷേമനിധി വിപുലപ്പെടുത്തും. കേരള ഭാഗ്യക്കുറിയെ സംരക്ഷിക്കും.(അനുബന്ധം 524-530)

54. **നഗരവൽക്കരണ നയം:**കേരളം മുഴുവൻ ഒരു വിശാലനഗരമായി മാറുമെന്നാണ് വിദഗ്ദർ പറയുന്നത്. ഈ പശ്ചാത്തലത്തിലാണ് രാജ്യത്ത് ആദ്യമായി നഗരനയം ആവിഷ്കരിക്കുന്നതിന് സർക്കാർ മുൻകൈയെടുത്തത്. നവകേരള നഗരനയത്തിന്റെ അടിസ്ഥാനത്തിൽ കേരള മുനിസിപ്പൽ ആക്ട് പരിഷ്കരിക്കും. ഈസ് ഓഫ് ഡൂയിങ്ങിനും ഈസ് ഓഫ് ലിവിങ്ങിനും പ്രാധാന്യം നൽകും.മെട്രോപോളിറ്റൻ നഗര ആസൂത്രണ സമിതികൾ രൂപീകരിക്കും.നഗര കൗൺസിലിലെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ എണ്ണം വർദ്ധിപ്പിക്കും.മുനിസിപ്പൽ ബോണ്ടുകൾ ഇറക്കുവാൻ അനുമതി നൽകും.നഗരത്തെ വളർച്ചാ ഹബ്ബായി മാറ്റുന്നതിനുള്ള സമഗ്ര എക്കണോമിക് പ്ലാനും അതോടു ബന്ധപ്പെടുത്തിയുള്ള സ്ഥാനമാനപ്ലാനും ശാസ്ത്രീയമായി തയ്യാറാക്കും.(അനുബന്ധം 558-572)

55. **ജീവനക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കും:**അഷ്വേർഡ് പെൻഷൻ പദ്ധതി നടപ്പാക്കും. 12-ാം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടും ഡിഎ കുടിശിക വിതരണവും സമയബന്ധിതമായി നടപ്പാക്കും. സ്ഥലം മാറ്റങ്ങൾ മാനദണ്ഡ പ്രകാരമായിരിക്കും. ഒഴിവുകൾ പൂർണ്ണമായും സമയബന്ധിതമായും പി.എസ്.സിയിൽ റിപ്പോർട്ട് ചെയ്യപ്പെടുമെന്ന് ഉറപ്പുവരുത്തും. തൊഴിലവകാശങ്ങൾ അംഗീകരിച്ചു കൊണ്ടുള്ള ആരോഗ്യകരമായ തൊഴിൽബന്ധങ്ങൾ പ്രോത്സാഹിപ്പിക്കും (അനുബന്ധം 921-924, 925-944)

56. **അഴിമതിരഹിത സദ്ഭരണം:** സമ്പൂർണ്ണ ഇ-ഗവേണൻസ് നടപ്പിലാക്കും. ഇത് പരമാവധി സ്വതന്ത്ര സോഫ്റ്റുവെയറിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും. ഇന്ത്യയിൽ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനം കേരളമാണ്. എല്ലാവിധത്തിലുള്ള അഴിമതിയും ഇല്ലാതാക്കുന്നതിനു വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കും. ഏറ്റവും നല്ല ക്രമസമാധാനനിലയുള്ള സംസ്ഥാനമായിട്ട് കേരളം വിലയിരുത്തപ്പെട്ടിട്ടുണ്ട്. വർഗീയ പ്രചാരണങ്ങളേയും അത്തരം സംഘർഷങ്ങൾ കുത്തിപ്പൊക്കാനുള്ള ശ്രമങ്ങളേയും ശക്തമായി നേരിടും. ഭൂമാഫിയകൾ, ബ്ലേഡ് മാഫിയകൾ, ഗുണ്ടാ സംഘങ്ങൾ, മദ്യ-മയക്കുമരുന്ന് വിപണന സംഘങ്ങൾ, പെൺവാണിഭ സംഘങ്ങൾ മുതലായ സാമൂഹ്യവിരുദ്ധ ശക്തികൾക്കെതിരെ ശക്തമായ നടപടി സ്വീകരിച്ച് സ്വൈരജീവിതം ഉറപ്പാക്കും.മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കുന്നതിനു ശക്തമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകും. വിമുക്തി മിഷൻ ശക്തിപ്പെടുത്തും.(അനുബന്ധം 843-943)

57. **പ്രത്യേക പാക്കേജുകൾ തുടരും:** ഇടുക്കി, വയനാട്, കാസർഗോഡ്, കുട്ടനാട്, തീരദേശം എന്നിവയ്ക്കു വേണ്ടിയുള്ള പ്രത്യേക പാക്കേജുകൾ തുടരും, വിപുലീകരിക്കും. 7500 കോടി രൂപയുടെ വയനാട് പാക്കേജ്, 12000 കോടി രൂപയുടെ

ഇടുക്കി പാക്കേജ്, 2500 കോടിയുടെ കുട്ടനാട് പാക്കേജ്, 5000 കോടി രൂപയുടെ തീരദേശ പാക്കേജ് എന്നിവയാണ് പ്രഖ്യാപിച്ചിരുന്നത്. ഇവയുടെ നടത്തിപ്പ് അവലോകനം ചെയ്ത് പുനഃസംവിധാനം ചെയ്യും. കാസർഗോഡ് പാക്കേജിനുള്ള തുക വർദ്ധിപ്പിക്കും. മലബാറിന്റെ വികസനരംഗത്തെ പിന്നാക്കാവസ്ഥ പരിഹാരത്തിനു പ്രത്യേക പരിഗണന നൽകും.(അനുബന്ധം 763-772)

58. **ശബരിമല മാസ്റ്റർപ്ലാൻ പൂർത്തീകരിക്കും:**ശബരിമലയുമായി ബന്ധപ്പെട്ട ഇടത്താവളങ്ങൾ, മാസ്റ്റർപ്ലാൻ തുടങ്ങിയവ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ പൂർത്തീകരിക്കും. പൈതൃകമൂല്യമുള്ള പ്രധാനപ്പെട്ട അമ്പലങ്ങൾ പഴമയിൽ സംരക്ഷിക്കുന്നതിനു പദ്ധതി തയ്യാറാക്കി നടപ്പാക്കും. പമ്പാ നദി മാലിന്യമുക്തമാക്കുവാൻ “ക്ലീൻ പമ്പ” പദ്ധതി നടപ്പാക്കും.ദേവസ്വം ബോർഡുകളുടെ പരിധിയിൽ വരാത്ത ക്ഷേത്രങ്ങളിലെ ശാന്തിക്കാർക്കും മറ്റു ജീവനക്കാർക്കുംക്ഷേമനിധി ഏർപ്പെടുത്തും.(അനുബന്ധം 903-905)

59. **മതനിരപേക്ഷതയെ മുറുകെപ്പിടിക്കും:** ഇന്ത്യാ രാജ്യത്ത് ഇന്ന് ന്യൂനപക്ഷങ്ങൾക്കും ജനാധിപത്യപരമായ നിലപാടുകൾ സ്വീകരിക്കുന്നവർക്കും ഏറ്റവും സുരക്ഷിതമായ പ്രദേശമായി കേരളത്തെ നിലനിർത്താൻ കഴിയുന്നത് ഇടതുപക്ഷത്തിന്റെ തത്വാധിഷ്ഠിതമായ നിലപാടിന്റെ ഭാഗമായാണ്. രാജ്യത്ത് പൗരത്വ നിയമം നടപ്പിലാക്കാനുള്ള കേന്ദ്ര സർക്കാർ ശ്രമങ്ങളെ കേരള സർക്കാരും ഇടതുപക്ഷ ജനാധിപത്യ മുന്നണിയും അതിശക്തമായി എതിർക്കുകയുണ്ടായി.തലമുറകളായി കേരളത്തിൽ ജീവിച്ചുവരുന്ന മനുഷ്യരുടെ ഇതുമായി ബന്ധപ്പെട്ട ആശങ്കകൾ പരിഹരിക്കുന്നതിനായി സംസ്ഥാനം നേറ്റിവിറ്റി കാർഡ് എന്ന രേഖ നൽകും. ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കും. വർഗീയതയെ വിട്ടുവീഴ്ചയില്ലാതെ എതിർക്കും. നമ്മുടെ മതനിരപേക്ഷ സംസ്കാരത്തിന്റെ അടിസ്ഥാനങ്ങളിലൊന്നായ മാതൃഭാഷയുടെ സംരക്ഷണത്തിനും വികാസത്തിനുമായി ഇടപെടും. (അനുബന്ധം 945-949)

60. **ധനകാര്യ തന്ത്രം:** സാമൂഹ്യക്ഷേമ ചെലവുകളുടെ വർദ്ധനയ്ക്കൊപ്പം മൂലധന നിക്ഷേപം വർദ്ധിപ്പിക്കാനുള്ള ധനകാര്യ തന്ത്രമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സ്വീകരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിലാണ് അന്യാദൃശമായ വികസന മുന്നേറ്റം കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്. എന്നാൽ കടപ്പേടി സൃഷ്ടിച്ച് ഈ ധനകാര്യ നയത്തെ തകർക്കാൻ കേന്ദ്ര സർക്കാരിന് ഒത്താശ ചെയ്യുന്ന സമീപനമാണ് യുഡിഎഫ് സ്വീകരിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ ഉപരോധ സമാനമായ നടപടികളെ നിയമപരമായും ധനകാര്യ തന്ത്രത്തിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തിയും ജനങ്ങളെ അണിനിരത്തിയും നേരിടും. ജി.എസ്.ടിയിൽ നിന്നും മറ്റു നികുതികളിൽ നിന്നുമുള്ള വരുമാനം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഈ പ്രകടനപത്രിക മുന്നോട്ടുവയ്ക്കുന്ന വാഗ്ദാനങ്ങൾക്ക് ആ വശ്യമായ വിഭവസമാഹരണം നടത്താൻ കഴിയുമെന്ന പൂർണ്ണ ആത്മവി

ശ്വാസം ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുണ്ട്. (അനുബന്ധം 843-853)

# ഉപസംഹാരം

കോൺഗ്രസിന്റെയും ബിജെപിയുടെയും കേന്ദ്ര സർക്കാരുകൾ കഴിഞ്ഞ മൂന്ന് പതിറ്റാണ്ട് നടപ്പാക്കിയ സ്വകാര്യവൽക്കരണ, ഉദാരവൽക്കരണ നയങ്ങൾക്ക് ഫെഡറൽ സംവിധാനത്തിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സാധ്യമായൊരു ബദൽ സൃഷ്ടിക്കുന്നതിനാണ് കഴിഞ്ഞ പത്ത് വർഷമായി പരിശ്രമിച്ചത്. അതിന്റെ വിജയസ്തംഭങ്ങളിലൂടെയുള്ള ഒരു ഓട്ടപ്രദക്ഷിണം പ്രകടനപത്രികയുടെ ആമുഖത്തിൽ നടത്തുകയുണ്ടായി.

ഈ ബദൽ വികസസന നയങ്ങൾ വിജയകരമായി മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള ഭാവിനിർദ്ദേശങ്ങൾ 60 ഇനങ്ങളായി അവതരിപ്പിച്ചു കഴിഞ്ഞു. നാടിന്റെ വികസനത്തിന് ഇതിനു ബദലായി ഒരു പരിപാടി അവതരിപ്പിക്കുന്നതിന് ഇതുവരെ യുഡിഎഫിനോ ബിജെപിക്കോ കഴിഞ്ഞിട്ടില്ല. ഇതിന്റെ ഒരു പ്രധാന കാരണം അവർ സ്വീകരിച്ച കേരളത്തിലെ വികസന ഇടപെടലുകളോടുള്ള പൂർണ്ണ നിഷേധാത്മക നിലപാടാണ്. ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി മുന്നോട്ടുവച്ചിട്ടുള്ള ഓരോ നിർദ്ദേശവും കഴിഞ്ഞകാല അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പ്രായോഗികമെന്നു തെളിഞ്ഞിട്ടുള്ളവയാണ്. ഇതാണ് കേരളത്തിന്റെ ഭാവി വഴിത്താര. യുഡിഎഫിന്റെ ഇരുണ്ടകാലത്തെ (2011-2016) വികസന മുരടിപ്പിലേക്കും അഴിമതിയിലേക്കും കെടുകാര്യസ്ഥതയിലേക്കും കേരളം ഇനി തിരിച്ചുപോകാൻ പാടില്ല.

ന്യൂനപക്ഷ മതരാഷ്ട്രശക്തികളുമായി പരസ്യമായി കൂട്ടുകൂടുമ്പോൾ തന്നെ ഇടതുപക്ഷത്തെ തോൽപ്പിക്കുന്നതിന് ബിജെപിയുമായി രഹസ്യധാരണയിൽ എത്താൻ മടിക്കാത്ത യുഡിഎഫിന് കേരളത്തിന്റെ മതനിരപേക്ഷ പാരമ്പര്യവും സാമൂഹ്യമൈത്രിയും സംരക്ഷിക്കാൻ കഴിയില്ല. വർഗീയ ശക്തികൾക്ക് ഒരു സ്വാധീനവുമില്ലാത്ത ഭരണം കാഴ്ചവയ്ക്കാൻ എൽഡിഎഫിനു മാത്രമേ കഴിയൂ. അതുകൊണ്ടാണ് എൽഡിഎഫ് ഭരണകാലം വർഗ്ഗീയ സംഘർഷങ്ങളില്ലാത്ത നാടായി മാറുന്നതിന് അടിസ്ഥാനപരമായ കാരണം.

വർഗീയ ശക്തികൾക്ക് പങ്കാളിത്തമില്ലാത്ത ഭരണം, ഇന്ത്യയിലെ മതനിരപേക്ഷ രാഷ്ട്രീയത്തിനു വലിയ കരുത്തു പകരും. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ ബദൽ ഇന്ത്യയ്ക്കു മാതൃകയായിത്തീരും. സാമൂഹ്യക്ഷേമത്തിനോടൊപ്പം സാമ്പത്തിക വളർച്ചയും ഉറപ്പുനൽകുന്ന ഒരു നവകേരള സൃഷ്ടി നമുക്കു പൂർത്തീകരിക്കാം. ഇതിലുണ്ടാകുന്ന വിജയം ഇന്ത്യയിലെമ്പാടും ജനങ്ങളെ ഇടതുപക്ഷ ജനാധിപത്യ ശക്തികളുടെ പിന്നിൽ അണിനിരത്തുന്നതിനു സഹായകരമാകും. ഇതിനുതകുന്ന അടുത്ത അഞ്ച് വർഷത്തേക്കുള്ള നവകേരള കർമ്മ പരിപാടി കേരളത്തിലെ വോട്ടർമാരുടെ മുന്നിൽ അവതരിപ്പിക്കുകയാണ്.

## അനുബന്ധം

# 950 വാഗ്ദാനങ്ങളുടെ വിശദമായ പ്രകടനപത്രിക

# I

# കേരളം വിജ്ഞാന സമ്പദ്ഘടനയിലേക്ക്

1. വിജ്ഞാന സമ്പദ്ഘടനയുടെ സൃഷ്ടിക്ക് ഏറ്റവും ആധുനികമായ ശാസ്ത്ര സാങ്കേതിക വിജ്ഞാനത്തിന്റെ അടിസ്ഥാനത്തിലുള്ള പുതിയ വ്യവസായങ്ങൾ കേരളത്തിൽ അഭിവൃദ്ധിപ്പെടണം. ഇത്തരം വിജ്ഞാന-നൈപുണി-സേവന വ്യവസായങ്ങളിൽ നിക്ഷേപം വരണമെങ്കിൽ ഉയർന്ന പശ്ചാത്തല സൗകര്യങ്ങളും വിജ്ഞാനവും നൂതനത്വവും സൃഷ്ടിക്കുന്ന ഉന്നത വിദ്യാഭ്യാസവും നൈപുണിയും അനിവാര്യമാണ്. ഇവ ഓരോന്നിലും കേരളം എത്ര പുരോഗമിച്ചുവെന്ന് അളക്കാൻ വിജ്ഞാന സമ്പദ്ഘടനാ സൂചികയ്ക്ക് രൂപംനൽകും. ഓരോ പാദത്തിലും പുരോഗതി ജനങ്ങളെ അറിയിക്കും.

## നൂതന വ്യവസായ മേഖലകൾ

2. **നിക്ഷേപസൗഹൃദ സമീപനം:** ഏകജാലക ക്ലിയറൻസ് ബോർഡ് നിയമം പരിഷ്കരിക്കും. പശ്ചാത്തലസൗകര്യങ്ങളടക്കം വൻകിട പദ്ധതികൾ അംഗീകരിക്കുന്നതിന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഒരു ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിനു രൂപംനൽകും.
3. വ്യവസായ ടൗൺഷിപ്പ് അതോറിറ്റികൾക്ക് രൂപംനൽകും. അനുമതികൾ

സമയബന്ധിതമായി ലഭ്യമാക്കുന്നതിനും അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനും നിക്ഷേപ സൗഹൃദപരമായ അന്തരീക്ഷം കൂടുതൽ ബലപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കും. അപേക്ഷ കൊടുത്ത് 15 ദിവസത്തിനുള്ളിൽ സർക്കാരിൽനിന്നും പ്രതികരണം ലഭിക്കുന്നില്ലെങ്കിൽ അനുമതി ലഭിച്ചതായിട്ട് പരിഗണിക്കാം.

4. ഫിൻടെക്, എഐ, ഗ്രീൻ എനർജി, സെമി കണ്ടക്ടർ, ബയോടെക് തുടങ്ങി ഉയർന്നുവരുന്ന നവവ്യവസായങ്ങളിൽ നവാഗതർക്കുള്ള നേട്ടം (first mover advantage) ഉറപ്പുവരുത്തുന്നതിന് ഈ മേഖലകളിൽ ശക്തമായ ഇടപെടൽ നടത്തും. പ്ലഗ് ആന്റ് പ്ലേ ഫാക്ടറി/പ്രവർത്തന സ്പെയ്സുകൾ, സംയോജിത വെയർഹൗസുകൾ, ടെസ്റ്റിംഗ് കേന്ദ്രങ്ങൾ, അനുയോജ്യ നൈപുണി വിദഗ്ധർ എന്നു തുടങ്ങിയവ ഈ മേഖലകളുമായി ബന്ധപ്പെട്ട് ഒരുക്കും.

5. **തുറമുഖ കേന്ദ്രീകൃത വ്യവസായമേഖലകൾ**: തുറമുഖങ്ങളുമായി ബന്ധപ്പെട്ട് ടെക് അധിഷ്ഠിത ലോജിസ്റ്റിക്സ്, എഐ അധിഷ്ഠിത സ്മാർട്ട് വെയർ ഹൗസിംഗ്, ചരക്ക് ഗതാഗത ട്രാക്കിംഗിന് ആർ.എഫ്.ഐ.ഡി, ക്രൂയിസ് ടെർമിനലുകൾ തുടങ്ങിയവ ഉറപ്പുവരുത്തും.

6. **വിഴിഞ്ഞം കോറിഡോർ:** വിഴിഞ്ഞം തുറമുഖം കേന്ദ്രീകരിച്ച് ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ വികസിപ്പിക്കും. വിഴിഞ്ഞം വ്യവസായ ടൗൺഷിപ്പ് പദ്ധതി കൃത്യമായ ഭൂവിനിയോഗ ആസൂത്രണത്തോടെ നടപ്പാക്കും. മംഗലപുരം, കിളിമാനൂർ, കല്ലമ്പലം, നെടുമങ്ങാട് എന്നീ പ്രദേശങ്ങൾ ബന്ധിപ്പിച്ച് കണക്ടഡ് നെറ്റ്‌വർക്ക് സ്ഥാപിക്കും. ട്രാൻസ്പോർട്ട് കോറിഡോർ ഇന്റഗ്രേഷൻ പോയിന്റ് ആയി വെമ്പായത്തെ മാറ്റും. കോവളം ടൂറിസം അധിഷ്ഠിതമായ വ്യവസായ വികസന സോണായിരിക്കും. ലോജിസ്റ്റിക്സ് മാനുഫാക്ചർ ഹബ്ബ് കാട്ടാക്കടയിൽ സ്ഥാപിക്കും.

7. വിഴിഞ്ഞം - കൊല്ലം - പുനലൂർ ഇൻഡസ്ട്രിയൽ ഗ്രോത്ത് ട്രയാങ്കിൾ മറ്റൊരു പ്രധാന പദ്ധതിയാണ്. 1456 ച.കിലോമീറ്റർ വിസ്തൃതിയുള്ള, 1700 ഏക്കറിലായി വ്യാപിച്ചുകിടക്കുന്ന തുറമുഖാധിഷ്ഠിത വ്യവസായ ആവാസ വ്യവസ്ഥ ഇവിടെ രൂപംകൊള്ളും. ട്രാൻസ്പോർട്ടേഷൻ, ലോജിസ്റ്റിക്സ്, വ്യവസായ പാർക്കുകൾ, റെയിൽ - റോഡ് കോറിഡോർ എന്നിവ ഉൾപ്പെടെ ഈ പദ്ധതിയുടെ കീഴിൽ വരും.

8. **കൊച്ചി ഇടനാഴികൾ:** കൊച്ചി – ബംഗളൂരു, കൊച്ചി – മാംഗ്ലൂർ എന്നിങ്ങനെ രണ്ട് സുപ്രധാന ഇടനാഴികളുടെ വികസനം പുരോഗമിച്ചുവരുന്നു. ഇവയിൽ കൊച്ചി – ബംഗളൂരു ഇടനാഴി പാലക്കാട് മേഖലയിൽ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഗിഫ്റ്റ് സിറ്റി പോലുള്ള പ്രധാനപ്പെട്ട പദ്ധതികൾ ഇതുമായി ബന്ധപ്പെട്ടാണ് രൂപംകൊള്ളുന്നത്. കൊച്ചി – മാംഗ്ലൂർ ഇടനാഴിയിലാണ് ഭൂലഭ്യത കൂടുതൽ ഉണ്ടാവുക. 2000 ഏക്കറോളം കണ്ണൂർ, കാസർകോട് ജില്ല

കളിലായി കണ്ടെത്തിയിട്ടുണ്ട്.

9. **പ്രതിരോധ ഇടനാഴി:** കേരളത്തിൽ ഗവേഷണ സ്ഥാപനങ്ങൾ ഉൾപ്പെടെ പ്രതിരോധ മേഖലയിലെ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നേവൽ കമാൻഡ്, സതേൺ എയർ കമാൻഡ്, DRDO-NPOL, ബ്രഹ്മോസ് എയ്റോസ്പേസ്, VSSC, IIST, IISER ഉൾപ്പെടെയുള്ള പ്രതിരോധ രംഗത്തെ വിവിധ സ്ഥാപനങ്ങളെ കൂട്ടിയിണക്കി ഒരു പ്രതിരോധ സാങ്കേതിക ഇന്ന വേഷൻ ഹബ്ബും ഇടനാഴിയും സ്ഥാപിക്കും.

10. **റെയർ എർത്ത് കോറിഡോർ:** ബഹിരാകാശ ഗവേഷണം, പ്രതിരോധം, വ്യോമയാനം, ഇലക്ട്രിക് വാഹനങ്ങളുടെയും ഡ്രോണുകളുടെയും മറ്റും നിർമ്മാണത്തിന് ആവശ്യമായ തോറിയം, സ്കാൻഡിയം തുടങ്ങിയ റെയർ എർത്ത് മൂലകങ്ങൾ കേരളത്തിലെ തീരപ്രദേശങ്ങളിൽ സുലഭമാണ്. വിഴിഞ്ഞം തുറമുഖത്തുനിന്നും ചവറയെയും കൊച്ചിയെയും ബന്ധിപ്പിക്കുന്ന ഒരു റെയർ എർത്ത് കോറിഡോർ ചവറ കെ.എം.എം.എൽ-നോട് ചേർന്ന് സ്ഥാപിക്കും. 42,000 കോടിയുടെ നിക്ഷേപവും 50,000 തൊഴിലവസരങ്ങളും പ്രതീക്ഷിക്കുന്നു. കെ.എം.എം.എൽ, കെൽട്രോൺ, എൻ.എഫ്.ടി.ഡി.സി എന്നീ സ്ഥാപനങ്ങളെ പങ്കാളികളാക്കിക്കൊണ്ട് ഒരു റെയർ എർത്ത് & ക്രിട്ടിക്കൽ മിനറൽസ് മിഷൻ രൂപീകരിക്കും.

11. **പ്രതിരോധ വ്യവസായ ക്ലസ്റ്റർ:** തിരുവനന്തപുരത്ത് എയ്റോ ഡിഫൻസ് വ്യവസായ ക്ലസ്റ്റർ സ്ഥാപിക്കുന്നത് മറ്റൊരു പ്രധാന പദ്ധതിയാണ്. വി.എസ്.എസ്.സി, ഐഎസ്ആർഒ, സതേൺ എയർ കമാൻഡ്, DRDO-NPOL, ബ്രഹ്മോസ് എയ്റോസ്പേസ്, IIST, IISER ഉൾപ്പെടെയുള്ള സ്ഥാപനങ്ങളെ കൂട്ടിയിണക്കി ഈ ക്ലസ്റ്റർ സ്ഥാപിക്കാൻ കഴിയും. ഡ്രോൺ, എയ്റോസ്പേസ് ഘടകങ്ങൾ തുടങ്ങി പ്രതിരോധമേഖലയ്ക്ക് ആവശ്യമായ ഉപകരണങ്ങളുടെ ഉൽപാദനവും ഇവിടെ സാധ്യമാകും.

12. **ഗ്ലോബൽ സിറ്റി:** എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ വിഭാവനം ചെയ്ത നിർദ്ദിഷ്ട ഗ്ലോബൽ സിറ്റി പദ്ധതിയിൽനിന്ന് കേന്ദ്രസർക്കാർ പിന്മാറിയതോടെ, പദ്ധതി സംസ്ഥാന സർക്കാർ സ്വതന്ത്രമായി ഏറ്റെടുത്ത് നടപ്പാക്കേണ്ട സ്ഥിതി സംജാതമായിരിക്കുകയാണ്. ഇന്റർനാഷണൽ ഫിനാൻസ് സർവ്വീസ് കേന്ദ്രമായി വികസിപ്പിക്കും. ആഗോള ധനകാര്യ സ്ഥാപനങ്ങളും ഇലക്ട്രോണിക്സ്, നിർമിതബുദ്ധി, റോബോട്ടിക്സ്, ആയുർവേദ, ഭക്ഷ്യസംസ്കരണം, ഇ-കൊമേഴ്സ് തുടങ്ങിയ പുതുകാല വ്യവസായങ്ങളുമായിരിക്കും ഇവിടെയുണ്ടാവുക. നിക്ഷേപകർക്ക് ആകർഷകമായ സൗകര്യങ്ങളും സൗജന്യങ്ങളും ഉറപ്പുവരുത്തും. 1.20 ലക്ഷം പ്രത്യക്ഷ തൊഴിലവസരങ്ങളും 3.6 ലക്ഷം പരോക്ഷ തൊഴിലവസരങ്ങളും പദ്ധതിയിലൂടെ സൃഷ്ടിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. 358

ഏക്കർ വ്യാപിച്ചുകിടക്കുന്ന അയ്യമ്പുഴയിലെ പദ്ധതി സ്ഥാപിക്കുന്നതിനായി 840 കോടി അനുവദിച്ചുകഴിഞ്ഞു.

13. **ബയോടെക് & ലൈഫ് സയൻസ് സിറ്റി:** കോഴിക്കോട് - മലപ്പുറം കേന്ദ്രീകരിച്ച് രണ്ട് ഇൻഡസ്ട്രിയൽ ക്ലസ്റ്ററുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ബയോടെക് & ലൈഫ് സയൻസ് സിറ്റി എന്ന നിലയിലാണ് ഇത് നിലവിൽ വരിക. സ്പെഷ്യാലിറ്റി ഫാർമസ്യൂട്ടിക്കൽസ്, മോളിക്യുലാർ ആൻഡ് റീജനറേറ്റീവ് മെഡിസിൻ, നിർമ്മിത ബുദ്ധി അധിഷ്ഠിത മോളിക്യുലാർ ഡയഗ്നോസ്റ്റിക്സ്, പ്രിസിഷൻ മെഡിസിൻ, പാക്കേജിങ്, ലോജിസ്റ്റിക്സ്, ബയോ മാനുഫാക്ചറിങ് സൗകര്യങ്ങൾ എന്നിവയെല്ലാം ഈ സിറ്റിയുടെ പ്രത്യേകതയായിരിക്കും.

14. **ESDM & പവർ ഇലക്ട്രോണിക്സ് മാനുഫാക്ചറിങ് ക്യാമ്പസ്:** ESDM & പവർ ഇലക്ട്രോണിക്സ് മാനുഫാക്ചറിങ് ക്യാമ്പസ് കണ്ണൂർ - കാസർഗോഡ് വ്യവസായ ഇടനാഴിയുടെ ഭാഗമാണ്.

15. **ഭക്ഷ്യസംസ്കരണ പാർക്ക്:** കൊല്ലം മെഗാ ഭക്ഷ്യസംസ്കരണ പാർക്ക് മറ്റൊരു പ്രധാന പദ്ധതിയാണ്. കശുവണ്ടി, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയോടൊപ്പം സീഫുഡ് സംസ്കരണം, കോൾ ചെയിൻ സൗകര്യങ്ങൾ തുടങ്ങിയ അനുബന്ധ മേഖലയും പ്രവർത്തിക്കും. നാളികേര ഉൽപ്പന്നങ്ങളുടെ സംസ്കരണ - മൂല്യവർദ്ധിത ഉൽപ്പാദനകേന്ദ്രമായും മെഗാ ഭക്ഷ്യസംസ്കരണ പാർക്കിനെ കാണാം. ഇടുക്കിയിലെ സ്പൈസസ് പാർക്കും വയനാട്ടിലെ കോഫി പാർക്കും ആലപ്പുഴയിലെ മറൈൻ പാർക്കുമായിരിക്കും മറ്റു പ്രധാനപ്പെട്ട ഭക്ഷ്യസംസ്കരണ പാർക്കുകൾ.

16. **മെഡിക്കൽ ബയോട്ടിക് ഹബ്:** തിരുവനന്തപുരത്തായിരിക്കും മെഡിക്കൽ ബയോട്ടിക് ഹബ്. 500 ഏക്കറിൽ ഫാർമ - ബയോടെക് ഹബ്ബ് വികസിപ്പിക്കുക. വാക്സിൻ ഗവേഷണം, ന്യൂട്രസ്യൂട്ടിക്കൽസ് ഗവേഷണം തുടങ്ങിയവ പ്രധാന ലക്ഷ്യമായിരിക്കും.

17. **മെഗാ ഇൻഡസ്ട്രിയൽ സിറ്റി:** കോട്ടയത്ത് മെഗാ ഇൻഡസ്ട്രിയൽ സിറ്റി സ്ഥാപിക്കും. 2000 ഏക്കറിൽ ഇന്റഗ്രേറ്റഡ് ടൗൺഷിപ്പാണ് ഉദ്ദേശിക്കുന്നത്. ലോജിസ്റ്റിക്സ് സൗകര്യങ്ങളും ഉണ്ടാകും.

18. **ഹൈഡ്രജൻ വാലി:** കേരളത്തിലെ ഹൈഡ്രജൻവാലി ഇന്നവേഷൻ ക്ലസ്റ്ററിന് കേന്ദ്രസർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്. സിയാൽ BPCL ലുമായി ചേർന്ന് ഗ്രീൻ ഹൈഡ്രജൻ ഡിസ്പോസിങ് യൂണിറ്റ് സ്ഥാപിക്കും. വേൾഡ് ഇക്കണോമിക് ഫോറത്തിൽ വച്ച് ഗ്രീൻകോ കമ്പനിയുമായി പുനരുപയോഗ ഊർജ്ജ മേഖലയിൽ ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്.

19. ലൈഫ് സയൻസ് പാർക്ക് (രണ്ടാംഘട്ടം), മെഡിക്കൽ ഡിവൈസസ് പാർക്ക്, പെട്രോ കെമിക്കൽ പാർക്ക് എന്നിവയുടെ പൂർത്തീകരണത്തിന് മുൻഗണന നൽകും. സംയോജിത റൈസ് ടെക്നോളജി പാർക്കുകൾ പൂർത്തീകരിക്കും.

20. **സഹകരണ-സ്വകാര്യ വ്യവസായ പാർക്കുകൾ:** നിലവിൽ 38 സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അംഗീകാരം നൽകുകയും അതിൽ 8 സ്വകാര്യ വ്യവസായ പാർക്കുകൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രവാസി വ്യവസായ പാർക്ക്, വനിതാ വ്യവസായ പാർക്ക്, പരമ്പരാഗത വ്യവസായ പാർക്ക്, സഹകരണ വ്യവസായ പാർക്ക് തുടങ്ങിയ പുതിയ ഘടകങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തും. ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളവും മറ്റു വിമാനത്താവളങ്ങളുമായി ബന്ധപ്പെടുത്തി വ്യവസായ പാർക്കുകൾ സ്ഥാപിക്കും.
21. ഓരോ പ്രത്യേക മേഖലകൾക്കുമായി 25 പാർക്കുകൾ കിൻഫ്ര അഞ്ചുവർഷത്തിനുള്ളിൽ സ്ഥാപിക്കും. ഒരു റീസൈക്ലിങ് പാർക്ക് തൃശൂരിൽ സ്ഥാപിക്കും. ഗവേഷണത്തിനും വികസനത്തിനുമുള്ള പൊതുസൗകര്യങ്ങൾ സർവകലാശാലകൾ, സ്റ്റാർട്ടപ്പുകൾ എന്നിവയുമായി സഹകരിച്ച് ഉറപ്പുവരുത്തും.
22. **വ്യവസായഭൂമി:** വ്യവസായങ്ങൾക്ക് ആവശ്യമായ ഭൂമി ലഭ്യമാക്കുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങളുടെ അധിക ഭൂമി ക്ലസ്റ്ററുകൾക്ക് ലഭ്യമാക്കുക, സംയുക്ത പ്രോജക്ടുകൾ ആരംഭിക്കുക, ലോജിസ്റ്റിക് ഹബ്ബുകൾക്കായി ഈ ഭൂമി ഉപയോഗിക്കുക തുടങ്ങിയവയും ആലോചനയിലുണ്ട്. ലാൻഡ് പൂളിങ്ങാണ് ഭൂമിലഭ്യതയ്ക്ക് മറ്റൊരു മാർഗം.
23. ഭൂമിലഭ്യത സുതാര്യമാക്കുന്നതിനും നിക്ഷേപകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി ഒരു ജിഐഎസ് അധിഷ്ഠിത ലാൻഡ് ബാങ്ക് പോർട്ടൽ സ്ഥാപിക്കും.
24. വ്യവസായ ആവശ്യങ്ങൾക്കുള്ള ഭൂമിലഭ്യതയ്ക്ക് പരിമിതികൾ നേരിടുന്ന നഗരപ്രദേശങ്ങളിൽ ബഹുനില വ്യവസായ എസ്റ്റേറ്റുകൾ കെട്ടിപ്പടുക്കുന്നതിനായിരിക്കും ശ്രദ്ധിക്കുക. ഹൈടെക് വ്യവസായങ്ങൾക്കായിരിക്കും ഇത്തരം എസ്റ്റേറ്റുകളിൽ മുൻഗണന.
25. **നൈപുണ്യ സർവ്വകലാശാല:** നൈപുണ്യ വികസനത്തിനും സംരംഭകത്വ പരിശീലനത്തിനുമായി പിപിപി മാതൃകയിൽ "കേരള യൂണിവേഴ്സിറ്റി ഫോർ സ്കിൽ ഡെവലപ്മെന്റ് & എൻട്രപ്രണർഷിപ്" സ്ഥാപിക്കും. ഇത് ഇന്ത്യയിലെ ആദ്യത്തെ സ്റ്റേറ്റ് ഓഫ് ദി ആർട് എഐ സർവകലാശാലയായിരിക്കും. വ്യവസായവുമായി ബന്ധിപ്പിച്ചുള്ള പാഠ്യപദ്ധതി, ഇൻക്യുബേഷൻ, വിജ്ഞാന വിപുലീകരണം എന്നിവയാണ് ലക്ഷ്യമിടുന്നത്. നൈപുണ്യ വികസനം, ഗവേഷണം, സംരംഭകത്വം എന്നിവയിൽ അധിഷ്ഠിതമായിരിക്കും കോഴ്സുകൾ.
26. അഭ്യസ്തവിദ്യർക്ക് ഡിജിറ്റൽ സ്കിൽ പാസ്പോർട്ടുകൾ നൽകും. വിദ്യാഭ്യാസത്തിന്റെ വിവിധ ഘട്ടങ്ങളിലും അതിനുശേഷവും ആർജ്ജിച്ചിട്ടുള്ള നൈപുണിശേഷിയും സർട്ടിഫിക്കറ്റുകളും സംബന്ധിച്ച് സുരക്ഷിതവും ഉറപ്പുമുള്ള റെക്കോഡായിരിക്കും ഇത്. കേരളത്തിലെ ഉദ്യോഗാർത്ഥിക

ളുടെ എംപ്ലോയബിലിറ്റി വർദ്ധിപ്പിക്കാൻ ഇത് സഹായിക്കും.

27. **എംഎസ്എംഇ മേഖല:** സംരംഭകവർഷം ക്യാമ്പയിന്റെ ഭാഗമായി, സംസ്ഥാനത്ത് ഇതിനോടകം 3.82 ലക്ഷത്തിലധികം സംരംഭങ്ങളും 25000-ത്തിലേറെ കോടി രൂപയുടെ നിക്ഷേപവും 8 ലക്ഷത്തിലധികം ആളുകൾക്ക് തൊഴിലും ലഭ്യമാക്കി. സൂക്ഷ്മ ചെറുകിട-ഇടത്തരം വ്യവസായ പ്രോത്സാഹന ക്യാമ്പയിൻ തുടരും. ഒരുലക്ഷം എംഎസ്എംഇകളെയെങ്കിലും അഞ്ചുവർഷങ്ങൾക്കുള്ളിൽ ഇ-കൊമേഴ്സ്, ക്ലൗഡ് ടൂൾസ് തുടങ്ങിയ ഡിജിറ്റൽ സാങ്കേതികവിദ്യകൾ അധിഷ്ഠിതമാക്കി നവീകരിക്കും.
28. **മിഷൻ 100000:** ഒരുലക്ഷം നാനോ, മൈക്രോ സംരംഭങ്ങളെ ശരാശരി ഒരു കോടി രൂപ വിറ്റുവരവുള്ള സംരംഭങ്ങളാക്കി ഉയർത്തുന്നതിനുള്ള സ്കീമിനു രൂപംനൽകും. സർക്കാർ പിന്തുണ നൽകും.
29. **മിഷൻ 1000:** 1000 ചെറുകിട സംരംഭങ്ങളെ 100 കോടി ടേണോവറുള്ള സ്ഥാപനങ്ങളായി വിപുലീകരിക്കുന്നതിനുള്ള മിഷൻ പൂർത്തിയാക്കും.
30. എംഎസ്എംഇ സ്ഥാപനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ 85 ശതമാനം ക്രെഡിറ്റ് ഗാരണ്ടി ഉണ്ടെങ്കിലും 15 ശതമാനം റിസ്ക് എടുക്കുന്നതിന് ധനകാര്യസ്ഥാപനങ്ങൾ പലപ്പോഴും വിസമ്മതിക്കുന്നു. അതുകൊണ്ട് കേരള സർക്കാർ 10 ശതമാനം തുകയ്ക്ക് അധിക എംഎസ്എംഇ ക്രെഡിറ്റ് ഗാരണ്ടി സ്കീം ഏർപ്പെടുത്തും.
31. **ലോക കേരള സങ്കല്പം:** എന്ന പേരിൽ പ്രവാസി പ്രൊഫഷണലുകൾക്ക് കേരളത്തിൽ ഏതെങ്കിലുമൊരു എംഎസ്എംഇ സംരംഭത്തിനു മാർഗനിർദ്ദേശങ്ങളും വിജ്ഞാന കൈമാറ്റവും വേണ്ടിവന്നാൽ നിക്ഷേപവും നടത്തുന്നതിന് ഒരു പ്രത്യേക സ്കീമിനു രൂപം നൽകും.
32. എല്ലാവർഷവും ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് സമ്മിറ്റ് സംഘടിപ്പിക്കും. 'മെയ്ഡ് ഇൻ കേരളം' എന്ന ബ്രാൻഡ് ലോഞ്ച് ചെയ്യും. ബ്രാൻഡ് പ്രചാരണത്തിനുവേണ്ടി ദേശീയ, അന്തർദേശീയ വേദികളിൽ പവലിയനുകളും കിയോസ്കുകളും ആരംഭിക്കും. ആഗോള സമ്മിറ്റിനോടൊപ്പം മെയ്ഡ് ഇൻ കേരളം മെഗാ എക്സ്പോയും സംഘടിപ്പിക്കും.
33. **പ്രോത്സാഹന നടപടികൾ:** കേന്ദ്ര–സംസ്ഥാന സർക്കാരുകൾ, മറ്റ് ഏജൻസികൾ എന്നിവ ആവിഷ്കരിക്കുന്ന വിവിധ പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ സംരംഭകർക്ക് ലഭ്യമാക്കുന്നതിനും വ്യക്തിഗത പിന്തുണ നൽകുന്നതിനും ഒരു സ്കീം ഫെസിലിറ്റേഷൻ സെൽ വ്യവസായ വകുപ്പിൽ ആരംഭിക്കും.
34. ഭാവിയിലേക്കുള്ള സംരംഭകരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഉതകും വിധം വ്യവസായ വാണിജ്യവകുപ്പിനെ കാലാനുസൃതമായി നവീകരിക്കും.

## പൊതുമേഖല

35. എല്ലാ വ്യവസായ പൊതുമേഖലാ സ്ഥാപനങ്ങളും ലാഭത്തിൽ പ്രവൃത്തി

ക്കും എന്ന് ഉറപ്പുവരുത്തും. ഓരോ വ്യവസായ സ്ഥാപനത്തിനും വിപുലീകരണ പരിപാടി ആവിഷ്കരിക്കും. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളുടെ വിപണനം സർക്കാരിന്റെയും മറ്റു പൊതുമേഖലാ സ്ഥാപനങ്ങളുടെയും ആവശ്യങ്ങളുമായി ബന്ധപ്പെടുത്തും. മാനേജ്മെന്റിനെ കൂടുതൽ പ്രൊഫഷണലൈസ് ചെയ്യും.

36. പൊതുമേഖലാ സ്ഥാപനങ്ങൾ എംഎസ്എംഇ യൂണിറ്റുകളുടെ ക്ലസ്റ്ററുകൾക്ക് രൂപംനൽകാൻ മുൻകൈയെടുക്കും.
37. കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന്റെ ഉൽപ്പാദനശേഷി വർധിപ്പിക്കുകയും ആധുനികീകരിക്കുകയും ചെയ്യും. തുണിമിൽ യൂണിറ്റുകളുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനായി 'ടെക്സ്റ്റൈൽ ഇൻഡസ്ട്രി മോഡേണൈസേഷൻ' എന്ന പേരിൽ ആരംഭിച്ച പദ്ധതിയെ കൂടുതൽ ശക്തമാക്കും.
38. പൊതുമേഖലാ നയം ആവിഷ്കരിക്കും. മാതൃകാഭരണ ചാർട്ടറിനു രൂപം നൽകും.
39. പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുവേണ്ടി രൂപീകരിച്ച ശമ്പള കമ്മീഷന്റെ ശുപാർശകൾ സമയബന്ധിതമായി നടപ്പാക്കും.
40. പൊതുമേഖലാ സ്ഥാപനങ്ങളെ വായ്പയെടുക്കുന്നതിന് പ്രാപ്തമാക്കുന്നതിനുവേണ്ടി ഭൂസ്വത്തുക്കളുംമറ്റും പുനർമൂല്യനിർണ്ണയം നടത്തി ബുക്കുകളിലെ മൂല്യം പുനർനിർണ്ണയിക്കുന്നതിനു നടപടി സ്വീകരിക്കും. സർക്കാരിൽനിന്നുള്ള വായ്പകൾ റീസ്ട്രക്ചർ ചെയ്യും.
41. പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റ് പ്രൊഫഷണലൈസ് ചെയ്യും. ഡെപ്യൂട്ടേഷൻ പരമാവധി കുറയ്ക്കും. പ്രതിസന്ധി നേരിടുന്ന സ്ഥാപനങ്ങളിലെ പ്രൊഫഷണൽ ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിന് 'കോമൺ പൂൾ ഓഫ് പ്രൊഫഷണൽ' സംവിധാനം ഏർപ്പെടുത്തും.
42. ഇ.പി.എഫ് പെൻഷൻ മാത്രമുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം ഏകീകരിക്കും. ലാഭകരമായ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ അഷ്വേർഡ് പെൻഷൻ സ്കീം നടപ്പാക്കുന്നതു പരിഗണിക്കും.
43. പൊതുമേഖലാ സ്വയംഭരണ സ്ഥാപനങ്ങളിലെ കരാർ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കും.

## വിവരവിനിമയ സാങ്കേതികവിദ്യ വ്യവസായങ്ങൾ

44. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ കേരളം ലക്ഷ്യമിട്ടിട്ടുള്ളത് ഇതുവരെയുണ്ടായ കുതിപ്പിനെ മറികടക്കുന്ന വളർച്ചയാണ്. അഞ്ചുലക്ഷം ഉയർന്ന മൂല്യമുള്ള പുതിയ തൊഴിലവസരങ്ങളും 50 ബില്ല്യൺ യു.എസ്. ഡോളർ സാമ്പത്തിക ഉൽപ്പാദനവും സൃഷ്ടിക്കുന്ന മേഖലയായി ഐടിയെ വളർത്തും.

45. **ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകൾ:** സംസ്ഥാനത്ത് 200 ജിസിസികൾ 2031ഓടെ സ്ഥാപിക്കുന്നതിന് വിഭാവനം ചെയ്യുന്നു. ടെക്നോളജി, സോഫ്റ്റ് വെയർ, ഹെൽത്ത് കെയർ ആൻഡ് ഫാർമ, റീട്ടയിൽ, ഇ-കൊമേഴ്സ്, ബാങ്കിംഗ്, ഫിനാൻഷ്യൽ സർവീസ്, എൻജിനിയറിങ്, കൺസൾട്ടിംഗ് മേഖലകളിൽ രാജ്യത്തും വിദേശത്തുമുള്ള വൻകിട കമ്പനികളുടെ പ്രവൃത്തികൾ ഏറ്റെടുക്കാൻ കഴിവുള്ള കേന്ദ്രങ്ങളായിരിക്കും ഇവ. ഇതിന്റെ ഭാഗമായി ഗ്ലോബൽ ടെക്നോളജി സെന്ററുകളും (GTC) സ്ഥാപിക്കും. ടെക്നോളജി അധിഷ്ഠിത ഇന്നവേഷൻ ഹബ്ബുകളായി ജി.ടി.സികളെ വിഭാവനം ചെയ്യുന്നു. രണ്ടുലക്ഷം പ്രൊഫഷണലുകൾക്ക് ഉയർന്ന നിലവാരമുള്ള ജോലി സൃഷ്ടിക്കുകയാണ് ലക്ഷ്യം.

46. **സൈബർവാലി:** കൊച്ചിയിലെ 300 ഏക്കർ ഇൻഫോപാർക്ക് ഫേസ് 3യിൽ ഒരു സൈബർവാലി അഥവാ 'എഐ സിറ്റി' വികസിപ്പിക്കും. ആഗോള നിർമിത ബുദ്ധി ഭൂപടത്തിൽ കേരളത്തെ ഒരു മുൻനിര വിജ്ഞാന ഉൽപ്പാദനകേന്ദ്രമായി അടയാളപ്പെടുത്തും. സാങ്കേതികപ്രതിഭകൾക്കും സ്റ്റാർട്ടപ്പുകൾക്കും ഗവേഷകർക്കും ലോകോത്തര അടിസ്ഥാനസൗകര്യങ്ങളും കമ്പ്യൂട്ടിങ് കരുത്തും ഒരുക്കും.

47. **ഇന്ത്യ ഇന്നവേഷൻ സെന്റർ ഫോർ ഗ്രാഫിൻ (IICG):** ഇന്ത്യ ഇന്നവേഷൻ സെന്റർ ഫോർ ഗ്രാഫിന്റെ പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഡിജിറ്റൽ സർവ്വകലാശാലയും സെക്ഷൻ 8 കമ്പനിയായ ഇന്ത്യൻ ഗ്രാഫീൻ എഞ്ചിനിയറിങ് ആന്റ് ഇന്നവേഷൻ സെന്ററും (IGEIC) സംയുക്തമായി പദ്ധതിയായ "ഗ്രാഫീൻ അറോറ" നടപ്പിലാക്കും.

48. **ഡ്രോൺ റിസർച്ച് ആൻഡ് ഡെവലപ്മെന്റ് പാർക്ക്:** ഈ പാർക്ക് കൊട്ടാരക്കരയിൽ സ്ഥാപിക്കും. കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസുമായി (കെ.എ.എസ്.ഇ) സഹകരിച്ച് കെ-സ്പേസ് ആണ് ഇത് നടപ്പിലാക്കുന്നത്.

49. **ഐടി പാർക്കുകൾ**: കേരളത്തിലെ മൂന്ന് ഐടി പാർക്കുകളിൽ കമ്പനികളുടെ എണ്ണം 2016-17ലെ 676ൽനിന്ന് 2024-25ൽ 1162 ആയി വർദ്ധിച്ചു. തൊഴിലവസരങ്ങൾ 2016-17ൽ 85,974 ആയിരുന്നത്, 2024-25 ആയപ്പോൾ 1,55,800 ആയി വർദ്ധിച്ചു. ഇവയുടെ പ്രവർത്തനം വിപുലീകരിക്കും.

50. തിരുവനന്തപുരം ടെക്നോപാർക്കിലും എറണാകുളം ഇൻഫോപാർക്കിലും ജോലി ചെയ്യുന്ന വനിതകൾക്ക് സുരക്ഷിതവും നിലവാരമുള്ളതുമായ താമസസൗകര്യം ലഭ്യമാക്കുന്നതിനായി ഐടി പാർക്കുകൾ നൽകുന്ന സ്ഥലത്ത് ഐടി ജീവനക്കാർക്കുള്ള ഹോസ്റ്റലുകൾ നിർമ്മിക്കും.

51. **സ്റ്റാർട്ടപ്പുകൾ:** അടുത്ത അഞ്ചുവർഷത്തിനുള്ളിൽ രണ്ടുലക്ഷം പേർക്ക് തൊഴിൽ നൽകുന്ന രീതിയിൽ സ്റ്റാർട്ടപ്പുകളെ വിപുലപ്പെടുത്തും. 20,000

കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്നു. അഭ്യസ്തവിദ്യരായ യുവാക്കളുടെ സംരംഭങ്ങൾക്ക് പലിശരഹിത വായ്പയടക്കം പ്രോത്സാഹനം നൽകുന്നതാണ്.

52. സ്ത്രീകളുടെ സ്റ്റാർട്ടപ്പുകൾക്ക് പ്രത്യേക പ്രോത്സാഹനം നൽകും. ഇതിനായി 'കോ-ഇൻവെസ്റ്റ്മെന്റ് ഫണ്ട്' രൂപീകരിക്കും. സ്വകാര്യനിക്ഷേപത്തിന് മാച്ചിങ് ഇൻവെസ്റ്റ്മെന്റ് ലഭ്യമാക്കും.
53. ഫാബ് ലസ് സെമി-കണ്ടക്ടർ സ്റ്റാർട്ടപ്പുകൾക്ക് (ചിപ്പുകൾ സ്വയം നിർമ്മിക്കാതെ ഔട്ട്സോഴ്സ് ചെയ്യുന്ന സ്റ്റാർട്ടപ്പുകളാണ് ഫാബ്ലസ്) പ്രത്യേക പിന്തുണയും പലിശരഹിതവായ്പയും ലഭ്യമാക്കും.
54. കെ.എസ്.യു.എം. മറ്റു പ്രദേശങ്ങളിലെ അനുബന്ധ ഹബ്ബുകളിൽ ഫിൻടെക്, ആഗ്രിടെക് തുടങ്ങി വ്യത്യസ്ത മേഖലാധിഷ്ഠിത സ്റ്റുഡിയോകൾ സ്ഥാപിക്കും. ഇതുവഴി പ്രാദേശിക സംരംഭകർക്ക് ആഗോള പ്രൊഫഷണലുകളുമായി ബന്ധം സ്ഥാപിക്കാനാകും.
55. തായ് വാൻ മാതൃകയിൽ ആഗോള മൂല്യ ശൃംഖലയുമായി സംയോജിപ്പിക്കുന്നതിന് എംഎസ്എംഇ സ്ഥാപനങ്ങളുടെ ഹൈടെക് ക്ലസ്റ്ററുകൾ ആരംഭിക്കും. നിലവിലുള്ള വൺ ഡിസ്ട്രിക്ട് വൺ പ്രോഡക്ട് പ്രോജക്റ്റിനെ ഇതുമായി ബന്ധിപ്പിക്കാനാവും.
56. കെ-ഫോണിന്റെ പ്രവർത്തനം പൂർണതയിൽ എത്തിക്കും.
57. എല്ലാ അസംബ്ലി മണ്ഡലങ്ങളിലും പിപിപി മോഡലിൽ കെ-ഫോൺ ഫൈബർ ലിങ്ക്ഡ് കോ-വർക്കിംഗ് സ്പെയ്സുകൾ ആരംഭിക്കും.
58. **പുതിയ മിഷനുകൾ:** കേരള AI മിഷൻ, സെമിക്കോൺ കേരള, എമർജിംഗ് ടെക്നോളജീസ് മിഷൻ, ഫ്യൂച്ചർ കോർപ്പറേഷൻ, എന്നീ നാല് പുതിയ Mission Mode പരിപാടികൾ ആരംഭിക്കും. കേരള ഐടി മിഷൻ പുനസംഘടിപ്പിച്ച് കേരളത്തിന്റെ ഭരണസംവിധാനത്തെ എഐ അധിഷ്ഠിതമാക്കി മാറ്റുന്നതിനും 'സ്റ്റേറ്റ് ഡാറ്റാ എക്സ്ചേഞ്ച്' (SDEx), 'എഐ ബിൽ ഓഫ് റൈറ്റ്സ്' തുടങ്ങിയ വിപ്ലവകരമായ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി ഒരു സമഗ്ര ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ മിഷൻ (Digital Transformation Mission) രൂപീകരിക്കും. സെമികണ്ടക്ടർ മേഖലയിലെ ആഗോള അവസരങ്ങൾ പ്രയോജനപ്പെടുത്താനാണ് 'സെമിക്കോൺ കേരള' (Semicon Kerala) മിഷനും സർഗ്ഗാത്മക മേഖലയെ ഉത്തേജിപ്പിക്കാൻ 'സി-ഡിറ്റ്' (C-DIT) നവീകരിച്ച് 'AVGC-XR മിഷനും' സജീവമാക്കും. ലോകത്തെ പദാർത്ഥ സാങ്കേതികവിദ്യയുടെ വിതരണശൃംഖലയിൽ (Global Supply Chain) കേരളത്തെ മുൻനിരയിൽ എത്തിക്കുന്നതിന് ഗ്രാഫീൻ അധിഷ്ഠിത വ്യവസായങ്ങളെ വളർത്തിയെടുക്കും.
59. **ഡാറ്റ - പൊതു ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ:** മൂല്യസൃഷ്ടിയും ഡാറ്റാ നിയന്ത്രണവും ചില സ്വകാര്യ പ്ലാറ്റ്ഫോമുകളിൽ മാത്രമായി കേന്ദ്രീകരിക്കുന്ന

തിന് പകരം, ഭൂരേഖകൾക്കായി 'എന്റെ ഭൂമി', നഗരസേവനങ്ങൾക്കായി 'കെ-സ്മാർട്ട്', വാണിജ്യങ്ങൾക്ക് 'കെ-സ്റ്റോർ' എന്നിവ കൂടാതെ, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ അടിസ്ഥാനമാക്കിയ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ തയ്യാറാക്കും (Digital Transformation Mission).

60. ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ലൈഫ് സയൻസ്, ബയോടെക്നോളജി, മെറ്റീരിയൽ സയൻസ്, നാനോ സാങ്കേതികവിദ്യ, ഹരിത ഊർജ്ജ ഗവേഷണം-വികസനം എന്നിവയുമായി സംയോജിച്ച് പ്രവർത്തിക്കും. ഇതുവഴി കേരളത്തിലെ അറിവ് ഉൽപ്പാദനം പ്രാദേശിക നിർമ്മാണത്തിലേക്കും സേവനങ്ങളിലേക്കും ബൗദ്ധിക സ്വത്ത് സൃഷ്ടിയിലേക്കും മാറും. ഡിജിറ്റൽ കോമൺസും ശാസ്ത്ര-സാങ്കേതിക സംഗമവുമാണ് ഈ വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥാ പരിവർത്തനത്തിന്റെ അടിസ്ഥാനപ്രമാണം.

61. **സ്റ്റേറ്റ് ഡാറ്റാ എക്സ്ചേഞ്ച് (SDEx):** ഡാറ്റാ വിനിമയത്തിലൂടെ സർക്കാർ സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനും പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ സുതാര്യമായി ലഭ്യമാക്കാനും സ്റ്റേറ്റ് ഡാറ്റാ എക്സ്ചേഞ്ച് സ്ഥാപിക്കും (Digital Transformation Mission).

62. **അവകാശ അധിഷ്ഠിത ഡാറ്റാ നയം:** ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ചുള്ള തീരുമാനങ്ങളിൽ പൗരർക്ക് വ്യക്തത ഉറപ്പാക്കുന്ന 'കേരള എഐ ബിൽ ഓഫ് റൈറ്റ്സ്' 18 മാസത്തിനുള്ളിൽ നടപ്പിലാക്കും. തീരുമാനങ്ങൾ എങ്ങനെ എടുക്കപ്പെട്ടു എന്ന് അറിയാനുള്ള അവകാശം (Right to Explanation) ഇതിലൂടെ നിയമവിധേയമാക്കും (Digital Transformation Mission).

63. **മലയാളം ഡാറ്റാ ലോക്കലൈസേഷൻ:** ഭാഷാപരമായ വിടവ് നികത്തുന്നതിനായി മലയാളം ലാംഗ്വേജ് മോഡലുകൾ (LLMs) വികസിപ്പിക്കും. പ്രാദേശിക ഡാറ്റ ഉപയോഗപ്പെടുത്തി നിർമ്മിക്കുന്ന ഇത്തരം സംവിധാനങ്ങൾ സാധാരണക്കാർക്ക് എഐ ഗുണങ്ങൾ ലഭ്യമാക്കാൻ സഹായിക്കും (ICFOSS). ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയറിന്റെ (ICFOSS) പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും.

64. **സേഫ് ടെക് (SafeTech) ഫ്രെയിംവർക്ക്:** ഡാറ്റാ സ്വകാര്യത, സൈബർ സുരക്ഷ, അൽഗോരിതമിക് സുതാര്യത എന്നിവ എല്ലാ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുടെയും അടിസ്ഥാന പ്രമാണമായി മാറ്റും (CERT- K).

65. **ഡാറ്റാ സെന്ററുകൾ - SAICOMP കമ്പ്യൂട്ട് പോർട്ടൽ:** സ്റ്റാർട്ടപ്പുകൾക്കും ഗവേഷകർക്കും കുറഞ്ഞ ചെലവിൽ കമ്പ്യൂട്ടിംഗ് സൗകര്യം ലഭ്യമാക്കുന്നതിനായി 'സ്റ്റേറ്റ് എഐ കമ്പ്യൂട്ട് പോർട്ടൽ' (SAICOMP) ആരംഭിക്കും. 2026-ഓടെ ആയിരത്തിലധികം ജിപിയു (GPU) ശേഷിയുള്ള ഒരു കേന്ദ്രീകൃത കമ്പ്യൂട്ട് ഗ്രിഡ് സജ്ജമാക്കും. (Digital Transformation Mission)

66. **ഗ്രീൻ കമ്പ്യൂട്ട് പാർക്കുകൾ:** നിർമ്മിത ബുദ്ധിക്ക് ആവശ്യമായ വലിയ

കമ്പ്യൂട്ടിംഗ് ശേഷി നൽകുന്നതിനായി പുനരുപയോഗ ഊർജ്ജത്തിൽ (Renewable Energy) പ്രവർത്തിക്കുന്ന ഗ്രീൻ കമ്പ്യൂട്ട് പാർക്കുകൾ സ്ഥാപിക്കും. കർശനമായ കാർബൺ ഇന്റൻസിറ്റി മാനദണ്ഡങ്ങൾ (Carbon Intensity SLAs) പാലിച്ചുകൊണ്ടായിരിക്കും ഇവയുടെ പ്രവർത്തനം. (IT Parks)

67. **സ്റ്റേറ്റ് എഐ ക്ലൗഡ് (State AI Cloud):** വിവിധ സർക്കാർ വകുപ്പുകൾക്ക് അവരുടെ എഐ മോഡലുകൾ പരിശീലിപ്പിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനുമായി ഓൺ-ഡിമാൻഡ് ജിപിയു/ഹൈ-പെർഫോമൻസ് കമ്പ്യൂട്ടിംഗ് സൗകര്യങ്ങൾ നൽകുന്ന ഒരു ക്ലൗഡ് പ്ലാറ്റ്ഫോം സജ്ജമാക്കും. (Digital Transformation Mission)

68. **എഡ്ജ് എഐ വിന്യാസം (Edge AI Deployment):** കെ-ഫോൺ (KFON) നൽകുന്ന അതിവേഗ ഡിജിറ്റൽ ശൃംഖല ഉപയോഗപ്പെടുത്തി സംസ്ഥാനത്തുടനീളം എഡ്ജ് എഐ (Edge AI), ഐഒടി (IoT) സംവിധാനങ്ങൾ വിന്യസിക്കും. (KFON)

69. **ഡാറ്റാ സെന്റർ ഹബ്ബ്:** കൊച്ചിയിൽ വികസിപ്പിക്കുന്ന എഐ സിറ്റിയോടനുബന്ധിച്ച് അത്യാധുനിക ഡാറ്റാ സെന്ററുകൾ സ്ഥാപിക്കും. ഇത് ആഗോള കമ്പനികളെ കേരളത്തിലേക്ക് ആകർഷിക്കാൻ സഹായിക്കും.

70. **കമ്പ്യൂട്ടേഷണൽ ലിറ്ററസി:** കമ്പ്യൂട്ട് സൗകര്യങ്ങൾ കേവലം സാങ്കേതിക വിദഗ്ധർക്ക് മാത്രമല്ല, സാധാരണക്കാർക്കും സ്റ്റാർട്ടപ്പുകൾക്കും അവരുടെ ഉൽപ്പന്ന വികസനത്തിനായി ഉപയോഗിക്കത്തക്ക രീതിയിൽ ലളിതമാക്കും.

71. **ഫണ്ടുകൾ - ഫീഡർ ഫണ്ട് (Feeder Fund):** ഗ്ലോബൽ വെഞ്ച്വർ ക്യാപിറ്റൽ ഫണ്ടുകളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി ഒരു ഫീഡർ ഫണ്ട് സ്ഥാപിക്കും. ഇത് അന്താരാഷ്ട്ര നിക്ഷേപകർക്ക് കേരളത്തിലെ സ്റ്റാർട്ടപ്പുകളിലും ഐടി പദ്ധതികളിലും എളുപ്പത്തിൽ നിക്ഷേപം നടത്താനുള്ള ഒരു പ്രവേശനകവാടമായി (Entry Point) പ്രവർത്തിക്കും.

72. **പുതിയ വെഞ്ച്വർ ക്യാപിറ്റൽ ഫണ്ടുകൾ (New Venture Capital Funds):** ഡീപ്-ടെക്, സെമികണ്ടക്ടർ, എഐ തുടങ്ങിയ ഉയർന്ന വളർച്ചാസാധ്യതയുള്ള മേഖലകളിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്കായി കേരളം ആസ്ഥാനമായി സ്വകാര്യ വെഞ്ച്വർ ക്യാപിറ്റൽ ഫണ്ടുകൾ രൂപീകരിക്കുന്നതിന് സർക്കാർ സഹായം ലഭ്യമാക്കും. ഇത് സ്റ്റാർട്ടപ്പുകൾക്ക് അവരുടെ പ്രാരംഭ ഘട്ടത്തിന് ശേഷമുള്ള വിപുലീകരണത്തിന് (Scaling) ആവശ്യമായ വലിയ മൂലധനം ലഭ്യമാക്കും.

73. **ക്രിയേറ്റീവ് ഇക്കോണമി ഫണ്ട് (Creative Economy Fund):** നിർമ്മിത ബുദ്ധിക്കാലത്ത് കല, ഡിജിറ്റൽ ഡിസൈൻ, മീഡിയ, ഗെയിമിംഗ് തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന സർഗ്ഗാത്മക സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ പ്രത്യേക ഫണ്ട് അനുവദിക്കും. സാങ്കേതികവിദ്യയും സർഗ്ഗാത്മക

തയും ഒത്തുചേരുന്ന പുതിയ തൊഴിൽ വിപണിയെ ഇത് ഉത്തേജിപ്പിക്കും.

74. **കമ്പ്യൂട്ട് ആസ് ക്യാപിറ്റൽ (Compute as Capital):** സാമ്പത്തിക മൂലധനത്തിനൊപ്പം 'കമ്പ്യൂട്ടേഷണൽ പവർ' ഒരു മൂലധനമായി പരിഗണിക്കും. SAICOMP പോർട്ടൽ വഴി ജിപിയു (GPU) ശേഷി സ്റ്റാർട്ടപ്പുകൾക്ക് കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നത് അവരുടെ പ്രവർത്തനച്ചെലവ് കുറയ്ക്കുകയും വേഗത്തിലുള്ള വളർച്ച ഉറപ്പാക്കുകയും ചെയ്യും.

75. **ബൗദ്ധിക സ്വത്ത് മൂലധനം (IP as Capital):** പേറ്റന്റുകളെയും ബൗദ്ധിക സ്വത്തിനെയും സാമ്പത്തിക മൂല്യമായി (Valuation) കണക്കാക്കാൻ ബാങ്കിംഗ് മേഖലയുമായി ചേർന്ന് പുതിയ ചട്ടക്കൂട് നിർമ്മിക്കും.

76. **ക്രിയേറ്റീവ് ഇക്കോണമി (Creative Economy):** സാങ്കേതികവിദ്യയും കലയും ഒത്തുചേരുന്ന 'ക്രിയേറ്റീവ് ഇക്കണോമി' കേരളത്തിന്റെ വിജ്ഞാന സമ്പദ്‌വ്യവസ്ഥയുടെ നെടുംതൂണായി മാറും. നിർമ്മിത ബുദ്ധിയിലൂടെ കലാകാരന്മാരെയും ഡിസൈനർമാരെയും ആഗോളതലത്തിലുള്ള 'ഡിജിറ്റൽ നിർമ്മാതാക്കളായി' (Digital Producers) നാം ഉയർത്തും. അനിമേഷൻ, വിഷ്വൽ ഇഫക്ട്സ്, ഗെയിമിംഗ്, ഡിജിറ്റൽ ഡിസൈൻ എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന സംരംഭകർക്കും കലാകാരന്മാർക്കും പ്രാരംഭ നിക്ഷേപവും പിന്തുണയും നൽകാനായി ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കും.

77. **ക്രിയേറ്റീവ് ഇക്കോണമി പരിശീലന-പ്രവർത്തന കേന്ദ്രങ്ങൾ:** എഐ പവേർഡ് ക്രിയേറ്റീവ് സ്റ്റുഡിയോകൾ, എക്സ്റ്റൻഡഡ് റിയാലിറ്റി (XR) ലാബുകൾ, ഗെയിമിംഗ് & ഇ-സ്പോർട്സ് ഇൻക്യുബേഷൻ സെന്ററുകൾ, വെർച്വൽ പ്രൊഡക്ഷൻ സെന്ററുകൾ, സാംസ്കാരിക പൈതൃകത്തിന്റെ ഡിജിറ്റലൈസേഷൻ തുടങ്ങിയവ എല്ലാ ജില്ലകളിലും കലാലയങ്ങളുമായി ബന്ധപ്പെട്ട് ആരംഭിക്കും. വിദ്യാർത്ഥികൾക്ക് ഈ മേഖലകളിൽ കരിയർ സാധ്യത പ്രയോജനപ്പെടുത്താനുള്ള പരിശീലനവും പ്രൊജക്റ്റുകിൽ വിദ്യാർത്ഥികൾക്ക് പെയ്ഡ് ഇന്റേഷൺഷിപ്പോടുകൂടി പ്രവർത്തിക്കാനുള്ള അവസരവും സൃഷ്ടിക്കും.

78. **ബൗദ്ധിക സ്വത്ത് സംരക്ഷണം (IP Rights):** ഡിജിറ്റൽ കലാകാരന്മാരുടെ സൃഷ്ടികൾക്കും ഡിസൈനുകൾക്കും ബൗദ്ധിക സ്വത്തവകാശം (Intellectual Property) ഉറപ്പാക്കാനും അവയിലൂടെ വരുമാനം കണ്ടെത്താനും ബ്ലോക്ക് ചെയിൻ അധിഷ്ഠിത പ്ലാറ്റ്ഫോമുകൾ ഒരുക്കും.

79. **മാർക്കറ്റിംഗ്:** അന്താരാഷ്ട്ര തലത്തിൽ ശക്തമായ ബ്രാൻഡിംഗ് ക്യാമ്പയിനുകൾ സംഘടിപ്പിക്കും. 'ദി ഫ്യൂച്ചർ കോർപ്പറേഷൻ' (TFC) ആയിരിക്കും ഈ ആഗോള ഔട്ട്റീച്ച് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

80. **പുതിയ ആഗോള ആഖ്യാനം (A New Global Narrative):** "കേരളം: ആഗോള പ്രതിഭകൾ, ധാർമ്മിക സാങ്കേതികവിദ്യ, സുസ്ഥിര വളർ

ച്ച" (Kerala: Global Talent. Ethical Tech. Sustainable Growth) എന്ന പുതിയ സന്ദേശം ലോകമെമ്പാടുമുള്ള നിക്ഷേപകരിലേക്ക് എത്തിക്കും.

81. **ജി.സി.സി മാഗ്നറ്റിസം (GCC Magnetism):** കേരളത്തിലെ ഉയർന്ന ജീവിതനിലവാരവും ശുദ്ധമായ പരിസ്ഥിതിയും മുൻനിർത്തി ആഗോള കമ്പനികളുടെ ഗ്ലോബൽ ക്യാപബിലിറ്റി സെന്ററുകളെ (GCCs) സംസ്ഥാനത്തേക്ക് ആകർഷിക്കും. പുതിയ ജി.സി.സികൾക്ക് തടസ്സങ്ങളില്ലാത്ത തുടക്കം ഉറപ്പാക്കാൻ ഒരു 'ജി.സി.സി ബോയിലർപ്ലേറ്റ്' (GCC Boilerplate) സൗകര്യം ഏർപ്പെടുത്തും.

82. **നിക്ഷേപ സംഗമങ്ങൾ:** മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലും മറ്റു രാജ്യങ്ങളിലും ലോക കേരള സഭയുടെ പിന്തുണയോടെ 'ജി.സി.സികൾക്കായി ജി.സി.സി' (GCCs for GCC - Gulf Cooperation Council) റൗണ്ട് ടേബിളുകൾ സംഘടിപ്പിക്കും. കൂടാതെ, ഹഡിൽ ഗ്ലോബൽ (Huddle Global) പോലുള്ള പരിപാടികളിലൂടെ 10,000 കോടി രൂപയുടെ സ്വകാര്യ നിക്ഷേപം ഉറപ്പാക്കും.

83. **ഗവൺമെന്റ് ആസ് എ മാർക്കറ്റ് പ്ലേസ് (GaaM):** പ്രാദേശികമായി വികസിപ്പിക്കുന്ന വിപ്ലവകരമായ സാങ്കേതിക വിദ്യകളുടെ ആദ്യ ഉപഭോക്താവായി സർക്കാർ മാറുകയും, നമ്മുടെ സ്റ്റാർട്ടപ്പുകൾക്ക് ആഗോള വിപണിയിൽ വിശ്വാസ്യത ഉറപ്പാക്കാൻ സഹായിക്കുകയും ചെയ്യും.

84. **പ്രൊഡക്റ്റ് ഓണർഷിപ്പ് പ്രോത്സാഹനം:** കുറഞ്ഞ ലാഭമുള്ള ഔട്ട്സോഴ്സിംഗ് ജോലികളിൽ നിന്ന് മാറി സ്വന്തമായി ഉൽപ്പന്നങ്ങളും ബൗദ്ധിക സ്വത്തും (IP) നിർമ്മിക്കുന്ന കമ്പനികൾക്ക് പ്രത്യേക ഗ്രാന്റുകളും പ്രോത്സാഹനങ്ങളും നൽകും. ഇവയിലൂടെയെല്ലാം കേരളം ലോകം ഉറ്റുനോക്കുന്ന ഒരു 'ഡീപ്-ടെക്' ലക്ഷ്യസ്ഥാനമായി മാറും.

85. **ഡിജിറ്റൽ എംപ്ലോയബിലിറ്റി ഗ്രിഡ്:** നൈപുണ്യ വികസനം, പ്രൊഫൈലിംഗ്, മാച്ചിംഗ്, പ്ലേസ്മെന്റ് എന്നിവയെ ഏകീകൃതമായി ബന്ധിപ്പിക്കുന്ന ഈ സമഗ്ര സംവിധാനമാണ് ഡിജിറ്റൽ എംപ്ലോയബിലിറ്റി ഗ്രിഡ്. കെ-ഡിസ്കിന്റെ ഡിജിറ്റൽ വർക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) കേരളത്തിന്റെ പ്രധാന പൊതുഡിജിറ്റൽ തൊഴിൽവിപണി പ്ലാറ്റ്ഫോം ആയിരിക്കും. ആഗോളവും ദേശീയവുമായ തൊഴിലുടമകളെ സംസ്ഥാനത്തുടനീളമുള്ള സർട്ടിഫൈഡ് നൈപുണ്യസമ്പന്നരുമായി ബന്ധിപ്പിക്കുന്ന കണ്ണിയായിരിക്കും. തൊഴിലാളികളിൽ നിന്ന് മൂല്യം പിഴിയുകയും എല്ലാ റിസ്കും അവരുടെ മേൽ മാറ്റുകയും ചെയ്യുന്ന സ്വകാര്യ ഗിഗ്–പ്ലാറ്റ്ഫോമുകളിൽ നിന്നു വ്യത്യസ്തമായി, DWMS പൂർണ്ണമായും പൊതുതാൽപര്യാധിഷ്ഠിതവും സുതാര്യവുമായ, അവകാശാധിഷ്ഠിതമായ ഒരു പ്ലാറ്റ്ഫോം ആയിരിക്കും.

86. **SDPK നെറ്റ്‌വർക്കും വെർച്വൽ ജോബ്ഫെയറുകളും:** സംസ്ഥാനത്തെ

എല്ലാ എൻജിനിയറിങ് കോളേജുകളിലും പോളിടെക്നിക്കുകളിലും ഐ.ടി.ഐകളിലും പ്രാദേശിക ഭരണസ്ഥാപനങ്ങളിലും വർക്ക്–നിയർ–ഹോം കേന്ദ്രങ്ങളിലുമുള്ള ഡിജിറ്റൽ അടിസ്ഥാനസൗകര്യവുമായി സംയോജിച്ച്, കരിയർ–എംപ്ലോയബിലിറ്റിക്കായുള്ള ഒരു സംസ്ഥാനവ്യാപക ഡിജിറ്റൽ ഗ്രിഡ് സൃഷ്ടിക്കും.

87. **ഡീപ്–ടെക്:** കേരളത്തിന്റെ ഡിജിറ്റൽ രൂപാന്തരീകരണം കേവലം ഐ.ടി. മേഖലയിലെ വളർച്ചാ കഥയല്ല; ജീവശാസ്ത്രം, ബയോടെക്നോളജി, പദാർത്ഥ വിജ്ഞാനീയം, നാനോ സാങ്കേതികവിദ്യ, ഹരിത ഊർജ്ജം എന്നിവയുമായി ഡിജിറ്റൽ സാങ്കേതികവിദ്യകൾ സംയോജിച്ച് ഉയർന്ന മൂല്യമുള്ള ഉൽപ്പന്നങ്ങളും ബൗദ്ധികസ്വത്തും (IP) പരിഹാരങ്ങളും സൃഷ്ടിക്കുന്ന ഒരു സംഗമ ടെക്നോ–സയന്റിഫിക് പരിസരം സൃഷ്ടിക്കുന്നതിലേക്കുള്ള സംസ്ഥാനത്തിന്റെ പ്രവേശനമായിരിക്കും. ഡിജിറ്റൽ സയൻസ് പാർക്ക്, കെ–സ്പേസ്, AVGC-XR Centres of Excellence, AI–സെമികണ്ടക്ടർ ഇടപെടലുകൾ എന്നിവ, അടുത്ത നൂറ്റാണ്ടിനെ നിർവ്വചിക്കുന്ന തന്ത്രപ്രധാന സാങ്കേതിക മേഖലകളിൽ കേരളത്തെ മുന്നിലാക്കും.

88. **വൈവിധ്യവൽക്കരണവും ഉയർന്ന മൂല്യസൃഷ്ടിയും:** കേരളത്തിന്റെ വികസന മാതൃക, ഉൽപ്പന്നങ്ങളുടെയും കയറ്റുമതിയുടെയും കുറഞ്ഞ മൂല്യമുള്ള സേവനങ്ങളുടെയും ആശ്രിതത്വത്തിൽ നിന്ന് മാറി, സംഗമ ടെക്നോ–സയന്റിഫിക് ഇടങ്ങളിൽ സൃഷ്ടിക്കപ്പെടുന്ന ഉയർന്ന മൂല്യമുള്ള IP, ഉൽപ്പന്നങ്ങൾ, പരിഹാരങ്ങൾ എന്നിവയ്ക്കാണ് പ്രാധാന്യം നൽകുക. ഈ സംഗമം, കേരളം ഐ.ടി.യെ ഒറ്റപ്പെട്ട മേഖലയിൽ നിന്നു മാറ്റി എല്ലാ തന്ത്രപ്രധാന മേഖലകളിലേയും പുരോഗതികളെ ഡിജിറ്റൽ സാങ്കേതികവിദ്യകൾ ശക്തിപ്പെടുത്തുന്ന ഒരു ഏകീകൃത ടെക്നോ–സയന്റിഫിക് ആവാസവ്യവസ്ഥ സൃഷ്ടിക്കും. ഇങ്ങനെ, ഡിജിറ്റൽ രൂപാന്തരീകരണം കേരളത്തിന്റെ സാമ്പത്തിക പരിവർത്തനത്തിന് ബൗദ്ധികവും സ്ഥാപനപരവുമായ പിന്തുണയായി മാറും.

89. **ഡിജിറ്റൽ തുല്യത:** ഡിജിറ്റൽ വിപ്ലവത്തിന്റെ ഗുണഫലങ്ങൾ സ്ത്രീകൾക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും മുതിർന്ന പൗരന്മാർക്കും ഒരുപോലെ ലഭ്യമാകുന്ന 'ഡിജിറ്റൽ തുല്യത' (Digital Equity) നാം ഉറപ്പാക്കും. ഡിജിറ്റൽ വിടവ് (Digital Divide) നികത്തുന്നതിനായി പിന്നോക്ക മേഖലകളിൽ അതിവേഗ ഇന്റർനെറ്റും കമ്പ്യൂട്ടിംഗ് ഉപകരണങ്ങളും എത്തിക്കാൻ പ്രത്യേക ഫണ്ട് നീക്കിവയ്ക്കും.

90. **ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ:** 2031ഓടെ എല്ലാ സർക്കാർ സേവനങ്ങളും 100 ശതമാനം ഡിജിറ്റൽ മാർഗ്ഗത്തിലൂടെ നൽകുക എന്നതാണ് കേരളത്തിന്റെ ലക്ഷ്യം. സുരക്ഷിത ഡാറ്റാ മാനേജ്മെന്റും ഭരണനിർവഹണവും ഉറപ്പാക്കുന്ന ഡാറ്റാ കേരള പദ്ധതി ഇതിന് പിന്തുണ നൽകും. കൂടാതെ

പൊതുമേഖലയിലെ സോഫ്റ്റ്വെയർ ചെലവിൽ 30 ശതമാനം കുറവ് Free and Open-Source Software (FOSS) വ്യാപകമായി പ്രയോഗിച്ചുകൊണ്ട് നേടാനാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്.

91. **ഡിജി കേരള 2.0:** 2025-2035 കാലഘട്ടത്തിലെ കേരളത്തിന്റെ ഡിജിറ്റൽ പരിവർത്തനത്തിൽ നാം കൂടുതൽ പ്രാപ്യമാകുന്ന മലയാള ഭാഷയേയും മൊബൈൽ – റെസ്പോൺസീവ് ഡിസൈൻ ആധാരമാക്കിയ സങ്കേതങ്ങളിലാണ് ഊന്നുക. കൂടാതെ എല്ലാ ഡിജിറ്റൽ സംവിധാനങ്ങളിലും ഡാറ്റാ സ്വകാര്യത, അൽഗൊരിതമിക സുതാര്യത, സൈബർ സുരക്ഷ, പൗരാവകാശ സംരക്ഷണം എന്നിവ ഉറപ്പുവരുത്തും.

92. **വൈ–ഫൈ:** സംസ്ഥാനത്തുടനീളം 10000 പബ്ലിക് വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കും. അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തും. വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രങ്ങൾ ആദായകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

## ടൂറിസം

93. **ഇരട്ടി വലുപ്പം:** 2031 ആകുമ്പോഴേക്കും 5 കോടി ആഭ്യന്തര ടൂറിസ്റ്റുകളെയും 15 ലക്ഷം വിദേശ ടൂറിസ്റ്റുകളെയും കേരളത്തിലേക്ക് ആകർഷിക്കും. ഇപ്പോൾ വരുന്ന ടൂറിസ്റ്റുകളുടെ എണ്ണത്തിന്റെ ഇരട്ടി വരുമിത്. ഇത്തരമൊരു വിപുലീകരണത്തിനാവശ്യമായ പശ്ചാത്തലസൗകര്യങ്ങൾ ആസൂത്രിതമായി സൃഷ്ടിക്കും.

94. **ആഭ്യന്തര ടൂറിസം:** കേരള ടൂറിസത്തിന്റെ ഏറ്റവും വലിയ കരുത്തായി മാറിയത് ആഭ്യന്തര വിനോദസഞ്ചാരികളുടെ സ്ഥിരതയുള്ള വളർച്ചയാണ്. ചെറിയ യാത്രകൾ, വാരാന്ത്യ ടൂറിസം, കുടുംബസഞ്ചാരങ്ങൾ, തീർത്ഥാടന യാത്രകൾ, ആരോഗ്യ-വെൽനെസ് യാത്രകൾ എന്നിവയ്ക്ക് കൂടുതൽ ആകർഷക ഡെസ്റ്റിനേഷനുകളും സൗകര്യങ്ങളും സൃഷ്ടിക്കും.

95. **വിദേശ ടൂറിസം:** ഉയർന്ന മൂല്യമുള്ള, ദീർഘകാലം താമസിക്കുന്ന, പരിസ്ഥിതിയോടും സമൂഹത്തോടും ഉത്തരവാദിത്തം പുലർത്തുന്ന വിദേശസഞ്ചാരികളെയാണ് കേരളം ലക്ഷ്യമിടുക. ഇതിനായുള്ള നയങ്ങൾ രൂപീകരിക്കും.

96. **പുനരുജ്ജീവന ടൂറിസം (Regenerative Tourism):** ഈ ആശയത്തിലൂന്നിക്കൊണ്ടുള്ള കർമ്മപദ്ധതിക്ക് തുടക്കം കുറിക്കും. പരിസ്ഥിതിക്ക് ദോഷം കുറയ്ക്കുക എന്നതിലുപരി, പരിസ്ഥിതിയും സമൂഹവും മെച്ചപ്പെടുന്ന തരത്തിലുള്ള ടൂറിസം എന്നതാണ് പുതിയ സമീപനം. കാർബൺ ന്യൂട്രാലിറ്റി, ജൈവവൈവിധ്യ സംരക്ഷണം, എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം, പുനരുപയോഗ ഊർജം, പ്രാദേശിക ഭക്ഷ്യശൃംഖലകൾ എന്നിവ ടൂറിസം നയത്തിന്റെ ഭാഗമാകും.

97. “കാണുക” എന്നതിൽ നിന്ന് “അനുഭവിക്കുക” എന്നതിലേക്കുള്ള മാറ്റമാ

ണ് കേരള ടൂറിസത്തിന്റെ ഭാവി. ഗ്രാമീണ ജീവിതാനുഭവങ്ങൾ, കാർഷിക ടൂറിസം, മഴക്കാല ടൂറിസം, സാഹിത്യ-സാംസ്കാരിക സർക്യൂട്ടുകൾ, ഭക്ഷണപാതകൾ, ഫെസ്റ്റിവലുകൾ ഇവയെല്ലാം വഴി അനുഭവ കേന്ദ്രീകൃത ടൂറിസത്തെ കൂടുതൽ ശക്തമാക്കും.

98. **ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ:** ഒരു ടൂറിസം ഡെസ്റ്റിനേഷൻ യഥാർത്ഥത്തിൽ പ്രവർത്തനക്ഷമമാകുന്നത് അതിന്റെ അടിസ്ഥാന സൗകര്യങ്ങളിലൂടെയാണ്. ഒരു വിനോദസഞ്ചാര കേന്ദ്രത്തിലേക്കുള്ള യാത്ര എത്രത്തോളം സുഗമവും സുരക്ഷിതവുമാണെന്നതാണ് ഒരു ഡെസ്റ്റിനേഷന്റെ ആകർഷണത്തെ നിർണയിക്കുന്നത്. ഡിസൈൻ ചെയ്ത റോഡുകൾ, പൊതു ഗതാഗത സംവിധാനങ്ങളുടെ മെച്ചപ്പെടുത്തൽ, റെയിൽവേ–റോഡ്–ജലഗതാഗത സംയോജനം, ഹെലിപാഡുകൾ, സീപ്ലെയിൻ സൗകര്യങ്ങൾ എന്നിവ ടൂറിസം വികസനത്തിന്റെ ഭാഗമാക്കും. ടൂറിസം കേന്ദ്രങ്ങളിൽ ശുചിത്വ സൗകര്യങ്ങൾ, ശുദ്ധജല ലഭ്യത, മാലിന്യ സംസ്കരണ സംവിധാനം, സുരക്ഷാ സംവിധാനങ്ങൾ, സൈൻബോർഡുകൾ, ഇൻഫർമേഷൻ കിയോസ്ക്കുകൾ, ഡിജിറ്റൽ കണക്റ്റിവിറ്റി എന്നിവ ഉറപ്പുവരുത്തും. ഇവയെല്ലാം ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഡിസൈൻ നയത്തിനു രൂപം നൽകും.

99. **ടൂറിസം ഇടനാഴി:** കേവലം ചില ഡെസ്റ്റിനേഷനുകൾ മാത്രമായി ലക്ഷ്യമിടാതെ അവയെ കോർത്തിണക്കി ഇടനാഴികകളായി ടൂറിസത്തെ വികസിപ്പിക്കുന്ന സമീപനം കൈക്കൊള്ളും. ടൂറിസം കേന്ദ്രങ്ങളെ ഒറ്റപ്പെട്ട ദ്വീപുകളായി കാണുന്നതിന് പകരം, പരസ്പരം ബന്ധിപ്പിച്ച അനുഭവ പാതകളായി കാണുകയാണ് ഈ സമീപനം. യാത്ര എന്നത് ഒരു പോയിന്റിൽ നിന്ന് മറ്റൊരു പോയിന്റിലേക്കുള്ള നീക്കമല്ല, മറിച്ച് വഴിയിലുടനീളം അനുഭവപ്പെടുന്ന ജീവിതവും സംസ്കാരവും പ്രകൃതിയും ആകണമെന്ന ബോധ്യമാണ് ഇതിന്റെ അടിത്തറ. ചില കേന്ദ്രങ്ങളിലെ അമിതമായ തിരക്കും അസന്തുലിതാവസ്ഥകളും ഒഴിവാക്കുന്നതിന് ഇടനാഴി സമീപനം സഹായിക്കും. സുസ്ഥിര ടൂറിസമാണ് ഇടനാഴി സമീപനത്തിന്റെ കാതൽ.

100. തീരദേശ ഇടനാഴി വെറും ബീച്ചുകളെ മാത്രമല്ല, മത്സ്യബന്ധന ഗ്രാമങ്ങൾ, തുറമുഖ നഗരങ്ങൾ, തീരദേശ ഭക്ഷണ സംസ്കാരം, കരകൗശല വിപണികൾ, ചരിത്ര സ്മൃതികൾ എന്നിവയെല്ലാം ഒരേ അനുഭവ ശൃംഖലയിലാക്കി മാറ്റുന്നു.

101. തീരദേശ ഇടനാഴി കേരളത്തിന്റെ തീരദേശം വെറും ബീച്ചുകളുടെ കൂട്ടമല്ല. മത്സ്യബന്ധന ജീവിതം, തീരദേശ ഭക്ഷണ സംസ്കാരം, കടൽപാരമ്പര്യങ്ങൾ, തുറമുഖ നഗരങ്ങൾ – ഇവയെല്ലാം അനുഭവിക്കുന്നതിന് ക്രൂയിസും തീരദേശഹൈവേയും ഉപയോഗപ്പെടുത്തും. സ്പൈസസ് റൂട്ട് യാഥാർത്ഥ്യമാക്കും.

102. ജലപാത ഇടനാഴി ഹൗസ് ബോട്ടുകൾക്ക് അപ്പുറത്തേക്ക് നീളുന്ന ഒരു കാ

യൽ ടൂറിസമാണ് ഇവിടെ ലക്ഷ്യമിടുന്നത്. കർഷക ജീവിതം, നെൽകൃഷി, മത്സ്യബന്ധനം, നാട്ടുവഴികൾ, കായൽ ഉത്സവങ്ങൾ -- ഇതെല്ലാം അനുഭവമായി മാറ്റും. കേരളത്തിലെ ജലപാതകളെ ആസ്ഥാനമാക്കി ആയിരിക്കും കായൽ - പുഴ ജീവിതാനുഭവം പകർന്നുകൊടുക്കുക.

103. ഹിൽഹൈവേ ഇടനാഴി മലനാടൻ പ്രദേശങ്ങൾ ടൂറിസത്തിന്റെ വലിയ സാധ്യതകളാണ്. എന്നാൽ, അതീവ പരിസ്ഥിതി സംവേദനക്ഷമതയുള്ള മേഖലകളായതിനാൽ ക്യാരിയിംഗ് കപ്പാസിറ്റി അടിസ്ഥാനമാക്കിയുള്ള വികസനമാണ് ഇവിടെ നിർബന്ധം. കാരവൻ റൂട്ടുകൾ, ട്രെക്കിംഗ് പാതകൾ, ഹോംസ്റ്റേകൾ, കൃഷിയനുഭവങ്ങൾ എന്നിവയാകും കേന്ദ്രം.

104. ദേശീയപാതകളും റെയിൽവേയും കേരളത്തിലൂടെ കടന്നുപോകുന്ന വെറും ഗതാഗത പാതകളായിരിക്കില്ല. അവ ടൂറിസം പ്രവേശന കവാടങ്ങളായി മാറ്റും. വിസ്റ്റാ ഡോം ട്രെയിനുകൾ, ഹൈവേ സൗകര്യ കേന്ദ്രങ്ങൾ, ഫുഡ് കോർട്ടുകൾ, ക്രാഫ്റ്റ് മാർക്കറ്റുകൾ എന്നിവ ഈ ഇടനാഴികളിൽ ഉൾപ്പെടും.

105. **ഡെസ്റ്റിനേഷൻ മാനേജ്മെന്റ്:** വിവിധ ടൂറിസം ഏജൻസികളുടെ പ്രവർത്തനം പ്രാദേശികതലത്തിൽ ഏകോപിപ്പിക്കുന്ന ഡെസ്റ്റിനേഷൻ മാനേജ്മെന്റ് നടപ്പാക്കും. ഡാറ്റ അധിഷ്ഠിത നിരീക്ഷണ സംവിധാനങ്ങളിലൂടെ തിരക്ക് നിയന്ത്രണം, സീസണാലിറ്റി മാനേജ്മെന്റ്, ഓവർ-ടൂറിസം തടയൽ എന്നിവ ഫലപ്രദമായി നടപ്പിലാക്കും. ഇതിനാവശ്യമായ കാരിയിംഗ് കപ്പാസിറ്റി പഠനങ്ങൾ നടത്തും. തദ്ദേശഭരണ സ്ഥാപനങ്ങളെ ടൂറിസം മാനേജ്മെന്റ് സെല്ലിൽ ഉൾച്ചേർക്കും.

106. **ബ്രാൻഡിംഗ്:** “കേരളം” എന്ന ആശയത്തെ ബ്രാൻഡ് ചെയ്യുന്നതിന് ബ്രാൻഡിംഗ് ഭാഷ. സോഷ്യൽ മീഡിയ, വെർച്വൽ ടൂറുകൾ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ തുടങ്ങിയ ഡിജിറ്റൽ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തും. ഓൺലൈൻ ബുക്കിംഗ് പ്ലാറ്റ്ഫോമുകൾ, ഡിജിറ്റൽ പേയ്മെന്റ് സംവിധാനങ്ങൾ, വെർച്വൽ ടൂറുകൾ, മൾട്ടിലിംഗ്വൽ വിവര സംവിധാനങ്ങൾ, സ്മാർട്ട് സൈനേജുകൾ, മൊബൈൽ ആപ്പുകൾ എന്നിവ ടൂറിസം അനുഭവത്തിന്റെ ആദ്യഘട്ടം മുതൽ അവസാനഘട്ടം വരെ സഞ്ചാരിക്ക് ഒരു തുടർച്ചയായ, തടസ്സമില്ലാത്ത യാത്രാനുഭവം നൽകാൻ സഹായിക്കും.

107. **ഉത്തരവാദിത്വ ടൂറിസം:** ഇതായിരിക്കും കേരളത്തിന്റെ അടിസ്ഥാന നയസമീപനം. ടൂറിസത്തിന്റെ നേട്ടങ്ങൾ പ്രാദേശിക ജനതയ്ക്കുകൂടി ലഭ്യമാക്കും.

108. **സ്വകാര്യ നിക്ഷേപം:** ഉത്തരവാദിത്വ ടൂറിസത്തിന്റെ ചട്ടക്കൂടിനുള്ളിൽ ടൂറിസം മേഖലയിൽ സ്വകാര്യ നിക്ഷേപത്തെ വലിയ തോതിൽ ആകർഷിക്കാനായിരിക്കും പരിശ്രമിക്കുക. സ്വകാര്യ മൂലധന നിക്ഷേപത്തോടു ബന്ധപ്പെടുത്തി പശ്ചാത്തലസൃഷ്ടിക്ക് പൊതുനിക്ഷേപം നടത്തും. പല ടൂ

റിസം സൗകര്യങ്ങളുടെ നടത്തിപ്പിനും പിപിപി മാതൃക അവലംബിക്കും. അതിനായി ലളിതമായ അനുമതി സംവിധാനങ്ങൾ, സിംഗിൾ-വിൻഡോ ഫെസിലിറ്റേഷൻ, ക്രെഡിറ്റ്-ലിങ്ക്ഡ് ഫിനാൻസിംഗ്, റിസ്ക് പങ്കുവെക്കുന്ന ഗ്യാരന്റി സംവിധാനങ്ങൾ എന്നിവ അനിവാര്യമാണ്.

109. **സ്ത്രീകളുടെ പങ്കാളിത്തം:** കേരളത്തിലെ ടൂറിസം മേഖലയിൽ സ്ത്രീകളുടെ സാന്നിധ്യം പുതുമയുള്ള കാര്യമല്ല. ഉത്തരവാദിത്വ ടൂറിസത്തിന്റെ ഭാഗമായി ഒട്ടേറെ സ്ത്രീകൾ ചെറുകിട സംരംഭകരായുണ്ട്. അടുത്ത വെല്ലുവിളി ഡെസ്റ്റിനേഷൻ മാനേജ്മെന്റ് സ്ഥാപനങ്ങൾ, ടൂറിസം ബോർഡുകൾ, മാർക്കറ്റിംഗ് ഏജൻസികൾ, നയരൂപീകരണ സമിതികൾ എന്നിവയുടെ നേതൃത്വത്തിൽ സ്ത്രീകളുടെ സാന്നിദ്ധ്യം ഉറപ്പിക്കുകയെന്നതാണ്.

110. ചെറുകിട സംരംഭങ്ങൾ, ഹോംസ്റ്റേകൾ, കമ്മ്യൂണിറ്റി അധിഷ്ഠിത ടൂറിസം, വനിതാ സംരംഭങ്ങൾ, സാമൂഹിക സംരംഭങ്ങൾ എന്നിവയ്ക്ക് പ്രോത്സാഹനം നൽകും. ചെറുകിട സംരംഭങ്ങൾക്കും സ്ത്രീകളുടെ സ്വയംസഹായ സംഘങ്ങൾക്കും യുവസംരംഭകർക്കും കൂടുതൽ അവസരങ്ങൾ ഉറപ്പുവരുത്തും.

111. **പരിശീലനം:** കേരളത്തിലെ ടൂറിസം വിദ്യാഭ്യാസ–പരിശീലന സംവിധാനങ്ങൾ പലപ്പോഴും കാലഹരണപ്പെട്ട പാഠ്യപദ്ധതികളിലും പരിമിതമായ പ്രായോഗിക പരിശീലനത്തിലുമാണ് കുടുങ്ങിയിരിക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളും വ്യവസായ, ടൂറിസം മേഖലകളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തും. നൈപുണ്യമുള്ള മനുഷ്യശേഷിയുടെ ക്ഷാമം പല മേഖലകളിലും അനുഭവപ്പെടുന്ന സ്ഥിതിയുണ്ട്. ഈ വെല്ലുവിളി മറികടക്കണമെങ്കിൽ, ടൂറിസം വിദ്യാഭ്യാസത്തെ വെറും സർട്ടിഫിക്കേഷൻ പ്രക്രിയയായി കാണാതെ, ജീവനാന്ത പഠനവും തുടർച്ചയായ നൈപുണ്യ നവീകരണവും സാധ്യമാക്കുന്ന ഒരു സമഗ്ര സംവിധാനമായി പുനർരൂപപ്പെടുത്തും.

112. **വർഷം മുഴുവൻ ടൂറിസം:** കേരളത്തെ വർഷം മുഴുവൻ ഉയർന്ന മൂല്യമുള്ള ഡെസ്റ്റിനേഷനായി റീ-ബ്രാൻഡ് ചെയ്യും. മഴക്കാല ടൂറിസം, വെൽനെസ്–ആയുർവേദം, സ്ലോ ടൂറിസം, ദീർഘകാല താമസം, ഗ്രാമീണ ജീവിതാനുഭവങ്ങൾ, ഭക്ഷണപാതകൾ, സാംസ്കാരിക ഉത്സവങ്ങൾ എന്നിവയെല്ലാം ചേർന്ന്, കേരളത്തെ വർഷം മുഴുവൻ മൂല്യമുള്ള വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റും.

113. **ഹരിതകേന്ദ്രങ്ങൾ:** കുടിവെള്ളം, മാലിന്യ സംസ്കരണം, വൃത്തിയുള്ള ശുചിമുറി, ജലലഭ്യത, വിശ്രമ കേന്ദ്രം, ഇരിപ്പിടങ്ങൾ, ഭക്ഷണശാല, എത്തിച്ചേരാൻ സുഗമമായ വഴികൾ, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവ ലഭ്യമാക്കി കേരളത്തിലെ 367 വിനോദ സഞ്ചാര കേന്ദ്രങ്ങളെ ഹരിത കേരളം മിഷൻ ഹരിത പദവിയിൽ എത്തിച്ചിട്ടുണ്ട്. ഇതേ മാതൃകയിൽ സംസ്ഥാ

നത്തെ എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളെയും ഹരിത പദവിയിൽ എത്തിക്കും.

114. **ക്രാഫ്റ്റ് ഹബ്ബുകൾ:** ടൂറിസം അധിഷ്ഠിത ക്രാഫ്റ്റ് ഹബ്ബുകൾ സ്ഥാപിക്കും. സാംസ്കാരിക പരിപാടികൾ, ടൂറിസം ശില്പശാലകൾ എന്നിവയുമായി കയർ, കരകൗശല മേഖലയെ ബന്ധപ്പെടുത്തി പദ്ധതികൾ ആവിഷ്കരിക്കും. കേരള ക്രാഫ്റ്റ് ട്രെയ്ൽ എന്ന പേരിൽ ഒരു മാപ്പ് തയ്യാറാക്കും. പരമ്പരാഗത കലാരൂപങ്ങളെ ടൂറിസം മേഖലയിലേക്ക് വിളക്കി ചേർക്കുന്ന ഒന്നായിരിക്കും ഇത്.

## II

## മികവുറ്റ പശ്ചാത്തലസൗകര്യങ്ങൾ

115. **രണ്ടുലക്ഷം കോടി രൂപയുടെ നിക്ഷേപം:** രണ്ടുലക്ഷം കോടി രൂപയുടെ വൻകിട പശ്ചാത്തലസൗകര്യ പദ്ധതികളാണ് ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്നത്. കിഫ്ബി വഴിയുള്ള വൻകിട പ്രോജക്ടുകൾക്കൊപ്പം കിഫ്ബി സഹായത്തോടെ നടപ്പാക്കുന്ന കേന്ദ്ര പദ്ധതികളുമുണ്ട്. ഈ പദ്ധതികളുടെ പൂർത്തീകരണത്തോടെ കേരളത്തിന്റെ പശ്ചാത്തലസൗകര്യ വിടവ് നികത്തപ്പെടും. കിഫ്ബിയെ സംരക്ഷിക്കും.

116. **റെയിൽവേ:** ഹൈ-സ്പീഡ് റെയിൽ, റീജിയണൽ റാപിഡ് ട്രാൻസിറ്റ് സിസ്റ്റം (RRTS) പോലുള്ള സംവിധാനങ്ങൾ അനിവാര്യമാണ് എന്ന തിരിച്ചറിവ് ഇന്നുണ്ടായിട്ടുണ്ട്. സിൽവർ ലൈൻ പദ്ധതിയെ എതിർത്ത് ഇല്ലാതാക്കിയ പ്രതിപക്ഷം പോലും ഇത് അംഗീകരിക്കുന്നുണ്ട്. റെയിൽവേ വികസനം കേന്ദ്ര സർക്കാരിന്റെ തീരുമാനങ്ങളെ ആശ്രയിച്ചിരിക്കുന്നു. നാലുഘട്ടങ്ങളിലായി RRTS നടപ്പാക്കുന്നതിനുള്ള നിർദ്ദേശം റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പൊതുവിൽ ഉയർന്ന തൂണുകളിൽ കൂടി പോകുന്ന ഈ ഗതാഗതമാർഗത്തിന്റെ പ്രത്യേകത നഗര മെട്രോ പദ്ധതികളുമായി സംയോജിപ്പിക്കാൻ കഴിയുമെന്നതാണ്. കേരളം തുറന്ന മനസ്സോടെ ഏത് പ്രായോഗിക നിർദ്ദേശവും പരിഗണിക്കുന്നതിന് തയ്യാറായിരിക്കും.

117. തെക്ക്-വടക്ക് ഹൈസ്പീഡ് റെയിൽ മറ്റൊരു തന്ത്രപ്രധാന ഇടപെടലാണ്. ഇത് ഒരു ഗ്രീൻ ഫീൽഡ് പദ്ധതിയായിട്ടേ വികസിപ്പിക്കാൻ കഴിയു. പ്രതിപക്ഷത്തിന്റെ കുത്തിത്തിരുപ്പും, കേന്ദ്രത്തിന്റെ വിവേചനവുംമൂലം വിലയേറിയ 5 വർഷം കേരളത്തിന് നഷ്ടപ്പെട്ടു. ഹൈസ്പീഡ് റെയിൽ കോറിഡോറിനുള്ള നിർദ്ദേശങ്ങളും കേന്ദ്രത്തിനു മുൻപിൽ സമർപ്പിക്കും.

118. തിരുവനന്തപുരത്തും കോഴിക്കോട്ടും മെട്രോ നടപ്പിലാക്കും. അങ്കമാലി - എരുമേലി ശബരി പാത സമയബന്ധിതമായി പൂർത്തീകരിക്കാൻ മുൻകൈയെടുക്കും. തലശ്ശേരി – മൈസൂർ, നിലമ്പൂർ - നഞ്ചങ്കോട് തുടങ്ങിയ പുതിയ പാതകൾ അനുവദിക്കുന്നതിനുള്ള സമ്മർദ്ദം ശക്തിപ്പെടുത്തും.

റെയിൽപ്പാത ഇരട്ടിപ്പിക്കുന്ന പ്രവർത്തനം എത്രയും വേഗം പൂർത്തീകരിക്കുന്നതിനു സമ്മർദ്ദം ചെലുത്തും.

119. **ബസ് ഗതാഗതം:** പ്രധാന നഗര ഇടനാഴികളിലും നഗര-പരിസര ബന്ധങ്ങളിലും ബസ് പ്രയോറിറ്റി സംവിധാനങ്ങൾ നടപ്പിലാക്കും. ഇതോടൊപ്പം, ബസ് ഫ്ലീറ്റിന്റെ നവീകരണവും ഇലക്ട്രിക് ബസുകളിലേക്കുള്ള ഘട്ടംഘട്ടമായ മാറ്റവും ഉറപ്പുവരുത്തും.

120. KSRTC പ്രവർത്തനം ലാഭത്തിലാക്കും. വരുമാനം വർധിപ്പിക്കുന്നതിന് ഇന്ന് സ്വീകരിച്ചുകൊണ്ടിരിക്കുന്ന നടപടികൾ ഫലപ്രദമാണെന്ന് തെളിഞ്ഞിട്ടുണ്ട്. ഇതോടൊപ്പം ഇന്ധനക്ഷമത വർധിപ്പിക്കുന്നതിനും, ബ്രേക്ക് ഡൗൺ റേറ്റ് കുറയ്ക്കുന്നതിനും, ഫ്ളീറ്റ് യൂട്ടിലൈസേഷൻ ഉയർത്തുന്നതിനും ഉള്ള നടപടികൾ ശക്തിപ്പെടുത്തും. KSRTC ക്ക് ബജറ്റിൽ നിന്ന് കഴിഞ്ഞ പത്ത് വർഷക്കാലത്തിനിടയിൽ 10,000-ത്തിലേറെ കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പൊതുഗതാഗത സംവിധാനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് KSRTC-യ്ക്കുള്ള പിന്തുണ തുടരും.

121. 2021 മുതൽ 2026 ജനുവരി വരെ ആകെ 662 പുതിയ ബസ്സുകൾ നിരത്തിലിറക്കി. കാലപ്പഴക്കം ചെന്ന ബസ്സുകളെ കണ്ടംചെയ്ത് പുതിയവ വാങ്ങുന്നതിന്റെ ഭാഗമായി ആധുനിക ഡീസൽ ബിഎസ് VI ബസുകൾ വാങ്ങുന്നതാണ്. ആറ്റിങ്ങൽ, കൊട്ടാരക്കര, കായംകുളം, ചെങ്ങന്നൂർ, ചങ്ങനാശ്ശേരി, എറണാകുളം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം മുതലായ ബസ്സ് സ്റ്റാൻഡുകൾ ആധുനിക നിലവാരത്തിൽ പ്രീ-ഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ച് നവീകരിക്കും.

122. KSRTC യുടെ പ്രവർത്തനം മെച്ചപ്പെടുന്നത് കണക്കിലെടുത്ത് ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കും. പെൻഷൻ പരിഷ്കരിക്കുകയും, DR വർദ്ധന അനുവദിക്കുകയും ചെയ്യും. കെഎസ്ആർടിസിയുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തിയശേഷം സൗജന്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

123. **ജലഗതാഗതം:** അടുത്ത 5 വർഷത്തിനുള്ളതിൽ ദേശീയ ജലപാതയുടെ നിർമ്മാണം പൂർത്തീകരിക്കുകയും ഗതാഗത യോഗ്യമാക്കുകയും ചെയ്യും. ആവശ്യമായ പണം കിഫ്ബിയിൽ നിന്ന് കണ്ടെത്തും. ദേശീയ ജലപാതയുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഉൾനാടൻ ജലഗതാഗത സംവിധാനം ശക്തിപ്പെടുത്തും. ദേശീയ ജലപാതകളുമായി ബന്ധിപ്പിക്കുന്ന ഫീഡർ കനാലുകൾ വികസിപ്പിക്കും.

124. വാട്ടർ മെട്രോ മാതൃക കൊല്ലം, ആലപ്പുഴ, കൊടുങ്ങല്ലൂർ തുടങ്ങി പല തീരദേശ-ബാക്‌വാട്ടർ മേഖലകളിലേക്കും വ്യാപിപ്പിക്കും. നിലവിലുള്ള ഫെറി സർവീസുകൾ നവീകരിക്കുകയും അവയെ പൊതുഗതാഗത ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്യും.

125. **വ്യോമയാനം:** കണ്ണൂർ വിമാനത്താവളത്തിന് ഇന്റർനാഷണൽ പോർട്ട്

ഓഫ് കാൾ പദവി ഉറപ്പുവരുത്തും. കോഴിക്കോട് വിമാനത്താവള നവീകരണത്തിന് ആവശ്യമായ ഭൂമി ലഭ്യമാക്കും. ഇടുക്കിയിലെ എയർസ്ട്രിപ്പ് വിപുലീകരിക്കും. വയനാട് ഹെലികോപ്ടർ സർവീസിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കും.

126. **തുറമുഖങ്ങൾ:** വിഴിഞ്ഞം രണ്ടാംഘട്ടം പൂർത്തീകരിക്കും. കൊല്ലം, പൊന്നാനി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങൾ നവീകരിക്കും. തീരദേശ ക്രൂയിസിനും ചരക്കുഗതാഗതത്തിനും ഇവ ഉത്തേജകമാവും.

127. **തീരദേശ കപ്പൽ ഗതാഗതം:** യാത്രയ്ക്കും ചരക്കുനീക്കത്തിനും വേണ്ടിയുള്ള തീരദേശ കപ്പൽ ഗതാഗതം സിയാൽ മോഡൽ കമ്പനിയുടെ അടിസ്ഥാനത്തിൽ നടപ്പാക്കുന്നതിനുള്ള  സാധ്യത ആരായും. കേരളത്തിലെ 9 തീരദേശ ജില്ലകളെയും കപ്പൽ മാർഗ്ഗേണ ബന്ധിപ്പിക്കുന്നതിനുള്ള പദ്ധതിയാണിത്. തുറമുഖങ്ങളിൽ ചെലവഴിക്കേണ്ടി വരുന്ന സമയം അടക്കം 8-9 മണിക്കൂർ നേരംകൊണ്ട് തെക്ക് - വടക്ക് യാത്ര സാധ്യമാകും.

128. **ചരക്കുഗതാഗതം:** ചരക്കുഗതാഗതത്തിൽ കൂടുതൽ പങ്ക് ജലഗതാഗതത്തിലേക്കും തീരദേശ തുറമുഖങ്ങളിലേക്കും മാറ്റും. നഗരകേന്ദ്രങ്ങളിലൂടെ അനിയന്ത്രിതമായി സഞ്ചരിക്കുന്ന വലിയ ചരക്കുവാഹനങ്ങൾ ഗതാഗതക്കുരുക്കിനും അപകടങ്ങൾക്കും കാരണമാകുന്നു. ഇതിന് പരിഹാരമായി നഗരപരിസരങ്ങളിൽ ചരക്ക് ഏകീകരണ കേന്ദ്രങ്ങൾ സൃഷ്ടിക്കുകയും അവിടെനിന്ന് ചെറുതും പരിസ്ഥിതിസൗഹൃദവുമായ വാഹനങ്ങളിലൂടെ ചരക്കുകൾ വിതരണം ചെയ്യുകയും ചെയ്യുന്ന മാതൃക സൃഷ്ടിക്കും.

129. **സൈക്ലിങ്ങും നടത്തവും:** നടത്തവും സൈക്ലിങ്ങും പോലുള്ള നോൺ-മോട്ടറൈസ്ഡ് ഗതാഗതമാർഗങ്ങൾക്ക് പ്രാധാന്യം നൽകും. ഇതിനായി തെരുവ് രൂപകൽപനയെ വാഹന ഗതാഗതത്തിന്റെ ഉപോൽപ്പന്നമായി കാണുന്ന സമീപനം മാറ്റി, മനുഷ്യരുടെ സഞ്ചാരമാണ് നഗരത്തിന്റെ കേന്ദ്രമെന്ന ബോധ്യത്തോടെ "പൂർണ്ണ തെരുവുകൾ" എന്ന ആശയം സ്വീകരിക്കും.

130. **ഏകോപനം:** RRTS-ഉം ഹൈസ്പീഡ് റെയിലും നഗരമദ്ധ്യങ്ങളെയും ഗ്രാമപരിസരങ്ങളെയും ഒരുപോലെ സേവിക്കുന്ന, ബസ്–മെട്രോ–വാട്ടർ ട്രാൻസ്പോർട്ടുമായി ഏകീകരിച്ച ഒരു ശൃംഖലയാണ് കേരളത്തിന്റെ ഗതാഗത ഭാവി. മെട്രോപൊളിറ്റൻ മേഖലകളിൽ ഏകീകൃത ഗതാഗത ആസൂത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്തും. നഗര-കോർപ്പറേഷനുകൾ, ഗതാഗത വകുപ്പ്, പോലീസ്, മെട്രോ-വാട്ടർ ട്രാൻസ്പോർട്ട് ഏജൻസികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയെല്ലാം ഇതിനായി ഒരുമിച്ച് വരേണ്ടതുണ്ട്. റോഡ് നിർമ്മാണം, ബസ് സർവീസുകൾ, ട്രാഫിക് നിയന്ത്രണം, നഗര പദ്ധതി, മെട്രോ റെയിൽ, വാട്ടർ ട്രാൻസ്പോർട്ട് - ഇവയെല്ലാം വ്യത്യസ്ത വകുപ്പുകളുടെയും ഏജൻസികളുടെയും ഉത്തരവാദിത്തത്തിലാണ്. ഇവ

തമ്മിലുള്ള ഏകോപനം ഉറപ്പുവരുത്തും.

131. വിവിധ വകുപ്പുകളിൽ ചിതറിക്കിടക്കുന്ന ഗതാഗത ഡാറ്റയെ ഒരൊറ്റ പ്ലാറ്റ് ഫോമിൽ ഏകീകരിക്കും. ബസ് ടിക്കറ്റ് വിവരങ്ങൾ, മെട്രോയും വാട്ടർ ട്രാൻസ്പോർട്ടും നൽകുന്ന യാത്രാ കണക്കുകൾ, വാഹന രജിസ്ട്രേഷൻ ഡാറ്റ, അപകട റിപ്പോർട്ടുകൾ തുടങ്ങിയവ എല്ലാം ഒരുമിച്ച് കൊണ്ടുവരും. അടുത്ത അഞ്ച് വർഷങ്ങളിൽ ബസ്, മെട്രോ, വാട്ടർ ട്രാൻസ്പോർട്ട്, സബർബൻ റെയിൽ എന്നിവയെ ഒരു പൊതുവായ ടിക്കറ്റ് സംവിധാനത്തി ലേക്ക് കൊണ്ടുവരും.

132. പുതിയ അടിസ്ഥാന സൗകര്യങ്ങളോടൊപ്പം നിലവിലുള്ള ആസ്തികളുടെ പരിപാലനവും കാലാവസ്ഥാ പ്രതിരോധവും അനിവാര്യമാണ്. അടിസ്ഥാന സൗകര്യ വികസനത്തിൽ കേരളത്തിന്റെ നേട്ടങ്ങൾ നിലനിർത്തിക്കൊണ്ട് Infrastructure 2.0 എന്ന ഘട്ടത്തിലേക്ക് കടക്കുമ്പോൾ "വിജ്ഞാന-പൊതു-അധിഷ്ഠിത ഇന്നവേഷൻ (knowledge-commons-based innovation) ഫ്രെയിം ആയിരിക്കും സ്വീകരിക്കുക.

# വൈദ്യുതി

133. **കേന്ദ്ര സർക്കാർ നയങ്ങൾക്കെതിരെ:** വൈദ്യുതി മേഖലയെ കമ്പനിക ളാക്കി വിഭജിക്കണമെന്നും സ്വകാര്യവൽക്കരിക്കണമെന്നുമുള്ള യൂണി യൻ സർക്കാർ സമീപനത്തോട് വൈദ്യുതി മേഖലയെ ഒറ്റസ്ഥാപനമായി പൊതുമേഖലയിൽ സംരക്ഷിക്കുകയെന്ന ബദൽനയം വെച്ചാണ് സംസ്ഥാ നം പ്രതികരിക്കുന്നത്. ഈ ബദലിന്റെ വിജയമാണ് സമ്പൂർണ്ണ വൈദ്യുതീ കരണം അടക്കം കേരളം ഈ രംഗത്ത് കൈവരിച്ച നേട്ടങ്ങളൊക്കെയും. വൈദ്യുതി വിതരണത്തിന് ബഹു ലൈസൻസിംഗ് നിർബന്ധമാക്കുന്ന വി ധത്തിൽ വൈദ്യുതി നിയമം ഭേദഗതി ചെയ്യാനാണ് യൂണിയൻ സർക്കാർ ശ്രമിക്കുന്നത്. ഇത് നമ്മുടെ സമീപനങ്ങൾക്ക് കനത്ത വെല്ലുവിളി ഉയർ ത്തുകയാണ്. ജനങ്ങളെ അണിനിരത്തി ഇവയെ ചെറുക്കുകയും ബദൽ വികസനതന്ത്രം കരുപ്പിടിപ്പിക്കുകയും ചെയ്യും.

134. സാങ്കേതികവിദ്യയുടെ ഉപയോഗത്തിലൂടെയും ചെലവ് ചുരുക്കിയും മാന വവിഭവ ശേഷി പരമാവധി കാര്യക്ഷമമാക്കിയും എല്ലാവർക്കും താങ്ങാവു ന്ന നിരക്കിൽ ഗുണമേൻമയുള്ള വൈദ്യുതി ലഭ്യമാക്കും. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ തുടർച്ച നിലനിർത്തും. വൈദ്യുതി സേവന ങ്ങൾ ലോകോത്തരനിലവാരത്തിലാക്കും.

135. **ആഭ്യന്തരോൽപ്പാദനം:** ആഭ്യന്തര വൈദ്യുതോൽപ്പാദനം വർദ്ധിപ്പിക്കുന്ന തിന് സാധ്യമായ എല്ലാ മാർഗ്ഗങ്ങളും പ്രയോജനപ്പെടുത്തും. ഇടുക്കി രണ്ടാംഘട്ടം പദ്ധതി നടപ്പാക്കും. 3000 കോടി രൂപയാണ് ഇതിന് ചെലവു വരിക. പണിനടന്നുവരുന്ന ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കുന്ന തിന് സമയബന്ധിത നടപടികൾ സ്വീകരിക്കും.

136. **സൗരോർജ്ജ സാധ്യതകളും പുരപ്പുറ വിപ്ലവവും:** 2026 ജനുവരിയോടെ കേരളത്തിൽ 1800 മെഗാവാട്ട് ശേഷിയുള്ള 3,47,276 പുരപ്പുറ സംവിധാനങ്ങൾ നിലവിലുണ്ട്. രാജ്യത്ത് ഈ രംഗത്തുള്ള ഏറ്റവും ഉയർന്ന വളർച്ച നേടിയത് കേരളമാണ്. 2030ഓടെ 4000-5000 മെഗാവാട്ട് സോളാർ ശേഷി ആർജ്ജിക്കണം. അതിന് സർക്കാർ കെട്ടിടങ്ങളിൽ മുൻഗണനാ അടിസ്ഥാനത്തിൽ പുരപ്പുറ സോളാർസിസ്റ്റം സ്ഥാപിക്കണം. റെസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് സബ്സിഡി പദ്ധതികളും ശാക്തീകരണ പരിപാടികളും ലളിതമാക്കിയ നടപടിക്രമങ്ങളും ആവിഷ്കരിക്കും. വാണിജ്യ മേഖലയിൽ നിശ്ചിത തറ വിസ്തീർണ്ണത്തിന് മുകളിലുള്ള പുതിയ വാണിജ്യ കെട്ടിടങ്ങൾക്ക് സ്റ്റോറേജ് സംവിധാനത്തോടുകൂടിയ സോളാർ നിർബന്ധിതമാക്കും. പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളായ ജലവൈദ്യുത പദ്ധതികൾ, സൗരോർജ്ജം, കാറ്റ് മുതലായവയിൽനിന്നുമായി 5000 മെഗാവാട്ട് അധികമായി ലഭ്യമാക്കും.

137. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സോളാർ നിലയം സ്ഥാപിച്ച് സൗജന്യവൈദ്യുതി ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കും. ഇതിനായി കമ്യൂണിറ്റി സ്റ്റോറേജ് സംവിധാനം ഉപയോഗപ്പെടുത്തും.

138. കേരളത്തിന്റെ സോളാർ ഹബ്ബായി കാസർകോട് ജില്ല മാറുകയാണ്. ഉഡുപ്പി-കാസർകോട് 400 കെ.വി. പ്രസരണലൈനും കാസർകോട് 400 കെ.വി. സബ്സ്റ്റേഷനും സമയബന്ധിതമായി പൂർത്തിയാക്കുന്നതോടെ കാസർകോട് സോളാർ പാർക്കിൽനിന്നും ഇതര പദ്ധതികളിൽനിന്നുമുള്ള ഇവാക്വേഷൻ പ്രശ്നങ്ങൾക്ക് പരിഹാരമാകും. ഇതോടൊപ്പം കാസർകോട്ടുനിന്ന് വയനാട് വഴി അരീക്കോട്ടേക്കുള്ള ഗ്രീൻ എനർജി കോറിഡോറും പൂർത്തിയാക്കും. ഉത്തരകേരളത്തിലെ വൈദ്യുതി ലഭ്യതയിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിനും ഈ പദ്ധതികൾ സഹായിക്കും.

139. **പ്രസരണ ഇടനാഴികൾ:** തിരുനെൽവേലി-കോട്ടയം-കൊച്ചി പ്രസരണ ഇടനാഴിക്ക് പുറമേ തിരുനെൽവേലി നിന്ന് ഇടമൺ വരെ മറ്റൊരു 400 കെ.വി. ഡബിൾ സർക്യൂട്ട് ലൈൻ കൂടി നിർമ്മിച്ച് പ്രസരണശേഷി വർദ്ധിപ്പിക്കും. ഇതിനായി ഇടമണിൽ ഒരു 400 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കും. കൂടങ്കുളത്തെ ആണവനിലയത്തിലെ മൂന്നാം സ്റ്റേജ് പൂർത്തിയാകുകയാണ്. ഇതിൽ നിന്നും കേരളത്തിലേക്കുള്ള വൈദ്യുതി എത്തിക്കുന്നതിന് ബാലരാമപുരത്ത് ഒരു 400 കെ.വി. സബ്സ്റ്റേഷനും കുഴിത്തുറ ബാലരാമപുരം 400 കെ.വി. ലൈനും നിർമ്മിക്കും. ഈ ലൈൻ മധുര-പോത്തൻകോട് ലൈനുമായി ബന്ധിപ്പിക്കും.

140. അന്തർ സംസ്ഥാന പ്രസരണ ശേഷി വർദ്ധിപ്പിക്കുന്നതിനോടൊപ്പം വൈദ്യുതി ഇറക്കുമതിശേഷി ഉയർത്തുന്നതിന് അന്തർസംസ്ഥാന സബ്സ്റ്റേഷനു

കളിൽ കൂടുതൽ ഇന്റർ കണക്റ്റിംഗ് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കും. ഇത്തരത്തിൽ സംസ്ഥാനത്തിന്റെ വൈദ്യുതി ഇറക്കുമതി ശേഷി നിലവിലുള്ള 4550 മെഗാവാട്ടിൽ നിന്ന് 8000 മെഗാവാട്ടായി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

141. **ട്രാൻസ്ഗ്രിഡ് 2.0:** പദ്ധതി പൂർത്തീകരിക്കും. ഇതിന്റെ ഭാഗമായി കേരളത്തിന്റെ തെക്കുവടക്ക് 400 കെ.വി. പ്രസരണ ഇടനാഴി യാഥാർത്ഥ്യമാകും. 220 കെ.വി., 110 കെ.വി. ശൃംഖലകൾ പുനക്രമീകരിക്കുകയും എല്ലാപ്രദേശത്തും റിഡന്റൻസിയോടുകൂടിയ പ്രസരണശേഷി ഉറപ്പുവരുത്തുകയും ചെയ്യും. വൈദ്യുതി ഇറക്കുമതി ശേഷി, അഭ്യന്തര ഉത്പാദനം എന്നിവ വർദ്ധിപ്പിക്കുന്നതിനോടൊപ്പം അഭ്യന്തര പ്രസരണ ശൃംഖലയിൽ 'എൻ മൈനസ് വൺ' റിഡന്റൻസി ഉറപ്പുവരുത്തി കാര്യക്ഷമമാക്കുകയും ചെയ്യുന്നതിലൂടെ 2040 വരെ വൈദ്യുതിക്ഷാമമോ പവർക്കട്ടോ ഇല്ലായെന്ന് ഉറപ്പുവരുത്തും.

142. **സ്റ്റോറേജ് പദ്ധതികൾ:** കമ്യൂണിറ്റി ബാറ്ററി സ്റ്റോറേജ് പദ്ധതികൾ പ്രോത്സാഹിപ്പിക്കും. ഇന്റലിജന്റ് ബാറ്ററി സ്റ്റോറേജിന് മുൻഗണന നൽകും. പമ്പ്ഡ് സ്റ്റോറേജ്, ഹൈഡ്രജൻ സ്റ്റോറേജ്, സൂപ്പർ കപ്പാസിറ്റർ സ്റ്റോറേജ് പദ്ധതികൾ കൂടി ഉൾപ്പെടുത്തി 4000 മെഗാവാട്ട് വൈദ്യുതി സംഭരണ ശേഷി കൈവരിക്കും.

143. **പ്രസരണ-വിതരണ നഷ്ടം:** രാജ്യത്ത് കുറഞ്ഞ പ്രസരണ-വിതരണ നഷ്ടമുള്ള സംസ്ഥാനമായി മാറാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. പ്രസരണ നഷ്ടം 3.7 ശതമാനമായും വിതരണ നഷ്ടം 8.7 ശതമാനമായും ഇതിനകം താഴ്ന്നു കഴിഞ്ഞു. അത് അന്തർദ്ദേശീയ നിലവാരത്തിലേക്ക് കുറയ്ക്കും. വൈദ്യുതി തടസ്സങ്ങൾ കുറക്കുന്നതിന് വൈദ്യുതി വിതരണ ശൃംഖല ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ നവീകരിക്കും. ശൃംഖലാധിഷ്ഠിത ആസൂത്രണത്തിലൂടെ SAIDI/SAIFI സൂചകങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് കുറയ്ക്കും. ഇത്തരം പ്രവർത്തനങ്ങൾക്കായി വൈദ്യുതി വിതരണമേഖലയിൽ 10,000 കോടി രൂപ മുതൽമുടക്കിൽ 'ദ്യുതി' രണ്ടാം ഘട്ടം പൂർത്തീകരിക്കും.

144. വൈദ്യുതി വിതരണ സെക്ഷനുകൾ സ്മാർട്ട് സെക്ഷനുകളാക്കി മാറ്റും. വൈദ്യുതി സേവനങ്ങൾ പൂർണ്ണമായും ഡിജിറ്റലായി മാറ്റി സേവനം വിരൽത്തുമ്പിൽ എന്ന ആശയം യാഥാർത്ഥ്യമാക്കും. ഉപഭോക്താക്കൾക്ക് നേരിട്ട് ബന്ധപ്പെടുന്നതിനുള്ള സംവിധാനങ്ങൾ നിലനിർത്തുന്നതിനോടൊപ്പം "സർവീസ് അറ്റ് ഡോർ സ്റ്റെപ്" നിലയിൽ ഉപഭോക്തൃ സംതൃപ്തി ഉറപ്പാക്കും. പരാതി പരിഹാരം കേന്ദ്രീകൃത കാൾസെന്റർ ശക്തിപ്പെടുത്തി കാര്യക്ഷമമാക്കും.

145. **അപകടങ്ങൾ:** വൈദ്യുതി അപകടങ്ങൾ കുറക്കുന്നതിന് നടപടി സ്വീകരിക്കും. നിലവിലുള്ള വൈദ്യുതി ലൈനുകൾ കവചിത കമ്പികളിലേക്ക്

ഘട്ടംഘട്ടമായി മാറ്റും. പുതുതായി നിർമ്മിക്കുന്ന വൈദ്യുതി ലൈനുകൾക്ക് കവചിത കമ്പികൾ ഉപയോഗിക്കും. വിതരണ ട്രാൻസ്ഫോർമറുകളിൽ ഓട്ടോമാറ്റിക്ക് കട്ട് ഓഫ് സംവിധാനം ഏർപ്പെടുത്തും.

146. **ഊർജ്ജസംരക്ഷണം:** പ്രോൽസാഹിപ്പിക്കുന്നതിനുള്ള ജനകീയ കാമ്പയിൻ നടത്തും. ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ തുടർച്ചയായി ഊർജ്ജ ക്ഷമതയുള്ള പമ്പുകൾ, ട്യൂബ് ലൈറ്റുകൾ, ബി.എൽ.ഡി.സി ഫാനുകൾ മുതലായവ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യും. സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കും. ഇത്തരം ഊർജ്ജ സേവനങ്ങൾക്ക് പ്രത്യേക കമ്പനി രൂപീകരിക്കുന്നത് ആലോചിക്കും. സർക്കാർ-പൊതു കെട്ടിടങ്ങൾക്കായി Nearly Net-Zero Energy കെട്ടിട സ്റ്റാൻഡേർഡുകൾ ആവിഷ്കരിക്കും.

147. **ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ:** കേരളത്തിലെ എല്ലാ പ്രധാന റോഡുകളിലും വൈദ്യുതി വാഹനങ്ങൾ ചാർജ്ജ് ചെയ്യാനുള്ള സംവിധാനം വ്യാപകമാക്കും. ഇ-ഓട്ടോ റിക്ഷകൾ ടാക്സി വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിന് മൈക്രോ ചാർജിങ്ങ് സ്റ്റേഷനുകൾ വ്യാപിപ്പിക്കും. ഖനിജഇന്ധനം ഉപയോഗിക്കുന്ന മേഖലകളിൽ വൈദ്യുതിയിലേക്കുള്ള മാറ്റം പ്രോത്സാഹിപ്പിക്കും.

148. **തദ്ദേശ നിർമ്മാണ യൂണിറ്റുകൾ:** ചെലവും എംബെഡഡ് കാർബണും കുറയ്ക്കുന്നതിന് പ്രാദേശിക നിർമ്മാണശേഷി വികസിപ്പിക്കണം. സോളാർ പാനൽ, ഇൻവെർട്ടറുകൾ, മൗണ്ടിംഗ് ഘടനകൾ, കണക്ടറുകൾ എന്നിവയുടെ ഉത്പാദനത്തിന് തദ്ദേശ നിർമ്മാണ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കും. ഡി.സി മൈക്രോഗ്രിഡുകൾക്കായി പ്രാദേശികമായി നിർമ്മിച്ച LFP/LTO ബാറ്ററി സംവിധാനങ്ങൾ ഉപയോഗിക്കും.

149. സ്മാർട്ട് മീറ്റർ നിർമ്മാണത്തിന് സംസ്ഥാനപൊതുമേഖലയിൽ പ്രത്യേക സംവിധാനം ആലോചിക്കും. ഇവി, ബാറ്ററി, പവർ ഇലക്ട്രോണിക്സ്, ബയോ എനർജി, ഹൈഡ്രജൻ മേഖലകളിൽ ക്ലസ്റ്റർ അടിസ്ഥാനത്തിനുള്ള പാർക്കുകൾക്കു രൂപം നൽകും. ഇവിടെ നൈപുണി വികസനത്തിനും ഗവേഷണത്തിനും ടെസ്റ്റിംഗിനുമുള്ള സൗകര്യങ്ങളുണ്ടായിരിക്കും. സംസ്ഥാനതല കാർബൺ രജിസ്റ്ററി നിയമപരമായ അംഗീകാരം നേടിയ സ്റ്റാറ്റ്യൂട്ടറി ബോഡിയായി ഉയർത്തും.

150. **ഹൈഡൽ ടൂറിസം:** കെ.എസ്.ഇ.ബിയുടെ ഡാമുകളുമായി ബന്ധപ്പെടുത്തി വിനോദ സഞ്ചാരികളെ ആകർഷിക്കാനുള്ള വിപുലവും ആകർഷകവുമായ പദ്ധതികൾ ആരംഭിക്കും. ഹൈഡൽ ടൂറിസം സെന്റർ കെ.എസ്.ഇ.ബി.യുടെ സബ്സിഡറി കമ്പനിയായി പുന:ക്രമീകരിച്ച് ശക്തിപ്പെടുത്തും.

151. **സംയോജിത ഇൻഫ്രാസ്ട്രക്ച്ചർ 2.0 മിഷൻ:** ഊർജ്ജം, ഗതാഗതം, ജലം, ഡിജിറ്റൽ എന്നിവ സംയോജിപ്പിച്ച് Infrastructure 2.0 Mission Mode Program

പ്രഖ്യാപിക്കും. പുരപ്പുറ സോളാർ, ഡിസി മൈക്രോ ഗ്രിഡ്സ്, ഇവി ചാർജ്ജിംഗ്, ഹരിത കെട്ടിടങ്ങൾ എന്നിവയ്ക്ക് ലളിതമായ ഏകജാലക സംവിധാനത്തിനു രൂപം നൽകും. കെഎസ്ഇബി, അനർട്ട്, ഇഎംസി, കെ-ഡിസ്ക്, സർവകലാശാലകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെട്ട എനർജി ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കും.

152. കേരളത്തിലെ എല്ലാ വ്യവസായങ്ങൾക്കും മൂന്ന് വർഷത്തിൽ ഒരിക്കൽ എനർജി ഓഡിറ്റ് നിർബന്ധമാക്കും. ഊർജ്ജ ദുർവ്യയം ഒഴിവാക്കുന്നതിന് എനർജി മാനേജ്മെന്റ് സെന്റർ (ഇഎംസി) നൽകുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുമെന്ന് ഉറപ്പുവരുത്തും.

153. പീക്ക് ടൈമിനു പുറത്ത് ഇവി ചാർജ്ജിങ് നടത്തുന്നവർക്ക് അടുത്ത ബില്ലിൽ ഇൻസെന്റീവ് ലഭ്യമാക്കും. ഏസികൾ, ഹീറ്ററുകൾ തുടങ്ങിയ ഹൈ ലോഡ് ഉപകരണങ്ങൾക്കും ഇതുപോലൊരു സമ്പ്രദായം കൊണ്ടുവരും.

## പൊതുമരാമത്ത്

154. **മുൻഗണന:** കേരളത്തിലെ മൊത്തം റോഡ് ഗതാഗതത്തിന്റെ വലിയൊരു പങ്ക് ദേശീയപാതകൾ, സംസ്ഥാന പാതകൾ, പ്രധാന ജില്ലാ റോഡുകൾ എന്നിവയിലൂടെയാണ് കൈകാര്യം ചെയ്യപ്പെടുന്നത്. അതുകൊണ്ടുതന്നെ, ഭാവിയിൽ റോഡ് വികസന നയം ഈ പ്രധാന പാതകൾക്ക് മുൻഗണന നൽകിക്കൊണ്ടായിരിക്കും.

155. **ഗതാഗതക്കുരുക്ക് ഒഴിവാക്കൽ:** തടസ്സമില്ലാത്ത റോഡ് ശൃംഖല എന്ന ആശയം റോഡുകളുടെ ഭൗതിക തുടർച്ചയിൽ മാത്രം ഒതുങ്ങുന്നില്ല. അത് ജംഗ്ഷനുകളുടെ രൂപകൽപ്പന, ട്രാഫിക് മാനേജ്മെന്റ്, ബൈപാസുകൾ, ഗ്രേഡ് സെപ്പറേറ്ററുകൾ, എലിവേറ്റഡ് കോറിഡോറുകൾ, ശാസ്ത്രീയ പാർക്കിംഗ് സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുന്ന സമഗ്ര ഗതാഗത സംവിധാനത്തെയാണ് സൂചിപ്പിക്കുന്നത്. നഗര കേന്ദ്രങ്ങളിലെ ഗതാഗത സമ്മർദ്ദം കുറയ്ക്കുന്നതിനായി ബൈപാസ് പാതകൾക്കും, ഉയർന്ന വാഹന ബാഹുല്യമുള്ള മേഖലകളിൽ എലിവേറ്റഡ് റോഡുകൾക്കും മുൻഗണന നൽകുന്ന നയസമീപനം സ്വീകരിക്കും.

156. തടസ്സമില്ലാത്ത റോഡ് ശൃംഖല എന്നത് വേഗത മാത്രം മുൻനിർത്തിയുള്ള വികസനമല്ല; അത് സുരക്ഷിതവും മാനവ സൗഹൃദവുമായ ഗതാഗത പരിസരങ്ങൾ സൃഷ്ടിക്കുന്നതുമായിരിക്കണം. നഗര പ്രദേശങ്ങളിലെ റോഡുകൾ മൾട്ടി–ഫങ്ഷണൽ പൊതു ഇടങ്ങളായി പുനർരൂപകൽപ്പന ചെയ്യും. നടപ്പാതകൾ, സൈക്കിൾ ട്രാക്കുകൾ, സുരക്ഷിത ബസ് സ്റ്റോപ്പുകൾ, സ്ത്രീ–ഭിന്നശേഷി സൗഹൃദ സംവിധാനങ്ങൾ എന്നിവ റോഡ് ഡിസൈന്റെ അവിഭാജ്യ ഘടകങ്ങളായിരിക്കും. ഇതിലൂടെ റോഡുകൾ വാഹനങ്ങൾക്കു മാത്രമല്ല, ജനങ്ങൾക്കായുള്ള പൊതു ഇടങ്ങളായി പുനർനിർവചിക്കപ്പെടും.

157. സ്മാർട്ട് ഗതാഗത അടിസ്ഥാന സൗകര്യങ്ങളുടെ ഭാഗമായി ട്രാഫിക് മാനേജ്മെന്റ്, സിഗ്നൽ നിയന്ത്രണം, പാർക്കിംഗ് സംവിധാനങ്ങൾ, അപകട മുന്നറിയിപ്പുകൾ, യാത്രാസമയം നിയന്ത്രണം എന്നിവയിൽ ഡാറ്റ അധിഷ്ഠിതവും സാങ്കേതികമായി ഏകോപിതവുമായ സമീപനം സ്വീകരിക്കും. ട്രാഫിക് പ്രവാഹം മനസ്സിലാക്കാനും ഗതാഗതക്കുരുക്ക് മുൻകൂട്ടി നിയന്ത്രിക്കാനും ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റങ്ങൾ (ITS) ഘട്ടംഘട്ടമായി പ്രാവർത്തികമാക്കും.

158. റോഡുകൾ നിർമ്മിക്കുന്നതിനു നൽകുന്ന പ്രാധാന്യത്തിന് തുല്യമായ പ്രാധാന്യം നിരത്ത് പരിപാലനത്തിനും റോഡ് സുരക്ഷയ്ക്കും നൽകും.

159. **ഡിസൈൻഡ് റോഡുകൾ:** സംസ്ഥാന പാതകളെയും പ്രധാന ജില്ലാ റോഡുകളെയും ഭാവിയിലെ ഗതാഗത ആവശ്യങ്ങൾ കണക്കിലെടുത്ത് ഡിസൈൻഡ് റോഡുകളായി മാറ്റുക എന്നതാണ് പൊതുമരാമത്ത് വകുപ്പിന്റെ ദീർഘകാല ലക്ഷ്യം. സംസ്ഥാന പാതകൾ ഉയർന്ന വേഗതയും സുരക്ഷയും ഉറപ്പാക്കുന്ന നാല് വരി ഡിസൈൻഡ് റോഡുകളായി വികസിപ്പിക്കുകയും, പ്രധാന ജില്ലാ റോഡുകൾ കുറഞ്ഞത് രണ്ട് വരി ഡിസൈൻ നിലവാരത്തിലെത്തിക്കുകയും ചെയ്യുന്ന ഘട്ടംഘട്ടമായ വികസനമാണ് മുന്നിൽ കാണുന്നത്. ഇതോടൊപ്പം, ഗ്രാമീണ–പിന്നോക്ക മേഖലകളിൽ അടിസ്ഥാന കണക്റ്റിവിറ്റി ഉറപ്പാക്കുന്നതിന് ആവശ്യമായ റോഡ് വികസനവും സമന്വയിപ്പിച്ച് നടപ്പിലാക്കും.

160. **സാമൂഹിക പരിഗണന:** കേരളത്തിന്റെ ഭാവി വികസന ദർശനത്തിൽ റോഡ് ശൃംഖല സാമൂഹിക ഉൾക്കൊള്ളലിന്റെ (social inclusion)ഒരു ഉപകരണമായാണ് കാണപ്പെടുന്നത്. ആദിവാസി മേഖലകൾ, മലയോര പ്രദേശങ്ങൾ, തീരദേശ മേഖലകൾ, ദുരിതബാധിത പ്രദേശങ്ങൾ എന്നിവിടങ്ങളിലെ ജനങ്ങൾക്ക് സുരക്ഷിതവും വിശ്വസനീയവുമായ റോഡ് കണക്റ്റിവിറ്റി ഉറപ്പാക്കുക എന്നത് വികസനത്തിന്റെ അടിസ്ഥാന ഘടകമാണ്.

161. ദേശീയപാതകളും സംസ്ഥാന കോറിഡോറുകളും വികസിപ്പിക്കുമ്പോൾ, റോഡ് സുരക്ഷയ്ക്കും മനുഷ്യ സൗഹൃദ രൂപകൽപ്പനയ്ക്കും പ്രത്യേക പ്രാധാന്യം നൽകും. സുരക്ഷിത ക്രോസിംഗുകൾ, ഫുട്പാത്തുകൾ, ബസ് ബേകൾ, സർവീസ് ഏരിയകൾ, വഴിയോര വിശ്രമ കേന്ദ്രങ്ങൾ എന്നിവയുടെ ശാസ്ത്രീയ രൂപകൽപ്പന വഴി ഹൈവേ വികസനം കൂടുതൽ മനുഷ്യ കേന്ദ്രിതമാക്കും.

162. **കാലാവസ്ഥാ മാറ്റം:** കാലാവസ്ഥാ മാറ്റവും അതിതീവ്ര കാലാവസ്ഥാ സംഭവങ്ങളും റോഡ് അടിസ്ഥാന സൗകര്യങ്ങൾക്ക് ഉയർത്തുന്ന വെല്ലുവിളികൾ ഭാവി വികസനത്തിൽ നിർണ്ണായകമായി കണക്കിലെടുക്കേണ്ടതാണ്. വെള്ളപ്പൊക്കങ്ങൾ, ഉരുൾപൊട്ടലുകൾ, കടൽക്ഷോഭം, അമിതമഴ എന്നിവയെ നേരിടാൻ ശേഷിയുള്ള കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ള (climate-resilient) റോഡ് രൂപകൽപ്പനകൾ ഭാവിയിൽ നിർബന്ധമാക്കും.

ശാസ്ത്രീയ ഡ്രെയിനേജ് സംവിധാനങ്ങൾ, മണ്ണ് സ്ഥിരത ഉറപ്പാക്കുന്ന സാങ്കേതികവിദ്യകൾ, ദീർഘകാലം നിലനിൽക്കുന്ന നിർമ്മാണ സാമഗ്രികൾ എന്നിവ റോഡ് വികസന നയത്തിന്റെ ഭാഗമാകും. ഇപ്പോൾ നിർമ്മാണം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന റോഡുകളുടെ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ വിലയിരുത്തുകയും വിപരീതഫലങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

163. **ദേശീയ പാതകൾ:** ദേശീയ പാത 66 ന്റെ വികസനം ഭൂമിയേറ്റെടുക്കലിന്റെ പണച്ചെലവിലൊരു പങ്ക് വഹിക്കുന്നതിനും, ഭൂമി ഏറ്റെടുക്കൽ പ്രക്രിയ യുദ്ധകാലാടിസ്ഥാനത്തിൽ നടത്തുന്നതിനും കഴിഞ്ഞതുകൊണ്ടാണ് യാഥാർത്ഥ്യമായത്. കുതിരാൻ ടണൽ, മൂന്നാർ - ബോഡിമെട്ട്, നാട്ടുകാൽ - താണാവ് എന്നീ ദേശീയപാത വികസന പ്രവർത്തികളും പൂർത്തീകരിച്ചു. ദേശീയപാത - 85 ൽ കൊച്ചി - മൂന്നാർ 125 കിലോ മീറ്റർ പാതാ നവീകരണവും താമരശ്ശേരി ചുരത്തിലെ മൂന്ന് ഹെയർപിൻ വളവുകൾ നവീകരിക്കുവാൻ ഉള്ള പദ്ധതിയും അടിയന്തിരമായി പൂർത്തീകരിക്കും.

164. കേരളത്തിന്റെ സമഗ്രമായ വികസനം ലക്ഷ്യമാക്കി തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ്, എറണാകുളം ബൈപാസ്, കൊല്ലം ചെങ്കോട്ട ഗ്രീൻ ഫീൽഡ്, കോഴിക്കോട്- പാലക്കാട് ഗ്രീൻഫീൽഡ് പാതാ എന്നീ പ്രവൃത്തികൾ അടിയന്തിരമായി ആരംഭിക്കും. ഇതിനായി ഈ പദ്ധതികളിൽ എല്ലാം ജി എസ് ടി വിഹിതവും റോയൽറ്റിയും ഒഴിവാക്കി സംസ്ഥാന പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്. അതോടൊപ്പം തൃശൂർ - ഇടപ്പള്ളി ദേശീയപാതാ ആറുവരി വികസനം, എൻഎച്ച് 766 (കോഴിക്കോട് - മുത്തങ്ങ), എൻഎച്ച് 185 ൽ അടിമാലി- കുമളി, എൻഎച്ച് 183 ൽ മുണ്ടക്കയം - കുമളി എന്നീ പാതകളുടെ നവീകരണം സാധ്യമാക്കും. ദേശീയപാതാ അതോറിറ്റി പദ്ധതിരേഖ തയ്യാറാക്കുന്ന രാമനാട്ടുകര - കോഴിക്കോട് എയർപോർട്ട് റോഡ്, കണ്ണൂർ വിമാനത്താവള റോഡ് (ചൊവ്വ - മട്ടന്നൂർ), കൊടുങ്ങല്ലൂർ - അങ്കമാലി, ഫോർട്ട് വൈപ്പിൻ - മത്സ്യഫെഡ് ടൂറിസ്റ്റ് ഓഫീസ് റോഡ്, കോതമംഗലം - മൂവാറ്റുപുഴ ബൈപ്പാസ് എന്നിവ യാഥാർഥ്യമാക്കും.

165. **സംസ്ഥാന പാതകൾ:** സംസ്ഥാനതല ഗതാഗത കോറിഡോറുകൾ ദേശീയ പാതകൾക്ക് അനുബന്ധമായും പൂരകമായും പ്രവർത്തിക്കുന്ന ഘടനകളാണ്. സംസ്ഥാന പാതകൾ, പ്രധാന ജില്ലാ റോഡുകൾ, വ്യവസായ–കാർഷിക മേഖലകളെ ബന്ധിപ്പിക്കുന്ന പ്രത്യേക പാതകൾ, ടൂറിസം കേന്ദ്രങ്ങളിലേക്കുള്ള പ്രധാന റോഡുകൾ എന്നിവയെ ഏകോപിപ്പിച്ച് ഒരു കോറിഡോർ അധിഷ്ഠിത സമീപനം സ്വീകരിക്കും.

166. കട്ടപ്പന മുതൽ തേനിവരെയുള്ള മലയോര പാതയിലെ യാത്രാ ക്ലേശം പരിഹരിക്കുന്നതിനായി ഒരു തുരങ്കപാത സംബന്ധിച്ച് സാധ്യതാ പഠനം നടത്തും. ഇത്തരം ഒരു തുരങ്കപാത വരുന്നതോടെ 20 കി.മീ യാത്രാദൂരം ലാഭിക്കാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്.

167. **മൾട്ടി മോഡൽ കണക്ടിവിറ്റി:** കേരളത്തിന്റെ ഭാവി വികസനത്തിൽ തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, റെയിൽവേ കേന്ദ്രങ്ങൾ, വ്യവസായ പാർക്കുകൾ, ലോജിസ്റ്റിക് ഹബ്ബുകൾ എന്നിവയെ ദേശീയപാത–സംസ്ഥാന കോറിഡോറുകളുമായി ശക്തമായി ബന്ധിപ്പിക്കുന്നതും നിർണ്ണായകമാണ്. മൾട്ടി–മോഡൽ കണക്റ്റിവിറ്റി എന്ന ആശയം ദേശീയപാത വികസനത്തിന്റെ അവിഭാജ്യ ഘടകമാക്കുന്നതിലൂടെ, ചരക്ക് ഗതാഗത ചെലവ് കുറയ്ക്കാനും, സമയക്ഷമത വർധിപ്പിക്കാനും, സംസ്ഥാനത്തിന്റെ മത്സരക്ഷമത ഉയർത്താനും കഴിയും.

168. **ഭൂമിയേറ്റെടുക്കൽ:** ഭൂമിയേറ്റെടുപ്പ് നടപടികൾ പരമാവധി സുതാര്യവും മാനുഷികവുമായിരിക്കും. ബാധിത കുടുംബങ്ങളുടെ ഉപജീവന സുരക്ഷയും സാമൂഹിക പുനഃസ്ഥാപനവും വികസന പ്രക്രിയയുടെ ഭാഗമാക്കും. പരിസ്ഥിതിപരമായി അതീവസൂക്ഷ്മമായ മേഖലകളിലൂടെ കടന്നുപോകുന്ന ദേശീയപാതകളും കോറിഡോറുകളും പ്രത്യേക രൂപകൽപ്പന മാനദണ്ഡങ്ങൾ പാലിച്ചായിരിക്കും വികസിപ്പിക്കുക. കാലാവസ്ഥാ പ്രതിരോധശേഷിയുള്ള കോറിഡോറുകൾ സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യം.

169. **പാലങ്ങൾ:** പാലങ്ങളുടെ നിർമ്മാണത്തിൽ നൂതന സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി ഗുണനിലവാരം മെച്ചപ്പെടുത്തും. ശക്തമായ ലോഡ് കൈകാര്യം ചെയ്യാൻ ശേഷിയുള്ള ഘടനകൾ, കാലാവസ്ഥാ മാറ്റം മൂലമുണ്ടാകുന്ന അതിതീവ്ര സാഹചര്യങ്ങൾ നേരിടാൻ കഴിയുന്ന ഡിസൈൻ മാനദണ്ഡങ്ങൾ, ദീർഘകാല പരിപാലന ചെലവ് കുറയ്ക്കുന്ന നിർമ്മാണ രീതികൾ എന്നിവ അവലംബിക്കും. കേരളത്തിന്റെ ഭാവി വികസനത്തിൽ പാലങ്ങൾ പ്രവർത്തനക്ഷമതയോടൊപ്പം ദൃശ്യസൗന്ദര്യവും പ്രതിഫലിപ്പിക്കുമെന്ന് ഉറപ്പുവരുത്തും.

170. റെയിൽവേ ലെവൽക്രോസിംഗുകൾ ഇല്ലാത്തൊരു സംസ്ഥാനമായി അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തെ മാറ്റും.

171. **കെട്ടിടനിർമ്മാണം:** കാലാനുസൃതമായ നിർമ്മാണ സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നതിലൂടെ കെട്ടിട നിർമ്മാണ മേഖലയെ കൂടുതൽ കാര്യക്ഷമമാക്കും. ദൃശ്യ ഭംഗിയും സാംസ്കാരിക പ്രതിച്ഛായയും പ്രതിഫലിപ്പിക്കുന്ന വാസ്തു ശില്പ ശൈലി സ്വീകരിക്കും. പൊതു ഇടങ്ങളാണ് കെട്ടിടങ്ങൾ എന്ന കാഴ്ചപ്പാട് അവംലബിക്കും. ഉയർന്ന ഊർജ്ജ കാര്യക്ഷമത ഉറപ്പുവരുത്തും. സ്മാർട്ട് സിസ്റ്റങ്ങൾ അവലംബിക്കും.

172. **ഗവേഷണം:** കേരളത്തിലെ റോഡ്, പാലം, കെട്ടിട നിർമ്മാണ മേഖലകളുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതും നയപരമായ പിന്തുണ നൽകുന്നതുമായ ഒരു ശക്തമായ ഗവേഷണ ഘടനയ്ക്ക് രൂപം നൽകും. നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം, കാലാവസ്ഥാ പ്രതിരോധ ശേഷി, ദീർഘായുസ്സ്, പരിപാലന ചെലവ്, പരിസ്ഥിതി സ്വാധീനം എന്നിവ സംബന്ധിച്ച പഠനങ്ങൾ പദ്ധതികളുടെ രൂപകൽപ്പന

ഘട്ടത്തിൽ തന്നെ ഉൾപ്പെടുത്തും.

173. ഗവേഷണ സ്ഥാപനങ്ങൾ, അക്കാദമിക് കേന്ദ്രങ്ങൾ, പ്രൊഫഷണൽ ബോഡികൾ, സ്വകാര്യ മേഖല, അന്തർദേശീയ ഏജൻസികൾ എന്നിവയുമായുള്ള സഹകരണവും സാങ്കേതിക അറിവ് കൈമാറ്റവും പൊതുതാൽപര്യവും സാമൂഹിക ഉത്തരവാദിത്തവും ഉറപ്പാക്കുന്ന ചട്ടക്കൂടിനകത്ത് ഉറപ്പാക്കും.

174. **പരിശീലനം:** കേരളത്തിന്റെ ഭാവി പൊതുമരാമത്ത് സംവിധാനത്തിന്റെ ശക്തി അതിലെ മനുഷ്യശേഷിയിലാണ്. എഞ്ചിനീയർമാർ, ആർക്കിടെക്റ്റുകൾ, പ്ലാനർമാർ, ടെക്നീഷ്യൻമാർ, മേൽനോട്ട ഉദ്യോഗസ്ഥർ, ഫീൽഡ് സ്റ്റാഫ് എന്നിവരുടെ നൈപുണി വികസനവും പരമ്പരാഗത പരിശീലന രീതികളോടൊപ്പം, പുതിയ സാങ്കേതികവിദ്യകൾ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ, സുസ്ഥിര നിർമ്മാണ സമീപനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന നിരന്തര നൈപുണ്യ നവീകരണ (continuous capacity building)സംവിധാനങ്ങൾ ശക്തിപ്പെടുത്തും.

175. **നടപടിക്രമങ്ങൾ:** പദ്ധതികളുടെ ആസൂത്രണം മുതൽ നിർവഹണം, മേൽനോട്ടം, പരിപാലനം വരെയുള്ള എല്ലാ ഘട്ടങ്ങളിലും വ്യക്തമായ ചുമതല വിഭജനവും ഉത്തരവാദിത്ത നിർണ്ണയവും ഉറപ്പാക്കും.

176. ഓഫീസ് നടപടികൾ, ഫയൽ കൈകാര്യം, അനുമതികൾ, ടെണ്ടർ നടപടികൾ, കരാർ നിർവഹണം, ബില്ലിംഗ്, പേയ്മെന്റ് എന്നിവയിൽ ഡിജിറ്റൽ സംവിധാനങ്ങൾ വ്യാപകമായി ഉപയോഗിക്കും. അതുവഴി, പ്രവർത്തന സുതാര്യതയും കാര്യക്ഷമതയും വർധിപ്പിക്കും. പദ്ധതികളുടെ പുരോഗതി, ചെലവുകൾ, ഗുണനിലവാര പരിശോധനകൾ, സമയക്രമം എന്നിങ്ങനെ ഓരോ ഘട്ടത്തിലും റിയൽ–ടൈം മോണിറ്ററിംഗ് സാധ്യമാക്കുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ഭരണസംവിധാനത്തിന്റെ ഭാഗമാക്കും. പദ്ധതികളുടെ ലക്ഷ്യങ്ങൾ, ചെലവ്, പുരോഗതി, ഗുണനിലവാര പരിശോധനകൾ, സമയക്രമം തുടങ്ങിയ വിവരങ്ങൾ പൊതുഡൊമെയിനിൽ ലഭ്യമാക്കും.

177. **കരാറുകാർ:** കരാറുകാരുടെ പ്രകടനം, ഗുണനിലവാരം, സമയ പാലനം, സുരക്ഷാ മാനദണ്ഡങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി പെർഫോമൻസ് അധിഷ്ഠിത വിലയിരുത്തൽ സംവിധാനങ്ങൾ നടപ്പിലാക്കും. വിവരങ്ങൾ പൊതുഡൊമെയിനിൽ ലഭ്യമാക്കും.

## III

## ലോകോത്തര ഉന്നതവിദ്യാഭ്യാസം

178. കേരള വികസനത്തിന്റെ ഒന്നാം ഘട്ടത്തിലെ ചാലകശക്തി സ്കൂൾ വിദ്യാഭ്യാസം ആയിരുന്നെങ്കിൽ വിജ്ഞാന സമ്പദ്ഘടനയിലേക്കുള്ള ചാലകശക്തി ഉന്നതവിദ്യാഭ്യാസം ആയിരിക്കും. വിജ്ഞാനം പകർന്നു നൽകിയാൽ മാത്രം പോരാ. പുതിയ വിജ്ഞാനം സൃഷ്ടിക്കുകയും, അവയുടെ അടിസ്ഥാ

നത്തിൽ നൂതന ആശയങ്ങളും സങ്കേതങ്ങളും രൂപംകൊള്ളുകയും വേണം. പുതിയ തൊഴിൽത്തുറകളിൽ ജോലി ചെയ്യുന്നതിനുള്ള നൈപുണി ഉറപ്പുവരുത്താനാകണം. ഇതെല്ലാം ലക്ഷ്യമിട്ടുകൊണ്ടുള്ള ഉന്നതവിദ്യാഭ്യാസ മേഖലയിലെ സമൂലപരിഷ്കരണത്തിനു തുടക്കംകുറിച്ചു കഴിഞ്ഞു. അടുത്ത അഞ്ച് വർഷംകൊണ്ട് അത് ഫലപ്രാപ്തിയിലെത്തിക്കും.

179. **നാലുവർഷ ബിരുദ കോഴ്സ്:** കേരളത്തിലെ സവിശേഷമായ സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് നാം രൂപം നൽകിയിരിക്കുന്ന നാലുവർഷ ബിരുദ പ്രോഗ്രാമിലെ ആദ്യ ബാച്ച് രണ്ട് വർഷത്തിനുള്ളിൽ പുറത്തിറങ്ങുകയാണ്. ഇവർക്ക് ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്ക് രണ്ടാം വർഷത്തേക്കുള്ള ലാറ്ററൽ പ്രവേശനത്തിന് അപേക്ഷിക്കാൻ കഴിയുന്ന വിധത്തിൽ സർവ്വകലാശാല ചട്ടങ്ങളിൽ ഭേദഗതി വരുത്തും. അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പരിഷ്കാരങ്ങൾ ഇനിയും കൊണ്ടുവരും.

180. ബിരുദാനന്തര ബിരുദ തലത്തിന്റെ കരിക്കുലം പരിഷ്കരണവും നാലുവർഷ ടീച്ചർ ട്രെയിനിങ് പ്രോഗ്രാം (ITEP) നടപ്പിലാക്കും.

181. **സാങ്കേതിക വിദ്യാഭ്യാസം:** സാങ്കേതികവിദ്യാഭ്യാസ മേഖലയിൽ എഞ്ചിനീയറിംഗ് കോഴ്സുകളുടേയും പോളിടെക്നിക്കുകളിലെയും കരിക്കുലം സമഗ്രമായി പരിഷ്കരിച്ച്, തൊഴിൽ നൈപുണിക്ക് പ്രാമുഖ്യം നൽകി ഒരു വർഷം വരെ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് / പ്രോജക്റ്റ് ചെയ്യാനടക്കം അവസരങ്ങൾ ഉറപ്പുവരുത്തും.

182. **എഞ്ചിനിയറിങ് കോളെജുകൾ:** സാങ്കേതിക സ്ഥാപനങ്ങളിൽ ഇന്നത്തെ സാഹചര്യത്തിൽ നൂതന കോഴ്സുകളും പാഠ്യപദ്ധതിയും മൂല്യനിർണയരീതിയും, പഠനബോധന സംവിധാനവും ഏർപ്പെടുത്തുന്നതിനും എൻഐആർഫ് പോലുള്ള റാങ്കിങ്ങിൽ സ്ഥാനം മെച്ചപ്പെടുത്തുന്നതിനും അക്കാദമിക സ്വയംഭരണം അനിവാര്യമാണ്. സംസ്ഥാനത്തെ എഞ്ചിനിയറിങ് കോളേജുകൾക്ക് അക്കാദമിക സ്വയംഭരണം നൽകുന്നത് പരിഗണിക്കും.

183. തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനിയറിങ് കോളെജ്, ആർഐടി കോട്ടയം, തൃശൂർ ഗവൺമെന്റ് എഞ്ചിനിയറിങ് കോളെജ്, കണ്ണൂർ ഗവൺമെന്റ് എഞ്ചിനിയറിങ് കോളെജ് എന്നിവ പൂർണ്ണമായും റെസിഡൻഷ്യൽ അക്കാദമിക് ക്യാമ്പസുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഈ കോളേജുകളിൽ പ്രവേശനം നേടുന്ന മികച്ച കഴിവുള്ള വിദ്യാർത്ഥികളെ ഓഫീസ് സമയത്തിനുശേഷവും ലബോറട്ടറികൾ ഉപയോഗിക്കാൻ ഇത് പ്രാപ്തരാക്കും. ഗവേഷണ പ്രസിദ്ധീകരണങ്ങളും പേറ്റന്റുകളും വർദ്ധിക്കുന്നതിനും എൻഐആർഎഫ് പോലുള്ള റാങ്കിം

ഗുകളിൽ നില മെച്ചപ്പെടുത്തുന്നതിനും ഇത് സഹായകമാകും.

184. കലാവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് കരിക്കുലം പരിഷ്കരിക്കും.

185. പോളിടെക്നിക്കുകളിലാകട്ടെ ഡിമാന്റില്ലാത്ത പ്രോഗ്രാമുകൾക്ക് പകരം നൂതന മേഖലകളിലുള്ള ഡിപ്ലോമാ പ്രോഗ്രാമുകൾ ആരംഭിക്കും. പുതുതായി തുടങ്ങുന്ന പ്രോഗ്രാമുകളിലേക്ക് ആവശ്യമായ അധ്യാപക - അനധ്യാപക തസ്തികകൾ സൃഷ്ടിക്കും.

186. **കെ-റീപ്:** സർവ്വകലാശാല പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതികവിദ്യ ഏർപ്പെടുത്തുന്നതിനും വിദ്യാർത്ഥികൾക്കും പൊതുസമൂഹത്തിനും സർവ്വകലാശാല സേവനങ്ങൾ അതിവേഗത്തിൽ ലഭ്യമാക്കുന്നതിനുമായി Kerala Resources for Education Administration & Planning പദ്ധതി (K-REAP) പദ്ധതി എല്ലാ സർവ്വകലാശാലകളിലേക്കും വ്യാപിപ്പിക്കും. കേരളത്തിലെ എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ വിവരങ്ങളും വിദ്യാഭ്യാസ വിവരശേഖരണ പദ്ധതിയുടെ ഭാഗമായി ഡിജിറ്റലായി സൂക്ഷിക്കപ്പെടും.

187. **നൈപുണി കേന്ദ്രം:** നാലുവർഷ ബിരുദ പ്രോഗ്രാമിനോട് അനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും നൈപുണ്യ വികസന കേന്ദ്രങ്ങൾ (Centre for Skill Development Courses & Career Planning) ആരംഭിക്കും. പ്രൊഫഷണൽ നൈപുണ്യ ഏജൻസികളുമായി സഹകരിച്ച് വിജ്ഞാനകേരളവുമായി സംയോജിപ്പിച്ചു വികസന കോഴ്സുകളും കരിയർ പ്ലാനിങ്ങും ഇതുവഴി നടത്തും.

188. ഇന്നവേഷൻ & എന്റർപ്രണർഷിപ് ഡെവലപ്മെന്റ് സെന്റർ: നിർമ്മിതബുദ്ധി, വിവരസാങ്കേതികവിദ്യ, റോബട്ടിക്സ്, ക്വാണ്ടം കമ്പ്യൂട്ടിംഗ്, ബ്ലോക്ക് ചെയിൻ, ബിഗ് ഡേറ്റ തുടങ്ങിയ മേഖലകളിൽ പ്രാവീണ്യം നേടി മുന്നേറാൻ കഴിയുന്ന രൂപത്തിൽ നമ്മുടെ സർവ്വകലാശാലകളെയും ഗവേഷണ സ്ഥാപനങ്ങളെയും മാറ്റിയെടുക്കേണ്ടതുണ്ട്. പുതിയ അറിവുകളെയും സാങ്കേതികവിദ്യകളെയും നൈപുണികളായി പരിവർത്തിപ്പിച്ചെടുക്കാൻ പാകത്തിലുള്ള ആധുനികമായ ഇന്നവേഷൻ വ്യവസ്ഥ വളർത്തിയെടുക്കണം. സംസ്ഥാനത്തെ മുഴുവൻ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും കേരള സ്റ്റാർട്ടപ്പ് മിഷന്റെ Innovation & Entrepreneurship Development Centres സ്ഥാപിക്കും.

189. **അസസ്സ്മെന്റ് & അക്രഡിറ്റേഷൻ:** നാഷണൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ (NAAC) മാതൃകയിൽ സംസ്ഥാന തലത്തിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനുള്ള സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (SAAC); NIRF-ന്റെ മാതൃകയിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്ക്

ചെയ്യുന്ന കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (Kerala Institutional Ranking Framework-KIRF) സംവിധാനം എന്നിവ വഴി മുഴുവൻ ഉന്നതവിദ്യഭ്യാസ സ്ഥാപനങ്ങളുടെയും നിലവാര പരിശോധന കൃത്യമായ ഇടവേളകളിൽ നടത്തും.

190. കോളേജുകളിലെ IQAC (Internal Quality Assurance Cell) കളെ ഏകോപിപ്പിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് SLQAC (State Level Quality Assurance Cell) സ്വതന്ത്ര സ്ഥാപനമായി രൂപീകരിച്ചിട്ടുണ്ട്. ഇത് കൃത്യമായ ചട്ടങ്ങൾ കൂട്ടിച്ചേർത്ത് വികസിപ്പിക്കും.

191. **കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ് ഫ്രെയിംവർക്ക്:** KIRF-നു കീഴിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സ്ഥാപനങ്ങളെ മോഡൽ മെന്റർ സ്ഥാപനങ്ങൾ (MMIs) ആയി നിയോഗിക്കും. ഇവയെ വളർന്നുവരുന്ന ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മാർഗ്ഗനിർദേശം നൽകുന്നതിന് ചുമതലപ്പെടുത്തും. അനുഭവം പങ്കിടുന്നതിനും തുടർച്ചയായ മെച്ചപ്പെടുത്തലിനും വേണ്ടി വാർഷിക ഗുണനിലവാര കോൺക്ലേവുകൾ ഒരുക്കും.

192. QS, THE, ടൈംസ് ഇംപാക്ട് റാങ്കിംഗ് തുടങ്ങിയ ആഗോള റാങ്കിംഗ് ചട്ടക്കൂടുകളിൽ പങ്കെടുക്കുന്നതിന് തിരഞ്ഞെടുത്ത സ്ഥാപനങ്ങൾക്ക് സർക്കാർ പിന്തുണ ഉറപ്പാക്കും. സാങ്കേതിക സഹകരണത്തിനും ബെഞ്ച്മാർക്കിംഗിനുമായി അന്താരാഷ്ട്ര ഗുണനിലവാര ഏജൻസികളുമായി സഹകരണ സംരംഭങ്ങൾ വികസിപ്പിക്കും.

193. **അക്കാദമിക് സഹകരണം:** കേരളത്തിലെ സർവ്വകലാശാലകളും മറ്റു വൈജ്ഞാനിക രംഗത്തെ പ്രഗത്ഭ സ്ഥാപനങ്ങൾ പരസ്പര സഹകരണത്തിന് (Academic Collaboration) ആവശ്യമായ നടപടികൾ കൈക്കൊള്ളും. സർവ്വകലാശാലകൾ അന്താരാഷ്ട്ര നിലവാരത്തിലുള്ള മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടുള്ള പ്രത്യേക പ്രവർത്തനങ്ങൾക്ക് രൂപം നൽകും.

194. **മികവിന്റെ കേന്ദ്രങ്ങൾ:** 2020-21 ബജറ്റിൽ 30 മികവിന്റെ കേന്ദ്രങ്ങൾ (സെന്റർ ഓഫ് എക്സലൻസുകൾ) ആരംഭിക്കാനായിരുന്നു ലക്ഷ്യമിട്ടത്. കിഫ്ബിയുടെ ധനസഹായത്തോടെ ഏഴ് കേന്ദ്രങ്ങൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. മൂന്ന് എണ്ണം ആരംഭിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. ബാക്കിയുള്ളവ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ പ്രവർത്തനം ആരംഭിക്കും.

195. **പൊതു ഹോസ്റ്റലുകൾ:** താമസ സൗകര്യമില്ലാത്തതിനാൽ ഒരു വിദ്യാർത്ഥിക്കും ഉന്നതവിദ്യാഭ്യാസം നിഷേധിക്കപ്പെടരുത് എന്ന ലക്ഷ്യത്തോടെ സർക്കാർ കോളേജുകളിലെ വിദ്യാർത്ഥി കൾക്കായി 'പൊതു ഹോസ്റ്റൽ' പദ്ധതി ആരംഭിക്കും.

196. **സൗജന്യ വിദ്യാഭ്യാസം:** 2026-27ൽ സംസ്ഥാനത്തെ ആർട്സ് & സയൻസ്

കോളേജുകളിലെ മുഴുവൻ വിദ്യാർഥികൾക്കും ബിരുദ വിദ്യാഭ്യാസം സൗജന്യമാക്കും.

197. സർവ്വകലാശാലകളിൽ നവീന മേഖലകളിൽ പ്രൊജക്റ്റ് മോഡ് കോഴ്സുകൾ നടത്തുകയും ട്രാൻസ്ലേഷണൽ റിസർച്ച് ലാബുകൾ ആരംഭിക്കുകയും ചെയ്യും.

198. **ഫെലോഷിപ്പുകൾ:** പ്രതിമാസം അരലക്ഷം രൂപ (രണ്ടാം വർഷം പ്രതിമാസം ഒരുലക്ഷം രൂപ) ഫെല്ലോഷിപ്പായി നൽകുന്ന 'ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകൾ' വിപുലപ്പെടുത്തും. മറ്റു ഫെല്ലോഷിപ്പുകൾ ലഭിക്കാത്ത, സംസ്ഥാനത്തെ സർവകലാശാലകളിലും മറ്റു ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ സമയ പി.എച്ച്.ഡി. ഗവേഷകർക്ക് നൽകുന്ന പ്രത്യേക ഫെലോഷിപ്പ് നൽകും. തുക കാലോചിതമായി ഉയർത്തും.

199. സ്വാശ്രയവിദ്യാഭ്യാസം: സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള പ്രവർത്തനാവകാശം ഉറപ്പു വരുത്തി അതിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ഇടപെടൽ നടത്തും. ഇതിന്റെ ഭാഗമായി പാസാക്കിയ 'സ്വാശ്രയ കോളേജ് അധ്യാപകരുടെ നിയമനവും സേവനവ്യവസ്ഥകളും' ബിൽ നടപ്പിലാക്കും.

200. **അധ്യാപക പരിശീലനം:** പാഠ്യപദ്ധതി നവീകരിക്കാനും അക്കാദമിക ശേഷി വർദ്ധിപ്പിക്കാനും നിരന്തര പരിശീലനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാനുമായുള്ള മികവിന്റെ കേന്ദ്രമായ സെന്റർ ഓഫ് എക്സലൻസ് ഫോർ ടീച്ചിംഗ്, ലേണിംഗ് ആൻഡ് ട്രെയിനിംഗ് (CoE-TLT) മുഖേന നിരന്തര അധ്യാപക പരിശീലനം നൽകും. അധ്യാപകർക്ക് AI അധിഷ്ഠിത ബോധന രീതികളിൽ പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിക്കും.

201**. ഡിജിറ്റലൈസേഷൻ:** ഡിജിറ്റൽ ക്ലാസ്റൂം പരിഷ്കരണം നടപ്പാക്കും. അക്കാദമിക് ക്രെഡിറ്റ് ബാങ്കുകൾ, വെർച്വൽ ക്ലാസ് മുറികൾ, ശാസ്ത്രീയ അധ്യായന രീതികൾ എന്നിവ സമന്വയിപ്പിച്ചുള്ള ഏകീകൃതവും എഐ-അധിഷ്ഠിതവുമായ പരിവർത്തനം ഉന്നതവിദ്യാഭ്യാസ മേഖലയിൽ കൊണ്ടുവരും. സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളെയും കോളേജുകളെയും ബന്ധിപ്പിക്കുന്ന സംസ്ഥാനവ്യാപക ഡിജിറ്റൽ പഠന ഘടന സ്ഥാപിക്കും. എഐ-അധിഷ്ഠിതമായ, ഫോർമേറ്റിവ് ആൻഡ് കോംപീറ്റൻസി അടിസ്ഥാനമാക്കിയുള്ള, വിലയിരുത്തലുകളിലേക്ക് മാറ്റം കൊണ്ടുവരും.

202. **അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ്സ്:** സർവ്വകലാശാലകളും പ്ലാറ്റ്ഫോമുകളും വാഗ്ദാനം ചെയ്യുന്ന ക്രെഡിറ്റ്-ലിങ്ക്ഡ് ദേശീയ, അന്തർദേശീയ കോഴ്സുകളിലേക്കും കെ-ലേൺ മുഖേന പ്രവേശനം നൽകും. ഈ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് ക്രെഡിറ്റുകൾ നേടുന്ന വിദ്യാർത്ഥികൾക്ക് അത്ത

രം ക്രെഡിറ്റുകൾ അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ്സ് (ABC) വഴി മാതൃ സർവ്വകലാശാലകളിലേക്ക് ബിരുദ ആവശ്യകതകൾക്കായി മാറ്റാൻ സാധിക്കുംവിധമായിരിക്കും ഇത് നടപ്പാക്കുക. അതുവഴി കേരളത്തിലെ വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര അക്കാദമിക് മൊബിലിറ്റിയും ആഗോള എക്സ്പോഷറും വളർത്തിയെടുക്കാൻ സാധിക്കും.

203. **കെ-ലേൺ:** കെ-ലേണിലൂടെ ഉപയോഗിക്കുന്നതിന് ഓൺലൈൻ, ബ്ലെൻഡഡ് ലേണിംഗ് മൊഡ്യൂളുകൾ വികസിപ്പിക്കുന്നതിനുള്ള ഡിജിറ്റൽ ഉള്ളടക്ക നിർമ്മാണ കേന്ദ്രം, സെന്റർ ഫോർ ഇ-ലേണിംഗ് ആൻഡ് ഇ-കണ്ടന്റ് ഡെവലപ്മെന്റ് എന്ന പേരിൽ സെന്റർ ഓഫ് എക്സലൻസ് ഫോർ ടീച്ചിംഗ്, ലേണിംഗ് ആൻഡ് ട്രെയിനിംഗ് (CoE-TLT) ഉപകേന്ദ്രം എന്നിവ സ്ഥാപിക്കും.

204. കെ-ലേണിലെ പഠനസാധ്യതകൾ ഉപയോഗപ്പെടുത്തതിന് വിദ്യാർത്ഥികൾക്ക് ആവശ്യമുള്ള സൗകര്യങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കംപ്യൂട്ടർ ലാബുകളിൽ ഉറപ്പുവരുത്തും. വൈകുന്നേരങ്ങളിലും അവധിദിവസങ്ങളിലും ഉൾപ്പടെ അത്തരം സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ സാധിക്കും വിധം ക്രമീകരണം ഉണ്ടാക്കും.

205. **സെൻട്രൽ ഇൻസ്ട്രുമെന്റേഷൻ & റിസർച്ച് ലബോറട്ടറികൾ:** എല്ലാ ജില്ലകളിലും സെൻട്രൽ ഇൻസ്ട്രുമെന്റേഷൻ ആൻഡ് റിസർച്ച് ലബോറട്ടറികൾ (CIRLs) സെൻട്രൽ നെറ്റ്വർക്ക് ഓഫ് റിസർച്ച് ഫെസിലിറ്റികളുടെ (CNRF) ഭാഗമായി സ്ഥാപിക്കും. അനുബന്ധമായി ഡിജിറ്റൽ റഫറൻസ് ലൈബ്രറിയും സ്കോളർലി ഡാറ്റാബേസ് ആക്സസും റിസർച്ച് സ്കോളർമാർക്കു വേണ്ട വർക്ക് സ്പേസ്, ഗസ്റ്റ് റൂമുകൾ, സെമിനാർ, കോൺഫറൻസ് ഹാളുകൾ എന്നിവയും സ്ഥാപനങ്ങളുടെ സഹകരണത്തോടെ ലഭ്യമാക്കും.

206. **തീമാറ്റിക് റിസർച്ച് ക്ലസ്റ്ററുകൾ:** കേരള നെറ്റ്വർക്ക് ഫോർ റിസർച്ച്്പോർട്ട് ഇൻ ഹയർ എഡ്യൂക്കേഷൻ (KNRSHE), സെൻട്രൽ ഇൻസ്ട്രുമെന്റേഷൻ & റിസർച്ച് ലബോറട്ടറികൾ (CIRL) എന്നിവയിലൂടെ സംസ്ഥാനത്തുടനീളം കാലാവസ്ഥ, പരിസ്ഥിതി, സാങ്കേതികവിദ്യ, ആരോഗ്യ നവീകരണം, എഐ, ക്വാണ്ടം സയൻസ്, ബയോസയൻസ് തുടങ്ങിയ മേഖലകളിൽ തീമാറ്റിക് റിസർച്ച് ക്ലസ്റ്ററുകൾ സ്ഥാപിക്കും.

207. **വർക്ക് ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകൾ:** സയൻസ്, എഞ്ചിനീയറിംഗ്, ഹ്യുമാനിറ്റീസ്, പാരാമെഡിക്കൽ മേഖലകൾ എന്നിവയെ സംയോജിപ്പിക്കുന്ന ഹെൽത്ത് ഡാറ്റ സയൻസ്, ക്ലൈമറ്റ് ആന്റ് ബ്ലൂ ഇക്കണോമി, ഡിജിറ്റൽ മീഡിയ ആന്റ് ലോ തുടങ്ങി മേഖലകളിൽ ട്രാൻസ് ഡിസിപ്ലിനറി പ്രോഗ്രാമുകൾ ആരംഭിക്കും. ക്രെഡിറ്റ് എക്സ്ചേഞ്ച് വഴി അക്കാദമിക് സ്ഥാപനങ്ങളും വ്യവസായ സ്ഥാപനങ്ങളും സംയുക്തമായി നടത്താവുന്ന വർക്ക് ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീക

രിക്കും.

208. **ട്വിന്നിംഗ് ഡിഗ്രികൾ:** എഐ, കാലാവസ്ഥാശാസ്ത്രം, പരിസ്ഥിതി ശാസ്ത്രം, ആരോഗ്യ സാങ്കേതികവിദ്യ, മെറ്റീരിയൽ ഗവേഷണം എന്നിവയിൽ സംസ്ഥാനത്തെ സർവ്വകലാശാലകളും കോളേജുകളും പ്രമുഖ ദേശീയ-അന്തർദേശീയ സർവകലാശാലകളുമായി സഹകരിച്ച്, ക്രെഡിറ്റ് കൈമാറ്റത്തോടെ ഡ്യുവൽ, ജോയിന്റ്, ട്വിന്നിംഗ് പ്രോഗ്രാമുകൾ ആരംഭിക്കും.

209. **സെമികോൺ പ്രോജക്ട്:** കേരളത്തിന്റെ സെമികോൺ പ്രോജക്ട്, ദേശീയ സെമികണ്ടക്ടർ പദ്ധതി എന്നിവയുമായി യോജിച്ച് സംസ്ഥാനത്തു സെമികണ്ടക്ടർ ഗവേഷണം, ഇന്റഗ്രേറ്റഡ് സർക്യൂട്ട് ഡിസൈൻ ഡിവൈസ് ഫാബ്രിക്കേഷൻ, സെമികണ്ടക്ടർ മേഖലയിൽ ആവശ്യമായ മനുഷ്യവിഭവശേഷി വികസനം എന്നിവയ്ക്കായി മികവിന്റെ കേന്ദ്രം സ്ഥാപിക്കും.

210. കൺസോർഷ്യങ്ങളുടെ ഏകോപനത്തിന് സ്കൂൾ ഓഫ് നോളജ്, പെർഫോർമൻസ് & ഈസ്തറ്റിക്സ് (SKOPE) എന്ന സ്ഥാപനം രൂപീകരിക്കും.

211. ഉന്നതവിദ്യാഭ്യാസത്തിനായുള്ള നയഗവേഷണ വികസനം ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാനതല നയഗവേഷണ വിശകലന സ്ഥാപനമായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പോളിസി സ്റ്റഡീസ് (KIPS) ശക്തിപ്പെടുത്തും.

212. **ഉന്നതവിദ്യാഭ്യാസ കൗൺസിൽ:** ഉന്നതവിദ്യാഭ്യാസ കൗൺസിൽ, ഉന്നതവിദ്യാഭ്യാസ സ്ഥാപനം, അതിനടുത്തുള്ള വ്യവസായിക സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, പ്രാദേശിക ഭരണ സ്ഥാപനങ്ങൾ എന്നിവരുമായി ചേർന്ന് കൺസോർഷ്യം മാതൃകയിൽ കേരള നോളജ് കൺസോർഷ്യം സെന്ററുകൾ സ്ഥാപിക്കും. തദ്ദേശീയമായ വിഷയങ്ങളിലെ ഗവേഷണത്തിനും പരിഹാര നിർദ്ദേശങ്ങൾക്കും മുൻഗണന നൽകുന്നതാവും ഈ കേന്ദ്രങ്ങൾ. ഉത്പാദിപ്പിക്കപ്പെടുന്ന പുതിയ അറിവുകൾ വഴി സമൂഹ പുരോഗതി ഉറപ്പുവരുത്തുക എന്നതാണ് ഈ കേന്ദ്രങ്ങൾ ലക്ഷ്യം വെക്കേണ്ടത്. സംസ്ഥാനത്തെ ഒരു വിജ്ഞാന സമൂഹമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ഈ കേന്ദ്രങ്ങൾ വഴി ഏറ്റെടുക്കും.

213. **ഇൻഡസ്ട്രി ഓൺ ക്യാമ്പസ്:** സംസ്ഥാനത്തുടനീളമുള്ള അക്കാദമിക്-വ്യവസായ സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണം വളർത്തിയെടുക്കുന്നതും പരസ്പര പ്രയോജനകരമായ പങ്കാളിത്തം സൃഷ്ടിക്കുന്നതും ഇൻഡസ്ട്രി ഓൺ ക്യാമ്പസ് വഴി ലക്ഷ്യം വയ്ക്കുന്നത്. എല്ലാ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ചുരുങ്ങിയത് രണ്ട് ഇൻഡസ്ട്രി ഓൺ ക്യാമ്പസ് സ്ഥാപനങ്ങളെങ്കിലും തുടങ്ങുന്നതാണ്.

214. കുസും (KSUM), കെഎസ്ഐഡിസി (KSIDC), വ്യവസായങ്ങൾ എന്നിവയുമായി സഹകരിച്ച് എല്ലാ സർവ്വകലാശാലകളിലും ഇൻക്യുബേഷൻ സെന്ററുകൾ, ടെക്നോളജി ട്രാൻസ്ഫർ ഓഫീസുകൾ, സ്റ്റാർട്ടപ്പ് ആക്സിലറേറ്ററുകൾ എന്നിവ സംയോജിപ്പിച്ച്, ഇന്നൊവേഷൻ, എന്റർപ്രൈസ് ഹബ്ബുകൾ

സ്ഥാപിക്കും.

215. **ഇന്നൊവേഷൻ ഇക്കോ സിസ്റ്റം:** സർവ്വകലാശാലകളിൽ ഇന്നൊവേഷൻ ഇക്കോസിസ്റ്റം വികസിപ്പിക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷനുമായും വ്യവസായ പങ്കാളികളുമായും സഹകരിച്ച് സർവ്വകലാശാലാധിഷ്ഠിത ഇന്നൊവേഷൻ ഹബ്ബുകൾ, ഇൻക്യുബേറ്ററുകൾ, ടെക്നോളജി പാർക്കുകൾ എന്നിവ സ്ഥാപിക്കും.

216. **സർവകലാശാലകളെ** ജ്ഞാനോൽപ്പാദന കേന്ദ്രങ്ങളായി വളർത്തിയെടുക്കും : കേരളത്തിലെ സർവകലാശാലകളെ ആഗോളതലത്തിൽ വികസിച്ചുവന്ന ആധുനിക സാങ്കേതിക വിദ്യകളെക്കൂടി ഉപയോഗപ്പെടുത്തി ജ്ഞാനോൽപ്പാദന കേന്ദ്രങ്ങളായി വികസിപ്പിച്ചെടുക്കും. ഇത്തരം അറിവുകളെ കേരളത്തിന്റെ സർവതോന്മുഖമായ വികസനത്തിന് ഉപയോഗപ്പെടുത്താവുന്ന വിധം സംരംഭകത്വവുമായി ബന്ധിപ്പിക്കും.ഇതിനു ഉതകുന്ന വിധം ഉള്ള പുനഃക്രമീകരണം നടത്തും.

217. **ഉന്നതവിദ്യാഭ്യാസ നഗരങ്ങൾ:** ആധുനിക പ്രോഗ്രാമുകൾ, വിപുലമായ അടിസ്ഥാന സൗകര്യങ്ങൾ, വ്യവസായ ബന്ധങ്ങൾ എന്നിവ സംയോജിപ്പിച്ച് തിരുവനന്തപുരം, കൊച്ചി, തൃശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ നാല് ഉന്നതവിദ്യാഭ്യാസ നഗരങ്ങൾ സ്ഥാപിക്കും.
    - കൊച്ചി കേന്ദ്രമായി ആഗോള വാണിജ്യം, മാരിടൈം സ്റ്റഡീസ്, ഫിൻടെക്, ആഗോള വ്യാപാരം, തുറമുഖ മാനേജ്മെന്റ്, ബിസിനസ് അനലിറ്റിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവക്ക് പ്രാധാന്യം ഉള്ള ഉന്നതവിദ്യാഭ്യാസ ഹബ്ബ് വികസിപ്പിക്കും.
    - തിരുവനന്തപുരം കേന്ദ്രമായി ശാസ്ത്രം, സാങ്കേതികവിദ്യ, ബഹിരാകാശ ശാസ്ത്രം, സൈബർ സുരക്ഷ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ്, സുരക്ഷിത സോഫ്റ്റ് വെയർ, ബയോമെഡിക്കൽ എഞ്ചിനീയറിംഗ്, പൊതുനയം, അന്താരാഷ്ട്ര ബന്ധങ്ങൾ എന്നിവയ്ക്ക് പ്രാധാന്യമുള്ള ഉന്നതവിദ്യാഭ്യാസ ഹബ്ബ് വികസിപ്പിക്കും.
    - കോഴിക്കോട് കേന്ദ്രമായി ലിബറൽ ആർട്സ്, ഡിജിറ്റൽ ഹ്യുമാനിറ്റീസ്, ഹോസ്പിറ്റാലിറ്റി, വ്യോമയാനം, കാലാവസ്ഥ-തീരദേശ പഠനങ്ങൾ, സാംസ്കാരിക പൈതൃകം എന്നിവയ്ക്ക് പ്രാധാന്യമുള്ള ഉന്നതവിദ്യാഭ്യാസ ഹബ്ബ് സ്ഥാപിക്കും.
    - തൃശൂർ കേന്ദ്രമായി പെർഫോമിംഗ് ആർട്സ്, ആയുർവേദം, കാർഷിക സാങ്കേതിക ശാസ്ത്രങ്ങൾ, സഹകരണ ബാങ്കിംഗ്, ഇവന്റ് മാനേജ്മെന്റ്, ആരോഗ്യം, സെമി കണ്ടക്ടർ ടെക്നോളജി എന്നിവയ്ക്ക് പ്രാധാന്യമുള്ള ഉന്നതവിദ്യാഭ്യാസ ഹബ്ബ് വികസിപ്പിക്കും.
    - കൊച്ചി സർവകലാശാലയെ ലോകോത്തര റെസിഡൻഷ്യൽ വിദ്യാകേന്ദ്രമായി വികസിപ്പിക്കും.

218. **ഉന്നത വിദ്യാപീഠങ്ങൾ:** തിരുവനന്തപുരത്തെ സെന്റർ ഫോർ ഡെവല

പ്മെന്റ് സ്റ്റഡീസിനെ രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട സാമ്പത്തിക ശാസ്ത്ര പഠനകേന്ദ്രമായി വിപുലപ്പെടുത്തും. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട്, കിർത്താഡ്സ്, കില എന്നിവ ഉൾപ്പെടെയുള്ള സർക്കാരിന്റെ കീഴിലുള്ള മുഴുവൻ സാമൂഹികശാസ്ത്ര - സാമ്പത്തികശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾ, ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾ, കാർഷിക ഗവേഷണ സ്ഥാപനങ്ങളെ വിപുലീകരിക്കും.

219. **സാമൂഹിക പ്രതിബദ്ധത:** തിരഞ്ഞെടുത്ത സർവ്വകലാശാലകളെ സാമൂഹികപരിവർത്തനത്തിന്റെ കേന്ദ്രങ്ങളായി പുനർരൂപകല്പന ചെയ്യും. ഇങ്ങനെ സർവ്വകലാശാലകളുടെ നിലവിലെ ദൗത്യങ്ങൾ വികസിപ്പിക്കാനാവും. അധ്യാപനത്തിനും ഗവേഷണത്തിനും അപ്പുറം, സാമൂഹിക നവീകരണം, പൊതുനയം, കമ്മ്യൂണിറ്റി വികസനം എന്നിവയിൽ സജീവമായി ഏർപ്പെടുകയും, അതുവഴി വിമർശനാത്മകവും ഉത്തരവാദിത്തമുള്ളതുമായ പൗരസമൂഹത്തെ വളർത്തിയെടുക്കുന്ന കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഇടങ്ങളായി സർവ്വകലാശാലകളെ ഇതുവഴി പരിവർത്തനപ്പെടുത്തും.

220. ഗവേഷണവും അധ്യാപനവും സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി യോജിപ്പിക്കുന്നതിന് എല്ലാ സർവ്വകലാശാലകളിലും സർവ്വകലാശാലതല സോഷ്യൽ ഇംപാക്ട് സെല്ലുകൾ സ്ഥാപിക്കും.

221. **അന്താരാഷ്ട്ര സഹകരണം:** അന്താരാഷ്ട്ര വിദ്യാർത്ഥികളെയും സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വിദ്യാർഥികളുടെയും പ്രവേശനം സുഗമമാക്കാൻ, വിസ സൗകര്യം, വിദ്യാർത്ഥികളുടെ താമസം, അക്കാദമിക് ക്രെഡിറ്റ് മാനേജ്മെന്റ് എന്നിവയ്ക്കായി ഒരു ഏകീകൃത സ്റ്റഡി ഇൻ കേരള ഡിജിറ്റൽ പ്ലാറ്റ്ഫോം ആരംഭിക്കും.

222. **സ്റ്റഡി ഇൻ കേരള:** സ്റ്റഡി ഇൻ കേരള പദ്ധതിയിൽ പങ്കെടുക്കുന്ന എല്ലാ സർവ്വകലാശാലകളും കോളേജുകളും (സർക്കാർ, എയ്ഡഡ്, സ്വാശ്രയ) സീറ്റ് വിഹിതം, അക്കാദമിക് പിന്തുണ, വിദ്യാർത്ഥിക്ഷേമ വ്യവസ്ഥകൾ, സാമ്പത്തിക ഉത്തരവാദിത്തങ്ങൾ എന്നിവ വ്യക്തമാക്കുന്ന അഞ്ചു വർഷത്തെ ധാരണാപത്രങ്ങൾ സ്റ്റഡി ഇൻ കേരള പദ്ധതിയുമായി രൂപീകരിക്കുമെന്ന് ഉറപ്പാക്കും. പ്രവേശനം, വിസ, ഓറിയന്റേഷൻ പ്രക്രിയകൾ എന്നിവയിൽ വിദ്യാർത്ഥികളെ സഹായിക്കാൻ തിരുവനന്തപുരത്തും കൊച്ചിയിലും കോഴിക്കോടും സ്റ്റഡി ഇൻ കേരള സപ്പോർട്ട് കേന്ദ്രങ്ങൾ തുടങ്ങും.

223. സർക്കാരും പങ്കാളിസ്ഥാപനങ്ങളും സംയുക്തമായി ധനസഹായം നൽകുന്ന, പഠനവും ജീവിതച്ചെലവും ഉൾക്കൊള്ളുന്ന, അന്താരാഷ്ട്ര വിദ്യാർത്ഥികൾക്കുള്ള മെറിറ്റ്-കം-നീഡ് അധിഷ്ഠിത കേരള ഗ്ലോബൽ ടാലന്റ് സ്കോളർഷിപ്പുകൾ ആരംഭിക്കും. അന്താരാഷ്ട്ര വിദ്യാർത്ഥി റിക്രൂട്ട്മെന്റി

നും മെന്ററിംഗിനും അംബാസഡർമാരായി കേരളത്തിന്റെ ആഗോള പ്രവാസികളെയും പൂർവ്വ വിദ്യാർത്ഥി ശൃംഖലകളെയും പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതി രൂപീകരിക്കും. വിദേശത്തും മറ്റു പ്രധാന ഇന്ത്യൻ നഗരങ്ങളിലും പ്രവേശന ലെയ്സൺ ഓഫീസുകളോ പങ്കാളിത്ത ഡെസ്കുകളോ ഇതിന്റെ ഭാഗമായി സ്ഥാപിക്കാൻ ശ്രമിക്കും.

224. ജിസിസി രാജ്യങ്ങൾ, ആസിയാൻ, കിഴക്കൻ ആഫ്രിക്ക, വടക്കേ ഇന്ത്യൻ മെട്രോകൾ എന്നിവിടങ്ങളിൽ കേരളത്തിന്റെ സുരക്ഷ, ഗുണനിലവാരം, താങ്ങാനാവുന്ന ജീവിതച്ചെലവ്, ജീവിതശൈലി നേട്ടങ്ങൾ എന്നിവ എടുത്തുകാണിക്കുന്ന ഒരു മുൻനിര പ്രചാരണ പദ്ധതി ആരംഭിക്കും.

## ശാസ്ത്ര സാങ്കേതികം

225. **ശാസ്ത്ര–സാങ്കേതിക പരിസ്ഥിതി കൗൺസിൽ:** വിജ്ഞാന സമ്പദ്ഘടനയിലേക്കുള്ള പരിവർത്തനത്തിൽ നിർണ്ണായകമായ പങ്ക് ശാസ്ത്രസാങ്കേതിക നയത്തിനും ഗവേഷണത്തിനുമുണ്ട്. കേരളത്തിന്റെ ശാസ്ത്ര–സാങ്കേതിക പരിസ്ഥിതിയുടെ നട്ടെല്ലായി പ്രവർത്തിക്കുന്നത് കേരള സംസ്ഥാന ശാസ്ത്ര–സാങ്കേതിക–പരിസ്ഥിതി കൗൺസിലാണ് (KSCSTE). ഇതിനു കീഴിൽ ജലവിഭവ വികസന മാനേജ്മെന്റ് കേന്ദ്രം (CWRDM), നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആൻഡ് റിസർച്ച് സെന്റർ (NATPAC), കേരള ഫോറസ്റ്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KFRI), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (IAV), ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ (TBGRI), രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി (RGCB) തുടങ്ങിയ ഉന്നതവിദ്യാപീഠങ്ങൾ പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ ശാസ്ത്ര ഗവേഷണം, നവീകരണം, നയരൂപീകരണം എന്നിവയെ ഏകോപിപ്പിക്കുന്ന ഒരു അപ്പെക്സ് ബോഡിയാണ് കൗൺസിൽ. കൗൺസിലിന് കൂടുതൽ പണം ലഭ്യമാക്കും. പ്രവർത്തനങ്ങളെ സമഗ്രമായി വിലയിരുത്തി ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തും.

226. കൗൺസിലിനു കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളുടെ അക്കാദമിക് സ്വാതന്ത്ര്യം ഉറപ്പുവരുത്തും. കൗൺസിൽ അംഗീകരിക്കുന്ന ശാസ്ത്രസാങ്കേതിക നയചട്ടക്കൂടിൽ നിന്നുകൊണ്ട് സംസ്ഥാനത്തിന്റെ മുൻഗണന മേഖലകളിൽ ഗവേഷണ പഠനങ്ങൾ നടത്തുന്നതിന് ആവശ്യമായ സാമ്പത്തിക പിന്തുണ ഉറപ്പുവരുത്തും.

227. **ഗവേഷണവും സംരംഭകത്വവും:** ശാസ്ത്ര–സാങ്കേതിക നേട്ടങ്ങൾ ഗവേഷണത്തിലൊതുങ്ങാതെ, നവീകരണത്തിലേക്കും സംരംഭകത്വത്തിലേക്കും ഒഴുകുന്നതിനുവേണ്ടി ടെക്നോളജി ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് പോളിസി, ഐടി പോളിസി, സ്റ്റാർട്ടപ്പ് മിഷൻ തുടങ്ങിയ സംവിധാനങ്ങൾ ശക്തിപ്പെടുത്തും. കേരള സ്റ്റേറ്റ് ഐടി മിഷന്റെ ഡിജിറ്റൽ ഗവേണൻസ് പ്രവർത്തനങ്ങൾ കൂടുതൽ മുന്നോട്ടുകൊണ്ടുപോകും.

സയൻസ് പാർക്കുകളും സെന്റേഴ്സ് ഓഫ് എക്സലൻസും, പോഷകാഹാര ശാസ്ത്രം, മൈക്രോബയോം, ന്യൂട്രാസ്യൂട്ടിക്കൽസ് തുടങ്ങിയ മേഖലകളിൽ രൂപപ്പെട്ട കേന്ദ്രങ്ങളും ഗവേഷണ–വ്യവസായ ബന്ധം ശക്തിപ്പെടുത്താൻ സഹായിക്കും.

228. ഗവേഷണവും നയരൂപീകരണവും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തും. ശാസ്ത്രീയ അറിവ് പ്ലാനിംഗ്, ബജറ്റിംഗ്, സേവനവിതരണം എന്നിവയുടെ ഭാഗമാക്കും. ഗവേഷണ ഫലങ്ങളുടെ ട്രാൻസ്ലേഷൻ-ഉൽപ്പന്നങ്ങളിലേക്കും സേവനങ്ങളിലേക്കും-സ്ഥാപനപരമായി പിന്തുണയ്ക്കും. അന്താരാഷ്ട്ര സഹകരണവും സ്വകാര്യ നിക്ഷേപവും ആകർഷിക്കുന്ന തരത്തിൽ ശാസ്ത്ര പരിസ്ഥിതിയെ കൂടുതൽ തുറന്നതാക്കും.

229. **പ്രോത്സാഹന സ്കീമുകൾ:** കേരളത്തിന്റെ ശാസ്ത്ര–സാങ്കേതിക നയത്തിന്റെ ശക്തി മനുഷ്യവിഭവ വികസനത്തിലേക്കുള്ള ഊന്നലിലാണ്. ഫെല്ലോഷിപ്പുകൾ, പോസ്റ്റ്-ഡോക്ടറൽ പദ്ധതികൾ, വിദ്യാർത്ഥി ഗവേഷണ സഹായങ്ങൾ, സ്ത്രീ ശാസ്ത്രജ്ഞർക്കുള്ള പ്രത്യേക പദ്ധതികൾ, എസ്.സി/എസ്.ടി വിഭാഗങ്ങൾക്കുള്ള പദ്ധതികൾ എന്നിവയെല്ലാം വിപുലപ്പെടുത്തും.

230. **പ്രാദേശിക വികസനം:** പ്രാദേശിക ഭരണ സ്ഥാപനങ്ങൾ പലപ്പോഴും പുറത്തുനിന്നുള്ള വിദഗ്ധരെയോ സ്വകാര്യ കൺസൾട്ടൻസികളെയോ ആശ്രയിക്കുന്ന പ്രവണതയാണ് കാണുന്നത്. ഇതിന് പകരം, സംസ്ഥാനതലത്തിൽ പ്രശ്നങ്ങളെ ശാസ്ത്രീയ രീതിയിൽ നിർവചിച്ച്, സർവകലാശാല–കോളേജ് ഗവേഷകരുടെ കൂട്ടായ ബൗദ്ധികശേഷി ഉപയോഗപ്പെടുത്തുന്ന ഒരു മാതൃക വികസിപ്പിക്കും.

231. മുൻഗണനാ പ്രശ്നങ്ങളെ കേന്ദ്രീകരിച്ച് ഗവേഷണം നടത്താൻ അധ്യാപകർ, ഗവേഷകർ, വിദ്യാർത്ഥികൾ എന്നിവരെ പ്രോത്സാഹിപ്പിക്കുന്ന നയപരമായ സംവിധാനങ്ങൾ ശക്തിപ്പെടുത്തും. പ്രാദേശിക പ്രശ്നങ്ങൾ ഗവേഷണ ഫണ്ടുകളായി രൂപാന്തരപ്പെടുത്തുകയും, മത്സരാധിഷ്ഠിതമായ പ്രമേയ ക്ഷണങ്ങളിലൂടെ ഗവേഷണ പദ്ധതികൾ തിരഞ്ഞെടുക്കുകയും ചെയ്യും.

## നൈപുണി പരിശീലനം

232. വിദ്യാഭ്യാസത്തിനും തൊഴിലിനും ഇടയിലുള്ള വിടവ് പൂർണ്ണമായും നികത്തി ലോകോത്തരവും സംയോജിതവും കരിയർ അധിഷ്ഠിതവുമായി കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗം പരിവർത്തനം ചെയ്യും. ആജീവനാന്ത പഠനം, സ്കിൽ മൊബിലിറ്റി, സംരംഭകത്വം എന്നിവ ഇതിനായി പ്രോത്സാഹിപ്പിക്കും. ഇപ്പോൾ സർവ്വകലാശാലകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ മാത്രമല്ല, പഠനം പൂർത്തിയാക്കിയവർക്കും 'ബാക്ക് ടു കാമ്പസ്' പ്രോ

ഗ്രാമുകളിലൂടെ ഈ പരിവർത്തനവുമായി ബന്ധപ്പെടാൻ സാധിക്കും.

233. **സെന്റർ ഫോർ സ്കിൽ ഡെവലപ്മെന്റ്:** നിലവിൽ എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും സെന്റർ ഫോർ സ്കിൽ ഡെവലപ്മെന്റ് കോഴ്സുകളും കരിയർ പ്ലാനിംഗും (CSDCCP) സ്ഥാപിച്ചിട്ടുണ്ട്. ഓരോ CSDCCP യൂണിറ്റുകളിലും NSQF ചട്ടക്കൂടുമായി യോജിപ്പിച്ച് സർട്ടിഫിക്കറ്റ്, ഡിപ്ലോമ, ബിരുദാനന്തര ഡിപ്ലോമ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഇതുവഴി ഉന്നതവിദ്യാഭ്യാസവുമായി തൊഴിൽ വൈദഗ്ധ്യം സമന്വയിപ്പിക്കപ്പെടും.

234. **ക്രെഡിറ്റ്-ലിങ്ക്ഡ് നൈപുണി കോഴ്സുകൾ:** ഇങ്ങനെ ആരംഭിക്കുന്ന പ്രോഗ്രാമുകൾ ക്രെഡിറ്റ്-ലിങ്ക് ചെയ്ത് സർവ്വകലാശാലകൾ വഴി സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാം. ദേശീയ ക്രെഡിറ്റ് ചട്ടക്കൂടിനുള്ളിൽ ഔപചാരിക അംഗീകാരം ഉറപ്പാക്കുകയും ചെയ്യും. ഇതുവഴി അക്കാദമിക് പഠനവും യഥാർത്ഥ ലോകത്തിലെ തൊഴിൽക്ഷമതയും തമ്മിൽ തടസ്സമില്ലാത്ത ബന്ധം സൃഷ്ടിച്ച്, പഠിതാക്കൾക്ക് തൊഴിൽ, അക്കാദമിക്, പ്രൊഫഷണൽ പാതകളിൽ തടസ്സരഹിതമായി മാറിമാറി സഞ്ചരിക്കാൻ അവസരം ലഭ്യമാക്കാൻ സാധിക്കും.

235. പോളിടെക്നിക്, വൊക്കേഷണൽ പ്രോഗ്രാമുകൾ എന്നിവ NSQF ലെവലുകൾ 4.5–8 യുമായി യോജിപ്പിക്കുകയും ക്രെഡിറ്റ് ഫ്രെയിംവർക്കിലൂടെ ബിരുദപാതകളുമായി ബന്ധിപ്പിക്കുകയും ചെയ്യും. ഇത് തൊഴിലവസരവും ഉന്നതവിദ്യാഭ്യാസത്തിലേക്കുള്ള തുടർച്ചയും ഉറപ്പാക്കും. ഇതിനായി നിലവിലെ അവാർഡിങ് ബോഡിയ്ക്ക് സ്കിൽ യൂണിവേഴ്സിറ്റി പദവി ലഭിക്കാൻ പദ്ധതികൾ ആവിഷ്കരിക്കും.

236. **ക്യാമ്പസ് പ്ലേസ്മെന്റ്:** എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ക്യാമ്പസ് പ്ലേസ്മെന്റ് ഉറപ്പുവരുത്തും. വിജ്ഞാനകേരളവുമായി ചേർന്ന് ഏകീകൃത ഇന്റേൺഷിപ്പ് ആൻഡ് പ്ലേസ്മെന്റ് പോർട്ടലിന്റെ പിന്തുണയോടെയുള്ള ഒരു സംസ്ഥാനതല പ്ലേസ്മെന്റ് ആൻഡ് ഇന്റേൺഷിപ്പ് മാനേജ്മെന്റ് സെൽ, വ്യവസായങ്ങൾ, പഞ്ചായത്തുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിലുടനീളം ഇന്റേൺഷിപ്പുകൾ, അപ്രന്റീസ്ഷിപ്പുകൾ, പ്ലേസ്മെന്റുകൾ എന്നിവ ഏകോപിപ്പിക്കും.

237. നിർമ്മിത ബുദ്ധി കാലഘട്ടത്തിൽ സോഫ്റ്റ്‌വെയർ നിർമ്മാതാക്കൾക്കൊപ്പം തന്നെ ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങൾ കെട്ടിപ്പടുക്കുന്ന 'മേക്കർമാരെയും' (Makers) സൃഷ്ടിക്കുന്ന ഒരു സമഗ്ര നൈപുണ്യ വിപ്ലവമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ ഐടിഐകളെയും പോളിടെക്നിക്കുകളെയും എഐ-ഡാറ്റാ സെന്റർ കാലഘട്ടത്തിന് അനുയോജ്യമായ രീതിയിൽ നവീകരിക്കും. ഡാറ്റാ സെന്റർ മാനേജ്മെന്റ്, അഡ്വാൻസ്ഡ് കൂളിംഗ് ടെക്നോളജി, സ്മാർട്ട് ഇലക്ട്രിക്കൽ സിസ്റ്റംസ്

എന്നിവയിൽ പ്രത്യേക കോഴ്സുകൾ ആരംഭിക്കും.

238. **കേരള നോളജ് ഫാക്ടറി:** കോളേജുകൾക്കൊപ്പം ഐടിഐകളിലെയും പോളിടെക്നിക്കുകളിലെയും പ്രതിഭകളെ ഉൾപ്പെടുത്തി ഒരു 'നോളജ് ഫാക്ടറി' സ്ഥാപിക്കും. ഇതിലൂടെ വിദ്യാർത്ഥികൾക്ക് സർക്കാർ പ്രോജക്റ്റുകളിൽ നേരിട്ട് പങ്കാളികളാകാൻ അവസരം ലഭിക്കും. ഇത് സിയാൽ മോഡൽ അർദ്ധ പൊതുമേഖലാ സ്ഥാപനമായിരിക്കും. നോളഡ്ജ് ഫാക്ടറിയുടെ ഭാഗമായി പ്രവർത്തിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ പ്രായോഗിക സംഭാവനകൾക്ക് അനുസൃതമായി പെയ്ഡ് ഇന്റേൺഷിപ്പും സ്റ്റൈപ്പന്റും ഉറപ്പാക്കും. ഈ സംവിധാനത്തിലൂടെ വിദ്യാർത്ഥികൾ വെറും പരിശീലകരായി നിൽക്കാതെ, സർക്കാർ പ്രോജക്റ്റുകൾക്ക് ആവശ്യമായ എഐ ടൂളുകളും സോഫ്റ്റ്‌വെയറുകളും ഫിസിക്കൽ ഇൻഫ്രാസ്ട്രക്ചറും നിർമ്മിക്കുന്ന യഥാർത്ഥ 'ഉൽപ്പാദകരായി' മാറും.

239. നോളജ് ഫാക്ടറിയുടെ ഭാഗമായി എഐ പവേർഡ് ക്രിയേറ്റീവ് സ്റ്റുഡിയോകൾ സ്ഥാപിക്കും. ഇവിടെ വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര സിനിമകളുടെയും ഗെയിമുകളുടെയും പ്രോജക്റ്റുകളിൽ പെയ്ഡ് ഇന്റേൺഷിപ്പോടെ പ്രവർത്തിക്കാനും ആഗോള നിലവാരത്തിലുള്ള പ്രവർത്തിപരിചയം നേടാനും സാധിക്കും.

240. **ഡിജിറ്റൽ സയൻസ് പാർക്കുമായുള്ള സംയോജനം**: നോളജ് ഫാക്ടറിയിൽ നിന്ന് ഉയർന്നുവരുന്ന മികച്ച ആശയങ്ങളെയും പ്രോട്ടോടൈപ്പുകളെയും ഡിജിറ്റൽ സയൻസ് പാർക്കിലെ അഡ്വാൻസ്ഡ് ഗവേഷണ സൗകര്യങ്ങളുമായി ബന്ധിപ്പിച്ച് ആഗോള നിലവാരമുള്ള ഉൽപ്പന്നങ്ങളാക്കി മാറ്റും.

241. **മാസ് എഐ ലിറ്ററസി:** അടുത്ത അഞ്ചുവർഷത്തിനുള്ളിൽ 1 കോടി പൗരന്മാർക്ക് അവരുടെ തൊഴിലിടങ്ങളിൽ ഉപയോഗിക്കത്തക്ക രീതിയിൽ എഐ ഉൾപ്പെടെയുള്ള ഡിജിറ്റൽ സാങ്കേതികവിദ്യകളിൽ പരിശീലനം നൽകും.

242. **സ്കൂൾ തലത്തിലുള്ള നൈപുണ്യ വിപ്ലവം:** കൈറ്റ് (KITE) വഴി 25 ലക്ഷം സ്കൂൾ വിദ്യാർത്ഥികൾക്ക് റോബോട്ടിക്സ്, ഐഒടി, എഐ എന്നിവയിൽ പ്രത്യേക പരിശീലനം നൽകി അവരെ ഭാവിയിലെ സാങ്കേതിക വിദ്യകളുടെ സ്രഷ്ടാക്കളാക്കി മാറ്റും.

243. **ഡിജിറ്റൽ എംപ്ലോയബിലിറ്റി ഗ്രിഡ്:** ഐടിഐകളിലെയും പോളിടെക്നിക്കുകളിലെയും മറ്റു കോളേജുകളിലെയും വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന നൈപുണ്യങ്ങൾ ഡിജിറ്റൽ വർക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) വഴി ആഗോള തൊഴിലുടമകളിലേക്ക് നേരിട്ട് എത്തിക്കും. എല്ലാ പ്രൊഫഷണൽ കോഴ്സുകളിലും എഐ/എംഎൽ (AI/ML) മോഡ്യൂളുകൾ ഉൾപ്പെടുത്തുകയും ഇഗ്നൈറ്റ് (IGNITE) പദ്ധതി വഴി നിർബന്ധിത വ്യവസായ ഇന്റേൺഷിപ്പുകൾ ഉറപ്പാക്കുകയും ചെയ്യും.

244. **പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗം:** വാണിജ്യാടിസ്ഥാനത്തിലുള്ള പരിശീലന ഏജൻസികളെ ഉപയോഗപ്പെടുത്താമെങ്കിലും കോളെജിലെ അധ്യാപകരും പൂർവ്വവിദ്യാർത്ഥികളായ മെന്റർമാരും ആയിരിക്കും മുഖ്യചാലക ശക്തി. വിജ്ഞാന കേരളത്തിന്റെ ആഭിമുഖ്യത്തിൽ ക്യാമ്പയിൻ അടിസ്ഥാനത്തിലായിരിക്കും ഈ പുതിയ നൈപുണി പരിശീലന പരിപാടിക്ക് അസ്തിവാരമിടുക.

245. **കമ്പനികളുമായിട്ടുള്ള ബന്ധം:** ഉയർന്ന സ്കില്ലുകൾക്കു വേണ്ടിയുള്ള പരിശീലനത്തിൽ ഏർപ്പെടുന്നതിനുള്ള സ്വാതന്ത്ര്യം ഏതു വിദ്യാർത്ഥികൾക്കും ഉണ്ടാകും. അല്ലാതുള്ളവർക്ക് വിവിധ കമ്പനികളിലെ തൊഴിലവസരങ്ങളുമായി ബന്ധപ്പെടുത്തിയായിരിക്കും നൈപുണി പരിശീലനം നൽകുക. അഫിലിയേറ്റഡ് കോളെജുകളിലെ സ്കിൽ സെന്ററുകളെ വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുന്നതിനും ഫലപ്രദമായ നൈപുണി കോഴ്സുകൾ ആരംഭിക്കുന്നതിനും വിപുലമായ ശില്പശാലകൾ അക്കാദമിക് വർഷത്തിന്റെ തുടക്കത്തിൽതന്നെ യൂണിവേഴ്സിറ്റി തലത്തിൽ സംഘടിപ്പിക്കും. എംജി യൂണിവേഴ്സിറ്റിയും മറ്റു ചില യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളും ഈ വർഷം ഇത്തരത്തിൽ വിജയകരമായ ശില്പശാലകൾ നടത്തുകയുണ്ടായി.

246. കമ്പനികളിലുള്ള ജോലി ലഭിക്കുന്നതിന് അനിവാര്യമായ നൈപുണി ഉറപ്പാക്കുന്ന കോഴ്സുകൾ എല്ലാ അക്കാദമികവർഷവും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്ന രീതിയിൽ ഇലക്ടീവ് കോഴ്സുകളിൽ മാറ്റം വരുത്തുന്നതിനുള്ള സംവിധാനം ബന്ധപ്പെട്ട സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ മുൻകൈയെടുക്കും.

247. **നൈപുണി പരിശീലന സൗകര്യങ്ങൾ:** എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും കിഫ്ബി വഴി ലാംഗ്വേജ് ലാബുകൾ / SDPK സെന്ററുകൾ സ്ഥാപിക്കും. ഐടിഐ, പോളിടെക്നിക്കുകൾ എന്നിവിടങ്ങളിലെ സാങ്കേതിക പരിശീലന സൗകര്യങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ വിപുലപ്പെടുത്തും. കമ്മ്യൂണിറ്റി മെന്ററിങ്ങിന്റെ കേന്ദ്രങ്ങളായി ഇവയെ പ്രവർത്തിപ്പിക്കും.

248. **RTD തൊഴിലുകൾ:** കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റി യഥാർത്ഥ ജീവിത പ്രശ്നങ്ങളെ മുൻനിർത്തിയ പ്രോജക്ടുകളിൽ വ്യവസായങ്ങളുമായി ചേർന്ന് പരിശീലനങ്ങൾക്കായി K-DISC-മായി കരാറുണ്ടാക്കി ഒരു സവിശേഷ അക്കാദമിക് പരിപാടി തയ്യാറാക്കിയിട്ടുണ്ട്. ഇത് വിപുലമായ RTD (Recruitment, Train and Deploy) പരിപാടികൾക്ക് വഴിയൊരുക്കും. കണ്ണൂർ യൂണിവേഴ്സിറ്റി FYUGP യിൽപ്പെടുത്തി ഇതേ മാതൃക പിൻതുടർന്നിട്ടുണ്ട്. ഈ മാതൃക മറ്റു സർവ്വകലാശാലകളിലും നടപ്പിലാക്കും.

249. **പൂർവവിദ്യാർത്ഥി മെന്റർ സഞ്ചയം:** കേരളത്തിലെ സർവ്വകലാശാലകളിൽ നിന്നും കോളേജുകളിൽ നിന്നും പഠിച്ചിറങ്ങി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രൊഫഷണൽ, അക്കാദമിക്, മാനേജീരിയൽ പദവികൾ

അലങ്കരിക്കുന്ന പൂർവ്വവിദ്യാർത്ഥികൾക്ക് തങ്ങൾ പഠിച്ച സ്ഥാപനത്തിന്റെ വളർച്ചയിലും നവകേരളത്തിന്റെ വിജ്ഞാന നിർമ്മാണത്തിലും പങ്കാളികളാകാൻ കഴിയും. ലോക കേരള സഭയുടെ സഹായം ഇതിനായി ഉപയോഗപ്പെടുത്തും. ഓരോ സ്ഥാപനത്തിലെയും അലുമിനി സംഘടനകൾ പൂർവ്വവിദ്യാർത്ഥികളുടെ യോഗം ഇതിനായി വിളിച്ചു ചേർക്കണം. സംസ്ഥാനത്ത് മൊത്തത്തിൽ ഒരുലക്ഷം മെന്റർമാരെ റിക്രൂട്ട് ചെയ്യും. വിജ്ഞാന കേരളത്തിന്റെ ആഭിമുഖ്യത്തിൽ ഇത്തരത്തിൽ സംസ്ഥാനാടിസ്ഥാനത്തിൽ മെന്റർമാർക്ക് ഓറിയന്റേഷൻ നൽകും.

250. **ഡിജിറ്റൽ സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം:** സംസ്ഥാനത്ത് ഒരു കേന്ദ്രീകൃത ഡിജിറ്റൽ സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം/ സ്റ്റുഡിയോ രൂപപ്പെടുത്തേണ്ടതുണ്ട്. അതിൽ സ്കിൽ കോഴ്സ് ഡെലിവറി, ഇൻഡസ്ട്രി - ജിസിസി (ഗ്ലോബൽ കേപ്പബിലിറ്റി സെന്റേഴ്സ്) ഇന്റർഫേസ് പോയ്ന്റ്സ്, മെന്റർ പൂൾ മാനേജ്മെന്റ് യൂണിറ്റ്സ്, വെർച്വൽ ജോബ് ഫെയർ & പ്ലേസ്മെന്റ് നോട്സ് എന്നിവ ഉൾപ്പെടുത്തും.

251. **ബാക്ക് ടു കാമ്പസ്:** പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് പഠിച്ചിറങ്ങിയ സ്ഥാപനത്തിൽതന്നെ നൈപുണി പരിശീലനത്തിനായി ബാക്ക് ടു കാമ്പസ് എന്ന പേരിൽ കോഴ്സുകൾ സംഘടിപ്പിക്കും. ഇത് വളരെ വിജയപ്രദമായി പോളിടെക്നിക്കുകളിലും ഐടിഐകളിലും ഈ വർഷം നടത്തുകയുണ്ടായി. പ്രത്യക്ഷമായി കമ്പനികളിലെ തൊഴിലുമായി ബന്ധപ്പെട്ടുള്ള പരിശീലനമാണ് അഭികാമ്യം.

252. പട്ടികജാതി-പട്ടികവർഗ വിദ്യാർത്ഥികൾക്ക് ബാക്ക് ടു കാമ്പസ് റെസിഡന്റ്ഷ്യൽ പരിശീലനം നൽകും. ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക മോട്ടിവേഷണൽ ക്യാമ്പുകൾ സംഘടിപ്പിക്കും. കമ്മ്യൂണിറ്റി അച്ചീവേഴ്സിനെ ഈ ക്യാമ്പുകളിൽ പങ്കെടുപ്പിക്കും. മത്സ്യത്തൊഴിലാളി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കുവേണ്ടിയും ഇത്തരത്തിൽ പ്രത്യേക പരിശീലന പരിപാടികൾ ആവിഷ്കരിക്കും.

253. **പ്രാദേശിക തൊഴിലുകൾ:** കുടുംബശ്രീ മുൻകൈയെടുത്തുകൊണ്ടുള്ള സ്ത്രീകൾക്ക് പ്രാദേശിക തൊഴിലുകൾ നൽകാനുള്ള ജനകീയ ക്യാമ്പയിനിലും വിപുലമായ നൈപുണി പരിശീലനം അനിവാര്യമാണ്. ലക്ഷക്കണക്കിന് സ്ത്രീകൾക്കാണ് പരിശീലനം നൽകേണ്ടി വരിക. വിജ്ഞാന കേരളത്തിന്റെ സഹായത്തോടെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും മറ്റു പരിശീലന ഏജൻസികളുമായി ഈ തൊഴിൽ ക്യാമ്പയിനെ ബന്ധപ്പെടുത്തും.

254. ഇതിന്റെ ഭാഗമായി സ്കിൽ സെന്ററുകളും, ഷീ വർക്ക് സ്പേസുകളും പ്രാദേശികാടിസ്ഥാനത്തിൽ (ബ്ലോക്ക്, നഗരസഭാ) ആരംഭിക്കും. വർക്ക് നിയർ ഹോം പദ്ധതി അടുത്ത വർഷം ചുരുങ്ങിയത് 200 കേന്ദ്രങ്ങളിലേക്ക്

വ്യാപിപ്പിക്കും. കെട്ടിടങ്ങൾ വിട്ടുനൽകാൻ തയ്യാറുള്ള കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐകൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകും.

255. **വിജ്ഞാനകേരളം:** നൈപുണി - തൊഴിൽ ക്യാമ്പയിനിനു പൊതുവായി നൽകുന്ന പേരാണ് വിജ്ഞാനകേരളം ക്യാമ്പയിൻ. ഈ പരിപാടിയുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകൾക്കും, കെ-ഡിസ്ക്, അസാപ്, KASE, കില, മറ്റു നൈപുണി പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയവയ്ക്കെല്ലാമുള്ള പൊതു വേദിയായിട്ട് ആയിരിക്കും വിജ്ഞാനകേരളം പ്രവർത്തിക്കുക.

256. തദ്ദേശഭരണ സ്ഥാപനങ്ങൾ നൈപുണി പരിശീലനത്തിലും തൊഴിൽ മേളകൾക്കും വേണ്ടി കൂടുതൽ പണം പ്രൊജക്ടുകളിൽ വകയിരുത്തും. ഇവയുടെ ഫണ്ട് വിനിയോഗത്തിൽ സബ്സിഡി ചട്ടങ്ങൾ ഉദാരമാക്കും.

257. ഇന്നൊവേഷൻ പ്രോഗ്രാമുകൾ, വിജ്ഞാന കേരളം പ്രോഗ്രാം എന്നിവ ഉൾപ്പെടെ കെ-ഡിസ്കിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലവും കാര്യക്ഷമവുമാക്കും.

258. **സംസ്ഥാന കൗൺസിൽ:** സംസ്ഥാനതലത്തിൽ മന്ത്രിമാരുടെ പ്രസീഡിയത്തിനു കീഴിൽ ഒരു നൈപുണി തൊഴിൽ കൗൺസിൽ രൂപീകരിക്കും. അതിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസം, പോളിടെക്നിക്, ഐടിഐ, തദ്ദേശഭരണ സ്ഥാപനങ്ങൾ, പട്ടികജാതി-പട്ടികവർഗക്ഷേമം, മത്സ്യം, മൃഗസംരക്ഷണം, കൃഷി എന്നീ വകുപ്പുകൾക്ക് പ്രത്യേക സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിക്കും. ഇതേ മാതൃകയിൽ ജില്ലകളിലും കൗൺസിലും സ്റ്റാന്റിംഗ് കമ്മിറ്റികളും ഉണ്ടാകും. ഓരോ വകുപ്പും അവരുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നൈപുണി പരിശീലനത്തിന് മൻകൈയെടുക്കുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറത്തുള്ള നൈപുണി പരിശീലനത്തിന് മുൻകൈയെടുക്കും.

259. **സന്നദ്ധപ്രവർത്തകർ:** കെആർപി / ഡിആർപി / എൽആർപി ശൃംഖല വിപുലീകരിക്കും. കൂടുതൽ തീവ്രമായ പരിശീലനം നൽകും. തൊഴിൽ ക്യാമ്പയിനു മാത്രമല്ല, മറ്റു ജനകീയ ക്യാമ്പയിനുകൾക്കുകൂടി ഉപയോഗപ്പെടുത്താനാകുംവിധം വേണം സന്നദ്ധപ്രവർത്തക ശൃംഖല രൂപീകരിക്കുക. വിജ്ഞാനകേരളത്തിനായിരിക്കും ആയിരിക്കും പ്രവർത്തനങ്ങളുടെ ഏകോപന ചുമതല.

260. എല്ലാ കോളെജുകളിലെയും പ്ലേസ്മെന്റ് ഓഫീസർമാരും IQAC ഓഫീസർമാരുടെയും പ്രവർത്തനത്തെ ഏകോപിപ്പിക്കുന്നതിന് ഓരോ ചെറുക്ലസ്റ്റർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കോളെജ് അധ്യാപകരായ അക്കാദമിക് കോർഡിനേറ്റർമാർ വിജ്ഞാന കേരളത്തിന്റെ ഭാഗമായി ഉണ്ടാകും.

261. **നാഷണൽ സർവ്വീസ് സ്കീം:** നാഷണൽ സർവ്വീസ് സ്കീമിനെ നൈപുണി പരിശീലന പരിപാടിയുമായി കൂടുതൽ ചിട്ടയായി ബന്ധപ്പെടുത്തും. ഈ പരിപാടിയിൽ പങ്കാളികളാകുന്ന വിദ്യാർത്ഥികൾക്ക് സർവകലാശാല

യുമായി ബന്ധപ്പെടുത്തി ഹ്രസ്വകാല കോഴ്സ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കും.

## യുവജനക്ഷേമം

262. 'കണക്ട് ടു വർക്ക്' 22 മുതൽ 30 വയസ്സുവരെയുള്ള യുവജനങ്ങൾക്ക് നൈപുണി പരിശീലന കാലത്ത് പ്രതിമാസം 1000 രൂപ സാമ്പത്തിക സഹായമായി നൽകുന്ന പദ്ധതി വിപുലീകരിക്കും.
263. **പി.എസ്.സി നിയമനം:** കഴിഞ്ഞ ഒരു ദശകത്തിൽ 3 ലക്ഷം പേർക്കാണ് പി.എസ്.സി വഴി നിയമനം നൽകിയത്. ശരാശരി ഒരു ദിവസം 87 പേർക്ക് വീതം. മറ്റു സംസ്ഥാനങ്ങളിൽ നിയമന നിരോധനമാണ് പ്രായോഗികമായി നിലവിലുള്ളത്. കേരളത്തിൽ സർക്കാരിലെ ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യപ്പെടുമെന്നും നിയമനങ്ങൾ നടത്തുമെന്നും ഉറപ്പുവരുത്തും.
264. യുവജനങ്ങളിൽ ശാസ്ത്രബോധം പ്രചരിപ്പിക്കാൻ ലക്ഷ്യമിട്ട് കോട്ടയം സയൻസ്സിറ്റി, ചാലക്കുടി, പരപ്പനങ്ങാടി റീജിയണൽ സയൻസ് സെന്ററുകൾ, കൊട്ടാരക്കര സയൻസിയം എന്നിവയുടെ പ്രവർത്തനം ശക്തിപ്പെടുത്തും, കൂടുതൽ കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കും. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് സ്റ്റാർട്ടപ്പ് ഇൻകുബേറ്ററുകൾ സ്ഥാപിക്കും.
265. **യുവജന കമ്മീഷനും യുവജനക്ഷേമ ബോർഡും:** യുവജന കമ്മീഷന്റെ പ്രവർത്തനം കൂടുതൽ അവകാശാധിഷ്ഠിതമാക്കി വിപുലപ്പെടുത്തും. യുവജനക്ഷേമ ബോർഡുമായി രജിസ്റ്റർ ചെയ്യുന്ന യൂത്ത് ക്ലബ്ബുകൾ, യുവ ക്ലബ്ബുകൾ, യുവതി ക്ലബ്ബുകൾ തുടങ്ങിയവയ്ക്ക് ധനസഹായം വർധിപ്പിക്കും. കേരളോത്സവം വിപുലപ്പെടുത്തും.
266. ലഹരിക്ക് അടിമപ്പെടൽ, ആത്മഹത്യാപ്രവണത, സ്ത്രീകൾക്കെതിരായ അതിക്രമം, വർധിക്കുന്ന അരാഷ്ട്രീയത, അതിരുകവിഞ്ഞ സോഷ്യൽ മീഡിയ ആസക്തി എന്നിവയ്ക്കെതിരായി ശക്തമായ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കും. സാംസ്കാരിക അക്കാദമികളുടെ പ്രവർത്തനങ്ങളിൽ യുവജനപങ്കാളിത്തം ഉറപ്പുവരുത്തും. കോളേജ് യൂണിയനുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ സർഗ്ഗാത്മകവും, ആകർഷകവും ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. യുവജനക്ഷേമ ബോർഡിൻറെ കോർഡിനേറ്റർമാർക്ക് പരിശീലനവും, അലവൻസും കൃത്യമായി നൽകും.

# IV

# ഉൾച്ചേർന്ന വികസനം: ദാരിദ്ര്യത്തിനും തൊഴിലില്ലായ്മയ്ക്കും പരിഹാരം

267. കേരള വികസനത്തിന്റെ പ്രത്യേകത ഉൾച്ചേർന്ന വികസനമാണ്. വിജ്ഞാന സമ്പദ്ഘടനയായി കേരളം പരിവർത്തനം ചെയ്യപ്പെടുമ്പോൾ ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാൻ കഴിയണം. തൊഴിലില്ലായ്മയ്ക്കു

പരിഹാരം കണ്ടെത്താൻ കഴിയണം. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ മുഴുവൻ മുഖ്യധാരയിലേക്ക് കൊണ്ടുവരാനാകണം. അവരുടെ ഉപജീവന മാർഗ്ഗങ്ങളായ കൃഷിയും അനുബന്ധ മേഖലകളും വിജ്ഞാന സമ്പദ്ഘടനയുടെ ഭാഗമായി തീരുന്നതിന് കാലമെടുത്തേക്കാം. അതുകൊണ്ട് പ്രത്യേക കരുതൽ ആ മേഖലകൾക്കുണ്ടാകണം. എല്ലാ വികസന സൂചികകളിലും കേരളം ഒന്നാമതാണ്. ഒന്നാമതായി തന്നെ തുടരുമെന്ന് ഉറപ്പുവരുത്തും.

## കേവല ദാരിദ്ര്യനിർമ്മാർജ്ജനം

268. **അതിദാരിദ്ര്യ നിർമ്മാർജ്ജനം രണ്ടാംഘട്ടം:** അതിദാരിദ്ര്യം ഇല്ലായ്മ ചെയ്തതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ഏറ്റവും വലിയ നേട്ടം. ഈ കുടുംബങ്ങൾ വീണ്ടും ദാരിദ്ര്യത്തിലേക്ക് വഴുതി പോകാതിരിക്കാനുള്ള രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ മാർഗ്ഗ നിർദ്ദേശങ്ങൾ കേരളം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കൊപ്പം പുതിയൊരു ദൗത്യം ഏറ്റെടുക്കുകയാണ്. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 'കേവല ദാരിദ്ര്യം' (Absolute Poverty) പൂർണ്ണമായും ഇല്ലാതാക്കുകയും, 'ആപേക്ഷിക ദാരിദ്ര്യം' (Relative Poverty) കുറയ്ക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം.
269. **കേവല ദരിദ്രർ:** വരുമാനത്തിന്റെയോ ഉപഭോഗത്തിന്റെയോ അല്ലെങ്കിൽ ബഹുമുഖ സൂചകങ്ങളുടെയോ അടിസ്ഥാനത്തിൽ നമ്മൾ ദാരിദ്ര്യത്തെ നിർവചിക്കുകയും അതിൽ താഴെവരുന്ന കുടുംബങ്ങളെ മുഴുവൻ കരകയറ്റാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുകയും ചെയ്യും. അന്ത്യോദയ അന്നയോജന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 5.9 ലക്ഷം കുടുംബങ്ങളുണ്ട്. അഥവാ മഞ്ഞ കാർഡുള്ള കുടുംബങ്ങളെ ബഹുമുഖ ദാരിദ്ര്യ സൂചകങ്ങളുടെ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് അർഹരായ മുഴുവൻ പേരുടെയും പട്ടിക തയ്യാറാക്കും. ആശ്രയ, അഗതി സ്കീമുകളിലെ കുടുംബങ്ങൾ, പട്ടികവിഭാഗ- മത്സ്യത്തൊഴിലാളി കുടുംബങ്ങൾ എന്നിവരെ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് അർഹരായവരെ പട്ടികയിൽ ഉൾപ്പെടുത്തും.
270. **രീതി സമ്പ്രദായം:** അതിദരിദ്രരെ പോലെ നിലവിലുള്ള സർക്കാർ സ്കീമുകളിൽ പങ്കാളികളാവാൻ കഴിയാത്ത നിരാലംബരല്ല കേവല ദരിദ്രരായി നമ്മൾ നിർണ്ണയിക്കുന്ന മേൽ വിഭാഗം. അതുകൊണ്ട് സാമൂഹ്യക്ഷേമ ദാരിദ്ര്യ ലഘൂകരണ സ്കീമുകളിൽ ഇവർക്ക് പ്രത്യേക പരിഗണന നൽകി കൂടുതൽ ഫലപ്രദമായി നടപ്പാക്കുന്നതിനാണ് ഊന്നൽ നൽകുക. എല്ലാ വീടുകളിലും തൊഴിലില്ലാത്തവരോ തൊഴിൽസേനയ്ക്ക് പുറത്തുള്ളവരോ ആയ സ്ത്രീകൾക്ക് പ്രാദേശിക തൊഴിലിടങ്ങളിലെങ്കിലും ജോലി ഉറപ്പുവരുത്തും. അതോടൊപ്പം ഓരോ കുടുബത്തിനുമുള്ള മൈക്രോ

പ്ലാനുകൾക്കും രൂപം നൽകും. അതിദാരിദ്ര്യ നിർമ്മാർജ്ജന പ്രക്രിയയിൽ സ്വീകരിച്ചതുപോലെ ഓരോ ദരിദ്ര കുടുംബത്തിലെയും ബഹുമുഖ ദാരിദ്ര്യത്തിന്റെ വിവിധ ഘടകങ്ങൾ ഒന്നൊന്നായി അഭിസംബോധന ചെയ്യുന്നതിനുള്ള ഏകോപിതമായ സംവിധാനം നിലവിൽ വരുത്തുകയാണ് കേവല ദാരിദ്ര്യമുക്തമെന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗം.

## തൊഴിലില്ലായ്മയ്ക്ക് പരിഹാരം

271. കേന്ദ്ര സർക്കാരിന്റെ സർവ്വേ പ്രകാരം 2017-18-ൽ കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് 11.4 ശതമാനം ആയിരുന്നു. 2023-24-ൽ 7.1 ശതമാനമായി താഴ്ന്നു. എങ്കിലും ദേശീയ ശരാശരിയായ 3.2 ശതമാനത്തിനേക്കാൾ ഉയർന്നതാണ്. കേരളത്തിലെ തൊഴിലില്ലായ്മ ദേശീയ ശരാശരിയിലേക്ക് കുറച്ചുകൊണ്ടുവരികയാണ് ലക്ഷ്യം. ഇതിനുള്ള മുഖ്യമായ ഇടപെടൽ വിജ്ഞാന സമ്പദ്ഘടന സംബന്ധിച്ച ഖണ്ഡികകളിൽ വിശദീകരിച്ചു കഴിഞ്ഞു. ഇവിടെ സ്ത്രീകൾക്കു തൊഴിൽ നൽകുന്നതിനുള്ള ക്യാമ്പയിൻ മാത്രമേ വിശദീകരിക്കുന്നുള്ളൂ.

## 50% സ്ത്രീകൾക്ക് തൊഴിൽ

272. **50% തൊഴിൽ പങ്കാളിത്തം**: സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തനിരക്ക് 50 ശതമാനമായി ഉയർത്തുക എന്നതായിരിക്കും ഇനി കുടുംബശ്രീയുടെ കേന്ദ്ര മുദ്രാവാക്യം. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തനിരക്ക് കുറയുന്നതിന് നിരവധി കാരണങ്ങളുണ്ട്. തൊഴിലവസരങ്ങളുടെ കുറവ്, നൈപുണ്യമില്ലാത്തത്, കുറഞ്ഞ വേതനം, കുടുംബജോലികൾ, തൊഴിലിട സുരക്ഷ, യാത്രാസൗകര്യങ്ങളുടെ കുറവ്, തൊഴിലിലിലെ വിവേചനം, തൊഴിലും സാമൂഹികപദവിയും തുടങ്ങി വിവിധഘടകങ്ങൾ തൊഴിലിൽ നിന്നും പിന്തിരിപ്പിക്കുന്നവയാണ്. ഈ പ്രശ്നങ്ങളുടെ തീവ്രത കുറയ്ക്കാനും സ്ത്രീകൾക്ക് അനുകൂലമായ തൊഴിലന്തരീക്ഷം സമൂഹത്തിലും കുടംബങ്ങളിലും സൃഷ്ട്ടിക്കുവാനും വിപുലമായ സാമൂഹിക ഇടപെടൽ കുടുംബശ്രീ നടത്തും. സി.ഡി.എസ്സിനെ സ്ത്രീകളുടെ തൊഴിൽ ഏജൻസിയായി ഉയർത്തും.

273. **സ്വയംതൊഴിൽ:** രണ്ടുതരത്തിലുള്ള തൊഴിലവസരങ്ങൾ ഉണ്ട്. കുടുംബശ്രീ മുൻകൈ എടുത്ത് നടപ്പാക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങളിലെ തൊഴിലവസരങ്ങളാണ് ആദ്യത്തേത്. ഇപ്പോൾ 2.6 ലക്ഷം സംരംഭങ്ങളിലായി 4.3 ലക്ഷം സ്ത്രീകൾ തൊഴിലെടുക്കുന്നുണ്ട്. ഇത് 5 ലക്ഷം സംരംഭങ്ങളും 10 ലക്ഷം സ്ത്രീകളുമായി ഉയർത്തും. ഈ സംരംഭങ്ങൾ കൂടുതലും മൈക്രോ നാനോ വിഭാഗത്തിൽപ്പെട്ടവയാണ്. ഒരു വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഇവയിൽ 50000 യൂണിറ്റുകളെയെങ്കിലും ചെറുകിട

സംരംഭങ്ങളായി വിപുലപ്പെടുത്തും.

274. ഏതാണ്ട് ഒരുലക്ഷം ജെഎൽജി ഗ്രൂപ്പുകളിലായി 4.5 ലക്ഷം സ്ത്രീകൾ കൃഷി ചെയ്യുന്നുണ്ട്. ഇത് 2 ലക്ഷം ജെഎൽജി ഗ്രൂപ്പുകളായും 9 ലക്ഷം സ്ത്രീകളായും ഉയർത്തും.

275. മൃഗസംരക്ഷണ മേഖലയിൽ 2.2 ലക്ഷം യൂണിറ്റുകളിലായി 4.4 ലക്ഷം സ്ത്രീകൾ തൊഴിലെടുക്കുന്നുണ്ട്. ഇവയുടെ എണ്ണം 3 ലക്ഷം യൂണിറ്റുകളായും 6 ലക്ഷം സ്ത്രീകളായും ഉയർത്തും.

276. **സേവന സംരംഭങ്ങൾ:** പുതിയതായി കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ വിപുലമായ സേവന സംരംഭ ശൃംഖലകളും ആരംഭിക്കും. ഓരോ സിഡിഎസിനു കീഴിലും ഇവ ഓരോന്നിനും ഓരോ സംരംഭക യൂണിറ്റുകൾ ഉണ്ടാകും. താഴെപ്പറയുന്ന 4 സംരംഭ ശൃംഖലകളിലായി ഒരുലക്ഷം സ്ത്രീകൾക്ക് തൊഴിൽ നൽകും. ഇവയുടെ ഉദ്ഘാടനം കഴിഞ്ഞിരിക്കുകയാണ്. തൊഴിലെടുക്കാൻ താല്പര്യമുള്ളവരുടെ രജിസ്ട്രേഷനും നടന്നുകൊണ്ടിരിക്കുകയാണ്.
   - **സാന്ത്വന മിത്ര:** വീടുകളിലെ കിടപ്പ് രോഗികൾ, ആശുപത്രി ബൈസ്റ്റാൻഡർമാർ, പ്രസവാനന്തര ശുശ്രൂഷ, ഭിന്നശേഷിക്കാർ തുടങ്ങിയവർക്കെല്ലാം പാർട്ട് ടൈം ആയോ പൂർണ്ണ സമയമായോ പ്രവർത്തിക്കുന്നതിനുള്ള പരിശീലനം ലഭിച്ചിട്ടുള്ള കെയർ ഗിവേഴ്സിനെ ലഭ്യമാക്കും.
   - **സ്കിൽ @ കാൾ:** ഇലക്ട്രിഫിക്കേഷൻ, പ്ലംബിങ്, പെയിന്റിങ്,, ഡീപ് ക്ലീനിങ്ങ്, ലാൻഡ് സ്കേപ്പിങ്, നാനാവിധ ഗാർഹികോപകരണങ്ങളുടെ റിപ്പയറിങ് തുടങ്ങിയവയ്ക്ക് ആവശ്യാനുസരണം സേവനം ലഭ്യമാക്കുന്ന വിദഗ്ദ ടീമുകൾ എല്ലാ സിഡിഎസിലും രൂപീകരിക്കും.
   - **ഷോപ്പ് @ ഡോർ:** ഡിജിറ്റൽ പ്ലാറ്റുഫോമിലെ ഓർഡർ അനുസരിച്ച് എല്ലാ വീടുകളിലേക്കും ആവശ്യപ്പെടുന്ന കടകളിൽ നിന്നോ, കുടുംബശ്രീ സ്റ്റോറുകളിൽ നിന്നോ സാധനങ്ങൾ എത്തിച്ചു കൊടുക്കുന്നതിന് വാർഡിൽ 2 വീതം സ്ത്രീകളുണ്ടാവും. സിഡിഎസ് അടിസ്ഥാനത്തിൽ കേന്ദ്ര ടീമും ഉണ്ടാവും.
   - എല്ലാ ബ്ലോക്കിലും നിർമ്മാണപ്രവൃത്തികൾക്കുള്ള സ്ത്രീകളുടെ ലേബർ കോൺട്രാക്ട് സൊസൈറ്റികൾ രൂപീകരിക്കും.

277. **വേതനാധിഷ്ഠിത തൊഴിലുകൾ:** മേൽപ്പറഞ്ഞവ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പുറമെ നാട്ടിലുള്ള ചെറുതും വലുതുമായ സംരംഭങ്ങൾക്കാവശ്യമുള്ള വേതനാധിഷ്ഠിത തൊഴിലുകളാണ് രണ്ടാമത്തെ വിഭാഗം. പ്രാദേശികമായ വേതനാധിഷ്ഠിത തൊഴിലവസരങ്ങൾ സമാഹരിച്ചതിനു ശേഷം അയൽക്കൂട്ടങ്ങൾ വഴി തൊഴിലാളികളെ കണ്ടെത്തും. പ്രാദേശിക തൊഴിൽ മേളകളിൽ വച്ച് സംരംഭകർക്ക് അനുയോജ്യരായവരെ തിര

ഞ്ഞെടുക്കാം. അവർക്ക് സംരംഭകർ ആവശ്യപ്പെടുന്ന പരിശീലനം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും വിജ്ഞാനകേരളത്തിന്റെയും സഹായത്തോടെ കുടുംബശ്രീ നൽകും. പരീക്ഷണാടിസ്ഥാനത്തിൽ 2025 ആഗസ്റ്റ് മുതൽ ജനുവരി വരെ നടന്ന മേളകളിലൂടെ 75000 പേർക്ക് ജോലി ഇതിനകം നൽകിക്കഴിഞ്ഞു.

278. **പുറംതൊഴിലിന്റെ സാമൂഹ്യപ്രത്യാഘാതങ്ങൾ:** 20 ലക്ഷം സ്ത്രീകൾക്ക് തൊഴിൽ നൽകാൻ കഴിഞ്ഞാൽ ഏതാണ്ട് 25000 കോടി രൂപയായിരിക്കും സാധാരണക്കാരുടെ വീടുകളിലേക്ക് അധികമായി എത്തുക. കുടുംബങ്ങളിലെ സാമ്പത്തിക വർദ്ധനവിലേക്കു മാത്രമല്ല, സ്ത്രീകളുടെ സാമൂഹ്യബോധത്തിലും പരിവർത്തനം സൃഷ്ടിക്കാനുള്ള സാഹചര്യത്തിലേക്കു നയിക്കും. നിലവിലുള്ള തൊഴിൽ വിഭജനത്തെയും സ്ത്രീകളോടുള്ള വിവേചനങ്ങളെയും ചോദ്യം ചെയ്യുന്നതിന് അവസരമൊരുങ്ങും. ഹരിതകർമ്മസേനയുടെ തൊഴിൽമാനത്തിൽ ഏതാനും വർഷംകൊണ്ടുണ്ടായ വിസ്മയകരമായ മാറ്റം പോലെ മറ്റു മേഖലകളിലും മാറ്റങ്ങൾ സൃഷ്ടിക്കാൻ കുടുംബശ്രീക്കു കഴിയും. ജോലിക്ക് പോകുന്ന സ്ത്രീകളുടെ സുരക്ഷിതത്വം, കുട്ടികളെ നോക്കാനുള്ള ക്രഷെകളും ഉയർന്ന സൗകര്യങ്ങളുള്ള അങ്കണവാടികളും വീട്ടിലെ ജോലി ഭാരം കുറയ്ക്കാൻ സഹായിക്കുന്ന കമ്മ്യൂണിറ്റി കിച്ചൺ പോലുള്ള സംവിധാനങ്ങളും ഉറപ്പുവരുത്തും.

279. **തൊഴിലുറപ്പ് പദ്ധതി:** മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ ഇല്ലാതാക്കുന്ന രീതിയിലുള്ള വലിയ പരിഷ്ക്കാരങ്ങൾ കേന്ദ്രസർക്കാർ വരുത്തിയിരിക്കുകയാണ്. പദ്ധതിയുടെ ആകെ ചെലവിന്റെ 60 ശതമാനം മാത്രം കേന്ദ്രം ഏറ്റെടുക്കുകയും നിശ്ചിത തൊഴിൽ ദിനങ്ങളിലേക്ക് അതിനെ ചുരുക്കുകയും ചെയ്തു. കേരളം പോലെ മികച്ച രീതിയിൽ തൊഴിലുറപ്പ് പദ്ധതി മുന്നോട്ടു കൊണ്ടു പൊയ്ക്കൊണ്ടിരിക്കുന്ന സംസ്ഥാനങ്ങൾക്ക് ഇത് വലിയ തിരിച്ചടിയായിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നയം തിരുത്തിക്കുന്നതിനുള്ള ശ്രമം നടത്തുന്നതിനോടൊപ്പം തന്നെ സംസ്ഥാനത്തെ തൊഴിലുറപ്പ് പദ്ധതി മികച്ച രീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിനായി സംസ്ഥാന സർക്കാർ അധിക തുക വകയിരുത്തും.

## വയോജന സംരക്ഷണം

280. **സമഗ്ര സമീപനം:** ശാരീരിക, മാനസിക, സാമൂഹിക സൗഖ്യം ഉറപ്പാക്കാൻ വയോജനങ്ങൾക്ക് അവശ്യമായ എല്ലാ സേവനങ്ങളും ഏകോപിപ്പിച്ച് മുഴുവനാളുകൾക്കും അതിന്റെ ലഭ്യത ഉറപ്പാക്കുകയാണ് വേണ്ടത്. ഇതിന് സഹായകമായ പൊതു നിർവ്വഹണ ചട്ടക്കൂടിന് രൂപം നൽകാൻ കഴിണം. വിട്ടുമാറാത്ത രോഗങ്ങളുടെ മാനേജ്മെന്റ്, മാനസികാരോഗ്യം, ഡിമെൻഷ്യ കെയർ, പുനരധിവാസം, ഭിന്നശേഷി സഹായം, പാലിയേറ്റീവ് കെയർ എന്നിവയെ വെവ്വേറെ കാണാതെ തുടർച്ചയായ ഒരു സേവനമായികണ്ട്

അവ സംയോജിപ്പിക്കാനുള്ള നടപടിയാണ് വേണ്ടത്. ഇതിനായി, ആരോഗ്യം, സാമൂഹ്യനീതി, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ ഒരു ഔദ്യോഗിക ഏകോപന സംവിധാനമുണ്ടാക്കും. ഗുണഭോക്താക്കളുടെ പൊതുവായ രജിസ്ട്രിയും ഡാറ്റാ സംവിധാനങ്ങളും സൃഷ്ടിക്കും.

281. **പ്രാദേശികാസൂത്രണം:** പ്രാദേശികമായ എല്ലാ സവിശേഷതകളും ആവശ്യങ്ങളും ഉൾക്കൊണ്ട് എല്ലാ വിഭാഗത്തിലേക്കും എത്തിച്ചേരാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് കഴിയുക. തദ്ദേശസ്ഥാപനത്തിന്റെ നേതൃത്വത്തിൽ മുതിർന്ന പൗരന്മാരുടെ വയോജന ക്ഷേമത്തിനായി യൂണിയൻ സർക്കാരും സംസ്ഥാനസർക്കാരും ആവിഷ്ക്കരിക്കുന്ന എല്ലാ വികസന ക്ഷേമ പ്രവർത്തനങ്ങളും ഏകോപിപ്പിച്ചും സമന്വയിപ്പിച്ചും നടപ്പിലാക്കാൻ കഴിയണം. ഇതിന് സഹായകമായ രീതിയിൽ ആസൂത്രണ-നിർവ്വഹണ പ്രക്രിയയും മാർഗ്ഗനിർദേശങ്ങളും നിർവ്വഹണ സംവിധാനവും നവീകരിക്കും.

282. **ഡിജിറ്റൽ ഗ്രിഡ്:** മുതിർന്നപൗരരെ (1) വീടിന് പുറത്തിറങ്ങാൻ കഴിയാത്തവരും കിടപ്പിലായവരും, (2) 80 വയസ്സിന് മുകളിൽ പ്രായമുള്ളവർ, (3) ഒറ്റയ്ക്ക് താമസിക്കുന്നവർ, (4) മൾട്ടിമോർബിഡിറ്റി (ഒന്നിലധികം രോഗങ്ങൾ), ഭിന്നശേഷി, ഓർമ്മക്കുറവ് എന്നിവയുള്ളവർ, (5) സജീവാവസ്ഥയിലുള്ളവർ എന്നിങ്ങനെ അഞ്ചായി തരംതിരിച്ച് വിവരങ്ങൾ ശേഖരിക്കും. ഇപ്പോൾ തന്നെ എൻഎച്ച്എം-ന്റെ മുൻകൈയിൽ പാലിയേറ്റീവ് സേവനം ആവശ്യമുള്ളവരുടെ ഇത്തരമൊരു ഡിജിറ്റൽ ഗ്രിഡ് നിലവിലുണ്ട്. രണ്ടുലക്ഷത്തിലേറെ കിടപ്പുരോഗികൾ ഇതിൽ രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. ഇപ്പോൾ സജീവമായിട്ടുള്ള പൗരർ ഒഴികെയുള്ളവരെ ഈ ഗ്രിഡിൽ കൊണ്ടുവരാൻ കഴിയണം. ഭിന്നശേഷിക്കാരെയും ഈ ഗ്രിഡിൽ ഉൾപ്പെടുത്താം.

283. **കിടപ്പുരോഗികളുടെ അവകാശങ്ങൾ:** രജിസ്റ്റർ ചെയ്തിട്ടുള്ള കിടപ്പ് രോഗികൾക്കു മുഴുവൻ ഏതാനും സുരക്ഷാ അവകാശങ്ങൾ സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും ഗ്യാരണ്ടി ചെയ്യും. ഇത്തരത്തിൽ വയോജനങ്ങളുടെ അവകാശങ്ങൾ പ്രഖ്യാപിക്കുകയും അവ സമൂഹ്യമായി ഉറപ്പു നൽകുന്ന സംസ്ഥാനമായി കേരളം മാറും. താഴെപ്പറയുന്ന അവകാശങ്ങളാണ് ഗ്യാരണ്ടി ചെയ്യുന്നത്.

284. കൃത്യമായ ഇടവേളകളിൽ പരിശീലനം സിദ്ധിച്ച പാലിയേറ്റീവ് നേഴ്സിന്റെ സന്ദർശനം. ഇതിനാവശ്യമായ രീതിയിൽ സന്നദ്ധ സംഘടകളേയും പ്രവർത്തകരേയും ഏകോപിപ്പിച്ച് ഒരു സാമൂഹ്യാധിഷ്ഠിത സംവിധാനം തദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കൊണ്ടുവരും. ഇതോടൊപ്പം രോഗി തെരഞ്ഞെടുക്കുന്ന സന്നദ്ധസംഘടനയുടെ സേവനം പ്രയോജനപ്പെടുത്താനും ക്രമീകരണം ഉണ്ടാകും. എന്നാൽ പഞ്ചായത്ത്/പി.എച്ച്.സി

നേഴ്സ് സന്ദർശനം നടത്തുമെന്ന് ഉറപ്പുവരുത്തും.

- ഗ്രിഡിലെ ഡിജിറ്റൽ സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് കൃത്യമായ മെഡിക്കൽ റിപ്പോർട്ട് പി.എച്ച്.സി/രോഗി തെരഞ്ഞെടുത്ത ആശുപത്രിക്ക് (ചെലവ് അവർ വഹിക്കുമെങ്കിൽ) ലഭ്യമാക്കും. അതുവഴി ടെലിമെഡിസിൻ ഫലപ്രദമാക്കും.
- ആശുപത്രി സേവനം വേണ്ടി വരുന്ന അടിയന്തിര ഘട്ടങ്ങളിൽ സൗജന്യ ആംബുലൻസ് സർവീസ് ലഭ്യമാക്കും.
- വാതിൽപ്പടി മരുന്ന് ലഭ്യത ഉറപ്പുവരുത്തും. അതുപോലെ തന്നെ മറ്റു സർക്കാർ ആനുകൂല്യങ്ങളും വാതിൽപ്പടി സേവനമായി നൽകും.
- കിടപ്പുരോഗി ചെറിയ ഫീസ് നൽകാൻ തയ്യാറാണെങ്കിൽ കുടുംബശ്രീയുടെ സാന്ത്വന മിത്രത്തിന്റെ സേവനം ലഭ്യമാക്കും. കെ-കെയറിന്റെ സേവനവും ലഭ്യമാക്കും.
- ആവശ്യമെങ്കിൽ സൗജന്യഭക്ഷണം ലഭ്യമാക്കും.
- മരണാനന്തര ചടങ്ങുകൾക്കുള്ള സൗകര്യങ്ങൾ പാലിയേറ്റീവ് സംഘടനകൾ വഴി ലഭ്യമാക്കും.

285. **ആരോഗ്യകരമായ വാർദ്ധക്യം:** കിടപ്പുരോഗികൾ അല്ലാതെ സജീവമായി പ്രവർത്തിക്കാൻ കഴിയുന്ന മുഴുവൻ വയോജനങ്ങൾക്കും ആരോഗ്യകരമായ വാർദ്ധക്യമാകൽ എന്നതാണ് മുദ്രാവാക്യം. ഇവയുടെ പ്രധാനപ്പെട്ട ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

- വീടിനൊപ്പം പൊതുവിടങ്ങളിലെയും കെട്ടിടങ്ങളും ഉപകരണങ്ങളും വയോജനസൗഹൃദമാക്കും.
- സജീവ അവസ്ഥയിലുള്ളവരെ വലിയൊരു വിഭവമായി കണ്ട്, അവരുടെ ആവശ്യങ്ങൾ, താല്പര്യങ്ങൾ, വൈദഗ്ധ്യം-നൈപുണികൾ എന്നിവ മനസ്സിലാക്കി പ്രയോജനപ്പെടുത്തും.
- തൊഴിൽ ആവശ്യമുള്ളവർക്കും സന്നദ്ധമായി തൊഴിൽ ചെയ്യാൻ താല്പര്യമുള്ളവർക്കും അവസരം ലഭ്യമാക്കാൻ പ്രത്യേക തൊഴിൽ ബാങ്ക് സംവിധാനം കൊണ്ടുവരും.
- വയോജന അയൽക്കൂട്ടങ്ങൾ രൂപീകരിക്കും. വയോജന ഗ്രാമസഭകളും വയോജന ജാഗ്രതാ സമിതികളും കേവലം ചടങ്ങുകളായി മാറാതെ തീരുമാനങ്ങൾ എടുക്കുന്ന സജീവ വേദികളാകണം.
- പകൽവീടുകളെയും വയോക്ലബ്ബുകളെയും തണലിടങ്ങളെയും വെറും സംഗമ കേന്ദ്രങ്ങളായല്ല, മറിച്ച് ആരോഗ്യ പരിപാലനവും മാനസിക ഉല്ലാസവും നൽകുന്ന ഹബ്ബുകളായി മാറ്റും. 'പകൽ വീടുകളെ' വിനോദം, ആരോഗ്യപരിചരണം, പോഷകാഹാര ലഭ്യത എന്നിവ കൂടി ഉൾപ്പെടുത്തി സായംപ്രഭ ഹോമുകളായി ഉയർത്തും
- പ്രത്യേക ആരോഗ്യ പരിപാലനത്തിനുള്ള സ്കീമുകൾ ശക്തിപ്പെടുത്തു

കയും ചികിത്സാ സൗകര്യങ്ങൾ വിപുലപ്പെടുത്തുകയും ചെയ്യും. എല്ലാ സർക്കാർ ആശുപത്രികളിലും ക്ലിനിക്കുകളിലും മുതിർന്ന പൗരർക്കായി പ്രത്യേക ഒ.പി. സംവിധാനം ഉറപ്പാക്കും.

- വയോജനങ്ങളുടെ ഫെസ്റ്റിവലുകളും സ്ഥിരം സാംസ്കാരിക കൂട്ടായ്മകളും സംഘടിപ്പിക്കും.

286. **പ്രത്യേക ഊന്നലുകൾ:** സമഗ്ര സമീപനം കർമ്മ പരിപാടിയിൽ സ്വീകരിക്കുമ്പോഴും ചില വിഷയങ്ങളിൽ പ്രത്യേകം ഊന്നൽ നൽകും. ഇതിൽ പ്രധാനപ്പെട്ടവയാണ് ഡിമെൻഷ്യ (ഓർമ്മക്കുറവ്), വയോജനങ്ങളുടെ മാനസികാരോഗ്യം ഒറ്റപ്പെട്ടു കഴിയുന്ന വയോജനങ്ങളുടെ സുരക്ഷയും ക്ഷേമവും, മരുന്നുകളുടെ അമിത ഉപയോഗ നിയന്ത്രണവും മരുന്ന് സുരക്ഷ ഉറപ്പാക്കലും, വീടുകളും പൊതുസ്ഥലങ്ങളും വയോജന സൗഹൃദമാക്കി (Fall-safe) മാറ്റലും. ഇവയ്ക്ക് പരിഹാരം സാമൂഹ്യാധിഷ്ഠിത പരിചരണ പരിപാടിയിലുടെ മാത്രമേ കഴിയൂ. അതിലേക്ക് സർക്കാരിന്റെ എല്ലാ സംവിധാനങ്ങളിലും മാറ്റം കൊണ്ടുവരും.

287. **സാമൂഹ്യ-സന്നദ്ധ സംഘടനകൾ:** ഔദ്യോഗിക സംവിധാനങ്ങൾക്ക് ഒപ്പവും പ്രത്യേക ഇടപെടലുകൾ ആവശ്യമുള്ള ഇടങ്ങളിലും സാമൂഹ്യ സംഘടനകൾക്കും സന്നദ്ധ സംഘടനകൾക്കും (NGOs) വലിയ പങ്കുണ്ട്. മാത്രമല്ല, ചില പ്രവർത്തനങ്ങളിൽ ഓരോ മുതിർന്ന പൗരർക്കും ചില പിന്തുണകൾ ആവശ്യമാണ്. ഇത് നൽകാൻ ചുറ്റുമുള്ളവർക്കും അയൽപക്ക കൂട്ടായ്മകൾക്കും-സംഘടനകൾക്കുമാണ് കഴിയുക. ഇതിന് സഹായകമായ രീതിയിൽ എല്ലാ സംഘടനകളും കോർത്തിണക്കി ഒരു പരിചരണ സേവന ശൃംഖലക്ക് രൂപം നൽകും.

288. **പരിശീലനം:** വിപുലമായ ശേഷീവികസന പരിപാടി അനിവാര്യമാണ്. മൂന്ന് ധാരയിലുള്ള ശേഷി-നൈപുണ്യവികസന പരിപാടിക്ക് രൂപം നൽകേണ്ടതുണ്ട്. ഒന്നാമത്തേത്, സേവന ദാതാക്കളായി വരുന്ന ആരോഗ്യ- ക്ഷേമ സേവനവുമായി ബന്ധപ്പെട്ട ഡോക്ടർ, പാരമെഡിക്കൽ സ്റ്റാഫ് തുടങ്ങിയവർക്കായി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിലും ക്ഷേമ-നിയമ സഹായം നൽകുന്നവർ ഉൾക്കൊള്ളുന്ന വിഭാഗങ്ങൾക്കായി സാമൂഹ്യ നീതി വകുപ്പിന്റെ നേതൃത്വത്തിലും. രണ്ടാമത്തെ വിഭാഗത്തിൽ തദ്ദേശസ്ഥാപന തല ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥ സംവിധാനത്തിനും. മൂന്നാമത്തേത് വിവിധ വിഭാഗത്തിലെ അയൽക്കൂട്ട ഇടപെടലുകൾ, വ്യക്തിഗത പരിപാലന പദ്ധതി, പ്രതിരോധ പ്രവർത്തനങ്ങൾ, അവകാശ സംരക്ഷണം തുടങ്ങിയ സാമൂഹ്യതല ഇടപെടലുകൾക്കു വേണ്ടിയുള്ള പരിശീലനങ്ങളാണ്. ഇവ കിലയുടെ നേതൃത്വത്തിൽ നൽകുന്നതാണ്. മുതിർന്ന പൗരർക്ക് മികച്ച സേവനം ഉറപ്പാക്കുന്നതിന് ആവശ്യമായ നൈപുണ്യ വികസനത്തിന് ഒരു പരിശീലന നയവും പരിപാടിയും തയ്യാറാക്കും.

ഇതിന്റെ അടിസ്ഥാനത്തിലായിരിക്കും ആരോഗ്യ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, കില എന്നിവയുടെ നേതൃത്വത്തിലുള്ള പരിശീലനം സംഘടിപ്പിക്കുക.

289. **പെൻഷനുകൾ:** സാമൂഹ്യസുരക്ഷാ പെൻഷനുകൾ, ക്ഷേമനിധിബോർഡ് പെൻഷനുകൾ, സർക്കസ്/അവശകലാകാര പെൻഷനുകൾ എന്നിവ നിലവിലെ 2000 രൂപ പ്രതിമാസ നിരക്കിൽ നിന്നും പ്രതിമാസം 3000 രൂപയായി വർധിപ്പിക്കും.

290. കാൻസർ, ലെപ്രസി, ക്ഷയം, എയ്ഡ്സ് രോഗബാധിതരുടെ പ്രതിമാസ പെൻഷനിൽ 2000 രൂപയിൽ നിന്ന് 3000 രൂപയായി വർധിപ്പിക്കും

291. കിടപ്പിലായ രോഗികൾ, കഠിനമായ ശാരീരിക-ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർ, ക്യാൻസർ രോഗികൾ എന്നിവരെ വീട്ടിൽ പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം കാലോചിതമായി വർധിപ്പിക്കും.

292. രാജ്യത്ത് ആദ്യമായി വയോജന കമ്മീഷൻ രൂപീകരിച്ച സംസ്ഥാനമാണ് കേരളം. കമ്മീഷനെ ശക്തിപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കും

293. **റിട്ടയർമെന്റ് ഹോമുകൾ:** സംസ്ഥാനത്തെ ജനസംഖ്യയിൽ വയോജനങ്ങളുടെ അനുപാതം ഏകദേശം 20 ശതമാനത്തിനടുത്ത് ആയിട്ടുണ്ട്. റിട്ടയർമെന്റ് ഹോമുകൾ നിർമ്മിക്കുന്നതിനും പൂർണ്ണ സജ്ജമാക്കുന്നതിനും സജ്ജമാക്കാൻ സംഘടനകൾക്കും ഗ്രൂപ്പുകൾക്കും സ്വകാര്യ വ്യക്തികൾക്കും സർക്കാർ സഹായം ലഭ്യമാക്കും.

294. **കോ-ഓപ്പ് കെയർ:** വിദേശത്തുള്ള മക്കളുടെ അഭാവത്തിൽ ഒറ്റയ്ക്ക് കഴിയുന്ന മാതാപിതാക്കൾക്ക് സമഗ്ര പരിചരണം പ്രദാനം ചെയ്യുന്നതിനായി നടപ്പിലാക്കുന്ന “കോ-ഓപ്പ് കെയർ ജെറിയാട്രിക് ആൻഡ് പാലിയേറ്റീവ് സെന്ററുകളു”ടെ പ്രവർത്തനങ്ങൾ ശക്തമാക്കും

## ഭിന്നശേഷിക്കാർ

295. **സമഗ്ര സർവ്വേ:** ഭിന്നശേഷിക്കാരെ കണ്ടെത്തുന്നതിനുമാത്രമായി ഒരു സമഗ്ര സർവേ നടത്തും. സാർവത്രിക പ്രവേശനക്ഷമത, കമ്മ്യൂണിറ്റി അധിഷ്ഠിത പരിചരണം, ഡാറ്റാധിഷ്ഠിത ഭരണം എന്നിവയിൽ അധിഷ്ഠിതമായിരിക്കും ഭാവി പരിപാടികൾ.

296. **തദ്ദേശഭരണ സ്ഥാപനങ്ങൾ:** പദ്ധതി ആസൂത്രണ പ്രക്രിയിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കുന്ന തരത്തിൽ ആസൂത്രണ പ്രക്രിയ ക്രമപ്പെടുത്തണം. കേവലം ഭിന്നശേഷിക്കാരുടെ പ്രോജക്ട് ആശയങ്ങൾ രൂപപ്പെടുത്തുന്ന പ്രക്രിയിൽ മാത്രമല്ല, പൊതുവികസന പ്രോജക്ടുകളെക്കൂടി ഭിന്നശേഷി വിഭാഗത്തെ ഉൾക്കൊള്ളുന്നതാക്കി മാറ്റാൻ അവരുടെ പങ്കാളിത്തം അനിവാര്യമാണ്.

297. **പൊതു ഇടങ്ങൾ:** എല്ലാ സർക്കാർ ഓഫീസുകളും പൊതു ഇടങ്ങളും പൂർണ്ണമായും വീൽചെയർ സൗഹൃദമാക്കുക മാത്രമല്ല, കാഴ്ച, കേൾവി, ചലന

പരിമിതിയുള്ളവരേയും ഉൾക്കൊള്ളുന്നതിന് സഹായകമായ സംവിധാനങ്ങൾ ഉറപ്പാക്കി ഭിന്നശേഷി സൗഹൃദമാക്കാനുള്ള നടപടി സ്വീകരിക്കും. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വിനോദത്തിനായി ഇൻക്ലൂസീവ് പാർക്കുകൾ നിർമ്മിക്കും.

298. **ആരോഗ്യം:** മുൻകൂർ രോഗനിർണ്ണയം നടത്താനുള്ള സൗകര്യം അനിവാര്യമാണ്. ജനനസമയത്തോ അല്ലെങ്കിൽ ചെറുപ്പത്തിലോ വൈകല്യങ്ങൾ തിരിച്ചറിഞ്ഞ് ആവശ്യമായ തെറാപ്പികൾ നൽകുന്ന കേന്ദ്രങ്ങൾ താലൂക്ക് ആശുപത്രികളുമായി ബന്ധപ്പെടുത്തി ആരംഭിക്കും. ആർപിഡബ്ല്യുഡി ആക്ടിനു കീഴിൽ വരുന്ന മുഴുവൻ ഭിന്നശേഷിക്കാരെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തും.

299. **വിദ്യാഭ്യാസം:** ഇൻക്ലൂസീവ് വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭ്യമാകുന്ന തരത്തിൽ സാർവത്രികമാക്കും. ഇത്തരം കുട്ടികൾക്കായി നിശ്ചിത അനുപാതത്തിൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെയും ആയമാരെയും നിയമിക്കും. നിലവിലുള്ള സ്പെഷ്യൽ സ്കൂളുകളെ ഭിന്നശേഷി കുട്ടികൾക്കുള്ള റിസോഴ്സ് സെന്ററുകളായി ഉയർത്തും.

300. സന്നദ്ധസംഘടനകളും മറ്റും നടത്തുന്ന സ്പെഷ്യൽ സ്കൂളുകളിലെ അധ്യാപകരുടെ യോഗ്യതകളും സേവന-വേതന വ്യവസ്ഥകളും നിശ്ചയിക്കുകയും അത് നൽകുന്നതിനുള്ള ധനസഹായം ഘട്ടം ഘട്ടമായി സർക്കാർ ലഭ്യമാക്കുകയും ചെയ്യും.

301. പൊതുവിദ്യാലയങ്ങൾക്കു പുറത്തുള്ള ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള സ്ഥാപനങ്ങളിലെ കുട്ടികൾക്ക് പൊതുസമൂഹവുമായോ സമാനപ്രായമുള്ള മറ്റു കുട്ടികളുമായോ സംവദിക്കുന്നതിനോ ഇടപഴകുന്നതിനോ കഴിയുന്നില്ല. അവ നിലവിലുള്ള സ്കൂളുകളുടെ സമീപത്തുതന്നെ ആരംഭിക്കുന്നതായിരിക്കും ഉചിതം. ഇതുവഴി സ്കൂളിലെ സാധാരണ വിദ്യാർത്ഥികളുമായി ഇടപഴകുന്നതിനും കളിസ്ഥലവും സ്റ്റേജും ഉപയോഗിക്കുന്നതിനും കഴിയും. പടിപടിയായി ഇത്തരമൊരു സംവിധാനത്തിലേക്ക് നീങ്ങാനാണ് ലക്ഷ്യമിടുന്നത്.

302. **ബഡ്സ് സ്കൂൾ:** ബഡ്സ് സ്കൂളുകൾ പലതും വാടക കെട്ടിടങ്ങളിലോ സൗകര്യങ്ങൾ കുറഞ്ഞ ഇടങ്ങളിലോ ആണ് പ്രവർത്തിക്കുന്നത്. കുട്ടികൾക്ക് ആവശ്യമായ തെറാപ്പി റൂമുകൾ, വിനോദത്തിനുള്ള ഇടങ്ങൾ, പ്രത്യേകം രൂപകൽപ്പന ചെയ്ത ടോയ്‌ലറ്റുകൾ എന്നിവയുടെ കുറവ് വലിയൊരു പ്രശ്നമാണ്. കുട്ടികളുടെ പ്രത്യേക ആവശ്യങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തിയുള്ള സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ, ഫിസിയോതെറാപ്പിസ്റ്റുകൾ, സ്പീച്ച് തെറാപ്പിസ്റ്റുകൾ എന്നിവരുടെ സേവനം ലഭ്യമാക്കും. അധ്യാപകർക്കുള്ള പരിശീലനവും വാഹനങ്ങൾക്കും ഉപകരണങ്ങൾക്കുമുള്ള ധനസഹായവും കുടുംബശ്രീ മിഷൻ വഴി ഉറപ്പുവരുത്തും. ബഡ്സ്

കുട്ടികളുടെ ജില്ലാ സംസ്ഥാനതല കലാ - കായികോത്സവങ്ങൾ കൂടുതൽ വിപുലപ്പെടുത്തും.

303. ബഡ്സ് സ്കൂളുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും ജീവിതകാലം മുഴുവൻ പിന്തുണ ആവശ്യമുള്ള ഭിന്നശേഷിക്കാർക്കായി ബി.ആർ.സികളെ (BUDS Rehabilitation Centres) ശാക്തീകരിക്കാനും മുൻഗണന നൽകും. ബഡ്സ് സ്കൂൾ സേവനം സാർവ്വത്രികമാക്കും.

304. **അസിസ്റ്റീവ് ടെക്നോളജി:** ഓട്ടിസം ബാധിച്ചവർക്കും മറ്റ് പഠന വൈകല്യമുള്ളവർക്കും സഹായകമാകുന്ന രീതിയിലുള്ള അസിസ്റ്റീവ് ടെക്നോളജി (Assistive Technology), സെൻസറി ഗാർഡനുകൾ, ഇന്ററാക്ടീവ് ലേണിംഗ് ടൂളുകൾ തുടങ്ങിയ സൗകര്യമുള്ള ആധുനിക പരിശീലന കേന്ദ്രങ്ങളായി ബഡ്സ് സ്കൂളുകളെ മാറ്റും.

305. കേൾവി പരിമിതരായ വിദ്യാർത്ഥികൾക്ക് പത്താം ക്ലാസിനുശേഷം തുടർ പഠനത്തിനു പ്രത്യേക സൗകര്യങ്ങൾ തെരഞ്ഞെടുക്കപ്പെട്ട കോളെജുകളിൽ ഒരുക്കുന്നതാണ്.

306. **കെയർ ഹോമുകൾ:** നിലവിലുള്ള 14 എൻട്രി ഹോമുകൾ, എസ്.ഒ.എസ് (SOS) മോഡൽ ഹോമുകൾ, ഇന്റഗ്രേറ്റഡ് കെയർ സെന്ററുകൾ എന്നിവയുടെ ശൃംഖലയ്ക്കൊപ്പം, മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി ഒരു പ്രത്യേക ഹോം (Home for Children with Psychiatric Needs) കൂടി സ്ഥാപിക്കുന്നതാണ്.

307. **പുനരധിവാസം:** പുനരധിവാസം വേണ്ടുന്ന 18 വയസ് കഴിഞ്ഞവർക്കായി ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ (BRC) ഉണ്ടെങ്കിലും, ഇവർക്ക് ആവശ്യമായ തൊഴിൽ പരിശീലനവും സ്വയംതൊഴിൽ കണ്ടെത്താനുള്ള പിന്തുണയും നൽകുന്നതിൽ ഇപ്പോഴുമുള്ള പരിമിതികൾ മറികടക്കാൻ പ്രൊജക്ടുകൾ നടപ്പിലാക്കും.

308. **ധനസഹായം:** ഭിന്നശേഷിക്കാർക്കുള്ള ധനസഹായങ്ങൾ കൃത്യമായി ലഭ്യമാക്കും. തദ്ദേശഭരണ സ്ഥാപനങ്ങൾ നിശ്ചയിക്കപ്പെട്ട വിഹിതം വകയിരുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തും. സ്പെഷ്യൽ സ്കൂളുകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം വർദ്ധിപ്പിക്കും. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനു നിലവിൽ 20000 രൂപ മുതൽ 1 ലക്ഷം രൂപ വരെയുള്ള കുടുംബ വാർഷിക പരിധിയാണ് നിശ്ചയിച്ചിരിക്കുന്നത്. ഭിന്നശേഷി വ്യക്തികളുടെ ജീവിതസാഹചര്യം പരിഗണിച്ച് വരുമാനപരിധി ഗണ്യമായി ഉയർത്തുന്നതാണ്.

309. **തൊഴിൽ:** തൊഴിൽ മേഖല വിപുലപ്പെടുത്തും. ആധുനിക കാലത്തിന് അനുയോജ്യമായ ഡാറ്റാ എൻട്രി, ഗ്രാഫിക് ഡിസൈൻ, അല്ലെങ്കിൽ ക്രാഫ്റ്റ് ജോലികളിൽ മികച്ച പരിശീലനം നൽകി സ്വയംപര്യാപ്തരാക്കാൻ സഹായിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കും. ഭിന്നശേഷിക്കാർക്ക്

പ്രത്യേക സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച് വിവരങ്ങൾ എടുക്കാനും ശേഖരിക്കാനും കഴിയുന്ന തരത്തിൽ ചില ലൈബ്രറികളെ വിജ്ഞാന കേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്തും.

310. തൊഴിൽ നിയമനത്തിനെന്നപോലെ സ്ഥലം മാറ്റം, സ്ഥാനക്കയറ്റം തുടങ്ങിയ എല്ലാ കാര്യങ്ങൾക്കും ഭിന്നശേഷിത്വത്തിന്റെ തോത് 40 ശതമാനം എന്നത് ഉറപ്പുവരുത്തും. ഭിന്നശേഷിക്കാർക്ക് പ്രമോഷൻ സംവരണം നടപ്പിലാക്കും. പി.എസ്.സി വഴി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപ്പാക്കും.

311. ഭിന്നശേഷി സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കായി തദ്ദേശസ്ഥാപന തലത്തിൽ പ്രത്യേക വിപണന കേന്ദ്രങ്ങളും ഓൺലൈൻ പ്ലാറ്റ്ഫോമുകളും ആരംഭിക്കും.

312. **ഷെൽട്ടേർഡ് വർക്ക്ഷോപ്പുകൾ:** മെഴുകുതിരി നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം തുടങ്ങിയ പരമ്പരാഗത രീതികൾക്ക് പകരം ആധുനികമായ തൊഴിലുകൾ (ഉദാഹരണത്തിന്: കമ്പ്യൂട്ടർ അനുബന്ധ ജോലികൾ, കൃഷി, പാക്കിംഗ് യൂണിറ്റുകൾ) ചെയ്യാൻ കഴിയുന്ന തൊഴിൽ കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കും.

313. **ആജീവനാന്ത സംരക്ഷണ കേന്ദ്രങ്ങൾ:** മാതാപിതാക്കളുടെ മരണശേഷമോ അല്ലെങ്കിൽ അവർക്ക് പരിചരിക്കാൻ കഴിയാത്ത സാഹചര്യത്തിലോ ഭിന്നശേഷിക്കാർക്ക് സുരക്ഷിതമായി താമസിക്കാൻ കഴിയുന്ന കമ്മ്യൂണിറ്റി ലിവിംഗ് സെന്ററുകൾ അനിവാര്യമാണ്. ഈ കുട്ടികളുടെ രക്ഷിതാക്കളുടെ കൂട്ടായ്മകൾ ഇതിനകം ആരംഭിച്ചയിടങ്ങളുണ്ട്. ഇവയ്ക്ക് പിന്തുണ നൽകുന്നതോടൊപ്പം ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തതോടെ പുതിയവ തുടങ്ങും.

314. **മാതാപിതാക്കൾക്ക് കൗൺസിലിങ്:** ഭിന്നശേഷിക്കാരെ പരിചരിക്കുന്ന മാതാപിതാക്കളുടെ മാനസികാരോഗ്യം സംരക്ഷിക്കാൻ കൗൺസിലിങ് കേന്ദ്രങ്ങളും, അവർക്ക് അടിയന്തര ആവശ്യങ്ങൾ വരുമ്പോൾ കുട്ടികളെ താൽക്കാലികമായി ഏൽപ്പിക്കാൻ കഴിയുന്ന 'ഷോർട്ട് സ്റ്റേ ഹോമുകളും' സൃഷ്ടിക്കും.

315. **ആശ്വാസകിരണം:** തീവ്രഭിന്നശേഷിക്കാരെ പരിചരിക്കുന്നവർക്ക് ഇപ്പോൾ ലഭിക്കുന്ന ആശ്വാസകിരണം പദ്ധതി കാലോചിതമായി പരിഷ്കരിക്കുകയും അനർഹരായവരെ ഒഴിവാക്കി അർഹരായവർക്ക് തുക വർദ്ധിപ്പിച്ച് കെയർഗീവേഴ്സ് അലവൻസാക്കി മാറ്റുകയും ചെയ്യും.

316. **വ്യക്തിഗത പ്ലാൻ**: ഓരോ വ്യക്തിക്കും അനുസരിച്ച് കെയർ പ്ലാൻ തയ്യാറാക്കി നടപ്പാക്കുകയാണ് വേണ്ടത്. ഓരോ വ്യക്തിക്കും കുടുംബത്തിനും വേണ്ട കെയർ പ്ലാൻ തയ്യാറാക്കാനും നടപ്പാക്കാനും കഴിയുക തദ്ദേശസ്ഥാപനങ്ങൾക്കുമാണ്. ഇതിനുള്ള ശേഷി സൃഷ്ടിക്കേണ്ടതുണ്ട്. ഇതിലേക്ക് വേണ്ട സേവന ചട്ടകൂടുകളും (SOP) വികസിപ്പിക്കേണ്ടതുണ്ട്. ഈ പിന്തു

ണകൾ നൽകാനും കഴിയുന്ന തരത്തിൽ സാമൂഹ്യ നീതി വകുപ്പിന്റെ സേവനം വിപുലപ്പെടുത്തും. ഇതിന് അനുസരിച്ച് സോഷ്യൽ സെക്യൂരിറ്റി മിഷൻ ഉൾപ്പെടെ എല്ലാ ഏജൻസികളുടേയും പ്രവർത്തനം പരിഷ്കരിക്കും.

317. **ഗാർഹികതല പരിചരണ സേവനം:** സ്കൂളിലോ ബി.ആർ.സിയിലോ എത്താൻ കഴിയാത്തവിധം തീവ്രമായ വൈകല്യമുള്ളവർക്കായി വീട്ടിൽ ചെന്നുള്ള ചികിത്സയും പരിചരണവും പാലിയേറ്റീവ് സേവനത്തിന്റെ ഭാഗമാക്കി മാറ്റും.

318. **ഏകോപനം:** ആരോഗ്യ വകുപ്പ്, തദ്ദേശസ്വയം ഭരണ വകുപ്പ്, കുടുംബശ്രീ മിഷൻ, പട്ടികജാതി-പട്ടികവർഗ വികസന, ഫിഷറീസ് വകുപ്പുകളും സാമൂഹ്യ നീതി വകുപ്പും തമ്മിലുള്ള ഏകോപനം ഈ രംഗത്ത് അനിവാര്യമാണ്.

## പട്ടികജാതി വികസനം

319. **ഘടക പദ്ധതി:** പട്ടികജാതി വികസനത്തിനുള്ള അടിസ്ഥാനോപാധി പട്ടികജാതി ഉപപദ്ധതിയാണ്. 2026-27-ലെ ബജറ്റിൽ പദ്ധതിയുടെ 9.8 ശതമാനമാണ്. ഇന്ന് ഇന്ത്യയിൽ പട്ടികജാതി ജനസംഖ്യാനുപാതത്തിനു മുകളിലായി വികസന ഫണ്ട് വകയിരുത്തുന്ന ഏക സംസ്ഥാനമാണ് കേരളം. ഈ പാരമ്പര്യം തുടരും.

320. **ഭൂ ഉടമസ്ഥതയും ഭവനവും:** ദളിതരുടെ ഭൂ ഉടമസ്ഥത മെച്ചപ്പെടുത്തുന്നതിന് ഓരോ പ്രദേശത്തും ലഭ്യമായ പുറമ്പോക്ക് ഭൂമി, മിച്ചഭൂമി എന്നിവ 22000-ത്തോളം വരുന്ന ഭൂരഹിത കുടുംബങ്ങൾക്ക് അടിയന്തരമായി വിതരണം ചെയ്യും. നിയമപരമായി സാധ്യവും പ്രായോഗികവുമായ ഇടങ്ങളിൽ എല്ലാം പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങളിലെ സർക്കാർ ഏറ്റെടുത്ത് അവ അവയോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിലെ ദളിതർക്കും ആദിവാസികൾക്കും കൃഷിഭൂമിയായി വിതരണം ചെയ്യും.

321. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പട്ടികജാതി വികസന വകുപ്പ് എന്നിവ ഭൂമിവാങ്ങുന്നതിനായി ധനസഹായം നൽകുന്ന പദ്ധതികളിൽ പട്ടികജാതി കുടുംബങ്ങൾക്ക് തങ്ങൾക്കിഷ്ടമുള്ള പ്രദേശത്ത് ഭൂമി കണ്ടുപിടിക്കുന്നതിന് സ്വാതന്ത്ര്യം നൽകും. അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ കണ്ടുപിടിക്കുന്ന ഭൂമിയുടെ വിപണിവില അവർക്ക് ധനസഹായമായി നൽകും.

322. **നഗറുകളുടെ അടിസ്ഥാന സൗകര്യങ്ങൾ:** പട്ടികജാതി നഗറുകളുടെ സമഗ്ര വികസനം ലക്ഷ്യമിടുന്ന ഡോ. അംബേദ്കർ ഗ്രാമവികസന പദ്ധതിയ്ക്ക് കൂടുതൽ നഗറുകളിലേക്ക് വ്യാപിപ്പിക്കും. ഓരോ ആവാസസങ്കേതത്തിനും മിനിമം വേണ്ടുന്ന അടിസ്ഥാനസൗകര്യങ്ങൾ നിശ്ചയിക്കും. ഇതിനുപുറമേ ഓരോ പ്രദേശത്തിന്റെയും പ്രത്യേകത കണക്കിലെടുത്ത് വെള്ളക്കെട്ട് ഒഴിവാക്കൽ തുടങ്ങി അധികമായി വേണ്ടുന്ന സൗകര്യങ്ങൾ കൂടി നിർണ്ണയിക്കും. ഇവ ഒരു പാക്കേജായി മുഴുവൻ സങ്കേതങ്ങളിലും

അഞ്ചു വർഷം കൊണ്ട് ലഭ്യമാക്കുന്നതിന് ഒരു പ്രത്യേക പരിപാടി തയ്യാറാക്കും.

323. **വിദ്യാഭ്യാസം:** പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കിടയിൽ തോൽവിയുടെയും കൊഴിഞ്ഞുപോക്കിന്റെയും നിരക്ക് പഠനത്തിനിടയിൽ കൂടുതലാണ്. സ്കൂളുകളിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം തുടർച്ചയായി നൽകുന്നതിന് സൗകര്യമൊരുക്കും.

324. 25-ൽ കൂടുതൽ പട്ടികജാതി കുടുംബങ്ങൾ പാർക്കുന്ന സങ്കേതങ്ങൾ കേന്ദ്രീകരിച്ച് പട്ടികജാതി വിദ്യാർഥികൾക്ക് ഗൃഹാന്തരീക്ഷത്തിൽ നിന്ന് മാറി പഠിക്കുന്നതിനുള്ള പഠനവീട് എന്ന ഒരു സംവിധാനം വ്യാപകമാക്കും. നഗറുകളിൽ നിർമ്മിക്കുന്ന സാംസ്കാരിക കേന്ദ്രങ്ങളോട് ചേർന്ന് ഈ സംവിധാനം ഒരുക്കാം. ഈ കേന്ദ്രങ്ങളിൽ പഠനസഹായത്തിന് യോഗ്യമായ ആളുകളെ ചെറിയ പ്രതിഫലം നൽകി നിയമിക്കാം. ലഘുഭക്ഷണം നൽകുന്നതിനുള്ള സംവിധാനവും ഇവിടെ ഒരുക്കാം. പഠനവീടുകളുടെ ഭാഗമായി കലാ-കായിക പരിശീലനത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താം. മത്സരപരീക്ഷകൾക്കും സർക്കാർ പരീക്ഷകൾക്കും ഉള്ള പരിശീലന കേന്ദ്രങ്ങളായും പഠനവീടുകളെ പ്രയോജനപ്പെടുത്താം.

325. **ഹോസ്റ്റലുകൾ:** പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കുവേണ്ടിയുള്ള പ്രീമെട്രിക് - പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളെ ആധുനീകരിക്കും. മികച്ച മുറികൾ, ഫർണീച്ചറുകൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ, കളിസ്ഥലങ്ങൾ, കായിക പരിശീലനകേന്ദ്രങ്ങൾ, പോഷകസമൃദ്ധമായ ഭക്ഷണം എന്നിവ ഹോസ്റ്റലുകളിൽ ലഭ്യമാക്കും. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ കാര്യത്തിൽ കുട്ടികളുടെ പഠന സഹായത്തിന് 20 കുട്ടികൾക്ക് ഒന്ന് എന്ന തോതിലെങ്കിലും ട്യൂട്ടർമാരെ നിയമിക്കും. ഇവയുടെ നടത്തിപ്പിന്റെ ഉത്തരവാദിത്വം ജില്ലാ പഞ്ചായത്തുകൾക്കാകണം. ജില്ലാ പഞ്ചായത്ത് ഒരു സോഷ്യൽ ഓഡിറ്റ് സമിതിയെ നിശ്ചയിച്ച് മൂന്ന് മാസത്തിൽ ഒരിക്കൽ പ്രവർത്തനം വിലയിരുത്തണം. ഈ റിപ്പോർട്ട് പൊതുരേഖയായി ലഭ്യമാക്കണം.

326. **മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ:** പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് വേണ്ടിയുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ കാര്യത്തിലും ഇതേ രീതി പിന്തുടരണം. മൾട്ടി മീഡിയ സൗകര്യങ്ങളുള്ള സ്കൂൾ ക്ലാസ് റൂം, ആധുനിക ഉപകരണങ്ങളും ഉള്ള കളിസ്ഥലങ്ങൾ, ആധുനിക സൗകര്യങ്ങളോടുകൂടിയതും വൃത്തിയുള്ളതുമായ പാചകപ്പുരകളും ഭക്ഷണപ്പുരകളും, മികച്ച ഹോസ്റ്റൽ സൗകര്യങ്ങൾ, ഇന്റർനെറ്റ് സംവിധാനം എന്നിവ സ്കൂളുകളിൽ നടപ്പാക്കും. ഹൈസ്കൂൾ തലം മുതൽ കുട്ടികൾക്ക് സ്വന്തമായി കമ്പ്യൂട്ടറുകളും ലഭ്യമാക്കും. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പിന് സ്കൂൾ മാനേജ്മെന്റ് സമിതികൾ രൂപികരിക്കും.

327. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് നൽകുന്ന ഇ-ഗ്രാന്റ് കാലാനുസൃതമായി വർദ്ധിപ്പിക്കും. ഓരോ 3 വർഷം കൂടുമ്പോഴും ജീവിതച്ചെലവുകൾക്കനുസരിച്ച് തുക പുതുക്കി നിശ്ചയിക്കും. ഹയർ സെക്കൻഡറിതലം മുതൽ മുകളിലോട്ട് പഠനം നടത്തുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് സ്വന്തമായി കമ്പ്യൂട്ടറുകൾ നൽകും.

328. **ഫിനിഷിങ് സ്കൂളുകൾ:** പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികളിൽ നല്ലൊരു ഭാഗം തോൽവിമൂലം പഠനം നിർത്തുന്നവരാണ്. എഞ്ചിനീയറിങ് ബിരുദം, ഡിപ്ലോമ പോലുള്ള സാങ്കേതിക വിദ്യാഭ്യാസ കോഴ്സുകളിൽ ഇത് കൂടുതലാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിന് ഫിനിഷിങ് സ്കൂളുകൾ ജില്ലയിൽ 2-3 കേന്ദ്രങ്ങളിലായി സ്ഥാപിക്കും.

329. **തൊഴിൽ:** പട്ടികജാതി വിഭാഗത്തിൽ വിദ്യാഭ്യാസം നേടിയ ഭൂരിഭാഗവും കാർഷിക-കാർഷികാനുബന്ധ മേഖലകളിൽ തൊഴിലെടുക്കുന്നവരാണ്. ഈ മേഖലകളിൽ പ്രൊഫഷണൽ പരിശീലനങ്ങളിലൂടെ വൈദഗ്ധ്യം നൽകി വിലപേശൽ ശേഷി ഉയർത്തേണ്ടതുണ്ട്. ഇതിനായി ഓരോ പ്രദേശത്തും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കീഴിൽ വിവിധ തൊഴിൽ മേഖലകളിൽ സേവനം നൽകുന്ന തൊഴിൽസേനകൾ ആരംഭിക്കും. ഇവയിൽ തല്പരരായ മറ്റു വിഭാഗങ്ങൾക്കും അംഗത്വം നൽകും.

330. സർക്കാർ മേഖലയിലെ തൊഴിലുകൾ ചുരുങ്ങി വരുന്നതിന്റെ പശ്ചാത്തലത്തിൽ സംവരണ ആനുകൂല്യം ലഭിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരികയാണ്. സ്വകാര്യ മേഖലയിൽ കൂടുതൽ ജോലികൾ ഉറപ്പാക്കിക്കൊണ്ട് മാത്രമേ സാമൂഹിക ചലനാത്മകത ഉറപ്പുവരുത്താനാവൂ. ഇതിനു തീവ്രമായ നൈപുണി പരിശീലനവും തൊഴിൽ തയ്യാറെടുപ്പ് സഹായങ്ങളും അനിവാര്യമാണ്. വിജ്ഞാന കേരളം പദ്ധതിയുടെ ഭാഗമായി ഇതിനായി പ്രത്യേക സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഡിപ്പാർട്മെന്റുമായി സഹകരിച്ചുകൊണ്ട് അവ ഫലപ്രദമായി നടപ്പാക്കും. സ്വകാര്യമേഖലയിലും തൊഴിൽ സംവരണം ഏർപ്പെടുത്തുന്നതിനാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി നിലകൊള്ളുന്നത്.

331. **സിവിൽ സർവ്വീസ് 100:** പട്ടികജാതി-പട്ടികവർഗ വിഭാഗത്തിലെ 100 യുവജനങ്ങൾക്ക് അവർക്ക് ഇഷ്ടമുള്ള സിവിൽ സർവ്വീസ് കോച്ചിങ്ങിൽ പൂർണ സർക്കാർ ചെലവിൽ പഠിക്കുന്നതിനു സൗകര്യമൊരുക്കും. ഡിപ്പാർട്ട്മെന്റൽ ഐഎഎസ് അക്കാദമിയിലെ പഠനസൗകര്യം ഇതിനു പുറമേയായിരിക്കും.

332. **ആരോഗ്യ പരിരക്ഷ:** സംഘടിത മേഖലയിൽ ജോലിയുള്ളവർ ഒഴികെയുള്ള മുഴുവൻ പട്ടികജാതി കുടുംബങ്ങളെയും ബി.പി.എൽ ആയി കണക്കാക്കി റേഷനും ആരോഗ്യ ആനുകൂല്യങ്ങളും ലഭ്യമാക്കും.

333. **പ്രാദേശിക സർക്കാരുകൾ:** പട്ടികജാതി വിഭാഗക്കാർക്കായുള്ള പ്രത്യേക പദ്ധതികളെ കഴിഞ്ഞ ഒന്നര പതിറ്റാണ്ടു കാലത്തെ അനുഭവങ്ങളുടെ

അടിസ്ഥാനത്തിൽ ഒരു സമഗ്രവിലയിരുത്തിലിന് വിധേയമാക്കി മാർഗരേഖകൾ കാലാനുസൃതമായി പരിഷ്കരിക്കും. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തുന്ന പണത്തിന്റെ വിനിയോഗം സംബന്ധിച്ച് സമഗ്രമായ ഒരു വിലയിരുത്തൽ നടത്തുകയും നിർവഹണത്തിൽ ആവശ്യമായ തിരുത്തലുകൾ നടത്തുന്നതിന് ജനപ്രതിനിധികളുടെ അവലോകന യോഗങ്ങൾ വിളിച്ചു ചേർക്കുകയും ചെയ്യും. കർമ്മ സമിതിയുടെയും മോണിറ്ററിങ് സമിതിയുടെയും പ്രവർത്തനങ്ങൾ ഫലപ്രദമാക്കും.

334. **വിവരശേഖരം:** ഒരു പ്രാദേശിക സർക്കാർ പ്രദേശത്തെ മുഴുവൻ പട്ടികജാതി കുടുംബങ്ങളുടെയും ഒരു വിവരശേഖരം (database) അതത് സ്ഥാപനങ്ങൾ തയ്യാറാക്കുമെന്ന് ഉറപ്പാക്കും. ഓരോ സർക്കാർ പദ്ധതികളെയും ഈ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ഓരോ പട്ടികജാതി കുടുംബവുമായി ബന്ധിപ്പിക്കും. ഇതിനായി പഞ്ചായത്ത് തലത്തിൽ ഒരു ഡാറ്റാ മാനേജ്മെന്റ് സെന്റർ സംവിധാനം പൊതുവിൽ ഉണ്ടാക്കും.

335. **സോഷ്യൽ ഓഡിറ്റ്:** വർഷത്തിൽ ഒരിക്കൽ പട്ടികജാതി വികസന പദ്ധതികളുടെ സോഷ്യൽ ഓഡിറ്റ് പട്ടികജാതി കുടുംബങ്ങളുടെ പ്രത്യേക ഗ്രാമസഭകൾ പഞ്ചായത്ത് / നഗരസഭ തലങ്ങളിൽ വിളിച്ചു ചേർത്ത് നടത്തും. 500ൽ കൂടുതൽ കുടുംബങ്ങൾ വരുന്ന ഘട്ടത്തിൽ അത് പഞ്ചായത്ത് / നഗരസഭ പ്രദേശത്ത് വാർഡുകൾക്ക് ഒന്ന് എന്ന തോതിൽ നടത്തും.

## പട്ടികവർഗ വികസനം

336. **ഉപപദ്ധതി:** പട്ടികവർഗ വിഭാഗങ്ങളുടെ ഉന്നമനത്തിന് ഏറ്റവും പ്രധാനപ്പെട്ട ഉപാധി പട്ടികവർഗ ഉപപദ്ധതിയാണ്. 2026-27-ലെ ബജറ്റിൽ പദ്ധതിയുടെ 2.8 ശതമാനമാണ്. പട്ടികവർഗ 1.45 ശതമാനമേ വരൂ. ഈ പാരമ്പര്യം തുടരും.

337. **അടിസ്ഥാനസൗകര്യങ്ങൾ:** നാലോ അഞ്ചോ പട്ടികവർഗ ഉന്നതികളെ പൊതുവിൽ പുറത്തേക്ക് ബന്ധിപ്പിക്കുന്ന തരത്തിലുള്ള റോഡ് സംവിധാനങ്ങൾ വനപ്രദേശത്തെ പരിസ്ഥിതിയെ ബാധിക്കാതെ നിർമ്മിക്കും. വന മേഖലയ്ക്ക് പുറത്തുള്ള ഉന്നതികളുടെ കാര്യത്തിൽ ഒരേ പ്രദേശത്തുവരുന്ന ഉന്നതികളെ പരസ്പരം ബന്ധിപ്പിക്കുന്ന ഗതാഗത സംവിധാനവും അവയെ പുറത്തേക്ക് ബന്ധിപ്പിക്കുന്ന റോഡ് സംവിധാനവും ഉണ്ടാക്കും. റോഡ് നിർമ്മാണം സാധ്യമല്ലാത്ത വനമേഖലകളിൽ സ്ഥിരമായ നടപ്പാതകൾ ഒരുക്കും. കുടിവെള്ളം ഉറപ്പുവരുത്തുന്നതിന് പ്രാദേശിക ജലവിതരണ പദ്ധതികൾക്കൊപ്പം മഴവെള്ള സംഭരണികളുടെ സാധ്യതകൾകൂടി പ്രയോജനപ്പെടുത്തും.

338. ഒറ്റപ്പെട്ടുകിടക്കുന്ന മുഴുവൻ പട്ടികവർഗ ഉന്നതികളിലും സോളാർ -സംവിധാനം ഉപയോഗിച്ചുള്ള ഗാർഹിക വൈദ്യുതീകരണ പദ്ധതി നടപ്പാക്കും. നിലവിലുള്ള സോളാർ സംവിധാനത്തിനൊപ്പം നിലവിലെ - വൈദ്യുതീകരണ

സംവിധാനവും ഉപയോഗിക്കാം.

339. **പാർപ്പിടം:** അട്ടപ്പാടിയിലെ അഹാഡ്സ് മാതൃകയിൽ ഭവനനിർമ്മാണമാണ് അഭികാമ്യം. ഓരോ വീട്ടിലും സ്ഥിരതാമസക്കാരായ അംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായ വലുപ്പത്തിൽ വീടുകൾ നിർമ്മിക്കണം. ലൈഫ് പദ്ധതിയിൽ ഉൾപ്പെടാതെ വന്നിട്ടുള്ള പട്ടികവർഗ കുടുംബങ്ങൾക്ക് പാർപ്പിടം ഉറപ്പുവരുത്താൻ പ്രത്യേക നടപടി സ്വീകരിക്കും. വീടുകളുടെ പുനരുദ്ധാരണത്തിനായുള്ള 'സേഫ് പദ്ധതി' വിപുലീകരിച്ച് കൂടുതൽ ഗുണഭോക്താക്കളിലേക്ക് പദ്ധതിയുടെ പ്രയോജനം എത്തിക്കും.

340. **ഭൂമി:** പട്ടികവർഗക്കാരുടെ സമഗ്ര വികസനത്തിന് ഭൂപ്രശ്നം പരിഹരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. 2005-ലെ വനാവകാശ നിയമം കേരളത്തിൽ ശാസ്ത്രീയമായി നടപ്പാക്കും. രണ്ടേക്കർ ഭൂമി ഉറപ്പുവരുത്തും. പട്ടികവർഗങ്ങൾ പരമ്പരാഗതമായി കൃഷി ചെയ്തുവരുന്നതും അവരുടെ കൈവശത്തിലുള്ളതുമായ ഭൂമി സാമൂഹ്യമായ തെളിവെടുപ്പ് നടത്തി ഉറപ്പുവരുത്തി അവർക്ക് പതിച്ചു നൽകും. ആവശ്യം വന്നാൽ പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങൾ പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി ഉറപ്പുവരുത്തുന്നതിന് ഉപയോഗപ്പെടുത്തും. നിയമവിരുദ്ധമായി കൈവശംവച്ചിരിക്കുന്ന പട്ടികവർഗക്കാരുടെ ഭൂമി തിരിച്ചുപിടിക്കും. 2031-ഓടെ ഭൂരഹിതരായ പട്ടികവർഗക്കാർ ഇല്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റി തീർക്കുകയും ചെയ്യും.

341. പട്ടികവർഗക്കാരുടെ നിലവിലുള്ള ഭൂമിയിൽ ജലസേചന സൗകര്യം എത്തിക്കുന്നതിന് ഫലപ്രദമായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പട്ടികവർഗ ഉപപദ്ധതിയിലൂടെ നടപ്പാക്കും.

342. **കൃഷി:** പട്ടികവർഗക്കാരുടെ ഊരുകളിൽ സ്വന്തമായി ഭൂമിയുള്ളവർക്ക് അവിടെ കൃഷി ചെയ്യുന്നതിനും സ്വാശ്രയമായ ഭക്ഷ്യോൽപാദനത്തിനും ഉതകുന്ന പദ്ധതികൾ നടപ്പാക്കിയാണ് ഭക്ഷ്യ സുരക്ഷയും പോഷകാഹാര ലഭ്യതയും ദീർഘകാലത്തേക്ക് ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി അവരുടെ കൃഷിയിടങ്ങളിൽ ദീർഘകാലത്തേക്ക് പോഷകാഹാരം ലഭ്യമാക്കുന്ന പഴവർഗങ്ങൾ, കായിനങ്ങൾ എന്നിവ വച്ചുപിടിപ്പിക്കുകയും വാർഷിക കൃഷിയുടെ ഭാഗമായി പയറിനങ്ങൾ, ഇലക്കറികൾ, തുവര മുതലായവയും റാഗിപോലുള്ളവയും കൃഷി ചെയ്യാൻ സഹായങ്ങൾ നൽകുകയും കോഴി വളർത്തൽ, പശുവളർത്തൽ, പാൽ, മുട്ട ഉപയോഗം എന്നിവ പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

343. **തൊഴിൽ:** പട്ടികവർഗക്കാരിൽ ഭൂരിഭാഗവും കർഷകത്തൊഴിലാളികൾ ആയതിനാൽ തൊഴിൽ ശേഷിയും കാര്യക്ഷമതയും വർധിപ്പിച്ച് വിലപേശൽ ശേഷി ഉയർത്താനുള്ള സംഘടിത പ്രവർത്തനങ്ങൾ ഉണ്ടാക്കും. പട്ടികവർഗ വിഭാഗത്തിൽപ്പെട്ട യുവതി-യുവാക്കളുടെ തൊഴിൽ സേനകൾ രൂപീകരിച്ച് ചെറുകിട കാർഷിക യന്ത്രവൽക്കരണത്തിൽ അവർക്ക് പരി

ശീലനം നൽകും.

344. തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം പൂർത്തിയാക്കുന്ന പട്ടികവർഗ ഗുണഭോക്താക്കൾക്ക് അധികമായി 100 ദിവസം തൊഴിൽ നൽകുന്ന കേരള ട്രൈബൽ പ്ലസ് പദ്ധതി തുടരും.

345. പട്ടികവർഗക്കാരുടെ പരമ്പരാഗത തൊഴിൽ മേഖല എന്ന നിലയിൽ വന മേഖലയിൽ നിന്ന് ശേഖരിക്കുന്ന വനവിഭവങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള സംസ്കരണ-വിപണനകേന്ദ്രങ്ങൾ പട്ടികവർഗക്കാരിൽ ജനസാന്ദ്രത കൂടിയ വനമേഖലകൾ കേന്ദ്രീകരിച്ച് സ്ഥാപിക്കും.

346. **തൊഴിൽ വൈവിധ്യവൽക്കരണം:** കാർഷിക മേഖലയ്ക്ക് പുറത്ത് പട്ടികവർഗ വിഭാഗത്തിൽപ്പെട്ട യുവതീ-യുവാക്കളുടെ തൊഴിൽ വൈവിധ്യവൽക്കരണത്തിനുള്ള പദ്ധതികൾ ഉണ്ടാക്കും. വിവിധ കാരണങ്ങളാൽ പഠനം പാതിവഴിയിൽ നിർത്തുന്ന പട്ടികവർഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പ്രത്യേക പരിശീലനത്തിലൂടെയും താമസ സൗകര്യം നൽകിയും പഠനം പൂർത്തിയാക്കുന്നതിനുള്ള സാമൂഹിക സഹായകേന്ദ്രങ്ങൾ (Community facilitation centres) സ്ഥാപിക്കും. ഇതോടൊപ്പം പഠനം കഴിഞ്ഞ് പുറത്തിറങ്ങുന്ന പട്ടികവർഗ വിഭാഗത്തിൽപ്പെട്ട യുവതീ-യുവാക്കളെ തൊഴിൽ ചെയ്യാൻ പ്രാപ്തരാക്കാവുന്നതരത്തിൽ ആശയവിനിയമം, തൊഴിൽ ശേഷി, ആത്മവിശ്വാസം എന്നിവ വർധിപ്പിക്കുന്നതിനുതകുന്ന പരിശീലന പരിപാടികൾ ഉൾപ്പെട്ട 2-3 മാസത്തെ 'ബാക്ക് ടു ക്യാമ്പസ്' പരിപാടികൾ സംഘടിപ്പിക്കും.

347. സ്കൂളുകളിൽ പഠിക്കുന്ന ഘട്ടങ്ങളിൽ തന്നെ പട്ടികവർഗ വിഭാഗത്തിലെ കുട്ടികൾക്ക് തുടർ പഠന സാധ്യതകളെക്കുറിച്ചും തൊഴിൽ സാധ്യതകളെക്കുറിച്ചും അറിവു നൽകുന്നതിനും വിവിധ വിഷയങ്ങളിലെ അവരുടെ ശേഷികൾ തിരിച്ചറിഞ്ഞ് വികസിപ്പിക്കുന്നതിനുമുള്ള പ്രത്യേക കോഴ്സുകൾ റസിഡൻഷ്യൽ സ്കൂളുകൾ കേന്ദ്രീകരിച്ച് നടത്തും. പട്ടികവർഗ മേഖലകൾ കേന്ദ്രീകരിച്ച് സർക്കാർ പരീക്ഷകൾക്കും മത്സരപരീക്ഷകൾക്കുമുള്ള പരിശീലനങ്ങൾ സാമൂഹിക സഹായ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കും.

348. **വിദ്യാഭ്യാസം:** റസിഡൻഷ്യൽ സ്കൂളുകളുടെ കെട്ടിടങ്ങൾ, ഹോസ്റ്റലുകൾ എന്നിവയുടെ കുറവും കുട്ടികൾക്ക് ആനുപാതികമായി റസിഡന്റ് ട്യൂട്ടർമാർ ഇല്ലാത്ത അവസ്ഥയും അവരുടെ പഠനപ്രക്രിയയെ ബാധിക്കുന്നു. പ്രീമെട്രിക്- പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാനസൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തും. റസിഡന്റ് സ്കൂളുകളുടെ അടിസ്ഥാനസൗകര്യത്തെ അന്തർദേശീയ തലത്തിലേക്ക് ഉയർത്താനുള്ള നടപടികൾ കൈക്കൊള്ളും.

349. പട്ടികവർഗ വിഭാഗത്തിലെ കുട്ടികൾ സ്കൂളിലേക്ക് വരുമ്പോൾ അവരുടെ

തനതു -ഭാഷയിൽ നിന്ന് ഏറെ വ്യത്യസ്തമായ പഠനഭാഷയും മാധ്യമവും അവരുടെ പ്രാഥമിക പഠനാനുഭവങ്ങൾ ആർജിക്കാനുള്ള ശേഷികളെ പരിമിതപ്പെടുത്തുന്നു. പ്രാഥമിക ഘട്ടത്തിൽ പഠനാനുഭവങ്ങൾ ലഭിക്കാവുന്ന തരത്തിൽ അവരുടെ ആശയ വിനിമയ ഭാഷയിൽ രൂപപ്പെടുത്തിയ പഠനസാമഗ്രികൾ തയ്യാറാക്കി അധ്യായനം നടത്തുന്നതിനും ക്രമാനുഗതമായി അവരെ പൊതുധാരയിലേക്ക് എത്തിക്കുന്നതിനും നടപടികൾ സ്വീകരിക്കും.

350. സ്കൂളുകളിൽ കുട്ടികളുടെ വ്യക്തിത്വ വികസനം, ആശയവിനിമയശേഷി വർധിപ്പിക്കൽ, കലാ-കായിക ശേഷികൾ വികസിപ്പിക്കൽ എന്നിവക്കായുള്ള പ്രത്യേക പരിശീലനങ്ങൾ നൽകും. നിലവിലുള്ള പ്രത്യേക റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനങ്ങൾ പഠിക്കാൻ ഒരു സമിതിയെ നിയോഗിക്കും.
351. പട്ടികവർഗ വിഭാഗത്തിലെ കുട്ടികളുടെ പഠന ഗ്രാന്റും മറ്റ് ആനുകൂല്യങ്ങളും കാലാനുസൃതമായി വർധിപ്പിക്കും.
352. ഗോത്രമേഖലകളിലെ 40 സ്കൂളുകളിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച സ്പെഷ്യൽ എൻറിച്ച്മെന്റ് പദ്ധതി കുറഞ്ഞത് 50 പട്ടികവർഗ വിദ്യാർത്ഥികളെങ്കിലും പഠിക്കുന്ന 340 സ്കൂളുകളിലേക്കും കുറഞ്ഞത് 100 പട്ടികജാതി വിദ്യാർത്ഥികളെങ്കിലും പഠിക്കുന്ന 300 സ്കൂളുകളിലേക്കുമാകും അടുത്തവർഷം വ്യാപിപ്പിക്കും.
353. **പഠനവീട്:** വീടുകളിൽ നിന്ന് വന്ന് പഠിച്ചുപോകുന്ന കുട്ടികൾ കൂടുതലുള്ള ഉന്നതികൾ കേന്ദ്രീകരിച്ച് പഠനവീട് സമ്പ്രദായം വ്യാപകമാക്കും. ഇതിനായി ഓരോ ഉന്നതിക്കും വിദ്യാഭ്യാസത്തിൽ പരിശീലനം നേടിയ ഒരു ഫെസിലിറ്റേറ്ററെ മാന്യമായ വേതനം നൽകി നിയമിക്കും.
354. ഉന്നതികളിൽ നിന്ന് പൊതുവിദ്യാലയങ്ങളിൽ വന്നു പോകുന്നതിനുള്ള യാത്ര സൗകര്യങ്ങളുടെ അഭാവം പഠനത്തെ ബാധിക്കുന്നു. പൊതുവിദ്യാലയങ്ങളിലേക്ക് ഊരുകളിൽ നിന്ന് വാഹനസൗകര്യം ഏർപ്പെടുത്തും.
355. **ആരോഗ്യം:** സ്കൂളുകളിൽ ഏറ്റവും മികച്ച പോഷകാഹാരം കൃത്യമായ ചേരുവയുടെ അടിസ്ഥാനത്തിൽ സുതാര്യമായി നൽകുന്നതിനുള്ള സൗകര്യമൊരുക്കും. മാസത്തിൽ ഒരിക്കൽ പട്ടികവർഗ ഉന്നതികളിൽ മെഡിക്കൽ സംഘം സന്ദർശിച്ച് പരിശോധന നടത്തും. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 18 വയസ്സിന് താഴെയുള്ള പെൺകുട്ടികൾ എന്നിവരുടെ രക്തപരിശോധന മുന്നുമാസത്തിലൊരിക്കൽ നടത്തി ഹീമോഗ്ലോബിൻ നിരക്ക്, മറ്റ് അടിസ്ഥാന സൂചകങ്ങൾ എന്നിവ വിലയിരുത്തും.
356. പട്ടികവർഗ ഉന്നതികളുള്ള പ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കും. അത്യാവശ്യ ഘട്ടങ്ങളിൽ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ, പരിശോധനാലാബുകൾ എന്നിവ സജ്ജമാക്കും. ഇവിടങ്ങളിൽ 24 മണിക്കൂറും ഡോക്ട

റുടെ സേവനം ഉറപ്പാക്കും. അമ്മയുടേയും കുഞ്ഞിന്റേയും പോഷകാഹാര കുറവ് പരിഹരിക്കുന്നതിനായുള്ള ജനനി-ജന്മരക്ഷ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കും. ശിശുമരണ നിരക്ക് അഞ്ച് വർഷത്തിനുള്ളിൽ സംസ്ഥാന ശരാശരിയിലേക്ക് താഴ്ത്തും.

357. പട്ടികവർഗക്കാർക്കിടയിലുള്ള സിക്കിൾ സെൽ അനീമിയ രോഗികൾക്ക് പ്രതിമാസ ധനസഹായം വർധിപ്പിക്കും.

358. **പോഷകാഹാരം:** നിലവിലുള്ള പൊതുവിതരണ സമ്പ്രദായത്തിൽ അരിക്കൊപ്പം ഭക്ഷ്യ എണ്ണ, പയറുവർഗങ്ങൾ, റാഗി, തുവര എന്നിവ ഉൾപ്പെടുത്തിയ ഭക്ഷ്യക്കിറ്റുകൾ റേഷൻ കടകളിലൂടെ നൽകും. ആവശ്യമെങ്കിൽ പോഷക ഭക്ഷണം വീടുകളിലെത്തിക്കും.

359. **ഭരണപരമായ മാറ്റങ്ങൾ:** പട്ടികവർഗ ഊരുകൂട്ടങ്ങൾക്ക് കൂടുതൽ അധികാരം നൽകും. ഉന്നതിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അവരുടെ തീരുമാനം ത്രിതല പഞ്ചായത്തുകൾ അംഗീകരിക്കുക എന്നത് ബാധ്യസ്ഥമാക്കും. അതാത് ഉന്നതിയിൽ നടക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും സാമൂഹിക തെളിവെടുപ്പ് നടത്തുന്നതിനും ഊരുകൂട്ടങ്ങൾക്ക് അധികാരം ഉണ്ടാകണം. ഊരുകൂട്ടങ്ങൾക്ക് ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെടുന്ന ഒരു നിർവാഹകസമിതി ഉണ്ടാകണം. അങ്ങനെ ഗ്രാമപഞ്ചായത്തിലെ എല്ലാ ഉന്നതികളുടെയും നിർവാഹക സമിതി അംഗങ്ങൾ ചേർന്നതാകണം പഞ്ചായത്തുതല ഗ്രാമസഭ. ഗുണഭോക്തൃ തിരഞ്ഞെടുപ്പ് വികസന പദ്ധതികളുടെ മുൻഗണന നിശ്ചയിക്കാൻ ഈ ഗ്രാമസഭയുടെ തീരുമാനങ്ങൾ നടപ്പാക്കാൻ പഞ്ചായത്ത് ഭരണസമിതികളെ ബാധ്യസ്ഥമാക്കും.

360. **ആസൂത്രണം:** പട്ടികവർഗ മേഖലകളിലെ പ്രാദേശിക സർക്കാരുകൾക്ക് പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള വൈദഗ്ധ്യത്തിന് പരിമിതികൾ ഉണ്ട്. ഇത് മറികടക്കാൻ പ്രദേശത്തെ അക്കാദമിക സ്ഥാപനങ്ങൾ, കോളേജ് ഡിപ്പാർട്ട്മെന്റുകൾ എന്നിവയെ സഹായക സംവിധാനമാക്കും.

361. **സോഷ്യൽ ഓഡിറ്റ്:** സംസ്ഥാനത്തെ പട്ടികവർഗക്കാരുടെ സ്ഥിതി സംബന്ധിച്ച് ഒരു സ്ഥിതിവിവര റിപ്പോർട്ട് ഓരോ വർഷവും സംസ്ഥാന സർക്കാർ പുറപ്പെടുവിക്കും. പദ്ധതിച്ചെലവുകളും ഭൗതികനേട്ടങ്ങളും ദൗർബല്യങ്ങളും ഈ റിപ്പോർട്ടുകളിൽ വിശകലനം ചെയ്യും. ബ്ലോക്കുകൾ തിരിച്ചുള്ള കണക്കുകളും ഇതിൽ ലഭ്യമാക്കും. ഈ റിപ്പോർട്ട് പട്ടികവർഗ സംഘടനകൾ, സിവിൽ സമൂഹ സംഘടനകൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, പട്ടികവർഗ വിഭാഗത്തിലെ ജനപ്രതിനിധികൾ എന്നിവരടങ്ങുന്ന ജനസഭ വിളിച്ചു ചേർത്ത് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കും. ഈ സഭ നിർദേശിക്കുന്ന തുടർനടപടികൾ കൈക്കൊള്ളും.

## അതിഥിത്തൊഴിലാളികൾ

362. **ക്ഷേമനിധിയും ഇൻഷുറൻസും:** അതിഥിത്തൊഴിലാളികൾക്കുള്ള സാ

മൂഹിക സുരക്ഷാ നടപടികൾ പരിമിതമാണെങ്കിലും അവ ഇന്ത്യയിൽ മറ്റൊരിടത്തും കാണാനാവാത്തതാണ്. ആവാസ് ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ മുഴുവൻ തൊഴിലാളികളെയും രജിസ്റ്റർ ചെയ്യിക്കും. അതുപോലെ തന്നെ കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡിനുള്ളിൽ അതിഥിത്തൊഴിലാളികൾക്കായൊരു സ്കീം കൂടുതൽ ആകർഷകമാക്കും.

363. **വിദ്യാഭ്യാസം:** വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കിവരുന്ന അതിഥിത്തൊഴിലാളികളുടെ കുട്ടികൾക്കായുള്ള ജ്യോതി പദ്ധതി വിപുലപ്പെടുത്തും. അതുപോലെ റോഷ്നി പദ്ധതിയിൽ മലയാളത്തിലുള്ള പാഠഭാഗങ്ങൾ ഹിന്ദിയിലോ ഇംഗ്ലീഷിലോ ക്ലാസ്സിനു മുമ്പ് കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നു. ബന്ധു എന്ന പേരിൽ സഞ്ചരിക്കുന്നൊരു മെഡിക്കൽ സംവിധാനം എറണാകുളം ജില്ലയിലെ അതിഥി തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും ആരോഗ്യ, ചികിത്സാ സേവനങ്ങൾക്കായി പ്രവർത്തിക്കുന്നു. ചങ്ങാതി എന്ന പേരിൽ ഹിന്ദി, മലയാളം സാക്ഷരതാ പരിപാടി നടത്തിവരുന്നു. ഈ സ്കീമുകൾ സാർവ്വത്രികമാക്കും.
364. **അപ്നാഘർ:** അതിഥി തൊഴിലാളികളുടെ പാർപ്പിട പ്രശ്നത്തിനു പരിഹാരമായി സർക്കാർ കൊണ്ടുവന്ന അപ്നാഘർ പദ്ധതി വിപുലപ്പെടുത്തും.
365. **ഡാറ്റാ ബാങ്ക്:** അതിഥി തൊഴിലാളികളെക്കുറിച്ച് കൃത്യമായ കണക്കുകൾ ലഭിക്കുന്നതിനും നയസമീപനങ്ങൾ സ്വീകരിക്കുന്നതിനുമായി ഒരു സമഗ്ര സർവേയുടെ അടിസ്ഥാനത്തിൽ ഡാറ്റാ ബാങ്ക് തയ്യാറാക്കും.

## പൊതുവിതരണം

366. **ഭക്ഷ്യസുരക്ഷ:** 80 ശതമാനം ഭക്ഷ്യക്കമ്മിയുള്ള സംസ്ഥാനത്ത് ചെറുവിഭാഗത്തിനു മാത്രമായി ഭക്ഷ്യസുരക്ഷ കേന്ദ്രസർക്കാർ പരിമിതപ്പെടുത്തിയിരിക്കുകയാണ്. സാധാരണ കാലത്ത് കമ്പോള പ്രവർത്തനത്തിലൂടെ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകുമെങ്കിലും ഭക്ഷ്യക്ഷാമം പോലുള്ള പ്രതിസന്ധികളുണ്ടാകുമ്പോൾ ഇത് അതീവഗൗരവമായ പ്രതിസന്ധിയായി മാറും. ഈ പശ്ചാത്തലത്തിലാണ് കേരളം വലിയ തോതിൽ സാമ്പത്തിക സഹായങ്ങൾ ചെയ്തുകൊണ്ട് നെൽകൃഷി സംരക്ഷിക്കാൻ ശ്രമിക്കുന്നത്. ഇത് നിർത്തലാക്കണമെന്നാണ് കേന്ദ്ര സർക്കാരിന്റെ ഏറ്റവും പുതിയ ആവശ്യം. കേരളത്തിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പു നൽകാൻ കേന്ദ്രം തയ്യാറല്ല. അതേസമയം, കേരളത്തിലെ നെൽകൃഷി സംരക്ഷിക്കാൻ കൂടുതൽ ധനസഹായം നൽകുന്നതിൽ സംസ്ഥാന സർക്കാരിനെ വിലക്കുകകൂടി ചെയ്യുന്നു. ആഭ്യന്തര ഭക്ഷ്യോൽപ്പാദനം വർധിപ്പിക്കാൻ നടപടി എടുക്കും.
367. **റേഷൻ ധാന്യങ്ങൾ:** കേരളത്തിന്റ റേഷൻ യഥാർത്ഥ ആവശ്യകത അനുസരിച്ച് NFSA ക്വാട്ട പുനഃപരിശോധിക്കാനുള്ള പ്രക്ഷോഭം ഉയർത്തിക്കൊണ്ടുവരും. കടത്തുകൂലിയിൽ കേന്ദ്ര വിഹിതം ഉയർത്തണം. OMS പുനരാരംഭിക്കണം. സംസ്ഥാനങ്ങൾക്ക് ആവശ്യാനുസൃതമായി ധാന്യം വാങ്ങാൻ അവസരം നൽകണം. പോഷകസുരക്ഷയ്ക്കായി അരി-ഗോതമ്പ്

കേന്ദ്രീകൃത സമീപനത്തിൽ നിന്നു മാറി പയർവർഗ്ഗങ്ങളും മില്ലെറ്റുകളും റേഷനിൽ ഉൾപ്പെടുത്തണം. സൗജന്യ ഭക്ഷണം നൽകുന്നതിനുള്ള സന്നദ്ധസംഘടനകളുടെയും ബഹുജന സംഘടനകളുടെയും ആരാധനാലയങ്ങളുടെയും മുൻകൈയെ പ്രോത്സാഹിപ്പിക്കും.

368. അനർഹരായവരിൽ നിന്ന് മുൻഗണനാ കാർഡുകൾ പിൻവലിച്ച് അർഹരായവർക്ക് മുൻഗണന കാർഡുകൾ നൽകുന്നതിനുള്ള പ്രവർത്തനം ശക്തിപ്പെടുത്തും. ഇതുവരെ 6 ലക്ഷത്തിലേറെ പേർക്ക് ഇത്തരത്തിൽ മുൻഗണന കാർഡുകൾ നൽകിയിട്ടുണ്ട്.

369. **ശബരി കെ-റൈസ്:** പദ്ധതി വിപുലപ്പെടുത്തും. കേന്ദ്രസർക്കാർ ഓപ്പൺ മാർക്കറ്റ് സ്കീം അവസാനിപ്പിച്ചതിന്റെ പശ്ചാത്തലത്തിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും അരിവാങ്ങി 27-29 രൂപ വിലയ്ക്ക് വിൽക്കുന്ന പദ്ധതിയാണിത്.

370. **കെ-സ്മാർട്ട്:** പടിപടിയായി എല്ലാ പൊതുവിതരണ റേഷൻ കടകളെയും കെ-സ്റ്റോറുകളാക്കി മാറ്റും. റേഷൻ ഉൽപ്പന്നങ്ങൾക്ക് പുറമെ, മിനി എടിഎം, വൈദ്യുതി, ജലക്കരം, യൂട്ടിലിറ്റി ബിൽ അടയ്ക്കാനുള്ള സൗകര്യം, പാചകവാതക വിതരണം, പൊതുമേഖലാ ഉൽപ്പന്നങ്ങളുടെ വിപണനം തുടങ്ങിയവ ഈ കെ-സ്റ്റോർ മുഖേന ലഭ്യമാകും.

371. **സപ്ലൈകോ:** വിപണി ഇടപെടൽ ശക്തിപ്പെടുത്തും. സ്രോതസ്സുകളിൽ നിന്ന് തന്നെ ഉൽപ്പന്നങ്ങൾ സോഴ്സ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കും. 13 അവശ്യ വസ്തുക്കളുടെ സബ്സിഡി നിരക്കിലുള്ള വിതരണം തുടരും. എല്ലാ ചരക്കുകളും ശരാശരി എടുത്താൽ ശാരാശരി 20-30 ശതമാനം വിലക്കുറവിൽ വിൽപ്പന നടത്തും എന്ന് ഉറപ്പുവരുത്തും. ഗുണനിലവാരം ഉറപ്പുവരുത്തും.

372. **സഹകരണമേഖല:** സഹകരണമേഖല വഴിയുള്ള വിപണി ഇടപെടൽ ശക്തിപ്പെടുത്തും. കൺസ്യൂമർഫെഡിന്റെ ടേൺ ഓവർ 3000 കോടിയിൽ നിന്ന് 5000 കൂടിയായി ഉയർത്തും.

373. ഉത്സവകാലത്തുള്ള സഹകരണ സംഘങ്ങളുടെ ചന്തകൾ വിപുലപ്പെടുത്തും.

374. ജനകീയ ഹോട്ടലുകളെ പുനരുദ്ധരിക്കും.

375. ആറ് വയസിനു താഴെയുള്ള കുട്ടികളിൽ 23 ശതമാനം പേർക്ക് വളർച്ച മുരടിപ്പുണ്ട്. 16 ശതമാനം പേർക്ക് ഉയരത്തിനനുസരിച്ച് ശരീരഭാരം കുറവാണ്. 20 ശതമാനം പേർക്ക് ഭാരക്കുറവുണ്ട്. പോഷകാഹാരക്കുറവ് ഇപ്പോഴും നിലനിൽക്കുന്നുണ്ടെന്ന് കണക്കുകൾ കാണിക്കുന്നുണ്ട്. സ്ത്രീകളിൽ 36 ശതമാനം, പുരുഷന്മാരിൽ 18 ശതമാനം, 6 മാസത്തിനും 60 മാസത്തിനും ഇടയിലുള്ള കുട്ടികളിൽ 30 ശതമാനം പേർക്കും വിളർച്ച ബാധിച്ചവരാണ്. ഇവരെ കണ്ടെത്തി ഇവർക്ക് പോഷകാഹാരം ലഭ്യമാക്കുന്നതിന് അങ്കണവാടി, സ്കൂൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ

ഏകോപിപ്പിക്കും.

376. മഠങ്ങളിലും ആശ്രമങ്ങളിലും റേഷൻ കാർഡ് ലഭിച്ച ഓരോ വ്യക്തിയും റേഷൻ കടയിൽ നേരിട്ടെത്തി റേഷൻ വാങ്ങണമെന്ന നിബന്ധന ഒഴിവാക്കി മുഴുവൻ അന്തേവാസികളും ചുമതലപ്പെടുത്തുന്ന ഒരാൾ വഴി എല്ലാവരുടെയും റേഷൻ വിഹിതം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

# V

# ഉപജീവനമേഖലകളുടെ സംരക്ഷണം

## കൃഷി

377. **സംയോജിത കൃഷി:** ബഹുവിളകൾ, കന്നുകാലികൾ, മത്സ്യബന്ധനം, തേനീച്ച വളർത്തൽ, സെറികൾച്ചർ തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന സംയോജിത കാർഷിക രീതിയാണ് കേരളത്തിന് അനുയോജ്യം. ഇതിനായി ഫാം പ്ലാനുകൾ എന്ന ആശയം പ്രാവർത്തികമാക്കും. കാലാവസ്ഥ വ്യതിയാനം ഉയർത്തുന്ന വെല്ലുവിളികളെ ഒരു പരിധിവരെ നേരിടുന്നതിന് സംയോജിത കൃഷിരീതികൾ അവലംബിക്കുന്നത് നന്നായിരിക്കും.

378. ജിയോ സ്പെഷ്യൽ സാങ്കേതികവിദ്യയുടെ (റിമോട്ട് സെൻസിംഗ്, ജോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം, ഗ്ലോബൽ പൊസിഷൻ സിസ്റ്റം എന്നീ സാങ്കേതികവിദ്യയുടെ സംയോജിത രൂപം) സഹായത്താൽ മുൻകാല വിഭവ ഭൂപടത്തിനു പകരം ഡിജിറ്റൽ സ്ഥാനീയ വിവരവ്യൂഹം സൃഷ്ടിച്ച് ഫാം പ്ലാനുകളും പ്രാദേശിക ആസൂത്രണ പദ്ധതികളും കാലാനുസൃതമായി മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കും.

379. **ഉൽപ്പാദനക്ഷമത:** കേരളത്തിലെ കൃഷി നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളി താഴ്ന്ന ഉല്പാദനക്ഷമതയാണ്. ഏതാണ്ട് എല്ലാ വിളകളുടെയും ഉല്പാദനക്ഷമത ദേശീയ, അന്തർദേശീയ ശരാശരികളേക്കാൾ വളരെ താഴ്ന്നതാണ്. ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിന് ശാസ്ത്രീയ വളം ഉപയോഗവും സങ്കരവിത്തുകളും ഉപയോഗപ്പെടുത്തും. പച്ചക്കറി കർഷകർക്ക് ഉയർന്ന വിളവ് നൽകുന്നതും കീടങ്ങളെയും രോഗങ്ങളെയും പ്രതിരോധിക്കുന്നതും കൃത്യതാ-കൃഷിക്കും പോളിഹൗസുകൾക്കും അനുയോജ്യവുമായ ഹൈബ്രിഡ് വിത്തുകൾ ലഭ്യമാക്കും. ഉയരം കുറഞ്ഞതും ഉയർന്ന വിളവ് നൽകുന്നതും കീടങ്ങളെയും രോഗങ്ങളെയും പ്രതിരോധിക്കുന്നതുമായ തെങ്ങിൻ തൈകൾ ലഭ്യമാക്കും.

380. ജൈവ വളത്തിന്റെ ഉപയോഗത്തിലൂടെയും, മൈക്രോബിയൻ ജീവികളെ ഉപയോഗിച്ച് മണ്ണിന്റെ രാസഘടന കൂടുതൽ ഉൽപ്പാദന ക്ഷമമാക്കുന്ന മാർഗ്ഗങ്ങളെയും പ്രോത്സാഹിപ്പിക്കും.

381. **എക്സ്റ്റൻഷൻ പ്രവർത്തനം:** കാർഷിക വിജ്ഞാന-വ്യാപന സംവിധാനം കൂടുതൽ കാര്യക്ഷമമാക്കും. കൃഷിഭവനുകൾ സ്മാർട്ട് കൃഷിഭവനുകളായി മാറണം. ഇത് കൃഷി ഓഫീസർമാർക്ക് കർഷകരോടൊപ്പം കൂടുതൽ

സമയം ചെലവഴിക്കാൻ അവസരമൊരുക്കും. സോഷ്യൽ മീഡിയയും മൊബൈൽ ആപ്ലിക്കേഷനുകളും പുതിയ വിജ്ഞാന-വ്യാപന തന്ത്രങ്ങളിൽ ഇടം കണ്ടെത്തണം.

382. **യന്ത്രവൽക്കരണം:** കാർഷിക യന്ത്രവൽക്കരണത്തിൽ ശ്രദ്ധ തുടരും. കേരളത്തിലെ ചെറുകിട കൃഷിയിടങ്ങൾക്ക്, പ്രത്യേകിച്ച് വീട്ടുവളപ്പുകൾക്ക് അനുയോജ്യമായ യന്ത്രങ്ങളും ഉപകരണങ്ങളും വികസിപ്പിക്കുന്നതിനാണ് നമ്മൾ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്. ഈ മെഷീനുകൾ രൂപകൽപ്പനയിൽ തന്നെ ജൻഡർ സൗഹൃദമാവണം. പുരുഷന്മാർക്കൊപ്പം സ്ത്രീകൾക്കും അനായാസേന യന്ത്രങ്ങൾ ഉപയോഗിക്കാൻ കഴിയണം. സർക്കാർ ലഭ്യമാക്കുന്ന വലിയ യന്ത്രങ്ങൾ പരിപാലിക്കാൻ സഹായിക്കുന്നതിന് ഉചിതമായൊരു സംവിധാനം ഒരുക്കും. അതിൽ കർഷകരുടെയും തൊഴിലാളികളുടെയും കൂട്ടായ പങ്കാളിത്തം ഉണ്ടായിരിക്കും.

383. **കാർഷിക കൂട്ടായ്മ:** കൃഷി ഭൂമിയുടെ തുണ്ടവൽക്കരണം മറികടക്കുന്നതിന് ഭൂമി പാട്ടം, കൂട്ടുകൃഷി, കർഷക കൂട്ടായ്മകൾ - ഇവയെല്ലാം ഉപയോഗപ്പെടുത്തും.

384. **സംഭരണം:** കേരളത്തിലെ ചെറുകിട കൃഷിയിടങ്ങളിലെ ഉല്പന്നങ്ങൾ ശേഖരിക്കുന്നതിനും സംഭരിക്കുന്നതിനുമുള്ള സംവിധാനങ്ങൾ കൃഷിക്കാരുടെ പങ്കാളിത്തത്തോടെ ശക്തമാക്കും. നാളികേരം, പച്ചക്കറികൾ, റബ്ബർ, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയ പ്രധാന ചരക്കുകൾക്കായി നിയന്ത്രിതമായ ഒരു വിതരണശൃംഖല (supply chain) നിർമ്മിക്കണം. ബ്ലോക്ക്, ജില്ലാ തലങ്ങളിൽ വലിയ വിപണികൾക്ക് ഫീഡർ മാർക്കറ്റായി പ്രവർത്തിക്കുന്ന, ശീതീകരണ സൗകര്യങ്ങളുള്ള, എല്ലാ പഞ്ചായത്തിലും, കുറഞ്ഞത് ഒരു പ്രാഥമിക ഗ്രാമീണ കാർഷിക വിപണി (PRAM) സ്ഥാപിക്കും.

385. **വിപണനം:** പ്രാദേശിക വിപണന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തും. പ്രത്യേകിച്ച് പഴം, പച്ചക്കറി, കിഴങ്ങ് വർഗ്ഗങ്ങൾ തുടങ്ങിയ ഭക്ഷ്യവിളകളുടെ കാര്യത്തിൽ. തദ്ദേശീയമായി സഹകരണ സംഘങ്ങൾ നിർബന്ധമായും വിപണരംഗത്ത് ഇടപെടണം. കാർഷികോല്പന്നങ്ങൾക്കുവേണ്ടിയുള്ള പ്രാദേശിക ആഴ്ച്ചച്ചന്തകളെ പ്രോത്സാഹിപ്പിക്കും.

386. കാർഷികോല്പന്നങ്ങൾക്ക് വിപണി ഉറപ്പാക്കുന്നതിനായി ഓൺലൈൻ മാർക്കറ്റിന്റെ സാധ്യത പ്രയോജനപ്പെടുത്തും. മൊബൈൽ ആപ്പുകളുടെ സാധ്യത പ്രയോജനപ്പെടുത്തി പ്രാദേശിക ഡിമാന്റ് മുൻകൂട്ടി അറിയുന്നതിനും അതനുസരിച്ച് വിപണന ശൃംഖല ക്രമീകരിക്കാനും കഴിയണം. അഗ്രി സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കും. ഡിമാന്റ് ഫോർകാസ്റ്റ്, പ്രൊഡക്ഷൻ ഫോർകാസ്റ്റ്, മാർക്കറ്റ് ഫോർകാസ്റ്റ്, ഫാം പ്ലാൻ എന്നിവ അടിസ്ഥാനപ്പെടുത്തിയുള്ള കാർഷിക പദ്ധതികൾ ആസൂത്രണം ചെയ്യും.

387. കേരള ഫ്രഷ് എന്ന ബ്രാൻഡിൽ കാർഷിക ഉല്പന്നങ്ങൾ ബ്രാൻഡ് ചെയ്തു വിൽക്കുന്നതിന് സഹകരണ സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ

ഓർഗനൈസേഷൻസ്, കുടുംബശ്രീ എന്നിവയെ ഉപയോഗപ്പെടുത്തും.

388. ഭൗമസൂചികാ പദവി കിട്ടിയിട്ടുള്ള കാർഷിക വിളകൾ, ഉല്പന്നങ്ങൾ എന്നിവയ്ക്ക് ഉയർന്ന വിപണിമൂല്യം കണ്ടെത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കും.

389. കാർഷിക മേഖലയിലെ വളർച്ചയ്ക്കായി ലോക ബാങ്ക് വായ്പാ സഹായത്തോടെ കേരള ക്ലൈമറ്റ് റസീലിയന്റ് അഗ്രി വാല്യു ചെയിൻ മോഡനൈസേഷൻ (കേര) എന്ന ബൃഹത്തായ പദ്ധതി നടപ്പാക്കും.

390. **നെല്ല്:** നെൽകൃഷി നിലനിർത്താൻ ഉൽപ്പാദനോപാധികൾ സമയബന്ധിതമായി കൃഷിയിടത്തിൽ എത്തിക്കുന്നതിനും സംഭരിച്ച നെല്ലിന്റെ വില കാലതാമസം കൂടാതെ കർഷകർക്കു നൽകുന്നതിനുള്ള സംവിധാനങ്ങൾ ഉറപ്പുവരുത്തും. നെൽകൃഷി നിലനിർത്തുന്നതിനും നിലങ്ങൾ പരിരക്ഷിക്കുന്നതിനും ഒപ്പം നെൽകർഷകരെ പരിസ്ഥിതി സംരക്ഷകരായിക്കണ്ട് ഇൻസെൻറീവ് നൽകുന്നതിനും സമൂഹം തയ്യാറാകണം. കാലാവസ്ഥാ വ്യതിയാനം നെല്ലുല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യത്തിൽ കാലാവസ്ഥാനുരൂപീകൃത കാർഷിക മുറകൾ ആവിഷ്കരിക്കും.

391. **സംഭരണവും താങ്ങുവിലയും:** നെല്ല് സംഭരണത്തിലെ അപാകതകൾ പൂർണ്ണമായും ഇല്ലാതാക്കും. നിലവിലെ പി.ആർ.എസ് (PRS) വായ്പാ രീതി ഒഴിവാക്കി പ്രാഥമിക സഹകരണ സംഘങ്ങൾ വഴി കർഷകർക്ക് സംഭരണ സമയത്ത് തന്നെ നേരിട്ട് പണം നൽകുന്ന പുതിയ ദ്വിതല സംഭരണ മാതൃക നടപ്പിലാക്കും. കേരള ബാങ്കിന്റെ സാമ്പത്തിക സഹായത്തോടെയും ഡിജിറ്റൽ പോർട്ടലിന്റെ മേൽനോട്ടത്തിലും വരാനിരിക്കുന്ന സീസൺ മുതൽ തന്നെ ഈ പുതിയ സംവിധാനം നിലവിൽ വരും. നെല്ലിന്റെ താങ്ങുവില 35 രൂപയായി വർധിപ്പിക്കും.

392. **തെങ്ങ്:** കാറ്റുവീഴ്ചയ്ക്കെതിരെ തെങ്ങിന്റെ ശാസ്ത്രീയ പരിചരണവും CPCRI വികസിപ്പിച്ച 'കേരളവജ്ര' എന്ന തെങ്ങിനത്തിന്റെ വ്യാപനവും മാത്രമാണ് ഇപ്പോൾ പോംവഴി. പ്രായംചെന്നതും ഉല്പാദനക്ഷമത കുറഞ്ഞതുമായവ വെട്ടിമാറ്റി രോഗപ്രതിരോധശേഷിയുള്ളതും ഉല്പാദനക്ഷമത ഏറിയതുമായ തെങ്ങിനങ്ങൾ കൃഷി ചെയ്യുന്നതിനു ധനസഹായം നൽകും. നേരത്തെ ഉണ്ടായിരുന്ന പച്ചതേങ്ങ സംഭരണം കൃഷിഭവൻ/സഹകരണസംഘങ്ങൾ വഴി പുന:സ്ഥാപിക്കും. നാളികേരാധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്നങ്ങളും നീരയും പ്രോത്സാഹിപ്പിക്കും. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള രോഗ-കീട നിയന്ത്രണ സംവിധാനങ്ങൾ നടപ്പിലാക്കും. അതിനായി പ്രത്യേക പരിശീലനം നൽകിയ വിദഗ്ദ തൊഴിലാളികളുടെ കേഡർ (ഫ്രണ്ട്സ് ഓഫ് കോക്കനട്ട്) സംഘടിപ്പിക്കും. നാളികേരത്തിന്റെ താങ്ങുവില 40 രൂപയായി വർദ്ധിപ്പിക്കും.

393. **കൊക്കോ, തേയില:** കൊക്കോ കൃഷി വ്യാപനത്തിനായി പോളി ക്ലോണൽ തൈകളുടെ ഉല്പാദനം പ്രോൽസാഹിപ്പിക്കും. തേയില കൃഷിയിൽ ഗ്രാ

ഫ്റ്റഡ് തൈകളുടെ ഉപയോഗം, അത്യുൽപാദനശേഷിയുള്ള ക്ലോണുകൾ ഉപയോഗിച്ചുള്ള പുനർനടീൽ എന്നിവ പ്രോൽസാഹിപ്പിക്കും.

394. **കാപ്പി:** വയനാട് കോഫി പാർക്ക് യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തനക്ഷമമാക്കും. കാർബൺ ന്യൂട്രൽ വയനാട് ടാഗ് ലൈനോടെ വയനാട് കാപ്പി ബ്രാൻഡ് ചെയ്ത് വിൽക്കും. ഇതിനാവശ്യമായ വിളവെടുപ്പ്, കൃഷി സമ്പ്രദായങ്ങൾ കർഷക പിന്തുണയോടെ നടപ്പാക്കും. കാപ്പി കൃഷിക്കാരുടെ വരുമാനം ഇരട്ടിയായി ഉയർത്തുക എന്നതായിരിക്കും ലക്ഷ്യം.

395. **റബർ:** താങ്ങുവില 300 രൂപയാക്കും. കോട്ടയത്തെ റബർ പാർക്കിന്റെ നിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കും. റബർ സംഭരണ - സംസ്കരണ സഹകരണ സംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കും. റബർ റീപ്ലാന്റിംഗിനു പ്രത്യേക സ്കീം തയ്യാറാക്കും.

396. **ഫലവൃക്ഷങ്ങൾ:** കേരളത്തിനോടു സാമ്യമുള്ള കാലാവസ്ഥ പ്രദേശമാണ് തെക്ക്-കിഴക്കൻ ഏഷ്യൻ രാജ്യങ്ങൾ. ഇവിടങ്ങളിൽ വ്യാപകമായി കൃഷി ചെയ്യുന്ന നല്ല വില തരുന്ന ഒട്ടേറെ ഫലവൃക്ഷങ്ങളുണ്ട്. അവയിൽ അനുയോജ്യമായിട്ടുള്ളവ കേരളത്തിൽ കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കും.

397. **സുഗന്ധവ്യഞ്ജന വിളകൾ:** കുരുമുളക്, മഞ്ഞൾ, ഇഞ്ചി എന്നിവ ഇടവിളയായി കൃഷിചെയ്യുന്നത് കർഷകവരുമാനം വർദ്ധിപ്പിക്കും. പ്രായംചെന്ന കുരുമുളക് ചെടികൾ മാറ്റി അത്യുല്പാദനശേഷിയുള്ള കുരുമുളക് ചെടികൾ നടുന്നതിന് പ്രോത്സാഹനം നൽകും. കുരുമുളകിൽ ജൈവ താങ്ങുകാലുകൾക്ക് പകരം അജൈവ താങ്ങുകാലുകൾ ഉപയോഗിക്കുന്നത് ഉല്പാദനക്ഷമത വർദ്ധിപ്പിക്കും.

398. **പച്ചക്കറി:** കുടുംബശ്രീ ജെഎൽജി ഗ്രൂപ്പുകൾ, കൃഷി ഭവന്റെ സംഘങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രൊജക്റ്റുകൾ, സംയോജിത കൃഷി പ്രസ്ഥാനം, ഹരിത മിഷൻ എന്നിങ്ങനെ ഒട്ടേറെ ജനകീയമായ ഇടപെടലുകൾ പച്ചക്കറി കൃഷി മേഖലയിലുണ്ട്. അവയെയെല്ലാം ഏകോപിപ്പിക്കുന്നതിനു ശ്രമിക്കും. 5000 ഹരിത സമൃദ്ധി വാർഡുകൾ പുതിയതായി രൂപീകരിക്കും. പച്ചക്കറിക്കു താങ്ങുവില നടപ്പിലാക്കും. മൂല്യവർദ്ധിത യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കും.

399. **തണ്ണീർത്തടങ്ങൾ:** കാർഷികേതര ആവശ്യങ്ങൾക്കായി ഭൂമി തരിശായി ഉപേക്ഷിക്കുന്നത് നിരുത്സാഹപ്പെടുത്തി തണ്ണീർത്തടങ്ങൾ വീണ്ടെടുക്കുന്നത് പ്രോത്സാഹിപ്പിക്കും. കൃഷിയിൽ താൽപ്പര്യമില്ലാത്ത ഭൂവുടമകൾ ഭൂരഹിതരും കൃഷി ചെയ്യാൻ താൽപ്പര്യമുള്ളവരുമായവർക്ക് ഭൂമി പാട്ടത്തിന് നൽകുന്നത് പ്രോത്സാഹിപ്പിക്കും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ലാന്റ് ബാങ്കുകൾ രൂപീകരിക്കും.

400. ആധുനിക സാറ്റലൈറ്റ് സാങ്കേതിക വിദ്യകളുടെ സഹായത്തോടെ തണ്ണീർത്തടങ്ങളുടെയും നെൽപ്പാടങ്ങളുടെയും കൃത്യമായ ഡാറ്റാബേസ് തയ്യാറാ

ക്കും. തണ്ണീർത്തട സംരക്ഷണം ശാസ്ത്രീയമായി ആസൂത്രണം ചെയ്യാൻ ഇത് സർക്കാരിനെ സഹായിക്കും.

401. **ഭൂവിനിയോഗം:** കൃഷിക്കായുള്ള ആസൂത്രണം ഭൂവിനിയോഗ ശേഷിയുടെ വർഗ്ഗീകരണത്തിന് അനുസൃതമായിരിക്കണം, മണ്ണൊലിപ്പിനും ഉരുൾപൊട്ടൽ പോലുള്ള പ്രകൃതിദുരന്തങ്ങൾക്കും സാധ്യതയുള്ള വിഭാഗങ്ങളിലെ ഭൂവിനിയോഗവുമായി ബന്ധപ്പെട്ട തർക്കങ്ങളും സംഘർഷങ്ങളും കർഷകരുമായി ജനാധിപത്യപരമായ ചർച്ചകളിലൂടെ പരിഹരിക്കുന്നതിന് സാധ്യതകൾ കണ്ടെത്തണം.

402. **തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ:** കാർഷിക ആസൂത്രണത്തിൽ അവരുടെ പങ്കാളിത്തം ശക്തിപ്പെടുത്തും. മാതൃകാ പദ്ധതികളുടെ ഒരു ശേഖരം തയ്യാറാക്കുന്നതുൾപ്പെടെ കാർഷികമേഖലയിൽ പ്രായോഗികവും അർത്ഥവത്തായതുമായ പദ്ധതികൾ തയ്യാറാക്കുന്നതിന് പ്രത്യേക സഹായം നൽകും. എല്ലാ പഞ്ചായത്തുകളും ശാസ്ത്രീയമായ പ്രാദേശിക നീർത്തട പദ്ധതികളും ഭൂവിനിയോഗ പ്ലാനും തയ്യാറാക്കണം. ഇതിനെ അടിസ്ഥാനമാക്കിവേണം കൃഷി വിളകളും രീതികളും ആവിഷ്കരിക്കും.

403. **കർഷകത്തൊഴിലാളി:** ചില പ്രത്യേക കാർഷിക ജോലികൾക്ക് കർഷകത്തൊഴിലാളികളുടെ ക്ഷാമം തുടരുന്നത് ആശങ്കാജനകമാണ്. കർഷകത്തൊഴിലാളികൾക്ക് സ്ഥിരവരുമാനവും മാന്യമായ ജീവിതവും ഉറപ്പാക്കുന്ന നയം രൂപീകരിക്കും. തദ്ദേശ സ്ഥാപനങ്ങളുടെയോ എഫ്.പി.ഓ.യുടെയോ സഹകരണ സംഘങ്ങളുടെയോ മറ്റേതെങ്കിലും സംഘടന സംവിധാനത്തിന്റെ കീഴിലോ സാങ്കേതിക പരിജ്ഞാനത്തോട് കൂടിയ തൊഴിൽ സേനകളെ സൃഷ്ടിക്കും. അവർക്ക് ഡ്രോൺ അടക്കമുള്ള ആധുനിക കാർഷിക യന്ത്രങ്ങൾ ലഭ്യമാക്കും. ആവശ്യമായ പരിശീലനം നൽകും. സ്ഥിരവും മെച്ചപ്പെട്ട വരുമാനവും ഉറപ്പുവരുത്തും. കാർഷിക സേവന കേന്ദ്രങ്ങൾ, കാർഷിക കർമ്മ സേനകൾ, കസ്റ്റം ഹയറിംഗ് സെന്ററുകൾ എന്നിവ ശക്തിപ്പെടുത്തി പ്രവർത്തനങ്ങൾ ഏകീകരിച്ച് ഒറ്റ കേന്ദ്രത്തിലൂടെ സേവനങ്ങൾ ഉറപ്പുവരുത്തും.

404. തരിശിട്ടിരിക്കുന്ന കൃഷിഭൂമി ഉടമസ്ഥത നിലനിർത്തിക്കൊണ്ടുതന്നെ കൃഷി ചെയ്യാനായി ഭൂവുടമ തിരിച്ചെടുക്കുന്നതുവരെ പഞ്ചായത്തുതല ലാന്റ് ബാങ്കിൽ നിക്ഷിപ്തമാക്കും.

405. **മൂല്യവർധന ശൃംഖല:** കേരളത്തിലെ വാണിജ്യവിളകളിൽ നല്ലൊരുപങ്കും ആഗോളവിപണിയിൽ സംസ്കരണത്തിനുശേഷം മൂല്യവർധിത ഉൽപ്പന്നങ്ങളായിട്ടാണ് വിൽക്കപ്പെടുന്നത്. എന്നാൽ കേരളത്തിലെ കർഷകന് ഈ റീടെയിൽ വിലയുടെ ചെറിയൊരു പങ്ക് മാത്രമേ ലഭിക്കുന്നുള്ളൂ. കേരളത്തിലെ കൃഷി ആദായകരമാക്കാനുള്ള രണ്ടാമത്തെ മാർഗ്ഗം മൂല്യവർദ്ധന ശൃംഖലയുടെ മുകൾ ഭാഗത്തേക്ക് നീങ്ങുകയെന്നുള്ളതാണ്. ഇതിന് ഉയർന്ന മൂല്യവർദ്ധന ഉറപ്പുരുത്തുന്ന സംസ്കരണ വ്യവസായങ്ങളെയും

സ്റ്റാർട്ട് അപ്പുകളെയും പ്രോത്സാഹിപ്പിക്കും. അഗ്രി ബിസിനസ്സ് ഇൻക്യുബേറ്റർ, കോമൺ ഫെസിലിറ്റി സെന്ററുകൾ എന്നിവ കൂടുതൽ വ്യാപകമാക്കും.

406. **സ്വകാര്യനിക്ഷേപം:** മൂല്യവർധന-സംസ്കരണ മേഖലകളിൽ സ്വകാര്യ നിക്ഷേപം സ്വാഗതം ചെയ്യും. കേരളത്തിൽ നിരവധി ഫുഡ് പാർക്കുകളും ഇൻഡസ്ട്രിയൽ പാർക്കുകളും ഉണ്ടെങ്കിലും ഇവ വേണ്ടത്ര ഫലപ്രദമായിട്ടില്ല. ശേഖരണത്തിലുള്ള മോശം സൗകര്യങ്ങളും വിതരണ ശൃംഖലകൾ നിർമ്മിക്കുന്നതിനുള്ള തന്ത്രത്തിന്റെ അഭാവവുമാണ് കാരണം.

407. **ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ:** കാർഷിക മേഖലയുടെ ചലനാത്മകത നിലനിർത്തുന്നതിന് ഫാർമർ പ്രൊഡ്യൂസർ കമ്പനികളുടെ സാധ്യത പ്രയോജനപ്പെടുത്തും. കാർഷിക മേഖലയിൽ ആവശ്യമായ കൂടുതൽ നിക്ഷേപങ്ങൾക്ക് നിലവിൽ സഹകരണ സ്ഥാപനങ്ങളിൽ ലഭ്യമായ വിഭവങ്ങൾ പ്രയോജനപ്പെടുത്തുകയും ആയതിന് സർക്കാർ ഗ്യാരൻറി നൽകുകയും ചെയ്യും. സമാഹരണം - സംഭരണം - മൂല്യവർദ്ധനവ് - വിപണന ഔട്ട്ലെറ്റുകൾ എന്നിവയുടെ സംഘാടനത്തിലും സഹകരണ മേഖലയുടെ ഫലപ്രദമായ പങ്കാളിത്തം ഉറപ്പാക്കും.

408. **കാലാവസ്ഥാവ്യതിയാനം:** കാലാവസ്ഥാവ്യതിയാനത്തിന്റെ ആഘാതങ്ങൾ ലഘൂകരിക്കുന്നതിന് ആധുനിക ശാസ്ത്രസാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തും. മുൻകൂട്ടിയുള്ള കാലാവസ്ഥാപ്രവചനം, മാറുന്ന കാലാവസ്ഥയ്ക്ക് അനുയോജ്യമായ കാർഷിക ക്രമങ്ങൾ രൂപപ്പെടുത്തൽ, അനുയോജ്യമായ വിത്ത്/നടീൽ വസ്തുക്കളുടെ ലഭ്യത, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസിൽ കാലോചിതമായ മാറ്റം എന്നിവ നടപ്പിലാക്കും. സംരക്ഷിത കൃഷി, കൃത്യതാകൃഷി എന്നീ സാങ്കേതിക രീതികൾ പ്രോത്സാഹിപ്പിക്കും.

409. **സ്ഥിതിവിവരക്കണക്ക്:** കൃഷിയിലെ വ്യത്യസ്ത സ്ഥിതിവിവര കണക്കുകളെ സംസ്ഥാനത്തെ ഭൂമിയുടെ ഉടമസ്ഥതയെയും ഉപയോഗത്തെയും കുറിച്ചുള്ള ഡിജിറ്റൽ ജിയോറഫറൻസ് ഡാറ്റാബേസ് സൃഷ്ടിക്കുന്നതിനുമുള്ള റവന്യൂ വകുപ്പിന്റെ ശ്രമങ്ങളുമായി ബന്ധിപ്പിക്കും.

## തോട്ടവിളകൾ

410. **പുനർനടീൽ മിഷൻ:** തോട്ടം മേഖലയിൽ വന്നിരിക്കുന്ന ഘടനാപരമായ പ്രധാനപ്പെട്ട മാറ്റം ചെറുകിട കർഷകരുടെ പ്രാധാന്യം അടിക്കടി വർദ്ധിച്ചുവരുന്നുവെന്നതാണ്. ഈ സാഹചര്യത്തിൽ മുൻകാലത്തേക്കാൾ സർക്കാരിന്റെ പിന്തുണ അനിവാര്യമാണ്. സമയബന്ധിതമായ ബാങ്ക് വായ്പാ പിന്തുണ, ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, വിളവെടുപ്പ് വരെയുള്ള കാലയളവിലെ സഹായങ്ങൾ എന്നിവ സംയോജിപ്പിച്ച് ഒരു സമഗ്ര പുനർനടീൽ മിഷൻ സംസ്ഥാനം രൂപം നൽകും. വിള വൈവിധ്യവത്കരണത്തിനും

വരുമാന വിപുലീകരണത്തിനുമുള്ള സാധ്യതകളേയും ഉപയോഗപ്പെടുത്താൻ കൃഷിക്കാരെ പ്രാപ്തരാക്കും. കമ്മോഡിറ്റി ബോർഡുകൾ പുനർനടീലിനുള്ള സബ്സിഡി ഗണ്യമായി ഉയർത്തുവാൻ തയ്യാറാവണം.

411. **പാർക്കുകൾ:** തോട്ടം മേഖലയെ ടൂറിസവുമായി ബന്ധപ്പെടുത്തി വികസിപ്പിക്കും. അതുപോലെ തന്നെ നിശ്ചിത ശതമാനം ഭൂമി മറ്റു ഫലവൃക്ഷങ്ങൾ നടുന്നതിന് അനുവാദം നൽകും. മൂല്യവർദ്ധിത വ്യവസായങ്ങൾക്കുവേണ്ടി റബർ പാർക്ക്, കോഫി പാർക്ക്, സ്പൈസസ് പാർക്ക് എന്നിവ അടിയന്തരമായി പ്രവർത്തനക്ഷമമാക്കും.

412. **തൊഴിലാളികൾ:** തൊഴിലാളികളുടെ ലയങ്ങളുടെ പുനർനിർമ്മാണം തദ്ദേശഭരണ സ്ഥാപനങ്ങളും സംസ്ഥാന സർക്കാരും പ്ലാന്റേഷൻ ഉടമകളും സംയുക്തമായി നടപ്പാക്കും. ഇതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിക്കും.

413. നിയമപരമായ തൊഴിൽ വ്യവസ്ഥകൾ ഉറപ്പാക്കും. തോട്ടവിള തൊഴിലാളികളെ വിശാലമായ സംസ്ഥാന ക്ഷേമ-നൈപുണ്യ വികസന ദൗത്യങ്ങളുമായി സംയോജിപ്പിക്കും. തൊഴിലാളികളുടെ കൂട്ടായ്മകളും സഹകരണ സ്ഥാപനങ്ങളും പോലുള്ള തീരുമാനമെടുക്കുന്ന ഘടനകളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തും.

414. **ഗവേഷണം:** പിൻവാങ്ങലിന് പകരം കേന്ദ്രസർക്കാരിന്റെ കൂടുതൽ സജീവമായ പങ്ക് സംസ്ഥാനം ആവശ്യപ്പെടും. അതോടൊപ്പം, അക്കാദമിക്ക് സ്ഥാപനങ്ങളുമായി സഹകരിച്ച് സംസ്ഥാന തലത്തിലുള്ള ഗവേഷണം, വിപുലീകരണം, നവീകരണ സംവിധാനങ്ങൾ എന്നിവ ശക്തിപ്പെടുത്തും. ഗുണനിലവാരം ഉയർത്തൽ, സർട്ടിഫിക്കേഷൻ, പ്രത്യേക വിപണികൾ എന്നിവയ്ക്ക് കൂടുതൽ ഊന്നൽ നൽകുന്നത് സാമൂഹികവും പാരിസ്ഥിതികവുമായ ലക്ഷ്യങ്ങളെ തകർക്കാതെ അന്താരാഷ്ട്ര മത്സരശേഷി വർദ്ധിപ്പിക്കാൻ സഹായകമാകും.

415. തോട്ടം മേഖലയ്ക്കായി പുതിയതായി രൂപീകരിച്ച പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ പ്രവർത്തനം വിപുലീകരിക്കും. പ്ലാന്റേഷൻ മേഖലയിലെ ദീർഘകാല പ്രശ്നങ്ങൾ പരിഹരിക്കാൻ വകുപ്പുകൾ തമ്മിൽ ഏകോപന സംവിധാനമുണ്ടാക്കും. 479 കോടി രൂപയുടെ കേര പദ്ധതി നടപ്പാക്കും.

## ഹൈറേഞ്ചിലെ ഭൂപ്രശ്നം

416. **ഭൂപ്രശ്നം:** കേരളത്തിലെ ഹൈറേഞ്ച് പ്രദേശങ്ങളിലെ ഭൂഉടമസ്ഥത പ്രശ്നങ്ങൾ ചരിത്രപരവും നിയമപരവും പരിസ്ഥിതിപരവുമായ സങ്കീർണ്ണതകളുള്ളവയാണ്. ഇവയ്ക്ക് സുസ്ഥിരവും നീതിയുക്തവുമായ പരിഹാരങ്ങൾ ആവശ്യമാണ്. ഇനിയുള്ള വനഭൂമിയെ പൂർണ്ണമായി സംരക്ഷിക്കുന്നതിനോടൊപ്പം നിലവിലുള്ള കൃഷിക്കാരുടെ താല്പര്യങ്ങളും സംരക്ഷിക്കും. ഇതിനായി കേരള സർക്കാർ ശക്തമായ നടപടികൾ സ്വീകരിച്ചു കഴി

ഞ്ഞിട്ടുണ്ട്. അവയുടെ അടിസ്ഥാനത്തിലുള്ള ക്രമവൽക്കരണ നടപടികൾ പൂർത്തിയാക്കും.

417. **ഭൂ പതിവ് ചട്ടങ്ങൾ:** 1964 ലെ ഭൂ പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചു കിട്ടിയ ഭൂമി കൃഷിക്കും വീട് വയ്ക്കുന്നതിനും അല്ലാതെ ഉപയോഗിച്ചത് സാധൂകരിക്കുന്ന ചട്ടങ്ങൾക്ക് ഗവൺമെൻറ് രൂപം കൊടുത്തിട്ടുണ്ട്. നിയമപരമായ പ്രതിസന്ധികൾ മറികടക്കുന്നതിന് സ്ലാബ് നിശ്ചയിച്ച് ഫീസ് ഈടാക്കുന്നതിനും ചട്ടങ്ങളിൽ വ്യവസ്ഥയുണ്ട്. ഇത് പ്രായോഗികതലത്തിൽ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് ക്രമവൽക്കരി ക്കുന്നതിന് രൂപീകരിച്ച ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തും.

418. **പീരുമേട് താലൂക്ക്:** 1982-83 കാലത്ത് തോട്ടങ്ങളിൽ നിന്ന് ഏറ്റെടുത്ത മിച്ചഭൂമിയിൽ ഒരേക്കർ വരെ ഭൂമി ലഭിച്ചവർ പലർക്കായി കൈമാറി. നിലവിൽ ഈ ഭൂമി കൈവശം വച്ച്, വീടുവെച്ചും കൃഷിചെയ്തും വരുന്നവർക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കും.

419. തർക്കങ്ങളും വ്യവഹാരങ്ങളും: സർവ്വേ രേഖകളിലെ അവ്യക്തതകളും മറ്റ് സാങ്കേതിക തടസ്സങ്ങളും കാരണം പതിച്ച് ലഭിക്കാത്ത ഭൂമി സംബന്ധിച്ച നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് ഒരു വർഷത്തിനുള്ളിൽ പട്ടയം നൽകും.

420. ഭൂമി സംബന്ധമായി വിവിധ കോടതികളിൽ നിലനിൽക്കുന്ന കേസുകൾ കൃഷിക്കാർക്ക് അനുകൂലമായി തീർപ്പാക്കുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് കാര്യക്ഷമമായി ഇടപെടുന്നതിനും പട്ടയം നൽകുന്ന നടപടികൾ ഏകോപിപ്പിക്കുന്നതിനും പ്രത്യേക ചുമതല നൽകി സ്പെഷ്യൽ ഓഫീസറെ നിയോഗിച്ച് എല്ലാ മാസവും പ്രവർത്തന പുരോഗതി നേരിട്ട് വിലയിരുത്തും.

421. പട്ടയം നൽകിയിട്ടുള്ളതും എന്നാൽ ഉദ്യോഗസ്ഥതല വീഴ്ചകളുടെ ഭാഗമായി നടപടിക്രമങ്ങൾ തെറ്റായതും സർവ്വേ നമ്പർ തുടങ്ങിയ ഭൂവിവരങ്ങൾ തെറ്റായി രേഖപ്പെടുത്തിയതും ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുകയും പട്ടയങ്ങളുടെ നിയമസാധുത ഉറപ്പുവരുത്തുന്നതിനും ഒരു വർഷത്തിനുള്ളിൽ നടപടി സ്വീകരിക്കും.

422. **സിഎച്ച്ആറിലെ ഭൂമി:** സിഎച്ച്ആർ നിയമപരമായും സാങ്കേതികമായും വനമല്ല എന്നതാണ് സർക്കാർ സ്വീകരിച്ചുവരുന്ന നിലപാട് തുടരും. ഏലം കുത്തക പാട്ട ഭൂമിയുടെ നിലവിലുള്ള കൈവശക്കാരിൽ നിന്ന് കുത്തക പാട്ടം സ്വീകരിക്കാൻ അനുവദിക്കുന്ന ഹൈക്കോടതി ഉത്തരവ് പ്രകാരം മുഴുവൻ കുത്തക പാട്ട ഭൂമിയുടെയും പാട്ടം സ്വീകരിക്കുന്നതാണ്.

423. ഏലം കൃഷിക്കായി 1935 ലെ ഏലം ചട്ടപ്രകാരം അനുവദിച്ചു കിട്ടിയ ഭൂമിയിൽ വീട്, തൊഴിലാളികൾക്ക് താമസിക്കുന്നതിനുള്ള കോട്ടേജുകൾ,

ഏലയ്ക്ക ഉണങ്ങുന്നതിനും സൂക്ഷിക്കുന്നതിനും ആവശ്യമായ സ്റ്റോറും അനുബന്ധ സൗകര്യങ്ങളും നിർമ്മിക്കുന്നതിന് ആവശ്യമായ ഉത്തരവുകൾ വ്യക്തതയോടെ പുറപ്പെടുവിക്കും.

424. **ട്രൈബ്യൂണലുകൾ:** ഹൈറേഞ്ച് മേഖലകൾക്കായി പ്രത്യേക ഭൂതർക്ക പരിഹാര ട്രൈബ്യൂണലുകൾ രൂപീകരിക്കുകയും, ദീർഘകാലമായി നീളുന്ന കേസുകൾക്ക് ഫാസ്റ്റ് ട്രാക്ക് കോടതി സംവിധാനം ഒരുക്കിയും, ലോക്കൽ ലെവൽ മധ്യസ്ഥ സമിതികൾ (Local Mediation Committees) രൂപീകരിച്ചും ഭൂമി തർക്ക പരിഹാരങ്ങൾ വേഗത്തിലാക്കും.

425. **സുസ്ഥിരവികസനം:** ചെറുകിട കർഷകർക്ക് ഭൂമി നഷ്ടപ്പെടാതിരിക്കാനുള്ള നിയമപരമായ സുരക്ഷ ഉറപ്പാക്കിയും, സുസ്ഥിര കൃഷി രീതികൾക്കും മണ്ണുസംരക്ഷണ പദ്ധതികൾക്കും പ്രോത്സാഹനം നൽകിയും, കൃഷി–വനം സംയോജിത പദ്ധതികളും (Agroforestry models) ഫാം ടൂറിസവും പ്രോത്സാഹിപ്പിച്ചും കൃഷിയിട സംരക്ഷണവും ഉപജീവന സുരക്ഷയും ഉറപ്പാക്കും. ശാസ്ത്രീയ ഭൂവിനിയോഗ പ്ലാനുകളും നീർത്തട പദ്ധതികളും തയ്യാറാക്കും.

426. ഹൈറേഞ്ച് മേഖലകളിലെ എല്ലാ ഭൂമികളുടെയും ഡിജിറ്റൽ കഡസ്ട്രൽ മാപ്പിംഗ് നടത്തും. റവന്യൂ, വനം, സർവേ വകുപ്പുകളുടെ രേഖകൾ ഏകീകരിച്ച് ഒറ്റ ഡിജിറ്റൽ ഭൂമിവിവര സംവിധാനം (Land Information System) രൂപീകരിക്കും. അതിർത്തി തർക്കങ്ങൾ ഒഴിവാക്കാൻ GIS അടിസ്ഥാനത്തിലുള്ള ജിയോറഫറൻസിങ് നടപ്പാക്കും.

## മനുഷ്യ-വന്യജീവി സംഘർഷം

427. **നിയമഭേദഗതി:** മനുഷ്യ ജീവന് ഭീഷണിയാകുന്ന വന്യമൃഗങ്ങളെ നിയന്ത്രിക്കുന്നതിൽ സംസ്ഥാന സർക്കാരിന് പൂർണ്ണ അധികാരം ലഭിക്കുന്നതിനായുള്ള നിയമപോരാട്ടവും രാഷ്ട്രീയ സമ്മർദ്ദവും തുടരും. വന്യമൃഗങ്ങളുടെ എണ്ണം ശാസ്ത്രീയമായി തിട്ടപ്പെടുത്തി, വാഹകശേഷിക്ക് (Carrying Capacity) അപ്പുറമുള്ളവയെ ശാസ്ത്രീയമായി നിയന്ത്രിക്കുന്ന 'കള്ളിങ്' (Culling) രീതി നടപ്പിലാക്കാൻ സാമൂഹികമായ സമവായം ഉണ്ടാക്കും.

428. വാർഡ് തലത്തിലുള്ള ഗ്രാമ ഹരിത സമിതികളെ (GHS) ശക്തിപ്പെടുത്തും. വനാതിർത്തികളിലെ പഞ്ചായത്തുകൾക്ക് വന്യജീവി പ്രതിരോധ പ്രവർത്തനങ്ങളിൽ തീരുമാനമെടുക്കാനുള്ള സാമ്പത്തികവും ഭരണപരവുമായ അധികാരം നൽകും.

429. **വനത്തിനുള്ളിൽ**: വന്യമൃഗങ്ങളെ വനത്തിനുള്ളിൽതന്നെ നിലനിർത്തുന്നതിനാവശ്യമായ വെള്ളവും ഫലവൃക്ഷങ്ങളും വനത്തിനുള്ളിൽ ഉറപ്പുവരുത്തും. ഇതിനാവശ്യമായ നീർത്തടാസൂത്രണവും ജലസംരക്ഷണ പദ്ധതികളും വനത്തിനുള്ളിൽ നടപ്പിലാക്കും. ഏകവിള പ്ലാന്റേഷനുകൾ ഇല്ലാതാക്കി സ്വാഭാവിക വനങ്ങൾ സൃഷ്ടിക്കുന്നത് വന്യമൃഗങ്ങളെ വനത്തി

നുള്ളിൽ തന്നെ നിലനിർത്തുന്നതിനു സഹായിക്കും. വനത്തിലെ അധിനിവേശ കളകൾ തടയാനുള്ള നടപടി സ്വീകരിക്കും.

430. **വനാതിർത്തി മാനേജ്മെന്റ്:** വനാതിർത്തികളിൽ വന്യജീവി പ്രതിരോധ വേലികൾക്കും, വന്യമൃഗങ്ങൾക്ക് തകർക്കാൻ കഴിയാത്ത ബലമുള്ള കൂടുകൾക്കും പ്രത്യേക സബ്സിഡി നൽകും. ജി.ഐ.എസ് (GIS) ഉപയോഗിച്ച് വന്യജീവി ആക്രമണ സാധ്യതയുള്ള മേഖലകൾ മാപ്പ് ചെയ്യും. വനാതിർത്തികളിൽ കിടങ്ങ്, ഇലക്ട്രിക് ഫെൻസിംഗ്, ഭിത്തി തുടങ്ങിയ വിവിധങ്ങളായ പ്രതിരോധ മാർഗ്ഗങ്ങളെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായ ത്തോടെ യുദ്ധകാലാടിസ്ഥാനത്തിൽ സൃഷ്ടിക്കും. വനാതിർത്തിയിൽ വന്യമൃഗങ്ങളെ അകറ്റിനിർത്തുന്ന നാരകം പോലുള്ള വിളകളുടെ ജൈവബഫർസോണുകളും തേനീച്ചക്കൂട് വേലികളും പരീക്ഷിക്കുന്നതാണ്.
431. വനമേഖല അതിർത്തികളിലെ സ്വകാര്യ കൃഷിയിടങ്ങളിലും ആദിവാസി ഉന്നതികളിലും ഇക്കോ ടൂറിസം മേഖലകളിലുമുള്ള അടിക്കാടുകൾ നീക്കി "വിസ്ത" നിർമ്മാണം നടത്തി വന്യജീവികളുടെ സാന്നിധ്യം തിരിച്ചറിയുന്നതിനുള്ള സൗകര്യം സൃഷ്ടിക്കും.
432. ആധുനിക സാങ്കേതികവിദ്യകളായ നിർമ്മിത ബുദ്ധി (AI), ഡ്രോണുകൾ എന്നിവ ഉപയോഗിച്ച് വന്യമൃഗങ്ങളുടെ ചലനം നിരീക്ഷിച്ച് ജനങ്ങൾക്ക് മുൻകൂട്ടി അറിയിപ്പ് നൽകുന്ന സംവിധാനങ്ങൾ എല്ലാ വനാതിർത്തികളിലും സ്ഥാപിക്കും.
433. **പ്രതിരോധം:** കാടിനു പുറത്ത് ജനവാസ മേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും അപകടകരമാകുന്ന കാട്ടുപന്നികളെ അംഗീകൃത പാനലിൽ ഉൾപ്പെട്ട ഷൂട്ടർമാരുടെ സഹായത്താൽ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഊർജ്ജിതപ്പെടുത്തും. നാടൻ കുരങ്ങുകളുടെ എണ്ണപ്പെരുപ്പത്തിന് ശാസ്ത്രീയമായ നിയന്ത്രണ നടപടികൾ സ്വീകരിക്കും.
434. **നഷ്ടപരിഹാരം:** വന്യജീവി ആക്രമണങ്ങളെ സംസ്ഥാനത്തിന്റെ പ്രത്യേക ദുരന്തമായി പ്രഖ്യാപിച്ച ആദ്യ സംസ്ഥാനമാണ് കേരളം. കേരളത്തിലെ വന്യജീവി സംഘർഷങ്ങൾക്കുള്ള നഷ്ടപരിഹാര തുക ഇന്ത്യയിലെ ഏറ്റവും ഉയർന്നവയിലൊന്നാണ്. എസ്.ഡി.ആർ.എഫിൽ നിന്നുള്ള തുക തികച്ചും അപര്യാപ്തമാണ്. അതുകൊണ്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ജീവനാശത്തിനും കൃഷിനാശത്തിനും അധികപണം അനുവദിക്കും. ഈ തുക കാലോചിതമായി വർദ്ധിപ്പിക്കും. നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് ഉടൻ പണം ലഭ്യമാക്കുന്നതിനുള്ള ഇൻഷുറൻസ് പരിരക്ഷ പദ്ധതി ആവിഷ്കരിക്കും.

## ജലസേചനം

435. **പുതിയ കാഴ്ചപ്പാട്:** കൃഷി, കുടിവെള്ളം, വ്യവസായം, ഊർജ്ജം, പരിസ്ഥിതി സംരക്ഷണം എന്നിവയെയെല്ലാം തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു സമഗ്ര സാമൂഹ്യ വിഭവമായാണ് ജലത്തെ നയപരമായി കാണുക. ജലവിഭവ വികസനം ഇനി "വിതരണം വർധിപ്പിക്കൽ" എന്ന ഒറ്റ ലക്ഷ്യത്തിലേക്ക് ചുരുക്കാൻ കഴിയില്ല. പകരം, ജലത്തിന്റെ ഉപയോഗക്ഷമത വർധിപ്പിക്കുക, വിതരണനഷ്ടം കുറയ്ക്കുക, വിവിധ ആവശ്യങ്ങൾക്കിടയിൽ നീതിയുള്ള വിഭജനം ഉറപ്പാക്കുക - ഇവയ്ക്കെല്ലാം പ്രാധാന്യം നൽകും.

436. പ്രിസിഷൻ ഫാമിംഗുമായി ചേർന്ന മൈക്രോ-ഇറിഗേഷനെ പ്രോത്സാഹിപ്പിക്കും. ഇതിലൂടെ, ജല ഉപയോഗക്ഷമത മാത്രമല്ല, വിളയുടെ ഉത്പാദനക്ഷമതയും ഗണ്യമായി ഉയരുന്നു. ഇത്തരത്തിലുള്ള സാങ്കേതികതകൾ വ്യാപകമായി സ്വീകരിക്കാൻ, വ്യക്തിഗത കർഷകരുടെ ശേഷികൾക്കപ്പുറം, സ്ഥാപനപരമായ പിന്തുണ അനിവാര്യമാണ്.

437. **നദീതട പദ്ധതി:** ഭാവിയിലെ ജലസേചന വികസനത്തിന്റെ മറ്റൊരു നിർണായക ഘടകം, നദീതട അധിഷ്ഠിത ആസൂത്രണത്തിന്റെ സ്ഥാപനവൽക്കരണമാണ്. ഇതിനായി ഹൈഡ്രോളജി, ജിയോളജി, എഞ്ചിനീയറിംഗ്, പരിസ്ഥിതിശാസ്ത്രം, ജൈവവൈവിധ്യം എന്നീ മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു റിവർ ബേസിൻ അതോറിറ്റി സ്ഥാപിക്കും. ഓരോ നദീതടത്തിന്റെയും വൈവിധ്യം കണക്കിലെടുത്ത് നദീതട തലത്തിൽ തയ്യാറാക്കുന്ന സമഗ്ര പദ്ധതികളും, അവ നടപ്പിലാക്കാൻ കഴിയുന്ന സ്ഥാപന സംവിധാനങ്ങളും കേരളത്തിന്റെ ജല-ആസൂത്രണത്തിന്റെ അടിത്തറയാകണം. ഇതിലൂടെ, ജലസേചനം പ്രളയ നിയന്ത്രണത്തോടും പരിസ്ഥിതി സംരക്ഷണത്തോടും ചേർന്ന് പ്രവർത്തിക്കുന്ന ഒരു സംയുക്ത സംവിധാനമായി മാറും. ഈ ദർശനത്തിന്റെ വിജയത്തിന്, ജനകീയ പങ്കാളിത്തം അനിവാര്യമാണ്.

438. പടിഞ്ഞാറോട്ടൊഴുകുന്ന 41 നദികളുടെ വെള്ളത്തിന്റെ വലിയൊരു ഭാഗം ഉപയോഗശൂന്യമായി കടലിലേക്ക് ഒഴുകുകയാണ്. ചെറുതും വലുതുമായ പുതിയ ജലസംഭരണികളിൽ ഇത്തരം ജലം സംഭരിക്കുന്നതിനുള്ള വഴികൾ കേരളം സജീവമായി അന്വേഷിക്കണം. ഇത് ജലസേചനമുള്ള പ്രദേശം മെച്ചപ്പെടുത്തുന്നതിനും വേനൽക്കാലത്ത് കുടിവെള്ള ആവശ്യങ്ങൾ നിറവേറ്റുന്നതിനും സഹായിക്കും.

439. **വൻകിട പദ്ധതികൾ:** കാരാപ്പുഴ, ബാണാസുരസാഗർ, ഇടമലയാർ എന്നീ മൂന്ന് പദ്ധതികൾ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കമ്മീഷൻ ചെയ്യും. വൻകിട-ഇടത്തരം പദ്ധതികളിൽ നിന്ന് വിഭവങ്ങൾ ചെറുകിട-ജലസേചന പദ്ധതികളിലേക്കും നീർത്തടാടിസ്ഥാനത്തിലുള്ള പദ്ധതികളിലേക്കും മാറ്റണം. കൃഷിയിടങ്ങളിലെ ജലലഭ്യത തടസ്സങ്ങളില്ലാതെ ഉറപ്പു വരുത്തുന്നതിന് ജലസേചന പദ്ധതികളുടെ ടെയിൽ എൻഡ് കനാലുകൾക്ക്

പ്രത്യേക ശ്രദ്ധ നൽകും.

440. **നദികൾ:** ജലത്തിന്റെ സ്വാഭാവിക ഒഴുക്ക് നിലനിർത്തണം. സംസ്ഥാനത്തുടനീളം നദികൾ, കനാലുകൾ, തടാകങ്ങൾ, കുളങ്ങൾ, തോടുകൾ എന്നിവയുടെ ഡ്രഡ്ജിംഗും ശുചീകരണവും നടത്തും. മീനച്ചിലാർ, മീനന്തറയാർ, കോടൂരാർ നദീസംയോജന പരിപാടികൾപോലുള്ള ജനകീയ യജ്ഞങ്ങൾ വ്യാപകമാക്കും. "ഇനി ഞാൻ ഒഴുകട്ടെ" എന്ന ഹരിത കേരളം മിഷൻ ക്യാമ്പയിൻ മുന്നോട്ട് കൊണ്ടുപോകും. കുട്ടനാട് പോലുള്ള പ്രത്യേക പ്രദേശങ്ങളിൽ തുടക്കംകുറിച്ച "റൂം ഫോർ ദ റിവർ" എന്ന ആശയം വ്യാപിപ്പിക്കും. കരകൾ ബലപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും മാത്രമല്ല, കൃഷിഭൂമികളുടെ ബണ്ടുകൾ സംരക്ഷിക്കാനും ശ്രദ്ധിക്കും.

441. **കാവേരി നദീതടം:** കബനി, ഭവാനി, പമ്പാർ നദീതടങ്ങളിലെ കേരളത്തിന് കാവേരി നദീതട അവാർഡുമൂലം ലഭിച്ചിട്ടുള്ള ജലവിഹിതം വിനിയോഗിക്കുന്നതിന് കേരളം ഒരു തന്ത്രപരമായ സമീപനം സ്വീകരിക്കും. വലിയ, ഏകപദ്ധതി ആശ്രിത വികസന മാതൃകയ്ക്ക് പകരം, ഉപനദീതടങ്ങളെ അടിസ്ഥാനമാക്കിയുള്ള ഘട്ടംഘട്ടമായ ഇടപെടലുകളാണ് കൂടുതൽ യോജിച്ചത്. പുതിയ ചെറുകിട സംഭരണ ഘടനകൾ, നിലവിലുള്ള അണക്കെട്ടുകളുടെ ശേഷിവർധനം, ടെയിൽറേസ് ജലത്തിന്റെ പരമാവധി ഉപയോഗം - ഇവയെല്ലാം ചേർന്ന ഒരു സംയുക്ത സമീപനമാണ് സ്വീകരിക്കുക.

442. **ഹരിതകേരളം മിഷൻ:** ജലസംരക്ഷണം, മാലിന്യ സംസ്കരണം, ജൈവ വൈവിധ്യ സംരക്ഷണം ഇവയെയെല്ലാം ഒരുമിച്ച് കാണുന്ന മിഷൻ, ജലവിഭവ വികസനത്തെ വെറും ജലസേചന പ്രശ്നമായി മാത്രം കാണുന്ന സമീപനത്തിൽ നിന്ന് കേരളത്തെ മുന്നോട്ട് നയിച്ചു. കുളങ്ങളും കിണറുകളും പുനരുദ്ധരിക്കൽ, ചെറുനദികളും തോടുകളും ശുചീകരിക്കൽ, ജലസംഭരണ ഘടനകൾ സൃഷ്ടിക്കൽ ഇവയെല്ലാം തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ മുന്നോട്ട് കൊണ്ടുപോകും.

443. **ജലബജറ്റ്:** ഇന്ത്യയിലാദ്യമായി തദ്ദേശ ഭരണ സ്ഥാപനതലത്തിൽ ശാസ്ത്രീയമായി ജലബജറ്റ് തയ്യാറാക്കുന്ന സംസ്ഥാനമാണ് കേരളം. 815 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് തയ്യാറാക്കി തുടർ പ്രവർത്തനങ്ങൾ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ജലബജറ്റ് തയ്യാറാക്കി ജലസുരക്ഷാ പ്ലാനിലേക്ക് പോകും.

444. സംസ്ഥാനത്തെ ക്രിട്ടിക്കൽ-സെമി ക്രിട്ടിക്കൽ ബ്ലോക്കുകളിൽ ഭൂജല പരിപോഷണത്തിനായി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് ഭൂജല വിതാനം സുരക്ഷിതമാക്കും.

445. തുലാവർഷത്തിനു ശേഷം ജലസംഭരണം സാധ്യമാക്കുന്ന കേരളത്തിന്റെ പ്രത്യേകതകൾക്കനുസരിച്ചുള്ള ജലസംഭരണികൾ മൂന്നാം നിര ചാലുകളി

ലും നദികളിലും സ്ഥാപിക്കും. വർഷകാല നീരൊഴുക്കിനെയും ജലജീവികളുടെ ആവാസവ്യവസ്ഥയെയും ബാധിക്കാത്ത ഇത്തരം നിർമ്മിതികൾ പ്രോത്സാഹിപ്പിക്കും.

446. ഹരിതകേരളം മിഷന്റെ ഏകോപനത്തോടെ കണ്ണൂരിലെ കാനാമ്പുഴ മാതൃകയിൽ പുനരുജ്ജീവിപ്പിക്കുന്ന ജലസ്രോതസ്സുകൾ കേന്ദ്രീകരിച്ചു കൃഷി, ജല കായിക വിനോദങ്ങൾ, സായാഹ്ന സവാരിക്കുള്ള സൗകര്യം, കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനം, പ്രാദേശിക ഭക്ഷ്യ വിഭവങ്ങൾ ലഭ്യമാകുന്ന കഫേകൾ തുടങ്ങിയവയ്ക്ക് പ്രോത്സാഹനം നൽകും.

447. **നീർത്തടാസൂത്രണം:** ജനകീയാസൂത്രണകാലത്ത് പല പഞ്ചായത്തുകളും വാട്ടർഷെഡ് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയെങ്കിലും, ചില അപൂർവ മേഖലകൾ ഒഴികെ, മാതൃകാപരമായ വിജയങ്ങൾ വ്യാപകമായി ഉണ്ടാകുന്നില്ല. പദ്ധതികളുടെ ചിതറിപ്പോയ നടപ്പാക്കൽ, വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനക്കുറവ്, സാങ്കേതിക പിന്തുണയുടെ അഭാവം എന്നീ പരിമിതികൾ മറികടക്കാനുള്ള നടപടി സ്വീകരിക്കും.

448. **പങ്കാളിത്തം:** പങ്കാളിത്ത ജലസേചന മാനേജ്മെന്റ് എന്ന ആശയം നടപ്പിലാക്കും. ജലസേചന സംവിധാനങ്ങളുടെ പ്രവർത്തനത്തിലും പരിപാലനത്തിലും കർഷകരെ നേരിട്ട് പങ്കാളികളാക്കുക എന്നതാണ് ഈ സമീപനത്തിന്റെ കാതൽ. വാട്ടർ യൂസേഴ്സ് അസോസിയേഷനുകളുടെ പങ്ക് പുനർനിർവചിക്കേണ്ടതുണ്ട്. അവയെ വെറും ഗുണഭോക്തൃ സമിതികളായി കാണാതെ, ജലസേചന സംവിധാനങ്ങളുടെ സഹഭരണ സ്ഥാപനങ്ങളായി ഉയർത്തിക്കൊണ്ടുവരികയാണ് വെല്ലുവിളി.

449. **റിസർവോയർ മാനേജ്മെന്റ്:** കേരളം റിസർവോയർ പ്രവർത്തന നയങ്ങളെ ശാസ്ത്രീയമായി പുനഃക്രമീകരിക്കും. ജലസേചന ആവശ്യങ്ങൾ മുൻനിർത്തിയാണ് ഭൂരിഭാഗം റിസർവോയറുകളും പ്രവർത്തിപ്പിച്ചിരുന്നത്. ജലം പരമാവധി സംഭരിക്കുക എന്നതായിരുന്നു മുഖ്യലക്ഷ്യം. എന്നാൽ കാലാവസ്ഥാ വ്യതിയാനങ്ങളുടെ പശ്ചാത്തലത്തിൽ, പ്രളയസാധ്യത മുൻകൂട്ടി കണക്കിലെടുത്ത്, റിസർവോയറുകളിൽ 'ഡൈനാമിക് ഫ്ലഡ് കുഷൻ' നിലനിർത്തുന്ന പുതിയ പ്രവർത്തന നയങ്ങൾ രൂപപ്പെടുത്തും.

450. അണക്കെട്ടുകളുടെ ശേഷി, മഴമാപിനികളിൽ നിന്നുള്ള ഡാറ്റ, തുടങ്ങിയവ ഉപയോഗപ്പെടുത്തി പ്രളയമുന്നറിയിപ്പ് സംവിധാനം (Real Time flood forecasting and management system) ഉണ്ടാക്കും. ഇതിനായി ജോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റവും (GIS) എ.ഐ അടക്കമുള്ള ആധുനിക സാങ്കേതികവിദ്യകളുടെ സാദ്ധ്യതയും പ്രയോജനപ്പെടുത്തും.

451. **ഡാറ്റാ അധിഷ്ഠിതം:** ജലസേചന മാനേജ്മെന്റ് ലോകമെമ്പാടും ഡാറ്റ അധിഷ്ഠിതമായി മാറുകയാണ്. Irrigation Management Systems എന്നറിയപ്പെടുന്ന സംവിധാനങ്ങൾ, ജലത്തിന്റെ ലഭ്യത, ആവശ്യകത, വിതരണം

എന്നിവയെല്ലാം കൃത്യമായി നിരീക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. സെൻസറുകൾ, റിയൽ-ടൈം ഡാറ്റ, പ്രവചന മാതൃകകൾ എന്നിവയുടെ സഹായത്തോടെ, “ശരിയായ സമയത്ത് ശരിയായ അളവിൽ ജലം” എന്ന ലക്ഷ്യം സാക്ഷാത്കരിക്കും.

## മൃഗസംരക്ഷണം

452. **പ്രജനന സംവിധാനം:** പരമ്പരാഗത രീതികൾക്ക് പകരം ജനിതക പരിശോധനയിലൂടെ (Genomic Selection) മികച്ച കാളക്കുട്ടികളെ നേരത്തെ കണ്ടെത്തുക. ഇതിലൂടെ വംശവർദ്ധനവിന്റെ ഇടവേള കുറയ്ക്കാനും (Generation Interval), ഉയർന്ന ഉൽപ്പാദനശേഷിയുള്ള തലമുറയെ സൃഷ്ടിക്കാനും സാധിക്കും.
453. **തീറ്റപ്പുൽ കൃഷിയും വിതരണവും:** തരിശുഭൂമികൾ പാട്ടത്തിനെടുത്ത് പുൽക്കൃഷി വ്യാപകമാക്കും. ബ്ലോക്ക് തലത്തിൽ തീറ്റ ബാങ്കുകൾ (Fodder Banks) സ്ഥാപിച്ച് ക്ഷാമകാലത്ത് വിതരണ ശ്രേണി വഴി ലഭ്യത ഉറപ്പാക്കും. തീറ്റപ്പുൽ വിതരണ ശൃംഖലയിൽ വിവരസാങ്കേതിക വിദ്യ ഉപയോഗിച്ച് സുതാര്യത ഉറപ്പാക്കും. മഴ ലഭിക്കുന്ന സമയത്ത് പുൽ ലഭ്യത വളരെ കൂടുതലാണ്. ഈ സമയത്ത് കംപ്ലീറ്റ് ഫീഡ്-സൈലേജ് (Ensiled TMR) സാങ്കേതികവിദ്യ വികസിപ്പിച്ച് നിർമ്മാണം പ്രോത്സാഹിപ്പിക്കും.
454. **ഡിജിറ്റലൈസേഷൻ (ICT):** കന്നുകാലികളുടെ തത്സമയ രജിസ്ട്രേഷനും, രോഗം റിപ്പോർട്ട് ചെയ്യാനും, വെറ്ററിനറി സേവനങ്ങൾ ബുക്ക് ചെയ്യാനും സമഗ്രമായ മൊബൈൽ ആപ്പുകൾ വികസിപ്പിക്കും.
455. **ഇൻസെന്റീവ് പുനഃക്രമീകരണം:** സർക്കാർ സഹായങ്ങൾ കേവലം മൃഗത്തെ വാങ്ങാൻ മാത്രമല്ല, മറിച്ച് ഉൽപ്പാദനക്ഷമതയുമായി (Output linked) ബന്ധിപ്പിക്കും. തനത് ജനുസുകളെ സംരക്ഷിക്കുന്നവർക്ക് പ്രത്യേക പാക്കേജുകൾ നൽകും.
456. **അടിസ്ഥാന സൗകര്യങ്ങൾ:** ജനറിക് വെറ്ററിനറി മരുന്നുകളുടെ വിതരണ ശൃംഖല (Supplyco മാതൃകയിൽ) ആരംഭിക്കും. തരിശുഭൂമി ലീസ് അടിസ്ഥാനത്തിൽ ലഭ്യമാക്കി 'പ്രത്യേക ലൈവ്സ്റ്റോക്ക് സോണുകൾ' (Special Livestock Zones) പ്രഖ്യാപിക്കും.
457. ക്ഷീരകർഷകർക്ക് സേവനം വീട്ടുപടിയ്ക്കൽ എത്തിക്കുന്നതിനു വേണ്ടിയുള്ള നടപടി ഉണ്ടാകും. ഇതിനായി രാത്രികാലമടക്കം കൃഷിക്കാർക്ക് വെറ്ററിനറി സേവനങ്ങൾ ലഭ്യമാക്കും. അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പാൽ അടക്കമുള്ള ഉത്പന്നങ്ങളുടെ ഗുണനിലവാര പരിശോധന കർശനമായി നടപ്പാക്കും. ഇതിനു കൂടുതൽ ലാബുകൾ സൃഷ്ടിക്കും.
458. കർഷകർക്ക് 24 മണിക്കൂറും ടെലി-വീഡിയോ വെറ്ററിനറി സർവീസ് ലഭ്യമാക്കും.
459. **സാങ്കേതികവിദ്യ:** പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താൻ ഫാം തല

ത്തിൽ തന്നെ ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കും. കമേഴ്സ്യൽ ഡയറി ഫാമുകളെ വ്യവസായങ്ങളായി പരിഗണിച്ച് വെർട്ടിക്കൽ ഇന്റഗ്രേഷൻ (Vertical Integration) നടപ്പിലാക്കും. ഐ.എസ്.ഒ (ISO), HACCP സർട്ടിഫിക്കേഷനുകൾ ഫാമുകൾക്ക് നിർബന്ധമാക്കും. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക്ചെയിൻ തുടങ്ങിയ സാങ്കേതിക വിദ്യകൾ സപ്ലൈ ചെയിനിൽ ഉപയോഗിക്കും.

460. **ഇക്കോസിസ്റ്റം സർവീസ് റോയൽറ്റി:** പരിസ്ഥിതി സംരക്ഷണത്തിനും മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കാനും സഹായിക്കുന്ന, ജൈവകൃഷി രീതികൾ പിന്തുടരുന്ന കന്നുകാലി കർഷകർക്ക് 'ഇക്കോസിസ്റ്റം സർവീസ് റോയൽറ്റി' നൽകും.

461. **കേരള ഫോഡർ ആൻഡ് ലൈവ്സ്റ്റോക്ക് സർവീസസ് കമ്പനി:** ക്ലീൻ കേരള കമ്പനി മാതൃകയിൽ തീറ്റപ്പുൽ ഉൽപ്പാദനത്തിനും വിതരണത്തിനുമായി ഒരു പ്രത്യേക കമ്പനി (Special Purpose Vehicle) രൂപീകരിക്കും.

462. **കോഴിവളർത്തൽ:** കോഴി വളർത്തൽ കൃഷിയായി അംഗീകരിക്കും. വൻകിട കുത്തക കമ്പനികൾക്ക് പകരം ജനപങ്കാളിത്തത്തോടെയുള്ള ചെറുകിട യൂണിറ്റുകൾക്ക് മുൻഗണന നൽകും. 'കേരള ചിക്കൻ' പദ്ധതി 5,000 യൂണിറ്റുകളിലേക്ക് വ്യാപിപ്പിച്ച് വിപണി ഇടപെടൽ ശക്തമാക്കും. ഉൽപ്പാദനച്ചെലവിനനുസരിച്ചുള്ള താങ്ങുവില (MSP) കോഴികൾക്ക് നിശ്ചയിക്കും. കോഴിത്തീറ്റ വില നിയന്ത്രിക്കാൻ സബ്സിഡി നൽകുകയോ, പൊതുമേഖലയിൽ തീറ്റ ഉൽപ്പാദനം വർദ്ധിപ്പിക്കുകയോ ചെയ്യും. മാളയിലെ സർക്കാർ തീറ്റ ഫാക്ടറി നവീകരിക്കും.

463. **മൂല്യവർധനവിലേക്ക്:** കേവലം പാൽ, മുട്ട, ഇറച്ചി എന്നിവ ഉൽപ്പാദിപ്പിക്കുക എന്നതിലുപരി, അവയെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി (Value Added Products) മാറ്റുന്നതിലായിരിക്കണം വരുംകാല ശ്രദ്ധ. തൈര്, നെയ്യ്, ചീസ്, പനീർ, ഫ്ലേവേർഡ് മിൽക്ക്, ഐസ്ക്രീം തുടങ്ങിയ ഉൽപ്പന്നങ്ങളാക്കി മാറ്റുന്ന ചെറുകിട യൂണിറ്റുകൾ കുടുംബശ്രീയുടെയും സഹകരണ സംഘങ്ങളുടെയും നേതൃത്വത്തിൽ ഓരോ പഞ്ചായത്തിലും ആരംഭിക്കും. ഇതിനായി മിൽമയെയും മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യയെയും നവീകരിക്കും. 'കേരള ചിക്കൻ' പദ്ധതി വിപുലപ്പെടുത്തും.

464. **സഹകരണ-പൊതുമേഖല ശാക്തീകരണം:** കോർപ്പറേറ്റ് ഭീമന്മാരുടെ കടന്നുകയറ്റത്തെ പ്രതിരോധിക്കാൻ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തും. 'കേരള ചിക്കൻ' മാതൃകയിൽ, ആട് ഗ്രാമം, പോത്ത് ഗ്രാമം, മുയൽ ഗ്രാമം തുടങ്ങിയ പദ്ധതികൾ സഹകരണ അടിസ്ഥാനത്തിൽ നടപ്പിലാക്കും. ഇടനിലക്കാരില്ലാതെ കർഷകന് നേരിട്ട് ഉപഭോക്താവിലേക്ക് എത്താൻ കഴിയുന്ന 'ഫാർമേഴ്സ് മാർക്കറ്റുകൾ' (Farmers' Markets) ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വഴി സജ്ജമാക്കും.

465. **വൺ ഹെൽത്ത് & പൊതുജനാരോഗ്യം:** മനുഷ്യാരോഗ്യം മൃഗങ്ങളുടെ ആരോഗ്യവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. 'വൺ ഹെൽത്ത്' (One Health) സമീപനം എല്ലാ പദ്ധതികളിലും സ്വീകരിക്കും. രോഗം നേരത്തെ കണ്ടെത്താൻ ഡിജിറ്റൽ സർവൈലൻസ് സംവിധാനങ്ങൾ ഉപയോഗിക്കും. ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയാൻ കർശനമായ പരിശോധനകൾ ഏർപ്പെടുത്തും. ആന്റിബയോട്ടിക് മുക്തമായ (Antibiotic-free) പാൽ, മുട്ട, ഇറച്ചി എന്നിവ ഉൽപ്പാദിപ്പിക്കുന്നവർക്ക് പ്രത്യേക സർട്ടിഫിക്കേഷനും ഉയർന്ന വിലയും ലഭ്യമാക്കും. ജന്തുജന്യ രോഗങ്ങളെ (മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്നവ) തടയാൻ വെറ്ററിനറി വകുപ്പും ആരോഗ്യ വകുപ്പും ചേർന്നുള്ള സംയുക്ത നിരീക്ഷണ സംവിധാനം ബ്ലോക്ക് തലത്തിൽ സ്ഥാപിക്കും.

466. **വിദ്യാഭ്യാസവും നൈപുണ്യവികസനവും:** വെറ്ററിനറി സർവകലാശാലകൾ കേവലം ഡോക്ടർമാരെ സൃഷ്ടിക്കുന്നതിന് പകരം 'വെറ്ററിനറി സംരംഭകരെ' (Veterinary Entrepreneurs) സൃഷ്ടിക്കുന്നതിലേക്ക് മാറ്റും. സ്കൂൾ തലത്തിൽ തന്നെ കുട്ടികൾക്ക് മൃഗപരിപാലനത്തിൽ താൽപ്പര്യമുണ്ടാക്കാൻ 'സ്കൂൾ പൗൾട്രി ക്ലബ്ബുകൾ', 'ഡയറി ക്ലബ്ബുകൾ' എന്നിവ ആരംഭിക്കും. വൊക്കേഷണൽ ഹയർ സെക്കൻഡറി കോഴ്സുകൾ കാലാനുസൃതമായി പരിഷ്കരിച്ച് ആധുനിക ഫാം മാനേജ്മെന്റ്, ഡയറി ടെക്നോളജി എന്നിവയിൽ പരിശീലനം നൽകും.

467. **പരിസ്ഥിതിസൗഹൃദ മാതൃകകൾ:** ആഗോളതാപനത്തിന് കാരണമാകുന്ന മീഥെയ്ൻ വാതക ഉൽസർജ്ജനം കുറയ്ക്കുന്ന തരം തീറ്റക്രമങ്ങൾ (Scientific feeding) വികസിപ്പിക്കും. അറവുശാലകളിൽ നിന്നുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിച്ച് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന 'വേസ്റ്റ് ടു എനർജി' (Waste to Energy) പ്ലാന്റുകൾ എല്ലാ മുനിസിപ്പാലിറ്റികളിലും സ്ഥാപിക്കും. ചാണകം, മൂത്രം എന്നിവയിൽ നിന്ന് മൂല്യവർദ്ധിത വളങ്ങൾ, ബയോഗ്യാസ് എന്നിവ ഉൽപ്പാദിപ്പിച്ച് കർഷകന് അധിക വരുമാനം ഉറപ്പാക്കും.

468. **സാമൂഹിക സുരക്ഷയും തൊഴിൽ അവകാശങ്ങളും:** ഈ മേഖലയിൽ പണിയെടുക്കുന്നവർക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക്, ന്യായമായ കൂലിയും സാമൂഹിക സുരക്ഷയും ഉറപ്പാക്കും. കർഷക പെൻഷൻ തുക കാലാനുസൃതമായി വർദ്ധിപ്പിക്കും. ക്ഷീര കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിപുലീകരിച്ച് കൂടുതൽ ആനുകൂല്യങ്ങൾ നൽകും. തൊഴിലുറപ്പ് പദ്ധതിയെ (MNREGS) മൃഗസംരക്ഷണ മേഖലയുമായി കൂടുതൽ കാര്യക്ഷമമായി ബന്ധിപ്പിച്ച്, തൊഴുത്ത് നിർമ്മാണം, പുൽക്കൃഷി എന്നിവയ്ക്ക് കൂലി നൽകുന്ന സംവിധാനം ശക്തിപ്പെടുത്തും.

469. **ഗവേഷണവും വികസനവും (R&D):** കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ, ഉയർന്ന രോഗപ്രതിരോധ ശേഷിയും ഉൽപ്പാദനക്ഷമത

യുമുള്ള പുതിയ ഇനം കന്നുകാലികളെയും കോഴികളെയും വികസിപ്പിക്കാൻ വെറ്ററിനറി സർവകലാശാലയിൽ 'സെന്റർ ഓഫ് എക്സലൻസ്' സ്ഥാപിക്കും. നാടൻ ജനുസ്സുകളുടെ ജനിതകഘടന മാപ്പ് ചെയ്ത് അവയുടെ തനിമ നിലനിർത്തിക്കൊണ്ടുതന്നെ ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള ഗവേഷണങ്ങൾ നടത്തും.

470. **ഡെയറി ഫാമുകൾ:** വൻകിട ഡെയറി ഫാമുകളെ പ്രത്യേക പരിഗണന നൽകി വെർട്ടിക്കൽ ഇന്റഗ്രേഷൻ (Vertical Integration) നടപ്പിലാക്കും. ഇവയ്ക്ക് ഐ.എസ്.ഒ (ISO), HACCP സർട്ടിഫിക്കേഷനുകൾ നിർബന്ധമാക്കും. ബ്ലോക്ക്ചെയിൻ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് സപ്ലൈ ചെയിൻ ആധുനികീകരിക്കും.

## മത്സ്യമേഖല

471. **ബ്ലൂ ഇക്കോണമി നയം:** ബ്ലൂ ഇക്കോണമി നയത്തെ എതിർക്കും. കേരളത്തിൽ നാം മുന്നോട്ടുവയ്ക്കുന്ന സമുദ്ര പരിഷ്കാരം കടലിനുമേൽ മത്സ്യത്തൊഴിലാളികൾക്ക് ഉടമസ്ഥാവകാശവും ആദ്യ വിൽപ്പനാവകാശവും നൽകുകയാണ്. ഈ അക്വേറിയം റിഫോംസാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാഴ്ചപ്പാട്. ഇന്നത്തെ സാഹചര്യത്തിൽ ഈ പരിഷ്കാരങ്ങൾ എത്രമാത്രം നടപ്പാക്കാൻ കഴിയുമെന്നതിനെക്കുറിച്ച് പരിശോധിക്കാൻ പ്രത്യേക കമ്മീഷനെ നിയമിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ കടൽ-കര അവകാശനിയമം പാസ്സാക്കും.

472. **കടൽ ഖനനം:** സമുദ്രത്തിന്റെ അടിത്തട്ടിൽ തീരം തന്നെയും ഖനനത്തിനു കോർപ്പറേറ്റുകൾക്കു തുറന്നു കൊടുക്കുകയാണ് ബ്ലൂ ഇക്കണോമി നയത്തിന്റെ കാതൽ. ഇത് മത്സ്യ പ്രജനനത്തിന്റെ ആവാസവ്യവസ്ഥയെ തകർക്കും. മത്സ്യവിഭവ ശോഷണത്തിന് ഇടനൽകും. തീരത്തിന്റെ നാശത്തിനും വഴി തെളിക്കും. മത്സ്യവിഭവശോഷണം തടയുന്നതിന് മലിനീകരണ നിയന്ത്രണ നടപടികൾ സ്വീകരിക്കും. ജുവൈനൽ ഫിഷിംഗ് പോലുള്ള രീതികളും ഉചിതമല്ലാത്ത വലകളും നിയന്ത്രിക്കും.

473. ഇന്ന് 12 നോട്ടിക്കൽ മൈൽ വരെയുള്ള സമുദ്ര പ്രദേശം സംസ്ഥാനങ്ങളുടെ അധികാര പരിധിയിൽ വരുന്നതാണ്. എന്നാൽ ഇതടക്കം പൂർണ്ണമായും കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലേയ്ക്ക് നീങ്ങുകയാണ്. സംസ്ഥാനങ്ങളുടെ അധികാരം കവരുക മാത്രമല്ല, വള്ളങ്ങളുടെ രജിസ്ട്രേഷനും മറ്റും കേന്ദ്രീകരിക്കുന്നതിലേയ്ക്ക് ഇതെത്തും. ഇതിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കും.

474. **വിപണി ഇടപെടൽ:** വിപണി ഇടപെടലിൽ സർക്കാർ കൂടുതൽ ശക്തമായ സാന്നിധ്യമാകും. മത്സ്യത്തിന് തറവില (Minimum Support Price) നിശ്ചയിച്ചത് വിപ്ലവകരമായ തീരുമാനമായിരുന്നു. എന്നാൽ ഇത് കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ വിപണി വിലയിലെ ഏറ്റക്കുറച്ചിലുകൾ നി

കത്താൻ ഒരു 'വിലസ്ഥിരത ഫണ്ട്' (Price Stabilization Fund) രൂപീകരിക്കേണ്ട തുണ്ട്. മത്സ്യഫെഡിന്റെ കമ്പോള ഇടപെടൽ ശക്തിപ്പെടുത്തും. മത്സ്യഫെഡിന്റെ പ്രവർത്തനങ്ങൾ വിപുലീകരിച്ച്, സ്വകാര്യ പണമിടപാടുകാരുടെ ചൂഷണത്തിൽ നിന്ന് മത്സ്യതൊഴിലാളികളെ മോചിപ്പിക്കാൻ കുറഞ്ഞ പലിശനിരക്കിൽ വായ്പകൾ ലഭ്യമാക്കുന്ന മൈക്രോ-ഫിനാൻസ് സംവിധാനങ്ങൾ ശക്തിപ്പെടുത്തും. മത്സ്യമാർക്കറ്റുകളുടെ നവീകരണ സ്കീം തുടരും.

475. **ഉൾനാടൻ മത്സ്യകൃഷി:** തനതു (നാടൻ) മത്സ്യവിത്തുകൾ ജലാശയങ്ങളിൽ നിക്ഷേപിക്കുന്ന 'റാഞ്ചിങ്ങ്' (Ranching) പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വ്യാപകമാക്കും. കേവലം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിലൊതുങ്ങാതെ, ജലാശയങ്ങളിലെ പായലുകളും മാലിന്യങ്ങളും നീക്കം ചെയ്ത്, മത്സ്യങ്ങൾക്ക് വളരാൻ അനുയോജ്യമായ സ്വാഭാവിക ആവാസവ്യവസ്ഥ നിലനിർത്തുന്ന പ്രവർത്തനങ്ങൾ നിരന്തരമായി നടപ്പിലാക്കും.

476. ഉൾനാടൻ ജലാശയങ്ങളിലെ കൈയേറ്റങ്ങൾ ഒഴിപ്പിക്കുക, തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക, കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുക എന്നിവ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കും. മത്സ്യപ്രജനന കാലഘട്ടത്തിൽ പുഴകളിലും കായലുകളിലും ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾ ("Free Flow" of rivers) കർശനമാക്കും.

477. മത്സ്യസമ്പത്ത് കുറയുന്ന സാഹചര്യത്തിൽ, കടലിൽ കൃത്രിമ പാരുകൾ (Artificial Reefs) നിക്ഷേപിച്ച് മത്സ്യങ്ങളുടെ ആവാസവ്യവസ്ഥ പുനഃസൃഷ്ടിക്കുന്ന പദ്ധതികൾ വ്യാപിപ്പിക്കും. മുൻകാലങ്ങളിൽ ഇടതുപക്ഷ സർക്കാരുകൾ നടപ്പിലാക്കിയ ജനകീയ മത്സ്യകൃഷി (1996), മത്സ്യകേരളം (2006) എന്നിവയുടെ ഊന്നൽ തുടരും.

478. **മൂല്യവർധന:** മത്സ്യോല്പന്നങ്ങളുടെ മൂല്യവർധിത സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കും. ഇപ്പോൾ കയറ്റുമതിക്കു വേണ്ടിയുള്ള സ്വകാര്യ സംരംഭങ്ങളാണ് നിലവിലുള്ളത്. അതോടൊപ്പം അഭ്യന്തര കമ്പോളത്തെ ലക്ഷ്യമിട്ടുകൊണ്ടുള്ള മത്സ്യമേഖലയിലുള്ളവരുടെ സംരംഭങ്ങൾക്ക് പ്രത്യേക പ്രോത്സാഹനം നൽകും.

479. **ടൂറിസം:** മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വരുമാനം ലഭിക്കുന്ന രീതിയിൽ 'ഫാം ടൂറിസം', 'അക്വാ ടൂറിസം' പദ്ധതികൾ നടപ്പിലാക്കും. മത്സ്യതൊഴിലാളികളുടെ വീടുകളിൽ ഹോം-സ്റ്റേകൾ അനുവദിച്ചും, അവരുടെ വള്ളങ്ങളിൽ ഉത്തരവാദിത്ത ടൂറിസം (Responsible Tourism) പാക്കേജുകൾ നടപ്പിലാക്കിയും അധിക വരുമാനം കണ്ടെത്താനുള്ള അവസരങ്ങൾ സൃഷ്ടിക്കും.

480. തീരദേശഹൈവേയുടെ ഡിപിആർ തീരദേശവാസികളോട് ചർച്ച ചെയ്തേ

തീരുമാനിക്കൂ. ന്യായമായ നഷ്ടപരിഹാരം ഉറപ്പുവരുത്തും. നിർമ്മാണത്തിലിരിക്കുന്ന മത്സ്യഹാർബറുകൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കും.

481. ടൂറിസത്തിന്റെ പേരിൽ തീരവഴികൾ കെട്ടിയടയ്ക്കുന്നത് കർശനമായി നിയന്ത്രിക്കുക.
482. **സാമൂഹിക സുരക്ഷിതത്വം:** സാമൂഹിക സുരക്ഷിതത്വം ഉറപ്പാക്കുന്നതിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തണം. കാലാവസ്ഥാ വ്യതിയാനംമൂലം തൊഴിൽ നഷ്ടപ്പെടുന്ന ദിവസങ്ങളിൽ തൊഴിലാളികൾക്ക് വേതന നഷ്ടപരിഹാരം നൽകുന്ന പദ്ധതി ആവിഷ്കരിക്കും.
483. സ്ത്രീ തൊഴിലാളികൾക്ക്, പ്രത്യേകിച്ച് അനുബന്ധ മേഖലകളിൽ (കച്ചവടം, സംസ്കരണം) പ്രവർത്തിക്കുന്നവർക്ക്, തൊഴിലിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളും (ശുചിമുറികൾ, വിശ്രമകേന്ദ്രങ്ങൾ) യാത്രാ സൗകര്യങ്ങളും ഉറപ്പാക്കുന്ന 'തീരമൈത്രി' പദ്ധതികൾ വിപുലീകരിക്കും.
484. മത്സ്യമേഖലയിലെ വിദ്യാർഥികൾക്ക് പട്ടികവിഭാഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഉറപ്പുവരുത്തും. മത്സ്യമേഖലയിലെ വിദ്യാർഥികൾക്ക് പ്രത്യേക കൂട്ടായ്മകളിലൂടെ മോട്ടിവേഷനും, കരിയർ കൗൺസിലിംഗിനും, നൈപുണി വികസനത്തിനും, സംരംഭകത്വ പരിശീലനത്തിനും സൗകര്യമൊരുക്കും.
485. തീരദേശ മേഖലയിലെ എല്ലാ താലൂക്ക് ആശുപത്രികളും കിഫ്ബി സഹായത്തോടെ പുനരുദ്ധരിക്കും. എല്ലാ സ്കൂളുകളും നവീകരിക്കും.
486. അപകട ഇൻഷ്വറൻസ്, പെൻഷൻ, പഞ്ഞമാസ സമാശ്വാസം തുടങ്ങി എല്ലാ ക്ഷേമാനുകൂല്യങ്ങളും കാലോചിതമായി വർധിപ്പിക്കും. സബ്സിഡി മണ്ണെണ്ണ പുനഃസ്ഥാപിക്കും.
487. പുനർഗേഹം പദ്ധതി ധനസഹായ വർദ്ധനയോടെ വിപുലീകരിക്കും. പാർപ്പിട പ്രശ്നം ബാക്കിയുള്ളത് എല്ലാവർക്കും അടുത്ത അഞ്ച് വർഷത്തിനുള്ളിൽ പരിഹരിക്കും.
488. **തീരസംരക്ഷണം:** കിഫ്ബി സഹായത്തോടെ തീരദേശ സംരക്ഷണം ഊർജ്ജിതപ്പെടുത്തും. ചെല്ലാനം ടെട്രോപാഡ് മാതൃകയും പൂന്തുറയിലെ ഓഫ്ഷോർ പരീക്ഷണവും കടൽഭിത്തിക്ക് പകരമുള്ള പുലിമുട്ട് രീതികളും സമഗ്രമായി വിലയിരുത്തി ഉചിതമായ രീതികൾ പ്രാദേശിക പ്രത്യേകതകൾ കണക്കിലെടുത്ത് തീരദേശ സംരക്ഷണം അവലംബിക്കും. ബീച്ച് നരിഷ്മെന്റിന് അനുയോജ്യമായ രീതികൾ അവലംബിക്കും.

## പരമ്പരാഗത വ്യവസായം

## കയർ

489. കയർ രംഗത്ത് 2022-ൽ രൂപീകരിച്ച വിദഗ്ധ സമിതി, അസംസ്കൃത വസ്തുക്കളുടെ ലഭ്യത, യന്ത്രങ്ങളുടെ നവീകരണത്തിലും ഉപയോഗത്തിലും പൊ

തുമേഖലാ സ്ഥാപനങ്ങളുടെ പങ്ക് വർദ്ധിപ്പിക്കൽ, ഗവേഷണ വികസനം ശക്തിപ്പെടുത്തൽ, നവീകരണവും വൈവിധ്യവൽക്കരണവും മുന്നോട്ട് കൊണ്ടു പോകൽ, നിഷ്ക്രിയ അടിസ്ഥാന സൗകര്യങ്ങൾക്കായി പൊതു-സ്വകാര്യ പങ്കാളിത്ത മോഡലുകൾ തുടങ്ങിയ നടപടികൾ ശുപാർശ ചെയ്തു. ഇവ നടപ്പാക്കും. ആധുനികവൽക്കരണം, യന്ത്രവൽക്കരണം, മെച്ചപ്പെട്ട ഉൽപ്പന്ന ഗുണനിലവാരം, പുതിയ വിപണികളിലേക്കുള്ള പ്രവേശനം എന്നിവയ്ക്ക് മുൻഗണന നൽകും. സംസ്ഥാനത്തുനിന്നുള്ള ചകിരി ഉൽപ്പാദനം വർധിപ്പിക്കും.

490. കയർ മേഖലയിൽ ഉൽപാദനം സംഘടിത രൂപത്തിലേക്ക് മാറ്റും. 100 യന്ത്രങ്ങൾ വീതമുള്ള ക്ലസ്റ്ററുകൾ രൂപീകരിക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്യും. ആധുനികവൽക്കരണവും വൈവിധ്യവൽക്കരണവും നടപ്പാക്കും. കയർ സംഘങ്ങളെ പ്രൊഫഷണൽ വൽക്കരിക്കും. കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ പുതിയ ഉല്പന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിന് കയർ പിരി മെഷീനുകൾ സംഘങ്ങൾക്ക് നൽകും.

491. കയർ കോർപ്പറേഷന്റെ ഉത്പാദനശേഷി വർദ്ധിപ്പിക്കും. ജിയോടെക്സ്റ്റൈൽ പദ്ധതി ടെക്സ്റ്റൈൽ പദ്ധതി മറ്റ് സംസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിക്കും. ഫ്രാൻസ്, ബ്രസീൽ ഉൾപ്പെടെയുള്ള രാജ്യങ്ങളിലേക്ക് കയറ്റുമതി വർധിപ്പിക്കും. കയർഫെഡ് ശൃംഖല കൂടുതൽ മെച്ചപ്പെടുത്തും. ഷോറൂമുകൾ നവീകരിക്കും. പുതിയ ഉൽപ്പന്നങ്ങൾ വിപണിയിൽ ഇറക്കും.

492. **കയർപിരി സംഘങ്ങൾ:** ഇപ്പോൾ തെങ്ങു കൃഷിക്കാർ പ്രൊഡ്യൂസർ കമ്പനികളായി പ്രവർത്തിക്കുന്നുണ്ട്, അവരിലൂടെ ചകിരി ഉൽപ്പാദനം നടത്താവുന്നതാണ്. ഇങ്ങനെ ഉൽപ്പാദിപ്പിക്കപ്പെടുന്ന ചകിരി കയർഫെഡ് സംഭരിച്ച് ആവശ്യമായ സംഘങ്ങൾക്ക് വിതരണം ചെയ്യും. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ ഹരിതകർമ്മസേന വഴിയും തൊണ്ട് സംഭരിക്കും. പൊതുമേഖലയ്ക്കും സഹകരണ സംഘങ്ങൾക്കും സ്വകാര്യ സംരംഭകർക്കും ചകിരി ഉൽപ്പാദനത്തിൽ ഏർപ്പെടാവുന്നതാണ്. കയർപിരി സംഘങ്ങളുടെ സമഗ്ര പുനരുദ്ധാരണം സാധ്യമാക്കും. കയർഫെഡിൽ ഇറക്കുന്ന ചകിരിയ്ക്ക് 10 ദിവസത്തിനുള്ളിൽ വില നൽകും. ആവശ്യമായ യന്ത്രങ്ങൾ സംഘങ്ങൾക്ക് ലഭ്യമാക്കും. തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പുവരുത്തണം.

493. **നെയ്ത്തുസംഘങ്ങൾ:** സംഘങ്ങൾക്ക് ആവശ്യമായ ഓർഡറുകൾ കയർ കോർപ്പറേഷൻ വഴി നൽകും. യന്ത്രവൽക്കരണം ശക്തിപ്പെടുത്തും. കയർ ഭൂവസ്ത്രം തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതലായി ഉപയോഗപ്പെടുത്തും. ഗുണനിലവാരമുള്ള ചകിരി കയർഫെഡ് മുഖാന്തിരം നൽകും. പ്രവർത്തനക്ഷമമല്ലാത്തതും സ്വന്തമായ സ്ഥല സൗകര്യങ്ങളുള്ളതുമായ സംഘങ്ങളെ സംയോജിപ്പിക്കും.

494. കയർ & നാച്ചുറൽ ഫൈബർ ക്ലസ്റ്റർ സ്ഥാപിക്കും. കേരളത്തിന്റെ പരമ്പരാഗത വ്യവസായ ഉൽപ്പന്നങ്ങളെ ലോകമെമ്പാടുമുള്ള ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനായി ഒരു ബി ടു ബി പ്ലാറ്റ്ഫോം സ്ഥാപിക്കും. ഹോട്ടലുകൾ, ആർക്കിടെക്റ്റുകൾ തുടങ്ങി ലോകമെമ്പാടുമുള്ള വ്യത്യസ്ത ഉപഭോക്താക്കൾക്ക് കേരളത്തിന്റെ പരമ്പരാഗത മേഖലയിലെ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുക എന്നതാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കി സംഘടിപ്പിക്കും.

## കശുവണ്ടി

495. കശുവണ്ടി വ്യവസായത്തിൽ യന്ത്രവൽക്കരണം, മെച്ചപ്പെട്ട സംഭരണ സംവിധാനങ്ങൾ, ഉൽപ്പന്ന വൈവിധ്യവൽക്കരണം, വിപണനം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, തരിശുഭൂമിയിലെ കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കൽ എന്നിവയ്ക്ക് പ്രാധാന്യം നൽകും. ആധുനിക സാങ്കേതികവിദ്യ, മെച്ചപ്പെട്ട ഉൽപ്പാദനക്ഷമത, സുസ്ഥിര സംസ്കരണം, ആഗോള വിപണനം എന്നിവയിൽ ഊന്നുന്നതാകും ഭാവി പരിപാടികൾ. സംസ്ഥാനത്തെ തോട്ടണ്ടി ഉൽപ്പാദനം ഗണ്യമായി വർധിപ്പിക്കും. തൊഴിലാളികൾക്ക് മിനിമം ദിവസത്തെ തൊഴിൽ ഉറപ്പുവരുത്തും.
496. തൊഴിലാളികൾക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ സ്ഥാപനങ്ങളിൽ ഉറപ്പുവരുത്തും. യന്ത്രവൽക്കരണം നടപ്പിലാക്കുമ്പോൾ എല്ലാ തൊഴിലാളികൾക്കും ആവശ്യമായ നൈപുണി പരിശീലനം നൽകും. ഇടനിലക്കാരുടെ ചൂഷണം അവസാനിപ്പിക്കേണ്ടത് തൊഴിലാളികൾക്കും സംരംഭകർക്കും ഒഴിച്ചുകൂടാനാവാത്തതാണ്. മൂല്യവർധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കും.
497. കശുവണ്ടി മേഖലയിൽ കാപെക്സിന്റെ ഉൽപ്പാദനം യന്ത്രവൽക്കരിക്കും. കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലും കാപെക്സ് ശ്രദ്ധ കേന്ദ്രീകരിക്കും.
498. തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ നൽകുന്നതിനായി അടച്ചുപൂട്ടിയ ഫാക്ടറികൾ കേരള സർക്കാരിന്റെ സഹായത്തോടെ KSCDC ഏറ്റെടുക്കാൻ പദ്ധതി തയ്യാറാക്കും.
499. KSCDC-യുടെ പല സ്ഥാപനങ്ങളും വാണിജ്യമൂല്യമുള്ള ദേശീയ പാതകളിലും സംസ്ഥാന റോഡുകളിലും പ്രധാന സ്ഥലങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. അധിക വരുമാനം ഉണ്ടാക്കുന്നതിനായി പ്രധാന സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്ന കമ്പനിയുടെ സ്ഥാപനങ്ങൾ സർക്കാർ ഏജൻസികളുമായി സഹകരിച്ചോ പൊതു സ്വകാര്യ പങ്കാളിത്തം (പിപിപി) വഴിയോ അനുയോജ്യമായ വാണിജ്യ അടിസ്ഥാന സൗകര്യ പദ്ധതികൾ സൃഷ്ടിക്കും.
500. കെഎസ്സിഡിസി, സിഎഫ്ടിആർഐ മൈസൂരുമായി സഹകരിച്ച് കാഷ്യൂ ക്രീം, കാഷ്യൂ സ്പ്രെഡ് തുടങ്ങിയ പുതിയ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യും.

## കൈത്തറി

501. കൈത്തറി പവർലൂം മേഖലകളിൽ മാനേജീരിയൽ മികവ്, സാങ്കേതിക പിന്തുണ, നവീകരണവും പ്രീമിയം ഉൽപ്പന്ന വികസനവും, ഹാന്റക്സിനും ഹാൻവീവിനുമുള്ള ഒരു പുനരുജ്ജീവന പദ്ധതി, ഉയർന്ന മൂല്യമുള്ള നൂലുകളും ആധുനിക ഉപകരണങ്ങളും ഉപയോഗിക്കൽ, കൈത്തറി പ്രമോഷൻ പ്രോജക്റ്റ് എന്നിവ നടപ്പിലാക്കും. ആധുനികവൽക്കരണം, ഡിസൈൻ വികസനം, പ്രീമിയം ഉൽപ്പന്ന വൈവിധ്യവൽക്കരണം, ബ്രാൻഡിംഗ് എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള ഒരു തന്ത്രമാണ് സ്വീകരിക്കുക. വൈവിധ്യമേറിയ ഉൽപ്പന്നങ്ങൾ യന്ത്രസഹായത്തോടെ നിർമ്മിക്കുന്നതിന് സംഘങ്ങൾക്ക് സഹായം, ന്യായവിലയ്ക്ക് നൂൽ ലഭ്യമാക്കൽ, വിപണനരംഗത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ, തൊഴിലാളികൽക്ക് തൊഴിലും കൂലിയും ഉറപ്പുവരുത്തൽ എന്നിവ കൈത്തറി രംഗത്ത് നടപ്പിലാക്കും.
502. കൈത്തറി വിദഗ്ധസമിതി റിപ്പോർട്ട് ശുപാർശകൾ പൂർണ്ണമായി നടപ്പാക്കും. ചെന്നൈ ഐ.ഐ.ടിയുമായി സഹകരിച്ച് നെയ്ത്ത് യന്ത്രങ്ങൾ ആധുനികവൽക്കരിക്കുന്നതിന് നടപ്പാക്കുന്ന പദ്ധതി വിപുലപ്പെടുത്തും. ആധുനിക കൈത്തറി വസ്ത്രങ്ങൾക്കായി 4 ജില്ലകളിൽ ഡിസൈൻ സ്റ്റുഡിയോ സ്ഥാപിക്കും. മൂല്യവർധിത ഉൽപന്നങ്ങൾക്കായുള്ള പ്രത്യേക പദ്ധതി, ആധുനികവൽക്കരണത്തിനുള്ള നടപടികൾ, IIHT കണ്ണൂരുമായി സഹകരിച്ച് ഇൻകുബേഷൻ സെന്റർ, കൈത്തറി പ്രോത്സാഹന പദ്ധതി എന്നിവ നടപ്പാക്കും.

## കരകൗശലം

503. കരകൗശല മേഖലയിൽ, സംരംഭങ്ങൾക്ക് ധനസഹായം നൽകൽ, ടൂറിസവുമായി ബന്ധപ്പെട്ട് കരകൗശല ഗ്രാമങ്ങൾ, അസംസ്കൃത വസ്തുക്കളുടെ ലഭ്യത, വിപണനം നൈപുണി വർധിപ്പിക്കൽ, ഉൽപ്പന്ന വൈവിധ്യവൽക്കരണം, ക്ലസ്റ്റർ രൂപീകരണം, യന്ത്രവൽക്കരണം നടപ്പിലാക്കും. കരകൗശല വസ്തുക്കൾക്കാവശ്യമായ ചെളി ഡാമുകളിൽ നിന്നും മറ്റും ലഭ്യമാക്കും. പാരമ്പര്യ രീതികൾ മാറ്റാതെ തന്നെ ടൂറിസവുമായി ബന്ധപ്പെട്ട് കരകൗശല മേഖലയുടെ കൂടുതൽ വികസനം സാധ്യമാക്കും.

## ഖാദി, ഗ്രാമ വ്യവസായം

504. ഖാദി, ഗ്രാമ വ്യവസായങ്ങളുടെ സ്വയംപര്യാപ്തത, വിപണന സംവിധാനങ്ങൾ, പുതിയ ഉൽപ്പന്ന വികസനം, സ്ഥാപനപരമായ ശക്തിപ്പെടുത്തൽ എന്നിവ ഭാവി തന്ത്രത്തിന്റെ പ്രധാനപ്പെട്ട ഘടകങ്ങളാകും. ഖാദി മേഖലയിലെ വ്യവസായ പുനരുജ്ജീവനത്തിനു പാക്കേജ് ആവിഷ്കരിക്കും. വ്യക്തിഗത വായ്പകൾ ഒറ്റത്തവണ തീർപ്പാക്കുകയോ, എഴുതിത്തള്ളുകയോ ചെയ്യും. ഈ രംഗത്ത് പ്രവർത്തിക്കുന്ന കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വിവിധ

ഏജൻസികൾ തമ്മിൽ ഏകോപിതമായ പ്രവർത്തനം ഉറപ്പുവരുത്തും.

## ചെത്ത്

505. കള്ളുഷാപ്പുകൾ നവീകരിക്കും. തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ കൃഷിക്കാരുമായി ചേർന്ന് വാണിജ്യ അടിസ്ഥാനത്തിൽ നീര ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതി തയ്യാറാക്കും. ഉയരംകുറഞ്ഞ തെങ്ങു കൃഷി പ്രോത്സാഹിപ്പിക്കും. വ്യാജമദ്യത്തിനെതിരെ ശക്തമായ നടപടി സ്വീകരിക്കും. ടോഡി ബോർഡിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തും.

## മുള

506. മുള വ്യവസായത്തിൽ വൈവിധ്യവൽക്കരണം, ക്ലസ്റ്റർ മാതൃകയിൽ ഉൽപ്പാദക യൂണിറ്റുകൾ ആരംഭിക്കൽ, യന്ത്രവൽക്കരണം എന്നിവ നടപ്പാക്കും. മുളയുടെ ഫർണിച്ചർ പോലുള്ള മൂല്യവർദ്ധിത ഉൽപന്ന നിർമ്മാണത്തെ പ്രോത്സാഹിപ്പിക്കും. മുള വച്ചുപിടിപ്പിക്കുന്നത് പരിസ്ഥിതി സംരക്ഷണ മാർഗമെന്ന നിലയിൽക്കൂടി പ്രോത്സാഹിപ്പിക്കും.
507. ബാംബൂ മേഖലയെ പുതിയ കാലത്തിന്റെ ആവശ്യങ്ങൾക്കനുസൃതമായി ആധുനീകരിക്കും. മറൈൻ പ്ലൈയുടെയും അനുബന്ധ ഉൽപ്പന്നങ്ങളുടെയും നിർമ്മാണത്തിനായി സംയുക്ത സംരംഭം ആരംഭിക്കും. സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ പ്രവർത്തനം പരിഷ്കരിക്കും. ബാംബൂ കോർപ്പറേഷനെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് സഹായം ലഭിക്കുന്നതിന് പ്രാപ്തമാക്കുന്നതിനായി വായ്പയെ ഇക്വിറ്റിയിലേക്ക് മാറ്റും.
508. നല്ലളം ഫാക്ടറിയിൽ മുള, തറ ടൈലുകൾ സ്വന്തം മുള ഇനങ്ങളിൽ നിന്നു തന്നെ ഉത്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. മുള കട്ട്ലറി, ടൂത്ത് പിക്കുകൾ തുടങ്ങിയ FMCG വസ്തുക്കളുടെ നിർമ്മാണത്തിന്റെ സാധ്യത പരിശോധിക്കും. വർഷം മുഴുവനും മുള/ഈറ്റയുടെ ലഭ്യത ഉറപ്പാക്കും. ഡിപ്പോകളും സബ് ഡിപ്പോകളും ശക്തിപ്പെടുത്തും. ടേൺകീ അടിസ്ഥാനത്തിൽ മുള നിർമ്മാണ പദ്ധതികൾ ആവിഷ്കരിക്കും.

## സഹകരണമേഖല

509. മതനിരപേക്ഷ ഇടങ്ങൾ: സഹകരണ പ്രസ്ഥാനത്തിന്റെ അടിസ്ഥാന തത്വം ജാതി-മത ഭേദങ്ങൾക്കതീതമായ സഹകരണമാണ്. സ്വാഭാവികമായി ഹിന്ദുത്വ വർഗ്ഗീയ പ്രസ്ഥാനങ്ങൾ മതനിരപേക്ഷമായ സഹകരണ പ്രസ്ഥാനത്തെ തകർക്കുന്നതിന് ബോധപൂർവ്വം കരുക്കൾ നീക്കിക്കൊണ്ടിരിക്കുകയാണ്. സഹകരണമേഖലയിൽ കൈകടത്തുന്നതിനു ഭരണപരവും, നിയമപരവുമായ സാധ്യതകൾ കേന്ദ്രസർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനു പുറമെ സംഘപരിവാർ ഒരു പാക്കേജ് നടപ്പാക്കാൻ ശ്രമിക്കുകയാണ്. സംസ്ഥാന സഹകരണ സംഘങ്ങൾ, കുടുംബശ്രീയ്ക്ക് സമാന്തരമായി അക്ഷയശ്രീ, കേന്ദ്ര സഹായത്തോടെയുള്ള FPO-കൾ, ബ്രാൻഡഡ് സൂപ്പർ മാർക്കറ്റുകൾ തുടങ്ങിയവയെല്ലാം ഇതിന്റെ ഭാഗമാണ്. ഈ നീക്കങ്ങളെ ശക്തമായി തുറന്നു കാണിക്കുകയും ചെറുക്കുക

യും ചെയ്യും.

510. **അഴിമതി നിർമ്മാർജ്ജനം:** സഹകരണ ബാങ്കുകളിൽ പലതിലും ഗൗരവമായ ക്രമക്കേടുകൾ കണ്ടെത്തി. ചില ബാങ്കുകൾ ഡെപ്പോസിറ്റർമാർക്ക് പണം തിരികെ നൽകാൻ കഴിയാത്ത അവസ്ഥയായി. ഇത് നമ്മുടെ സഹകരണ പ്രസ്ഥാനത്തിന്റെ വിശ്വാസ്യതയ്ക്ക് കളങ്കം ഏർപ്പെടുത്തിയിരിക്കുകയാണ്. ഇതിന്റെ പശ്ചാത്തലത്തിലാണ് സഹകരണ നിയമത്തിലും മാന്വലിലും ഗൗരവമായ ഭേദഗതികളാണ് സർക്കാർ വരുത്തിയിട്ടുള്ളത്. ഇവ കർശനമായി നടപ്പാക്കും.

511. രണ്ട് ശതമാനത്തിൽ താഴെ സഹകരണ സംഘങ്ങളിലെ ഗൗരവമായ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളൂ. എന്നാൽ വലിയ ദുഷ്പ്രചാരണംമൂലം നിക്ഷേപശോഷണം മറ്റുള്ളവയിലും ഉണ്ടാകുന്നുണ്ട്. ഇതിന്റെ പശ്ചാത്തലത്തിൽ കേരള ബാങ്ക് വഴി ക്രമക്കേടുകൾ ഇല്ലാത്ത സംഘങ്ങൾക്ക് അടിയന്തര സഹായം ലഭ്യമാക്കും. നിക്ഷേപം തിരികെ ആവശ്യപ്പെടുന്ന ഏതൊരാൾക്കും അതു നൽകാൻ കഴിയുന്ന സ്ഥിതിയുണ്ടാക്കും. ഇത് ഉണ്ടായാൽ നിക്ഷേപ ശോഷണം അവസാനിക്കും. ഇതോടൊപ്പം കേരള സഹകരണ നിക്ഷേപ ഗ്യാരണ്ടി പദ്ധതിയും പുനരുദ്ധാരണ ഫണ്ടും ഫലപ്രദമായി ഉപയോഗപ്പെടുത്തും.

512. ക്രമക്കേടുകൾ നടന്നുവെന്നു വകുപ്പുതല അന്വേഷണത്തിൽ തെളിഞ്ഞിട്ടുള്ള സംഘങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കും. അവിടുത്തെ നിക്ഷേപകർക്ക് നിക്ഷേപ ഗ്യാരണ്ടി സ്കീമിന്റെ അടിസ്ഥാനത്തിൽ ഗഡുക്കളായി പണം തിരിച്ചു നൽകാനുള്ള നടപടി ശക്തിപ്പെടുത്തും.

513. **കേരള ബാങ്ക്:** എൻആർഐ ഡെപോസിറ്റ് സ്വീകരിക്കാൻ പ്രാപ്തമാക്കുന്ന രീതിയിൽ കേരളം ബാങ്കിന്റെ കാര്യക്ഷമത ഉയർത്തും. സെക്യൂരിറ്റികളിൽ നിക്ഷേപിക്കുന്നതിനു പകരം കേരളം ബാങ്കിന്റെ വിഭവശേഷി പരമാവധി നാട്ടിലെ വിഭവസംരംഭങ്ങൾക്കു തന്നെ വായ്പ നൽകാൻ വിനിയോഗിക്കും. ഇതിന് പ്രൊഫഷണൽ ആയിട്ടുള്ള ഒരു സംവിധാനം ബാങ്കിൽ സൃഷ്ടിക്കും. സംരംഭകർ സമർപ്പിക്കുന്ന പ്രൊജക്ടുകൾ പരിശോധിക്കുക മാത്രമല്ല, പ്രൊജക്ടുകൾ ഉണ്ടാക്കുന്നതിന് അവരെ സഹായിക്കുന്ന പ്രോ-ആക്ടീവ് നിലപാട് സ്വീകരിക്കും. വായ്പയെടുക്കുന്നവർക്കുള്ള പരിശീലനവും സംരംഭം പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ തുടർമേൽനോട്ടത്തിനും പ്രത്യേക സംവിധാനങ്ങൾ ഉണ്ടാക്കും. അങ്ങിനെ സംസ്ഥാന സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും രൂപംനൽകുന്ന സ്വകാര്യ സംരംഭക സഹായ പ്രൊജക്ടുകളുടെ ഒരു പങ്കാളിയായി കേരള ബാങ്ക് മാറും. ഈ സമീപനം കീഴ്ത്തട്ടിലുള്ള പ്രാഥമിക സഹകരണ സംഘങ്ങൾക്കും പ്രസക്തമാണ്.

514. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സഹകരണസംഘങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ഏകോപിതവും പ്രവർത്തനക്ഷമവുമാക്കും. പഞ്ചായ

ത്ത് തലത്തിൽ തന്നെ സംയുക്ത വികസന പദ്ധതികൾ രൂപപ്പെടുത്തുകയും സഹകരണസംഘങ്ങളുടെ മിച്ചധനം പ്രാദേശിക വികസനപദ്ധതികളുമായി ബന്ധിപ്പിക്കുകയും ചെയ്യും. കൃഷി, വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, സാമൂഹ്യക്ഷേമം തുടങ്ങിയ എല്ലാ മേഖലകളിലും പഞ്ചായത്ത് – സഹകരണ പങ്കാളിത്ത മാതൃക വ്യാപിപ്പിക്കപ്പെടും.

515. **യുവജനങ്ങളുടെ പങ്കാളിത്തം:** സഹകരണ അജണ്ടയുടെ മറ്റൊരു പ്രധാന ഘടകമാണ് യുവജനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കൽ. സ്കൂൾ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ വിപുലീകരിച്ച് ചെറുപ്പത്തിൽത്തന്നെ സഹകരണമൂല്യങ്ങളുമായി യുവതയെ ബന്ധിപ്പിക്കും. പഞ്ചായത്തുതലത്തിൽ യുവജനങ്ങൾക്കായി കായിക-ആരോഗ്യ സൗകര്യങ്ങൾ ഒരുക്കുകയും സംരംഭകത്വവും സൃഷ്ടിപരമായ തൊഴിലും പ്രോത്സാഹിപ്പിക്കുകയും ചെയ്യും. ഡിജിറ്റൽ സേവനങ്ങൾ, ഓൺലൈൻ നിക്ഷേപ-വായ്പ സംവിധാനങ്ങൾ, സുതാര്യ ധനകാര്യ മാനേജ്മെന്റ് എന്നിവയിലൂടെ സഹകരണ മേഖലയെ യുവജനങ്ങൾക്ക് കൂടുതൽ ആകർഷകമാക്കും.

516. **ആരോഗ്യരംഗം:** പൊതുജനാരോഗ്യ മേഖലയിലും സഹകരണസംഘങ്ങൾ കൂടുതൽ സജീവമായി ഇടപെടും. ജില്ലാതലത്തിൽ സഹകരണ ആശുപത്രികൾ സ്ഥാപിക്കുകയും മുതിർന്നവർക്കും ദീർഘകാല രോഗികൾക്കും വേണ്ട പ്രത്യേക പരിചരണ സംവിധാനങ്ങൾ വികസിപ്പിക്കും. മിതമായ നിരക്കിൽ ലാബ്, സ്കാനിങ് തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുകയും നീതി മെഡിക്കൽ സ്റ്റോറുകളുടെ ശൃംഖല വികസിപ്പിക്കും.

517. CAPE-നു കീഴിലുള്ള സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കും, നൈപുണ്യ വിജ്ഞാന വികസന കേന്ദ്രവും, സാഗര ആശുപത്രിയും നവീകരിക്കും. ഇൻകുബേഷൻ സെന്ററിന്റെ പ്രവർത്തനങ്ങളും വിപുലപ്പെടുത്തും.

518. **ടൂറിസം:** ഈ മേഖലയിൽ സഹകരണസംഘങ്ങൾ സജീവപങ്കാളികളാകും. ഹോട്ടൽ സമുച്ചയങ്ങൾ, ഹോംസ്റ്റേ പദ്ധതികൾ, പ്രാദേശിക ടൂറിസം സർക്യൂട്ടുകൾ എന്നിവ സഹകരണസംഘങ്ങൾ മുഖേന നടപ്പാക്കും. പ്രാദേശിക സംസ്കാരവും ജനങ്ങളുടെ പങ്കാളിത്തവും മുൻനിർത്തി അനുഭവാടിസ്ഥാന ടൂറിസം വികസിപ്പിക്കും.

519. **കാർഷികമേഖല:** മൂല്യവർധിത ഉൽപന്നങ്ങളുടെ ഉൽപാദനവും കയറ്റുമതിയും വർധിപ്പിക്കുന്നതോടൊപ്പം സംഭരണസൗകര്യങ്ങൾ, ശീതീകരണ ശൃംഖലകൾ, വിപണന പ്ലാറ്റ്ഫോമുകൾ എന്നിവ ശക്തിപ്പെടുത്തും. കർഷകർക്ക് ന്യായവില ഉറപ്പാക്കുന്ന സ്ഥിര സംവിധാനം വികസിപ്പിക്കുകയും ഉൽപന്ന വൈവിധ്യം വർധിപ്പിക്കുകയും ചെയ്യും. സഹകരണ മേഖലയുടെ നൂതനമായ കാർഷിക പദ്ധതിയായ സാങ്കേതിക വിദ്യാധിഷ്ഠിതമായ

കൃഷിയ്ക്കായുള്ള സഹകരണ സംരംഭം (CITA) നടപ്പിലാക്കും. ഇതിന്റെ ഭാഗമായി നാളികേര വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിനായും ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുമായി "പ്ലസ് വൺ" പദ്ധതി ആരംഭിക്കും.

520. കേരള നെല്ല് സംഭരണ സംസ്കരണ വിപണന സഹകരണ സംഘത്തിന് (കാപ്കോസ്) കീഴിൽ കോട്ടയം ഏറ്റുമാനൂരിൽ റൈസ് മിൽ പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിക്കും.

521. **പ്രവാസികൾ:** പ്രവാസികളുമായി ബന്ധമുള്ള പദ്ധതികൾക്കും പ്രത്യേക പ്രാധാന്യം നൽകും. വിദേശവിനിമയ സേവനങ്ങൾ, പ്രവാസികളുടെ ഭൂമി ഉപയോഗപ്പെടുത്തുന്ന കൃഷിപദ്ധതികൾ, പ്രാദേശിക ഉൽപന്നങ്ങളുടെ ഇ-കൊമേഴ്സ് വിപണനം എന്നിവ വികസിപ്പിക്കും. തിരിച്ചെത്തുന്ന പ്രവാസികൾക്ക് സംരംഭകത്വത്തിനുള്ള അടിസ്ഥാനസൗകര്യങ്ങളും സഹകരണ സംരംഭ പ്ലാറ്റ്ഫോമുകളും ഒരുക്കും.

522. **ആധുനികവൽക്കരണം:** സഹകരണസംഘങ്ങളുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ധനകാര്യമാനേജ്മെന്റ്, ഓഡിറ്റ്, രജിസ്ട്രേഷൻ, സേവനങ്ങൾ എന്നിവ ഡിജിറ്റൽ സംവിധാനത്തിലാക്കുകയും പൊതുവായ മാനദണ്ഡങ്ങളും സോഫ്ടുവെയർ സംവിധാനങ്ങളും നടപ്പാക്കുകയും ചെയ്യും. പ്രവർത്തനമികവ് അടിസ്ഥാനമാക്കി ഗ്രേഡിങ് സംവിധാനങ്ങൾ കർശനമാക്കുകയും ദുർബലസംഘങ്ങളെ ശക്തിയുള്ള സംഘങ്ങളുമായി ലയിപ്പിക്കുകയും ചെയ്യും. തൊഴിലാളികൾക്ക് ഇൻഷുറൻസ് ഉൾപ്പെടെയുള്ള സാമൂഹിക സുരക്ഷാ സംവിധാനങ്ങളും ശക്തിപ്പെടുത്തും.

523. സഹകരണ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ (Platform Cooperatives): കുത്തക പ്ലാറ്റ്ഫോമുകൾക്ക് ബദലായി തൊഴിലാളികളുടെയും ഉപഭോക്താക്കളുടെയും കൂട്ടായ്മകൾ നടത്തുന്ന സഹകരണാടിസ്ഥാനത്തിലുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോമുകളെ പ്രോത്സാഹിപ്പിക്കും. ഇത്തരം പ്ലാറ്റ്ഫോമുകൾക്ക് സർക്കാർ സാങ്കേതിക പിന്തുണയും മൂലധനവും നൽകും.

## വാണിജ്യം

524. വാണിജ്യ മിഷൻ കാര്യക്ഷമമായി പ്രവർത്തിക്കുമെന്ന് ഉറപ്പുവരുത്തും. ഇതു സംബന്ധിച്ച് വ്യാപാരി വ്യവസായി സംഘടനകളുമായി ചർച്ച നടത്തി കർമ്മപരിപാടിക്കു രൂപം നൽകും.

525. നാട്ടിൻപുറങ്ങളിലെയും നഗരങ്ങളിലെയും കമ്പോളങ്ങളിലെ സൗകര്യങ്ങൾ വികസിപ്പിക്കുകയും ഏതാനും നാടൻ ചന്തകളെയും ബസാറുകളെയും ഷോപ്പിംഗ് മാളുകൾക്കു സമാനമായി വിപുലപ്പെടുത്തുകയും ചെയ്യും. ഷോപ്പിംഗ് മോളിലെന്നപോലെ തന്നെ നിയന്ത്രിത ഗുണനിലവാരവും വിലയും ആസ്വാദ്യകരമായ അന്തരീക്ഷവും ഈ കമ്പോളങ്ങളിൽ ഉണ്ടാകും. കോഴിക്കോട് മിഠായിത്തെരുവും തിരുവനന്തപുരത്ത് ചാലക്ക

മ്പോളവുമാണ് ഇത്തരമൊരു പരിവർത്തനത്തിനു മാതൃകയായി നടപ്പാക്കുന്നത്.

526. റോഡ് വീതികൂട്ടുന്ന പ്രോജക്ടുകൾ കച്ചവടക്കാരെയാണ് ഏറ്റവും കൂടുതൽ ബാധിക്കുന്നത്. ഈ മേഖലകൾ മാറ്റിസ്ഥാപിക്കുന്നതിന് ആസൂത്രിത മേഖലാതല സമുച്ചയങ്ങൾ സൃഷ്ടിക്കും. വ്യാപാരികളെ പുനരധിവസിപ്പിക്കും.

527. വ്യാപാരി ക്ഷേമനിധി പ്രവർത്തനങ്ങൾ വിപുലപ്പെടുത്തും. ക്ഷേമാനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കും.

528. കെഎസ്എഫ്ഇയുടെ ആഭിമുഖ്യത്തിൽ വ്യാപാരികൾക്ക് മ്യൂച്വൽ ഗ്യാരണ്ടിയുടെ അടിസ്ഥാനത്തിലുള്ള ചിട്ടികൾ ആരംഭിക്കുന്നതാണ്. വായ്പകളും ലഭ്യമാക്കും.

529. കേരള ബാങ്കിലൂടെ ചെറുകിട വ്യാപാരികളുടെ ആവശ്യങ്ങൾ മുൻനിർത്തിയുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കും.

530. കേരള സംസ്ഥാന ഭാഗ്യക്കുറി കൂടുതൽ ആകർഷകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ക്ഷേമനിധി അംഗങ്ങളായ ഭാഗ്യക്കുറി വിൽപ്പനക്കാരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കും. ഏജന്റ് മരണപ്പെടുന്ന സാഹചര്യമുണ്ടായാൽ നോമിനിക്ക് ടിക്കറ്റുകൾ സംരക്ഷിച്ചു നൽകും. ചെറുകിട ഏജന്റുമാർക്ക് ടിക്കറ്റ് കിട്ടുമെന്ന് ഉറപ്പുവരുത്തും.

# VI

# നവകേരളത്തിന് ജനകീയാസൂത്രണം

## തദ്ദേശ സ്വയംഭരണം

531. **കേന്ദ്രനയം:** അധികാര വികേന്ദ്രീകരണത്തിനു തുരങ്കം വയ്ക്കുന്ന നടപടികളാണ് കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്നത്. കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് പോലും ഒട്ടേറെ നിബന്ധനകളോടെയാണ് നടപ്പിലാക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കേന്ദ്ര സർക്കാരിന്റെ ഏജൻസി രൂപത്തിലാണ് വീക്ഷിക്കുന്നത്. സംസ്ഥാനത്തിന്റെ അധികാരത്തെ ചോദ്യം ചെയ്യുകയും സംസ്ഥാനത്തെ മറികടക്കുകയുമാണ് പൊതുസമീപനം. ഈ നയങ്ങളെ എതിർക്കും. ബദൽ സമീപനങ്ങൾ സൃഷ്ടിക്കും.

532. **നവകേരളത്തിന് ജനകീയാസൂത്രണം:** കേരളത്തിൽ അധികാര വികേന്ദ്രീകരണം മൂന്ന് പതിറ്റാണ്ട് പിന്നിടുമ്പോൾ പ്രാദേശിക സാമ്പത്തിക വികസനവും എന്ന ലക്ഷ്യവും ഉദ്ഗ്രഥിത സമീപനം, ജനപങ്കാളിത്തം, സുതാര്യത എന്നിവയും ഉറപ്പുവരുത്തുന്നതിന് “നവകേരളത്തിന് ജനകീയാസൂത്രണം” എന്ന വിപുലമായ ജനകീയ വികസന ക്യാമ്പയിൻ സംഘടിപ്പിക്കും. സ്ത്രീകളുടെ തൊഴിൽപങ്കാളിത്തം 50 ശതമാനമായി ഉയർത്തുന്നതിനുള്ള കുടുംബശ്രീയുടെ ഉദ്യമത്തെ അച്ചുതണ്ടാക്കിയാ

യിരിക്കും ഈ ജനകീയ ക്യാമ്പയിന് രൂപം നൽകുക. 20 ലക്ഷം വീട്ടമ്മമാർക്ക് പ്രാദേശിക തൊഴിലുകൾ ലഭ്യമാക്കും. ഈ ക്യാമ്പയിനിന്റെ പിൻബന്ധം (backward linkages) ആയിരിക്കും പ്രാദേശിക സാമ്പത്തിക വികസനം. പ്രാദേശിക സാമ്പത്തിക വികസനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിച്ച് ക്യാമ്പയിനിന്റെ ഭാഗമായി നടപ്പാക്കും. അതുപോലെതന്നെ, ഈ പ്രവർത്തനത്തിന്റെ മുൻബന്ധം (forward linkages) ആണ് പൊതുസ്ഥലത്തെ സ്ത്രീ സുരക്ഷയും ഗാർഹിക ജോലികളുടെ ഭാരം കുറയ്ക്കാനുള്ള സാമൂഹ്യപിന്തുണയും വീട്ടിനുള്ളിലുള്ള തൊഴിൽവിഭജനത്തിലെ പുനക്രമീകരണവും. പുതിയ തൊഴിൽ ക്യാമ്പയിൻ സ്ത്രീ ശാക്തീകരണത്തിനുള്ള ക്യാമ്പയിൻ കൂടിയായിരിക്കും.

533. ജനജീവിതത്തെ ഗാഢമായി സ്വാധീനിക്കുന്ന എത്രയോ നൂതന പരിപാടികൾ കഴിഞ്ഞ ദശാബ്ദകാലത്ത് തദ്ദേശ ഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കുകയുണ്ടായി
    - മാലിന്യ വിമുക്തമാക്കാനുള്ള പരിപാടി
    - പ്രാദേശിക ദുരന്തനിവാരണ പ്ലാൻ
    - സുസ്ഥിരവികസന ലക്ഷ്യങ്ങളുടെ പ്രാദേശികവൽക്കരണം
    - വയോജന സൗഹൃദ സാന്ത്വന പരിചരണ പദ്ധതി
    - ബഡ്സ് സ്കൂൾ, ഭിന്നശേഷി സൗഹൃദ പ്രവർത്തനങ്ങൾ
    - ബാലസൗഹൃദ പഞ്ചായത്തുകൾ
    - ഹരിതഗ്രാമം
    - സ്ത്രീ ശാക്തീകരണം
    - അതിദാരിദ്ര്യനിർമ്മാർജ്ജനം
    - ഡിജി സാക്ഷരത
    - തൊഴിൽ പരിശീലനവും തൊഴിൽ മേളകളും

    മേൽ പറഞ്ഞത് പോലുള്ള സ്കീമുകൾക്കൊപ്പം ക്യാമ്പയിൻ അടിസ്ഥാനത്തിൽ മുന്നോട്ടുകൊണ്ടുപോകാൻ ഉദ്ദേശിക്കുന്ന സ്കീമുകളെയെല്ലാം "നവകേരളത്തിന് ജനകീയാസൂത്രണം" ക്യാമ്പയിനിൽ ഒരുമിച്ചു ചേർക്കും.

534. **മിഷനുകൾ:** വികേന്ദ്രീകൃതാസൂത്രണത്തിലെ ഒരു മുഖ്യവെല്ലുവിളി ഉദ്ഗ്രഥനമാണ്. നാലുതട്ട് സർക്കാരുകളുടെയും വിവിധ വികസന ഏജൻസികളുടെയും ഓരോ മേഖലയിലെയും സ്കീമുകളെ ഏകോപിപ്പിക്കണം. ഇതിനുള്ള പരിശ്രമങ്ങൾ വേണ്ടത്ര ഫലപ്രദമായില്ല എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ  ഹരിത കേരളം മിഷൻ, ലൈഫ് മിഷൻ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, ആർദ്രം മിഷൻ എന്നിവയ്ക്ക് രൂപം നൽകിയിട്ടുള്ളത്. ശുചിത്വം, ജലസംരക്ഷണം, പച്ചക്കറി ഉൽപ്പാദനം, പാർപ്പിടം, പൊതുവിദ്യാഭ്യാസം, പൊതുആരോഗ്യം എന്നീ മേഖലകളിൽ നി

യതമായ സംസ്ഥാനതല ലക്ഷ്യങ്ങൾ നിർണ്ണയിക്കുകയും തദ്ദേശഭരണ സ്ഥാപനങ്ങളെയും ജനങ്ങളേയും അവ നേടുന്നതിനുവേണ്ടി അണിനിരത്തുന്നതിനുമാണ് ഈ മിഷനുകൾ ശ്രമിക്കുന്നത്. ഈ മിഷനുകളുടെ പ്രവർത്തനങ്ങളെ പ്രാദേശികതലത്തിൽ പുതിയ ക്യാമ്പയിനിൽ ഏകോപിപ്പിക്കും.

535. **സന്നദ്ധപ്രവർത്തകർ**: ജനകീയാസൂത്രണത്തിലെന്നപോലെ സംസ്ഥാനതല റിസോഴ്സ്പേഴ്സൺസും ജില്ലാതല റിസോഴ്സ്പേഴ്സൺസും പ്രാദേശികതല റിസോഴ്സ്പേഴ്സൺസിനെയും പരിശീലിപ്പിച്ചെടുക്കാൻ കഴിയും. അങ്ങനെയെങ്കിൽ അച്ചുതണ്ട് തൊഴിൽ ക്യാമ്പയിൻ ആയിരിക്കുമെങ്കിലും മറ്റെല്ലാ മേഖലകളെയും കൂട്ടിയിണക്കിക്കൊണ്ടുള്ള ഒരു ബൃഹത്തായ ജനകീയ ക്യാമ്പയിനു രൂപം നൽകാനാകും. ജനകീയപ്രസ്ഥാനത്തിന്റെ സ്വാഭാവികമായ സർഗ്ഗാത്മകത നൂതനരീതികൾ ആവിഷ്കരിക്കുന്നതിനും ജനങ്ങളെ ആകർഷിക്കുന്നതിനും സഹായിക്കും. അങ്ങനെ ആസൂത്രണ പ്രക്രിയയിലെ പല ദൗർബല്യങ്ങളെയും മറികടക്കുന്നതിനും അധികാരവികേന്ദ്രീകരണത്തെ ശക്തിപ്പെടുത്തുന്നതിനും കഴിയും.

536. **നിയമം:** ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടേണ്ടതുണ്ട്. അവരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും പുനക്രമീകരിക്കും. ബ്ലോക്ക് പഞ്ചായത്തിന്റെ സാധ്യത വേണ്ടത്ര ഉപയോഗിച്ചിട്ടില്ലായെന്ന് വേണം കരുതാൻ. സമഗ്രമായ സംയോജിത ഇടപെടലുകൾക്ക് നേതൃത്വം നൽകാൻ അവയ്ക്കാവും. ആ രീതിയിൽ ആവും ഈ പുനഃക്രമീകരണം.

537. ഭരണഘടനയുടെ ഷെഡ്യൂൾ 11, 12 എന്നിവയിൽ സൂചിപ്പിച്ചിട്ടുള്ള വിഷയങ്ങളിൽ നിന്ന് കൊണ്ടുതന്നെ പ്രവർത്തനങ്ങൾ പ്രായോഗികമായി, കാലോചിതമായി ചിട്ടപ്പെടുത്തും. Activity mapping നടത്തി, ഓരോ വകുപ്പിനും ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ഓരോ വിഷയങ്ങളിലുമുള്ള പ്രവർത്തനങ്ങളടങ്ങിയ ചുമതലകൾ നിജപ്പെടുത്തും. ഇതിനനുസൃതമായി മാനവശേഷി പുനരാവിഷകരണവും സാമ്പത്തിക വികേന്ദ്രീകരണവും നടത്തും.

538. വകുപ്പുകളും/ഘടക സ്ഥാപനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായിട്ടുളള അകൽച്ച കൂടി വരുന്നു. ഇത് സംയോജിത പ്രവർത്തനങ്ങൾക്കു വളരെ തടസ്സമായി നിൽക്കുന്നു. ഈ പ്രവണതയ്ക്ക് വിരാമമിടുവാനുള്ള നടപടികൾ സ്വീകരിക്കും.

539. **ISO സർട്ടിഫിക്കേഷൻ:** ഗ്രാമ, ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകൾ ഇതിനകം തന്നെ ഐഎസ്ഒ സർട്ടിഫിക്കറ്റ് നേടിയിട്ടുണ്ട്. അത് ഓഫീസ് സംവിധാനങ്ങൾക്ക് മാത്രമായുള്ളതായിരുന്നു. വരുന്ന വർഷങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാ പ്രവർത്തനങ്ങൾക്കും സ്റ്റാൻഡേർഡ്

ഏർപ്പെടുത്തി അതിനനുസൃതമായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് സർട്ടിഫിക്കറ്റ് ഏർപ്പെടുത്തും. ഇവയ്ക്കെല്ലാം സഹായകമായ രീതിയിൽ മാനവ വിഭവശേഷി പുനഃക്രമീകരിക്കും.

540. നഗരങ്ങളിലെല്ലാം സ്വാപ്പ് ഷോപ്പുകൾ ആരംഭിക്കും.
541. **ഊർജ്ജം:** തദ്ദേശഭരണ സ്ഥാപനങ്ങളെ ഊർജോൽപ്പാദനത്തിൽ സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി പഞ്ചായത്തുകളിൽ കമ്മ്യൂണിറ്റി തല സൗരോർജ്ജ ഉൽപ്പാദനവും സംഭരണവും പ്രോത്സാഹിപ്പിക്കും. ഊർജ്ജ ദുർവ്യയം കുറയ്ക്കുന്നതിനുവേണ്ടി ഊർജ്ജ ഓഡിറ്റും പരിഹാര നടപടികളും സ്വീകരിക്കും.
542. **കെ-സ്മാർട്ട്:** അക്ഷയാ കേന്ദ്രങ്ങൾ കെ-സ്മാർട്ട് സംവിധാനവുമായുള്ള ബന്ധം ശക്തിപ്പെടുത്തും. പൗരന്മാർക്ക് കൂടുതൽ ഡിജിറ്റൽ സഹായങ്ങൾ നല്കുന്നതിനുമുള്ള സൗകര്യങ്ങൾ ഉണ്ടാക്കും. താല്പര്യമുള്ളവർക്ക് നേരിട്ട് അപേക്ഷകൾ തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകും.
543. കെ-സ്മാർട്ടിന്റെ രണ്ടാംഘട്ടത്തിൽ എഐ ടൂളുകൾ ഉപയോഗപ്പെടുത്തി പൗരർക്ക് മുൻകൂർ സേവന അറിയിപ്പുകൾ നൽകാനുള്ള ഏർപ്പാടുണ്ടാകും. കുട്ടി ജനിച്ചാൽ ജനന സർട്ടിഫിക്കറ്റും വാക്സിനേഷൻ ഷെഡ്യൂളും തുടങ്ങിയവ ചോദിക്കാതെ തന്നെ വീട്ടിലെ ഫോണിലേക്ക് അയച്ചുകൊടുക്കും.
544. **പ്രോഗ്രസ് റിപ്പോർട്ട്:** സംസ്ഥാന സർക്കാർ ഇതിനകം തന്നെ എല്ലാവർഷവും പ്രോഗ്രസ്സ് റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നുണ്ട്. അത് ജനങ്ങളോടുള്ള ഉത്തരവാദിത്വത്തിന്റെ ഭാഗമായി ഭരണ രംഗത്തുണ്ടായ മാറ്റമാണ്. അതുപോലെത്തന്നെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്രോഗ്രസ്സ് റിപ്പോർട്ട് പ്രസിദ്ധീകരിക്കും. അതിനുള്ള പ്രത്യേക സൂചകങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിക്കും.
545. **ധനകാര്യം:** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ധനസഹായം ലഭ്യമാക്കേണ്ടതുണ്ട്. അതോടൊപ്പം തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗങ്ങൾ വിപുലീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും. നികുതി വരുമാനവും നികുതിയേതര വരുമാനവും വർധിപ്പിക്കുന്നതിനുള്ള മാർഗങ്ങൾ തേടേണ്ടതുണ്ട്.
546. ആറാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കും. കേരള സമൂഹത്തിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ പരിഗണിച്ചുകൊണ്ട് തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള ധനവിന്യാസത്തിൽ മാറ്റം വരുത്തും. നഗരവൽക്കരണവും മുതിർന്ന പൗരന്മാരുടെ അനുപാതവും മാനദണ്ഡങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തും.
547. **ആസൂത്രണം:** ആസൂത്രണസമിതി, വർക്കിങ് ഗ്രൂപ്പുകൾ, ഗ്രാമസഭ/വാർ

ഡ് സഭ, വാർഡ് കമ്മറ്റി, ഊരുകൂട്ടങ്ങൾ, മത്സ്യസഭ എന്നിവയുടെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കണം. ഗ്രാമസഭകളും വികസന സെമിനാറുകളും കൂടുതൽ ക്രിയാത്മകവും ഫലപ്രദവുമാക്കും.

548. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ മാർഗ്ഗരേഖ ലളിതമാക്കി, ജനപങ്കാളിത്തം ഉറപ്പുവരുത്തി, കൂടുതൽ സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അവസരം ഒരുക്കുക എന്നതായിരിക്കണം ഇനിയുള്ള ദൗത്യം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ലക്ഷ്യാധിഷ്ഠിതമാക്കേണ്ടതുണ്ട്. ഇതിനായി സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവൽക്കരണത്തിനായി ആവിഷ്കരിച്ച ചട്ടക്കൂട് കേരളത്തിനായി ചിട്ടപ്പെടുത്തി ഉപയോഗിക്കും.

549. ജലമാലിന്യ നിർമ്മാർജ്ജനത്തിന് ഊന്നൽ നൽകിക്കൊണ്ട് നീർത്തടാധിഷ്ഠിത ആസൂത്രണം നടപ്പിലാക്കും.

550. ആസ്തി രജിസ്റ്ററുകൾ സമഗ്രമായി പുതുക്കും.

551. **ജില്ലാ പദ്ധതി:** വിവിധ വകുപ്പുകൾ, സർക്കാർ ഏജൻസികൾ, മിഷനുകൾ തുടങ്ങിയവയിലൂടെ നടപ്പാക്കുന്ന സ്കീമുകളും പ്രോജക്ടുകളും തദ്ദേശ സ്ഥാപനങ്ങളുടെ വികസന പദ്ധതികളുമായി സംയോജിപ്പിച്ചും സമന്വയിപ്പിച്ചും ആസൂത്രണ ചെയ്തു നടപ്പിലാക്കാൻ നേതൃത്വം നൽകുന്ന സംവിധാനമാക്കി ശക്തിപ്പെടുത്തും.

552. പ്രൊജക്ട് പ്രവർത്തനങ്ങൾ ഓൺലൈനായി ചെയ്യുമ്പോൾ യാന്ത്രികമായി പോവുന്നു എന്ന വിമർശനമുണ്ട്. പ്രൊജക്റ്റ് തയ്യാറാക്കുന്നതിനായി നിർദ്ദേശിച്ചിരിക്കുന്ന നടപടി ക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തും. സോഫ്റ്റുവെയറിൽ സമൂലമായ മാറ്റം വരുത്തേണ്ടതുണ്ട്. തദ്ദേശഭരണ സ്ഥാപന അടിസ്ഥാനത്തിൽ കൃത്യമായ ഡാറ്റ ബെയ്സ് സൃഷ്ടിക്കും.

553. **പരിശീലനം:** ഉദ്യോഗസ്ഥർക്കും സന്നദ്ധപ്രവർത്തകർക്കും - ആസൂത്രണം, പങ്കാളിത്ത ആസൂത്രണം, വിവരശേഖരണം, വിവര വിശകലനം, സമഗ്രപദ്ധതി തയ്യാറാക്കൽ എന്നിവയിൽ വൈദഗ്ധ്യ വികസനത്തിനുള്ള കൃത്യമായ പരിശീലനം നൽകും. അതോടൊപ്പം നിയമപരമായി ഇവ ഭരണ സമിതിക്ക് നൽകേണ്ടത് അവരുടെ ഉത്തരവാദിത്തമായി മാറണം.

554. പ്രാദേശിക സർക്കാരുകളുടെ വികസന പ്രോജക്ടുകളുടെ അറിവുള്ളടക്കവും സാങ്കേതികമികവും ഉറപ്പുവരുത്താൻ ഉന്നതവിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളും പ്രാദേശിക സർക്കാരുകളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തും.

555. **ഗ്രാമസഭകൾ:** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതു അയൽക്കൂട്ടങ്ങൾ, കുടുംബശ്രീ എ ഡി എസ്, ക്ലബ്ബുകൾ, ഗ്രന്ഥശാലകൾ തുടങ്ങിയ സ്ഥാപനങ്ങളെയെല്ലാം ഉൾപ്പെടുത്തി വാർഡ് കൗൺസിലുകൾ ഉണ്ടാ

ക്കും. വാർഡ്/ഗ്രാമ സഭകൾ ചേരുന്നതിനു മുമ്പ് കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അയൽക്കൂട്ടങ്ങൾക്കും മറ്റു സംഘടനകൾക്കും അജണ്ട ചർച്ച ചെയ്യുവാൻ കൊടുക്കുകയും വാർഡ്/ഗ്രാമ സഭകളിലേക്ക് അവർ അയക്കുന്ന പ്രതിനിധികൾക്ക് ചർച്ചയിൽ പങ്കെടുക്കാൻ ആദ്യം അവസരം നൽകുകയും ചെയ്യും.

556. **സ്കിൽബാങ്ക്:** എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും സ്കിൽ ബാങ്കുകൾ രൂപീകരിക്കും. കിടപ്പുരോഗികളല്ലാത്ത വയോജനങ്ങളെ ഈ ബാങ്കുകളിൽ രജിസ്റ്റർ ചെയ്യാൻ പ്രേരിപ്പിക്കും. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യുന്നവർക്കെല്ലാം തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രൊജക്റ്റുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ടോ സ്ഥാപനങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ടോ അതുമല്ലെങ്കിൽ സംരംഭങ്ങളെ സഹായിക്കുന്നതിനോ ചുമതലകൾ നൽകാം.

557. **കില:** യു എൻ യൂണിവേഴ്സിറ്റിയുമായിട്ടുള്ളതുപോലെ മറ്റു രാജ്യങ്ങളിലെ അധികാര വികേന്ദ്രീകരണ പരിശീലന സ്ഥാപനങ്ങളുമായി കിലയുടെ ബന്ധം ശക്തിപ്പെടുത്തണം. നവകേരള ജനകീയാസൂത്രണ ക്യാമ്പയിനിന്റെ വിപുലമായ പരിശീലനത്തിന് അനുയോജ്യമായ വിധത്തിൽ കിലയെ ശക്തിപ്പെടുത്തും. പഠന ഗവേഷണ കഴിവുകൾ വിപുലപ്പെടുത്തും.

## നഗരമേഖലയുടെ പുനഃസംഘടന

558. **നഗരനയം:** ഇന്ത്യയിൽ ഏറ്റവും വേഗതയിൽ നഗരവൽക്കരണം നടക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. രാജ്യത്ത് ആദ്യമായി കേരളമാണ് പ്രത്യേക നഗരനയത്തിനു രൂപം നൽകിയത്. നഗരനയം നടപ്പിലാക്കും. നിലവിലുള്ള നഗര തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇന്നുള്ള ക്ലാസ്സിഫിക്കേഷൻ പുനഃപരിശോധനയ്ക്ക് വിധേയമാക്കും. ജനസംഖ്യ, സാമ്പത്തികം, സ്ഥലമാനം, ഉത്തരവാദിത്വ ഭാരം, ഫങ്ഷണൽ റോൾ, ആവാസ വ്യവസ്ഥ തുടങ്ങിയവ കണക്കിലെടുത്തുകൊണ്ട് റീ ക്ലാസ്സിഫൈ ചെയ്യും. നഗരസഭകൾ ഗ്രേഡ് ചെയ്യുന്നതിന് പ്രത്യേക സൂചകത്തിന് രൂപം നൽകും.

559. **ഭരണപരമായ മാറ്റങ്ങൾ:** മെട്രോപോളിറ്റൻ നഗര ആസൂത്രണ സമിതികൾ രൂപീകരിക്കും. നഗര കൗൺസിലിലെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ എണ്ണം വർദ്ധിപ്പിക്കും. സ്റ്റിയറിംങ് കമ്മിറ്റികളുടെ അധികാരങ്ങൾ വിപുലപ്പെടുത്തും.

560. നഗര തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ഭരണപരവും, ധനപരവുമായ അധികാരം നൽകും. സെക്രട്ടറിയുടെ ധനകാര്യ പരിധി ഉയർത്തും. നഗരസഭകൾക്കുള്ളിൽ ആഭ്യന്തരമായി കൂടുതൽ അധികാരങ്ങൾ ഡെലിഗേറ്റ് ചെയ്യുമെന്ന് ഉറപ്പുവരുത്തും. കോർപ്പറേഷനുകളുടെ വലുപ്പം പരിഗണിച്ച് സോണൽ തലത്തിൽ കൂടുതൽ അധികാരങ്ങൾ ഡെലിഗേറ്റ് ചെയ്യുന്നതു പരിഗണിക്കും. പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഇതു സഹായകരമാകും.

561. സ്റ്റാഫ് പാറ്റേൺ പ്രൊഫഷണലൈസ് ചെയ്യുകയും സ്റ്റാൻഡേർഡൈസ് ചെയ്യുകയും ചെയ്യും. കൂടുതൽ സ്പെഷ്യലൈസ്ഡ് എൻജിനീയർമാരെ നിയോഗിക്കും. പ്രൊജക്ടുകൾ ഡിസൈൻ ചെയ്യുന്നതിനും നടപ്പാക്കുന്ന തിനും കൺസൾട്ടൻസി സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് മാർഗ നിർദ്ദേശങ്ങൾ നൽകും.

562. നഗരഭരണവുമായി ബന്ധപ്പെട്ട സമഗ്രമായ സ്ഥിതിവിവരശേഖരം സൃഷ്ടി ക്കും. കെ-സ്മാർട്ട് സമ്പൂർണ്ണമാക്കും. സുതാര്യതയ്ക്ക് ഡിജിറ്റൽ ഡാഷ് ബോർഡുകൾ ഉണ്ടാവും.

563. **പങ്കാളിത്തം:** നഗരഭരണത്തിൽ പങ്കാളിത്ത വേദികൾ കൂടുതൽ സൃഷ്ടി ക്കേണ്ടതുണ്ട്. വാർഡ്സഭകൾ പ്രവർത്തനക്ഷമമാവണം. വാർഡ് സഭ കൗൺസിൽ ഉണ്ടാക്കാം. നഗരസഭകളുടെ വലിപ്പം പരിഗണിച്ചുകൊണ്ട് വി കസന പാരിസ്ഥിതിക ഭൂപ്രകൃതി പരിഗണനകൾ കണക്കിലെടുത്തുകൊ ണ്ട് ഏതാനും ഡിവിഷനുകൾ ചേർത്ത് മേഖല സമിതികൾ രൂപീകരിക്കും. റെസിഡൻഷ്യൽ അസോസിയേഷനുകളെ വാർഡ് സഭകളുമായി ഔപചാ രികമായി ബന്ധപ്പെടുത്തും. അയൽക്കൂട്ടങ്ങൾ, ഗ്രന്ഥശാലകൾ, ക്ലബ്ബു കൾ എന്നിവയ്ക്കും പ്രത്യേക സ്ഥാനം നൽകാം. വാർഡ് സഭകൾ ചേരുന്നതിനു മുൻപ് അജണ്ട ഇത്തരം വേദികൾക്ക് വിതരണം ചെയ്യുക യും അവരുടെ അഭിപ്രായങ്ങൾ നിയോഗിക്കപ്പെട്ട പ്രതിനിധികൾ വഴി വാർഡ് സഭയിൽ ഉന്നയിക്കുന്നതിനു സന്ദർഭം നൽകുകയും ചെയ്യും.

564. **നിയമപരമായ മാറ്റങ്ങൾ:** കേരള മുനിസിപ്പൽ ആക്ട് നവകേരള നഗരനയ ത്തിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിക്കും. ഈസ് ഓഫ് ഡൂയിങ്ങിനും ഈസ് ഓഫ് ലിവിങ്ങിനും പ്രാധാന്യം നൽകും.

565. **ധനകാര്യം:** മുനിസിപ്പൽ ധനകാര്യത്തിൽ പൊളിച്ചെഴുത്ത് ഉണ്ടാവണം. തനത് വരുമാനം വർധിപ്പിക്കാൻ നടപടികൾ സ്വീകരിക്കും. റവന്യൂ കള ക്ഷൻ ഡിജിറ്റലൈസ് ചെയ്യും. അക്കൗണ്ടിംഗ് ഓഡിറ്റ് സംവിധാനത്തെ പ്രൊഫെഷനലൈസ് ചെയ്യും.

566. KURDFC പുനഃസംവിധാനം ചെയ്യും. മുനിസിപ്പൽ ബോണ്ടുകൾ ഇറക്കു വാൻ അനുമതി നൽകും. ഇതിനും മറ്റ് ധനകാര്യ കാര്യങ്ങൾക്കും മേൽ നോട്ടം വഹിക്കാൻ ഒരു ബോർഡ് ഓഫ് റവന്യു സംസ്ഥാനതലത്തിൽ രൂപീകരിക്കും.

567. **പൊതു-സ്വകാര്യ പങ്കാളിത്തം:** പബ്ലിക് (P) പ്രൈവറ്റ് (P) പാർട്ണർഷിപ്പ് (P) അടിസ്ഥാനത്തിലുള്ള PPP പ്രൊജക്ടുകളെയും പബ്ലിക് (P) പ്രൈവറ്റ് (P) പീ പ്പിൾ (P) പാർട്ണർഷിപ്പ് (P) അടിസ്ഥാനത്തിലുള്ള PPPP പ്രൊജക്ടുകളെ യും പ്രോത്സാഹിപ്പിക്കും. സ്പെഷ്യൽ പർപ്പസ് വെഹിക്കിൾസ് (SPV) സംവിധാനങ്ങൾ വഴിയുള്ള വിഭവ ശേഖരണത്തെയും പദ്ധതി നിർവ്വഹണ ത്തേയും പ്രോത്സാഹിപ്പിക്കുന്നതാണ്.

568. ശുചിത്വ മേഖലയിലുള്ള മിഷൻ, കമ്പനി, മറ്റ് ഏജൻസികൾ എല്ലാം സം

യോജിപ്പിച്ച് വേസ്റ്റ് മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കും.

569. **കില:** കിലയെ നഗരഭരണത്തിന്റെ സെന്റർ ഓഫ് എക്സലൻസ് ആയി വളർത്താൻ നടപടി സ്വീകരിക്കും. അക്കാദമിക് സ്ഥാപനങ്ങളും, ഗവേഷണസ്ഥാപനങ്ങളും, സന്നദ്ധ സംഘടനകളുമായുള്ള നഗരസഭയുടെ ബന്ധങ്ങൾ പ്രോത്സാഹിപ്പിക്കും.
570. **ആസൂത്രണം:** നഗരങ്ങളിൽ സർഗ്ഗാത്മക സാംസ്കാരിക വേദികൾ സൃഷ്ടിക്കും. പൊതു സ്ഥലങ്ങൾ ഇതിനായി ഉപയോഗപ്പെടുത്തും. സുരക്ഷിത രാത്രികാല കൂടിച്ചേരലിന് മാനവീയം വീഥി പോലുള്ള ഇടങ്ങൾ ഉണ്ടാവണം. സാംസ്കാരിക ഇടനാഴികൾ സൃഷ്ടിക്കും. മ്യൂസിയങ്ങൾ, ഗാലറികൾ, സംഗീത നാടക ശാലകൾ എന്നിവ അനിവാര്യമാണ്.
571. SDG (സുസ്ഥിര വികസന ലക്ഷ്യങ്ങൾ) യുടെ പ്രാദേശികവൽക്കരണ റിപ്പോർട്ട് തയ്യാറാക്കും. നഗര ദുരന്ത നിവാരണ റിപ്പോർട്ട് പരിഷ്കരിക്കും.
572. നഗരത്തെ വളർച്ചാ ഹബ്ബായി മാറ്റുന്നതിനുള്ള സമഗ്ര എക്കണോമിക് പ്ലാനും അതോടു ബന്ധപ്പെടുത്തിയുള്ള സ്ഥാനമാന പ്ലാനും ശാസ്ത്രീയമായി തയ്യാറാക്കും.

## മാലിന്യസംസ്കരണം

573. **ജൈവമാലിന്യം:** കേരളത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന 100 ശതമാനം ജൈവമാലിന്യങ്ങളും ശാസ്ത്രീയ പരിപാലനത്തിലൂടെ സംസ്കരിക്കുന്നത്തിനുള്ള സംവിധാനം ഒരുക്കും. ഇതുവഴി 100 ശതമാനം വിഭവ വീണ്ടെടുക്കലും, കാർഷിക മാലിന്യങ്ങൾ 100 ശതമാനം സമാഹരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള സംവിധാനങ്ങളും നടപടികളും ഉറപ്പാക്കും.
574. ഇനിയും 30 ശതമാനത്തോളം ജൈവ മാലിന്യ സംസ്കരണ സംവിധാനം സജ്ജീകരിക്കേണ്ടതുണ്ട്. ഇതിനായി ഗാർഹിക-കമ്മ്യുണിറ്റി-സ്ഥാപനതലങ്ങളിലെ സംവിധാനങ്ങൾ സംയോജിപ്പിച്ച സമഗ്രമായ രീതി അവലംബിക്കും. ജൈവ മാലിന്യങ്ങളിൽ നിന്നുമുള്ള വിഭവങ്ങൾ കമ്പോസ്റ്റ്, ബയോഗ്യാസ്, സ്ലറി തുടങ്ങിയവയിലൂടെ പരമാവധി പുനരുപയോഗിക്കുന്നതിനും, മണ്ണിനെ സമ്പുഷ്ടീകരിക്കുന്നതിനും വേണ്ടി ഉപയോഗിക്കും. ഒപ്പം തന്നെ ഇവയിൽ നിന്നും മൂല്ല്യവർധിത വസ്തുക്കൾ ആയ വളർത്തുമൃഗങ്ങൾക്കുള്ള തീറ്റ, അവശ്യ എണ്ണകൾ (Essential oils) എന്നിവ ഉൽപാദിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കും.
575. നഗരങ്ങൾ കേന്ദ്രീകരിച്ചു മാർക്കറ്റുകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ഉണ്ടാകുന്ന ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് വേണ്ടി ബയോ CNG പ്ലാന്റുകൾ നിലവിൽ തിരുവനന്തപുരം, കൊല്ലം, ചങ്ങനാശ്ശേരി, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട് എന്നീ ഏഴ് നഗരങ്ങളിൽ നിർമ്മിക്കുന്നുണ്ട്. ഇവ മറ്റു പട്ടണങ്ങളിലേക്കും വ്യാപിപ്പിക്കും. അതോ

ടൊപ്പം നിലവിൽ പ്രവർത്തനരഹിതമായി കിടക്കുന്ന സംവിധാനങ്ങൾ പ്രവർത്തനക്ഷമമാക്കുകയും നിലവിലുള്ളവയുടെ അറ്റകുറ്റപണികളും, ഇതിനായി O&M (Operation and Maintenance) പദ്ധതികളും ഉറപ്പാക്കും. ഇതോടൊപ്പം മാലിന്യത്തിന്റെ ശേഖരണം മുതൽ സംസ്കരണം വരെയുള്ള പ്രവർത്തനങ്ങൾ ഡിജിറ്റൽവൽക്കരിച്ച് കാർബൺ, മീഥേയിൻ ക്രെഡിറ്റ്കൾ ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകും.

576. **അജൈവ മാലിന്യം:** അജൈവ മാലിന്യ പരിപാലനത്തിനായി സംഭരണ കേന്ദ്രങ്ങൾ വിപുലപ്പെടുത്തും. ഇതോടൊപ്പം യന്ത്രസംവിധാനങ്ങളിലൂടെ അവയെ ആധുനികവൽക്കരിക്കും.

577. പുന:ചംക്രമണ സാധ്യമായ പാഴ് വസ്തുക്കൾ പരമാവധി പുന:ചംക്രമണം ചെയ്യുകയും ഇതിനായി സംസ്ഥാനത്തിനകത്ത് റീസൈക്ലിങ് പ്ലാന്റുകൾ ആരംഭിക്കും.

578. റിജക്റ്റ് മാലിന്യം സംസ്കരിച്ചു അതിൽനിന്നും ഊർജം ഉദ്പ്പാദിപ്പിക്കുന്നതിൽ സ്വയം പര്യാപ്തത കൈവരിക്കാൻ RDF(Refuse-Derived Fuel) പ്ലാൻറുകൾ സംസ്ഥാനത്ത് സ്ഥാപിക്കും. ഇതോടൊപ്പം ഉൽപാദിപ്പിക്കുന്ന RDFന്റെ നീക്കം ഉറപ്പാക്കാൻ ഇത് ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന വേസ്റ്റ് റ്റു എനർജി പ്ലാന്റും നിർമ്മിക്കും.

579. **സാനിട്ടറി മാലിന്യം:** സാനിട്ടറി മാലിന്യ സംസ്കരണത്തിനായി നിലവിൽ 4 ജില്ലകളിലായി കേന്ദ്രീകൃത പ്ലാന്റ് കൊല്ലം, ഏറണാകുളം, മലപ്പുറം, കണ്ണൂർ ജില്ലകളിലായി സ്ഥാപിക്കുന്നുണ്ട്. നിലവിലുള്ള പ്ലാന്റുകളും ഇനി വരുന്ന പുതിയ പ്ലാന്റുകളും വഴി കേരളത്തിലെ സാനിട്ടറി മാലിന്യത്തിന്റെ പ്രശ്നം പരിഹരിക്കും. ഇതിനായി ഡിജിറ്റൽ മോണിറ്ററിംഗ് സംവിധാനത്തോടെ കൃത്യമായ കളക്ഷൻ, ട്രാൻസ്പോർട്ടേഷൻ പ്ലാൻ ഉണ്ടാക്കും. ഓൺ കോൾ സർവ്വീസും ലഭ്യമാക്കും.

580. സംസ്ഥാനത്തെ ഒറ്റക്കുഴി കക്കൂസുകൾ ശാസ്ത്രീയമായ സെപ്റ്റിക് ടാങ്കുകളായി പരിവർത്തനം ചെയ്യും. ഇതിനു തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സഹായം നൽകും. സാനിറ്ററി മാലിന്യവും ഡയ്പ്പറുകളും സംസ്കരിക്കുന്നതിനു ക്ലസ്റ്റർ അടിസ്ഥാനത്തിൽ സംവിധാനം ഒരുക്കും.

581. സാനിറ്ററി നാപ്കിനുകൾ മൂലമുണ്ടാകുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിന് പരിസ്ഥിതി സൗഹൃദ മെൻസ്ട്രുവൽ കപ്പുകളുടെ ഉപയോഗവും വിതരണവും വ്യാപകമായി നടപ്പിലാക്കും.

582. കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിന് നഗരങ്ങൾ കേന്ദ്രീകരിച്ചു സാദ്ധ്യമായ ജില്ലാ-ബ്ലോക്ക് കേന്ദ്രങ്ങളിലും എഫ്.എസ്.ടി.പികളും മൊബൈൽ എസ്.ടി.പികളും സ്ഥാപിക്കും.

583. **ഇലക്ട്രോണിക് മാലിന്യശേഖരണം:** നിലവിൽ 254 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാത്രമാണ് ഇലക്ട്രോണിക് മാലിന്യശേഖരണം നടക്കുന്ന

ത്, ഇത് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കും, ഇതിനായി ഇ-മാലിന്യ ശേഖരണ-സംഭരണ സംവിധാനം ശക്തിപ്പെടുത്തി കേരളത്തിൽ ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ ഇ-വേസ്റ്റ് സംസ്കരണ പ്ലാന്റ് ആരംഭിക്കും.

584. ആപൽക്കരമായ മാലിന്യങ്ങൾ പരിപാലിക്കുന്നതിനുള്ള സാനിട്ടറി ലാൻഡ്ഫില്ലുകൾ സ്ഥാപിക്കും. കെട്ടിട നിർമ്മാണ മാലിന്യം ശേഖരിക്കുന്നതിനും തരംതിരിക്കുന്നതിനും സംസ്കരിക്കുന്നതിനും സ്വകാര്യ സംരംഭകരുമായി ചേർന്ന് ഇതിനായുള്ള പ്ലാന്റുകൾ സ്ഥാപിക്കും. ഒപ്പം തന്നെ ഇതിനായുള്ള സംഭരണകേന്ദ്രങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സജീകരിക്കും.

585. വീടുകളിൽ ഉൽപാദിപ്പിക്കപ്പെടുന്ന ബയോ മെഡിക്കൽ മാലിന്യം ശേഖരിക്കുന്നതിന് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, വീടുകൾ, ഫാർമസികൾ എന്നിവയെ സംയോജിപ്പിച്ച് ശേഖരണ ശൃംഖല സൃഷ്ടിക്കും.

586. സോളാർ, ഇലക്ട്രിക് വാഹനങ്ങളിൽ ഉപയോഗിക്കുന്ന ബാറ്ററി തുടങ്ങിയ പുതുതലമുറ മാലിന്യങ്ങൾക്കും ശേഖരണ സംസ്കരണ സംവിധാനങ്ങൾ സജ്ജീകരിക്കും.

587. **ഹരിത കർമ്മ സേന:** തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ പൊതുജനങ്ങളുടെ മാലിന്യ സംസ്കരണവുമായി ബന്ധപെട്ട എല്ലാവിധ ആവശ്യങ്ങളും സംരംഭ രൂപേണ പരിഹരിക്കുന്ന ഗ്രീൻ ടെക്നോളജി സെന്ററുകളായി ഹരിത കർമ്മ സേനകളെ മാറ്റും. ഹരിത കർമ്മ സേനയുടെ സംരംഭ സംവിധാനം ശക്തിപ്പെടുത്തി, ജില്ലാ-സംസ്ഥാന തലത്തിൽ ഫെഡറേഷനുകൾ രൂപീകരിച്ചു, ക്ലീൻ കേരള കമ്പനിയുമായി ചേർന്ന് പുനചംക്രമണ യൂണിറ്റുകൾ തുടങ്ങുന്ന തലത്തിലേക്ക് പ്രവർത്തനം ഉയർത്തും. ഇതിനായി കുടുംബശ്രീ വഴി ഹരിത കർമ്മ സേനയ്ക്കായി പ്രത്യേക ബിസിനസ് വികസന വിഭാഗവും ഹരിത കർമ്മസേനക്ക് വ്യക്തമായ സംരംഭ ഘടനയും ഉറപ്പാക്കും. ഹരിത കർമ്മ സേനയുടെ പ്രതിവർഷ വരുമാനം 600 കോടിയിൽ നിന്നും 1000 കോടിയിലേക്ക് ഉയർത്തും.

588. **ദ്രവമാലിന്യം:** 2024-ലെ ജനസംഖ്യ പ്രകാരം, കേരളത്തിൽ സൃഷ്ടിക്കപ്പെടുന്ന മൊത്തം ദ്രവ മാലിന്യത്തിന്റെ അളവ് 3,999 MLD (നഗര പ്രദേശങ്ങളിൽ നിന്ന് 1018 MLD, ഗ്രാമപ്രദേശങ്ങളിൽ നിന്ന് 2,981 MLD) ആണ്. സംസ്ഥാനത്തിന്റെ സ്ട്രാറ്റജി, നഗര തദ്ദേശ സ്ഥാപനങ്ങളിലെ (ULBs) core സാനിറ്റേഷൻ സോണുകളിൽ നെറ്റുവർക്ക് അടിസ്ഥാനത്തിലുള്ള സീവെജ് മാലിന്യശുദ്ധീകരണ നിലയങ്ങൾ (STPs) സ്ഥാപിക്കുകയും, ഇവയ്ക്ക് പുറത്തുള്ള പ്രദേശങ്ങളിലും കക്കൂസ് മാലിന്യ ശുദ്ധീകരണ നിലയങ്ങൾ (FSTPs) സ്ഥാപിക്കുകയും ചെയ്യും.

589. 2031 ഓടെ കുറഞ്ഞത് 30% മലിനജല പുനരുപയോഗം എന്ന ലക്ഷ്യം സാധ്യമാക്കും. നഗരങ്ങളിലും ഗ്രാമങ്ങളിലും സൃഷ്ടിക്കപ്പെടുന്ന മലിനജലം മുഴു

വനായും ഒരു വലിയ ശുദ്ധീകരണ പ്ലാന്റിലേക്ക് (STP) കൊണ്ടുപോയി സംസ്ക്കരിക്കുന്നതിന് പകരം, ചെറിയ യൂണിറ്റുകളിലൂടെയോ പ്രാദേശികതലത്തിലോ മലിനജലം ശുദ്ധീകരിച്ച് വീണ്ടും പ്രയോജനപ്പെടുത്തുന്ന വികേന്ദ്രീകൃത സംവിധാനങ്ങളായ ബയോ-ഡൈജസ്റ്റർ, കൺസ്ട്രക്റ്റഡ് വെറ്റ്ലാൻഡ്സ്, മെമ്പ്രെയിൻ ബയോ-റിയാക്ടറുകൾ, വികേന്ദ്രീകൃത ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ (FSTPs) എന്നിവയുടെ വ്യാപനത്തിലൂടെ മലിനജലം ഉത്പാദിപ്പിക്കുന്ന സ്ഥലത്തിനടുത്ത് തന്നെ ശുദ്ധീകരിക്കുകയും പരമാവധി പുനരുപയോഗം നടത്തുകയും ചെയ്യാം.

590. **സ്കൂളുകൾ:** നിലവിൽ ഒന്ന് മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിൽ മാലിന്യ സംസ്കരണം പഠനവിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രായോഗിക പ്രവർത്തനങ്ങളിലൂടെയും വിദ്യാലയ അന്തരീക്ഷത്തിലെ സൗകര്യങ്ങളിൽ മാറ്റങ്ങൾ വരുത്തിയും മാലിന്യപരിപാലനം കുട്ടികളുടെ ശീലത്തിന്റെ ഭാഗമാക്കാൻ കഴിയുന്ന തരത്തിൽ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തും.

591. **സർക്കാർ സ്ഥാപനങ്ങൾ:** സർക്കാർ വകുപ്പുകളുമായി ബന്ധപെട്ട സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനായി, എല്ലാ വകുപ്പുകളും ബജറ്റിൽ വിഹിതം മാറ്റി വയ്ക്കുന്നതാണ്. വകുപ്പുകളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ കാലഹരണപ്പെട്ട വാഹനങ്ങൾ ഉൾപ്പെടെയുള്ള മൂവബിൾ (Movable) ആസ്തികൾ ക്ലീൻ കേരള കമ്പനി വഴി സങ്കീർണ്ണതകൾ ഒഴിവാക്കി അതിവേഗം സംസ്കരണത്തിന് കൈമാറുന്ന തരത്തിലുള്ള പ്രത്യേക ക്രമീകരണം കൊണ്ടുവരും. പോലീസ് സ്റ്റേഷനുകളോട് ചേർന്ന് കാണുന്ന ഡംമ്പിങ് യാർഡുകൾ ഇല്ലാതാക്കും. ഇതിനായി പ്രത്യേക സംഭരണ കേന്ദ്രങ്ങൾ നിർമ്മിക്കും.

592. **ഏകോപനം:** മാലിന്യ സംസ്കരണ മേഖലയിൽ സംസ്ഥാന ശുചിത്വ മിഷൻ, KSWMP, IMPACT – Kerala, കുടുംബശ്രീ മിഷൻ, ക്ലീൻ കേരള കമ്പനി, കില, ഹരിത കേരള മിഷൻ തുടങ്ങിയ ഒട്ടേറെ സംവിധാനങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിനോട് ചേർന്നു പ്രവർത്തിക്കുന്നുണ്ട്. ഇവയുടെയെല്ലാം സാങ്കേതിക കാര്യക്ഷമത ഉയർത്തേണ്ടതുണ്ട്. ഇതോടൊപ്പം അവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സംവിധാനം കൊണ്ടുവരും. ക്ലീൻ കേരള കമ്പനിയുടെ ബിസിനസ് വിപുലീകരിക്കുന്നതിനും കാര്യക്ഷമത വർധിപ്പിക്കുന്നതിനും പ്രായോഗിക ജ്ഞാനമുള്ള വിദഗ്ധരെ ഉൾകൊള്ളിച്ചുകൊണ്ട് സ്ഥാപന ഘടന പരിഷ്കരിക്കും.

593. **സ്വകാര്യ പങ്കാളിത്തം:** സർക്കാർ - സ്വകാര്യ പങ്കാളിത്തം വളർത്തേണ്ടതുണ്ട്. ഇതിനായി സംരംഭകർക്ക് പ്രത്യേക പ്രോത്സാഹനങ്ങൾ, നികുതിയിളവുകൾ, സൗകര്യങ്ങൾ എന്നിവ നൽകുന്നതാണ്.

594. **ജലാശയങ്ങൾ:** ജലാശയങ്ങളിലെ/ജലസ്രോതസ്സുകളിലെ BOD (Biological Oxygen Demand), E-Coli അളവ് എന്നിവ കുറയ്ക്കുന്നതിനായി അവയുടെ

പരിസരങ്ങളിലെയും പോഷക നദികൾ, കനാലുകൾ എന്നിവയുടെ പരിസരങ്ങളിലെയും കക്കൂസ് മാലിന്യങ്ങൾ, മലിനജലം എന്നിവ കൃത്യമായി സംസ്കരിക്കുമെന്ന് ഉറപ്പുവരുത്തും. ഒപ്പംതന്നെ ഈ ജലാശയങ്ങളിലേക്കുള്ള അനധികൃത അഴുക്കുചാലുകൾ പൂർണ്ണമായും അടയ്ക്കും.

595. ജലാശയങ്ങളുടെ മലിനീകരണം ഒഴിവാക്കുന്നതിനോടൊപ്പം നിലവിലെ മാലിന്യങ്ങൾ നീക്കംചെയ്തു ജലാശയങ്ങളെ പൂർവസ്ഥിതിയിലേക്ക് വീണ്ടെടുക്കേണ്ടതുണ്ട്. ഹരിത കേരളം മിഷൻ ആവിഷ്കരിച്ചിട്ടുള്ള പുഴകളും നീർച്ചാലുകളും വീണ്ടെടുക്കാനും കുളങ്ങൾ പുനരുദ്ധരിക്കാനുമുള്ള സ്കീമുകൾ മുന്നോട്ട് കൊണ്ടുപോകും. അതോടൊപ്പം കായലുകൾ വൃത്തിയാക്കുന്നത് യുദ്ധകാലാടിസ്ഥാനത്തിൽ ഏറ്റെടുക്കും.

596. കുളവാഴകൾ നീക്കം ചെയ്യുന്നതിന് ബ്ലോക്ക് പഞ്ചായത്തുകളുടെ ആഭിമുഖത്തിൽ ഡീ-വീഡറുകൾ ഉപയോഗപ്പെടുത്തും. ബയോഗ്യാസ്, ബയോ ഫെർട്ടിലൈസർ, കരകൗശല വസ്തുക്കൾ എന്നിവ നിർമ്മിക്കുന്നതിനുള്ള മികച്ച അസംസ്കൃത വസ്തുവാണ് കുളവാഴ.

597. കടലിലേക്ക് എത്തിച്ചേർന്ന മാലിന്യം മത്സ്യബന്ധനത്തൊഴിലാളികൾ വഴി ശേഖരിക്കുന്നതിനു സംവിധാനം ഉണ്ടാക്കും. ഇതിനായി ശുചിത്വസാഗരം പദ്ധതി വിപുലീകരിക്കും.

598. **ഗ്രീൻ പ്രോട്ടോക്കോൾ:** മാലിന്യത്തിന്റെ അളവ് കുറക്കാൻ 100% സ്ഥാപനങ്ങളിലും പൊതുപരിപാടികളിലും തീർത്ഥാടന-ഉത്സവ കേന്ദ്രങ്ങളിലും ഗ്രീൻപ്രോട്ടോക്കോൾ നിയമാനുസൃതം ഉറപ്പാക്കും. സ്ഥാപനങ്ങളുടെ പർച്ചേസ്, പ്രൊക്കുയർമെന്റ്, മെറ്റീരിയൽ യൂസ്, വിഭവ ഉല്പാദനം, തൊഴിൽ നൈപുണ്യം തുടങ്ങിയ വിഭവ ഉപഭോഗ പ്രക്രിയകളിൽ നിയമാനുസൃത നടപടിയായി ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കും. തദ്ദേശഭരണ സ്ഥാപനങ്ങൾ ഇവയ്ക്കു മേൽനോട്ടം വഹിക്കും.

599. പഞ്ചായത്ത് - നഗരസഭകളിൽ മാലിന്യ പരിപാലനത്തിന് പ്രൊഫഷണൽസിന്റെ പ്രത്യേക കേഡർ കൊണ്ടുവരും.

600. സർക്കുലർ എക്കോണമി, ക്ലൈമറ്റ് റെസീലിയൻസ് സമീപനങ്ങളുടെ അടിസ്ഥാനത്തിലായിരികും കേരളത്തിലെ മാലിന്യ പരിപാലന പരിപാടി നടപ്പാക്കുക. ഉന്നതവിദ്യാഭ്യാസ രംഗത്ത് വിദ്യാർത്ഥികൾക്ക് ഇന്റൻഷിപ്പ്, ഗവേഷണ പ്രോത്സാഹനം, തൊഴിൽ പരിശീലനം, സ്റ്റാർട്ട് അപ്പ് എന്നിവയ്ക്കായി പ്രത്യേക പ്രോഗ്രാം ആരംഭിക്കും.

601. **ഹരിത സ്ഥാപനങ്ങൾ:** സുരക്ഷിതമായ മാലിന്യ സംസ്കരണവും ജല സംരക്ഷണ പ്രവർത്തനങ്ങളും സൗന്ദര്യവൽക്കരണവും നടത്തിയും ഊർജ്ജ ഉപയോഗം കുറച്ചും 76704 പൊതുസ്ഥാപനങ്ങൾക്ക് ഹരിത പദവി നൽകി സാക്ഷ്യപത്രം വിതരണം നടത്തി. കൃത്യമായ ഇടവേളകളിൽ അവസ്ഥ വിശകലം നടത്തുകയും കുറവുകൾ പരിഹരിച്ച് ഹരിത പദവി നില നിറുത്തുകയും കൂടുതൽ സ്ഥാപനങ്ങളെ ഹരിത പദവിയിൽ എത്തിക്കുകയും

ചെയ്യും.

## പതിനഞ്ചാം പഞ്ചവത്സര പദ്ധതി

602. പതിനഞ്ചാം പഞ്ചവത്സര പദ്ധതി രേഖ തയ്യാറാക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതാണ്. എന്നാൽ ഇതിനു പ്രാരംഭമായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കഴിഞ്ഞ കാൽനൂറ്റാണ്ടിനിടയിൽ തങ്ങളുടെ പ്രദേശത്ത് ഉണ്ടായ മാറ്റങ്ങളെയും വികസന നേട്ടങ്ങളെയും പരിഹരിക്കേണ്ട പ്രശ്നങ്ങളെയുംകുറിച്ച് സമഗ്രമായ ഒരു അവലോകനം തയ്യാറാക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കും അടുത്ത പഞ്ചവത്സര പദ്ധതിക്കു രൂപം നൽകുക. പതിനഞ്ചാം പഞ്ചവത്സര പദ്ധതിയുടെ രൂപീകരണം "നവകേരളത്തിനു ജനകീയാസൂത്രണം" ക്യാമ്പയിന്റെ ഭാഗമായിട്ടായിരിക്കും സംഘടിപ്പിക്കുക.

## കുടിവെള്ളം

603. സാർവ്വത്രിക ശുദ്ധജലം: മുഴുവൻ വീടുകളിലും കുടിവെള്ളം എത്തിക്കും.
604. ജീവജലം - കേരളം എന്ന പേരിൽ കുടിവെള്ളസുരക്ഷയ്ക്കായി ഒരു ജനകീയ കാമ്പയിൻ സംഘടിപ്പിക്കുന്നതാണ്. ഇതിന്റെ ഭാഗമായി കേരളത്തിലെ കുടിവെള്ള പദ്ധതികളുടെ ഗുണനിലവാരം, ലഭ്യത, ഗുണഭോക്താക്കളുടെ എണ്ണം എന്നിവയെല്ലാം സംബന്ധിച്ച് എല്ലാ കുടിവെള്ള പദ്ധതികളും സോഷ്യൽ ഓഡിറ്റിനു വിധേയമാക്കും. കണ്ടെത്തിയ പ്രശ്നങ്ങളും വിദഗ്ധ നിർദ്ദേശങ്ങളും സംയോജിപ്പിച്ച് ഓരോ പഞ്ചായത്തിനും കുടിവെള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കും. ജൽജീവൻ മിഷൻ ഏറ്റെടുത്തിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ പരിപാടി തയ്യാറാക്കും. ജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിന് ഒരു കർമ്മ പരിപാടി ഓരോ കുടിവെള്ള പദ്ധതിയ്ക്കും ഉണ്ടാക്കും. വിടവുകൾ നികത്താൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും മറ്റു സ്രോതസുകളുടെയും ഫണ്ട് ഉപയോഗപ്പെടുത്തും.
605. കിണർ റീച്ചാർജ്ജിംഗും കുളങ്ങളുടെ പുനരുദ്ധാരണവും മേൽപ്പറഞ്ഞ കർമ്മപരിപാടിയുടെ ഭാഗമാക്കും. ജലസ്രോതസുകളുടെ ഗുണനിലവാരം മോണിറ്റർ ചെയ്യുന്നതിന് സ്കൂൾ ലാബുകളെ ഉപയോഗപ്പെടുത്തും. ജലസ്രോതസുകളുടെ സംരക്ഷണ പരിപാലന പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതി സംവിധാനം ഉപയോഗിക്കപ്പെടുത്തും.
606. എല്ലാ കെട്ടിടങ്ങൾക്കും മഴവെള്ള സംഭരണി/കിണർ റീചാർജ്ജ് നിർബന്ധമാക്കും.
607. **സമഗ്ര കർമ്മ പദ്ധതി:** ജലസ്രോതസുകൾ സംരക്ഷിക്കുന്നതിനും ആവശ്യമായ ശുദ്ധീകരണം ഉറപ്പുവരുത്തുന്നതിനും കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റുന്നതിനും ആവശ്യമുള്ളിടത്തേയ്ക്ക് വിതരണം നീട്ടുന്നതിനും പദ്ധതി തയ്യാറാക്കും. അഞ്ചുവർഷം കൊണ്ട് ഈ കർമ്മ പരിപാടി നടപ്പാ

ക്കുന്ന ചുമതല തദ്ദേശ ഭരണസ്ഥാപനങ്ങളും സർക്കാരും ഏറ്റെടുക്കും. നാശോന്മുഖമായിക്കിടക്കുന്ന ചെറുകിട കുടിവെള്ള പദ്ധതികൾ പുനരുദ്ധരിക്കുന്നതിന് ഗ്രാമീണ റോഡുകളുടെ കാര്യത്തിലെന്നപോലെ ആവശ്യമെങ്കിൽ ഒറ്റത്തവണ പുനരുദ്ധാരണ സ്കീമിന് രൂപം നൽകും. ഫ്ലൂറൈഡ് മാലിന്യം പോലുള്ള പ്രശ്നങ്ങളുള്ള സ്ഥലങ്ങളിൽ റിവേഴ്സ് ഓസ്മോസിസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതാണ്.

608. **ജലനഷ്ടം:** NRW 10 ശതമാനത്തിൽ താഴെ എത്തിക്കും. ഇതിനായി സ്മാർട്ട് വാട്ടർ മീറ്ററുകളും പമ്പ് ഹൗസുകളുടെ ഓട്ടോമേഷനും സൗരോർജ്ജ ജലവിതരണ പ്ലാന്റുകളും ഡിജിറ്റൽ ബില്ലിംഗും അനിവാര്യമാണ്. സമയബന്ധിതമായി പഴക്കംചെന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിന് പരിപാടി തയ്യാറാക്കും. ജലവിതരണ ശൃംഖലയിലെ ചോർച്ച കണ്ടെത്താൻ സെൻസറുകളും ഐ.ഒ.ടി (IoT) സംവിധാനങ്ങളും ഉപയോഗിക്കും. ജലലഭ്യതയും വിതരണവും നിരീക്ഷിക്കാൻ കേന്ദ്രീകൃത ഡാഷ്ബോർഡുകൾ സ്ഥാപിക്കും.

609. **ജല ലബോറട്ടറികൾ:** കേരള വാട്ടർ അതോറിറ്റിക്ക് കൊച്ചിയിൽ State Referal Institute ഉം 14 ജില്ലാ ലബോറട്ടറികളും 71 സബ് ഡിവിഷണൽ ലബോറട്ടറികളുമുണ്ട്. ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കും.

610. **സദ്മാതൃകകൾ:** ജലസംരക്ഷണവും ജലവിനിയോഗവും കൂടുതൽ കാര്യക്ഷമമാക്കാനുള്ള ഒട്ടേറെ മാതൃകാപരമായ പ്രവർത്തനങ്ങൾ പരീക്ഷിക്കപ്പെട്ടിട്ടുണ്ട്. വിജയകരമായ ഇത്തരം പദ്ധതികൾക്ക് വേണ്ടത്ര മുൻഗണനയും ദൃശ്യതയും നൽകുന്ന പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. ജലമേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും അവയെ ത്രിതല പഞ്ചായത്തുകളുമായി നിയമപരമായി ബന്ധപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കും.

611. **വാട്ടർ അതോറിറ്റി:** കേരള വാട്ടർ അതോറിറ്റിയുടെ നഷ്ടം കുറയ്ക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സേവന ഗുണമേന്മ ഉയർത്തുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനും ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കും.

612. ജലശുദ്ധീകരണ പ്ലാൻറുകളുമായി ബന്ധപ്പെട്ട് കുപ്പിവെള്ള പ്ലാൻറുകൾ ആരംഭിച്ച് കുപ്പിവെള്ള വിതരണ പ്രവർത്തനം വിപുലപ്പെടുത്തും. പൊതുയിടങ്ങളിൽ വാട്ടർ എടിഎമ്മുകൾ സ്ഥാപിക്കും.

## പാർപ്പിടം

613. കേരളം ആദ്യത്തെ സമ്പൂർണ്ണ പാർപ്പിട സംസ്ഥാനം: ലൈഫ് മിഷൻ വഴി അഞ്ച് ലക്ഷത്തിലേറെ കുടുംബങ്ങൾക്ക് വീട് നൽകി. ഇനി അവശേഷിക്കുന്ന കുടുംബങ്ങൾക്കുകൂടി വീട് നൽകുന്നതിന് ലൈഫ് മിഷൻ 2.0

ആരംഭിക്കും. അങ്ങനെ കേരളം രാജ്യത്തെ ആദ്യത്തെ സമ്പൂർണ്ണ പാർപ്പിട സംസ്ഥാനമായി മാറും. സെയ്ഫ് പദ്ധതി തുടരും. ഭൂരഹിതരായ മുഴുവൻ ആളുകൾക്കും കിടപ്പാടം ഉറപ്പുവരുത്തും.

# VII

# സാർവത്രിക ആരോഗ്യ പരിരക്ഷയും ഗുണമേന്മയുള്ള പൊതുവിദ്യാഭ്യാസവും

## സുസ്ഥിര ആരോഗ്യം

614. സംസ്ഥാനത്ത് സാർവത്രിക ആരോഗ്യ പരിരക്ഷ നടപ്പിലാക്കും. എല്ലാവർക്കും സൗജന്യ ചികിത്സ ഉറപ്പുനൽകും. ഇപ്പോൾ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കാസ്പ്) യുടെ കീഴിൽ 42 ലക്ഷം കുടുംബങ്ങൾക്ക് അഷ്വറൻസ് മാതൃകയിൽ ചികിത്സ നൽകുന്നു. ഇന്ന് നിലവിലുള്ള അഞ്ച് ലക്ഷം രൂപയുടെ പരിധി എടുത്തുമാറ്റും. ഇതിനു പകരമായി യുഡിഎഫ് നിർദ്ദേശിക്കുന്നത് 25 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പ്രോഗ്രാമാണ്. ഇത് പൊതു ആരോഗ്യ സംവിധാനത്തെ തകർക്കുന്നതിനേ സഹായിക്കൂ. ഇന്നുള്ള മാതൃകയിൽ പരിധിയില്ലാത്ത ആരോഗ്യ പരിരക്ഷ കാസ്പിൽ ഉറപ്പാക്കും.
615. കാസ്പിനു പുറമേ ഇന്ന് കാരുണ്യ ബെനവലന്റ് ഫണ്ട് (കെ.ബി.എഫ്) പദ്ധതി, മെഡിസെപ്, മറ്റ് ഇൻഷുറൻസ് പദ്ധതികൾ നിലവിലുണ്ട്. ഇവയിൽ ഉൾപ്പെടാത്ത മിസ്സിംഗ് മിഡിൽ വിഭാഗത്തിനായി പ്രത്യേക പങ്കാളിത്ത ആരോഗ്യ ഇൻഷുറൻസ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കും. ഇതുവഴി കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും ആരോഗ്യ പരിരക്ഷ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഉറപ്പുനൽകുന്നു.
616. **ആയുർദൈർഘ്യം:** കേരളത്തിലെ ജീവിതായുസ്സ് 75.1 വർഷം എന്നത് ആഗോള നിലവാരത്തിലുള്ളതാണ്. അതുകൊണ്ട് നാം ഇനി ആരോഗ്യജീവിത ദൈർഘ്യത്തിൽ ഊന്നണം. കേരളത്തിലെ രോഗാതുരത ഗണ്യമായി കുറയ്ക്കുന്നതിന് പ്രതിരോധ കേന്ദ്രീകൃതമായ ആരോഗ്യ സംവിധാനത്തിന് ഊന്നൽ നൽകും. ആരോഗ്യകാര്യമായ വാർധക്യത്തിന് പ്രാധാന്യം നൽകും. ഇതിനായി നിലവിൽ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും വിടവുകൾ നികത്തുകയും ചെയ്യും.
617. **കാൻസർ പ്രതിരോധം:** കാൻസർ രോഗത്തെ പ്രാഥമിക ഘട്ടത്തിൽ തന്നെ കണ്ടെത്തുന്നതിനായി പ്രൈമറി തലത്തിൽ ഇപ്പോൾ നടത്തി വരുന്ന സ്ക്രീനിംഗ് ശക്തിപ്പെടുത്തും. രോഗം സ്ഥിരീകരിക്കുന്നതിനും ചികിത്സ ആരംഭിക്കുന്നതിനുമുള്ള കാലതാമസം ഒഴിവാക്കാൻ താലൂക്ക്, ജില്ലാ ആശുപത്രികളെയും ഇതിനായി കൂടുതൽ സജ്ജമാക്കും. 2031-ഓടെ എല്ലാ ജില്ലകളിലും കുറഞ്ഞത് ഒരു സർക്കാർ ആശുപത്രിയിലെങ്കിലും (മെഡിക്കൽ കോളേജ് അല്ലാത്തവ) റേഡിയേഷൻ യൂണിറ്റുകൾ ആരംഭി

ക്കും. ഗർഭാശയ ഗള കാൻസർ തടയുന്നതിനായി സ്കൂൾ തലം മുതൽ പെൺകുട്ടികൾക്ക് എച്ച്.പി.വി വാക്സിൻ നൽകുന്ന പദ്ധതി നടപ്പിലാക്കും.

618. **ജീവിതശൈലി രോഗങ്ങൾ:** 'നോ യുവർ നമ്പർ' (Know Your Numbers): രക്തസമ്മർദ്ദം, പ്രമേഹം എന്നിവയുടെ കൃത്യമായ അളവ് ഓരോ പൗരനും അറിഞ്ഞിരിക്കുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതി നടപ്പിലാക്കും. കുട്ടികളിലെ അമിതവണ്ണം തടയുന്നതിനായി വിദ്യാലയങ്ങളിൽ പ്രത്യേക 'ന്യൂട്രീഷൻ പോളിസി' കൊണ്ടുവരും. പക്ഷാഘാതം സംഭവിച്ച് 'ഗോൾഡൻ അവറിനുള്ളിൽ' ചികിത്സ ഉറപ്പാക്കാൻ എല്ലാ ജില്ലകളിലും പ്രൈമറി സ്ട്രോക്ക് യൂണിറ്റുകൾ (Shiras Project) സ്ഥാപിക്കും.

619. **മാനസികാരോഗ്യം:** മാനസികാരോഗ്യ ചികിത്സയ്ക്കുള്ള മരുന്നുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുക, മാനസികാരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുക, മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി കൂടുതൽ മാനസികാരോഗ്യ വിദഗ്ധർക്ക് പരിശീലനം നൽകുക തുടങ്ങിയവ നടപ്പിലാക്കും. ഒറ്റപ്പെടൽ അനുഭവിക്കുന്ന വയോധികർക്കായി കമ്മ്യൂണിറ്റി തലത്തിൽ പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കും.

620. **ജനകീയാരോഗ്യ പ്രസ്ഥാനം:** രോഗപ്രതിരോധത്തിൽ ഊന്നിക്കൊണ്ടുള്ള വിപുലമായ ജനകീയ ബോധവൽക്കരണ ക്യാമ്പയിൻ സംഘടിപ്പിക്കും. ആത്മഹത്യകൾ, ലഹരി വസ്തുക്കളുടെ ഉപയോഗം എന്നിവ കുറയ്ക്കുന്നതിനും മാനസിക ആരോഗ്യം ഉയർത്തുന്നതിനുള്ള പ്രചാരണവും ഇതിന്റെ ഭാഗമായി നടത്തും. സ്കൂളുകൾ കേന്ദ്രീകരിച്ച് പഠനം, ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ എന്നിവ കോർത്തിണക്കികൊണ്ടും, വീടുകളിൽ പാരന്റിംഗിന് പ്രാധാന്യം നൽകിക്കൊണ്ടും കുട്ടികളുടെ മാനസിക ആരോഗ്യം ഉയർത്തുന്നതിനും വൃദ്ധജനങ്ങളുടെ കൂട്ടായ്മ പോലെയുള്ള മാർഗ്ഗങ്ങളും ക്യാമ്പയിനിൽ ഉൾപ്പെടുത്തും.

621. **ആരോഗ്യകരമായ വാർദ്ധക്യം:** മുഴുവൻ വയോജനങ്ങളുടെയും ആരോഗ്യ വിവര സഞ്ചയം ഉണ്ടാക്കുകയും അവരുടെ രോഗങ്ങൾ തുടക്കത്തിൽ തന്നെ കണ്ടുപിടിച്ചു ചികിത്സ ഉറപ്പാക്കുകയും ചെയ്യും. ജെറിയാട്രിക് ചികിത്സാ സൗകര്യങ്ങൾ വിപുലപ്പെടുത്തും.

622. അൽഷിമേഴ്സ്, ഡിമെൻഷ്യ തുടങ്ങിയ മറവി രോഗങ്ങളുള്ളവരുടെ ശാരീരിക മാനസിക പ്രശ്നങ്ങളെ നേരിടാനും അതിനനുസരിച്ചുള്ള ഇടപെടലുകളും സർക്കാർ ആരോഗ്യ സംവിധാനങ്ങളിൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.

623. **പാലിയേറ്റിവ്:** മറ്റു വകുപ്പുകളും, തദ്ദേശഭരണ സ്ഥാപനങ്ങളുമായി യോജിച്ച് കിടപ്പുരോഗികളുടെ അവകാശാധിഷ്ഠിത ചികിത്സയും സ്വാന്ത്വന പരിചരണവും ഉറപ്പുവരുത്തും. വീടുകളിലെ സ്വാന്ത്വന പരിചരണത്തെ

ആശുപത്രിയുമായി ബന്ധപ്പെടുത്തും. രോഗികളുടെ വിവരങ്ങൾ തത്സമയം നിരീക്ഷിക്കാൻ മൊബൈൽ ആപ്പുകളും ഡാഷ്ബോർഡുകളും ഉപയോഗിക്കും.

624. **പകർച്ചവ്യാധി നിയന്ത്രണം:** മൃഗസംരക്ഷണ വകുപ്പ്, പരിസ്ഥിതി വകുപ്പ്, ആരോഗ്യവകുപ്പ് എന്നിവയെ ഏകോപിപ്പിച്ചു കൊണ്ട് സൂനോട്ടിക് (Zoonotic) രോഗങ്ങളെ തടയുന്നതിനുള്ള ഏകാരോഗ്യ സമീപനം എല്ലാ ജില്ലകളിലും നടപ്പിലാക്കും.

625. പുത്തൻ പകർച്ചവ്യാധികളുടെ കടന്നുവരവ് മുൻകൂട്ടി കാണുന്നതിനായി എപ്പിഡെമിക് ഫോർകാസ്റ്റിംഗ് സിസ്റ്റം (Epidemic Forecasting System) ക്രമീകരിക്കുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. കേരളാ സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവെൻഷന്റെ (കെ.സി.ഡി.സി.) പ്രാരംഭ ചുമതലകളിൽ ഒന്ന് അതായിരിക്കും. അതോടൊപ്പം തന്നെ ഒരു എപ്പിഡെമിക് ഇന്റലിജൻസ് സംവിധാനം കേരളത്തിലുണ്ടാകണം.

626. **മെഡിക്കൽ ഗവേഷണം:** ഗവേഷണ രംഗത്ത് കേരളത്തെ ഒരു ഹബ്ബാക്കി മാറ്റാനാണ് ലക്ഷ്യമിടുന്നത്. മികച്ച ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നത് നിർബന്ധമാക്കുകയും ഇതിനായി മെഡിക്കൽ കോളേജുകളിൽ പ്രത്യേക ഗ്രാന്റുകൾ അനുവദിക്കുകയും ചെയ്യും. കേരളീയരുടെ ജനിതക പ്രത്യേകതകൾ പഠിക്കുന്നതിനായി ബയോബാങ്കുകൾ സ്ഥാപിക്കും. സ്റ്റേറ്റ് ബോർഡ് ഓഫ് മെഡിക്കൽ റിസർച്ചിനെ ശാക്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

627. **ഹോസ്പിറ്റൽ ഡിസാസ്റ്റർ പ്ലാൻ:** പ്രകൃതിക്ഷോഭങ്ങളും അപകടങ്ങളും നേരിടാൻ എല്ലാ ആരോഗ്യ കേന്ദ്രങ്ങൾക്കും പ്രത്യേക കർമ്മപദ്ധതി നിർബന്ധമാക്കും.

628. **ഭക്ഷണ സുരക്ഷ:** ഹോട്ടലുകൾക്ക് 'ഹെൽത്തി റേറ്റിംഗ്' നൽകുകയും, ഉപയോഗിച്ച എണ്ണ പുനരുപയോഗിക്കുന്നത് (RUCO പദ്ധതി) തടയുകയും ചെയ്യും. 2031-ഓടെ കേരളത്തെ 'ലിറ്റിൽ ഓർ നോ ഫുഡ് പോയിസണിംഗ്' സംസ്ഥാനമാക്കി മാറ്റും.

629. **ഡിജിറ്റലൈസേഷൻ:** മെഡിക്കൽ ഐ.ടി (E-Health) സംവിധാനം 100% പൂർത്തിയാക്കും. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കൂടുതൽ ശക്തിപ്പെടുത്തി സ്പെഷ്യലിസ്റ്റ് സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കും. ഓരോ പൗരനും ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡ് (EHR) ലഭ്യമാക്കും.

630. **ആരോഗ്യ സൗകര്യങ്ങൾ:** കിഫ്ബി സഹായത്തോടെ താലൂക്ക്, ജില്ലാ ആശുപത്രികളുടെ നവീകരണം പൂർത്തിയാക്കും. വർധിച്ച സൗകര്യങ്ങൾക്ക് അനുസരിച്ചുള്ള പുതിയ തസ്തികകൾ സൃഷ്ടിക്കും.

631. ഗ്യാപ് അനലൈസ് ചെയ്ത് ട്രോമ കെയർ നെറ്റുവർക്ക് സംസ്ഥാനത്താകെ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കും.

632. **രോഗ പ്രതിരോധം:** സംസ്ഥാനത്തെ ആന്റി മൈക്രോബിയൽ റസിസ്റ്റൻ

സ് (എ.എം.ആർ) പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമാക്കും. പ്രാഥമിക തലത്തിന് പുറമേ ദ്വിതീയ, ത്രിതീയ തലങ്ങളിലുമുള്ള ആശുപത്രികളെ ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തും.

633. 2031 ആകുമ്പോൾ പേവിഷബാധ മൂലമുള്ള മരണങ്ങൾ കേരളത്തിൽ ഉണ്ടാകാൻ പാടില്ല എന്നതാണ് ലക്ഷ്യം. രോഗ നിർമാർജനം സാധ്യമാകണം. പേവിഷബാധ മൂലമുള്ള മരണങ്ങൾ കുറയ്ക്കുകയെന്ന ലക്ഷ്യം മുൻനിർത്തി കാരുണ്യ ഫാർമസികൾ വഴി, ആന്റി റാബിസ് വാക്സിൻ സബ്സിഡി നിരക്കിൽ ഉൾപ്പെടുത്തി വിതരണം നടത്തണം.

634. എലിപ്പനി പ്രതിരോധത്തിനായി മിഷൻ മാതൃകയിൽ നടപടി കൈകൊള്ളുന്നതാണ്.

635. **ഡയാലിസിസ്:** ഡയാലിസിസ് സൗകര്യമില്ലാത്ത എല്ലാ താലൂക്ക് തല ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കും. അങ്ങനെ, താലൂക്ക് തലം വരെയുള്ള എല്ലാ ആശുപത്രികളിലും ഈ സൗകര്യമുള്ള ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമായി കേരളം മാറും.

636. **മെഡിക്കൽ വിദ്യാഭ്യാസം:** മെഡിക്കൽ കോളെജുകളിലെ സൗകര്യങ്ങൾ വിപുലീകരിക്കും. എല്ലാ മെഡിക്കൽ കോളേജുകളും മെഡിക്കൽ, ദന്തൽ, നഴ്സിംഗ്, ഫാർമസി, പാരാമെഡിക്കൽ എന്നിങ്ങനെ അഞ്ചു സ്ഥാപനങ്ങളുള്ള സമുച്ചയങ്ങളാക്കി മാറ്റുന്നതാണ്.

637. മെഡിക്കൽ കോളേജുകളിൽ ജെറിയാട്രിക്, ഫാമിലി മെഡിസിൻ, ക്രിട്ടിക്കൽ കെയർ, സ്പോർട്ട്സ് മെഡിസിൻ, ക്ലിനിക്കൽ എംബ്രോയോളജി, റേഡിയേഷൻ ഫിസിക്സ്, ജെനറ്റിക്സ്, ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ എന്നിവയിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതാണ്. ഫാർമസി കോളേജുകളിൽ ഡി.ഫാം, എം.ഫാം എന്നിവയും പിഎച്ച്ഡി പ്രോഗ്രാമും ആരംഭിക്കും.

638. മെഡിക്കൽ കോളെജ് അടക്കമുള്ള എല്ലാ ആശുപത്രികളിലെയും സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിക്കും.

639. സർക്കാർ ഡോക്ടർമാരുടെ ആശുപത്രിക്ക് പുറത്തുള്ള മെഡിക്കൽ പ്രാക്ടീസ് പൂർണ്ണമായും അവസാനിപ്പിക്കും.

640. ഒപി സമയം ദീർഘിപ്പിക്കും.

641. കാസർഗോഡ്, വയനാട്, മലപ്പുറം, ഇടുക്കി, കോന്നി മെഡിക്കൽ കോളെജുകൾ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കാൻ പ്രത്യേക പാക്കേജ് പ്രഖ്യാപിക്കും.

642. പബ്ലിക് ഹെൽത്ത് ലബോറട്ടറിയുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും പബ്ലിക് ലബോറട്ടറികൾ സ്ഥാപിക്കുന്നതാണ്. പത്തോളജി, മൈക്രോബയോളജി, ഇമ്മ്യൂണോളജി ഉൾപ്പെടെയുള്ള പരിശോധനകൾ നടത്താൻ സൗകര്യം ഈ ലാബുകളിൽ ഉണ്ടായിരിക്കും.

643. **കെ.എസ്.ഡി.പി:** ഇന്ത്യയിൽ അവശേഷിക്കുന്ന അപൂർവ്വ പൊതുമേഖലാ ഔഷധ നിർമ്മാണ സ്ഥാപനങ്ങളിലൊന്നായ കെ.എസ്.ഡി.പിയുടെ ഉല്പാദനശേഷി വർദ്ധിപ്പിക്കും. സംസ്ഥാനത്തിനകത്തും പുറത്തും ജെനറിക് മരുന്നുകൾ ചുരുങ്ങിയ ചെലവിൽ ലഭ്യമാക്കുന്ന കേന്ദ്രമാക്കി വികസിപ്പിക്കും. ക്യാൻസർ മരുന്ന് പാർക്ക് പ്രവർത്തനം ആരംഭിക്കും.

644. മാതൃ-ശിശു ആരോഗ്യ പരിരക്ഷ കൂടുതൽ ശക്തിപ്പെടുത്തും. മാതൃ മരണ നിരക്ക് 20 ലേക്ക് താഴ്ത്തും.

645. ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ കാർഡ് നൽകുകയും ചികിത്സ ഉറപ്പാക്കുകയും ചെയ്യും.

646. **ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്:** നിയമത്തിന്റെ നടത്തിപ്പ് കാലതാമസം കൂടാതെ പൂർത്തിയാക്കും. ആക്ടുമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന ചെറുകിട, ഇടത്തരം ആശുപത്രികളുടെയും ലബോറട്ടറികളുടെയും പ്രശ്നങ്ങൾ പഠിച്ച് പരിഹരിക്കും. നേഴ്സുമാർക്കും മറ്റ് ആശുപത്രി ജീവനക്കാർക്കും നിയമപ്രകാരം നിശ്ചയിച്ചിട്ടുള്ള സേവന-വേതന വ്യവസ്ഥകൾ സ്വകാര്യ ആശുപത്രികളിൽ പാലിക്കുമെന്ന് ഉറപ്പുവരുത്തും.

647. ബയോ മെഡിക്കൽ വേസ്റ്റ്: പാലക്കാട് ഇമേജിന്റെ മാതൃകയിൽ മെഡിക്കൽ ബയോ മെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ ആവശ്യാനുസൃതം കൂടുതൽ കേന്ദ്രങ്ങളിൽ സംസ്ഥാന സർക്കാർ ആരംഭിക്കുന്നതാണ്. അതിനു പുറമേ മെഡിക്കൽ കോളേജുകളിലും വലിയ സർക്കാർ ആശുപത്രികളിലും മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

## ആയുഷ്

648. ആയുർവേദ ഗവേഷണ രംഗത്ത് ഐ.ആർ.ഐ.എയുടെ പ്രാധാന്യം വലുതാണ്. വിദേശ യൂണിവേഴ്സിറ്റികളുമായി ചേർന്ന് ഗവേഷണം ശക്തിപ്പെടുത്തും ഐ.ആർ.ഐ-യുടെ രണ്ടാം ഘട്ട നിർമ്മാണം പൂർത്തീകരിക്കും.

649. ആയുഷ് സംവിധാനങ്ങളെ ആധുനിക വൈദ്യശാസ്ത്രവുമായി സംയോജിപ്പിച്ചു കൊണ്ടുള്ള സമഗ്ര ആരോഗ്യ സംരക്ഷണ സമീപനം വികസിപ്പിച്ചെടുക്കും. രോഗ പ്രതിരോധം മുതൽ ചികിത്സയും പുനരധിവാസവും വരെ തുടർച്ചയായ പരിചരണം ഇതിലൂടെ ഉറപ്പാക്കാൻ സാധിക്കും.

650. ജീവിതശൈലി രോഗങ്ങളുടെ നിയന്ത്രണത്തിലും സാന്ത്വന, വയോജന പരിചരണത്തിലും ആയുർവേദത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്തും.

651. വയോജനങ്ങൾക്കും കിടപ്പുരോഗികൾക്കും, ഗർഭിണികൾക്കും ആയുഷ് വഴി മാനസികാരോഗ്യ സാന്ത്വന പരിപാടി നടപ്പിലാക്കും.

652. ആയുഷ് മേഖലയിൽ ടൂറിസം, മരുന്നു വ്യവസായം എന്നിവയെ പ്രയോജനപ്പെടുത്തിക്കൊണ്ട് കേരളത്തിലെ സാമ്പത്തിക രംഗത്ത് വിപ്ലവകരമായ

മാറ്റം കൊണ്ടുവരുന്നതിനുള്ള പദ്ധതികൾ അവിഷ്ക്കരിക്കും. കേരളത്തിലെ വിഭവങ്ങളുടെ ലഭ്യത ഉപയോഗപ്പെടുത്തിക്കൊണ്ട് ആയുഷ് ഔഷധ വ്യവസായം ശക്തിപ്പെടുത്തും.

653. എല്ലാ ആയുഷ് സ്ഥാപനങ്ങളിലും സേവനഗുണ നിലവാരവും, സ്ഥാപനങ്ങളുടെ ഭൗതിക നിലവാരവും വർദ്ധിപ്പിക്കുന്നതിന് ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള ആയുഷ് IPHS/NABH സ്റ്റാൻഡർഡൈസേഷൻ നടപ്പിലാക്കും.

654. കുടുംബശ്രീയുമായി സഹകരിച്ചുകൊണ്ട് ആയുർവേദ ഔഷധ സസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് അയൽക്കൂട്ട കൃഷി ആരംഭിക്കും. കാടുകളിൽ നിന്നും മറ്റും ഔഷധങ്ങൾ ശേഖരിക്കുന്നവരുടെ സ്വയംസഹായ സംഘങ്ങൾക്കു രൂപം നൽകും.

655. എല്ലാ പഞ്ചായത്തുകളിലും സർക്കാർ ആയുർവേദ-ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങാനായിട്ടില്ല. അവ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കും. സിദ്ധ-യുനാനി സമ്പ്രദായങ്ങൾക്ക് പ്രചാരമുള്ള സ്ഥലങ്ങളിൽ അവയുടെ സേവനം ആയുഷ് മിഷൻ വഴി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കും.

656. ഹോമിയോപ്പതിയിലെ ഗവേഷണവും വികസനവും പ്രോത്സാഹിപ്പിക്കുന്നതിന് ഡിപ്പാർട്ട്മെന്റ് റിസർച്ച് വിംഗും ലബോറട്ടറിയും ക്ലിനിക്കൽ റിസർച്ച് ഡിവിഷനും ആരംഭിച്ചിട്ടുണ്ട്. ഇവയെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടായി വികസിപ്പിക്കും. ഹോമിയോപ്പതി ഔഷധനിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന ഹോംകോയുടെ ഉല്പാദനശേഷി പൂർണ്ണമായി ഉപയോഗപ്പെടുത്താനുള്ള നടപടി സ്വീകരിക്കും.

## ശിശുക്ഷേമം

657. തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചുള്ള സ്മാർട്ട് അങ്കണവാടികൾ വിപുലീകരിക്കും. തെരഞ്ഞെടുക്കപ്പെട്ട അങ്കണവാടികളിൽ പ്രത്യേക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുവേണ്ടി സൗകര്യമൊരുക്കും.

658. അങ്കണവാടികൾ കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകളായി വികസിപ്പിക്കും.

659. ശിശുസൗഹൃദ മാതൃകാ ഗ്രാമപഞ്ചായത്തുകൾക്കു പ്രോത്സാഹനം നൽകും. ഇതിനു വ്യക്തമായ മാനദണ്ഡങ്ങൾ ആവിഷ്കരിക്കും.

660. കുട്ടികൾക്കുനേരെയുള്ള ആക്രമണങ്ങളും ലൈംഗീകാതിക്രമങ്ങളും പീഡനങ്ങളും ഇല്ലായ്മ ചെയ്യാൻ കർശന നടപടി സ്വീകരിക്കും. ബോധവൽക്കരണം ശക്തിപ്പെടുത്തും. പോക്സോ കോടതികളുടെ എണ്ണം വർദ്ധിപ്പിക്കും. ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തും.

661. വിദ്യാലയങ്ങളിൽ നടക്കുന്ന കലാ – കായിക - സാഹിത്യാദി പരിശീലനങ്ങൾ, ഇവയുടെ പൂർണ്ണമായ സർക്കാർ അംഗീകൃത ലിസ്റ്റ് വിദ്യാഭ്യാസ

വകുപ്പ് വേണ്ടത്ര പൊതുചർച്ചയ്ക്കുശേഷം പുറത്തിറക്കും. ഈ പരിശീലനങ്ങൾക്ക് അക്രെഡിറ്റേഷൻ ഉള്ളവരെ ട്രെയിനർമാരായി പ്രവർത്തിക്കാൻ അനുവാദമുണ്ടാകൂ. ഇത് പൊതുരേഖ ആയിരിക്കും. ഇവരെ സംബന്ധിച്ച് വെബ്സൈറ്റ് വഴി വിവരങ്ങളാരായാൻ സ്കൂൾ പിടിഎയ്ക്കും രക്ഷിതാക്കൾക്കും സൗകര്യമൊരുക്കും. പരിശീലന പ്രവർത്തനങ്ങൾ സിസിടിവിയുടെ കീഴിൽ ആയിരിക്കും.

662. ജനനം മുതൽ 18 വയസ്സുവരെ കുട്ടികൾ നേരിടുന്ന എല്ലാ തീവ്രരോഗങ്ങൾക്കും രോഗങ്ങളുടെ തോത് അനുസരിച്ച് പ്രതിവിധി നൽകുന്നതിനുള്ള ഹൃദ്യം, മിഠായി, ധ്വനി തുടങ്ങിയ പദ്ധതികൾ ശക്തിപ്പെടുത്തും.

663. ഒരു ഹെൽപ്പ് ലൈനിലൂടെ ചൈൽഡ് മാനേജ്മെൻറ് ശക്തിപ്പെടുത്തും. പീഡിയാട്രിക് സേവനങ്ങൾ, വാക്സിനുമായി ബന്ധപ്പെട്ട സംശയങ്ങൾ, എന്നിവയിൽ മർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ കഴിയുന്ന ആരോഗ്യ വിദഗ്ധർ ഹെൽപ്പ് ലൈനിൻറെ ഭാഗമായിരിക്കും.

664. കുട്ടികളുടെ ശാരീരികവും മാനസികവും സാമൂഹ്യവും ആയ ആരോഗ്യം ശക്തിപ്പെടുത്തുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ കൂടി നേതൃത്വത്തിൽ 'കുട്ടികളുടെ കേരളം' പദ്ധതി ജനകീയ ക്യാമ്പയിനായി നടപ്പാക്കും.

## പൊതുവിദ്യാഭ്യാസം

665. **ഗുണമേന്മ:** പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉയർത്തുകയെന്നതാണ് പ്രഥമ ലക്ഷ്യം. ഓരോ ക്ലാസിലും കുട്ടികൾ ആർജ്ജിക്കേണ്ട മിനിമം ശേഷികൾ ഉറപ്പുവരുത്തും. സ്കൂൾ വിദ്യാഭ്യാസത്തിനുള്ള മിനിമം മാർക്ക് നിർബന്ധമാക്കുന്ന പരിഷ്ക്കാരം നടപ്പിൽ വരികയാണ്. ആരെയും അരിച്ചു മാറ്റുവാനല്ല എല്ലാവർക്കും മിനിമം ശേഷി ഉറപ്പുവരുത്തുവാനുള്ള ഉപാധിയാണ് ഇതെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇതിനായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് പരീക്ഷകൾക്ക് മുമ്പ് പ്രത്യേക പഠനപിന്തുണ നൽകാൻ സ്കൂളിൽ അധ്യാപകരെ ഉപയോഗപ്പെടുത്തി പരിപാടി സംവിധാനം ഒരുക്കും. ഇതിനുപുറമെ സ്കൂളിന് പുറത്ത് മുഴുവൻ കുട്ടികൾക്കും അവരവർ പഠിക്കുന്ന ക്ലാസ്സിലെ മിനിമം ശേഷി ഉറപ്പുവരുത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ ജനകീയ സംവിധാനങ്ങളും സൃഷ്ടിക്കും.

666. പ്രൈമറി ക്ലാസ്സുകളിൽ കുട്ടികൾക്ക് ഏറെ പ്രയാസകരമായ ഗണിതപഠനം എങ്ങനെ കൂടുതൽ അർഥപൂർണമാക്കാം എന്ന അന്വേഷണത്തിനായി കെ-ഡിസ്കിന്റെ സഹായത്തോടെ നടത്തുന്ന മഞ്ചാടി പദ്ധതിയും ശാസ്ത്രപഠനം മെച്ചപ്പെടുത്താൻ നടത്തുന്ന മഴവില്ല് പദ്ധതി പോലുള്ള നൂതന വിദ്യാഭ്യാസ രീതികൾ സാർവത്രികമാക്കും.

667. ഇംഗ്ലീഷ് ഭാഷ ഏറ്റവും മികച്ച നിലയിൽ കുട്ടികൾക്ക് സ്വായത്തമാക്കാനു

ള്ള അവസരങ്ങൾ പൊതുവിദ്യാഭ്യാസ ഭാഗമായി ഉറപ്പുവരുത്തും. അതിനായി നൂതന അധ്യയന രീതികൾ അവലംബിക്കും. അതേസമയം കുട്ടികളുടെ ആശയാഗ്രഹണത്തെയും വിശകലനശേഷിയേയും അറിവിൻറെ ഉത്പാദനത്തെയും സഹായിക്കുക മാതൃഭാഷയിലൂടെയുള്ള പഠനമാണ്. ഇതിന്റെ പ്രാധാന്യം രക്ഷിതാക്കളെയും സമൂഹത്തെയും ബോധ്യപ്പെടുത്താനുള്ള ക്യാമ്പയിൻ ആവിഷ്കരിക്കും. അതേസമയത്ത് മറ്റു ഭാഷകൾ മികച്ച നിലയിൽ സ്വാംശീകരിക്കാനുള്ള അവസരവും പൊതു വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഉറപ്പുവരുത്തും.

668. **തൊഴിൽ വിദ്യാഭ്യാസം:** നാഷണൽ സ്കിൽ ക്വാളിഫൈയിങ് ഫ്രെയിം വർക്ക് (NSQF) അടിസ്ഥാനത്തിലുള്ള കോഴ്സുകളാകണം വി.എച്ച്.എസ്.ഇ സ്കൂളുകളിൽ പഠിപ്പിക്കേണ്ടത്. ഇപ്പോൾ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ച സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ എല്ലാ ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിലേക്കും വ്യാപിപ്പിക്കും. ഇങ്ങനെ സൃഷ്ടിക്കുന്ന നൈപുണി പരിശീലനശേഷി വിദ്യാർത്ഥികൾക്കും സ്കൂൾ വിദ്യാഭ്യാസം പൂർത്തീകരിച്ച തൊഴിലന്വേഷകർക്കുവേണ്ടി ഉപയോഗപ്പെടുത്തും.

669. **തൊഴിൽ ആഭിമുഖ്യം:** പാഠ്യപദ്ധതി ചട്ടക്കൂട് 2023ൽ വർക്ക് ഇൻറഗ്രേറ്റഡ് വിദ്യാഭ്യാസം ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമാണ്. വിജ്ഞാനസമൂഹം, പ്രാദേശിക സമ്പദ്ഘടന, അധ്വാനത്തിന്റെ പ്രാധാന്യം എന്നിവയെക്കുറിച്ച് അനുഗുണമായ മനോഭാവം വികസിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കും. നൈപുണി പരിശീലനത്തിന് അതതു സ്കൂളുകളിൽ തന്നെ സജ്ജീകരണങ്ങൾ ഉറപ്പുവരുത്തുന്നതാണ്.

670. **പ്രീ-സ്കൂൾ വിദ്യാഭ്യാസം:** ശാസ്ത്രീയമായ പ്രീ-സ്കൂളിംഗ് സൗകര്യം എല്ലാ കുട്ടിക്കും പ്രാപ്യമായ തലത്തിൽ ഒരുക്കാൻ വേണ്ടി അങ്കണവാടികൾ, സ്കൂളിനോടു ബന്ധപ്പെട്ട പ്രീ-സ്കൂളിംഗ് സൗകര്യങ്ങൾ, സ്വകാര്യ നേഴ്സറികൾ തുടങ്ങിയ ഇടങ്ങളിലെല്ലാം മിനിമം സൗകര്യങ്ങൾ നിഷ്കർഷിക്കും. പൊതുവായ കരിക്കുലം നിർബന്ധമാക്കും. ഇതിനാവശ്യമായ റെഗുലേറ്ററി സംവിധാനവും സൃഷ്ടിക്കും. വിദ്യാഭ്യാസം, വനിതാ ശിശുക്ഷേമം, തദ്ദേശഭരണം തുടങ്ങി ഈ മേഖലയിൽ ഇടപെടുന്ന എല്ലാവകുപ്പുകളേയും ഏകോപിപ്പിക്കും.

671. **ആരോഗ്യം:** പ്രീ-പ്രൈമറി ഘട്ടം മുതൽ വർഷത്തിലൊരിക്കൽ ആരോഗ്യ പരിശോധന നിർബന്ധമാക്കുകയും പി.എച്ച്.സി വഴി ഹെൽത്ത് കാർഡ് വിതരണം ചെയ്യുകയും അതുവഴിയും മറ്റും കണ്ടെത്തുന്ന ഭിന്നശേഷി വിഭാഗം കുട്ടികൾക്ക് നേരത്തെതന്നെ പ്രത്യേകപിന്തുണ ഉറപ്പാക്കും.

672. കേരളത്തിലെ ഒന്നാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെ പഠിക്കുന്ന സ്കൂൾ വിദ്യാർത്ഥികൾക്ക് അപകട/ലൈഫ് ഇൻഷുറൻസ് ഏർപ്പെടുത്തും.

673. **വിവരവിനിമയ സാങ്കേതികവിദ്യ:** ഓപ്പൺ സോഴ്സിനെയും അധ്യാപക

രെയും ഊന്നിക്കൊണ്ടും എല്ലാ വിഷയങ്ങൾക്കുമുള്ള ബോധന പ്രക്രിയയിൽ ഡിജിറ്റൽ സംവിധാനങ്ങൾ ഉപയോഗിക്കുകയും പാഠ്യാനന്തര പ്രവർത്തനങ്ങൾക്ക് സൃഷ്ടിക്കപ്പെട്ട സാങ്കേതിക ശേഷിയെ ഉപയോഗിക്കുകയും ചെയ്യുന്ന KITES-നെ ശക്തിപ്പെടുത്തും. സ്കൂളുകളിൽ ലഭ്യമായ ഡിജിറ്റൽ ശേഷിയെ അധ്യായന പ്രവർത്തനങ്ങൾക്കൊപ്പം പാഠ്യാനുബന്ധ പ്രവർത്തനങ്ങൾക്ക് കൂടുതലായി ഉപയോഗപ്പെടുത്തും.

674. **ഉൾച്ചേർത്ത വിദ്യാഭ്യാസം:** ഭിന്നശേഷി വിദ്യാർത്ഥികളെ പൊതുധാരയിൽ ഉൾച്ചേർക്കുന്നതിന് ഒട്ടേറെ നടപടികൾ കേരളത്തിൽ സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ റിസോഴ്സ് അധ്യാപകരുടെ നിയമനം അനിവാര്യമാണ്. സ്കൂൾ കാലഘട്ടം കഴിഞ്ഞാൽ ഈ കുട്ടികളുടെ റീഹാബിലിറ്റേഷനു പരിപാടിയുണ്ടാക്കും.

675. **പട്ടികവിഭാഗവും തീരദേശമേഖലയും:** ഈ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കുവേണ്ടി പ്രത്യേക പിന്തുണാ പരിപാടികൾ ഈ മേഖലകളെക്കുറിച്ചുള്ള ഖണ്ഡികകളിൽ വിശദീകരിച്ചിട്ടുണ്ട്. ഗോത്രമേഖലയിലെ കുട്ടികളുടെ സാർവത്രിക എൻറോൾമെന്റും റീടെൻഷനും ഉറപ്പാക്കും.

676. അതിഥി തൊഴിലാളികളുടെ മക്കൾക്ക് നമ്മുടെ സ്കൂളുകളിൽ ഉൾച്ചേർക്കുന്നതിനുള്ള പ്രത്യേക സഹായം ലഭ്യമാക്കും.

677. ലഹരി ഉപയോഗം, അതിരു കവിഞ്ഞ സോഷ്യൽ മീഡിയ ആസക്തി തുടങ്ങിയ അനഭലഷണീയമായ പ്രവണതകൾ വിദ്യാർത്ഥികളിൽ വർദ്ധിച്ചുവരുന്നുണ്ട്. ഇവയ്ക്കെതിരെയുള്ള പ്രതിരോധം വിദ്യാഭ്യാസ മാനേജ്മെന്റിന്റെ ഭാഗമാകണം.

678. കുട്ടികളുടെ ജനാധിപത്യ - പൊതുപ്രകടന വേദിയായി സ്കൂൾ പാർലമെൻറ് പ്രവർത്തനം വികസിപ്പിക്കുകയും അവർക്ക് അംഗീകാരവും അവസരവും ലഭ്യമാകുന്ന തരത്തിൽ ക്ലബ്ബുകൾ, ബാലസഭ, സാഹിത്യവേദി തുടങ്ങിയവ പ്രവർത്തനനിരതമാക്കും.

679. **നല്ല ശീലങ്ങൾ:** മാലിന്യനിർമ്മാർജനം ഒരു ജീവിതരീതിയും ജീവിത ശീലവുമായി മാറണം. സ്കൂൾ ക്യാമ്പസ്സുകളെ എങ്ങനെ ശുചിത്വ, ഹരിത, സുരക്ഷിത ക്യാമ്പസ്സുകളായി മാറ്റും. ജല പരിശോധന തുടങ്ങിയവ നടത്തി സമൂഹത്തെ സഹായിക്കുന്ന പ്രവർത്തന ഇടമായി സ്കൂളുകളെ എങ്ങനെ പ്രയോജനപ്പെടുത്തും.

680. **പിന്തുണാ സ്ഥാപനങ്ങൾ:** എസ്.സി.ഇ.ആർ.ടി, സീമാറ്റ്, എസ്.ഐ.ഇ.ടി, കൈറ്റ്, ഡയറ്റ്, ബി.ആർ.സി എന്നിവ ഏറ്റവും മികച്ച വിഭവ കേന്ദ്രങ്ങളും വിഭവസ്രോതസ്സുകളുമാക്കി വളർത്തും.

681. ഡയറ്റിലെ പ്ലാനിങ് ആൻഡ് മാനേജ്മെൻറ് ഫാക്കൽറ്റി കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട് ഡയറ്റുകളെ ജില്ലകളുടെ ഡാറ്റാഹബ്ബ് ആക്കി മാറ്റാൻ പദ്ധതിയുണ്ടാക്കും.

682. **തദ്ദേശഭരണസ്ഥാപനങ്ങൾ:** വിദ്യാഭ്യാസ പ്രൊജക്റ്റുകൾ അവലോകനം

ചെയ്ത് മാർഗനിർദേശങ്ങൾ DPC നൽകണം. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കുട്ടികളുടെ സർഗവാസനകൾ പോഷിപ്പിക്കുന്നതിനും പ്രധാന പങ്കു വഹിക്കാനാവും. കുട്ടികളുടെ സർഗവാസനകൾ അധ്യാപക സഹായത്തോടെ കണ്ടെത്തി ഒരു വിദ്യാഭ്യാസ ക്ലസ്റ്ററിനുള്ളിൽ ഏതെങ്കിലും വിദ്യാലയത്തിൽ ഒരു കലയ്ക്കെങ്കിലും ഉള്ള വാരാന്ത്യ പരിശീലനത്തിന് സംവിധാനം ഒരുക്കും. ഇത്തരത്തിൽ സ്പോർട്സ് ക്ലസ്റ്ററുകൾക്കും രൂപം നൽകും.

683. അധ്യാപക-രക്ഷാകർത്തൃ സമിതികളും എസ്.എം.സികളും കൂടുതൽ ശക്തിപ്പെടുത്തും. കേരളത്തിലെ ഇന്നത്തെ രക്ഷിതാക്കൾ ഏതാണ്ട് എല്ലാവരും തന്നെ പത്താം ക്ലാസ് വരെയെങ്കിലും പഠിച്ചവരായതിനാൽ എല്ലാ ക്ലാസിലും കുട്ടികളുടെ പഠനത്തിൽ രക്ഷാകർത്തൃപങ്കാളിത്തം ഉറപ്പുവരുത്തും. വിദ്യാഭ്യാസ രംഗത്ത് വരുന്ന നൂതനമായ മാറ്റങ്ങൾ രക്ഷിതാക്കളിലേക്കുകൂടി എത്തിക്കുന്നതിനുള്ള രക്ഷാകർത്തൃ വിദ്യാഭ്യാസ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കും.

684. **അധ്യാപക പ്രൊഫഷണൽ വികാസം:** അധ്യാപകർ ആകുന്നതിനു മുമ്പുള്ള പരിശീലനവും അധ്യാപകരായ ശേഷം സേവന കാലത്ത് നടക്കുന്ന പരിശീലനങ്ങളും പുനസംഘടിപ്പിക്കും. അധ്യാപകരെ വിദ്യാഭ്യാസ ആസൂത്രണത്തിലും സംരക്ഷണത്തിലും സജീവപങ്കാളികളാക്കും.

685. ഘടനാപരമായി തുടങ്ങിവെച്ച മാറ്റങ്ങൾ തുടരും. പന്ത്രണ്ടാം ക്ലാസുവരെയുള്ള വിദ്യാഭ്യാസ ഘടന ഏകീകരിക്കാൻ നിലവിൽ ആരംഭിച്ച നടപടികൾ ത്വരിതപ്പെടുത്തും. സർക്കാരിന്റെ പരിഗണനയിലുള്ള വിദഗ്ധസമിതി റിപ്പോർട്ട് 'മികവിനായുള്ള വിദ്യാഭ്യാസം' നിർദേശങ്ങളും വിദ്യാഭ്യാസത്തിലെ തുടർപദ്ധതികൾ ആവിഷ്ക്കരിക്കാൻ പ്രയോജനപ്പെടുത്തും.

## കായികരംഗം

686. **അടിസ്ഥാനസൗകര്യ വികസനം:** കിഫ്ബി പ്രൊജക്റ്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കും. എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും പരിശീലനം ചെയ്യുവാൻ യോഗ്യമായ 200/400 മീറ്റർ ട്രാക്കും അനുബന്ധ മൈതാനവും ഉറപ്പുവരുത്തും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുടെ ഭാഗമായി പബ്ലിക് ഫിറ്റ്നസ് കേന്ദ്രങ്ങൾ സ്ഥാപിക്കും.

687. ഫിറ്റ്നസ് പബ്ലിക് സർവീസ് സിസ്റ്റവും 30-മിനിറ്റ് ഫിറ്റ്നസ് സർക്കിളും: പൊതുജനാരോഗ്യവും കായികവും തമ്മിലുള്ള വിടവ് നികത്തുക എന്നതാണ് അടുത്ത ദശകത്തിലെ പ്രധാന ലക്ഷ്യം. 2036-ഓടെ 60% ജനങ്ങൾക്ക് ക്രമമായ വ്യായാമം ഉറപ്പാക്കും. ഇതിനായി നഗര-ഗ്രാമീണ ഭേദമന്യേ എല്ലാ വാർഡുകളിലും "30-മിനിറ്റ് ഫിറ്റ്നസ് സർക്കിളുകൾ" നിർമ്മിക്കും. അതായത്, ഏതൊരു പൗരനും തന്റെ വീട്ടിൽ നിന്നും, 30 മിനിറ്റ് നടക്കാവുന്ന ദൂരത്തിനുള്ളിൽ ഒരു കളിസ്ഥലമോ, പാർക്കോ, ഓപ്പൺ ജിമ്മോ

ലഭ്യമാക്കും. ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയായിക്കും.

688. **കായിക വിദ്യാഭ്യാസത്തിന്റെ പൊളിച്ചെഴുത്ത്:** വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് കായിക വിദ്യാഭ്യാസത്തെ (PE) ഒരു പ്രധാന വിഷയമായി മാറ്റും. മിഡിൽ സ്കൂൾ, ഹൈസ്കൂൾ എൻട്രൻസ് പരീക്ഷകളിൽ PE സ്കോറുകൾ ഉൾപ്പെടുത്തുന്ന ചൈനീസ് രീതി കേരളത്തിന് അനുയോജ്യമായ രീതിയിൽ പരിഷ്കരിച്ച് നടപ്പിലാക്കുന്നത് പരിഗണിക്കും. എല്ലാ വിദ്യാലയങ്ങളിലും 'വൺ സ്റ്റുഡന്റ്, വൺ സ്പോർട്' (One Student, One Sport) നയം നടപ്പിലാക്കും.

689. **ഫുട്ബോൾ വിപ്ലവം:** എല്ലാ താലൂക്കുകളിലും അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ ടർഫുകളും പരിശീലന കേന്ദ്രങ്ങളും സ്ഥാപിക്കും. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തുല്യ പ്രാധാന്യം നൽകിക്കൊണ്ട് ലീഗ് മത്സരങ്ങൾ സംഘടിപ്പിക്കണം. തദ്ദേശീയ ക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കുകയും അവയെ കമ്മ്യൂണിറ്റി ഹബ്ബുകളായി മാറ്റും.

690. **ക്രിക്കറ്റും മറ്റു സ്പോർട്സുകളും:** ക്രിക്കറ്റ് അസോസിയേഷനുമായി സഹകരിച്ചുകൊണ്ട് കൂടുതൽ ക്രിക്കറ്റ് കളിക്കളങ്ങൾ നിർമ്മിക്കും. വോളിബോൾ, ബാസ്കറ്റ് ബോൾ, ബാഡ്മിന്റൺ തുടങ്ങിയവയ്ക്കുള്ള കളിക്കളങ്ങൾ വിദ്യാലയങ്ങളും, ക്ലബ്ബുകളുമായി ചേർന്ന് നിർമ്മിക്കുന്നതിന് പരിപാടി തയ്യാറാക്കും.

691. **സ്പോർട്സ് സയൻസും നോളജ് എക്കണോമിയും:** തിരുവനന്തപുരം കാര്യവട്ടം യൂണിവേഴ്സിറ്റി ക്യാമ്പസ് പോലെ, സ്പോർട്സ് സയൻസ് ഗവേഷണത്തിന് മാത്രമായി ഒരു 'സ്പോർട്സ് യൂണിവേഴ്സിറ്റി' സ്ഥാപിക്കും. ഇവിടെ സ്പോർട്സ് മെഡിസിൻ, ബയോമെക്കാനിക്സ്, സ്പോർട്സ് മാനേജ്മെന്റ് എന്നിവയിൽ ഗവേഷണം നടക്കണം. സ്പോർട്സ് മേഖലയുമായി ബന്ധപ്പെട്ട സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കും.

692. **സ്ത്രീ സൗഹൃദ കായിരംഗം:** രാത്രികാലങ്ങളിൽ പോലും സ്ത്രീകൾക്ക് സുരക്ഷിതമായി ഉപയോഗിക്കാൻ കഴിയുന്ന വെളിച്ചമുള്ള കളിസ്ഥലങ്ങൾ (Illuminated Playgrounds) ഉറപ്പാക്കും. കായിക ഭരണസമിതികളിൽ 50% സ്ത്രീ സംവരണം ഏർപ്പെടുത്തുന്നത് പരിഗണിക്കും.

693. **കായിക വ്യവസായം:** കായിക ഉപകരണങ്ങളുടെ നിർമ്മാണം, ജേഴ്സി നിർമ്മാണം എന്നിവയ്ക്കായി കുടുംബശ്രീ യൂണിറ്റുകളെയും സഹകരണ സംഘങ്ങളെയും ഉപയോഗപ്പെടുത്തും. 'മെയ്ഡ് ഇൻ കേരള' (Made in Kerala) കായിക ഉപകരണങ്ങൾ ബ്രാൻഡ് ചെയ്ത് വിപണിയിൽ ഇറക്കും. ഫിറ്റ്നസ് ട്രെയിനർമാർ, യോഗ ഇൻസ്ട്രക്ടർമാർ, സ്പോർട്സ് തെറാപ്പിസ്റ്റുകൾ എന്നിങ്ങനെയുള്ള പുതിയ തൊഴിൽ മേഖലകളിൽ യുവജനങ്ങൾക്ക് നൈപുണ്യ പരിശീലനം (Skill Development) നൽകും.

694. **ജീവിതശൈലീ രോഗനിയന്ത്രണം:** ഒബീസിറ്റി (അമിതവണ്ണം), മയോപിയ

(കാഴ്ചക്കുറവ്), മാനസിക സമ്മർദ്ദം എന്നിവ കുറയ്ക്കുന്നതിന് കായിക പ്രവർത്തനങ്ങളെ ഉപയോഗിക്കും. ആരോഗ്യ വകുപ്പുമായി ചേർന്ന് 'സ്പോർട്സ് ഫോർ വെൽനസ്' ക്ലിനിക്കുകൾ ആരംഭിക്കും.

695. **ഇ-സ്പോർട്സ്:** ആഗോള കായിക രംഗത്തെ പുതിയ പ്രവണതയായ ഇ-സ്പോർട്സിനെ (E-Sports) പ്രോത്സാഹിപ്പിക്കും. ഗെയിമിംഗ്, ആനിമേഷൻ, ഗ്രാഫിക്സ് ഡിസൈനിംഗ് തുടങ്ങിയ അനുബന്ധ മേഖലകളിൽ നൈപുണ്യ വികസനം ഉറപ്പാക്കി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സ്പോർട്സ് ഇക്കണോമി മിഷൻ വഴി സൗകര്യമൊരുക്കും.

696. **പരിശീലനം:** സ്പോർട്സ് പരിശീലനം ഏറെ മെച്ചപ്പെടേണ്ടതുണ്ട്. ഇതിനായി പരിശീലകരുടെ നിലവാരം പരിശോധിക്കുകയും അതിനനുസരിച്ച് വിലയിരുത്തി, ലെവൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നൽകുകയും ചെയ്യുന്ന സമ്പ്രദായം കൊണ്ടുവരും. എല്ലാ വർഷവും ഓഫ് സീസണിൽ പരിശീലകർക്കായി ഘട്ടം ഘട്ടമായി റീഫ്രഷർ കോഴ്സുകൾ ആരംഭിക്കും.

697. കായികരംഗത്തെ പ്രാഥമികപരിശീലനം സാർവ്വത്രികവും സൗജന്യവുമായിരിക്കണം. എല്ലാ പഞ്ചായത്തുകളിലും അവിടെ പ്രചാരമുള്ള കായിക ഇനത്തിനായി സ്ഥിരം പരിശീലനപദ്ധതികൾ ആരംഭിക്കും. പുതിയ സ്റ്റേഡിയങ്ങളുടെ ബന്ധപ്പെട്ട വിദ്യാലയങ്ങളുടെ സ്പോർട്സ് ക്ലസ്റ്ററുകൾ രൂപീകരിച്ചുകൊണ്ട് പ്രാദേശിക പരിശീലന പരിപാടി ആവിഷ്ക്കരിക്കും.

698. കായിക അസോസിയേഷനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തും. ഇവ കൂടുതൽ ജനാധിപത്യപരവും വിവരാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരികയും, സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കുകയും ചെയ്യും.

699. അന്താരാഷ്ട്രമത്സരങ്ങൾ മുതൽ ദേശീയ-പ്രാദേശിക മത്സരങ്ങൾ വരെ വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടൽ ഉണ്ടാകും. അസോസിയേഷനുകൾ മാത്രമല്ല, ക്ലബ്ബുകളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ മത്സരങ്ങൾ സംഘടിപ്പിക്കാനാവും. കേരളോത്സവം കൂടുതൽ ചിട്ടയായും വിപുലമായും സംഘടിപ്പിക്കും. വിജയികൾക്ക് കൂടുതൽ പ്രോത്സാഹനവും പരിശീലനവും നൽകും.

700. ലീഗ് മത്സരങ്ങൾ സ്പോൺസർഷിപ്പുകളുടെ അടിസ്ഥാനത്തിൽ പ്രോത്സാഹിപ്പിക്കും. ഇപ്പോൾ ഫുട്ബോൾ, ക്രിക്കറ്റ്, ബാസ്ക്കറ്റ് ബോൾ, ചുണ്ടൻ വള്ളംകളി എന്നിവയിൽ ലീഗ് അടിസ്ഥാനത്തിൽ മത്സരങ്ങൾ നിലവിലുണ്ട്. പുതിയ ഇനങ്ങൾക്കായി ലീഗ് മത്സരങ്ങൾ ആരംഭിക്കുകയും നിലവിലുള്ളവ ശക്തിപ്പെടുത്തുകയും ചെയ്യും.

701. പൊതുമേഖലാ സ്ഥാപനങ്ങളോടൊപ്പം സ്വകാര്യ സ്ഥാപനങ്ങളിലും സ്പോർട്സ് ടീമുകളെ സംഘടിപ്പിക്കുന്നതിന് സർക്കാർ ശ്രമിക്കും.

702. കഴിഞ്ഞ 10 വർഷക്കാലത്തിനിടയിൽ 1000ത്തിലേറെ പേർക്ക് സ്പോർട്സ് ക്വാട്ടയിൽ നിയമനം നൽകിയിട്ടുണ്ട്. നിയമനത്തിൽ കാലതാമസം

ഉണ്ടാവില്ലായെന്ന് ഉറപ്പുവരുത്തും. എങ്കിൽ മാത്രമേ അവരുടെ കഴിവുകൾ കായികരംഗത്ത് പൂർണ്ണമായി ലഭിക്കൂ.

703. പ്രാദേശിക സ്പോർട്സ് കൗൺസിലുകൾ നല്ലൊരു കാൽവെയ്പ്പാണ്. സ്പോർട്സ് കൗൺസിലും, സ്പോർട്സ് ഡയറക്ടറേറ്റും തമ്മിൽ കൃത്യമായ ചുമതലാ വിഭജനം ഉണ്ടാക്കും. സ്പോർട്സ് കൗൺസിലിന് കൂടുതൽ ഫണ്ടും അധികാരങ്ങളും നൽകും.

704. കേരള കായികരംഗത്ത് ഏറ്റവും സ്തുത്യഹർമായ പ്രവർത്തനം നടത്തിവന്നിരുന്നവയാണ് സ്പോർട്സ് ക്ലബുകൾ. അവയെ പുനരുജ്ജീവിക്കുന്നതിന് ഒരു പ്രത്യേക പദ്ധതി തന്നെ തയ്യാറാക്കും. ഗ്രന്ഥശാലകൾ പോലെ സ്പോർട്സ് ക്ലബ്ബുകൾക്കും ധനസഹായം നൽകും. സഹായം നൽകുന്നതിന് കേരളോത്സവങ്ങളിലെ പ്രകടനം മാനദണ്ഡമാക്കും.

705. എയ്ഡഡ് വിദ്യാലയങ്ങളിലെ കളിസ്ഥലങ്ങൾ വികസിപ്പിക്കുന്നതിന് സർക്കാർ/എംപി/എംഎൽഎ ഫണ്ടുകൾ ഉപയോഗിക്കാൻ അനുമതി നൽകും. പഞ്ചായത്തുകൾക്ക് കളിസ്ഥലങ്ങൾ വാങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ ഉദാരമാക്കും.

# VIII
# നവകേരളത്തിന് പ്രവാസികൾ
## പ്രവാസികൾ

706. **കുടിയേറ്റ പ്രോത്സാഹനം:** കേരളത്തിൽ നിന്നുള്ള കുടിയേറ്റം സമീപകാലത്ത് മന്ദീഭവിച്ചിരിക്കുകയാണ്. ഇതിന്റെ പശ്ചാത്തലത്തിൽ കേരളത്തിൽ നിന്നുള്ള റിക്രൂട്ട്മെന്റ് വർധിപ്പിക്കുന്നതിന് ആസൂത്രിതമായ പരിശ്രമം കൂട്ടായി നടത്തേണ്ടതുണ്ട്. നോർക്ക, ഒഡെപെക്, വിജ്ഞാനകേരളം എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ വിദേശ തൊഴിൽ മേളകൾ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ കൃത്യമായ ഇടവേളകളിൽ സംഘടിപ്പിക്കും. കേരളത്തിൽനിന്ന് റിക്രൂട്ട് ചെയ്യാൻ ആഗ്രഹിക്കുന്ന ഏതൊരു രജിസ്റ്റേർഡ് ഏജൻസിക്കും ഈ മേളകൾ ഉപയോഗപ്പെടുത്താവുന്നതാണ്.

707. രജിസ്റ്റേർഡ് റിക്രൂട്ടിങ് ഏജന്റുമാർ അവർക്കാവശ്യമുള്ള തൊഴിലാളികളെ സംബന്ധിച്ച് വിശദംശങ്ങൾ ലഭ്യമാക്കിക്കഴിഞ്ഞാൽ താൽപര്യവും യോഗ്യതയുമുള്ള ഉദ്യോഗാർത്ഥികളെ കണ്ടെത്തി മേളയിൽ പങ്കെടുപ്പിക്കുന്നതിനുള്ള ചുമതല വിജ്ഞാനകേരളം ഏറ്റെടുക്കും. ഇതിനാവശ്യമായ പോർട്ടൽ വിജ്ഞാനകേരളത്തിന് ഇപ്പോൾ തന്നെയുണ്ട്. എന്ന് മാത്രമല്ല ഉദ്യോഗാർഥികൾക്ക് ആവശ്യമായ തയ്യാറെടുപ്പ് പരിശീലനവും വേണ്ടിവന്നാൽ ഡൊമൈൻ സ്കിൽ പരിശീലനവും ലഭ്യമാക്കും. ഇത്തരത്തിൽ ഓരോ വർഷവും ഒരു ലക്ഷം പേരെയെങ്കിലും ഗൾഫിലേക്കും പാശ്ചാത്യ രാജ്യങ്ങളിലേക്കും റിക്രൂട്ട് ചെയ്യുന്നതിന് ലക്ഷ്യമിട്ട് പ്രവർത്തിക്കും. ഇ-വിസ, ബയോമെട്രിക്സ്, എ.ഐ അധിഷ്ഠിത അതിർത്തി നിയ

ന്ത്രണങ്ങൾ എന്നിവയെക്കുറിച്ച് വേണ്ടത്ര ധാരണയില്ലാത്തവർക്ക് ഇത്തരം ഔദ്യോഗിക തൊഴിൽ മേളകൾ ഏറെ സഹായകരമായിരിക്കും.

708. **വൈവിധ്യവൽക്കരണം:** കഴിഞ്ഞ രണ്ടു ദശാബ്ദങ്ങളായി നോർക്കയുടെ ഇടപെടലുകൾ മിക്കതും ഗൾഫ് കേന്ദ്രീകൃതമായിരുന്നു. എന്നാൽ ഇനി വികസിത രാജ്യങ്ങളിലേക്ക് കുടിയേറുന്നവർക്ക് ആവശ്യമായ നിയമസഹായം, അവിടത്തെ ജീവിതച്ചെലവ്, സാംസ്കാരികമായ പൊരുത്തപ്പെടലുകൾ എന്നിവയെക്കുറിച്ച് കൃത്യമായ മാർഗനിർദേശങ്ങൾ നൽകാൻ ഔദ്യോഗിക സംവിധാനങ്ങൾക്കു കഴിയുന്ന രീതിയിൽ അവയെ ശക്തിപ്പെടുത്തും.

709. **കുടിയേറ്റ കരാറുകൾ:** രാജ്യങ്ങൾ തമ്മിലുള്ള താൽക്കാലിക കുടിയേറ്റ കരാറുകൾ പാശ്ചാത്യ രാജ്യങ്ങളിലേക്കും പടരുകയാണ്. ഇത്തരം കരാറുകളെക്കുറിച്ച് വിശദമായി പഠിക്കുകയും ആവശ്യമായ ഉപദേശങ്ങൾ തൊഴിലന്വേഷകർക്ക് നൽകുകയും പരമാവധി പരിരക്ഷ ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യും.

710. **വിദ്യാർത്ഥി കുടിയേറ്റം:** വിദ്യാർത്ഥികൾക്ക് റിക്രൂട്ട്മെന്റ് ചതിക്കുഴികളെപ്പറ്റി ബോധവൽക്കരണവും വിദേശ രാജ്യങ്ങളിലെ തൊഴിൽ-കുടിയേറ്റ നിയമങ്ങളെപ്പറ്റി അവബോധവും സൃഷ്ടിക്കാൻ നടപടി സ്വീകരിക്കും. അനധികൃത എഡ്യൂക്കേഷൻ കൺസൾട്ടൻസികളെ നിയന്ത്രിക്കുന്നതിനു സംസ്ഥാനതലത്തിൽ നിയമനിർമ്മാണ സാധ്യത എന്നിവ അടിയന്തിരമായി പരിശോധിക്കും. കേരളത്തിൽ പഠിച്ചാലും നല്ല വിദ്യാഭ്യാസം ലഭിക്കുമെന്നും കോളേജുകളിൽ നൈപുണ്യ പരിശീലനം ഉറപ്പുവരുത്തുന്നതുവഴി വിദേശജോലികൾ ലഭിക്കുമെന്നും ഉറപ്പുവരുത്തുകയാണ് അനിയന്ത്രിതമായ വിദ്യാർത്ഥി കുടിയേറ്റത്തിനുള്ള പ്രതിവിധി.

711. **സ്ത്രീ കുടിയേറ്റം:** ഇന്ന് അവിവാഹിതരായ യുവതികൾ സ്വന്തം നിലയിൽ തൊഴിൽ കണ്ടെത്തി കുടിയേറുന്നത് വർധിച്ചിരിക്കുന്നു. നഴ്സിങ് മേഖലയ്ക്ക് പുറമേ ഐടി, ഹോസ്പിറ്റാലിറ്റി തുടങ്ങിയ മേഖലകളിലേക്കും ഉന്നത വിദ്യാഭ്യാസത്തിനായി വിദേശ സർവകലാശാലകളിലേക്കും മലയാളി സ്ത്രീകൾ കുടിയേറുന്നു. ഈ പുതിയ കുടിയേറ്റരൂപത്തെ കൃത്യമായി നയിക്കാനും അവർക്ക് പിന്തുണ നൽകാനും സംരക്ഷണമൊരുക്കാനും സർക്കാരുകളുടെയും പ്രവാസി സംഘടനകളുടെയും ഇടപെടൽ ഉറപ്പുവരുത്തും.

712. **നൈപുണി വികസനം:** ആഗോള തൊഴിൽ വിപണിയിലെ മാറ്റങ്ങൾക്കനുസരിച്ച് നമ്മുടെ നൈപുണി പരിശീലന പദ്ധതികൾ നവീകരിക്കും. സാമ്പ്രദായിക റിക്രൂട്ട്മെന്റ് രീതികൾ മാറ്റി, തൊഴിൽദാതാവിന് കേരളത്തിൽ എത്തി നൈപുണി പരിശീലനം നൽകി തൊഴിലാളികളെ തിരഞ്ഞെടുക്കാനുള്ള സംവിധാനങ്ങൾ ഉൾപ്പെടുത്തി, സമഗ്രമായ കുടിയേറ്റ സേവനങ്ങൾ ലഭ്യമാക്കുന്ന ഒരു മൈഗ്രേഷൻ ഫെസിലിറ്റേഷൻ പാർക്ക് പോലെ

വിപുലമായ ഒരു ഇക്കോസിസ്റ്റം രൂപീകരിക്കും.

713. ആരോഗ്യ മേഖലയ്ക്ക് പുറമേ നവതൊഴിൽ അവസരങ്ങൾ തുറന്നിടുന്ന ഗ്രീൻ ജോബ്സ്, ഐടി, ലോജിസ്റ്റിക്സ് മേഖലകളുടെ സാധ്യതകൾ പരിശോധിക്കാൻ ടാസ്ക് ഫോഴ്സ് രൂപീകരിക്കും. ആഗോള തൊഴിൽവിപണിയിൽ ഓരോ ദിവസവും വരുന്ന മാറ്റങ്ങൾ തിരിച്ചറിഞ്ഞ് അവ നാട്ടിലെ വിദ്യാർത്ഥികളിലേക്ക് എത്തിക്കുന്ന ഒരു വിജ്ഞാന വിനിമയ ശൃംഖല കെട്ടിപ്പടുക്കും. വിദ്യാഭ്യാസസ്ഥാപനാടിസ്ഥാനത്തിലുള്ള നൈപുണി പരിശീലനത്തെ ഇതുമായി ബന്ധപ്പെടുത്തും.

714. പ്രവാസി ക്ഷേമ-പുനരധിവാസ പദ്ധതികൾ: വിദേശത്തുനിന്ന് തിരികെയെത്തുന്ന പ്രവാസികളെ നാട്ടിലെ സാമ്പത്തിക പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കുന്നതിൽ (Reintegration) ഉറപ്പുവരുത്തും. ഇതിനായി നിലവിലുള്ള സ്കീമുകളെ ശക്തിപ്പെടുത്തും. കേരളം നടപ്പിലാക്കിയ പ്രവാസി ക്ഷേമനിധിയും നോർക്ക കെയർ ആരോഗ്യ ഇൻഷുറൻസും ലോകത്തിന് തന്നെ മാതൃകയാണെങ്കിലും, മാറുന്ന കാലത്തിനനുസരിച്ച് ഇവ കൂടുതൽ സാർവത്രികവും ആകർഷകവുമാക്കേണ്ടതുണ്ട്. തിരികെയെത്തിയ പ്രവാസികൾക്കും കുടുംബങ്ങൾക്കുമായി നോർക്ക കെയർ പദ്ധതി വ്യാപിപ്പിക്കാൻ സാധിക്കണം. യുവാക്കളെയും വികസിതരാജ്യങ്ങളിലെ പ്രവാസികളെയും പദ്ധതിയിലേക്ക് ആകർഷിക്കാൻ പ്രവാസി പെൻഷൻ തുക വർധിപ്പിക്കുകയും ഇൻഷുറൻസ് പരിരക്ഷ വിപുലീകരിക്കുകയും ചെയ്യും. ക്ഷേമപദ്ധതിയെ നിലനിർത്താൻ കേന്ദ്രവിഹിതം ആവശ്യപ്പെടും. ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നൂവെന്ന് ഉറപ്പുവരുത്തും.

715. പ്രവാസക്ഷേമ നിയമത്തിലെ സെക്ഷൻ 8 പ്രകാരമുള്ള പ്രത്യേക സഹായ നിധി പ്രവർത്തനക്ഷമമാക്കും. ഇതിനു സർക്കാർ ഗ്രാന്റുകൾക്കു പുറമേ സിഎസ്ആർ ഫണ്ടുകളും പ്രവാസി സംഭാവനകളും ഉപയോഗപ്പെടുത്തും.

716. പിപിപി മാതൃകയിൽ പ്രവാസി കെയർഹോമുകൾ സ്ഥാപിക്കും. ഇവിടെ മടങ്ങിവരുന്ന പ്രവാസികളിൽ കുടുംബ പിന്തുണയില്ലാത്തവർക്ക് താമസവും പരിചരണവും ലഭ്യമാക്കും.

717. പ്രവാസികളുടെ സമാശ്വാസ പദ്ധതികളിൽ നിലനിൽക്കുന്ന കാലതാമസം ഒഴിവാക്കാൻ നടപടിക്രമങ്ങൾ ഏകോപിപ്പിക്കുകയും നിർമ്മിത ബുദ്ധി (AI) ഉപയോഗിച്ചുള്ള ചാറ്റ്ബോട്ടുകളും തത്സമയ ഹെൽപ്പ് ലൈനുകളും നടപ്പിലാക്കുകയും ചെയ്യും.

718. **പുനരധിവാസം:** എന്നത് കേവലം സാമ്പത്തിക സഹായത്തിൽ ഒതുങ്ങാതെ, പ്രവാസികൾ മടങ്ങിവരുന്നതിന് മുൻപേ തന്നെ അവരെ മാനസികമായും തൊഴിൽപരമായും പ്രാപ്തരാക്കുന്ന 'പുനരധിവാസ പരുവപ്പെടുത്തൽ' (Reintegration Preparedness) എന്ന രീതിയിലേക്ക് മാറണം. സങ്കീർണ്ണമായ പ്രവാസി പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്ന

ഒരു സമഗ്ര 'പ്രവാസി പുനസംയോജന നയം' (Comprehensive Reintegration Policy) രൂപപ്പെടുത്തുക എന്നതാവണം വരും കാലത്തെ നമ്മുടെ ലക്ഷ്യം.

719. പ്രവാസികളുടെ വീട്ടിലുള്ള പ്രായാധിക്യംചെന്ന മാതാപിതാക്കൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സമഗ്രമായ പരിരക്ഷയും സംരക്ഷണവും നൽകുന്നതിന് പ്രത്യേക സ്കീം ആരംഭിക്കും. സേവനത്തിന് ആനുപാതികമായി പ്രവാസികൾ സേവനദാതാക്കൾക്ക് ഫീസ് നൽകേണ്ടി വരും.

720. **പ്രവാസി മിഷൻ:** മിഷന്റെ പ്രവർത്തനങ്ങളുടെ വിപുലീകരണം പുനരധിവാസ തുടർപ്രവർത്തനങ്ങളിൽ നിർണ്ണായകമാണ്. സംസ്ഥാന-ജില്ലാ തല മിഷൻ രൂപീകരിക്കും. പ്രവാസി സംഘടനകളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും പരമാവധി ഏകോപിപ്പിച്ചു ജനകീയ സ്വഭാവത്തിലായിരിക്കും മിഷൻ പ്രവർത്തിക്കുക.

721. മലയാളം മിഷന്റെ പ്രവർത്തനം വിപുലപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യും. വിദേശരാജ്യങ്ങളിൽ സ്ഥിരതാമസം ആയവരുടെ പുതിയ തലമുറയ്ക്ക് കേരള സന്ദർശനത്തിനുള്ള അവസരങ്ങൾ സൃഷ്ടിക്കും.

722. വിദേശ രാജ്യങ്ങളിൽ Kerala Business Facilitation Centre-കൾ സ്ഥാപിക്കും. വിദേശത്ത് Register ചെയ്തിട്ടുള്ള Kerala/India Social Centre-കളുടെ സഹകരണത്തോടെയാവും ഇത് സ്ഥാപിക്കുക. പ്രസ്തുത Centre-കളിലൂടെ കേരളത്തിന്റെ വികസന വ്യാപാര, സഞ്ചാര, സാംസ്കാരിക പ്രൊമോഷൻ നടത്തും. ആഗോള കമ്പോളത്തിൽ നിന്നുള്ള സബ് കോൺട്രാക്ടുകളെ അടിസ്ഥാനമാക്കി സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ വലുതാണ്.

723. **നിക്ഷേപം:** കേരളത്തിലേക്കുള്ള നിലവിൽ വ്യവസായ വകുപ്പും സർക്കാരും നടത്തുന്ന ഇടപെടലുകൾക്ക് പുറമേ OKIH (Overseas Keralites Investment & Holding Ltd)-ന്റെ നേതൃത്വത്തിൽ പ്രവാസി നിക്ഷേപകരെ കേരളത്തിലേക്ക് ആകർഷിക്കുവാനുള്ള ശ്രമങ്ങൾ നടത്തും. നിക്ഷേപം സ്വീകരിക്കുന്നതിനും സംരംഭങ്ങൾ തുടങ്ങുന്നതിനും 'ഏഞ്ചൽ ഇൻവെസ്റ്റ്മെന്റ് ഗ്രൂപ്പുകളുടെ' സഹായം തേടും. നോർക്ക കോർഡിൻഷൻ കൗൺസിൽ മുഖേന രൂപീകരിച്ച കേരള ഡെവലപ്മെന്റ് ഡസ്ക് പോലെയുള്ള സംവിധാനങ്ങൾ എല്ലാ രാജ്യങ്ങളിലേക്കും വ്യാപിപ്പിക്കും.

724. നിക്ഷേപകർക്ക് പുറമേ വിദഗ്ധ പ്രവാസി പ്രൊഫഷണലുകളെ സംസ്ഥാനവുമായി സഹകരിപ്പിക്കാൻ വിപുലമായ ശ്രമങ്ങൾ ഉണ്ടാകേണ്ടതുണ്ട്. നോർക്ക പ്രൊഫഷണൽ ഫോറം വിപുലപ്പെടുത്തി എല്ലാ വർഷവും സംഘടിപ്പിക്കുകയും മികച്ച നിർദ്ദേശങ്ങൾ പരിഗണിക്കാൻ ടാസ്ക് ഫോഴ്സ് രൂപീകരിക്കും. ഉന്നത വിദ്യാഭ്യാസ വികസനത്തിലും നൈപുണി പരിശീലനത്തിലും പ്രവാസികളുടെ പങ്കാളിത്തം ഉറപ്പുവരുത്തും.

725. പ്രവാസി ചെറു വ്യവസായ പാർക്കുകൾ, സഹകരണ സംഘങ്ങൾ, ഇൻ

കൽ പോലുള്ള കമ്പനികൾ തുടങ്ങിയവയെല്ലാം നിക്ഷേപത്തെ ആകർഷിക്കുന്നതിന് ഉപയോഗപ്പെടുത്തും. ഹൈടെക് കൃഷി, ടൂറിസം, കെയർ എക്കോണമിയിലും പ്രവാസികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാധ്യതകളുണ്ട്.

726. നോർക്കയെ ശക്തിപ്പെടുത്തൽ: നോർക്കയുടെ നിലവിലെ ഘടന വിപുലീകരിക്കും. യൂണിഫൈഡ് ഡിജിറ്റൽ ഇന്റർഫെയ്സ് പോലെയുള്ള ഡിജിറ്റൽ സംവിധാനങ്ങൾ കൂടുതലായി ഉപയോഗപ്പെടുത്തുന്നത് നോർക്ക വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കും. കൂടാതെ വകുപ്പിന് കീഴിലുള്ള അഞ്ചു സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും.

727. **ലോക കേരളസഭ:** അഞ്ചാമത് സമ്മേളനം ഒട്ടേറെ പ്രധാനപ്പെട്ട നിർദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. അവയ്ക്ക് അർഹമായ പരിഗണന നല്കുന്നതിനോടൊപ്പം ലോക കേരളസഭയുടെ പ്രവർത്തനങ്ങൾ വാർഷിക സമ്മേളനങ്ങൾക്കപ്പുറം തുടർച്ച ഉറപ്പുവരുത്തുന്നതിന് സ്റ്റാന്റിങ് കമ്മിറ്റികൾ കൂടുതൽ സജീവമാക്കും. അതോടൊപ്പം മേഖല സമ്മേളനങ്ങളും കൂടുതലായി സംഘടിപ്പിക്കും. മലയാളി വ്യവസായി ചേമ്പറുകൾക്കും കേരളത്തിന്റെ വികസനത്തിന് സംഭാവന നൽകാനാവും.

728. ഓവർസീസ് മൊബിലിറ്റി ബില്ലും അധികാര കേന്ദ്രീകരണവും: ഓവർസീസ് മൊബിലിറ്റി (ഫെസിലിറ്റേഷൻ ആൻഡ് വെൽഫെയർ) ബിൽ, 2025 എന്ന പേരിൽ പുതിയ കരട് ബില്ല് സംസ്ഥാനങ്ങളുടെ അധികാരത്തെ പരിമിതപ്പെടുത്തുന്നു. സംസ്ഥാനങ്ങളുടെ സവിശേഷമായ കുടിയേറ്റ മാതൃകകളെ പരിഗണിക്കാതെ എല്ലാ തീരുമാനങ്ങളും കേന്ദ്രത്തിൽ നിന്നുണ്ടാകുന്നത് പ്രായോഗികമായ തടസ്സങ്ങൾ സൃഷ്ടിക്കും. കൂടാതെ, ഈ ബില്ലിൽ കുടിയേറ്റക്കാരുടെ സുരക്ഷയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകിയിട്ടില്ല. പ്രവാസികളുടെ പുനരധിവാസം ഒരു നിയമപരമായ അവകാശമായി ബില്ലിൽ ഉൾപ്പെടുത്താത്തത് കേരളം പോലുള്ള പ്രവാസി നിക്ഷേപത്തെയും തിരിച്ചുവരവിനെയും ആശ്രയിച്ചു കഴിയുന്ന സംസ്ഥാനങ്ങൾക്ക് വലിയ തിരിച്ചടിയാണ്. ബില്ലിൽ ഭേദഗതികൾ വരുത്തുന്നതിന് ഇടതുപക്ഷ ജനാധിപത്യ മുന്നണി പരിശ്രമിക്കും.

# IX
# പരിസ്ഥിതിസൗഹൃദ കേരളം
## വനപരിപാലനം

729. **സമ്പൂർണ്ണ സംരക്ഷണം:** വനം കൈയേറ്റങ്ങൾ കർശനമായി തടയും. ഇനിയുള്ള വനങ്ങൾ സമ്പൂർണ്ണമായി സംരക്ഷിക്കണം. പരമ്പരാഗത വനപരിപാലന രീതികൾക്കു പകരം വനസ്ഥിതിയും ജീവനശാസ്ത്ര പ്രത്യേകതയും കണക്കിലെടുക്കുന്ന ആവാസവ്യവസ്ഥ പരിപാലനരീതി (Eco

System Conservation) വരണം. എല്ലാ സംരക്ഷിത വനമേഖലകളും മൂന്നു സോണുകളായി തിരിക്കണം. കോർ സോൺ, ബഫർ സോൺ, മാനിപ്പുലേഷൻ സോൺ എന്നിങ്ങനെ. കോർ സോണിനു ചുറ്റും ഒരു ബഫർ സോണുണ്ടാക്കുകയും അവിടെ നിയന്ത്രണങ്ങൾ കർശനമാക്കുകയും വേണം. ഇക്കോ ടൂറിസം പ്രവർത്തനങ്ങളും മറ്റും കർശന നിയന്ത്രണത്തോടെ മാനിപ്പുലേഷൻ സോണിൽ മാത്രമേ അനുവദിക്കൂ. ഇവിടത്തെ നിർമ്മാണങ്ങൾ കർശന പരിസ്ഥിതി മാനദണ്ഡ പ്രകാരമാകണം.

730. **മിഷൻ ഇക്കോ-റസ്റ്റോറേഷൻ:** അടുത്ത 10 വർഷത്തിനുള്ളിൽ സംസ്ഥാനത്തെ മുഴുവൻ ഏകവിള തോട്ടങ്ങളെയും (Monoculture Plantations) ഘട്ടംഘട്ടമായി സ്വാഭാവിക വനങ്ങളാക്കി മാറ്റാനുള്ള 'മിഷൻ ഇക്കോ-റസ്റ്റോറേഷൻ' നടപ്പിലാക്കും. അക്കേഷ്യ, യൂക്കാലിപ്റ്റസ് തുടങ്ങിയ വിദേശ ജനുസ്സുകളെ പൂർണ്ണമായും ഒഴിവാക്കി, പകരം നാടൻ ഫലവൃക്ഷങ്ങളും ഔഷധസസ്യങ്ങളും വച്ചുപിടിപ്പിക്കും.

731. **ട്രീ ബാങ്കിങ്:** തടി ആവശ്യങ്ങൾക്ക് വനത്തിന് പുറത്തുള്ള വൃക്ഷകൃഷി (Agro-forestry) പ്രോത്സാഹിപ്പിക്കും. കർഷകർക്ക് തങ്ങളുടെ ഭൂമിയിൽ വളർത്തുന്ന മരങ്ങൾ മുറിക്കുന്നതിനും വിൽക്കുന്നതിനും നിലവിലുള്ള നിയമതടസ്സങ്ങൾ ഇല്ലാതാക്കും. തേക്ക്, മഹാഗണി പോലുള്ള മരങ്ങൾ കൃഷി ചെയ്യുന്നത് ലാഭകരമായ ഒരു ദീർഘകാല നിക്ഷേപമായി മാറ്റാൻ കർഷകർക്ക് പലിശരഹിത വായ്പകളും സബ്സിഡികളും നൽകും. തരിശുഭൂമിയിലും പുറംപോക്കിലും സ്വകാര്യവ്യക്തികൾക്ക് വ്യക്തമായ കരാറുകളുടെ അടിസ്ഥാനത്തിൽ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാൻ അനുവാദം നൽകും. അവയുടെ ഫലങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശം അവർക്കുണ്ടാകും.

732. **ഗ്രാമഹരിത സമിതികൾ:** വാർഡ് തലത്തിലുള്ള ഗ്രാമ ഹരിത സമിതികളെ (GHS) ശക്തിപ്പെടുത്തുകയും, വനാതിർത്തികളിലെ പഞ്ചായത്തുകൾക്ക് വന്യജീവി പ്രതിരോധ പ്രവർത്തനങ്ങളിൽ തീരുമാനമെടുക്കാനുള്ള സാമ്പത്തികവും ഭരണപരവുമായ അധികാരം നൽകും.

733. **വനാവകാശ നിയമം:** വനാവകാശ നിയമം (FRA) അതിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് നടപ്പാക്കും. സമൂഹ വനവിഭവാവകാശങ്ങൾ (CFR) അനുവദിക്കുന്നതിലൂടെ ആദിവാസികളുടെ സാമ്പത്തിക സ്വാശ്രയത്വം ഉറപ്പാക്കും.

734. **വനവിഭവങ്ങൾ:** വനവിഭവങ്ങളെ അസംസ്കൃത വസ്തുക്കളായി വിൽക്കുന്നതിന് പകരം, അവയെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്ന ചെറുകിട വ്യവസായങ്ങൾ വനമേഖലയോട് ചേർന്ന് ആരംഭിക്കും. സഹകരണ പ്രസ്ഥാനത്തിന്റെ മാതൃകയിൽ 'ഫോറസ്റ്റ് പ്രൊഡ്യൂസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ' രൂപീകരിച്ച് ഇടനിലക്കാരുടെ ചൂഷണം അവസാനി

ഷിക്കും.

735. പാഠപുസ്തകങ്ങളിലെ വനപഠനത്തിനപ്പുറം, പ്രായോഗികമായ പാരിസ്ഥിതിക വിദ്യാഭ്യാസം സ്കൂൾ തലത്തിൽ തന്നെ നടപ്പിലാക്കും. ഓരോ വിദ്യാലയവുമായി ബന്ധപ്പെട്ട് 'വിദ്യാവനം' പദ്ധതി നിർബന്ധമാക്കും.

## പശ്ചിമഘട്ടം

736. പരിസ്ഥിതി ദുർബല പ്രദേശങ്ങൾ (ESZ, EFL, ecologically sensitive slopes) വ്യക്തമായി തിരിച്ചറിഞ്ഞ് ഇത്തരം പ്രദേശങ്ങളിൽ നിയന്ത്രിത വികസനം മാത്രം അനുവദിച്ചുകൊണ്ട് പരിസ്ഥിതി സംരക്ഷണവും ഭൂവിനിയോഗ നിയന്ത്രണവും പ്രയോഗികമാക്കും.

737. സംസ്ഥാനത്തിന്റെ വ്യത്യസ്ത ഭൗമശാസ്ത്ര മേഖലകൾ പരിഗണിച്ച് ഏകദേശം 500 ഓട്ടോമാറ്റിക് റെയിൻ ഗേജുകൾ (ARG/AWS) സ്ഥാപിക്കും. കുറഞ്ഞ സമയത്തിനുള്ളിൽ ഉയർന്ന തോതിൽ മഴ ലഭിക്കുന്ന പ്രദേശങ്ങൾക്കും ഫ്ലാഷ് ഫ്ളഡ് സാധ്യതയുള്ള ചരിവ് പ്രദേശങ്ങൾക്കും മുൻഗണന നൽകിയായിരിക്കും മഴമാപിനികളുടെ വിന്യാസം. ഫ്ലാഷ് ഫ്ളഡുകൾ മുൻകൂട്ടി പ്രവചിക്കാനും മുന്നറിയിപ്പ് നൽകാനും കഴിയുന്ന തരത്തിൽ, നിർമ്മിതബുദ്ധി (AI) സംയോജിപ്പിച്ച് പ്രാദേശിക ERE–പ്രളയ പ്രവചന സംവിധാനമായി വികസിപ്പിക്കും.

738. സമീപകാലത്തുണ്ടായ വിനാശകരമായ ദുരന്തങ്ങളുടെ അടിസ്ഥാനത്തിൽ ഉരുൾപൊട്ടൽ സാധ്യതാ പ്രദേശങ്ങളിൽ ചരിവുകളുടെ സ്ഥിരത ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നിർബന്ധമാക്കും. ഇതിനു ശാസ്ത്രീയ മാനദണ്ഡങ്ങൾ അവലംബിക്കും. മലയോര മേഖലയിൽ നിലവിലുള്ള ഉരുൾപൊട്ടൽ സാദ്ധ്യത മാപ്പിലെ സാദ്ധ്യത വർദ്ധിച്ച സ്ഥലങ്ങളിലെ റിസ്ക് മാപ്പ് തയ്യാറാക്കണം. പ്രാദേശിക സമൂഹത്തെ ഉൾപ്പെടുത്തി സൂക്ഷ്മ നീർത്തട സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതും, ഉരുൾപൊട്ടലിനെക്കുറിച്ച് ജനങ്ങളിൽ ബോധവത്കരണം നടത്തുന്നതും അനിവാര്യമാണ്. കുത്തനെയുള്ള ചരിവുകളിൽ ചാലുകളിലൂടെ മഴവെള്ളം സുരക്ഷിതമായി ഒഴുക്കിവിടൽ അത്യന്താപേക്ഷിതമാണ്.

739. ദുരന്തസമയത്തും അതിന് മുമ്പും ആളുകളെ താൽക്കാലികമായി പാർപ്പിക്കാനായി, ബഹുമുഖ അഭയകേന്ദ്രങ്ങൾ സർക്കാർ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നിർമിക്കും. സാധാരണ സമയങ്ങളിൽ ഇവ വിവാഹങ്ങൾ, യോഗങ്ങൾ തുടങ്ങിയവയ്ക്ക് ഉപയോഗിച്ച് പരിപാലനച്ചെലവ് കണ്ടെത്താം.

740. സംസ്ഥാനത്തെ എല്ലാ നദികളിലും പ്രളയ മേഖലാ നിയന്ത്രണത്തിനായി ഫ്ലഡ്‌വേ (floodway), ഫ്ലഡ് ഫ്രിഞ്ച് (flood fringe) എന്നീ മേഖലകൾ കണ്ടെത്തും. അവയുടെ അടിസ്ഥാനത്തിൽ ഭൂവിനിയോഗ, നിർമ്മാണ പ്ലാനുകൾ തയ്യാറാക്കും. അതിതീവ്ര മഴയുടെ സാധ്യതകൾ കണക്കിലെടുത്ത് പ്രളയ

ത്തിൽ മുങ്ങുന്ന മേഖലകൾ നിർണ്ണയിക്കും.

741. നദികളിലും നീർച്ചാലുകളിലും മണ്ണടിച്ചിൽ (sedimentation), നിർമാണ/പൊളിക്കൽ മാലിന്യ നിക്ഷേപം, തുടങ്ങിയ തടസ്സങ്ങൾ കാരണം ജലപ്രവാഹം കുറയുകയും മുകൾഭാഗങ്ങളിൽ വെള്ളം കെട്ടിക്കിടക്കുകയും ചെയ്യുന്നു. അതിനാൽ, പ്രളയജലം സ്വതന്ത്രമായി ഒഴുകുന്നതിനായി നദികളും ഡ്രെയിനേജുകളും നിരന്തരം ശുചീകരിക്കുകയും നിരീക്ഷിക്കുകയും ചെയ്യും.

742. നെൽവയലുകൾ, കുളങ്ങൾ, തടാകങ്ങൾ തുടങ്ങിയ ജലാശയങ്ങൾ എന്നിവയെ പുനരുജ്ജീവിപ്പിക്കും. കഴിഞ്ഞ രണ്ട് വലിയ പ്രളയങ്ങളിൽ നദീതടങ്ങളിലും പ്രളയസ്വാധീന മേഖലകളിലും വൻതോതിൽ മണ്ണടിഞ്ഞുകൂടിയിട്ടുണ്ട്. ഇതുമൂലം ജലവഹന ശേഷി കുറഞ്ഞിട്ടുണ്ട്. അതിനാൽ, നദികളെ അവയുടെ യഥാർത്ഥ ശേഷിയിലേക്കെത്തിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തും.

## പരിസ്ഥിതിയും വളർച്ചയും

743. നീതിപൂർവമായ ഒരു കാലാവസ്ഥ പരിവർത്തനത്തിന് വികസിത രാജ്യങ്ങൾ തയ്യാറല്ല. ഈ പശ്ചാത്തലത്തിൽ കാലാവസ്ഥാ വ്യതിയാനങ്ങളോട് പൊരുത്തപ്പെടുകയും അവയെ നേരിടാൻ പ്രതിരോധശേഷി കൈവരിക്കുകയും ചെയ്യുന്ന അനുകൂലന തന്ത്രമാണ് കേരളം സ്വീകരിക്കുക. കൃഷിയിലും കാർഷികേതര മേഖലകളിലും ആരോഗ്യം തുടങ്ങിയ രംഗങ്ങളിലും അനുകൂല തന്ത്രങ്ങൾ ആവിഷ്കരിക്കും.

744. കാലാവസ്ഥാ വ്യതിയാന അനുകൂലന നടപടികൾക്കൊപ്പം നമ്മുടെ അശാസ്ത്രീയമായ ഇടപെടലുകൾമൂലം ഉണ്ടായിട്ടുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കും. അന്തരീക്ഷ മലിനീകരണവും ജലമലിനീകരണവും വലിയ തോതിൽ ചില വ്യവസായ മേഖലകളിൽ ഉണ്ടാകുന്നുണ്ട്. ഇത്തരം അവസ്ഥാവിശേഷം ഒഴിവാക്കുന്നതിനുവേണ്ടിയുള്ള ഏജൻസിയാണ് മലിനീകരണ നിയന്ത്രണ ബോർഡ്. ബോർഡിന്റെ പ്രവർത്തനങ്ങളെ ആധുനികവൽക്കരിക്കും. നഗര വായു മലിനീകരണം കുറയ്ക്കുന്നതിന് ഇ-വാഹന പ്രോത്സാഹന നയം സ്വീകരിക്കും.

745. ഹരിതകേരളം മിഷന്റെ പച്ചത്തുരുത്ത് ക്യാമ്പയിന്റെ ഭാഗമായി നിലവിൽ 1348 ഏക്കർ വിസ്തൃതിയിൽ 4304 പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്. വരുന്ന 5 വർഷക്കാലം കൊണ്ട് പുതുതായി 2000 പച്ചത്തുരുത്തുകൾ കൂടി സ്ഥാപിക്കും.

746. **ബയോഡൈവേഴ്സിറ്റി രജിസ്റ്ററുകൾ:** ഇവ ജനകീയമായി പുതുക്കും. വൈവിധ്യം വർദ്ധിപ്പിക്കുന്നതിനും അപൂർവ്വവും വംശനാശഭീഷണി നേരിടുന്നതുമായ പ്രാദേശിക വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ച് സംരക്ഷിക്കുന്ന

തിനുള്ള പദ്ധതിക്കു രൂപം നൽകും. കാർബൺ സംഭരണശേഷി കൂടുതലായതുകൊണ്ട് അനുയോജ്യമായ പ്രദേശത്ത് മുളയിനങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിക്കും.

747. നിലവിലുള്ള കാവുകളുടെ സംരക്ഷണം ഉറപ്പാക്കും. കാർബൺ സംഭരണശേഷിയും, തീരസംരക്ഷണവും ലക്ഷ്യം വച്ച് കണ്ടൽ പച്ചത്തുരുത്തുകൾ വ്യാപിപ്പിക്കും.

# ദുരന്തനിവാരണം

748. **കേരളാ സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചേഞ്ച്:** ആഗോളതാപനത്തെ നേരിടുന്നതിനും അപകട - നഷ്ട സാധ്യതകൾ കുറയ്ക്കുന്നതിനും അഡാപ്റ്റേഷനു വേണ്ടിയും കേരളം തയ്യാറാക്കിയ കർമപദ്ധതിയാണ് കേരളാസ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചേഞ്ച്. കോസ്റ്റൽ റെസീലിയൻസ്, പ്രളയ സാധ്യതാ മാപ്പിങ്, ക്ലൈമറ്റ് സ്മാർട്ട് അഗ്രികൾച്ചർ എന്നിങ്ങനെ വൾനറബിലിറ്റി അടിസ്ഥാനമാക്കിയുള്ള പ്ലാനിംഗ് ശക്തിപ്പെടുത്തും. ക്ലൈമറ്റ് ഫിനാൻസ് കൊണ്ടുവരുന്നതിന് അന്തർദ്ദേശീയതലത്തിൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന ഇൻഡിക്കേറ്ററുകൾ പദ്ധതി ആസൂത്രണവുമായി സംയോജിപ്പിക്കും.

749. അപകട മുൻകൂർ മുന്നറിയിപ്പ് സംവിധാനങ്ങളും ദുരന്ത സാധ്യതാ വിവരങ്ങളും വിലയിരുത്തലുകളും ഗണ്യമായി വർദ്ധിപ്പിക്കാൻ പ്രാദേശിക സമൂഹങ്ങളുടെ പങ്കാളിത്തത്തോടെ ബഹുതല അപകട മുൻകൂർ മുന്നറിയിപ്പ് സംവിധാനം നടപ്പിലാക്കും. പൊതുജനങ്ങൾ, പോലീസ്, അഗ്നിശമനസേന, മറ്റ് സർക്കാർ വകുപ്പുകൾ എന്നിവരുമായി ഈ കമ്മറ്റികൾ ബന്ധപ്പെട്ടു പ്രവർത്തിക്കും.

750. കേന്ദ്ര കാലാവസ്ഥ വകുപ്പ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി സഹകരിച്ച് സ്ഥ കാലാവസ്ഥ റഡാറുകൾ സ്ഥാപിക്കും. അതോടൊപ്പം കേരളത്തിലെ മഴ-പുഴ നിരീക്ഷണ സംവിധാനം വ്യാപിപ്പിക്കുന്നതിനായി നിരീക്ഷണ ശൃംഖല വിപുലീകരിക്കുകയും ജനകീയ പങ്കാളിത്തത്തോടെ ഇവയുടെ വിവരശേഖരണവും കൈമാറ്റവും പരിപാലനവും ഉറപ്പ് വരുത്തും.

751. ബെലേം ആക്ഷൻ മെക്കാനിസം മുന്നോട്ടു വയ്ക്കുന്ന ജനകീയ പങ്കാളിത്തത്തോടുകൂടിയുള്ള ജസ്റ്റ് ട്രാൻസിഷൻ പദ്ധതികളുമായി കേരളത്തിലെ കാർബൺ ന്യൂട്രൽ പദ്ധതികൾ യോജിച്ചു പോകുന്നുണ്ട്. കാർബൺ ന്യൂട്രൽ കേരള പോലുള്ള പദ്ധതികൾക്ക് സാമ്പത്തിക പിന്തുണ നേടിയെടുക്കാൻ കേരളത്തെ ഇത് സഹായിക്കും. അതുപോലെ തന്നെ കണ്ടൽക്കാടുകളുടെ സംരക്ഷണവും വന സംരക്ഷണവും ബെലേം ഉടമ്പടികളുമായി ഒത്തു പോകുന്നവയാണ്.

752. കാർബൺ ക്രെഡിറ്റ് മാർക്കറ്റ് സാധ്യമാക്കുന്നതിന് യൂണിയൻ ഗവൺ

മെൻറ് പുതുതായി രൂപീകരിക്കുന്ന പ്ലാറ്റ്ഫോം കേരളം പ്രയോജനപ്പെടുത്തും. ബ്ലൂ കാർബൺ ക്രെഡിറ്റ് എന്ന പേരിലറിയപ്പെടുന്ന ഇത് പ്രയോജനപ്പെടുത്താൻ സംസ്ഥാനങ്ങൾക്ക് അധികാരമുണ്ട്. സ്വന്തം നിലയ്ക്ക് കണ്ടൽക്കാടുകളുടെ കാർബൺ സീക്വസ്ട്രേഷൻ അളവുകൾ സർട്ടിഫൈ ചെയ്ത് പൊതു വിപണിയിൽ വിൽക്കാവുന്നതാണ്.

753. **ഓറഞ്ച് ബുക്ക് (Orange Book SOPs):** സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ കീഴിൽ തയ്യാറാക്കിയ, ദുരന്തപ്രതികരണവുമായി ബന്ധപ്പെട്ട പ്രധാനമാർഗ്ഗരേഖയാണിത്. ഓരോ വർഷവും കാലവർഷത്തെയും തുലാവർഷത്തെയും കാലയളവിലേക്കായി ഓറഞ്ച് ബുക്ക് തയ്യാറാക്കി പ്രസിദ്ധീകരിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ മുന്നൊരുക്കങ്ങൾ നടത്തും.

754. **ദുരന്തപ്രതികരണ ശേഷി:** മുന്നറിയിപ്പ് സംവിധാനം (KaWaCHaM), ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ, ഉരുൾപൊട്ടൽ മുന്നറിയിപ്പ് സംവിധാനങ്ങൾ, ERSS-112 തുടങ്ങിയവ വഴി കേരളത്തിന്റെ പ്രതികരണശേഷി ഗണ്യമായി ഉയർത്തും. ദുരന്ത പ്രതികരണത്തിനായി SOP-ക്ക് അനുസൃതമായി മോക് ഡ്രില്ലുകൾ, പരിശീലനങ്ങൾ, അടിയന്തര സാഹചര്യങ്ങളിൽ വിവിധ വകുപ്പുകൾ ചെയ്യേണ്ട ഇടപെടലുകൾ എന്നിവ നടപ്പിലാക്കും.

755. **സിവിൽ ഡിഫൻസ്, സാമൂഹ്യസന്നദ്ധസേന:** പരിശീലനം ലഭിച്ച 15,000 സന്നദ്ധപ്രവർത്തകർ 128 ഫയർസ്റ്റേഷനുകളുമായി ബന്ധപ്പെട്ടുണ്ട്. ഇതിനു പുറമേ 3.5 ലക്ഷം സാമൂഹ്യ-സന്നദ്ധസേനയെ പുനസംഘടിപ്പിക്കും.

756. **പ്രാദേശിക ദുരന്ത നിവാരണ പദ്ധതി:** ഇപ്പോൾ തയ്യറാക്കിയിരിക്കുന്ന പ്രാദേശിക ദുരന്ത നിവാരണ പ്ലാനുകൾ പുതിയ വിവരങ്ങളുടെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ പരിഷ്കരിക്കും. അപകട സാധ്യത സൂചിക /ദുരന്ത ദുർബലത സ്ഥിതി പരിഗണിച്ചാവണം വിവിധ വികസന മേഖലകളിൽ പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്.

757. DM പ്ലാൻ പുതുക്കുന്നതിനോടൊപ്പം, എമർജൻസി റെസ്പോൺസ് ടീം പുനസംഘടിപ്പിക്കുകയും അവർക്ക് ബേസിക് ലൈഫ് സപ്പോർട്ട്, ഒഴിപ്പിക്കൽ, രക്ഷാപ്രവർത്തനം എന്നിവയിൽ പരിശീലനങ്ങൾ നൽകുകയും ചെയ്യും. ദുരന്ത സ്ഥിതിക്ക് അനുയോജ്യമായ ഉപാധികൾ എത്തിക്കാനുള്ള ആസൂത്രണവും സൗകര്യവും ഉറപ്പാക്കണം.

758. പമ്പാനദി ബേസിനിലെ തദ്ദേശ സ്വയംഭരണ സ്ഥപനങ്ങൾ ഏറ്റെടുത്തു നടത്തിയ ദുരന്ത നിവാരണ - കാലാവസ്ഥാ വ്യതിയാന അനുരൂപണ പദ്ധതികളുടെ മാതൃകയിൽ മറ്റു നദീതടങ്ങളിലും പ്ലാനുകൾ തയ്യാറാക്കുന്നതാണ്.

759. **റിസ്ക് ഇൻഫോമ്ഡ് മാസ്റ്റർ പ്ലാൻ:** പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ജില്ലകളിലെ നഗരസഭകൾക്കായി അപകടസാധ്യതകൾ (റിസ്കുകൾ) പരിഗണിച്ചുള്ള റിസ്ക് ഇൻഫോർമ്ഡ് അർബൻ മാസ്റ്റർ പ്ലാൻ തയ്യാറാക്കി

വരുന്നു. നഗരവികസന പദ്ധതികൾ രൂപകൽപന ചെയ്യുമ്പോൾ ഈ റിസ്ക് ഇൻഫോർമ്ഡ് സമീപനമായിരിക്കും എല്ലാ നഗരസഭകളിലും അനുകരിക്കുക.

760. ആശുപത്രി സുരക്ഷാ പദ്ധതി (Hospital Safety Plan) - വരും വർഷങ്ങളിൽ സമഗ്രമായ ആശുപത്രിസുരക്ഷാ പ്രവർത്തന പദ്ധതികൾ (Hospital safety Plan) എല്ലാ ആരോഗ്യകേന്ദ്രങ്ങളിലും ആവിഷ്കരിക്കും.
761. ഉന്നതി തല ദുരന്ത നിവാരണ പദ്ധതി ആവിഷ്കരിക്കും.
762. സ്കൂൾ സുരക്ഷയും ടീച്ചേർസ് ബ്രിഗേഡ് - അധ്യാപകരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ടീച്ചേർസ് ബ്രിഗേഡ് സജ്ജമാക്കണം. അടിയന്തരഘട്ടങ്ങളിൽ പ്രാദേശിക ജനങ്ങൾക്ക് ആശ്രയകേന്ദ്രങ്ങളായി സ്കൂളുകൾ പ്രവർത്തിക്കുന്നു.

## പ്രത്യേക പാക്കേജുകൾ

763. **കുട്ടനാട് പരിസ്ഥിതി പുനസ്ഥാപന പാക്കേജ്:** കുട്ടനാട് പാക്കേജിന്റെ ഭാഗമായിട്ടുള്ള കുടിവെള്ള പദ്ധതി, ഏസി റോഡിന്റെ നിർമ്മാണവും പൂർത്തീകരിച്ചു. താലൂക്ക് ആശുപത്രി വികസനം അടിയന്തര പ്രാധാന്യത്തോടെ ഏറ്റെടുക്കും. പഴനില കായൽ ആഴംകൂട്ടി 17 കിലോമീറ്റർ നീളത്തിൽ പാടശേഖര ബണ്ടുകൾ ബലപ്പെടുത്തുന്നതിനുള്ള പദ്ധതി കിഫ്ബി ധനസഹായത്തോടെ ആരംഭിച്ചു. ഇതിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ മറ്റു പ്രദേശങ്ങളിലേക്കുകൂടി ആഴംകൂട്ടുന്നതിനും ബണ്ടുകൾ ബലപ്പെടുത്തുന്നതിനുമുള്ള പദ്ധതി വ്യാപിപ്പിക്കും. തോടുകളുടെ ആവാഹശേഷിയും വർദ്ധിപ്പിക്കും.
764. ജനകീയ കാമ്പയിനിലൂടെ കായൽ ശുചീകരിക്കും. കുളവാഴകൾ നീക്കം ചെയ്യുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾ ഡീവീഡറുകൾ വാങ്ങുകയും ആക്ടിവിറ്റി ഗ്രൂപ്പുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുകയും ചെയ്യും. കുളവാഴകളെ മൂല്യവർദ്ധിത ഉല്പന്നങ്ങളായി മാറ്റും.
765. കുട്ടനാട് ശുചിയാകണമെങ്കിൽ ചുറ്റുമുള്ള പട്ടണങ്ങളിലും ഗ്രാമങ്ങളിലും ഖര-ദ്രവ മാലിന്യസംസ്കരണം നടപ്പാക്കണം. സെപ്ടേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കണം.
766. പുതിയ കാർഷിക കലണ്ടറിന്റെ അടിസ്ഥാനത്തിൽ തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ അടച്ചിടുന്നത് പരമാവധി കുറയ്ക്കും. മൂന്നോ നാലോ വർഷത്തിൽ ഒരിക്കലെങ്കിലും തണ്ണീർമുക്കം ബണ്ട് പൂർണ്ണമായും തുറന്നുവയ്ക്കും.
767. പമ്പ-അച്ചൻകോവിൽ നദികളിലെ ഒഴുക്ക് സുഗമമാക്കുന്നതിന് ലീഡിങ് ചാനലിന്റെ ആഴംകൂട്ടും. തോട്ടപ്പള്ളി സ്പിൽവേയുടെ പ്രവർത്തനം കാര്യക്ഷമമാക്കും.
768. അരൂർ മേഖലയിലെ വേലിയേറ്റ വെള്ളപ്പൊക്കത്തിനു പരിഹാരം കാണും.

ഇതിനായി സമഗ്രമായ പരിപാടി തയ്യാറാക്കി വകയിരുത്തിയ ഫണ്ട് വിനിയോഗിക്കും.

769. **ഇടുക്കി പാക്കേജ്:** ഇടുക്കി പാക്കേജ് സംബന്ധിച്ച് സംഘടിപ്പിച്ച സെമിനാർ പ്രഖ്യാപിത ഫണ്ടിൽ ഗണ്യമായ ഭാഗം ചെലവഴിക്കപ്പെട്ടിട്ടുണ്ടെന്ന് വിലയിരുത്തുകയുണ്ടായി. ഇതിന്റെ ഗുണഫലം പൂർണ്ണമായും ജില്ലയ്ക്ക് ലഭിക്കുന്നതിന് ചില അനുപൂരക പ്രൊജക്ടുകൾ ഏറ്റെടുക്കണമെന്നും സെമിനാർ ചൂണ്ടിക്കാണിച്ചു. അവകൂടി പരിഗണിച്ച് ഇടുക്കി പാക്കേജ് പുനസംവിധാനം ചെയ്യും.

770. **വയനാട് പാക്കേജ്:** വയനാട് പാക്കേജിൽ ഏറ്റവും പ്രധാനപ്പെട്ട ഇനമായ കോഫി പാർക്കിന്റെ നിർമ്മാണം ആരംഭിച്ചു. ഇതുമായി ബന്ധപ്പെട്ട് കൃഷിരീതികളും സംഭരണവും നവീകരിക്കും. ബ്രാൻഡിങിനു വേണ്ടിയുള്ള കാർബൺ ന്യൂട്രൽ വയനാട് പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകും. വയനാട് ജില്ലയ്ക്കു വേണ്ടി മുഖ്യമന്ത്രി പ്രഖ്യാപിച്ച 7000 കോടി രൂപയുടെ സമഗ്രവികസന പാക്കേജ് കഴിഞ്ഞ അഞ്ച് വർഷത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പുനസംവിധാനം ചെയ്യും.

771. **കാസർഗോഡ് പാക്കേജ്:** കാസർഗോഡ് പാക്കേജിനു വേണ്ടി നൽകുന്ന വാർഷിക ഗ്രാന്റ് വർദ്ധിപ്പിക്കും. എൻഡോസൾഫാൻ ഇരകൾക്കുള്ള സംരക്ഷണം തുടരും.

772. **മലബാർ:** കിഫ്ബിയുടെ അഭൂതപൂർവ്വമായ നിക്ഷേപത്തിന്റെ ഫലമായി മലബാറിന്റെ പശ്ചാത്തല പിന്നോക്കാവസ്ഥ മറികടന്നിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസായവൽക്കരണവും ടൂറിസം വികസനവും ഉറപ്പുവരുത്തുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കും. വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾക്കു പ്രത്യേക ശ്രദ്ധ നൽകും.

# X
# വികസനത്തിൽ സ്ത്രീനീതി

773. സ്ത്രീകളുടെ വിദ്യാഭ്യാസ-ആരോഗ്യാദി അവസ്ഥകൾ വളരെ മെച്ചമാണെങ്കിലും സ്ത്രീപദവിയിൽ കേരളത്തിലെ സ്ത്രീകളുടെ സ്ഥാനം വളരെ പിന്നിലാണ്. ഇത് മറികടക്കുന്നതിന് വികസന മുൻകൈയോടൊപ്പം സാമൂഹിക, രാഷ്ട്രീയ ഇടപെടലുകളും അനിവാര്യമാണ്. നേരത്തെ പറഞ്ഞതുപോലെ സ്ത്രീയുടെ തൊഴിൽ പങ്കാളിത്തം ഉയർത്തുന്നതിനുള്ള വിപുലമായ ക്യാമ്പയിൻ സ്ത്രീപദവിയിലെ പിന്നോക്കാവസ്ഥ മറികടക്കുന്നതിന് ഒരു ഉപാധിയാക്കി മാറ്റാനാകും. ഇതിനു പുറമേ താഴെപ്പറയുന്ന ശക്തമായ ഇടപെടലുകൾ വികസനത്തിൽ സ്ത്രീനീതി ഉറപ്പുവരുത്തുന്നതിനുണ്ടാകും.

774. **വിജ്ഞാന സമ്പദ്വ്യവസ്ഥ:** വിദ്യാഭ്യാസ കാലത്തുതന്നെ സ്ത്രീകൾക്ക് ഉയർന്ന നൈപുണി ആവശ്യമായ തൊഴിലുകളിൽ പരിശീലനം നൽകും.

ഇപ്പോൾ പഠനം പൂർത്തിയാക്കി തൊഴിൽരഹിതരായി നിൽക്കുന്നവർക്കോ ജോലി ബ്രേക്ക് ചെയ്യേണ്ടി വന്നവർക്കോ വീടിനുള്ളിലോ വീടിനടുത്തോ ഇരുന്ന് പുറംജോലികൾ ചെയ്യുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കും.

775. **പരിചരണ ചുമതലകളുടെ സാമൂഹ്യവൽക്കരണം:** സ്ത്രീകളുടെ ഗാർഹിക ചുമതലകളുടെ ഭാരം കുറയ്ക്കുന്നതിന് കൃത്യമായും തുടർച്ചയായും ഇടപെടൽ ഉണ്ടാകും. സ്കൂൾ സമയത്തിന് ശേഷം കുട്ടികൾക്കായി 'ആഫ്റ്റർ സ്കൂൾ' സംവിധാനങ്ങളും (After-school care), ആവശ്യാനുസരണം ഗുണനിലവാരമുള്ള ക്രഷുകളും സൃഷ്ടിക്കും. ഇവയ്ക്ക് രജിസ്ട്രേഷനും മോണിറ്ററിങ്ങും ഉണ്ടാകും. പാചകത്തിനുള്ള ഭാരം കുറയ്ക്കുന്നതിനായി കമ്മ്യൂണിറ്റി കിച്ചൺ പോലുള്ള സംവിധാനങ്ങളെ പ്രോത്സാഹിപ്പിക്കും.

776. **തൊഴിൽ തുല്യത:** കുറഞ്ഞ കൂലിയും ഉയർന്ന അധ്വാനവും ഉള്ള മേഖലകളിൽ പണിയെടുക്കുന്ന പാവപ്പെട്ട സ്ത്രീകളുടെ ജീവിതാവകാശങ്ങൾ സംരക്ഷിക്കപ്പെടണം. സാമ്പത്തിക വരുമാനത്തിനപ്പുറം, അധ്വാനത്തിന് ആനുപാതികമായ കൂലി, വിശ്രമസമയം, വിനോദം, ആരോഗ്യം, സുരക്ഷ തുടങ്ങിയ അടിസ്ഥാനാവകാശങ്ങൾ ഉറപ്പാക്കുന്ന വികസനപദ്ധതികൾക്ക് മുൻതൂക്കം നൽകും.

777. **വയോജനപരിപാലനം:** വയോജനങ്ങളുടെ എണ്ണത്തിൽ കൂടുതൽ സ്ത്രീകളാണ്. പ്രത്യേകിച്ച് 80 വയസ്സിനു മുകളിലുള്ളവർ. വയോജന നയത്തിൽ ഈ ജന്റർ പ്രത്യേകതയ്ക്കു പ്രത്യേക പ്രാധാന്യം നൽകും. ഈ മാനിഫെസ്റ്റോയിൽ മുന്നോട്ടുവയ്ക്കുന്ന സമഗ്ര സാമൂഹ്യ പാലിയേറ്റീവ് സംവിധാനം സാന്ത്വന പരിചരണവുമായി ബന്ധപ്പെട്ട സ്ത്രീകളുടെ ജോലിഭാരം കുറയ്ക്കും.

778. **തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ:** വനിതാ ഘടക പദ്ധതിയെ വിമർശനപരമായി പരിശോധിച്ച് കൂടുതൽ ഫലപ്രദമാക്കും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ വനിതാ പ്രവർത്തകർക്ക് കൂടുതൽ ഫലപ്രദമായി ഇടപെടുന്നതിനുള്ള പരിശീലനങ്ങൾ നൽകും.

779. **അതിക്രമങ്ങൾ:** എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും സ്ത്രീകളുടെ വിപുലമായ പങ്കാളിത്തത്തോടുകൂടി ക്രൈം മാപ്പിങ് നടത്തും. ഇതിന്റെയടിസ്ഥാനത്തിൽ അതിക്രമങ്ങൾ കുറയ്ക്കാനുള്ള പ്രാദേശിക പദ്ധതി തയ്യാറാക്കും. ഗാർഹിക പീഡനങ്ങൾ, സ്ത്രീധന ഉപദ്രവങ്ങൾ, സദാചാര ആക്രമണങ്ങൾ, സൈബർ കുറ്റകൃത്യങ്ങൾ എന്നിവ തടയാൻ പ്രാദേശിക തലത്തിൽ കൃത്യമായ 'ആക്ഷൻ പ്ലാൻ' രൂപീകരിക്കും. ഇതിൽ കുടുംബശ്രീയേയും സ്ത്രീ സംഘടനകളെയും സാമൂഹിക പ്രസ്ഥാനങ്ങളെയും പങ്കാളികളാക്കും. അതിക്രമങ്ങളെ അതിജീവിക്കുന്നവർക്ക് (Survivors) വേഗത്തിലുള്ള നീതിയും സുസ്ഥിരമായ പുനരധിവാസവും ഉറപ്പാക്കും. പ്രതിരോധത്തിനായുള്ള സ്ഥാപനപരമായ സംവിധാനങ്ങൾ (ജാഗ്രതാ സമി

തികൾ, ലീഗൽ എയ്ഡ് ക്ലിനിക്കുകൾ) ശക്തിപ്പെടുത്തും.

780. കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് ആത്മവിശ്വാസവും സ്വയംപ്രതിരോധശേഷിയും നൽകുന്നതിനായി ആയോധനകലയിൽ പരിശീലനം നൽകുന്ന 'ധീര' പദ്ധതി 14 ജില്ലാതല വൺ സ്റ്റോപ്പ് സെന്ററുകൾക്കൊപ്പം വിപുലീകരിക്കും.

781. **ജൻഡർ ബഡ്ജറ്റിംങ്:** വികസനപദ്ധതികളിൽ സ്ത്രീപരിഗണന വർധിപ്പിക്കുന്നതിന് ഫലപ്രദമായ ഒരു ഉപകരണമായി ജൻഡർ ബഡ്ജറ്റിങ്ങിനെ കേരളത്തിൽ ഉപയോഗപ്പെടുത്തിയ അനുഭവം നമുക്കുണ്ട്. സംസ്ഥാന ബജറ്റിലെയും തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബജറ്റിലെയും ജൻഡർ ബജറ്റിംങിനെ ശക്തിപ്പെടുത്തും. ഇതു സംബന്ധിച്ച് സമഗ്രമായ വാർഷിക റിപ്പോർട്ട് പ്രസിദ്ധീകരിക്കും.

782. **വനിതാ കമ്മീഷൻ:** മറ്റുപല സംസ്ഥാനങ്ങളെ അപേക്ഷിച്ചു ഫലപ്രദമായി പ്രവർത്തിക്കുന്ന വനിതാ കമ്മീഷനാണ് കേരളത്തിലുള്ളത്. വനിതാ കമ്മീഷനെ കൂടുതൽ ശക്തിപ്പെടുത്തും. കീഴ്ത്തട്ടിലുള്ള ജാഗ്രതാ സമിതികളെ പ്രവർത്തനക്ഷമമാക്കും.

783. **ട്രാൻസ്ജെൻഡർ:** ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റിയ്ക്കായുള്ള മഴവില്ല് പദ്ധതി കൂടുതൽ വിപുലമാക്കും. ട്രാൻസ്ജന്റർ (LGBTQ+) വിഭാഗങ്ങളുടെ ചികിത്സയ്ക്കായി സ്പെഷ്യാലിറ്റി സംവിധാനങ്ങൾ ഒരുക്കുകയും അവർക്ക് മുൻഗണനാക്രമത്തിൽ ചികിത്സ ലഭ്യമാക്കുകയും ചെയ്യുക. ലിംഗമാറ്റ ശസ്ത്രക്രിയകൾക്കുള്ള സൗകര്യം എല്ലാ മെഡിക്കൽ കോളെജുകളിലും ഒരുക്കും. കേന്ദ്ര സർക്കാർ പാസ്സാക്കിയിട്ടുള്ള ട്രാൻസ്ജെൻഡർ നിയമം തികച്ചും പ്രതിലോമകരമാണ്. അതിലെ ട്രാൻസ്ജെൻഡറു കളുടെ ആത്മാഭിമാനത്തെ ചോദ്യം ചെയ്യുന്ന വ്യവസ്ഥകളും സംസ്ഥാനത്തെ ആനുകൂല്യങ്ങൾക്ക് ബാധകമാക്കില്ല.

784. സർക്കാർ നയ രൂപീകരണ സമിതികളിൽ നിർബന്ധമായും ദളിത് / സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കും.

## കുടുംബശ്രീ

785. **അയൽക്കൂട്ട സംവിധാനം:** കുടുംബശ്രീ അയൽക്കൂട്ടങ്ങളും എഡിഎസ്, സിഡിഎസ് സംവിധാനങ്ങളുമാണ് കുടുംബശ്രീയുടെ ഹൃദയം. അവയുടെ കാര്യക്ഷമവും സ്വതന്ത്രവുമായ പ്രവർത്തനത്തിന് പിന്തുണ നൽകൽ ആയിരിക്കണം കുടുംബശ്രീ മിഷന്റെ മുഖ്യചുമതല. അയൽക്കൂട്ട സംവിധാനത്തിന്റെ ദൗർബല്യങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു സമഗ്ര സംഘടനാ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കും.

786. പാർശ്വവൽകൃത സമൂഹങ്ങളെ പൂർണ്ണമായും കുടുംബശ്രീയിൽ പങ്കാളികളാക്കും. പട്ടികജാതി, പട്ടികവർഗ, പ്ലാന്റേഷൻ, മത്സ്യമേഖല, നഗരമേഖലയിലെ ദരിദ്ര്യർ തുടങ്ങിയ വിഭാഗങ്ങളിൽ ഇനിയും കുടുംബശ്രീ

സംവിധാനത്തിന് പുറത്തു നിൽക്കുന്ന ഒരു ചെറിയ വിഭാഗമുണ്ട്. അവയെ കുടുംബശ്രീയിൽ ഉൾച്ചേർക്കുന്നതിനുള്ള പ്രത്യേക പരിപാടിക്കു രൂപം നൽകും. കുടുംബശ്രീ അംഗത്വം 48 ലക്ഷത്തിൽ നിന്ന് 60 ലക്ഷമായി ഉയർത്തും.

787. **സമ്പാദ്യവും വായ്പയും:** കുടുംബശ്രീയുടെ മൊത്തം സമ്പാദ്യം ഏതാണ്ട് 10,000 കോടി രൂപയും ബാങ്കുകളിൽ നിന്നും എടുത്തിരിക്കുന്ന നിലവിലുള്ള വായ്പകൾ 14,000 കോടി രൂപയും വരും. കുടുംബശ്രീയുടെ ബാങ്ക് ലിങ്കേജ് വായ്പകൾ 20,000 കോടി രൂപയായി ഉയർത്തും. സമാന്തരമായി വളരെ ഉയർന്ന പലിശയ്ക്ക് വായ്പകൾ സ്വകാര്യ ഏജൻസികളിൽ നിന്ന് കുടുംബശ്രീ അംഗങ്ങൾ എടുക്കുന്നതിനു ക്രമീകരണം ഉണ്ടാക്കും. അന്യായ പലിശ അനുവദിക്കില്ല.

788. **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ:** തദ്ദേശഭരണ സ്ഥാപനങ്ങളും കുടുബശ്രീയുമായിട്ടുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തും. കുടുംബശ്രീ ഏറ്റെടുക്കാൻ പോകുന്ന തൊഴിൽ ക്യാമ്പയിൻ ഈ ബന്ധം ഊഷ്മളമാക്കുന്നതിനുവേണ്ടി ഉപയോഗപ്പെടുത്തും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഇതര വകുപ്പുകളുടെയും ദാരിദ്യനിർമ്മാർജന - സാമ്പത്തിക വികസന പ്രവർത്തനങ്ങളുടെ സംയോജന - സമന്വയത്തിനുള്ള സാമൂഹിക ഏൻജൻസിയായി കുടുംബശ്രീയെ രൂപാന്തരപ്പെടുത്തും.

789. **നവകേരളം ജനകീയാസൂത്രണം:** ക്യാമ്പയിന്റെ കേന്ദ്ര മുദ്രാവാക്യം കുടുംബശ്രീയുടെ മുൻകൈയിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 50 ശതമാനമായി ഉയർത്തുന്നതിനുള്ള പ്രവർത്തനമാണ്. അയൽക്കൂട്ടങ്ങൾ കേവലം മൈക്രോ ഫിനാൻസിനപ്പുറം തൊഴിൽ നൽകലും തൊഴിലെടുക്കുന്നവർക്ക് സാമൂഹിക പിന്തുണ നൽകുന്ന ഒരു സുപ്രധാന ഘടകമായിട്ടു മാറും. കുടുംബശ്രീയുടെ ജെന്റർ ക്യാമ്പയിൻ, സംഘടനാശാക്തീകരണം, സംരംഭ - തൊഴിൽ വികസനപരിപാടികൾ, സാമൂഹിക വികസനപരിപാടികൾ തുടങ്ങിയവയെല്ലാം ഇതുമായി സംയോജിപ്പിക്കപ്പെടും.

790. **കുടുംബശ്രീ മിഷൻ:** മിഷന്റെ പ്രവർത്തനങ്ങൾ പുനസംഘടിപ്പിക്കും. 25 വർഷത്തെ പ്രവർത്തനാനുഭവമുള്ള സംഘടനാ സംവിധാനത്തിനു സാങ്കേതിക / പ്രൊഫഷണൽ സഹായം നൽകുന്ന സംവിധാനമായി മിഷൻ മാറണം. വിവിധ വികസനപരിപാടിയിൽ സംഘാടന, സാങ്കേതിക ഫെസിലിറ്റേഷൻ ഗ്രൂപ്പുകൾ, കുടുംബശ്രീ ത്രിതല സംഘടനയിൽ നിന്നുതന്നെ രൂപപ്പെട്ടുവന്നിട്ടുണ്ട്. ഈ രീതി മറ്റു വികസന രംഗങ്ങളിലും കൊണ്ടുവരും. പരിശീലന ഗ്രൂപ്പുകൾ, മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാർ, കാസ്സ് അംഗങ്ങൾ, മെന്റർമാർ എന്നിങ്ങനെ വലിയ ഒരു വിഭാഗം നിലവിൽ കുടുംബശ്രീ സംവിധാനത്തിൽ കമ്മ്യൂണിറ്റി റിസോഴ്സ് ടീമായി

പ്രവർത്തിക്കുന്നുണ്ട്. ഇത്തരം സംവിധാനങ്ങളെ ശക്തിപ്പെടുത്തും. മിഷന്റെ എല്ലാ വെർട്ടിക്കിൾ വിഭാഗങ്ങളും തൊഴിൽ ക്യാമ്പയിനിൽ സംയോജിതമായ രീതിയിൽ ഇടപെടുമെന്ന് ഉറപ്പുവരുത്തും.

791. മിഷനിലെ മുഴുവൻസമയ പ്രവർത്തകരോടൊപ്പം വിപുലമായ ഒരു സന്നദ്ധസേനകൂടി പ്രവർത്തിക്കാനുണ്ടാകും. മുൻകാല മിഷൻ ജീവനക്കാർ, സിഡിഎസ് ഭാരവാഹികൾ, എൻആർഒ അംഗങ്ങൾ, ജനപ്രതിനിധികൾ തുടങ്ങിയവരെല്ലാം ഇത്തരത്തിൽ തൊഴിൽ ക്യാമ്പയിനിൽ പങ്കാളികളാകും.

792. തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് ആവശ്യമായ സാമൂഹികപിന്തുണ ഉറപ്പുവരുത്തുന്നതിനായി കുടുംബശ്രീക്കുള്ളിലും സമൂഹത്തിലും ജന്റർ ക്യാമ്പയിൻ സംഘടിപ്പിക്കും. “ഉയരെ” കാമ്പയിൻ മുന്നോട്ട് കൊണ്ടുപോകും.

793. കുടുംബശ്രീ മിഷനിലേക്കുള്ള ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മാറ്റം കൊണ്ടുവരും. മികച്ച പ്രൊഫഷണലുകളെ വകുപ്പുകളിൽ നിന്നും ആവശ്യമെങ്കിൽ പുറത്തുനിന്നും പ്രത്യേക വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ നിയമിക്കും. എല്ലാ പൂർണ്ണസമയ പ്രവർത്തകർക്ക് പ്രത്യേക ജെൻഡർ പരിശീലനം നൽകി നിയോഗിക്കും. ഇവരിൽ ഭൂരിപക്ഷവും സ്ത്രീകളായിരിക്കും.

794. ഓരോ അയൽക്കൂട്ടം – എ.ഡിഎസ്. – സി.ഡിഎസുകൾക്ക് വികസന ലക്ഷ്യങ്ങൾ നിശ്ചയിച്ച് പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി അംഗീകാരങ്ങൾ നൽകുന്ന രീതി കൊണ്ടുവരും.

795. **യുവത:** കുടുംബശ്രീ അയൽക്കൂട്ടത്തിന്റെ ഭാഗമാക്കാൻ തൊഴിലും നൈപുണ്യവികസനവുമായി ബന്ധപ്പെടുത്തി പ്രത്യേക പ്രോഗ്രാം ആരംഭിക്കും. ഓക്സിലറി ഗ്രൂപ്പുകളെ അയൽക്കൂട്ടങ്ങളോടു ബന്ധപ്പെടുത്തി വിപുലപ്പെടുത്തും.

796. എൻ.ആർ.എൽ.എം., എൻ.യു.എൽ.എം. പോലുള്ള കേന്ദ്ര പദ്ധതികൾ സത്യത്തിൽ കുടുംബശ്രീയിൽ നിന്നു കടംകൊണ്ടതാണെന്നു വേണം പറയാൻ. എന്നിരുന്നാലും യൂണിയൻ സർക്കാർ മുന്നോട്ടുവക്കുന്ന പല നയങ്ങളും ദാരിദ്ര്യനിർമ്മാർജന പ്രക്രിയയിൽ സംസ്ഥാനത്തിനുള്ള സ്വാതന്ത്ര്യം നഷ്ടപ്പെടുത്തുകയും പല പദ്ധതികളും അതേ രീതിയിൽ നടപ്പിലാക്കേണ്ടി വരികയും ചെയ്യുന്നു. ഏകീകൃത സ്വഭാവത്തിലുള്ള പ്രോഗ്രാമുകളും മാനദണ്ഡങ്ങളും സേവനാവകാശികളെ തിരഞ്ഞെടുക്കുന്ന രീതിയും വിലയിരുത്തലുമെല്ലാം ഈ മേഖലയിലെ സാമൂഹികശാക്തീകരണ മുൻ കൈകളെ ദുർബലപ്പെടുത്തുന്നതായി മാറുന്നു. കേന്ദ്ര സർക്കാരിന്റെ ഈ നീക്കങ്ങൾക്കെതിരെ ജാഗ്രത പുലർത്തും.

797. മുൻ കാലങ്ങളെ അപേക്ഷിച്ച് സ്ത്രീകളുടെ സാമൂഹിക സാന്നിധ്യം വർ

ഢിച്ചിട്ടുണ്ടെങ്കിലും നിലവിലെ സോഷ്യൽ മീഡിയയിൽ ഉൾപ്പെടെയുള്ള പ്രചരണങ്ങൾ പലപ്പോഴും പിന്തിരിപ്പൻ ആശയങ്ങൾ സ്ത്രീകളിൽ പരോക്ഷമായി അടിച്ചേൽപ്പിക്കുന്നതിന് ഇടയാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ, മതനിരപേക്ഷരീതി പ്രോത്സാഹിപ്പിക്കുന്നതിനു ബോധപൂർവമായ ഇടപെടൽ ആസൂത്രണം ചെയ്യും.

# XI

# മതനിരപേക്ഷ പുരോഗമന സംസ്കാരം

798. കേരളത്തിന്റെ ലക്ഷ്യം കേവലം വിജ്ഞാന സമ്പദ്ഘടനയല്ല. വിജ്ഞാന സമൂഹമാണ്. വിജ്ഞാന സമൂഹത്തിലെ വികസനത്തിൽ എല്ലാവരെയും ഉൾച്ചേർത്തിരിക്കും. അതുപോലെ തന്നെ തുല്യതയിലും പരിസ്ഥിതി സൗഹാർദ്ദത്തിലും ഊന്നുന്ന മതനിരപേക്ഷ പുരോഗമന സംസ്കാരവും അനിവാര്യമാണ്. അതുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ വികസന അജണ്ടയിൽ ഒരു സുപ്രധാന സ്ഥാനം മതനിരപേക്ഷ പുരോഗമന സംസ്കാരത്തിനുണ്ട്.
799. **ഗ്രന്ഥശാലാ പ്രസ്ഥാനം:** സമൂഹത്തിൽ വായനയുടെ വ്യാപനം ഉറപ്പുവരുത്തുന്നതിനായി പൊതുവിദ്യാലയങ്ങളിലെ കുട്ടികൾക്ക് മലയാള വായനാഭിരുചി ഉണ്ടാക്കാനും ക്ലാസ് റൂം ലൈബ്രറികൾ ഉണ്ടാക്കാനുമായി “ഒരു കുട്ടിക്കൊരു പുസ്തകം” എന്ന പേരിൽ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതി നടപ്പാക്കും.
800. ഗ്രന്ഥശാല പ്രസ്ഥാനത്തിനുള്ള ധനസഹായം ഉയർത്തുകയും ഡിജിറ്റലൈസേഷൻ സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യും. ലൈബ്രറി വിജ്ഞാന കേന്ദ്രങ്ങളായി മാറ്റും. വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ഗ്രന്ഥശാല നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തും. വിവരസാങ്കേതികവിദ്യയുടെ ശേഷി നേടുന്നതിനും അതിലൂടെ വിവരവിനിമയത്തിൽ നേരിട്ട് ഇടപെടുന്നതിനുമുള്ള ഒരു ഇടമായി വായനശാലയെ മാറ്റും. പഴയ പുസ്തകങ്ങൾ, മാസികകൾ എന്നിവയുടെ അപൂർവശേഖരങ്ങൾ ഡിജിറ്റലൈസ് ചെയ്യും.
801. ഗ്രന്ഥശാലകൾ പുസ്തകങ്ങൾ വായിക്കാനുള്ള ഒരിടം എന്നതിലുപരി ശക്തമായ മതനിരപേക്ഷ സാംസ്കാരിക ഇടപെടലിനുള്ള സ്ഥലം കൂടിയാണ്. ഇന്നത്തെ കാലത്ത് പ്രാദേശിക സർക്കാരുകൾ, വികസന-വിജ്ഞാന കേന്ദ്രങ്ങൾ, നൈപുണി പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയ പുതിയ ധർമ്മങ്ങൾ ലൈബ്രറികൾ ഏറ്റെടുക്കാൻ പര്യാപ്തമാക്കും.
802. സംസ്ഥാനത്തെ ലൈബ്രേറിയന്മാരുടെ യോഗ്യത, നിയമനം, പരിശീലനം, വേതനം എന്നിവ മെച്ചപ്പെടുത്തും.
803. **അക്കാദമികൾ:** കേരളത്തിലെ അക്കാദമികളെ സമഗ്രമായി വിലയിരുത്തി പുന:സംഘടിപ്പിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കും. ഇതര

സംസ്ഥാന അക്കാദമികളുമായി വിനിമയം വർധിപ്പിക്കും. വിവർത്തനങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും സാധ്യമാക്കും.

804. ഫോക് ലോർ അക്കാദമിയെ ഔപചാരികവും അനൗപചാരികവുമായ ഗവേഷണങ്ങൾക്ക് പ്രാപ്തമാക്കണം, ഫോക്ലോർ മ്യൂസിയം വിപുലവും സുസജ്ജവുമാക്കും. ഭാരത് ഭവൻ, മലയാളം മിഷൻ എന്നിവയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തും. കേരള സംഗീതനാടക അക്കാദമി കേരളത്തിന്റെ തനതായ കലാരൂപങ്ങളെയും അവയുടെ കലാകാരരെയും ഡോക്യുമെന്റ് ചെയ്ത് ആർക്കേവിൽ സൂക്ഷിക്കുന്നതിനു പദ്ധതി തയ്യാറാക്കും. സാഹിത്യ അക്കാദമിയെ പുനഃസംഘടിപ്പിക്കും. വിഭവസമാഹരണ സ്വാതന്ത്ര്യം, പ്രാദേശിക സാഹിത്യസമിതികൾക്ക് ഗ്രാന്റ്, ഭാഷാ ആസൂത്രണത്തിന് പദ്ധതികൾ എന്നിവ ആവിഷ്കരിക്കും.

805. **മലയാളഭാഷ:** മലയാളഭാഷ നിയമത്തിന് വൈകിയാണെങ്കിലും അംഗീകാരം ലഭിച്ചിരിക്കുകയാണ്. ഭാഷപോഷണത്തിനായുള്ള നിയമവ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കും. ഭാഷ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ശക്തിപ്പെടുത്തും.

806. **മലയാളം കമ്പ്യൂട്ടിംങ്:** മലയാളത്തിൽ ഉന്നത ഗുണനിലവാരമുള്ള ഒരു വിശാല ഭാഷാ മാതൃക സൃഷ്ടിക്കുന്നതിനും പരിശീലനം നൽകുന്നതിനും ഡെവലപ്പർമാർക്കും ഇന്നവേറ്റർമാർക്കും പ്രോത്സാഹനം നൽകുന്നതിനുമായി ഒരു സമയബന്ധിത മലയാള ഭാഷാ മാതൃക ചലഞ്ച് ആവിഷ്കരിക്കും. മലയാളത്തിന് പ്രഥമ പരിഗണന നൽകുന്ന ഒരു മാതൃക സൃഷ്ടിക്കുന്നത് വഴി നിർമ്മിത ബുദ്ധിയുടെ ഗുണഫലങ്ങൾ സാധാരണക്കാരായ ജനങ്ങൾക്ക് അവരുടെ ഭാഷയിൽ തന്നെ ലഭ്യമാകുന്ന തിനും ഡിജിറ്റൽ സമത്വം ഉയർത്തുന്നതിനും സഹായിക്കും.

807. **മലയാളം വിക്കി:** വിക്കിപീഡിയ അടക്കമുള്ള ശേഖരങ്ങളിൽ നിക്ഷിപ്ത താൽപര്യത്തോടെയുള്ള തിരുത്തലുകളും ആധികാരികമല്ലാത്ത വിവരങ്ങളും ധാരാളമായി കാണാം. എണ്ണത്തിൽ പരിമിതമായ ഈ സന്നദ്ധപ്രവർത്തകർക്ക് എല്ലാ ഉള്ളടക്കങ്ങളും നിരന്തരം പരിശോധിക്കാനും ചരിത്രവിരുദ്ധവും ശാസ്ത്രവിരുദ്ധവും വസ്തുതാവിരുദ്ധവും പ്രതിലോമകരവുമായ വിവരങ്ങൾ തിരുത്താനും കഴിയുന്നില്ല. ഈ സാഹചര്യത്തിൽ, ഇതിനായി പങ്കാളിത്തം ഉയർത്താനുള്ള ഒരു പ്രോത്സാഹന പദ്ധതിയും ആധികാരികത ഉറപ്പാക്കാനുള്ള ഇടപെടലിനും പിന്തുണ നൽകും.

808. സർക്കാരിന്റെയും മറ്റും ഡിജിറ്റൽ ഉള്ളടക്കങ്ങൾ സ്വതന്ത്ര ലൈസൻസിൽ പൊതുസമൂഹത്തിനു ലഭ്യമാക്കും. സർക്കാർ സൈറ്റുകൾ ഓഡിറ്റ് ചെയ്യുകയും മലയാളത്തിലുള്ള ഉള്ളടക്കങ്ങൾ കാലാകാലം ഒഴിവാക്കപ്പെട്ടവ കണ്ടെത്തി അവ ആർക്കൈവ് ചെയ്യും.

809. **മലയാളം യൂണിക്കോഡ്:** മലയാളത്തിൽ യൂണിക്കോഡ് വന്നിട്ട് കാൽ നൂ

റ്റാണ്ട് ആയിട്ടും ഇന്നും ഒട്ടേറെ DTP കേന്ദ്രങ്ങളും പല ഡിസൈനർമാരും കാലഹരണപ്പെട്ട ആസ്കി ഫോണ്ടുകളിലാണ് ഉള്ളടക്കനിർമ്മാണം നടത്തുന്നത്. ഇന്റർനെറ്റിൽ ആർക്കൈവ് ചെയ്യാനും പുനരുപയോഗിക്കാനും പ്രയാസമുള്ള ഈ ഉള്ളടക്കങ്ങൾ എന്നെന്നേക്കുമായി നഷ്ടമാകാനാണു സാധ്യത. ഈ പ്രശ്നം പരിഹരിക്കാനും ടൈപ്പിങ്ങും ഡിസൈനിങ്ങും അടക്കമുള്ള ഉള്ളടക്കനിർമ്മാണം യൂണിക്കോഡിൽ നിർവഹിക്കുന്നു എന്ന് ഉറപ്പാക്കാനും നടപടി സ്വീകരിക്കും.

810. മലയാളം ടൈപ്പിങ്ങിലെ പ്രയാസങ്ങൾ ഒരു ഓഡിറ്റിങ്ങിനു വിധേയമാക്കി പ്രശ്നങ്ങൾ പട്ടികപ്പെടുത്തും. ഇവ പരിഹരിക്കാൻ കേരളം യൂണികോഡ് കൺസോർഷ്യത്തിൽ അംഗമാകും. സർവോപരി, ഭാഷാസാങ്കേതികവിദ്യ സ്വതന്ത്രസോഫ്റ്റ്‌വെയറിൽ അധിഷ്ഠിതമായി വികസിപ്പിക്കാൻ പ്രത്യേക താൽപര്യമെടുക്കും. അത് മറ്റ് ഇന്ത്യൻ ഭാഷകൾക്കു മാതൃകയാകും.

811. **പ്രസാധനരംഗം:** വൈജ്ഞാനിക ഗ്രന്ഥങ്ങൾ, ബാലസാഹിത്യം തുടങ്ങിയവയിലെ കുറവ് പരിഹരിക്കാനായി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, മലയാള സർവകലാശാല, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ നേരിട്ട് വലിയ തോതിൽ നിലവാരമുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിച്ച് ഈ രംഗത്ത് അടിത്തറയും മാതൃകകളുമുണ്ടാക്കും. കൂടാതെ വൈജ്ഞാനിക ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാൻ ചെറുതും വലുതുമായ സ്വകാര്യ പ്രസാധകരെ ധനസഹായം മുതലായവ നല്കി പ്രേരിപ്പിക്കും.

812. പുസ്തകങ്ങളുടെയും വായനയുടെയും നിരവധി പുതിയ രൂപങ്ങൾ ഇന്ന് ആവിഷ്ക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. ദൃശ്യപുസ്തകങ്ങൾ, ഇന്ററാക്റ്റീവ് പുസ്തകങ്ങൾ, സംസാരിക്കുന്ന പുസ്തകങ്ങൾ, ബ്ലോഗുകൾ എന്നിവയൊക്കെ ഇവയിൽ ചിലതുമാത്രം. ഈ മേഖലകളിലെല്ലാം മൗലികമായ സംഭാവനകൾ നൽകാൻ കെൽപ്പുള്ള പ്രസാധന പരിശീലനകേന്ദ്രങ്ങളും പ്രവർത്തനങ്ങളും ആരംഭിക്കും.

813. പ്രസാധനരംഗത്തെ സാങ്കേതിക വിദ്യാമാറ്റത്തിനനുസരിച്ച് നമ്മുടെ പ്രസാധന സംവിധാനത്തെ മാറ്റാനായി ഏതെങ്കിലും ഒരു സർവകലാശാലയുടെ ഭാഗമായി ഒരു പ്രസാധന പരിശീലന കേന്ദ്രം ആരംഭിക്കും.

814. താളിയോലയിലുള്ള ഗ്രന്ഥങ്ങൾ സംരക്ഷിക്കാനുള്ള ശ്രമങ്ങൾ നമ്മുടെ പല സർവകലാശാലകളിലും ഉണ്ട്. അവിടെയുള്ള കൃതികളും പഠനങ്ങളും വ്യാഖ്യാനങ്ങളും സഹിതം പ്രസിദ്ധീകരിക്കാനുള്ള ശ്രമങ്ങളെ പ്രോത്സാഹിപ്പിക്കും.

815. **അന്താരാഷ്ട്ര കലോത്സവങ്ങൾ:** കൊച്ചി ബിനാലെ ഇന്ന് ലോകപ്രസിദ്ധമാണ്. ഇതുപോലെ തന്നെ ഇറ്റ്ഫോക് (ITFoK - International Theatre Festival of Kerala), കേരള ഫിലിം ഫെസ്റ്റിവൽ (IFFK - International Film Festival of Kerala), എന്നിവ മലയാള കലാരംഗത്തെ അടയാളങ്ങളായി മാറിയിട്ടുണ്ട്.

തിരുവനന്തപുരത്ത് ടൂറിസം വകുപ്പ് നടത്തുന്ന നിശാഗന്ധി നൃത്തോത്സവം ഒരു വലിയ ആഗോള നൃത്തോത്സവമാക്കി പുന:സംഘടിപ്പിക്കും. ചെറുതും വലുതുമായ ലിറ്ററേച്ചർ ഫെസ്റ്റിവലുകളെ പ്രോത്സാഹിപ്പിക്കും. തിരുവനന്തപുരത്തെ നവരാത്രി സംഗീതോത്സവത്തിന്റെ മാതൃകയിൽ സ്വാതിതിരുനാൾ സംഗീതകോളേജിൽ ഒരു അന്താഷ്ട്ര സംഗീതോത്സവം സംഘടിപ്പിക്കും.

816. കേരളം കലാരൂപങ്ങൾ പ്രദർശിപ്പിക്കാനുള്ള സ്ഥിരം വേദികളെന്ന നിലയിൽ സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ കേരള കലാകേന്ദ്രങ്ങൾ ആരംഭിക്കും

817. **സാംസ്കാരിക ഇടനാഴികൾ:** (കൾച്ചറൽ കോറിഡോർ) രൂപപ്പെടുത്തുക എന്നതാണ് പൊതുയിടങ്ങൾ തിരിച്ചു പിടിക്കാനുള്ള ഒരു വഴി. അതതു പ്രദേശങ്ങളിലെ ചരിത്രസ്മാരകങ്ങൾ, സാംസ്കാരിക സ്ഥാപനങ്ങൾ, കൈവേലകൾ, കളികൾ, കലകൾ എന്നിവയെ കോർത്തിണക്കി ശാസ്ത്ര സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു ഇടനാഴി സൃഷ്ടിക്കുക എന്നതാണ് ഈ പരിപാടിയുടെ കാതല്. സാംസ്കാരിക സ്ഥാപനങ്ങളെ റോഡുകൾ വഴി പരസ്പരം ബന്ധിപ്പിച്ചാണ് ഇടനാഴി തീർക്കുക.

818. **കൾച്ചറൽ കോൺഗ്രസ്:** കേരള സർക്കാർ നടത്തിയ കൾച്ചറൽ കോൺഗ്രസ് കൂടുതൽ വിപുലമായ ഒരു സമ്മേളനമായി ഇനിയും നടത്തുന്നതാണ്. 1935-ൽ പാരീസിൽ നടന്ന സംസ്കാരത്തെ പ്രതിരോധിക്കാനുള്ള എഴുത്തുകാരുടെ സമ്മേളനത്തിന്റെ മാതൃകയിൽ ആയിരിക്കും ഈ കോൺഗ്രസുകൾ. കേരളത്തിന്റെ ആശയവിനിമയങ്ങളുടെ കേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്ന ലിറ്റേറ്ററി ഫെസ്റ്റിവലുകളെ പ്രോൽസാഹിപ്പിക്കുന്ന സമീപനം സ്വീകരിക്കും.

819. **സിനിമ:** നമ്മുടെ സിനിമയെ ലോകത്തെ ഒന്നാം നിരയിലേക്ക് ഉയർത്തുന്നതിന് പരീക്ഷണാത്മകവും സാമ്പത്തികവിജയം ലക്ഷ്യം വയ്ക്കാത്തതുമായ സിനിമകൾക്ക് സർക്കാർ ഉദാരമായ ധനസഹായം നൽകും. അതോടൊപ്പം കെ.ആർ. നാരായണൻ ഇൻസ്റ്റിറ്റ്യൂട്ടിനെ ഒരു അന്താരാഷ്ട്ര ചലച്ചിത്രപഠന സ്ഥാപനമാക്കി വികസിപ്പിക്കും. ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരണം ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കും.

820. സിനിമാരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ ഇന്ന് അവർ തന്നെ ശക്തമായി ഉന്നയിക്കുന്നു. പുരോഗമനസമൂഹം ഈ സ്ത്രീകളുടെ അവകാശങ്ങളെ പിന്തുണയ്ക്കും. സിനിമാരംഗത്തെ തൊഴിൽ നിയമങ്ങളിൽ കൂടുതൽ പരിഷ്കാരങ്ങൾ വരുത്തും.

821. വനിതാ ചലച്ചിത്ര സംവിധായകർക്കു നൽകുന്ന ധനസഹായം വർധിപ്പിക്കും. ലോകത്തെ തിരഞ്ഞെടുക്കപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട ഫിലിം ഇൻ

സ്റ്റിറ്റ്യൂട്ടുകളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നല്കും.

822. സംസ്ഥാന ചലച്ചിത്ര പുരസ്കാരത്തിൽ മികച്ച നടനുള്ള അവാർഡ് അഭിനയ സാമ്രാട്ട് ആയിരുന്ന സത്യന്റെ പേരിലും നടിക്കുള്ള അവാർഡ് മലയാള സിനിമയിലെ ആദ്യ നായികയായ പി.കെ. റോസിയുടെ പേരിലും ഏർപ്പെടുത്തും.

823. **കലാപഠനം:** സ്കൂളുകളിൽ കലാപോഷണത്തിനാവശ്യമായ സാഹചര്യങ്ങൾ പ്രബലപ്പെടുത്തും. സർക്കാർ സ്കൂളുകളിൽ കലാധ്യാപകരുടെ സേവനം ഉറപ്പുവരുത്തും. സ്കൂൾ കലാമേളകളുടെ മാനുവൽ, നടത്തിപ്പുരീതികൾ എന്നിവ അടിമുടി പരിഷ്കരിക്കും. മേളകൾ ചെലവുകുറഞ്ഞതും വികേന്ദ്രീകരിക്കാവുന്നതും മത്സരസ്വഭാവം കുറഞ്ഞതുമാക്കും.

824. കലാമണ്ഡലത്തിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കും. സർവകലാശാലകളിലെ കലാ പഠനത്തിന് നൈപുണി വ്യവസ്ഥയ്ക്ക് കൂടുതൽ പ്രാധാന്യം നൽകും.

825. ക്രിയേറ്റീവ് ഇക്കണോമി ഫണ്ട് (Creative Economy Fund): അനിമേഷൻ, വിഷ്വൽ ഇഫക്ട്സ്, ഗെയിമിംഗ്, ഡിജിറ്റൽ ഡിസൈൻ എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന സംരംഭകർക്കും കലാകാരന്മാർക്കും പ്രാരംഭ നിക്ഷേപവും പിന്തുണയും നൽകാനായി ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കും.

826. നോളഡ്ജ് ഫാക്ടറി - ക്രിയേറ്റീവ് ഹബ്ബ്: നോളഡ്ജ് ഫാക്ടറിയുടെ ഭാഗമായി എഐ പവേർഡ് ക്രിയേറ്റീവ് സ്റ്റുഡിയോകൾ സ്ഥാപിക്കും. ഇവിടെ വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര സിനിമകളുടെയും ഗെയിമുകളുടെയും പ്രോജക്റ്റുകളിൽ പെയ്ഡ് ഇന്റേൺഷിപ്പോടെ പ്രവർത്തിക്കാനും ആഗോള നിലവാരത്തിലുള്ള പ്രവർത്തിപരിചയം നേടാനും സാധിക്കും.

827. എക്സ്റ്റൻഡഡ് റിയാലിറ്റി (XR) ലാബുകൾ: വിദ്യാഭ്യാസം, ആരോഗ്യം, ടൂറിസം എന്നീ മേഖലകളിൽ വിപ്ലവം സൃഷ്ടിക്കാൻ ശേഷിയുള്ള AR/VR/XR സിമുലേഷൻ ടൂളുകൾ വികസിപ്പിക്കുന്നതിനായി അത്യാധുനിക ലാബുകൾ സജ്ജമാക്കും.

828. **ക്രിയേറ്റിവിറ്റി ഇൻകുബേറ്റർ:** കൊച്ചിയിൽ ഒരു "Culture and Creativity Incubator" സ്ഥാപിക്കും. മ്യൂസിയങ്ങൾ, ഉത്സവങ്ങൾ, ദൃശ്യകലകൾ, കരകൗശല വസ്തുക്കൾ, ഡിസൈൻ, AR/VR/XR, ക്രിയേറ്റീവ് സാങ്കേതികവിദ്യകൾ എന്നിവയുൾപ്പെടെ Culture - Creativity മേഖലകളിലെ സ്റ്റാർട്ടപ്പുകളെയും സംരംഭകരെയും ഈ ഇൻകുബേറ്റർ പിന്തുണയ്ക്കും.

829. **ഗെയിമിംഗ് & ഇ-സ്പോർട്സ് ഹബ്ബ്:** കേരളത്തെ ഒരു ആഗോള ഗെയിം ഡെവലപ്മെന്റ് കേന്ദ്രമായി മാറ്റുന്നതിനായി കൊച്ചിയിലും തിരുവനന്തപുരത്തും പ്രത്യേക ഇൻകുബേഷൻ സെന്ററുകൾ ആരംഭിക്കും. ഇ-സ്പോർട്സ് മേഖലയിലെ കരിയർ സാധ്യതകൾ പ്രയോജനപ്പെടുത്താൻ

യുവാക്കൾക്ക് പ്രത്യേക പരിശീലനം നൽകും.

830. **വെർച്വൽ പ്രൊഡക്ഷൻ സെന്ററുകൾ:** സിനിമാ-ടെലിവിഷൻ നിർമ്മാണ മേഖലയിൽ വിപ്ലവം സൃഷ്ടിക്കുന്ന 'വെർച്വൽ പ്രൊഡക്ഷൻ' (LED Wall/ Green Mat) സാങ്കേതികവിദ്യ പ്രോത്സാഹിപ്പിക്കാൻ സർക്കാർ പൊതു സ്റ്റുഡിയോകൾ സ്ഥാപിക്കും.

831. **സാംസ്കാരിക പൈതൃകത്തിന്റെ ഡിജിറ്റലൈസേഷൻ:** കേരളത്തിന്റെ കലകളെയും ചരിത്രത്തെയും മെറ്റാവേഴ്സ് (Metaverse), എക്സ്റ്റൻഡഡ് റിയാലിറ്റി എന്നിവയിലൂടെ ലോകമെമ്പാടും എത്തിക്കുന്നതിനായി ഒരു 'ഡിജിറ്റൽ കൾച്ചറൽ മിഷൻ' നടപ്പിലാക്കും. ഇത് വിദേശ വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കാൻ പുതിയൊരു മാർഗ്ഗമാകും.

832. **ബൗദ്ധിക സ്വത്ത് സംരക്ഷണം (IP Rights):** ഡിജിറ്റൽ കലാകാരന്മാരുടെ സൃഷ്ടികൾക്കും ഡിസൈനുകൾക്കും ബൗദ്ധിക സ്വത്തവകാശം (Intellectual Property) ഉറപ്പാക്കാനും അവയിലൂടെ വരുമാനം കണ്ടെത്താനും ബ്ലോക്ക് ചെയിൻ അധിഷ്ഠിത പ്ലാറ്റ്ഫോമുകൾ ഒരുക്കും.

833. **സ്മാരകങ്ങൾ:** മഹത് വ്യക്തികളുടെയും എഴുത്തുകാരുടെയും മറ്റും സ്മാരകങ്ങളെ ഒരു പൊതു സംവിധാനത്തിനു കീഴിൽ പുനസംഘടിപ്പിച്ച് ഒരു കോർപസ് ഫണ്ട് നൽകി തദ്ദേശീയ സംസ്കാരിക പ്രവർത്തനത്തിനുള്ള ഫലപ്രദമായ ഏജൻസികളാക്കി മാറ്റും.

834. എല്ലാ ജില്ലകളിലും കിഫ്ബിയുടെ ധനസഹായത്തോടെ 30-50 കോടി രൂപ ചെലവു വരുന്ന സാംസ്കാരിക സമുച്ചയങ്ങൾ എല്ലാ ജില്ലകളിലും പൂർത്തീകരിക്കും. ഓരോ ജില്ലയിലെയും കലാ-സാഹിത്യ പ്രവർത്തകർ അവരുടെ മേഖലയുടെ പോഷണത്തിന് എന്തു വേണമെന്ന് കൂട്ടായി നിർദേശിച്ച് അതിനനുസൃതമായ വാസ്തുശില്പം സൃഷ്ടിക്കുകയാണു ചെയ്യുക. നിർമ്മിച്ച സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ ആവശ്യമായിട്ടുള്ള ജീവനക്കാരെ ഉറപ്പുവരുത്തും.

835. **കലാസമിതികൾ:** കലാസമിതികൾക്ക് ധനസഹായം നൽകും. പ്രാദേശിക നാടക മേളകൾ സംഘടിപ്പിക്കും. ഗ്രാമീണ നാടക അവതരണങ്ങൾക്കും ക്യാമ്പുകൾക്കും സർക്കാർ ധനസഹായം നൽകും. പ്രാദേശിക ഫിലിം സൊസൈറ്റികൾ കാര്യക്ഷമമാക്കും.

836. **പൈതൃകസംരക്ഷണം:** പൈതൃക സംരക്ഷണത്തിന് ശാസ്ത്രീയമായ പദ്ധതികൾ ആവിഷ്കരിക്കും. ആധുനിക മ്യൂസിയോളജിയുടെ അടിസ്ഥാനത്തിലുള്ള മ്യൂസിയങ്ങൾക്കു രൂപം നൽകും. കണ്ണൂരിലെ കൈത്തറി മ്യൂസിയം, തെയ്യം മ്യൂസിയം, വയനാടിലെ ഹെറിറ്റേജ് മ്യൂസിയം എന്നീ പുതിയ മ്യൂസിയം പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി. ഇതുപോലെ എല്ലാ ജില്ലകളിലും പുരാവസ്തു പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കും.

837. മുസിരിസ് പൈതൃക പദ്ധതിയും ആലപ്പുഴ പൈതൃക നഗര പദ്ധതിയും പൂർത്തീകരിക്കും. സ്പൈസ് റൂട്ടിൽ വരുന്ന പഴയകാല തുറമുഖങ്ങൾ കൂട്ടിയിണക്കിക്കൊണ്ടുള്ള സഞ്ചാരപാതയും യാഥാർത്ഥ്യമാക്കും. പട്ടണം ഉത്ഖനനം മുന്നോട്ടുകൊണ്ടുപോകും

## മാധ്യമരംഗം

838. മാധ്യമപ്രവർത്തകരുടെ തൊഴിൽപരമായ അരക്ഷിതാവസ്ഥ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. മാധ്യമ പ്രവർത്തക ക്ഷേമനിധി, പത്രപ്രവർത്തക പെൻഷൻ എന്നിവ കൂടുതൽ വിപുലവും ഫലപ്രദവുമാക്കുന്നത് സ്വതന്ത്ര മാധ്യമപ്രവർത്തനത്തിനുള്ള ഒരു സംഭാവനയായിരിക്കും. പ്രസ് ക്ലബ്ബുകളുടെ നവീകരണത്തിന് ധനസഹായം നൽകും.

839. അക്കാദമികതലത്തിൽ മാധ്യമപഠനത്തിന്റെ ഇപ്പോഴത്തെ സ്ഥിതി ശോചനീയമാണ്. മാധ്യമപ്രവർത്തനത്തിന് ആവശ്യമായ സാങ്കേതിക പരിശീലനം നൽകുന്ന ചില സ്ഥാപനങ്ങളുണ്ടെന്നല്ലാതെ മാധ്യമപഠനത്തെ സംസ്കാരപഠനത്തിന്റെ ഭാഗമായി പഠിക്കുകയും ഗവേഷണം നിർവ്വഹിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളില്ല. അവയ്ക്കുള്ള സാധ്യതകൾ നമ്മുടെ സർവ്വകലാശാലകൾ ആരായും.

840. മാധ്യമങ്ങളിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് അവരുടെ തൊഴിൽപരിസരം സൗഹൃദപരമല്ലായെന്ന വിമർശനവും ഉയരുന്നു. മിക്കവാറും മാധ്യമങ്ങളിൽ വനിതാ സെല്ലുകൾ പ്രവർത്തിക്കുന്നില്ല. ദളിത്, പിന്നാക്കവിഭാഗങ്ങളിൽ നിന്നുള്ള സ്ത്രീകളുടെ പങ്ക് മാധ്യമങ്ങളിൽ വളരെ കുറവാണ്. വനിതാ സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തും.

841. മാധ്യമ കോർപറേറ്റ് വൽക്കരണത്തിന്റെയും രാഷ്ട്രീയ പക്ഷഭേദത്തിന്റെയും പശ്ചാത്തലത്തിൽ കേരളത്തിലെ പ്രാദേശിക ചാനലുകളുടെ കൂട്ടായ്മപോലുള്ള ബദൽ മാധ്യമങ്ങൾക്ക് പിന്തുണ നൽകും. ബദൽ ന്യൂസ് പോർട്ടലുകൾ സംഘടിതമായ സോഷ്യൽമീഡിയ ഇടപെടലുകൾ തുടങ്ങിയവയെല്ലാം ഇന്നത്തെ കാലത്ത് പ്രധാനമായിത്തീർന്നിരിക്കുന്നു.

842. മാധ്യമ സാക്ഷരതാ പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കും. മീഡിയ മോണിറ്ററിങ്ങിനും ഫാക്ട് ചെക്കിങ്ങിനും സ്വതന്ത്രമായൊരു സംവിധാനത്തിന് രൂപം നൽകും.

# XII
# അഴിമതിരഹിത സദ്ഭരണം ഉറപ്പുവരുത്തും
# ധനകാര്യം

843. ഉപരോധ സമാനമായ യൂണിയൻ വിവേചനത്തിനെതിരായ രാഷ്ട്രീയവും നിയമപരവുമായ പോരാട്ടം ശക്തിപ്പെടുത്തും. കേന്ദ്ര ധനകൈമാറ്റത്തിലും വായ്പ പരിധിയുടെ കാര്യത്തിലും കേന്ദ്ര പദ്ധതികളുടെ കാര്യത്തിലും എല്ലാമുള്ള വിവേചനം നേരിട്ടുകൊണ്ടു മാത്രമേ ഈ ഇടതു ബദൽ

ശക്തിപ്പെടുത്തി മുന്നോട്ടു കൊണ്ട് പോകാൻ കഴിയൂ.

844. വിഭവ സമാഹരണത്തിന് പുതിയ സാധ്യതകൾ കഴിയുന്നത്ര കണ്ടെത്തും. നമ്മുടെ ഡാമുകളിലും പുഴകളിലുമുള്ള മണൽ നിക്ഷേപം കൂടുതൽ ആസൂത്രിതമായും പരിസ്ഥിതി പരിഗണനകൾ പാലിച്ചും ഉപയോഗിക്കാൻ കഴിയണം. റെയർ എർത്ത് കൊറിഡോറും റെയർ എർത്ത് മിഷനും കേരളത്തിന്റെ ഭാവി കാലത്തെ ശോഭനമായ വിഭവ സമാഹാരണ സാധ്യതകൾ കൂടിയാണ്. നികുതിയേതര വരുമാന സമാഹാരണത്തിന് പുതിയ ചാലുകൾ പരിശോധിക്കും.

845. പെട്രോളിയം - മദ്യം നികുതികൾ GST യിൽ ഉൾപ്പെടുത്താൻ പാടില്ല. സ്റ്റാമ്പ് ഡ്യൂട്ടിയും, മോട്ടോർ വാഹന നികുതിയും ദേശീയതലത്തിൽ ഏകീകരിക്കുന്നതിനെ ശക്തമായി എതിർക്കും.

846. GST വരുമാനം വർധിപ്പിക്കാനുള്ള നടപടി GST കൗൺസിൽ സ്വീകരിച്ചേ തീരൂ. നികുതിയെ കൂടുതൽ സംസ്ഥാന സൗഹൃദമാക്കിക്കൊണ്ടുള്ള പുനഃസംവിധാനവും അനിവാര്യമാണ്. സംസ്ഥാനങ്ങൾ പിരിക്കുന്ന SGST-യിൽ ദേശീയ നിരക്കിൽ നിന്ന് 1% വരെ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരുകൾക്ക് ഉണ്ടാവണം. കേന്ദ്ര സർക്കാരിന്റെ CGST-യും സംസ്ഥാന സർക്കാരിന്റെ SGST- യും ഇപ്പോൾ 50% വീതം തുല്യമാണ്. ഇത് സംസ്ഥാനങ്ങൾക്ക് അനുകൂലമായി 60:40 ആക്കണം.

847. കേരളത്തിന്റെ GST വരുമാനം പ്രതീക്ഷിച്ചതുപോലെ ഉയരാതിരിക്കുന്നതിനു കാരണം അന്തർ സംസ്ഥാന വ്യാപാരത്തിനുള്ള IGST വേണ്ടവിധം ഉയരാത്തതാണ്. കേരളത്തിനുള്ളിലേക്ക് വരുന്ന ചരക്കുകളെ കൃത്യമായി കണ്ടെത്തി IGST ഈടാക്കാൻ ചെക്ക് പോസ്റ്റുകൾ ഇല്ല. മറ്റു സംസ്ഥാനങ്ങളിലെ ബില്ലുകളിൽ കേരളത്തിലേക്കുള്ള ചരക്കുകളെന്ന് കൃത്യമായി രേഖപ്പെടുത്താത്തതും IGST വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കേരളത്തിന്റെ ശക്തമായ ഇടപെടൽമൂലം ചില ഭേദഗതികൾ നികുതി പിരിവ് സമ്പ്രദായത്തിൽ കൊണ്ടുവരുന്നതിന് GST കൗൺസിൽ സമ്മതിക്കുകയുണ്ടായി.

848. നികുതി നിർവ്വഹണ പ്രക്രിയ ആധുനിക സാങ്കേതികവിദ്യയുടെയും വിവരവിശകലനത്തിന്റെയും (Data Analytics) പുതിയ ഘട്ടത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണ്. നമ്മുടെ മുൻകാല ചെക്ക്പോസ്റ്റ് അടിസ്ഥാന സൗകര്യങ്ങളെ അത്യാധുനിക നിരീക്ഷണ സംവിധാനങ്ങൾക്കായി ഫലപ്രദമായി പുനർവിന്യസിക്കും. ഇതോടൊപ്പം നിർമ്മിത ബുദ്ധിയിൽ അതിഷ്ഠിതമായിട്ടുള്ള നിരീക്ഷണ സംവിധാനങ്ങൾ കേരളത്തിലേക്കുള്ള റോഡ് കവാടങ്ങളിൽ ഏർപ്പെടുത്തുന്നതിനെക്കുറിച്ചും ആലോചിക്കുന്നതാണ്.

849. GST നികുതി പിരിവ് കേന്ദ്രവും സംസ്ഥാനവും ഒരുമിച്ചാണ് നടത്തുന്നത്.

രണ്ടു സർക്കാരുകളുടെയും നികുതി പിരിവ് വകുപ്പുകൾ തമ്മിൽ കൂടുതൽ ഏകോപനം ഉണ്ടാവണം. സ്വർണ്ണം തുടങ്ങിയ ചില മേഖലകളിൽ പ്രഖ്യാപിത Turn over അനുസരിച്ചുള്ള നികുതി കേരളത്തിന് ലഭിക്കുന്നില്ല. ഇതിന്റെ പഴുതുകൾ അടയ്ക്കണം. ഇന്റലിജൻസും, എൻഫോഴ്സ്മെന്റും ശക്തിപ്പെടുത്തണം.

850. കഴിഞ്ഞ പത്തു കൊല്ലമായി പശ്ചാത്തല സൗകര്യ നിർമ്മിതിയിൽ കുതിച്ചുചാട്ടമാണ് കേരളം സൃഷ്ടിക്കുന്നത്. ഇത് സംസ്ഥാന സർക്കാർ വരുമാനത്തിൽ പ്രതിഫലിക്കുന്നതിനുള്ള മാർഗ്ഗം ആരായും.

851. കിഫ്ബിയുടെ പ്രോജക്ടുകളിൽ 30%-ത്തിലേറെ ഇപ്പോൾ തന്നെ വരുമാനദായക പ്രൊജക്ടുകളാണ്. എന്നാൽ ബാക്കിയുള്ളവ സർക്കാർ വർഷംതോറും നൽകുന്ന ഗ്രാന്റിനെ അടിസ്ഥാനമാക്കിയാണ് ആത്യന്തികമായി ബാധ്യത തീർക്കുന്നത്. കേന്ദ്ര സർക്കാരും ഇതുതന്നെ ചെയ്യുന്നുണ്ടെങ്കിലും നമ്മുക്കെതിരെ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്രനയം തിരുത്താനുള്ള ബഹുജന പ്രക്ഷോഭവും, രാഷ്ട്രീയ സമ്മർദ്ദവും തുടരണം. അത് ഫലപ്രദമായില്ലെങ്കിൽ  ജനങ്ങളുടെമേൽ വലിയഭാരം വരാത്ത രീതിയിൽ കിഫ്ബിയുടെ പ്രവർത്തനത്തെ പുനസംഘടിപ്പിക്കും. കിഫ്ബി സംവിധാനം മുന്നോട്ട് കൊണ്ടുപോകുന്നതിന് ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രതിജ്ഞാബദ്ധമാണ്.

852. ചെലവുകളുടെ കാര്യക്ഷമത ഉയർത്തുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കും. ഇതിനായി നിർദ്ദേശങ്ങൾ നൽകുന്നതിന് എക്സ്പെൻഡീച്ചർ റിവ്യൂ കമ്മറ്റിയെ നിയോഗിക്കും.

853. KSFE, KFC, കേരള ബാങ്ക്, സഹകരണ സംഘങ്ങൾ, വിവിധ വകുപ്പുകളുടെ ധനകാര്യ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം. സംസ്ഥാന സർക്കാരിന്റെ ചെലവുകൾക്ക് അനുപൂരകമായി സംരംഭകർക്കും അർദ്ധസർക്കാർ വികസന ഏജൻസികൾക്കും ഫലപ്രദമായി ധനസഹായം ഇവ വഴി ലഭ്യമാക്കാൻ ആവണം.

## ഭരണപരിഷ്കാരം

854. **ഡിജിറ്റലൈസേഷൻ:** കഴിഞ്ഞ ഒരു ദശാബ്ദം കൊണ്ട് വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിൽ നമ്മുടെ സംസ്ഥാനം രാജ്യത്ത് ഒന്നാം സ്ഥാനം നേടി. ഇതിനു സഹായകമായ കെ-സ്വിഫ്റ്റ് (K-Swift), കെ-സ്മാർട്ട്, ഇ-സേവന തുടങ്ങിയ പദ്ധതികൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കി. സമ്പൂർണ്ണ ഇ-ഗവേണൻസ് കൈവരിക്കും.

855. മേൽപ്പറഞ്ഞ ലക്ഷ്യം നേടുന്നതിന് വേണ്ടി ഭൗതികവും, ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്തും. വൃത്തിയുള്ള ഓഫീസുകൾ,

ആധുനിക ഉപകരണങ്ങൾ, വിശ്വസനീയമായ ഓൺലൈൻ സംവിധാനങ്ങൾ എന്നിവ ഉറപ്പാക്കും. ഇത് പൗരന്മാർക്ക് സേവനങ്ങൾ എളുപ്പവും മാന്യവുമാക്കും.

856. **ഉദ്യോഗസ്ഥ പരിശീലനം:** സേവന ദിശാബോധത്തിലും പരാതി കൈകാര്യം ചെയ്യലിലും ഉദ്യോഗസ്ഥരെ പരിശീലിപ്പിക്കുകയും മുൻനിര ഉദ്യോഗസ്ഥർക്ക് കൂടുതൽ തീരുമാനമെടുക്കാനുള്ള ഉത്തരവാദിത്തത്തോടു കൂടിയ അധികാരം നൽകുകയും ചെയ്യും. പ്രവർത്തനത്തെ സേവന നിലവാരവുമായും പൗരന്മാരുടെ ഫീഡ്ബാക്കുമായും ബന്ധിപ്പിക്കും. ജീവനക്കാരെ പരിശീലിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്നതുവഴി പൗരസേവനം മെച്ചപ്പെടുത്തും.

857. **നിയമങ്ങളും ചട്ടങ്ങളും:** നിയമങ്ങളും നടപടിക്രമങ്ങളും ലളിതമാക്കുകയും വ്യക്തമായ സമയപരിധി നിശ്ചയിക്കുകയും സുതാര്യത ഉറപ്പാക്കുകയും വഴി കാലതാമസവും ആശയക്കുഴപ്പവും കുറയ്ക്കാനാകും. വർക്ക്ഫ്ലോകൾ മാപ്പ് ചെയ്ത് സേവന മാനദണ്ഡങ്ങൾ നിശ്ചയിച്ച് നന്നായി രൂപകൽപ്പന ചെയ്ത സ്ഥാപന പദ്ധതികൾ ഓരോ സ്ഥാപനത്തിനും രൂപം നൽകും.

858. **പിന്തുണാ സംവിധാനങ്ങൾ:** വിവിധ ഡിപ്പാർട്ട്മെന്റ് വിവരങ്ങളും, സേവനങ്ങളും ഒരു കുടക്കീഴിൽ പ്രവർത്തിക്കുന്ന സംവിധാനം ഒരുക്കുക. അക്ഷയ കേന്ദ്രങ്ങൾ, ഇൻഫർമേഷൻ കിയോസ്ക്കുകൾ, കോൾ സെന്ററുകൾ, ഡോർസ്റ്റെപ്പ് ടീമുകൾ, ആപ്പുകൾ, എന്നിവയിലൂടെ കൂടുതൽ പേരിലേക്ക് സംയോജിത സംവിധാനം എത്തിക്കുക. അതിൽ തന്നെ വയോധികർ, ഭിന്നശേഷിക്കാർ, ഇതര ദുർബ്ബലവിഭാഗങ്ങൾ എന്നിവർക്ക് സേവനങ്ങൾ പ്രാപ്യമാകുന്നു എന്ന് ഉറപ്പുവരുത്തും.

859. എല്ലാ പഞ്ചായത്തിലും നഗരസഭകളിലും ഹെൽപ്പ് ഡെസ്കുകൾ, വിദൂര പ്രദേശങ്ങൾക്കുള്ള മൊബൈൽ യൂണിറ്റുകൾ, വൃദ്ധർ, വികലാംഗർ, കുടിയേറ്റക്കാർ, ഗോത്ര സമൂഹങ്ങൾ എന്നിവരിലേക്ക് എത്തിച്ചേരുന്ന സംവിധാനങ്ങൾ എന്നിവ ഉറപ്പുവരുത്തും.

860. **ജനപങ്കാളിത്തം:** പൊതുസേവന ലഭ്യത സുതാര്യവും ഫലപ്രദവുമാക്കുന്നതിന് ജനങ്ങളുടെ പങ്കാളിത്തം നിർണായകമാണ്. ആശയവിനിമയം, സോഷ്യൽ ഓഡിറ്റ്, പങ്കാളിത്ത ആസൂത്രണം, ഫീഡ്ബാക്ക് സംവിധാനങ്ങൾ എന്നിവ ശക്തിപ്പെടുത്തും. ജനങ്ങളുടെ പങ്കാളിത്തം സേവന ലഭ്യതയെ ഒരു ടോപ്-ഡൗൺ അഡ്മിനിസ്ട്രേറ്റീവ് രീതിയിൽ നിന്ന്, ഒരു പങ്കാളിത്ത-പ്രക്രിയയായി മാറ്റും.

861. **ഡിജിറ്റൽ സാക്ഷരത:** ഡിജിറ്റൽ സാക്ഷരതാ യജ്ഞം മുന്നോട്ട് കൊണ്ടുപോവും. സാക്ഷരത കുറഞ്ഞവർക്കും, വയോജനങ്ങൾക്കും, ഭിന്നശേഷിക്കാർക്കും കൂടി പ്രയോജനപ്പെടുന്ന നിലയിൽ ആപ്പുകളും ഫോമുകളും

രൂപകൽപ്പന ചെയ്യും. എല്ലാവരേയും ഉൾക്കൊള്ളുന്ന ഡിജിറ്റൽ പരിവർത്തനമാണ് ലക്ഷ്യം.

862. **പരാതി പരിഹാരം:** കർശനമായ സമയപരിധികളും കാലതാമസത്തിനുള്ള നഷ്ടപരിഹാരവും ഉറപ്പാക്കുക. സേവന ലഭ്യത കാണിക്കുന്ന പൊതു ഡാഷ്ബോർഡുകൾ, ശക്തമായ ഡാറ്റ സംരക്ഷണം, അനുമതി സംവിധാനങ്ങൾ എന്നിവ ഉറപ്പാക്കും. അതുവഴി പെട്ടെന്നുള്ള പരിഹാരവും, നഷ്ടോത്തരവാദിത്തവും ഉറപ്പാക്കുവാനാവും.

863. **സേവനാവകാശ നിയമം:** പുതിയ സേവനാവകാശ നിയമം സർക്കാർ സസേവനങ്ങൾ സമയബന്ധിതമായി ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തുക മാത്രമല്ല വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥരെ ഉത്തരവാദികളാക്കുന്നു. എല്ലാ വകുപ്പുകളും നിശ്ചിത സേവനങ്ങൾ വിജ്ഞാപനം ചെയ്യും. ഓരോ സേവനവും ലഭ്യമാക്കുന്നതിനുള്ള സമയവും വിജ്ഞാപനത്തിൽ പ്രഖ്യാപിക്കും. ഈ സമയക്രമം അനുസരിച്ചു സേവനങ്ങൾ ലഭ്യമാവുന്നില്ല എങ്കിൽ സേവനാവകാശ ഓഫീസർമാർക്ക് പരാതി നൽകാം. അപ്പീൽ വ്യവസ്ഥകളും നിയമത്തിൽ ഉണ്ട്.

864. വിവരാവകാശ ഓഫീസർമാർ എന്നപോലെ തന്നെ വിവിധ തലങ്ങളിൽ സേവനാവകാശ ഓഫീസർമാർ വരും. ഒരു ഏകാംഗ സേവനാവകാശ കമ്മീഷനും ഈ നിയമപ്രകാരം രൂപീകരിക്കപ്പെടും. ഇതോടെ സർവീസ് ഡെലിവറി നിശ്ചയിക്കപ്പെട്ട അവകാശമായി മാറും. ഈ വിപ്ലവകരമായ മാറ്റത്തിനാണ് വരും വർഷങ്ങളിൽ കേരളം സാക്ഷ്യം വഹിക്കാൻ പോവുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ വകുപ്പും എടുത്ത് സേവന വിതരണം എങ്ങനെ കൂടുതൽ കാര്യക്ഷമമാക്കാം എന്നത് സംബന്ധിച്ച് പരിപാടി തയ്യാറാക്കും.

865. വൻകിട പ്രോജക്ടുകളുടെ നടത്തിപ്പിലെ കാര്യക്ഷമതയിൽ വലിയ പുരോഗതി ഉണ്ടായിട്ടുണ്ട്. കിഫ്ബിയുടെ പ്രൊജക്ട് നടത്തിപ്പ് ഒരു വഴിത്തിരിവായിരുന്നു. കഴിഞ്ഞ 10 ദശാബ്ദക്കാലത്തെ അനുഭവങ്ങൾ പരിശോധിച്ച് ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ്ങ് പ്രൊസീജിയറിന് രൂപം നൽകും.

866. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കെ.എ.എസ്) രൂപീകരിച്ചു. കാസിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുകയും കാര്യക്ഷമമാക്കുകയും ചെയ്യും. കേരളത്തിന്റെ ഭരണ സംവിധാനത്തിന്റെ കാര്യക്ഷമതയിൽ ഗുണകരമായ മാറ്റം വരുത്തുമെന്നു തീർച്ചയാണ്.

867. ഭരണനിർവഹണ മാന്വലുകൾ സമഗ്രമായി പരിഷ്കരിക്കുന്ന നടപടിക്രമങ്ങൾ പൂർത്തീകരിക്കും. ഭരണപരിഷ്കാര കമ്മീഷനുകൾ സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾകൂടി പരിഗണിച്ച് നടപടി സ്വീകരിക്കും.

868. പി.ടി.ഡി (പ്രൊപ്പോസൽ ടു ഡിസ്പോസൽ) സംവിധാനം കൂടുതൽ കാര്യക്ഷമമാക്കും. സോഫ്ടുവെയറുകൾ ഉപയോഗപ്പെടുത്തി വിവിധ വകുപ്പു

കുടെയും വിവിധയിനം ഫയലുകളുടെയും നീക്കത്തിനു വേണ്ടിവരുന്ന സമയം തുടർച്ചയായി അവലോകനം ചെയ്യും.

869. കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കും, മറ്റുള്ളവ പരിഷ്കരിക്കും. ഇതിനായി മുന്നോട്ടുവയ്ക്കപ്പെട്ടിട്ടുള്ള നിർദ്ദേശങ്ങൾ അടിയന്തരമായി പരിശോധിച്ച് നയപരമായി അംഗീകരിക്കാവുന്നവയെല്ലാം സമയബന്ധിതമായി നടപ്പിലാക്കും.

870. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സംവിധാനം സമൂലമായി പരിഷ്കരിച്ചു കഴിഞ്ഞു. എല്ലാ വകുപ്പുകളിലും ഇതുപോലെ പരാതികളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നതിനുള്ള നടപടിക്രമം രൂപപ്പെടുത്തും.

## അഴിമതിവിമുക്ത കേരളം

871. ഇന്ത്യയിൽ ഏറ്റവും കുറഞ്ഞ അഴിമതിയുള്ള സംസ്ഥാനം കേരളമാണ്. എന്നിരുന്നാൽതന്നെയും എല്ലാവിധത്തിലുള്ള അഴിമതിയും ഇല്ലാതാക്കുന്നതിനു വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കും. ഇ-ഗവേണൻസ് ഇതിനു സഹായിക്കും. അഴിമതിക്കെതിരെ ബഹുജന കാമ്പയിൻ നടത്തും.

872. മന്ത്രിമാരുടെ മാത്രമല്ല, മറ്റു പൊതുപ്രവർത്തകരുടെയും സ്വത്തു വിവരങ്ങളെക്കുറിച്ച് ജനങ്ങൾക്കു സുതാര്യവും വിശ്വാസയോഗ്യവുമായ രീതിയിൽ വിവരം നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തും.

## യൂണിഫോംഡ് ഫോഴ്സസ്

873. ഏറ്റവും നല്ല ക്രമസമാധാനനിലയുള്ള സംസ്ഥാനമായിട്ട് കേരളം വിലയിരുത്തപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ പത്ത് വർഷക്കാലത്തിനിടയിൽ ഒരു വർഗീയ സംഘർഷവും കേരളത്തിൽ ഉണ്ടായിട്ടില്ല. വർഗീയ പ്രചരണങ്ങളേയും അത്തരം സംഘർഷങ്ങൾ കുത്തിപ്പൊക്കാനുമുള്ള ശ്രമങ്ങളേയും ശക്തമായി നേരിടും. ഭൂമാഫിയകൾ, ബ്ലേഡ് മാഫിയകൾ, ഗുണ്ടാ സംഘങ്ങൾ, മദ്യ-മയക്കുമരുന്ന് വിപണന സംഘങ്ങൾ, പെൺവാണിഭ സംഘങ്ങൾ മുതലായ സാമൂഹ്യവിരുദ്ധ ശക്തികൾക്കെതിരെ ശക്തമായ നടപടി സ്വീകരിച്ച് സ്വൈരജീവിതം ഉറപ്പാക്കും.

874. **തൽക്ഷണ സുരക്ഷാ മുന്നറിയിപ്പ് സംവിധാനം:** പൊലീസിൽ നിന്ന് എന്തെങ്കിലും സഹായം തേടുന്നതിനോ ഏതെങ്കിലും കുറ്റകൃത്യമോ ഭീഷണിയോ ഉണ്ടെങ്കിൽ രേഖാമൂലമോ ഓഡിയോ അല്ലെങ്കിൽ വീഡിയ സന്ദേശമോ അയച്ചുകൊണ്ട് പൊലീസിനെ വിവരം അറിയിക്കുന്നതിന് ഓരോ പൗരന്റെയും ഫോണിലൂടെ ഒരു ഡിജിറ്റൽ ആപ് വഴിക്കുള്ള സംവിധാനം ഒരുക്കണം. സ്ഥലത്ത് ഉടനടി പൊലീസ് പ്രതികരണവും പൊലീസ് സഹായവും ലഭിക്കും. വിവിധ സേവന അപേക്ഷകൾ ഫയൽ ചെയ്യൽ (TUNA – The Hand You Need for Assistance) ഈ സംവിധാനത്തെ കേരളം മുഴുവൻ ഉൾക്കൊള്ളാവുന്ന മൊബൈൽ പട്രോളിംഗുകളുടെ ഒരു ശൃംഖലയുമായി

ബന്ധപ്പെടുത്തും.

875. മുതിർന്ന പൗരരുടെയും കുടുംബാംഗങ്ങളുടെയും പിന്തുണാ സംവിധാനം: വീടുകളിലെ സുരക്ഷാ ഭീഷണികളും മറ്റ് അടിയന്തര സാഹചര്യങ്ങളും ദൂരെ താമസിക്കുന്ന ഒരു കുടുംബാംഗത്തിന് ഡിജിറ്റലായി നിരീക്ഷിക്കാനും ആവശ്യമെങ്കിൽ വീട്ടിലെ ഒരു അംഗത്തിനോ അകന്ന ബന്ധുവിനോ തൽക്ഷണം മുന്നറിയിപ്പ് നൽകാനും പൊലീസ് സുരക്ഷാ സംവിധാനവുമായി ബന്ധിപ്പിക്കാനും കഴിയുന്ന പദ്ധതി.

876. സംയോജിത ഇന്റലിജന്റ് ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം: 2031 ആകുമ്പോഴേക്കും മദ്യപിച്ച് വാഹനമോടിക്കുന്നത് ഒഴികെയുള്ള എല്ലാ ഗതാഗത നിയമലംഘനങ്ങളും ഇലക്ട്രോണിക് എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ വഴി കണ്ടെത്തുകയും ഇ-ചലാൻ, ഇന്റലിജന്റ് ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം എന്നിവയുമായി സംയോജിപ്പിക്കാൻ കഴിയും.

877. ഡ്രോണുകൾ, യു.എ.വികൾ, ഐ.ഒ.ടി ഉപകരണങ്ങൾ, സ്വയം പ്രവർത്തക വാഹനങ്ങൾ, എ.ഐ, വ്യാജ ഉള്ളടക്കം, തെറ്റായ ഡിജിറ്റൽ വിവരങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിനും നിയന്ത്രിക്കുന്നതിനും സംസ്ഥാന വ്യാപകമായ സൈബർ സുരക്ഷയും ഡിജിറ്റൽ ഡാറ്റാ സംരക്ഷണവും ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തും.

878. സൈബർ കുറ്റങ്ങൾ റിപ്പോർട്ട് ചെയ്യാൻ പ്രത്യേക പോർട്ടൽ തയ്യാറാക്കും.

879. പൊലീസും മറ്റ് ഏജൻസികളും സംയുക്തമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന റെസ്പോൺസീവ് ഫ്രോഡ് ഇന്റർവെൻഷൻ സൗകര്യം സ്ഥാപിക്കും.

880. **ജനമൈത്രി പൊലീസ്:** ജനമൈത്രി സുരക്ഷാപദ്ധതി കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകും. പൊലീസ് സ്റ്റേഷനുകൾ കൂടുതൽ ജനസൗഹൃദമാക്കും. ക്രമസമാധാനപാലനം തങ്ങളുടെകൂടി ആവശ്യമാണെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾ സഹകരിക്കുന്ന അന്തരീക്ഷം സൃഷ്ടിക്കും. പോലീസ് ജനങ്ങളോട് മര്യാദയോടെ പെരുമാറുമെന്നും ലോക്കപ്പുകളിൽ മനുഷ്യാവകാശ ധ്വംസനം നടക്കില്ല എന്നും ഉറപ്പുവരുത്തും. പിരിച്ചുവിടൽ അടക്കമുള്ള കർശന നടപടികൾ ലോക്കപ്പ് അതിക്രമങ്ങൾക്കെതിരെ സ്വീകരിക്കും.

881. ഗിഗ് വർക്കർ ഐഡന്റിഫിക്കേഷൻ സമ്പ്രദായം ഏർപ്പെടുത്തും. ഏതൊരു ഉപഭോക്താവിനും സേവനദാതാവിന്റെ രജിസ്ട്രേഷൻ സംവിധാനം വെബ് സൈറ്റിൽ നോക്കി പരിശോധിക്കാൻ കഴിയും.

882. പൊലീസ് സ്റ്റേഷനുകൾ, കൺട്രോൾ റൂമുകൾ, ക്രൈം ബ്രാഞ്ച് മുതലായവയിൽ ജോലി ചെയ്യുന്ന എല്ലാ പൊലീസ് ഉദ്യോഗസ്ഥർക്കും പ്രത്യേകം റെക്കോർഡ് ചെയ്യാതെ തന്നെ എഴുതാനും ഓഡിയോ റെക്കോർഡ് ചെയ്യാനും വീഡിയോകൾ റെക്കോർഡ് ചെയ്യാനും സന്ദേശങ്ങൾ സ്വീകരിക്കാനും കൈമാറാനും സഹായ അഭ്യർത്ഥനയോട് പ്രതികരിക്കാനും കഴി

യുന്ന ഒരു ഡിജിറ്റൽ ഉപകരണം ലഭ്യമാക്കും.

883. എല്ലാ പൊലീസ് സ്റ്റേഷനുകളിലും ലോക്കപ്പടക്കമുള്ള എല്ലാ മുറികളിലും ഇടനാഴികളിലും സിസിടിവി ക്യാമറകൾ സ്ഥാപിക്കണം. ഇവ തകരാറായാൽ ഉടനെ റിപ്പയർ ചെയ്യാൻ പൊലീസിൽ ടെക്നിക്കൽ സ്റ്റാഫിനെ നിയമിക്കണം. 12 മണിക്കൂറിനകം റിപ്പയർ ചെയ്യാനാകുന്നില്ലെങ്കിൽ ബദൽ ക്യാമറകൾ സ്ഥാപിക്കണം.

884. കേരള സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി കൂടുതൽ വ്യാപകമാക്കും.

885. പോലീസ് സേനയിൽ വനിതാ പോലീസിന്റെ അംഗസംഖ്യ ഇനിയും വർദ്ധിപ്പിക്കും. സ്ത്രീ സുരക്ഷയുടെ ഭാഗമായി സ്വയംപ്രതിരോധ പരിശീലനം, സൈബർ പ്രതിരോധത്തിന് ടച്ച് സ്ക്രീൻ കിയോസ്കുകൾ, കൂടുതൽ പിങ്ക് കൺട്രോൾ റൂമുകൾ തുടങ്ങിയവ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കും.

886. **ജയിൽ:** ജയിലുകളിലെ തിരക്ക് പരിഹരിക്കുന്നതിനായി പുതിയ ജയിലുകൾ സ്ഥാപിക്കേണ്ടതും, നിലവിലുള്ള ജയിലുകളിൽ സുരക്ഷയ്ക്കായി അത്യാധുനിക സാങ്കേതികവിദ്യയിലുള്ള നിരീക്ഷണ സംവിധാനങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതും അത്യാവശ്യമാണ്. ജയിലുകളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ക്ഷേമപ്രവർത്തനങ്ങൾക്കുമായി ജയിലുകളുടെ നവീകരണത്തിനും തടവുകാരുടെ ക്ഷേമത്തിനുമുള്ള പരിപാടികൾ തുടരും.

## എക്സൈസ്

887. ലഹരി ഉപയോഗം എന്ന വിപത്തിനെ നേരിടുന്നതിനായി, കേവലം നിയമപാലനത്തിനപ്പുറം വിദ്യാഭ്യാസം, വിമുക്തി, സമഗ്ര പുനരധിവാസം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന 'ലഹരി കുറയ്ക്കുന്നതിനുള്ള കർമ്മപദ്ധതി' സംസ്ഥാനമൊട്ടാകെ പ്രാദേശികാടിസ്ഥാനത്തിൽ നടപ്പിലാക്കും.

## ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ്

888. ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസിനു ആധുനിക സൗകര്യങ്ങളുള്ള വാഹനങ്ങളും ഉപകരണങ്ങളും കൂടുതൽ ലഭ്യമാക്കും. നിലവിലുള്ള ഫയർ സ്റ്റേഷനുകളുടെ എണ്ണം വർദ്ധിപ്പിക്കും. ഫയർ ആൻഡ് റെസ്ക്യു ട്രെയിനിങ്ങിനെ വന്യജീവി ആക്രമണങ്ങൾ ഉൾപ്പടെയുള്ളവയെ കൈകാര്യം ചെയ്യാവുന്ന വിധത്തിൽ കുറെക്കൂടി വിപുലമാക്കും.

889. ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കി രക്ഷാപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സിവിൽ ഡിഫൻസ് വോളന്റിയർമാരെ സജ്ജമാക്കും.

890. അർദ്ധ സൈനിക വിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഹോം ഗാർഡുകളുടെ പ്രശ്നങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കും.

### മറ്റു റെഗുലേറ്ററി വകുപ്പുകൾ

891. കോർബാങ്കിംഗ് സംവിധാനത്തെ അടിസ്ഥാനമാക്കി ട്രഷറി ഇടപാടുകൾ സമ്പൂർണ്ണമായി കമ്പ്യൂട്ടറൈസ് ചെയ്തുകഴിഞ്ഞു. സമഗ്രമായ സെക്യൂരിറ്റി ഫംങ്ഷൻ ഓഡിറ്റ് പൂർത്തീകരിക്കും. ഐറ്റി വിഭാഗത്തെ ശക്തിപ്പെടുത്തും.
892. വില്ലേജ് ഓഫീസുകളുടെ നവീകരണം പൂർത്തിയാക്കും. ഭൂരേഖകളെല്ലാം യുദ്ധകാലാടിസ്ഥാനത്തിൽ ഡിജിറ്റലൈസ് ചെയ്യും. ഡിജിറ്റൽ സർവ്വേ പൂർത്തീകരിക്കും.
893. കഴിഞ്ഞ 10 വർഷംകൊണ്ട് നാലരലക്ഷത്തിലേറെ പട്ടയങ്ങൾ വിതരണം ചെയ്തു. 30000ത്തോളം പട്ടയങ്ങൾ വിതരണത്തിനു തയ്യാറാണ്. മലയോരങ്ങളിലും കടലോരങ്ങളിലും മറ്റു പുറംപോക്കുകളിലും താമസിക്കുന്നവർക്ക് നിയമചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് മുഴുവൻ സാധ്യമായ പട്ടയങ്ങളും വിതരണം ചെയ്യും.
894. ലോക്കൽ ഫണ്ട് ഓഡിറ്റിനെ ധനകാര്യ കമ്മീഷന്റെ ശുപാർശ അനുസരിച്ച് ഓഡിറ്റ് കമ്മീഷനായി പുനസംഘടിപ്പിക്കും.
895. സർക്കാർ പ്രസ്സുകൾ ആധുനീകരിക്കും.

## സ്ഥിതിവിവരക്കണക്കുകൾ

896. കേരള സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷന്റെ ശുപാർശ പ്രകാരം സ്ഥിതിവിവര കണക്ക് ശേഖരണം നവീകരിക്കും. ഡിജിറ്റലൈസേഷന്റെ അടിസ്ഥാനത്തിൽ അതിഭീമമായ വിവരസഞ്ചയം ഓരോ വകുപ്പുകളിലും സൃഷ്ടിക്കപ്പെടുന്നുണ്ട്. അവ ക്രോഡീകരിക്കാനും ഏകോപിപ്പിക്കുന്നതിനുമുള്ള സംവിധാനം ഒരുക്കും.
897. നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് (NSO) പീരിയോഡിക് ലേബർ ഫോഴ്സ് സർവേ (PLFS) നടത്തുന്നുണ്ടെങ്കിലും, ജില്ലാതല ഡാറ്റയുടെ അപര്യാപ്തത നയരൂപീകരണത്തിന് ഒരു വലിയ വെല്ലുവിളിയാണ്. നയരൂപീകരണത്തിൽ സംസ്ഥാന/ജില്ലാ തലത്തിലുള്ള PLFS ഡാറ്റയുടെ പ്രാധാന്യം കണക്കിലെടുത്ത്, കേരള സ്പെസിഫിക് പീരിയോഡിക് ലേബർ ഫോഴ്സ് സർവേ (PLFS) നടത്തും.

## ഭരണഘടനാ സ്ഥാപനങ്ങൾ

898. ജില്ലാ കോടതി വരെയുള്ള വ്യവഹാരങ്ങൾ മലയാളത്തിലാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കും. കേസുകൾ വേഗത്തിൽ തീർക്കാൻ ജുഡീഷ്യറിയിലുള്ള ഒഴിവ് നികത്തും. കൂടുതൽ കോടതികൾ അനുവദിക്കും.
899. കഴിഞ്ഞ ഒരു ദശാബ്ദക്കാലത്തിനിടയിൽ കോടതി കെട്ടിട സമുച്ചയങ്ങളുടെ പുനരുദ്ധാരണത്തിൽ വിസ്മയകരമായ മുന്നേറ്റമാണ് ഉണ്ടായിട്ടുള്ളത്. കിഫ്ബി ഫണ്ട് ഇതിനായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. എറണാകുളത്തെ ജുഡീഷ്യൽ സിറ്റി സമയബന്ധിതമായി പൂർത്തീകരിക്കും.

900. ഇന്ത്യാ രാജ്യത്തെ ഏറ്റവും ഫലപ്രദമായി പ്രവർത്തിക്കുന്ന പബ്ലിക് സർവ്വീസ് കമ്മീഷൻ കേരളത്തിലാണ്. ഇന്ത്യയിലെ മൊത്തം നിയമനങ്ങളുടെ 60 ശതമാനത്തിലേറെ നടന്നത് കേരളത്തിലാണ്. പി.എസ്.സിയുടെ കാര്യക്ഷമത ഇനിയും ഉയർത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കും.

## സംസ്ഥാന ഭാഗ്യക്കുറി

901. കഴിഞ്ഞ 10 വർഷക്കാലം അന്യസംസ്ഥാന ഭാഗ്യക്കുറികളെ അകറ്റി നിർത്തുന്നതിനു കഴിഞ്ഞു. ജി.എസ്.ടി നിയമത്തിലെ ഭേദഗതികളുടെ പശ്ചാത്തലത്തിൽ കേരളത്തിലേക്കു കടന്നുവരുന്നതിനുള്ള അവരുടെ നീക്കങ്ങളെ പ്രതിരോധിക്കുന്നതിൽ സർക്കാർ വിജയിച്ചു. ലോട്ടറി മാഫിയകൾക്കെതിരെ നിയമപരവും ഭരണപരവുമായ എല്ലാ നടപടികളും സ്വീകരിക്കും.
902. സംസ്ഥാന ഭാഗ്യക്കുറിക്കുമേൽ 28 ശതമാനം ജി.എസ്.ടി ചുമത്തിയത് വലിയ തിരിച്ചടിയായിട്ടുണ്ട്. നികുതി വിഹിതമല്ലാതെ ഭാഗ്യക്കുറിയിൽ നിന്നുള്ള ലാഭം വളരെ പരിമിതമാണ്. ലാഭം നാമമാത്രമായിട്ടും സമ്മാനങ്ങളോ കമ്മീഷനോ കുറയ്ക്കുന്നതിനു കേരള സർക്കാർ തയ്യാറായില്ല. ഭാഗ്യക്കുറി വിൽപ്പനക്കാരുടെ ക്ഷേമനിധി ശക്തിപ്പെടുത്തും. ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കും.

## ദേവസ്വം

903. ശബരിമലയുമായി ബന്ധപ്പെട്ട ഇടത്താവളങ്ങൾ, മാസ്റ്റർപ്ലാൻ തുടങ്ങിയവ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ പൂർത്തീകരിക്കും. പൈതൃകമൂല്യമുള്ള പ്രധാനപ്പെട്ട അമ്പലങ്ങൾ പഴമയിൽ സംരക്ഷിക്കുന്നതിനു പദ്ധതി തയ്യാറാക്കി നടപ്പാക്കും.
904. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട നദികളിൽ ഒന്നാണ് പമ്പ. ലോകപ്രശസ്തമായ ശബരിമല ക്ഷേത്രം സ്ഥിതി ചെയ്യുന്നതും മാരാമൺ കൺവെൻഷൻ നടക്കുന്നതും പമ്പയുടെ തീരത്താണ്. പമ്പാനദി മാലിന്യമുക്തമാക്കുവാൻ ക്ലീൻ പമ്പ പദ്ധതി നടപ്പാക്കും.
905. ദേവസ്വം ബോർഡുകളുടെ പരിധിയിൽ വരാത്ത ക്ഷേത്രങ്ങൾ നവീകരിക്കുന്നതിനും അവിടത്തെ ശാന്തിക്കാർക്കും മറ്റു ജീവനക്കാർക്കും മാന്യമായ വേതനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. ഇവർക്കായി പ്രത്യേക ക്ഷേമനിധിയും ഏർപ്പെടുത്തും.

## സംസ്ഥാന ആസൂത്രണ ബോർഡ്

906. പഞ്ചവത്സര പദ്ധതി ആസൂത്രണം മുന്നോട്ട് കൊണ്ടുപോകുന്ന ഏക സംസ്ഥാനമാണ് കേരളം. സംസ്ഥാനതല ആസൂത്രണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനു നടപടി സ്വീകരിക്കും.
907. പതിനഞ്ചാം പഞ്ചവത്സര പദ്ധതി ആഗോളതലത്തിൽ വിദഗ്ദരുടെയും

കേരളത്തിലെ ജനവിഭാഗങ്ങളുടെയും പങ്കാളിത്തത്തോടെ രൂപീകരിക്കും. ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ നടത്തിയ വിഷൻ 2031 ഇതിന് അടിത്തറയാകും.

## സംവരണനയം

908. സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ കൈപിടിച്ച് ഉയർത്തുന്നതിനുള്ള സംവരണം അട്ടിമറിക്കുന്നതിനുള്ള പരിശ്രമമാണ് ആർഎസ്എസ് നടത്തുന്നത്. പട്ടികജാതി / പട്ടികവർഗ്ഗക്കാർക്കും വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്കും സർക്കാർ ഉദ്യോഗങ്ങളിൽ ഇന്നുള്ളതോതിൽ സംവരണം തുടരണമെന്ന നയത്തിൽ എൽഡിഎഫ് ഉറച്ചു നിൽക്കുന്നു. ഓരോ സമുദായത്തിനും അർഹതപ്പെട്ട സംവരണാനുകൂല്യം മുഴുവൻ അവർക്കുതന്നെ കിട്ടുമെന്ന് ഉറപ്പുവരുത്തേണ്ടതാണ്. അതോടൊപ്പം മുന്നോക്ക സമുദായങ്ങളിലെ പാവപ്പെട്ടവർക്ക് 10 ശതമാനം സംവരണം ഏർപ്പെടുത്തുകയും വേണം. നാലുപതിറ്റാണ്ടിലേറെയായി ഇടതുപക്ഷം സ്വീകരിച്ചു വരുന്ന ഈ സംവരണനയത്തെ ഉയർത്തിപ്പിടിക്കും.
909. പട്ടികജാതി-പട്ടികവർഗ്ഗ സംവരണം സ്വകാര്യമേഖലയിലേയ്ക്കുകൂടി വ്യാപിപ്പിക്കാൻ പരിശ്രമിക്കും.

## പരിവർത്തിത ക്രൈസ്തവർ

910. ദളിത് ക്രൈസ്തവർക്ക് പട്ടികജാതിക്കാർക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കണമെന്ന ആവശ്യം ന്യായയുക്തമാണെന്ന് എൽഡിഎഫ് കരുതുന്നു. ഇതു പ്രായോഗികമായി നടപ്പിലാക്കുമ്പോൾ നിലവിലുള്ള പട്ടികജാതി വിഭാഗങ്ങൾ അനുഭവിച്ചുവരുന്ന ആനുകൂല്യങ്ങൾ പൂർണ്ണമായും സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
911. പരിവർത്തിത ക്രൈസ്തവരെക്കുറിച്ച് സുപ്രിം കോടതി വിധിയിൽ ഭരണഘടനാ ബഞ്ചിന്റെ പുനഃപരിശോധനയ്ക്കു വിധേയമാക്കണമെന്ന് എൽഡിഎഫ് ആവശ്യപ്പെടുന്നു. പട്ടികജാതിക്കാർക്കുള്ള എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും കേരളത്തിൽ പരിവർത്തിത ക്രൈസ്തവർക്കും ലഭ്യമാക്കും. പരിവർത്തിത ക്രൈസ്തവ കോർപ്പറേഷന്റെ ബജറ്റ് പിന്തുണ വർദ്ധിപ്പിക്കും.

## പിന്നാക്കക്ഷേമം

912. പിന്നാക്കക്ഷേമ കോർപ്പറേഷനു കൂടുതൽ പണം ലഭ്യമാക്കും. സർക്കാർ ഗ്യാരണ്ടിയിൽ കൂടുതൽ വായ്പയെടുക്കാൻ സഹായം നൽകും.
913. **ആർട്ടിസാൻസ്:** സ്വർണ്ണപ്പണിക്കാർ, ലോഹപ്പണിക്കാർ, കൽപ്പണിക്കാർ, തടിപ്പണിക്കാർ, കരകൗശല തൊഴിലാളികൾ തുടങ്ങി ആർട്ടിസാൻസ് തൊഴിലുകൾ സംരക്ഷിക്കുകയും ആധുനികീകരിക്കുകയും ചെയ്യും.

ആർട്ടിസാൻസ് മേഖലയിലുള്ളവർക്ക് ആധുനിക തൊഴിലുപകരണങ്ങൾ വാങ്ങുന്നതിന് സർക്കാർ സഹായം നൽകും. ഗ്രൂപ്പ് ഇൻഷുറൻസും, ആരോഗ്യ പരിരക്ഷയും ഉറപ്പുവരുത്തും. ആർട്ടിസാൻസ് കോർപ്പറേഷന്റെ ധനസഹായം വർദ്ധിപ്പിക്കും. വിശ്വകർമ്മജരുമായി ബന്ധപ്പെട്ട സംഘടനകളുമായി ചർച്ച ചെയ്ത് ഒരു കർമ്മപരിപാടിക്കു രൂപംനൽകും.

## മുന്നാക്ക വിഭാഗങ്ങൾ

914. മുന്നാക്ക കോർപ്പറേഷനുള്ള ഫണ്ട് വിഹിതം വർധിപ്പിക്കും.
915. കുമാരപിള്ള കമ്മീഷന്റെ അടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസ സഹായം വർധിപ്പിക്കും.

## മദ്യനയം

916. മദ്യാസക്തിക്കെതിരെ ശക്തമായ പ്രചാരണവും നിയന്ത്രണവും കൊണ്ടുവരും. മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കാൻ സഹായകരമായ നയമായിരിക്കും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ സ്വീകരിക്കുക.
917. മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കുന്നതിനു ശക്തമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകും. ഇതിനായി വിമുക്തി മിഷനു രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തും. അതിവിപുലമായ ഒരു ജനകീയ ബോധവൽക്കരണ പ്രസ്ഥാനത്തിന് രൂപം നൽകും. മദ്യവർജ്ജനസമിതിയും സർക്കാരുമായുള്ള സഹകരണം ശക്തിപ്പെടുത്തും.
918. എല്ലാ ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കും. മേഖലാ കൗൺസിലിംഗ് സെന്ററുകൾക്കും രൂപം നൽകും.
919. മദ്യം പോലെ സാമൂഹ്യഭീഷണിയായി കഞ്ചാവും മയക്കുമരുന്നും വ്യാപകമാവുകയാണ്. ഇതിനെതിരെ അതികർശനമായ നടപടികൾ സ്വീകരിക്കും.
920. സ്കൂളുകളിൽ മദ്യത്തിനെതിരെയുള്ള ബോധവൽക്കരണം 8 മുതൽ 12 വരെ ക്ലാസ്സുകളിൽ ഉൾപ്പെടുത്തുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് കൂടുതൽ ശക്തമാക്കും.

## ജീവനക്കാർ

921. സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് കൃത്യമായ മാനദണ്ഡങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിലെ അനുഭവം പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തും. ശാസ്ത്രീയമായ പ്രവൃത്തി അവലോകനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ പുനർവിന്യാസം നടപ്പാക്കും.
922. പങ്കാളിത്ത പെൻഷനു പകരം അഷ്വേർഡ് പെൻഷൻ പദ്ധതി പ്രാബല്യത്തിൽ കൊണ്ടുവന്നു. അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തും.

923. സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണം സംബന്ധിച്ച അഞ്ചു വർഷ തത്വം പാലിക്കുക എന്നതാണ് ഇടതുപക്ഷ സർക്കാരുകളുടെ എക്കാലത്തെയും നയം. 12-ാം ശമ്പളപരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് നിർദ്ദേശങ്ങൾ സമയ ബന്ധിതമായി നടപ്പിലാക്കും.
924. ജീവനക്കാരുടെ ഹൗസ് ബിൽഡിംഗ് അഡ്വാൻസ് സ്കീം പുനഃസ്ഥാപിക്കും.

## തൊഴിൽ ബന്ധങ്ങൾ

925. **ആരോഗ്യകരമായ തൊഴിൽബന്ധം:** കേരളത്തിൽ ഇന്ന് വ്യവസായ സൗഹാർദ്ദപരമായ അന്തരീക്ഷമാണ് നിലവിലുള്ളത്. തൊഴിൽ സംഘർഷങ്ങളുടെ എണ്ണമോ നഷ്ടപ്പെട്ട തൊഴിൽദിനങ്ങളുടെ തോതോ പരിഗണിച്ചാൽ അഖിലേന്ത്യാ ശരാശരിയേക്കാൾ താഴെയാണ് കേരളം. എങ്കിലും വ്യവസായ മേഖലയിൽ അഭിലഷണീയമല്ലാത്ത ചില പ്രവണതകൾ ഇനിയും നിലനിൽക്കുന്നുണ്ട്. അവ തിരുത്തണം. അതോടൊപ്പം തൊഴിലാളികളുടെ അവകാശങ്ങളും ക്ഷേമവും സംരക്ഷിക്കണം. ഇത്തരമൊരു നിലപാടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടേത്.
926. തൊഴിലാളികളുടെ താൽപര്യം സംരക്ഷിച്ചുകൊണ്ടുതന്നെ, പുതിയ നിക്ഷേപങ്ങൾ ആകർഷിക്കാൻ ട്രേഡ് യൂണിയനുകളും, സർക്കാരും പ്രായോഗികമായ നിലപാടുകൾ സ്വീകരിക്കും സംരംഭകർകൂടി നിയമാനുസൃതമായ നിലപാടുകൾ സ്വീകരിക്കാൻ തയ്യാറാകണം.
927. തൊഴിലുടമകൾക്ക് അനുയോജ്യരായ തൊഴിലാളികളെ നിയമിക്കാൻ സ്വാതന്ത്ര്യം ഉണ്ടാവണം. എന്നാൽ കുറഞ്ഞ കൂലിക്ക് ലഭ്യമാകുന്ന കുടിയേറ്റ തൊഴിലാളികളെ മാത്രം ഉപയോഗിക്കാനുള്ള ലൈസൻസായി ഈ നയത്തെ ഉപയോഗിക്കാൻ പാടില്ല. അനുദിനം സാങ്കേതികവിദ്യ വികസിക്കുന്ന സാഹചര്യത്തിൽ തൊഴിലാളികളുടെ നൈപുണ്യ വികസനം തുടർച്ചയായ പ്രക്രിയയായി അംഗീകരിക്കണം. സ്ഥിരം ചുമട്ടുതൊഴിലാളികളുടെ തൊഴിലവകാശം ഇല്ലാതാക്കുന്നതിനുള്ള നിയമ വ്യാഖ്യാനങ്ങൾ ആരോഗ്യകരമായ തൊഴിൽബന്ധത്തിനു സഹായകരമല്ല.
928. ***ഗിഗ് തൊഴിലാളികൾ:*** ഐടി, ഗിഗ് പ്ലാറ്റ്ഫോം മേഖലകൾ, പുതുതലമുറ ബാങ്ക്, ഇൻഷുറൻസ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിയമാനുസൃതമായ അവകാശങ്ങൾ നിഷേധിക്കപ്പെടുന്നത് പതിവാണ്. ഈ പ്രശ്നത്തോട് യാഥാർഥ്യബോധത്തോടെയും ശാസ്ത്രീയവുമായ നിലപാട് സ്വീകരിക്കും. കുറഞ്ഞ വേതനം, ഇൻഷുറൻസ്, പെൻഷൻ എന്നിവ ഉറപ്പാക്കാൻ നിയമനിർമ്മാണം നടത്തും. അൽഗോരിതങ്ങൾ വഴിയുള്ള അന്യായമായ പിരിച്ചുവിടലുകൾ തടയാൻ 'റൈറ്റ് ടു അപ്പീൽ' (Right to Appeal) സംവിധാനം ഏർപ്പെടുത്തും. അൽഗോരിതമിക് സുതാര്യത, ഓപ്പൺ പ്രോട്ടോക്കോൾസ്, ഡാറ്റാ ജനാധിപത്യം എന്നിവ നിയമനിർമ്മാണത്തിന്റെ ഭാഗമാ

യിരിക്കും.

929. ഗിഗ് തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തും. ഗിഗ് തൊഴിലാളികൾക്ക് വിശ്രമിക്കാനായി ആധുനിക സൗകര്യങ്ങളോടുകൂടിയ ഗിഗ് ഹബ്ബുകൾ എല്ലാ പ്രധാന നഗര കേന്ദ്രങ്ങളിലും ഒരുക്കും.

930. **സ്ത്രീ തൊഴിലാളികൾ:** ധാരാളം സ്ത്രീകൾ തൊഴിൽ മേഖലയിലേക്ക് കടന്നുവരുന്ന സാഹചര്യത്തിൽ ജോലിസ്ഥലം സ്ത്രീ സൗഹൃദമാക്കാൻ കർശന വ്യവസ്ഥകൾ വേണം. സർക്കാർ സ്കീം വർക്കേഴ്സ്, കുടുംബശ്രീ തുടങ്ങിയവയുടെ സേവന സംരംഭങ്ങളിലെ ജീവനക്കാർ എന്നിവരുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തും.

931. അംഗൻവാടി ജീവനക്കാർ, ആശ വർക്കർമാർ, സ്കൂൾ പാചകത്തൊഴിലാളികൾ തുടങ്ങിയ സ്കീം വർക്കേഴ്സിന്റെയും പഞ്ചായത്തുകളിലെ പാലിയേറ്റീവ് നേഴ്സുമാരുടെയും കുടുംബശ്രീ ജീവനക്കാരുടെയും സ്കൂളുകളിലെയും പഞ്ചായത്തുകളിലെയും കൗൺസിലേഴ്സ്, റിസോഴ്സ് പേഴ്സൺസ്, പ്രീ-പ്രൈമറി ടീച്ചേഴ്സ് എന്നിവരുടെ ഹോണറേറിയം ഇടതുപക്ഷ സർക്കാർ ഗണ്യമായി ഉയർത്തുകയുണ്ടായി. ഹോണറേറിയും ഇനിയും കാലോചിതമായി വർദ്ധിപ്പിക്കും.

932. **ഓട്ടോതൊഴിലാളികൾ:** കേരളത്തിലെ അയ്യായിരത്തിലധികം അനൗപചാരിക ഓട്ടോ സ്റ്റാൻഡുകളെ സ്മാർട്ട് മൈക്രോ ഹബ്ബുകളാക്കി മാറ്റും. സോളാർ അധിഷ്ഠിത ചാർജ്ജിംഗ് യൂണിറ്റുകൾ, റിഫ്രഷ്മെന്റ് സംവിധാനങ്ങൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കും. സംസ്ഥാനത്തെ ഓട്ടോറിക്ഷ/ടാക്സി തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കും. ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് വളരെ ചെലവ് കുറച്ച് വിഹിതം അടയ്ക്കുന്ന വിധത്തിൽ ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കും.

933. **ഇൻഷുറൻസ്:** അസംഘടിത തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന വർക്ക് അപകട/ലൈഫ് ഇൻഷുറൻസ് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന ഇൻഷുറൻസ് വകുപ്പുമായി ചേർന്ന് ഗ്രൂപ്പ് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തും. സംസ്ഥാനത്തെ ഹരിതകർമ്മ സേനാംഗങ്ങൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കും. ക്ഷേമനിധി അംഗങ്ങളായ ലോട്ടറി തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കും.

934. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിയെടുക്കുന്നവർക്കും സഹകരണമേഖലയിലെ ജീവനക്കാർക്കും വിരമിച്ചവർക്കുമായി മെഡിസെപ് മാതൃകയിൽ ഒരു ഇൻഷുറൻസ് പദ്ധതി ആവിഷ്കരിക്കും.

935. പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ കൂലിയും ആനുകൂല്യങ്ങളും ഉയർത്തും. ഇൻകം സപ്പോർട്ട് സ്കീം വിപുലപ്പെടുത്തും.

936. **ക്ഷേമനിധികൾ:** സംസ്ഥാനത്ത് നടപ്പാക്കിയ തൊഴിലാളി ക്ഷേമപദ്ധതികൾ രാജ്യത്തിനാകെ മാതൃകയാണ്. ഇ.എസ്.ഐ, പ്രൊവിഡൻറ് ഫണ്ട്,

ഗ്രാറ്റുവിറ്റി എന്നീ സ്റ്റാറ്റ്യൂട്ടറി ആനുകൂല്യങ്ങൾ ലഭ്യമാവാത്ത അസംഘടിത മേഖല - പരമ്പരാഗത മേഖല - സ്കീം വർക്കേഴ്സ് എന്നിവർക്കാണ് ക്ഷേമനിധികൾ നടപ്പാക്കിയത്. സംസ്ഥാനത്ത് ക്ഷേമനിധികളിലായി 65 ലക്ഷത്തോളം തൊഴിലാളികൾ അംഗങ്ങളാണ്. ക്ഷേമനിധികളെ കാലോചിതമായി പുനസംഘടിപ്പിക്കും.

937. **അഡ്വക്കേറ്റ് വെൽഫെയർ ഫണ്ട്:** അഡ്വക്കേറ്റ് വെൽഫെയർ ഫണ്ട് നിലവിൽ പത്ത് ലക്ഷം രൂപയാണ് ആനുകൂല്യം. ഇത് 20 ലക്ഷം രൂപയായി ഉയർത്തുന്നതാണ്.
938. വർക്ക്@ഹോം, വർക്ക് നിയർ ഹോം തൊഴിലാളികൾക്ക് സാമൂഹ്യസുരക്ഷയ്ക്കും നൈപുണി ഉന്നമനത്തിനും തൊഴിൽസൗകര്യ സൃഷ്ടിക്കുമുള്ള പിന്തുണ സർക്കാരിൽ നിന്നുണ്ടാകും.
939. സൂപ്പർമാർക്കറ്റുകളുടെയും ഷോപ്പിംഗ് മാളുകളുടെയും മറ്റും തൊഴിലാളികളുടെ പരിരക്ഷ ഉറപ്പുവരുത്തുന്നതിനുവേണ്ടി കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ ഭേദഗതി വരുത്തി. ഇവരുടെ തൊഴിൽ സാഹചര്യം മെച്ചപ്പെടുത്താനുള്ള ശക്തമായ ഇടപെടൽ നടത്തും.
940. വിവിധ വ്യവസായങ്ങളിലും തൊഴിൽ മേഖലകളിലും തൊഴിൽ ചെയ്യുന്ന തൊഴിലാളികൾ നേരിടുന്ന തൊഴിൽജന്യ രോഗങ്ങൾ കണ്ടെത്താനും ചികിത്സ ലഭ്യമാക്കാനും നടപടി സ്വീകരിക്കും.
941. അതിഥി തൊഴിലാളികൾക്കുവേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും. അവർക്ക് റേഷൻകാർഡ്, ആരോഗ്യ കാർഡ്, ഇൻഷ്വറൻസ് തുടങ്ങിയവ ഉറപ്പുവരുത്തും. അവരുടെ താമസകേന്ദ്രങ്ങളിൽ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ പൊതുസൗകര്യങ്ങൾ സൃഷ്ടിക്കും.
942. പൊതുമേഖലയെ സംരക്ഷിക്കുന്ന സമീപനമാണ് കേരള സർക്കാർ ഉയർത്തിപ്പിടിക്കുന്നത്. പൊതുവിൽ ട്രേഡ് യൂണിയനുകൾ സഹകരണാത്മകമായ നിലപാടാണ് സ്വീകരിക്കുന്നത്. ഇത് ശക്തിപ്പെടുത്തണം. അതോടൊപ്പം ഉത്തമ തൊഴിലുടമയെന്ന മാതൃക തൊഴിൽ മേഖലയിലുടനീളം സൃഷ്ടിക്കാനുതകുന്ന രീതികൾ പൊതുമേഖലയുടെ തൊഴിൽ ബന്ധങ്ങളിൽ ഉറപ്പുവരുത്തും.
943. തൊഴിൽ വകുപ്പിനെ നവീകരിക്കുകയും വിപുലപ്പെടുത്തുകയും ചെയ്യും.
944. **ലേബർ കോഡുകൾ:** 2025 നവംബർ 21 ന് പുതിയ ലേബർ കോഡുകൾ യൂണിയൻ സർക്കാർ പ്രാബല്യത്തിൽ കൊണ്ടുവന്നു. ഇന്ത്യയിലെ തൊഴിലാളി സമൂഹം ദീർഘകാലത്തെ സമരത്തിലൂടെ നേടിയെടുത്ത അവകാശങ്ങളിൽ ഭൂരിഭാഗവും ലേബർ കോഡുകൾ നടപ്പിലാകുന്നതോടുകൂടി ഇല്ലാതാവുകയാണ്. മിനിമം കൂലി ഉൾപ്പടയുള്ള അവകാശങ്ങൾ ഇല്ലാതാകുന്ന സ്ഥിതിയുണ്ടാകും. ഇടതുപക്ഷ ജനാധിപത്യ മുന്നണി ലേബർ കോ

ഡുകളെ ശക്തമായി എതിർക്കുന്നു. എന്നാൽ ഫെഡറൽ സംവിധാന ത്തിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് തൊഴിലാളികളുടെ അവകാശങ്ങൾ പരമാവധി സംരക്ഷിക്കാനുതകുന്ന നയം യൂണിയനുകളുമായി ചർച്ച ചെയ്ത് ആവിഷ്കരിക്കും.

## മതനിരപേക്ഷത

945. **നേറ്റിവിറ്റി കാർഡ്:** രാജ്യത്ത് പൗരത്വ നിയമം നടപ്പിലാക്കാനുള്ള യൂണിയൻ സർക്കാർ ശ്രമങ്ങളെ കേരള സർക്കാരും ഇടതുപക്ഷ ജനാധിപത്യ മുന്നണിയും അതിശക്തമായി എതിർക്കുകയുണ്ടായി. ഇപ്പോൾ എസ്.ഐ.ആർ അടിസ്ഥാനത്തിൽ വോട്ടർപട്ടിക പരിഷ്കരിക്കാനുള്ള നീക്കങ്ങൾ ജനങ്ങളിൽ ആശങ്ക ഉയർത്തിയിട്ടുണ്ട്. തലമുറകളായി കേരളത്തിൽ ജീവിച്ചുവരുന്ന മനുഷ്യരുടെ ഇതുമായി ബന്ധപ്പെട്ട ആശങ്കകൾ പരിഹരിക്കുന്നതിനായി സംസ്ഥാനം നേറ്റിവിറ്റി കാർഡ് എന്ന രേഖ നൽകും. ഇതിനായി പാസാക്കിയിട്ടുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കും.
946. **ഗാന്ധി സ്മാരകങ്ങൾ:** എല്ലാ ജില്ലകളിലും ഗാന്ധിജിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട ഒരു കേന്ദ്രത്തിൽ ഗാന്ധി സ്മാരകം നിർമ്മിക്കും. ഇവയെ ബന്ധപ്പെടുത്തികൊണ്ട് ഗാന്ധിയുടെ പാതയിലൂടെ വിദ്യാർത്ഥികൾക്ക് പഠന ടൂറുകൾ സംഘടിപ്പിക്കും.
947. **ന്യൂനപക്ഷാവകാശങ്ങൾ:** സംരക്ഷിക്കും. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സമകാലീന രാഷ്ട്രീയ നയത്തിന്റെ മർമ്മമാണ് ന്യൂനപക്ഷാവകാശങ്ങളുടെ സംരക്ഷണം. ഇന്ത്യാ രാജ്യത്ത് ഇന്ന് ന്യൂനപക്ഷങ്ങൾക്ക് ഏറ്റവും സുരക്ഷിതമായ പ്രദേശമായി കേരളത്തെ നിലനിർത്താൻ കഴിയുന്നത് ഇടതുപക്ഷത്തിന്റെ തത്വാധിഷ്ഠിതമായ നിലപാടിന്റെ ഭാഗമായാണ്. ഇന്ത്യയിലെമ്പാടും മുസ്ലിം, ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്കെതിരെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ആക്രമണങ്ങളിൽ പ്രതിഷേധിച്ചേ തീരൂ. തങ്ങളുടെ മതവിശ്വാസമനുസരിച്ച് ഏതൊരാൾക്കും ജീവിക്കുന്നതിനുള്ള സുരക്ഷിതത്വം കേരളത്തിൽ നിലനിർത്താൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രതിജ്ഞാനബദ്ധമാണ്. അതേസമയം വർഗീയതയെ വിട്ടുവീഴ്ചയില്ലാതെ എതിർക്കും. കേരളത്തിന്റെ പുരോഗതിക്ക് മതനിരപേക്ഷ സാംസ്കാരിക അന്തരീക്ഷം അത്യന്താപേക്ഷിതമാണ്.
948. ഹജ്ജ് കമ്മിറ്റിയുടെ സ്ഥിരം ഗ്രാന്റ് വർദ്ധിപ്പിക്കും. വഖഫ് ബോർഡിനുള്ള ധനസഹായം വർദ്ധിപ്പിക്കും.
949. ജെ.ബി. കോശി റിപ്പോർട്ട് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ചില കാര്യങ്ങൾ ഇതിനകം നടപ്പാക്കിക്കഴിഞ്ഞു. ബാക്കിയുള്ളവകൂടി നടപ്പിലാക്കും.

## ടൈം ബാങ്ക്

950. പ്രകടനപത്രിക മുന്നോട്ടുവയ്ക്കുന്ന വികസന അജണ്ടയിൽ വലിയ തോ

തിൽ സന്നദ്ധ പ്രവർത്തനം അനിവാര്യമായുള്ള പാലിയേറ്റീവ് പരിചരണം, ശുചീകരണം, വൃക്ഷവത്ക്കരണം, നൈപുണി വികസനത്തിനുള്ള മെന്റർ പ്രവർത്തനം, ജനകീയാസൂത്രണം, ദുരന്ത നിവാരണം, കുടുംബശ്രീ സഹായ വൃന്ദം എന്നിങ്ങനെ ഒട്ടേറെ പരിപാടികളുണ്ട്. ഏത് ഇനത്തിലും ഏത് തലത്തിലും സന്നദ്ധപ്രവർത്തനം നടത്തുന്നവർ ആയാലും അവരുടെ ഓരോ മണിക്കൂർ സേവനവും ടൈംബാങ്കിൽ നിക്ഷേപിക്കും. ഇതിനുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോമും മേൽനോട്ട സംവിധാനവും സൃഷ്ടിക്കും. ഓരോ സന്നദ്ധ പ്രവർത്തകനും നിശ്ചിത സമയനിക്ഷേപം ഉണ്ടായിക്കഴിഞ്ഞാൽ സാമൂഹ്യ ആദരം നൽകും. അങ്ങനെ കേരളത്തിന്റെ വികസന അജണ്ട നടപ്പാക്കാൻ ബജറ്റിലെ പണവും ബജറ്റിന് പുറത്ത് നിക്ഷേപിക്കുന്ന പണവും മാത്രമല്ല, ജനകീയ സന്നദ്ധ സേവനവുമുണ്ടാകും.